വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

# ഭാഷാശാസ്ത്രപഠനം

## Postgraduate Programme in Malayalam Language & Literature




## SELF LEARNING MATERIAL

COURSE CODE: M21ML07DC

SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# ഭാഷാശാസ്ത്രപഠനം

Course Code: M21ML07DC

Semester-II

## Master of Arts
## Malayalam Language and Literature
## Self Learning Material

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# Documentation

## M21ML07DC

## ഭാഷാശാസ്ത്രപഠനം

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-963914-5-4

**Academic Committee**

Dr. A. M. Sreedharan
Dr. Shaji Jacob
Dr. C. J. George
Dr. R.V.M. Divakaran
Dr. T. Anithakumari
Dr. Ajith G. Krishna
Prof. Sunil P. Ilayidom
Dr. R.B. Sreekala
Dr. Santhoshkumar T.K.
Dr. P.M. Girish
Prof. ThomasThamarasseri

**Development of the Content**

Nithya P.R., Dr. Shelly M.R., Reghunathan Pillai G., Dr. Soumya Dasan, Aparna A.P.

**Review**

Content: Dr. James G.
Format: Dr. I.G. Shibi
Linguistic: Reghunathan Pillai G., Jeothinatha Warrier S.

**Edit**

Dr. James G.

**Scrutiny**

Dr. Vincent B. Netto, Dr. Abdusammed K.T., Aswani A.P., Deepam S., Dr. Muraleedharan K.V., Dr. Thara S.S., Dr. Lathika A.C.

**Co-ordination**

Dr. I.G. Shibi and Team SLM

**Design Control**

Azeem Babu T.A.

**Production**

August 2024 - Reprint

**Copyright**

© Sreenarayanaguru Open University 2024

# Message from Vice Chancellor

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum ‘access and quality define equity’. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India.

Sreenarayanaguru Open University rests on the practical framework of the popularly known “blended format”. Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual Modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner’s progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that seems relevant regarding the academic programme.

Wish you the best.

Regards,

Dr. P.M. Mubarak Pasha

01.05.2023

SGOU

# Contents


| | | |
|---|---|---|
| BLOCK-01 | **ചരിത്രാത്മക ഭാഷാശാസ്ത്രം** | 01 |
| Unit 1 | **ഭാഷാപഠനം** | **02** |
| Unit 2 | **സംസ്കൃതഭാഷയും താരതമ്യാത്മക ഭാഷാസമീപനവും** | **14** |
| Unit 3 | **ഭാഷാഗോത്രങ്ങളും ഭാഷാപരിണാമവും** | **21** |
| Unit 4 | **പ്രാഗ്ഭാഷാപഠനം** | **39** |
| BLOCK-02 | **ആധുനിക (ഘടനാവാദ) ഭാഷാശാസ്ത്രത്തിന് ആമുഖം** | 60 |
| Unit 1 | **ആധുനിക ഭാഷാശാസ്ത്രത്തിന്റെ സമീപനരീതികൾ** | **61** |
| Unit 2 | **ആധുനിക ഭാഷാശാസ്ത്രത്തിന്റെ അമേരിക്കൻ വിവരണാത്മകധാര** | **72** |
| Unit 3 | **മനുഷ്യഭാഷയുടെ സവിശേഷതകൾ** | **80** |
| Unit 4 | **ആധുനിക ഭാഷാശാസ്ത്രവും ഭാരതീയ വ്യാകരണപദ്ധതിയും** | **90** |
| BLOCK-03 | **ആധുനികഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതിയും സങ്കല്പനങ്ങളും** | 103 |
| Unit 1 | **ഘടനാഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതികൾ** | **104** |
| Unit 2 | **സ്വനിമവിജ്ഞാനീയം** | **113** |
| Unit 3 | **രൂപവിജ്ഞാനീയം** | **132** |
| Unit 4 | **മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും** | **147** |
| BLOCK-04 | **ഘടനാഭാഷാശാസ്ത്രത്തിൽ നിന്ന്മുന്നോട്ട്** | 162 |
| Unit 1 | **ഭാഷാപഠനം** | **163** |
| Unit 2 | **ഭാഷാഭേദവിജ്ഞാനവും ഭാഷാശാസ്ത്രവും** | **175** |
| Unit 3 | **പ്രയുക്തഭാഷാശാസ്ത്രം** | **201** |
| Unit 4 | **ഭാഷയും മസ്തിഷ്കവും** | **209** |


SGOU

# ചരിത്രാത്മക ഭാഷാശാസ്ത്രം

## BLOCK-01

### Block Content


യൂണിറ്റ് - 1 ഭാഷാപഠനം

യൂണിറ്റ് - 2 സംസ്കൃതഭാഷയും താരതമ്യാത്മക ഭാഷാസമീപനവും

യൂണിറ്റ് - 3 ഭാഷാഗോത്രങ്ങളും ഭാഷാപരിണാമവും

യൂണിറ്റ് - 4 പ്രാഗ്ഭാഷാപഠനം


SGOU

# Unit 1

# ഭാഷാപഠനം

## Learning Outcomes

- ഭാഷ എന്ന സങ്കല്പത്തെക്കുറിച്ച് മനസിലാക്കുന്നു
- ഭാഷയുടെ വ്യത്യസ്ത നിർവചനങ്ങൾ പരിചയപ്പെടുന്നു
- ഭാഷാശാസ്ത്രത്തെപ്പറ്റിയും അതിന്റെ വിവിധ ശാഖകളെപ്പറ്റിയും ധാരണ നേടുന്നു
- ഭാഷാപഗ്രഥനരീതികളെപ്പറ്റിയും അതിന്റെ പ്രത്യേകതകളെക്കുറിച്ചും സാമാന്യധാരണ നേടുന്നു
- ഫ്രാൻസ് ബോപ്പ്, റാസ്മസ് റാസ്ക് തുടങ്ങിയ സൈദ്ധാന്തികരെ പരിചയപ്പെടുന്നു
- ലെയിപ്സിഗ് സർവകലാശാലയെക്കുറിച്ചും നവവൈയാകരണൻമാരെക്കുറിച്ചും സാമാന്യമായ അറിവ് നേടുന്നു

## Background

ഭാഷ എന്ന സങ്കല്പം മനുഷ്യനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഒന്നാണ്. ഭാഷയുടെ പ്രാഥമിക ധർമ്മം ആശയവിനിമയമാണ്. മനുഷ്യനെ സാംസ്കാരിക ജീവിയാക്കി മാറ്റുന്നതിൽ ഭാഷ വഹിച്ച പങ്ക് വലുതാണ്. ഭാഷക്ക് വാമൊഴി (സംസാര ഭാഷ) എന്നും വരമൊഴി (എഴുത്തു ഭാഷ) എന്നും രണ്ടു വിഭാഗങ്ങളുണ്ടെങ്കിലും വാമൊഴിയാണ് പ്രധാനം. 1870-ൽ ജർമ്മനിയിലെ ഒരുകൂട്ടം ഭാഷാശാസ്ത്രകാരന്മാർ ഭാഷയുടെ അസ്തിത്വം സമൂഹത്തിലല്ല, വ്യക്തിയിലാണെന്നും ലിഖിത ഭാഷയേക്കാൾ ശ്രദ്ധിക്കേണ്ടത് സംസാര ഭാഷയാണെന്നും പ്രസ്താവിച്ചു. ഈ അഭിപ്രായം ആധുനിക ഭാഷാശാസ്ത്രത്തിന്റെ അടിത്തറയായി മാറി.

ഭാഷയുടെ ഉപാധിഭേദമുള്ള രണ്ട് പ്രത്യക്ഷീകരണങ്ങളാണ് വായ്മൊഴിയും വരമൊഴിയും. വരമൊഴിയിൽ ഉച്ചരിത സ്വനങ്ങൾക്ക് ലിഖിത രൂപങ്ങളാണുള്ളത്. വായ്മൊഴിയുടെ ഉപാധി ഉച്ചരിത സ്വനങ്ങളാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഭാഷ നിശ്ചിതമായ സ്വഭാവമുള്ള വ്യവസ്ഥയും ഭാഷണം അതിന്റെ പ്രകടനവുമാണ്. ഭാഷയുടെ പരിണാമവ്യവസ്ഥയിൽ മാത്രമല്ല, പ്രകടനതലത്തിലും മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ഭാഷാശാസ്ത്രത്തിന്റെ സമീപന രീതികൾ വിവിധങ്ങളാണ്. ഈ വ്യത്യസ്തതകളുടെ അടിസ്ഥാനത്തിൽ അമേരിക്കൻ സ്കൂൾ, പ്രാഗ് സ്കൂൾ, ബ്രിട്ടീഷ് സ്കൂൾ, റഷ്യൻ സ്കൂൾ, കോപ്പൻഹേഗൻ സ്കൂൾ എന്നിങ്ങനെ ഭാഷാശാസ്ത്രത്തിൽ പ്രത്യേകം ചിന്താമാർഗങ്ങൾ തന്നെ നിലനിന്നു വരുന്നുണ്ട്.

ഭാഷയെ നിർവചിക്കുകയും ഭാഷയുടെ പഠനശാഖയായ ഭാഷാശാസ്ത്രത്തിന്റെ പരിധികളും പഠന മേഖലകളും, ഭാഷയുടെ പ്രധാന അപഗ്രഥന രീതിയായ ബഹുകാലിക ഭാഷാശാസ്ത്രത്തിന്റെ സവിശേഷതകളും പ്രധാന സൈദ്ധാന്തികരെയും പരിചയപ്പെടേണ്ടത് പ്രധാനമാണ്. ലെയിപ്സിഗ് സർവകലാശാലയെക്കുറിച്ചും അവിടെ നിന്നും പഠിച്ചിറങ്ങിയ പ്രധാന ഭാഷാശാസ്ത്രജ്ഞരും ഭാഷാപഠനത്തിൽ പ്രാധാന്യം അർഹിക്കുന്നു.

## Keywords

ഭാഷയെന്ന സങ്കല്പം - വ്യത്യസ്ത നിർവചനങ്ങൾ - ഭാഷാശാസ്ത്രം - ഏകകാലിക ബഹുകാലിക സമീപനങ്ങൾ - സൊസ്സ്യൂർ - ഭാഷാവിജ്ഞാനീയം - ഫ്രാൻസ് ബോപ്പ് - റാസ്മസ് റാസ്ക് - ഗ്രിംസ് നിയമങ്ങൾ - ലെയിപ്സിഗ് സർവകലാശാല - നവവൈയാകരണന്മാർ

## Discussion

ആശയവിനിമയത്തിനുള്ള ശബ്ദാധിഷ്ഠിതമായ ഒരു ഉപാധിയാണ് ഭാഷ. എല്ലാ ജീവിസമൂഹങ്ങളും ആശയങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്നതിന് അവരുടേതായ വ്യത്യസ്ത മാർഗങ്ങൾ സ്വീകരിക്കാറുണ്ട്. എന്നാൽ ശബ്ദസന്ദേശങ്ങളെ അർഥയുക്തമാക്കി ഉപയോഗിക്കുന്നതിൽ മനുഷ്യഭാഷയേക്കാൾ പരിമിതമായ സാധ്യതകളേ അവയ്ക്കുള്ളൂ. ആംഗ്യഭാഷയുടെ കാര്യവും ഇതുതന്നെ. അതിനാൽ ഭാഷാശാസ്ത്രത്തിൽ ഭാഷ എന്നതു കൊണ്ടർഥമാക്കുന്നത് ആശയപരവും ചിന്താപരവുമായ കൈമാറ്റങ്ങൾക്ക് ഉപയോഗിക്കുന്ന അർഥസമ്പുഷ്ടമായ മനുഷ്യഭാഷാ ശബ്ദസഞ്ചയത്തെയാണ്.

▶ അർഥസമ്പുഷ്ടമായ ശബ്ദസഞ്ചയമാണ് ഭാഷ

### ഭാഷാ നിർവചനങ്ങൾ

- 'വ്യക്ത്യായം വാചി' -പാണിനി
- 'അർഥത്തോട് കൂടിയ ശബ്ദം' -അരിസ്റ്റോട്ടിൽ
- 'പരസ്പരം സമൂഹം ഉപയോഗിക്കുന്ന സ്വേച്ഛാപര വാച്യ ചിഹ്നങ്ങളുടെ വ്യവസ്ഥ' - ബർണാഡ് ബ്ലോക്ക് & ജോർജ്. എൽ. ട്രയർ
- 'ഭാഷയെന്നാൽ മനോവൃത്തികളെ വെളിപ്പെടുത്തുന്ന ഉപായമാണ്'- എ. ആർ. രാജരാജവർമ്മ

▶ വ്യത്യസ്ത ഭാഷാ നിർവചനങ്ങൾ

ഭാഷയുടെ ഉത്ഭവത്തെക്കുറിച്ചും ഘടനയെക്കുറിച്ചും അതിന്റെ വൈവിധ്യത്തെക്കുറിച്ചുമുള്ള പഠനങ്ങൾ പല കാലത്തും ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്നിട്ടുണ്ട്. ഇന്നും നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. പാശ്ചാത്യ-പൗരസ്ത്യ ലോകങ്ങൾ ഒരേ തരത്തിലുള്ള സംഭാവനകളാണ് ഈ മേഖലയിൽ നൽകിയത്.

▶ നിരവധി പഠനങ്ങൾ

ഭാഷാപഠനങ്ങളെ പൊതുവെ മൂന്നായി തരം തിരിക്കാം. വ്യാകരണപഠനം (Grammar), ഭാഷാവിജ്ഞാനീയം (Philology), ഭാഷാശാസ്ത്രം (Linguistics) എന്നിവയാണവ. ഭാഷയെക്കുറിച്ചുള്ള പരമ്പരാഗത പഠനശാസ്ത്രമാണ് വ്യാകരണം. ഭാഷയുടെ വ്യവഹാരത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് അവയുടെ ശരിതെറ്റുകൾ വേർതിരിച്ച്, വ്യാകരണപരമായ ശരി ഏതെന്നു നിർദേശിക്കുകയാണ് അതിന്റെ ധർമ്മം. ലിഖിത ഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന ബഹുകാലികമായ ഒരു പഠനശാഖയാണ് ഭാഷാവിജ്ഞാനീയം. ചരിത്രസന്ദർഭങ്ങളിലൂന്നിയുള്ള പഠനമാണ് ഇതിലൂടെ നിർവഹിക്കുന്നത്. നോം ചോംസ്കി വ്യാകരണത്തെ ഭാഷാജ്ഞാനത്തിന്റെ വിവരണമെന്നാണ് വിശേഷിപ്പിക്കുന്ന

SGOU

ത്. ചരിത്രപരവും താരതമ്യാത്മകവുമായ ഭാഷാപഠനമാണ് ഭാഷാവിജ്ഞാനീയം. വിവിധ കാലഘട്ടങ്ങളിൽ എഴുതപ്പെട്ട രേഖകൾ ആസ്പദമാക്കി പഠിക്കുന്ന ആഗമിക പഠനം, സജാതീയഭാഷകളെ താരതമ്യം ചെയ്ത് പ്രാഗ്ഭാഷയുടെ സവിശേഷതകൾ അനുമാനിച്ചു കണ്ടെത്തുന്ന തുലനാത്മക പഠനം എന്നീ രീതികൾ ഭാഷാവിജ്ഞാനീയത്തിലുണ്ട്.

- ഭാഷാവിജ്ഞാനീയത്തിന്റെ പഠനമേഖലകൾ

## 1.1.1 ഭാഷാശാസ്ത്രം

ഭാഷയെക്കുറിച്ചുള്ള ശാസ്ത്രമാണ് ഭാഷാശാസ്ത്രം. ഭാഷയെ അടിസ്ഥാനമാക്കി നടത്തുന്ന പഠനശാഖയുടെ സാങ്കേതിക നാമമാണിത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഭാഷയെ ശാസ്ത്രീയമായി അപഗ്രഥിക്കുന്ന മറ്റൊരു പഠനശാഖയാണ് ഭാഷാശാസ്ത്രം. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലാണ് ഭാഷാപഠന പദ്ധതിയെന്ന നിലയിൽ ഭാഷാശാസ്ത്രം വികസിക്കുന്നത്. 1936-ൽ ബ്ലൂംഫീൽഡ് (Leonard Bloomfield) എന്ന അമേരിക്കൻ പ്രൊഫസർ രചിച്ച 'Language' എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തോടെയാണ് ഭാഷയെക്കുറിച്ചുള്ള ശാസ്ത്രീയപഠനം ആരംഭിക്കുന്നത്. അതിന് മുൻപുണ്ടായിരുന്ന പഠനങ്ങളൊന്നും തന്നെ വസ്തുനിഷ്ഠമായിരുന്നില്ല.

- ഭാഷയെ ശാസ്ത്രീയമായി അപഗ്രഥിക്കുന്ന പഠനശാഖ

1960കളോടെയാണ് ഇന്ത്യയിൽ ശാസ്ത്രീയമായ ഭാഷാപഠന വിഭാഗങ്ങൾ ആരംഭിക്കുന്നത്. വസ്തുനിഷ്ഠാപഗ്രഥനത്തെ ലക്ഷ്യം വയ്ക്കുന്ന അവ ഭാഷാപ്രയോഗത്തിലെ ഘടകങ്ങൾ വേർതിരിച്ചെടുത്ത് അവയുടെ സംയോജന നിയമങ്ങൾ വിവരിക്കുന്നു. യാഥാർഥ്യവും യുക്തിഭദ്രവുമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഭാഷയെ ഭാഷകൊണ്ടുതന്നെ വസ്തുനിഷ്ഠവും ശാസ്ത്രീയവുമായി അപഗ്രഥിച്ച് വിശദീകരിക്കുന്ന പ്രക്രിയയാണിതിലൂടെ നിർവഹിക്കുന്നത്. അഭ്യൂഹങ്ങൾക്കും മുൻധാരണകൾക്കും ഇവിടെ സ്ഥാനം നൽകുന്നില്ല. വരമൊഴിയുടെ/ലിഖിതഭാഷയുടെ അടിസ്ഥാനത്തിലായിരുന്നു അതുവരെയുള്ള വ്യാകരണ ഗ്രന്ഥങ്ങളെല്ലാം തന്നെ തയ്യാറാക്കപ്പെട്ടത്. വാമൊഴി പഠനയോഗ്യമല്ലാത്തതാണെന്ന ഒരു ധാരണപോലും പാരമ്പര്യ വാദികൾക്കുണ്ടായിരുന്നു. ഇത്തരത്തിൽ വാമൊഴി വരമൊഴിയേക്കാൾ നീചമാണെന്നും അത് വാമൊഴിയുടെ മലിനമാക്കപ്പെട്ട രൂപമാണെന്നുമുള്ള പരമ്പരാഗത വിശ്വാസങ്ങളെ ആധുനിക ഭാഷാശാസ്ത്രം പൊളിച്ചെഴുതി. ശരി-തെറ്റുകൾ വിധിക്കാതെ ഭാഷയുടെ ഘടകങ്ങളെ വേർതിരിച്ച് വിവരണാത്മകമായി വിശദീകരിക്കുന്ന രീതിയാണിതിൽ സ്വീകരിച്ചിരിക്കുന്നത്.

- വാമൊഴിക്ക് പ്രാധാന്യം നൽകുന്ന പഠനശാഖ

ഭാഷയുടെ എല്ലാ സാഹചര്യത്തിലുമുള്ള പ്രയോഗങ്ങളെയും തുല്യപ്രാധാന്യത്തോടെ ഭാഷാശാസ്ത്രം പഠനവിധേയമാക്കുന്നു. ഭാഷയാണ് അതിന്റെ ലക്ഷ്യവും മാർഗവും. ഓൻ, ഓള്, നിങ്ങ, ഞങ്ങ പോലെയുള്ള പ്രയോഗങ്ങൾ ഭാഷാശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ തെറ്റായവയല്ല. ഏതൊക്കെ സാഹചര്യങ്ങളിലാണ് ഇവ സൃഷ്ടിക്കപ്പെടുന്നത് എന്നു നിർദ്ദേശിക്കുകയാണ് ഭാഷാശാസ്ത്രം ചെയ്യുന്നത്.

- ഭാഷയുടെ എല്ലാ പ്രയോഗങ്ങൾക്കും ഭാഷാശാസ്ത്രത്തിൽ തുല്യപ്രാധാന്യം

## 1.1.2 ബഹുകാലിക ഭാഷാസമീപനം

ഏതൊരു പഠനവും അതിന്റെ ശരിയായ ദിശയിൽ നടക്കണമെങ്കിൽ പഠനലക്ഷ്യങ്ങൾക്ക് അനുസൃതമായ അപഗ്രഥന രീതികൾ തിരഞ്ഞെടുക്കേണ്ടതുണ്ട്. ഭാഷാപഠനത്തിനും അതിന്റെ ശാസ്ത്രീയത ചോർന്നു പോകാതെ കൃത്യമായ വ്യവസ്ഥയോടുകൂടി പഠിക്കുവാനായി ഉപയോഗിക്കുന്ന രീതിശാസ്ത്രത്തെ ഭാഷാപഗ്രഥനരീതികൾ എന്ന് പൊതുവെ വിവക്ഷിക്കുന്നു. ഇവയിൽ ഏകകാലികമെന്നും ബഹുകാലികമെന്നും രണ്ട് വ്യത്യസ്ത സമീപനങ്ങളുണ്ട്.

- ഭാഷാപഗ്രഥന രീതികൾ

കാലത്തിന്റെ ഒരു പ്രത്യേക ബിന്ദുവിൽ നിന്നുകൊണ്ട് ഭാഷാവസ്തുതകളെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന രീതിയെയാണ് ഏകകാലിക പഠനം എന്നതു കൊണ്ടർഥമാക്കുന്നത്. ഭാഷാശാസ്ത്രത്തിന്റെ പ്രാരംഭദശയിലുള്ള അപഗ്രഥന സ്വഭാവത്തെ ഈ സമീപനം പിൻപറ്റുന്നുണ്ട്. ആ അർഥത്തിൽ ഘടനാത്മകം എന്നും വിവരണാത്മകം എന്നും ഈ രീതി അറിയപ്പെടുന്നുണ്ട്. ഒരു പ്രത്യേക ഭാഷണസമൂഹം ഒരു പ്രത്യേക കാലഘട്ടത്തിൽ പ്രയോഗിക്കുകയും പെരുമാറുകയും ചെയ്ത/ചെയ്യുന്ന ഭാഷയെക്കുറിച്ചുള്ള പഠനമാണിത്. ഭാഷയുടെ ഉത്ഭവം, വളർച്ചാഘട്ടങ്ങൾ എന്നിവയെയൊന്നും ഏകകാലികപഠനം അഭിമുഖീകരിക്കുന്നില്ല. കൃത്യമായ ഒരിടവേളയിൽ അല്ലെങ്കിൽ ഒരു നിശ്ചിതമായ കാലയളവിൽ നിലനിൽക്കുന്ന വാമൊഴിഭേദത്തെയോ സാഹിത്യകൃതികളിലെ ഭാഷയെയോ ഇതിലൂടെ അപഗ്രഥിക്കാനാകും. ഭാഷയുടെ പരിണാമസ്വഭാവത്തെ മുൻനിർത്തിയുള്ള പഠനം ഏറെക്കുറെ ഈ സമീപനത്തിൽ അപ്രസക്തമാണ്.

- ഏകകാലികം, ബഹുകാലികം

## 1.1.3 പിറവി

ഭാഷാവസ്തുതകളെ ചരിത്രപരമായ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന രീതിയാണ് ബഹുകാലിക പഠനം. ഏതെങ്കിലുമൊരു ഭാഷ അതിന്റെ ആവിർഭാവം മുതൽ വിവിധ ഘട്ടങ്ങളിലായി കൈവരിച്ച വികാസം, പുതിയ പദങ്ങളുടെ കടന്നുവരവ്, അർഥതലത്തിലും പ്രയോഗതലത്തിലും വന്ന മാറ്റങ്ങൾ, പുതിയ പ്രയോഗങ്ങൾ എന്നിവയെല്ലാം ബഹുകാലിക പഠനത്തിൽ ഉൾക്കൊള്ളുന്നു. ഭാഷയെ ശാസ്ത്രീയമായി പഠിക്കുന്നതിനുള്ള ഏകവഴി അതിനെ ചരിത്രപരമായി പരിശോധിക്കുക മാത്രമാണെന്ന ധാരണയുണ്ടായിരുന്നു. എന്നാൽ സ്വിസ് ഭാഷാശാസ്ത്രജ്ഞനായ ഫെർഡിനാന്റ് ഡി സൊസ്സ്യൂർ ഈ അഭിപ്രായത്തോട് വിയോജിച്ചു. ഭാഷയുടെ കാലിക പ്രയോഗത്തെ ബഹുകാലികമായ പരിണാമത്തിൽ നിന്ന് ഉരുത്തിരിച്ചെടുക്കാവുന്ന വസ്തുതകളുമായി കൂട്ടിച്ചേർക്കാൻ അദ്ദേഹം തയ്യാറായില്ല. ഏകകാലിക പഠനത്തിലൂടെ മാത്രം വെളിപ്പെടുന്ന വസ്തുതകളുണ്ടെന്നതു പോലെ തന്നെ പ്രധാനമാണ് ബഹുകാലികമായ പഠനവും. അതിലൂടെ മാത്രമേ ഭാഷയെക്കുറിച്ച്, അല്ലെങ്കിൽ അതിന്റെ സ്വഭാവത്തെക്കുറിച്ച് ഉൾക്കാഴ്ചകൾ കൈവരിക്കാനാകൂ എന്നദ്ദേഹം സമർഥിച്ചു. അതിനുദാഹരണമായി, സസ്യത്തിന്റെ കാണ്ഡത്തെക്കുറിച്ച് പഠിക്കുന്നതിന് അതിന്റെ നെടുകെയും കുറുകെയുമുള്ള ഛേദങ്ങൾ പരിശോധിക്കുന്നതു പോലെയാണ് ഭാഷയെപ്പറ്റി പഠിക്കുന്നതിന് ഏകകാലികവും ബഹുകാലികവുമായ പഠനങ്ങളെ ഉപയോഗിക്കുന്നതെന്ന് സൊസ്സ്യൂർ

- ഫെർഡിനാന്റ് ഡി. സൊസ്സ്യൂർ – ബഹുകാലിക പഠനം

പറഞ്ഞു. കാണ്ഡത്തിന്റെ കുറുകെയുള്ള ഛേദം ഏകകാലിക പഠനത്തെയും നെടുകെയുള്ള പഠനം ചരിത്രാത്മക പഠനത്തെയും പ്രതിനിധീകരിക്കുന്നു.

ഫിലോളജി അഥവാ ഭാഷാവിജ്ഞാനീയം ഒരു ബഹുകാലിക ഭാഷാസമീപനമാണ്. വിവിധ കാലഘട്ടങ്ങളിൽ എഴുതപ്പെട്ട രേഖകൾ ആസ്പദമാക്കി പഠിക്കുന്ന ആഗമികപഠനം, സജാതീയ ഭാഷകളെ താരതമ്യം ചെയ്ത് പ്രാഗ്ഭാഷയുടെ സവിശേഷതകൾ അനുമാനിച്ചു കണ്ടെത്തുന്ന തുലനാത്മക പഠനം എന്നീ രീതികൾ ഭാഷാവിജ്ഞാനീയത്തിലുണ്ട്.

▶ ഭാഷാവിജ്ഞാനീയത്തിലെ മറ്റ് അപഗ്രഥനരീതികൾ

## 1.1.4 ഫ്രാൻസ് ബോപ്പ് (1791-1867)

ഇൻഡോ-യൂറോപ്യൻ താരതമ്യ വ്യാകരണശാസ്ത്രത്തിന്റെ പിതാവ് എന്ന് കരുതപ്പെടുന്ന ഭാഷാശാസ്ത്രകാരനാണ് ഫ്രാൻസ് ബോപ്പ്. സംസ്കൃത ഭാഷാശാസ്ത്രത്തിലും താരതമ്യ ഭാഷാശാസ്ത്രത്തിലും ഒരളവുവരെ സ്വന്തമായി ജ്ഞാനം നേടിയെടുത്ത പണ്ഡിതനാണദ്ദേഹം. കാൾ ജോസഫ്, ഷ്ളെഗൽ മുതലായവരുടെ സാംസ്കാരികവും തത്വചിന്താപരവുമായ സ്വാധീനം ബോപ്പിന്റെ ആദ്യകാല രചനകളിൽ ദൃശ്യമാണ്.

▶ താരതമ്യ വ്യാകരണത്തിന്റെ പിതാവ്

1816-ൽ ബോപ്പ് തന്റെ ആദ്യ ഭാഷാശാസ്ത്രഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഭാഷയുടെ മൗലിക ധർമ്മത്തെയും അതിന്റെ പ്രവർത്തനത്തെയും തുറന്നുകാട്ടുക എന്നതായിരുന്നു ആ കൃതിയുടെ ലക്ഷ്യം. ക്രിയാപദങ്ങളുടെ ഘടന, ലളിതമായ സജീവവസ്തുഭാഷകളിൽ ഉള്ളടങ്ങിയിരിക്കുന്നു എന്ന് ഈ പഠനം ചൂണ്ടിക്കാട്ടുന്നു. ശാസ്ത്രീയമായ ക്രിയാപദ ഘടനയിലൂടെ സംസ്കൃതം, ഗ്രീക്ക്, ഗോഥിക്, ലാറ്റിൻ ഭാഷകളിൽ ക്രിയാപദ സങ്കേതത്തെ പരീക്ഷണാർഥം അവതരിപ്പിക്കുകയും അതിലൂടെ വാഗ്ബാഹുല്യം എന്ന ആശയത്തെപ്പറ്റി പ്രസ്താവിക്കുകയും ചെയ്തു.

▶ ബോപ്പിന്റെ ആദ്യ ഭാഷാശാസ്ത്ര ഗ്രന്ഥം

1818-ൽ ബോപ്പ് ലണ്ടനിൽ പോവുകയും അവിടെവച്ച് പല സംസ്കൃത പണ്ഡിതന്മാരുമായും ബന്ധം സ്ഥാപിക്കുകയും ചെയ്തു. 1820 ആയപ്പോഴേക്കും ബോപ്പ് തന്റെ അടുത്ത പുസ്തകം പ്രസിദ്ധീകരിച്ചു. അതിൽ രണ്ട് അധ്യായങ്ങളാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ അധ്യായത്തിൽ ക്രിയാപദങ്ങളെപ്പറ്റിയും രണ്ടാമത്തേതിൽ ക്രിയാധാതുക്കളെപ്പറ്റിയും വിശദമാക്കുന്നു. ഇതിലൂടെ ഇൻഡോ-യൂറോപ്യൻ ക്രിയാപദങ്ങളുടെ ഉത്ഭവം ഏകാക്ഷര പദങ്ങളിൽ/ഏകാക്ഷര ധാതുക്കളിൽ നിന്നാണ് എന്ന് സിദ്ധാന്തിക്കുന്നു. 1821-ൽ ബോപ്പ് ബെർലിൻ യൂണിവേഴ്സിറ്റിയിൽ നിയമിതനാവുകയും മരണംവരെ അവിടെ തുടരുകയും ചെയ്തു. 1821 മുതൽ 1827 വരെയുള്ള കാലയളവിൽ അദ്ദേഹം നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അവയിൽ സംസ്കൃത വ്യാകരണങ്ങളും ശബ്ദകോശങ്ങളും സംസ്കൃതവിവർത്തന ഗ്രന്ഥങ്ങളും കെൽട്ടിക്, പ്രാചീന പേർഷ്യൻ, അൽബേറിയൻ ഭാഷകളെ സംബന്ധിച്ച പഠനങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

▶ ബോപ്പിന്റെ സംഭാവനകൾ

SGOU

ഗവേഷണത്തിനും എഴുത്തിനും തന്റേതായ രീതി കണ്ടുപിടിച്ച ബോപ്പ്, താരതമ്യ വ്യാകരണപഠനശാഖയിലും കൈയ്യൊപ്പ് പതിപ്പിച്ചു. പൊതുവേ ഭാഷയുടെ ചരിത്രത്തെ അദ്ദേഹം സമീപിച്ചിരുന്നത് ചരിത്ര-പ്രകൃതി വാദത്തിൽ ഊന്നിയായിരുന്നു. ഭാഷയെ സങ്കീർണമായ ഘടനാരൂപമായി കണ്ട് അവയുടെ തുടക്കവും വളർച്ചയും അപഗ്രഥനത്തിലൂടെ കണ്ടെത്താമെന്നും ബോപ്പ് വാദിച്ചു.

▶ താരതമ്യ വ്യാകരണ അപഗ്രഥനം

## 1.1.5 റാസ്മസ് റാസ്ക് (1787-1832)

ഇൻഡോ-യൂറോപ്യൻ താരതമ്യ വ്യാകരണ ചരിത്രം പരിശോധിച്ചാൽ അതിന്റെ തുടക്കം 1810-കളിലാണെന്ന് പറയേണ്ടിവരും. വ്യത്യസ്തമാർന്ന ചുറ്റുപാടുകളിൽ നിന്നുയർന്നുവന്ന രണ്ടു മഹത് വ്യക്തിത്വങ്ങളാണ് ഇതിനു തുടക്കം കുറിച്ചത്. അതിൽ പ്രഥമൻ ഫ്രാൻസ് ബോപ്പ് തന്നെയാണ്. മറ്റൊരാൾ ഡാനിഷ് പണ്ഡിതനായ റാസ്മസ് റാസ്ക് (1787-1832) ആണ്. വിവിധ രാജ്യങ്ങളിൽ സഞ്ചരിച്ച് പരിജ്ഞാനം നേടിയ അദ്ദേഹം ഒരു ബഹുഭാഷാ പണ്ഡിതനായിരുന്നു. തന്റെ വിജ്ഞാനം വർധിപ്പിക്കുന്നതിനായി കിഴക്കൻ രാജ്യങ്ങളിലായിരുന്നു അദ്ദേഹം കൂടുതലായി സന്ദർശിച്ചിരുന്നത്. ഹീബ്രു, ഈജിപ്ഷ്യൻ കാലഗണങ്ങൾ ഉൾപ്പെടെ പുരാതനവും ആധുനികവുമായ നിരവധി ഭാഷകളിൽ വ്യാകരണഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

▶ റാസ്മസ് റാസ്ക് - ബഹുഭാഷാപണ്ഡിതൻ

പതിനെട്ടാം നൂറ്റാണ്ടിലെ പൊതുവ്യാകരണ ശാസ്ത്രത്തിലെ ആശയങ്ങളാണ് റാസ്ക്ക് പഠനങ്ങളിൽ പലപ്പോഴും പ്രയോഗിച്ചിട്ടുള്ളത്. ഭാഷകൾ തമ്മിലുള്ള ജൈവബന്ധത്തെപ്പറ്റി വ്യക്തമായ ധാരണ പുലർത്തിയിരുന്ന ഭാഷാശാസ്ത്രജ്ഞനായിരുന്നു റാസ്ക്ക്. 1814-ൽ രചിച്ച ചെറുലേഖനത്തിൽ ഗ്രീക്ക്, ലാറ്റിൻ, ജർമാനിക് ഭാഷകളിലെ ശബ്ദരൂപങ്ങൾ എങ്ങനെയാണ് ഒരേരീതിയിൽ വരുന്നതെന്നും അവ സ്ലാവിക്, ബാൽട്ടിക് ഭാഷകളോട് പുലർത്തുന്ന ബന്ധങ്ങളും വളരെ കൃത്യമായി വിവരിച്ചിട്ടുണ്ട്. 1818-ൽ ഈ ലേഖനം പ്രസിദ്ധീകരിച്ചു. പിന്നീട് അദ്ദേഹം സംസ്കൃതത്തിലും അവെസ്റ്റർ ഭാഷയിലും ആകൃഷ്ടനായി. ക്രമേണ ഇൻഡോ-ഇറാനിയൻ ഭാഷകൾക്ക് പ്രാധാന്യം നൽകാതെ വന്നു. 1814-ലെ ഒരു ഓർമ്മക്കുറിപ്പിൽ വ്യാകരണങ്ങളെയും പദങ്ങളെയുംപ്പറ്റിയുള്ള വിവരങ്ങൾ കാണുവാനാകും. ഇതിന്റെ അടിസ്ഥാനത്തിൽ ജർമാനിക് ഭാഷകളിലെ വാക്കുകളിൽ വ്യഞ്ജനാക്ഷരങ്ങളുടെ സ്ഥാനചലനം ഭാഗികമായി നിർണയിക്കുകയും ചെയ്തു. പിന്നീട് ഈ വിഭാഗത്തിൽ ജേക്കബ് ഗ്രിം പഠനം നടത്തുകയും ചില നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അതിന്റെ വെളിച്ചത്തിലുണ്ടായ സിദ്ധാന്തം ഗ്രിംമിന്റെ സിദ്ധാന്തം (Grim's law) എന്നറിയപ്പെടുന്നു. വിവിധ ഭാഷകൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങളെ മുൻനിർത്തി റാസ്ക്ക് സംഭാവന ചെയ്ത മറ്റൊരു ആശയമായിരുന്നു ആന്തരികവും ബാഹ്യവുമായ പുനഃസൃഷ്ടി.

▶ ആന്തരിക പുനഃസൃഷ്ടി, ബാഹ്യ പുനഃസൃഷ്ടി

## 1.1.6 ലെയിപ്സിഗ്(Leipzig) യൂണിവേഴ്സിറ്റി

ലെയിപ്സിഗ് യൂണിവേഴ്സിറ്റിക്ക് ഭാഷാശാസ്ത്രത്തിൽ വലിയൊരു പാരമ്പര്യം അവകാശപ്പെടാനുണ്ട്. 1887-ലാണ് പൊതു ഭാഷാശാസ്ത്ര പഠനം ആദ്യമായി അവിടെ അവതരിപ്പിക്കുന്നത്. അന്ന് അവിടെ നിയമിക്കപ്പെട്ട ഭാഷാവിദഗ്ധർ ഭാഷയെ ശാസ്ത്രപരമായി മാത്രമല്ല,

സൈദ്ധാന്തികമായും, രീതിശാസ്ത്രപരമായും അവയുടെ പ്രശ്നങ്ങളെ സമീപിക്കണമെന്ന് തീരുമാനമെടുത്തവരായിരുന്നു. ആദ്യത്തെ പ്രഫസറായ കാൾ ബ്രുഗ്മാൻ, (തന്റെ പ്രവൃത്തിമേഖലയിൽ മറ്റാരേക്കാളും പ്രശസ്തിയാർജിച്ച വ്യക്തിത്വമായിരുന്നു ബ്രുഗ്മാന്റേത്.) ലെയിപ്സിഗ് യൂണിവേഴ്സിറ്റിയെ ലോകത്തിലെത്തന്നെ ഭാഷാശാസ്ത്രത്തിന്റെ കേന്ദ്രമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായിവന്ന വിൽഹേം സ്ട്രൈറ്റ്ബെർഗ് വളരെ മികച്ച നേട്ടങ്ങൾ യൂണിവേഴ്സിറ്റിക്ക് നേടിക്കൊടുത്തു. 1891 -ൽ ഇൻഡോ-ജെർമാനിക് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഭാഷാശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെട്ടു.

- ഇൻഡോ-ജെർമാനിക്ക് ഇൻസ്റ്റിറ്റ്യൂട്ട്

1918ന് ശേഷം യുണൈറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിംഗ്വിസ്റ്റിക്സ് സ്ഥാപിക്കപ്പെടുകയും സ്ലാവോണിക്, ബാൾട്ടിക് പഠന ശാഖകൾ തുടങ്ങുകയും ചെയ്തു. ധാരാളം ഭാഷാശാസ്ത്രജ്ഞന്മാർ ലെയിപ്സിഗ് യൂണിവേഴ്സിറ്റിയിൽ പഠിക്കുകയും ഡോക്ടറേറ്റ് നേടുകയും ചെയ്തു. യാൻ ബനഡോവിൻ ഡി കേർട്ടിനോയ്, ഫെർഡിനാന്റ് ഡി സൊസ്സ്യൂർ, നിക്കോളായ് എസ്. ട്രൂബെറ്റ്സ്ക്കൊയ്, ലിയോണാഡ് ലെ ബ്ലൂംഫീൽഡ്, ലൂയൻ, ടെസ്നിയർ തുടങ്ങിയവരെല്ലാം ഈ യൂണിവേഴ്സിറ്റിയിൽ പഠിച്ചിറങ്ങിയവരിൽ പ്രമുഖരാണ്.

- യുണൈറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിംഗ്വിസ്റ്റിക്സ്

ഭാഷാ താരതമ്യപഠനത്തിന്റെ പുതിയ വ്യാകരണ മാതൃകയിൽ നിന്നുമാണ് ഈ ഭാഷാശാസ്ത്ര ശാഖ വികസിപ്പിച്ചെടുത്തത്. ഈ രീതി ഒരു കാലക്രമത്തിൽ മാത്രം കേന്ദ്രീകരിച്ചുള്ള ശാസ്ത്രീയപരമായ ഭാഷയുടെ നിർവചനത്തെ അടിസ്ഥാനപ്പെടുത്തുന്നു. ഇതിൽ തന്നെ ഉൾപ്പെട്ടിരുന്ന പല ഭാഷാ പണ്ഡിതന്മാരും ആദ്യകാല ഘടനാവാദശാസ്ത്രത്തിൽ നിലയുറപ്പിച്ചിട്ടുള്ളവരായിരുന്നു. ലെയിപ്സിഗ് യൂണിവേഴ്സിറ്റിയിൽ ഈ മാതൃക തുടക്കത്തിൽ സ്വീകരിച്ചിട്ടില്ലായിരുന്നു. എന്നാൽ പിന്നീട് മേധാവിയായി മാറിയ സ്ട്രൈറ്റ്ബെർഗ് ആദ്യകാല ഘടനാവാദത്തിൽ താല്പര്യം പ്രകടിപ്പിക്കുകയും ടൈപ്പോളജിക്കൽ ചോദ്യങ്ങൾ, നോൺ ഇൻഡോ-യൂറോപ്യൻ ഗവേഷണങ്ങളിൽ ഉപയോഗിക്കുകയും ചെയ്തു. 1950 കളുടെ അവസാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ പുനർ രൂപകല്പന ചെയ്യുന്ന സാഹചര്യത്തിൽ വ്യാകരണസിദ്ധാന്ത പ്രശ്നങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യ പഠനരീതിയായി മാറി.

- വ്യാകരണസിദ്ധാന്തങ്ങൾ പ്രധാന പഠനരീതി

നവീകരണ പണ്ഡിതന്മാരുടെ സൈദ്ധാന്തിക പിൻഗാമിത്വം തെളിയിക്കപ്പെട്ടത് അവരുടെ പ്രോജക്റ്റിൽ കാണപ്പെട്ട കൃത്യമായ വ്യവസ്ഥകളുടെയും വിശ്വാസ യോഗ്യമായ ഫലത്തിന്റെയും പുറത്താണ്. നിലവിലെ അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് തന്നെ പൊതുഭാഷാ ശാസ്ത്രത്തിൽ ഒരു പഠന കാര്യക്രമം ഉണ്ടാക്കുകയും അതിൽ വിജയിച്ച HDR ലെ ഏക യൂണിവേഴ്സിറ്റി ആയി ലെയിപ്സിഗ് മാറുകയും ചെയ്തു. 1989-ൽ ലെയിപ്സിഗ് യൂണിവേഴ്സിറ്റിയിൽ നവീകരണ പ്രോഗ്രാം നടക്കുകയുണ്ടായി. അതിന്റെ ഭാഗമായി അനിതാ സ്റ്റീബ് ഭാഷാശാസ്ത്രത്തിന് പുതിയൊരു പഠനശാഖ കൊണ്ടുവരാനായി സഹായിച്ചു. ഈ സമയത്ത് പൊതുഭാഷാ ശാസ്ത്രത്തിന്റെ 'മജിസ്റ്റർ സ്റ്റഡിഗാഗ്' എന്ന പേരിൽ പുതിയൊരു പാഠ്യക്രമത്തിന് കൂടി തുടക്കം കുറിച്ചു.

- 'മജിസ്റ്റർ സ്റ്റഡിഗാഗ്' പുതിയ പാഠ്യക്രമം

നമ്മൾ ഇന്നു കാണുന്ന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെടുന്നത് 1998 ഡിസംബർ 7നാണ്. തുടക്കത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ രണ്ട് ഭാഷാവിദഗ് ധരായിരുന്നു ഉണ്ടായിരുന്നത്. പൊതുഭാഷാ ശാസ്ത്രത്തിൽ അനിതാ സ്റ്റീബും, മനഃശാസ്ത്ര ഭാഷാപഠനത്തിൽ തോമസ് പെഷ്മനും. പിന്നീ ട് ഭാഷാ ടൈപ്പോളജിയിൽ ബൽതാസർബിക്കലും ശബ്ദശാസ്ത്രം/ Morphology വിഭാഗത്തിൽ ജോഗൻട്രോമറും ചേർക്കപ്പെട്ടു. തോമസ് പെഷ്മൻ വിരമിച്ചതോടുകൂടി ആ വിഭാഗത്തിൽ അഴിച്ചുപണി നടക്കു കയും ഈ വിഭാഗത്തിൽ നിലവിലുള്ള മേധാവി (ഗ്രിഗറി കോബ്ല) കമ്പ്യൂട്ടേഷണൽ എക്സ്പിരിമെന്റൽ മെത്തേഡിന് കൂടുതൽ പ്രാധാ ന്യം നൽകുകയും ചെയ്തു. അതിനുശേഷം പൊതുഭാഷാശാസ്ത്രം ഗെരെൺ മുള്ളർ കൈകാര്യം ചെയ്യുകയും ചെയ്തു. ഈ ഇൻസ്റ്റിറ്റ്യൂ ട്ട് സൈദ്ധാന്തികപരമായി ടൈപ്പോളജിക്കൽ പരീക്ഷണാത്മക രീതി യിൽ കൂടി സൈദ്ധാന്തിക വ്യാകരണം കേന്ദ്രീകരിക്കുന്ന മേഖലക ളായ വാക്യഘടന, ശബ്ദശാസ്ത്രം എന്നിവയെ സമീപിക്കുന്നു.

> ▶ കമ്പ്യൂട്ടേഷണൽ എക്സ്പീരിമെന്റൽ മെത്തേഡിന് കൂടുതൽ പ്രാധാന്യം

## നവവൈയാകരണന്മാർ

ഭാഷ നിരന്തരം പരിണാമ വിധേയമായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഈ പരിണാമങ്ങളെല്ലാം തന്നെ എല്ലായ്പ്പോഴും നിയമാനുസൃതമോ സാഹചര്യബദ്ധമോ ആകണമെന്നില്ല. എന്നാൽ സ്വനപരിണാമ നിയ മങ്ങളെല്ലാം നിയമാനുസൃതമാണെന്നും അവയ്ക്ക് അപവാദങ്ങളില്ലെ ന്നും സിദ്ധാന്തിച്ചുകൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകു തിയിൽ യൂറോപ്പിലെ ഒരു വിഭാഗം ഭാഷാ പണ്ഡിതർ രംഗത്തെത്തി. 1870 കളിൽ ലെയിപ്സിഗ് സർവകലാശാല കേന്ദ്രീകരിച്ച് രൂപംകൊണ്ട ഈ വാദത്തിന്റെ പ്രയോക്താക്കളായ ഒരു സംഘം യുവഭാഷാവൈ ജ്ഞാനികരെ നവവൈയാകരണന്മാർ എന്ന് വിശേഷിപ്പിച്ചിരുന്നു. ഇക്കൂട്ടർ അവതരിപ്പിച്ച നിരീക്ഷണങ്ങളോട് വിയോജിപ്പുണ്ടായിരുന്ന പൂർവപണ്ഡിതർ അൽപം അപഹാസ രൂപേണ പുതുവൈയാകര ണന്മാർ(Neogrammarians) എന്ന് ഇവരെ പരാമർശിക്കുവാൻ തുടങ്ങി യതോടുകൂടിയാണ് ഭാഷാവിജ്ഞാന ചരിത്രത്തിൽ ഈ സംജ്ഞയ് ക്ക് ഇടം കിട്ടിയത്.

> ▶ നവവൈയാകരണൻമാർ എന്ന സംജ്ഞ

അഗസ്ത് ലെസ്കിൻ (August Leskin 1840-1916), കാൾ ബ്രഗ്മാൻ (Karl Brugmann 1849-1919), ഹെർമൻ ഒസ്തോഫ് (Hermann Osthoff 1847-1909), ഡെൽബ്രുക്ക് (Berthold Delbruck 1842-1922) എന്നിവർ നവവൈയാകരണന്മാരിൽ പ്രധാനികളായിരുന്നു. അതു വരെ നിലനിന്നിരുന്ന പല സിദ്ധാന്തങ്ങളെയും നിഷേധിച്ചുകൊണ്ട് രൂപപ്പെട്ട ഈ ചിന്താധാര ലെയിപ്സിഗ് സ്കൂൾ എന്ന പേരിൽ വി ഖ്യാതമായി. സ്വനപരിണാമം കേവലം അനുമാനത്തിലൂടെയല്ല, മറിച്ച് ചരിത്രത്തോട് ബന്ധപ്പെടുത്തി വസ്തുനിഷ്ഠമായി മാത്രമേ വ്യാഖ്യാ നിക്കാൻ പാടുള്ളൂ എന്ന് അവർ വിശ്വസിച്ചു.

> ▶ ചരിത്രത്തോട് ബന്ധപ്പെടുത്തി മാത്രം സ്വനപരിണാമം പഠിക്കണം

ലെസ്കിനിന്റെ നേതൃത്വത്തിൽ “സ്വനനിയമങ്ങൾക്ക് അപവാദങ്ങ ളില്ല” എന്നൊരു മുദ്രാവാക്യം പോലും ഉടലെടുത്തപ്പോൾ, സംസ്കൃ തം, ഗ്രീക്ക് എന്നീ ഭാഷകളിലെ സന്ദിഗ്ധക്രിയാരൂപം/സാധ്യതാവാ ചി (Subjunctive), ഇച്ഛാവാചി/അനുജ്ഞായകം (Optative) എന്നീ പ്രകാരങ്ങളെപ്പറ്റി ആധികാരികമായി പഠിച്ച് അഞ്ച് വാല്യങ്ങളായി

SGOU

▶ "സ്വനനിയമങ്ങൾക്ക് അപവാദങ്ങളില്ല'' എന്ന മുദ്രാവാക്യം

ഒരു സമഗ്ര താരതമ്യവ്യാകരണം ഡെൽബ്രുക്ക് രചിച്ചു. ബ്രുഗ്മന്റെ സിദ്ധാന്തപ്രകാരം ഒരേ ഭാഷാഭേദത്തിൽ ഒരേ സാഹചര്യത്തിൽ നിയതസ്വനത്തിന് സംഭവിക്കുന്ന മാറ്റം എല്ലായ്പ്പോഴും ഒരേ തരത്തിലായിരിക്കും. ഇത്തരത്തിൽ വർണവികാരങ്ങളുടെ സുനിശ്ചിതത്വത്തിൽ ഊന്നിയ പഠനങ്ങൾ താരതമ്യ-ചരിത്രാത്മക പഠനങ്ങളെ ഏകോപിപ്പിച്ചു.

ജീവശാസ്ത്രജ്ഞന്മാർ ജൈവിക പ്രതിഭാസങ്ങളുടെ വളർച്ചയെ പഠനവിധേയമാക്കുന്നത് പോലെ ഭാഷയെ വിശകലനം ചെയ്യണമെന്ന് പറയുന്ന ഇക്കൂട്ടർ ഭാഷകളെ ഒരു ജീവലോകമായി പരിഗണിച്ച ഷ്ളൈഹെറുടെ (Schleicher) അഭിപ്രായത്തെ നിഷേധിക്കുന്നുണ്ട്. ജൈവിക പ്രതിഭാസങ്ങളെ പോലെ ഭാഷയ്ക്ക് സ്വന്തമായ ഒരു അസ്തിത്വമില്ല. ഭാഷാപ്രയോഗം ചിത്ത-വൃത്തികളോടാണ് ഏറെ ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഭാഷ സമൂഹമനസ്സിന്റെ ഉൽപ്പന്നമായ ഒരു അമൂർത്തസത്ത മാത്രമാണ് എന്നവർ വിശ്വസിച്ചു. നിരീക്ഷണ വിധേയമായ തന്മൊഴി/വ്യക്തിഭാഷ (Idiolect) യ്ക്ക് പ്രാധാന്യം നൽകിയ നവവൈയാകരണന്മാർ കാലക്രമത്തിൽ ഭാഷയ്ക്ക് സംഭവിക്കുന്ന മാറ്റത്തിന്റെ സൂക്ഷ്മവിശകലനത്തെ ഭാഷാപഠനത്തിന്റെ മുഖ്യലക്ഷ്യമായി കണ്ടു. അർഥതലത്തിൽ നിന്നും വാക്യതലത്തിൽ നിന്നും സ്വതന്ത്രമായതും നിരീക്ഷണക്ഷമമായതുമായ സ്വനതലത്തിന് പരമപ്രാധാന്യം നൽകി. സ്വനപരിണാമ നിയമങ്ങളിൽ പറയപ്പെടുന്ന അപവാദങ്ങൾക്ക് സദൃശതാനിഷ്ഠമായ നിയമങ്ങളിലൂടെ സമാധാനം കണ്ടെത്താൻ അവർ ശ്രമിക്കുകയും ചെയ്തു.

▶ തന്മൊഴി/വ്യക്തിഭാഷ (Idiolect) യ്ക്ക് പ്രാധാന്യം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഉദയം കൊണ്ട ഈ നവവൈയാകരണന്മാർ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തോടുകൂടി തിരോഭവിക്കുകയാണ് ഉണ്ടായത്. ഘടനാവ്യാകരണത്തിന്റെ വിത്തുകൾ പാകിയ ഫെർഡിനാന്റ് ഡി സൊസ്സ്യൂറിന്റെ (1857-1918) ഗുരുസ്ഥാനീയരായി ഇവരെ കണക്കാക്കുന്നു. ഭാഷയുടെ രൂപപരമായ സവിശേഷതകൾക്കാണ് പിൽക്കാല പഠനങ്ങൾ ഊന്നൽ നൽകിയതെന്നു കാണാം. ഏതായാലും ഭാഷാവിജ്ഞാനത്തിൽ ചരിത്രപരമായ പ്രാധാന്യം അവകാശപ്പെടാനാവുന്ന ഒന്നാണ് നവവൈയാകരണരുടെ പ്രവർത്തനങ്ങൾ.

▶ സൊസ്സ്യൂറിന്റെ ഗുരുസ്ഥാനീയർ

SGOU

## Summarised Overview

ഭാഷ എന്നത് ആശയ വിനിമയത്തിനുള്ള പ്രധാന ഉപാധിയാണ്. വാമൊഴിയായും വരമൊഴിയായും അതിന് പ്രയോഗ ഭേദങ്ങളുണ്ട്. ഭാഷാശാസ്ത്ര പഠനങ്ങൾ കൂടുതലായും വാമൊഴിയെ അടിസ്ഥാനമാക്കിയാണ് പഠനം നടത്തുന്നത്. 1960കളോടെയാണ് ഇന്ത്യയിൽ ഭാഷാശാസ്ത്ര പഠന വിഭാഗങ്ങൾ ആരംഭിക്കുന്നത്. ഇന്ന് ആധുനിക ഭാഷാശാസ്ത്രം ഭാഷയിലെ സ്പഷ്ടവും പ്രത്യക്ഷവുമായ തലങ്ങളെയും മറ്റു ഘടകങ്ങളെയും വിവരിക്കാൻ പര്യാപ്തമാണ്. ഭാഷയുടെ എല്ലാ സാഹചര്യത്തിലുമുള്ള പ്രയോഗങ്ങളെയും തുല്യ പ്രാധാന്യത്തോടെ ഭാഷാശാസ്ത്രം വിശകലനം ചെയ്യുന്നുണ്ട്.

ഭാഷയുടെ അപഗ്രഥന രീതികളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ബഹുകാലിക ഭാഷാപഗ്രഥനരീതി. ഭാഷയെ ചരിത്രപരമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ശാസ്ത്രീയമായി വിലയിരുത്തുകയാണ് ബഹുകാലിക പഠന രീതിയിൽ ചെയ്യുന്നത്. താരമ്യ വ്യാകരണ ചരിത്രത്തിന്റെ തുടക്കം 1810 കളിലാണ്. താരതമ്യ വ്യാകരണത്തിന്റെ പിതാവെന്നറിയപ്പെടുന്ന ഫ്രാൻസ് ബോപ്പ് ഇൻഡോ യൂറോപ്യൻ ഭാഷകളെ ശാസ്ത്ര സമ്മതമായ രീതിയിൽ താരതമ്യപ്പെടുത്തിയ ഒരാളാണ്. ബോപ്പിന്റെ സംഭാവനകളെ പഠിക്കുന്നത് ഭാഷാശാസ്ത്ര പഠനത്തിൽ വന്ന നവ സമീപന രീതികളെ മനസിലാക്കാൻ സഹായകരമാണ്. താരതമ്യ വ്യാകരണത്തിലെ മറ്റൊരു പ്രധാന ഭാഷാശാസ്ത്രജ്ഞനാണ് റാസ്മസ് റാസ്ക്. അദ്ദേഹത്തിന്റെ ഭാഷാശാസ്ത്ര പഠനങ്ങളും താരതമ്യ അപഗ്രഥനത്തിൽ പ്രധാനമാണ്.

ഭാഷാശാസ്ത്രത്തിന്റെ നാൾവഴിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരേടാണ് ലെയിപ്സിഗ് യൂണിവേഴ്സിറ്റി. 1891 - ലാണത് സ്ഥാപിതമായത്. പിന്നീട് ലോകം കണ്ട മികച്ച ഭാഷാശാസ്ത്രജ്ഞന്മാരിലധികവും പഠിച്ചത് ഈ യൂണിവേഴ്സിറ്റിയിൽ നിന്നാണ്. പുതിയ പാഠ്യപദ്ധതികളും ഗവേഷണവുമായി ലെയിപ്സിഗ് യൂണിവേഴ്സിറ്റി ലോകത്തെ തന്നെ മികച്ച സ്ഥാപനമായി മാറി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ജർമനിയിലെ ലെയിപ്സിഗ് സർവകലാശാലയിൽ പ്രവർത്തിച്ച ഒരുകൂട്ടം ഭാഷാപണ്ഡിതന്മാരെയാണ് നവവൈയാകരണന്മാർ എന്ന് വിവക്ഷിക്കുന്നത്. സ്വനപരിണാമത്തെപ്പറ്റിയുള്ള നവവ്യാകരണസിദ്ധാന്തം അവതരിപ്പിച്ച അവർ ജൈവിക പ്രതിഭാസങ്ങളെപ്പോലെ ഭാഷയ്ക്ക് സ്വതന്ത്രമായ അസ്തിത്വമില്ല എന്ന് വാദിച്ചു. എല്ലാ ഭാഷാപരിണാമങ്ങളും നിയമാനുസൃതമാണെന്ന് കരുതാനാകില്ല എന്നവർ പ്രസ്താവിക്കുകയും ചെയ്തു.

## Assignments

1. ബഹുകാലിക ഭാഷാസമീപനം എന്നാലെന്തെന്ന് വിവരിക്കുക.
2. ഭാഷാശാസ്ത്രത്തിന്റെ പഠന മേഖലകളെക്കുറിച്ച് ഉപന്യസിക്കുക.
3. ഭാഷാശാസ്ത്ര പഠനത്തിൽ റാസ്മസ് റാസ്കിന്റെ പ്രസക്തിയെന്തെന്ന് വിശദീകരിക്കുക.
4. ഫ്രാൻസ് ബോപ്പിന്റെ സംഭാവനകളെക്കുറിച്ച് വിവരിക്കുക.
5. ഭാഷാശാസ്ത്ര പഠനത്തിൽ ലെയിപ്സിഗ് യൂണിവേഴ്സിറ്റിയുടെ പ്രാധാന്യം എന്ത്? വിവരിക്കുക.
6. നവവൈയാകരണന്മാർ മുന്നോട്ടുവെച്ച പ്രധാന വാദഗതികൾ വിശദമാക്കുക.

SGOU

## Suggested Readings


1. എ. പി. ആൻഡ്രൂസ്, ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും - മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഇ. വി. എൻ. നമ്പൂതിരി, ഭാഷാവിജ്ഞാനീയം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. ഇ. വി. എൻ നമ്പൂതിരി, ഭാഷാശാസ്ത്രപ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
4. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
5. കെ. എം. പ്രഭാകരവാരിയർ, സ്വനിമ വിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. ഡോ. കെ. ഗോദവർമ്മ, കേരള ഭാഷാവിജ്ഞാനീയം, 1996, കേരള സർവകലാശാല, തിരുവനന്തപുരം.
2. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര നിഘണ്ടു, 2002, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര പരിചയം, 2016, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
4. കെ. എം. പ്രഭാകരവാരിയർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. കെ. ജോയ്പോൾ, വി. ആർ. സോളി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, മലയാളപഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 2

# സംസ്കൃതഭാഷയും താരതമ്യാത്മക ഭാഷാസമീപനവും

## Learning Outcomes

- സംസ്കൃത വ്യാകരണത്തെക്കുറിച്ച് അറിവു നേടുന്നു
- ഭാഷാപഠനത്തിൽ സംസ്കൃതഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് മനസിലാക്കുന്നു
- താരതമ്യാത്മക ഭാഷാസമീപനത്തെക്കുറിച്ച് വിശദമായ അറിവു നേടുന്നു
- താരതമ്യാത്മക പഠനത്തിന്റെ മേഖലകളെക്കുറിച്ച് ധാരണ നേടുന്നു

## Background

ഭാഷയുടെ വികാസ ചരിത്രം പരിശോധിക്കുമ്പോൾ ഒഴിവാക്കാനാവാത്ത ചില സംഗതികളുണ്ട്. അതിലൊന്നാണ് മറ്റു ഭാഷകൾ മലയാളത്തിന് നൽകിയ സംഭാവനകളെക്കുറിച്ചുള്ള ചർച്ച. മലയാള ഭാഷയിലെ വാക്കുകൾ ഏറിയ പങ്കും കടപ്പെട്ടിരിക്കുന്നത് സംസ്കൃത ഭാഷയോടാണ്. മറ്റു ഭാഷകളുടെ സ്വാധീനത്തേക്കാൾ വലിയ സ്വാധീനമാണ് സംസ്കൃതഭാഷ ചെലുത്തിയിരിക്കുന്നത്. വ്യാകരണ പാരമ്പര്യമായാലും ഭാഷയുടെ പ്രാക്തനതയായാലും സംസ്കൃതഭാഷ മികച്ചു നിൽക്കുന്ന ഒന്നാണ്. ഭാഷയിൽ സംസ്കൃതം ചെലുത്തിയ സ്വാധീനങ്ങളെക്കുറിച്ച് അറിവുനേടാൻ ഉപകരിക്കുന്നവയാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നത്.

ഭാഷയുടെ അപഗ്രഥനരീതികളിൽ പ്രധാനമായ ഒന്നാണ് താരതമ്യാത്മക സമീപനം. ഏകകാലികം, ബഹുകാലികം, താരതമ്യാത്മകം, ചരിത്രാത്മകം എന്നിങ്ങനെ നാലു പ്രധാന അപഗ്രഥന രീതികളാണ് ഭാഷക്കുള്ളത്. അതിൽ താരതമ്യാത്മക രീതിയെക്കുറിച്ചും അതിന്റെ വികാസ ചരിത്രത്തെക്കുറിച്ചും ഈ യൂണിറ്റിലൂടെ മനസിലാക്കാൻ കഴിയുന്നു.

## Keywords

സംസ്കൃതഭാഷ - സംസ്കൃത ഭാഷാ വൈയാകരണന്മാർ - ഭാഷയുമായുള്ള ബന്ധം - താരതമ്യാത്മക അപഗ്രഥനം - താരതമ്യ പഠനങ്ങളുടെ ഉത്ഭവം - വളർച്ച - ചരിത്രം

SGOU

## Discussion

### സംസ്കൃതവുമായുള്ള അഭിമുഖീകരണം

▶ സംസ്കൃതവ്യാകരണപഠനം

പ്രാചീനഭാരതത്തിൽ പ്രധാനമായും ക്ലാസിക്കൽ കൃതികളെ മുൻനിർത്തിയുള്ള സംസ്കൃത വ്യാകരണ പഠനമായിരുന്നു നിലനിന്നിരുന്നത്. പ്രാചീന വ്യാകരണം വേദമന്ത്രങ്ങളിലെ സംവാദങ്ങളുടെ അർഥം അന്വേഷിച്ചുള്ളതായിരുന്നു. വേദഗ്രന്ഥങ്ങളെ ശരിയായി ചൊല്ലുന്നതിനും വ്യാഖ്യാനിക്കുന്നതിനുമായിട്ടായിരുന്നു ഇവിടെ ഭാഷാപഠനം ആരംഭിച്ചത്. വേദഗ്രന്ഥങ്ങളുടെ ഉച്ചാരണ സമ്പ്രദായം മാനകീകരിക്കപ്പെട്ടത് 1200 ബി.സി യോടെയാണ്. സംസ്കൃത ശ്ലോകങ്ങളെ ഘടകങ്ങളായി വിഭജിച്ച് രൂപിമ-സ്വനിമ ചിന്തകൾക്ക് അടിത്തറ നൽകി. തുടർന്ന് മൂന്നാം നൂറ്റാണ്ടോടുകൂടി ശബ്ദ ഘടകങ്ങളെ വേർതിരിച്ച് ഉച്ചരിച്ച് ഘടനാപരമായ ഒരു വർണമാല രൂപപ്പെട്ടു.

▶ പാണിനിയുടെ വ്യാകരണം

ബി.സി. 500നു മുമ്പുതന്നെ സംസ്കൃത വൈയാകരണനായ സാകതായനൻ എല്ലാ നാമങ്ങളും ക്രിയകളിൽ നിന്നുണ്ടായതാണെന്നും ക്രിയാപദങ്ങളാണ് ആദ്യം ഉണ്ടായതെന്നും വിശദമാക്കി. 'നിരുക്ത'കാരനായ യാസ്കൻ, അർഥം വാക്യത്തിലാണെന്നും പദത്തിന്റെ അർഥം വാക്യപ്രയോഗത്തിൽ നിന്ന് ലഭിക്കുമെന്നും വ്യക്തമാക്കി. വാക്യത്തിനു പ്രഥമസ്ഥാനം നൽകി. ബി.സി നാലിൽ ജീവിച്ചിരുന്ന പാണിനി നാനൂറോളം സൂത്രങ്ങളിലൂടെ ഭാഷയെ ഒരു ജൈവികവ്യവസ്ഥയായി വിവരിച്ചു. പാണിനിയുടെ വ്യാകരണ ചിന്തകളാണ് പിൽക്കാലത്ത് ആധുനിക ഭാഷാശാസ്ത്ര ചിന്തകളെ ഏറെ സ്വാധീനിച്ചത്.

▶ സൊസ്സ്യൂർ - ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ്

'അഷ്ടാദ്ധ്യായി' എന്നറിയപ്പെടുന്ന പാണിനിയുടെ വ്യാകരണഗ്രന്ഥത്തെ അധികരിച്ചാണ് പിൽക്കാലത്തുണ്ടായിട്ടുള്ള മിക്കവാറും വ്യാകരണഗ്രന്ഥങ്ങളൊക്കെ എന്നു പറയാം. ഈ കൃതിയുടെ കാലത്തെപ്പറ്റിയും രചനയെ സംബന്ധിച്ചും (പാണിനി എഴുതിയതാണോ അതോ വാമൊഴി രൂപത്തിൽ സമാഹരിച്ചതാണോ എന്നത് തർക്കവിഷയമാണ്) നിരവധി ഊഹങ്ങളും തർക്കങ്ങളും നിലവിലുണ്ട്. പാണിനിയുടെ രചന പിൽക്കാല ഭാഷാശാസ്ത്രജ്ഞന്മാർക്കും വൈയാകരണന്മാർക്കും പ്രചോദനമായിട്ടുണ്ട്. ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന സൊസ്സ്യൂർ തന്റെ ഗവേഷണപ്രബന്ധം തയ്യാറാക്കിയത് സംസ്കൃതത്തിലാണ്. സംബന്ധികാ വിഭക്തിയെ മുൻനിർത്തിയുള്ളതായിരുന്നു ആ പ്രബന്ധം. പാണിനിയുടെ കാലത്തിനും 2000 വർഷങ്ങൾക്ക് ശേഷമാണ് പാണിനിയുടെ ഭാഷാ വിശ്ലേഷണ രീതിയോട് സാദൃശ്യമുള്ള വിശ്ലേഷണ രീതികൾ ആധാരമാക്കിയുള്ള പ്രജനന വ്യാകരണങ്ങൾ പാശ്ചാത്യലോകത്ത് ആവിഷ്കരിക്കുന്നത്. ഇത് പാണിനീയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

ഭാഷകളുടെ ഗോത്രബന്ധത്തെ വ്യക്തമാക്കുന്ന താരതമ്യാത്മക ഭാഷാശാസ്ത്ര ദർശനത്തിന്റെ ഉദയവും സംസ്കൃതത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ലാറ്റിൻ, ഗ്രീക്ക് എന്നീ യൂറോപ്യൻ ഭാഷകൾക്ക് സംസ്കൃത ഭാഷയോട് രൂപ-ഭാവങ്ങളിൽ ദൃശ്യമായ നിരവധിയായ സാദൃശ്യങ്ങൾ അവ ഒരേ മൂലഭാഷയിൽ നിന്ന് ഉത്ഭവിച്ചതാണെന്ന നിഗമനത്തിൽ

SGOU

ഭാഷാശാസ്ത്രകാരന്മാരെ എത്തിച്ചു. ഈ മൂന്നു ഭാഷകളിൽ ഒന്നു മറ്റൊന്നിനെ സ്വാധീനിച്ചു എന്നതായിരുന്നില്ല ആ നിഗമനം. മറിച്ച് ഇവ ഒരേ മൂലഭാഷയിൽ നിന്ന് വേറിട്ട് വളർന്നുവന്നതാകാമെന്ന ചിന്ത രൂപപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രാഗ്ഭാഷ സങ്കല്പത്തിന് ( പ്രോട്ടോ ലാംഗ്വേജ്) പ്രചാരം ലഭിക്കുകയും ചെയ്തു. ഭാഷാശാസ്ത്ര പഠനരംഗത്ത് യൂറോപ്യൻ ചിന്തകരെ സംബന്ധിച്ചിടത്തോളം സംസ്കൃതവുമായി നേടിയ പരിചയം സൈദ്ധാന്തികവും സാങ്കേതികവുമായ സമീപനങ്ങൾ വികസിപ്പിക്കുന്നതിന് സഹായകമായി. യൂറോപ്യൻ ഭാഷാദർശനങ്ങളെ വിപ്ലവകരമായി സ്വാധീനിച്ച ഭാഷാശാസ്ത്രപരമായ അറിവുകളുടെ ഉറവിടമാണ് ഇന്ത്യ എന്നാണ് ബ്ലൂംഫീൽഡ് പറഞ്ഞത്. പാണിനിയുടെ സംസ്കൃത വ്യാകരണ പഠനത്തിലെ സങ്കേതവൽക്കരണവും വിവരണസമഗ്രതയും ബ്ലൂംഫീൽഡ് സവിശേഷമായി രേഖപ്പെടുത്തുന്നുണ്ട്. അതായത് ആധുനിക ഭാഷാശാസ്ത്ര പഠനത്തിന്റെ രൂപഘടന നിർണയിക്കുന്നതിൽ പാണിനീയ വ്യാകരണം വളരെ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. പിൽക്കാലത്ത് ഭാഷയുടെ ചരിത്രാത്മകതയെ മുൻനിർത്തി നവവൈയാകരണന്മാർ രൂപപ്പെടുത്തിയ നിരീക്ഷണങ്ങൾക്കും സംസ്കൃതവുമായുള്ള അഭിമുഖീകരണം നിമിത്തമായിട്ടുണ്ട്.

- ▶ പാണിനീയ വ്യാകരണം

## താരതമ്യാത്മക സമീപനത്തിന്റെ ഉത്ഭവം

പത്തൊൻപതാം ശതകത്തിൽ ഒരു സിദ്ധാന്ത പദ്ധതിയെന്ന നിലയിൽ ഭാഷാശാസ്ത്രത്തെ വികസിപ്പിച്ച ചിന്താരീതിയാണ് താരതമ്യാത്മക ഭാഷാശാസ്ത്രം അഥവാ Comparative linguistics. ഭാഷകളുടെ ഗോത്ര ബന്ധത്തെക്കുറിച്ചുള്ള അന്വേഷണമാണ് താരതമ്യാത്മക ഭാഷാശാസ്ത്ര സിദ്ധാന്തത്തിന് ജന്മം നൽകിയത്. ഗ്രീക്ക്, ലാറ്റിൻ ഭാഷാപണ്ഡിതന്മാർ ഇന്ത്യയിലെത്തി സംസ്കൃതപഠനം ആരംഭിച്ചപ്പോഴാണ് ഈ മൂന്നു പ്രാചീന ക്ലാസിക്ഭാഷകളുടെ ഗോത്രബന്ധത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ ആരംഭിക്കുന്നത്. സംസ്കൃതഭാഷയെ യൂറോപ്പ് കണ്ടെത്തിയതോടെയാണ് താരതമ്യാത്മക ഭാഷാപഠനം വികസിച്ചത് എന്നാണ് സൊസ്സ്യൂർ പറയുന്നത്.

- ▶ ഭാഷകളുടെ ഗോത്ര ബന്ധങ്ങളെക്കുറിച്ചുള്ള അന്വേഷണം

1786-ൽ സർ വില്യംജോൺസ് ഗ്രീക്ക്, ലാറ്റിൻ, സംസ്കൃതം എന്നീ ഭാഷകളുടെ ഗോത്രബന്ധത്തെ മുൻനിർത്തി താരതമ്യാത്മക ഭാഷാദർശനം ആവിഷ്കരിച്ചു. ബംഗാളിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയിൽ അവതരിപ്പിച്ച ഒരു പ്രബന്ധത്തിലൂടെ അദ്ദേഹം ഗോത്രബന്ധം (Family relationship) എന്ന ആശയം മുന്നോട്ടുവച്ചു. ഗ്രീക്ക്-ലാറ്റിൻ, സംസ്കൃതം എന്നീ ഭാഷകൾ തമ്മിൽ രൂപ-ഭാവങ്ങളിൽ പുലർത്തുന്ന സാദൃശ്യം കണ്ടെത്തുകയും അവ ഒരേ ഉത്ഭവകേന്ദ്രത്തിൽ നിന്നുരുത്തിരിഞ്ഞതാണെന്ന നിഗമനത്തിൽ എത്തുകയും ചെയ്തു. സംസ്കൃതം>ഗ്രീക്ക്>ലാറ്റിൻ എന്ന ഉത്ഭവ ചരിത്രത്തെ നിരാകരിച്ചുകൊണ്ട് മൂലഭാഷ സങ്കല്പം ആവിഷ്കരിച്ചു. ഇവ മൂന്നും പ്രാചീനമായ ഒരു മൂലഭാഷ (പ്രാഗ് ഭാഷ) യിൽനിന്ന് ഉത്ഭവിച്ചതാണെന്നും പുത്രീഭാഷകൾ അഥവാ സഹോദരീഭാഷകളായി പരിഗണിക്കണമെന്നുമാണ് ഈ സിദ്ധാന്തം വ്യക്തമാക്കുന്നത്. ഈ കാലയളവിലാണ് പ്രാഗ്ഭാഷാസിദ്ധാന്തത്തിനു പ്രചാരം ലഭിക്കുന്നത്.

- ▶ പ്രാഗ്ഭാഷാ സിദ്ധാന്തം

ജോൺസിനെത്തുടർന്ന് 1882-ൽ ജേക്കബ് ഗ്രിം, ഇൻഡോ-യൂറോപ്യൻ ഭാഷകളുടെ ബന്ധം പഠന വിധേയമാക്കി. ഇംഗ്ലീഷ്, സംസ്കൃതം, ലാറ്റിൻ, ഫ്രഞ്ച് എന്നീ ഭാഷകളിലെ പദസമാനതയെപ്പറ്റി ഗ്രിം മുന്നോട്ടുവച്ച സിദ്ധാന്തങ്ങൾ ഗ്രിം നിയമം എന്ന പേരിൽ അറിയപ്പെടുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ വ്യാപകമായി ഉണ്ടായ യൂണിവേഴ്സിറ്റികളുടെ ആവിർഭാവത്തോടെ താരതമ്യ-ചരിത്രാത്മക പഠനങ്ങൾക്ക് പ്രാമുഖ്യം കൈവന്നു. 1816-ൽ താരതമ്യ വ്യാകരണത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഫ്രാൻസ് ബോപ്പ് സംസ്കൃതവും ഇൻഡോയൂറോപ്യൻ ഭാഷകളുമായുള്ള ബന്ധം വിശകലനം ചെയ്യുന്നതോടെ താരതമ്യ വ്യാകരണം ശാസ്ത്രീയ സ്വഭാവം കൈവരിച്ചു.

▶ ഗ്രിം നിയമം

ഭാഷകളുടെ ആനുവംശിക വർഗീകരണത്തിന് ഉപയോഗിക്കുന്ന സമീപനരീതിയാണ് താരതമ്യാത്മകം അല്ലെങ്കിൽ തുലനാത്മകം. ഒരേ മൂല ഭാഷയിൽനിന്നും പിരിഞ്ഞുവന്ന അംഗഭാഷകളെ താരതമ്യം ചെയ്ത് അവയുടെ മൂലഭാഷാ സ്വഭാവവും പുത്രീഭാഷകൾ തമ്മിലുള്ള ബന്ധവും ഓരോ ഭാഷയും വേർപിരിഞ്ഞുവന്നതിന്റെ ചരിത്രവും നിർണയിക്കുന്ന പദ്ധതിയാണിത്. ഉദാഹരണത്തിന് തമിഴും മലയാളവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിക്കാൻ തുലനാത്മക രീതിയാണ് ഉപയോഗിക്കുന്നത്. ഈ രീതിയിലൂടെ മൂല ദ്രാവിഡഭാഷയുടെ പ്രത്യേകതകൾ രണ്ടു ഭാഷകളിൽ നിന്നും കണ്ടെടുക്കുകയും ചെയ്യുന്നു. ഭാഷയുടെ വ്യത്യസ്ത കാലങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനമാകയാൽ ഇത് ബഹുകാലികപഠനവുമാണ്. പ്രാഗ്ഭാഷാപുനർനിർമാണമാണ് തുലനാത്മക പദ്ധതിയുടെ ലക്ഷ്യം. പ്രാഗ്ഭാഷയെ സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ നിലവിലുള്ള പുത്രീഭാഷകളുടെ ചരിത്രങ്ങൾ താരതമ്യം ചെയ്ത് പൂർവ കാലരൂപം അനുമാനിച്ചെടുക്കാനേ ഇത്തരം പഠനത്തിലൂടെ സാധിക്കൂ.

▶ ബഹുകാലിക പഠനമാണ് താരതമ്യാത്മകം

ഒരർഥത്തിൽ താരതമ്യാത്മക പഠനം എന്നത് ബഹുകാലിക സമീപനം തന്നെയാണ്. എന്നാൽ ഇവിടെ ഒരു ഭാഷയുടെയല്ല, ഒരു ഗോത്രത്തിന്റെ പരിണാമചരിത്രമാണ് അന്വേഷിക്കുന്നത്. ഒരേ മൂലഭാഷയിൽ നിന്ന് രൂപപ്പെട്ടുവന്ന ഭാഷകളുടെ സമൂഹത്തെയാണ് ഭാഷാഗോത്രം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഒരു ഗോത്രത്തിൽ ഉൾപ്പെടുത്താവുന്ന ഭാഷകൾ ഏതെല്ലാമാണ്? അവയുടെ പൊതു സ്വഭാവം എന്താണ്? അതിന്റെ മൂലഭാഷയുടെ സവിശേഷതയെന്ത്? അതിന്റെ അംഗഭാഷകൾ തമ്മിലുള്ള ബന്ധം നിർണയിക്കുന്നത് എങ്ങനെ? എപ്പോഴാണ് അവ സ്വതന്ത്രഭാഷകളായി രൂപാന്തരം പ്രാപിച്ചത്? മുതലായ കാര്യങ്ങളാണ് താരതമ്യാത്മക പഠനത്തിൽ പഠന വിധേയമാക്കുന്നത്. തുലനാത്മക പഠനം എന്നും ഈ സമീപനം അറിയപ്പെടുന്നു.

▶ തുലനാത്മക പഠനത്തിന്റെ മേഖലകൾ

റോബർട്ട് കാൽഡ്വെലിന്റെ 'ദ്രാവിഡഭാഷകളുടെ താരതമ്യാത്മക വ്യാകരണം' (1875) (മലയാള വിവർത്തനം -1973) ദ്രാവിഡ ഗോത്രത്തെക്കുറിച്ച് തുലനാത്മക രീതിയിൽ രചിച്ച ഗ്രന്ഥമാണ്. ദ്രാവിഡ ഭാഷകളെക്കുറിച്ച് അന്നത്തെക്കാളും കൂടുതൽ കാര്യങ്ങൾ ഇന്ന് മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാൽഡ്വെൽ പതിമൂന്ന് ദ്രാവിഡ ഭാഷകളെക്കുറിച്ചേ പറഞ്ഞുള്ളൂ. എന്നാൽ, ഇതിലധികം ഭാഷകൾ ഈ ഗോത്രത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ദ്രാവിഡ ഭാഷകളുടെ എണ്ണത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്.

▶ കാൽഡ്വെലിന്റെ സംഭാവനകൾ

# Summarised Overview

ഭാഷയെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് ഭാഷാശാസ്ത്രം. ഭാഷാശാസ്ത്രത്തിന്റെ പഠന മേഖലയിൽ ഭാഷയുടെ വികാസമേഖലയാണത്. ഭാഷയുടെ വളർച്ചയെക്കുറിച്ച് പഠിക്കുമ്പോൾ മറ്റു ഭാഷകൾ മലയാളഭാഷക്ക് നൽകിയ സംഭാവനകളെക്കുറിച്ചും പഠനവിധേയമാക്കപ്പെടുന്നു. മലയാളത്തിൽ പരകീയ പദങ്ങൾ ധാരാളമായുണ്ട്. മലയാളത്തിലെ പരകീയ പദങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പ്രധാനമായ സംഭാവനകൾ നൽകിയിരിക്കുന്നത് സംസ്കൃതഭാഷയാണെന്നു കാണാം. മലയാളത്തിലെ അക്ഷരമാലയും സംസ്കൃതഭാഷയോടാണ് കടപ്പെട്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ സംസ്കൃതഭാഷയുമായുള്ള അഭിമുഖീകരണം മലയാള ഭാഷയെക്കുറിച്ച് പഠിക്കുമ്പോൾ അനിവാര്യമായ ഒന്നാണ് എന്നു കാണാം.

ഭാഷയെക്കുറിച്ച് പഠനം നടത്തുമ്പോൾ സ്വീകരിക്കുന്നത് നാലുതരം അപഗ്രഥന രീതികളാണ്. ഏകകാലികം, ബഹുകാലികം, താരതമ്യാത്മകം, ചരിത്രാത്മകം എന്നിവയാണവ. അപഗ്രഥനരീതികളിൽ പ്രധാനപ്പെട്ട ഒന്നാണ് താരതമ്യാത്മക സമീപനം അഥവാ തുലനാത്മക സമീപനം. താരതമ്യാത്മക സമീപനത്തിന്റെ ചരിത്രം പഠിക്കുന്നതിലൂടെ ഭാഷാശാസ്ത്രത്തിന്റെ പഠന മേഖലയിൽ ഉണ്ടായ പുതിയ മാറ്റങ്ങളെ പരിചയപ്പെടാൻ കഴിയുന്നു.

# Assignments

1. താരതമ്യാത്മക അപഗ്രഥനത്തിന്റെ സവിശേഷതകൾ വിവരിക്കുക
2. താരതമ്യാത്മക അപഗ്രഥന രീതിയെക്കുറിച്ച് ഉപന്യസിക്കുക.
3. സംസ്കൃത ഭാഷയുടെ അഭിമുഖീകരണത്തെക്കുറിച്ച് വിവരിക്കുക.
4. ഗ്രിം നിയമം എന്നാലെന്ത്?
5. താരതമ്യാത്മക അപഗ്രഥന രീതിയിൽ കാൽഡ്വെൽ വഹിച്ച പങ്ക് വിശദമാക്കുക.

# Suggested Readings


1. എ. പി. ആൻഡ്രൂസ്, ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും - മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഇ. വി. എൻ. നമ്പൂതിരി, ഭാഷാവിജ്ഞാനീയം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. ഇ. വി. എൻ നമ്പൂതിരി, ഭാഷാശാസ്ത്രപ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
4. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.


SGOU

# References


1. ജോസഫ്, പി. എം., മലയാളത്തിലെ പരകീയ പദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. കെ. ഗോദവർമ്മ, കേരള ഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം
3. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര പരിചയം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. കെ. എം. പ്രഭാകരവാരിയർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. കെ. ജോയ്പോൾ, വി. ആർ. സോളി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, മലയാളപഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 3

# ഭാഷാഗോത്രങ്ങളും ഭാഷാപരിണാമവും

## Learning Outcomes

- ഭാഷകളുടെ പരിണാമത്തെക്കുറിച്ച് മനസിലാക്കുന്നു
- ഭാഷയുടെ പരിണാമനിയമങ്ങളെക്കുറിച്ച് മനസിലാക്കുകയും അവയുടെ പ്രായോഗിക വശങ്ങളെ സംബന്ധിച്ച് അറിവ് നേടുകയും ചെയ്യുന്നു
- ഭാഷയുടെ പരിണാമ ഹേതുക്കളെക്കുറിച്ച് അവബോധം നേടുന്നു
- ഭാഷാ കുടുംബം/ ഭാഷാഗോത്രം എന്ന സങ്കൽപത്തെ കൃത്യമായി മനസിലാക്കുകയും വിവിധ ഭാഷാകുടുംബങ്ങളെപ്പറ്റി ധാരണ നേടുകയും ചെയ്യുന്നു
- ആനുവംശികവും കക്ഷ്യാപരവുമായ ഭാഷാ വിഭജനങ്ങളെ പരിചയപ്പെടുന്നു

## Background

പരിണാമം എന്നത്  അനിവാര്യതയാണ്. എല്ലാ പരിണാമവും ഓരോ തരത്തിലായിരിക്കും നടക്കുന്നത്. അതുകൊണ്ടു തന്നെ പ്രപഞ്ചത്തിലെ എല്ലാ പരിണാമങ്ങളെയും പ്രത്യേകം പഠിക്കേണ്ടതുണ്ട്. ഭാഷയുടെ പ്രധാന സവിശേഷത അതൊരിക്കലും നിശ്ചലമല്ല എന്നതാണ്. ഓരോരോ കാലത്തിലും ഭാഷ പരിണാമം നേടുന്നുണ്ട്. ഓരോ പ്രദേശത്തെ ഭാഷയും ഓരോ കാലയളവിൽ മാറിക്കൊണ്ടേയിരിക്കുന്നു. പുതിയ സ്വഭാവം പ്രദർശിപ്പിക്കുക, പഴയ വ്യവസ്ഥ അപ്പാടെ അപ്രത്യക്ഷമാവുക, രൂപത്തിലും  അർഥത്തിലും പുതിയ വ്യവസ്ഥകൾ രൂപപ്പെടുക എന്നിങ്ങനെ ഭാഷാപരിണാമം പലതരത്തിലുണ്ട്. ഇതിൽ സ്വന-സ്വനിമ സന്ധി, വ്യാകരണം, പദം, വാക്യഘടന, അർഥം എന്നീ ഭാഷാതലങ്ങളിലെല്ലാം നടക്കുന്ന പരിണാമങ്ങൾ പ്രധാനമാണ്.

ഭാഷയുടെ പരിണാമം എല്ലാ ഭാഷകൾക്കും ഒരേ പോലെയല്ല. എന്നാലും അതിന് പൊതുവായ ചില കാരണങ്ങൾ കണ്ടെത്താനാകും. അവ പ്രയത്ന ലാഘവം, സമീപസ്വനങ്ങളുടെ സ്വാധീനം, സവർണനം, ആദാനം, സദൃശ വിഭ്രമം, ഘടനാസമ്മർദ്ദം എന്നിവയാണ്. ഭാഷയിൽ സംഭവിക്കുന്ന എല്ലാ പരിണാമവും സാഹചര്യവും നിയമാനുസൃതം ആവില്ല. നവവൈയാകരണന്മാർ സ്വനപരിണാമം ചരിത്രത്തോട് ബന്ധപ്പെടുത്തി വസ്തുനിഷ്ഠമായി മാത്രമേ വ്യാഖ്യാനിക്കാവൂ എന്നു നിഷ്കർഷിക്കുന്നുണ്ട്. ഭാഷയുടെ പരിണാമങ്ങളെയും വളർച്ചയെയും എല്ലാം സാഹചര്യമുക്തമായി പരിശോധിക്കാൻ ആവില്ല. മലയാളത്തിലെ അനുനാസികാതിപ്രസരം, താലവ്യാദേശം പോലുള്ളവ സാഹചര്യബദ്ധമായ പരിണാമങ്ങളാണ്. എങ്കിലും ഭാഷയുടെ പരിണാമങ്ങൾക്ക് പൊതുവായ ചില നിയമങ്ങൾ നമുക്ക് കണ്ടെത്താനാകും.

ഭാഷയുടെ ഉല്പത്തിയെക്കുറിച്ച് ചർച്ച ചെയ്യുന്ന വേളയിലാണ് ലോകഭാഷകൾക്കെല്ലാം ഒരു പൂർവദശ ഉണ്ടായിരുന്നിരിക്കാം എന്ന ചർച്ച വരുന്നത്. അവിടെ നിന്നുമാണ് ഭാഷാഗോത്രകല്പനകൾ ഉണ്ടാകുന്നത്. ഒരു മൂലഭാഷയിൽ നിന്ന് പിരിഞ്ഞു വന്നതെന്ന് കരുതാവുന്ന സ്വതന്ത്ര ഭാഷകളുടെ സമൂഹത്തെ ഭാഷാ കുടുംബം അല്ലെങ്കിൽ ഭാഷാഗോത്രം എന്നു പറയുന്നു. ഭാഷയുടെ പഠനവേളയിൽ ഭാഷാഗോത്ര സങ്കല്പം പ്രധാനമാണ്.

SGOU

## Keywords

ഭാഷാശാസ്ത്രമെന്ന പഠനശാഖ - ഭാഷാപരിണാമം - ഭാഷാപരിണാമ ഹേതുക്കൾ - ആദാനം - സദൃശവിഭ്രമം - ഭാഷാപരിണാമ നിയമങ്ങൾ - സ്വനതലം - രൂപതലം - സന്ധിതലം - അർഥതലം - വ്യാകരണ തലം - ഭാഷാകുടുംബമെന്ന ആശയം - ഭാഷാഗോത്രം

## Discussion

### ഭാഷാപരിണാമം

▶ ഭാഷയ്ക്കുണ്ടാവുന്ന മാറ്റങ്ങൾ നിയമാനുസൃതമല്ല

'പരിണാമം' എന്ന പദത്തിനർഥം 'മാറ്റം' എന്നാണ്. മാറ്റം പ്രകൃതിയുടെ ഭാഗമാണ്. പ്രപഞ്ചത്തിലുള്ള ഓരോ അണുവും നിരന്തരം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ മാറ്റങ്ങളുടെ ദിശയോ ഗതിയോ ഒന്നും ഒരേപോലെ ആയിരിക്കണമെന്നില്ല. ചിലത് യാതൊരുവിധ നിയമങ്ങൾക്കും അനുസൃതമായിരിക്കയില്ല. ഭാഷയിലും ഇത്തരം പരിണാമങ്ങൾ സംഭവിക്കാറുണ്ട്.

▶ ഭാഷാപരിണാമ ഹേതുക്കൾ 6 വിധം

പ്രാചീന സാഹിത്യരൂപങ്ങളിലെ ഭാഷയല്ല സമകാലിക കൃതികളിൽ നാം കാണാറുള്ളത്. സാഹിത്യഭാഷ മാറ്റിവെച്ച് സംസാരഭാഷ എടുത്താലും ഇതുതന്നെ സ്ഥിതി. നൂറ്റാണ്ടുകൾക്ക് മുൻപ് ഇവിടെ ഉണ്ടായിരുന്ന ഭാഷയിലാണോ നാമിന്ന് സംസാരിക്കുന്നത്? അല്ലേ അല്ല. എന്നാൽ ഈ മാറ്റത്തിന് ഒരിക്കലും ഒരേ ഗതിവേഗം ആയിരിക്കുകയില്ല. അതിന്റെ കാലഘട്ടത്തിനും സാഹചര്യങ്ങൾക്കും കാരണങ്ങൾക്കും അനുസൃതമായി ഭാഷാപരിണാമത്തിന്റെ വേഗതയിൽ വ്യത്യാസം സംഭവിക്കാറുണ്ട്. ഇപ്രകാരം ഭാഷാ മാറ്റത്തിനു വിധേയമാകുന്നതിന് കാരണമായ സാഹചര്യങ്ങളെ ഭാഷാപരിണാമ ഹേതുക്കൾ എന്ന് വിളിക്കുന്നു. അവയെ പ്രധാനമായും ആറായി ക്രോഡീകരിക്കാം

1. പ്രയത്ന ലാഘവം
2. സമീപസ്വനങ്ങളുടെ സ്വാധീനം
3. സവർണനം
4. ആദാനം
5. സദൃശ വിഭ്രമം
6. ഘടനാസമ്മർദ്ദം

#### 1. പ്രയത്ന ലാഘവം

ഉച്ചാരണത്തിലെ അനായാസതയ്ക്കു വേണ്ടി മനുഷ്യർ ഭാഷയിൽ പല മാറ്റങ്ങളും ഉണ്ടാക്കാറുണ്ട്. ഉച്ചാരണ സൂക്ഷ്മത പലപ്പോഴും അനൗപചാരിക സംഭാഷണങ്ങളിൽ കുറവാണ്. അതുപോലെതന്നെ

പ്രയത്ന ലാഘവം മൂലം ചിലപ്പോൾ ഉച്ചാരണസ്ഥാനം മാറി പോകാം. തന്മൂലം സ്പഷ്ടത കുറയാം. ഇത്തരം മാറ്റങ്ങൾ വ്യവഹാര ഭാഷയിലോ എഴുത്തു ഭാഷയിലോ സ്ഥിരപ്രതിഷ്ഠ നേടുമ്പോൾ അതു ഭാഷയുടെ പരിണാമമായി കണക്കാക്കാം. ഉദാഹരണമായി പ്രാചീന ദ്രാവിഡത്തിൽ (മൂല ദ്രാവിഡം) പദ മധ്യത്തിൽ വരുന്ന 'ച' കാരം മലയാളത്തിൽ 'യ' കാരമായി മാറിയിട്ടുണ്ട്.

▶ ഉച്ചാരണത്തിലെ അനായാസത അടിസ്ഥാനമാക്കിയ മാറ്റം

ഉദാ: ഉചിർ - ഉയിർ

## 2. സമീപസ്വനങ്ങളുടെ സ്വാധീനം

വേഗത്തിൽ സംസാരിക്കുന്ന അവസരത്തിൽ തൊട്ടടുത്തുള്ള സ്വനങ്ങൾ പരസ്പരം സ്വാധീനം ചെലുത്താറുണ്ട്. മലയാളം,തമിഴ് ഭാഷകളിലെ വാമൊഴിയിൽ ഇത്തരം പരിണാമങ്ങൾ ധാരാളമായി കാണാനാകും.

| | | | |
|---|---|---|---|
| ഉദാ: | ഇല | - | എല |
| | പുക | - | പൊക |
| | കിളവൻ | - | കെളവൻ |
| | ഉണർന്നു | - | ഒണർന്നു |

ഇവിടെ ഇ-എ, ഉ-ഒ എന്ന പരിണാമം സംഭവിച്ചത് അടുത്ത സ്വരമായ അകാരത്തിന്റെ സ്വാധീനം കൊണ്ടാകാം. 'നിമ്നസ്വരമായ അകാരം ഉച്ചസ്വരങ്ങളായ ഇകാര- ഉകാരങ്ങളെ അല്പം താഴോട്ട് കൊണ്ടുവരുന്നു. അങ്ങനെ അവ മധ്യസ്വരങ്ങളാകുന്നു. മലയാളത്തിലെ ശ്വാസിയായ വിരാമങ്ങൾക്ക് പദമധ്യത്തിൽ ഘർഷത്വവും നാദത്വവും വരുന്നത്, രണ്ടു വശങ്ങളിലും സ്വരങ്ങൾ ഉള്ളതുകൊണ്ടാണ്. സ്വരങ്ങൾ തുറന്നു ഉച്ചരിക്കേണ്ടവയാണ്. വിരാമങ്ങളുടെ ഉച്ചാരണത്തിൽ അടപ്പുണ്ട്. രണ്ടുവശത്തും തുറന്ന ഉച്ചാരണങ്ങൾ ഉള്ളതിനാൽ ഇടയ്ക്കുള്ള അടപ്പ് (സ്പർശം) പൂർണമാകുന്നില്ല. അങ്ങനെ അതിൽ ഘർഷത്വം ചേരുന്നു.' (ഡോ. കെ. എം പ്രഭാകരവാരിയർ)

▶ ഉച്ചാരണവേഗത്തിൽ സ്വനങ്ങൾ മാറുന്ന രീതി

## 3. സവർണനം

ഭാഷയിൽ വർണങ്ങൾ തമ്മിൽ കൂട്ടിച്ചേർക്കുമ്പോൾ സ്വനങ്ങൾക്ക് സംഭവിക്കുന്ന മാറ്റമാണ് ഇത് സൂചിപ്പിക്കുന്നത്. സന്ധിയിൽ അടുത്തടുത്തു വരുന്ന വിജാതീയ വർണങ്ങൾ സമാനങ്ങളായി ത്തീരുന്ന പ്രവണതയാണ് സവർണനം എന്നു പറയുന്നത്. മലയാളത്തിൽ കാണാറുള്ള താലവ്യാദേശം, അനുനാസികാതിപ്രസരം എന്നിവ സവർണനമാണ്.

▶ വർണങ്ങൾ തമ്മിൽ കൂടിച്ചേരുമ്പോൾ സ്വനങ്ങൾക്ക് സംഭവിക്കുന്ന മാറ്റം

ഉദാ: കേൾ + തു = കേട്ടു

മരം + കൾ = മരങ്ങൾ

### 4. ആദാനം

ഒരു ഭാഷയുടെ ഘടന അഥവാ സംരചന എന്നത് ആ ഭാഷയുടെ വർണവിന്യാസക്രമം, പ്രത്യയ-പദ-വാക്യഘടനകൾ തുടങ്ങിയവയുടെ ആകെത്തുകയാണ്. ഒരു ഭാഷയുടെ സംരചനയിൽ മറ്റൊരു ഭാഷയുടെ ഘടന കൂടിച്ചേരുമ്പോൾ ഭാഷാസങ്കലനം നടക്കുന്നു. ഒരു ഭാഷണസമൂഹം തങ്ങൾക്കു സമ്പർക്കമുണ്ടാകുന്ന മറ്റു ഭാഷണസമൂഹങ്ങളിൽ നിന്ന് പലതും പഠിക്കാറുണ്ട്. സമ്പർക്കത്തിലേർപ്പെടുന്ന ഭാഷകൾ അന്യോന്യം കൊടുക്കൽ വാങ്ങലുകൾ നടത്തുന്നത് സ്വാഭാവികമാണ്. ഭാഷാസങ്കലനത്തിൽ ഏറ്റവും വലിയ സ്വാധീനം പദങ്ങളുടെ തലത്തിലാണ് ഉണ്ടാകുന്നത്. പദമായാലും സ്വനിമമായാലും മറ്റേത് ഭാഷാഘടകമായാലും മറ്റൊരു ഭാഷയിൽനിന്ന് സ്വീകരിക്കുന്ന പ്രക്രിയയ്ക്ക് ആദാനം എന്നു പറയുന്നു. ആദാനം പ്രധാനമായും നടക്കുന്നത് പദതലത്തിലാണ്. അന്യഭാഷയിൽ നിന്ന് സ്വീകരിച്ച പദങ്ങളെ പരകീയ പദങ്ങൾ എന്നാണ് വിളിക്കുന്നത്. സംസ്കൃതം, ഹിന്ദി, പോർച്ചുഗീസ്, അറബി, മറാഠി, പേർഷ്യൻ, സുറിയൻ, ലത്തീൻ, ഗ്രീക്ക്, ഇംഗ്ലീഷ് ഭാഷകളിൽ നിന്ന് മലയാളത്തിൽ പദാദാനം നടന്നിട്ടുണ്ട്. ഉദാ: ചികിത്സ (സംസ്കൃതം), പഞ്ചായത്ത് (ഹിന്ദി), കത്തി(മറാഠി), സർക്കാർ (പേർഷ്യൻ), ഈശോ (ഹീബ്രൂ), ജില്ല (അറബി), പറുദീസ (സുറിയാനി), സിനിമ (ഗ്രീക്ക്), പേന (പോർച്ചുഗീസ്), കാർ (ഇംഗ്ലീഷ്).

> ▶ സമ്പർക്കത്തിലേർപ്പെടുന്ന ഭാഷകൾ തമ്മിൽ കൊടുക്കൽ വാങ്ങലുകൾ നടത്താറുണ്ട്.

അന്യഭാഷാ പദങ്ങളെ ഒരു ഭാഷ സ്വീകരിക്കുന്നത് പലവിധത്തിലാണ്. അതേ പദം സ്വീകരിക്കുന്നതിനെ തത്സമം എന്നു പറയുന്നു. ഉദാ:- സിംഹം, അഗ്നി, നഖം(സംസ്കൃതപദങ്ങൾ) ഗവർണർ, കലക്ടർ (ഇംഗ്ലീഷ്). പ്രകടമായ രൂപഭേദം വരുത്തിയ പരകീയപദങ്ങളെ തത്ഭവങ്ങൾ എന്നു പറയുന്നു. ഉദാ: ആല (ശാലാ), ആപ്പീസ് (ഓഫീസ്), കോടതി (കോർട്ട്). പദാദാനം പ്രധാനമായും മൂന്നു വിധത്തിലുണ്ട്. ആഗതാർത്ഥ പരിവൃത്തി, ആഗത പരിഭാഷ, ആഗത മിശ്രം എന്നിവയാണവ.

1. **ആഗതാർത്ഥ പരിവൃത്തി** – മറ്റു ഭാഷകളിലെ പദത്തിന്റെ ആശയം കടമെടുക്കുന്ന പ്രക്രിയയുണ്ട്. ഇതിനെ ആഗതാർത്ഥ പരിവൃത്തി എന്നു വിളിക്കുന്നു. ടെലിസ്കോപ്പിനെ ദൂരദർശിനിയായും റേഡിയോ ആകാശവാണിയായും മാറുന്നത് ഇതിനുദാഹരണമാണ്.

2. **ആഗത പരിഭാഷ** – മറ്റു ഭാഷാപദങ്ങളെ വിവർത്തനം ചെയ്ത് പുതിയ ഭാഷാപദം ഉണ്ടാക്കുന്നതാണ് ആഗത പരിഭാഷ.

   ഉദാ:- ശീത സമരം (cold war), കരിഞ്ചന്ത (Black Market)

3. **ആഗതമിശ്രം** – ഒരു സമസ്ത പദത്തിന്റെ ഒരു ഭാഗം പരകീയവും മറ്റേഭാഗം സ്വകീയവും ആയുള്ള മിശ്രിത പദങ്ങളുണ്ട് അവയെ ആഗതമിശ്രം എന്നു വിളിക്കാം.

   ഉദാ: തുണിമില്ല്, റെയിലപകടം, റോഡപകടം, സിനിമാകൊട്ടക

> ▶ പദാദാനം മൂന്നു വിധത്തിൽ

## 5. സദൃശ്യ സൃഷ്ടി

രൂപിമം, പദം എന്നീ തലങ്ങളിൽ മറ്റു രൂപങ്ങളുമായുള്ള സാദൃശ്യം കാരണം നിലവിലുള്ള രൂപങ്ങൾക്ക് സമാനമായി പുതിയ രൂപങ്ങൾ ഉണ്ടാകുന്നതിന് സദൃശ്യ സൃഷ്ടി എന്നു പറയുന്നു. ഉദാഹരണമായി 'ഒരു' എന്ന സംഖ്യാവിശേഷണത്തിനോട് ലിംഗ പ്രത്യയങ്ങൾ ചേർത്ത് സാമാന്യമായി ഒരുവൻ, ഒരുവൾ എന്നീ പദങ്ങൾ ഉണ്ടാക്കാം. അതുകൂടാതെ 'ത്തി' എന്ന സ്ത്രീ ലിംഗ പ്രത്യയം ചേർത്ത് ഒരുത്തി എന്നൊരു രൂപമുണ്ടാക്കാം. അതിനു സമാനമായ പുല്ലിംഗ രൂപമില്ല. പക്ഷേ 'ഒരുത്തി'ക്കു സദൃശ്യമായി 'ഒരുത്തൻ' എന്നൊരു രൂപം ഭാഷയിൽ രൂപപ്പെട്ടു. ഇത് സാദൃശ്യ കല്പനയിലൂടെ കൃത്രിമമായി സൃഷ്ടിച്ചതാണ്.

- സദൃശ്യ കല്പനയിലൂടെ ഉണ്ടാകുന്ന പദങ്ങൾ

## 6. ഘടനാ സമ്മർദം

ഒരു ഭാഷയിലെ ഘടനയ്ക്ക് സമ്മർദംമൂലം രൂപമാറ്റം ഉണ്ടാകുകയും ക്രമേണ അത് സാമാന്യഘടനയായി മാറുകയും ചെയ്യുന്ന പ്രക്രിയയാണിത്. ഉദാഹരണമായി പദാദിയിൽ ര, ല എന്നിവയുള്ള രൂപങ്ങൾ പഴന്തമിഴിൽ ഇല്ല. അതുകൊണ്ടുതന്നെ പഴയ പരകീയ പദങ്ങളിൽ ആദ്യസ്വരം ചേർന്നിരുന്നു. രാമൻ- ഇരാമൻ, രാജൻ- അരചൻ, ലോകം- ഉലകം എന്നിങ്ങനെ. എന്നാൽ, സംഖ്യാവാചിയായ 'ഇരണ്ട്' എന്നത് ഭാഷയിൽ 'രണ്ട്' ആയി മാറിയിട്ടുണ്ട്. പക്ഷേ ഇരുപത്, ഇരട്ട, ഇരട്ടി എന്നിവയിലെല്ലാം ആ പഴയ ഘടനതന്നെ ഇന്നും നിലനിൽക്കുന്നു.

- ഭാഷാഘടനക്കുണ്ടാവുന്ന സമ്മർദ്ദം മൂലം വരുന്ന രൂപ മാറ്റങ്ങൾ

## ഭാഷാപരിണാമം വിവിധ തലങ്ങളിൽ

ഭാഷയുടെ സംരചനയുടെ എല്ലാ തലങ്ങളിലും മേൽപ്പറഞ്ഞ കാരണങ്ങൾമൂലം പരിണാമം സംഭവിക്കാറുണ്ട്. സ്വന-സ്വനിമ-രൂപ-പദ-വാക്യ തലത്തിൽ ഇത്തരം പരിണാമങ്ങളുണ്ടാകാറുണ്ട്. അതുകൂടാതെ അർഥപരിണാമം, സന്ധിപരിണാമം, വ്യാകരണപരിണാമം എന്നിങ്ങനെ പരിണാമങ്ങളെ പലതരത്തിൽ വർഗീകരിക്കാം.

- ഭാഷാപരിണാമ കാരണങ്ങൾ

## സ്വനപരിണാമം (Sound change)

സ്വനപരിണാമം തന്നെയാണ് ധ്വനിപരിണാമം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഭാഷാപരിണാമ ഹേതുക്കളിൽ സുപ്രധാനമായ ഒന്നാണിത്. പ്രയത്ന ലാഘവത്തിനുള്ള വാസനയാണ് സ്വനപരിണാമത്തിന് കാരണം. സ്വനപരിണാമത്തെ ശബ്ദങ്ങളുടെ ചുറ്റുപാട്, കാലം, ദേശം എന്നിവ നിയന്ത്രിക്കുന്നു. ഇവ സദൃശ്യസൃഷ്ടിയിലോ ഭാഷാസംക്രമണത്തിലോ സ്വാധീനം ചെലുത്തുന്നില്ല. വളരെയധികം സ്വനങ്ങൾ അതിവേഗതയിൽ ഉച്ചരിക്കേണ്ടി വരുന്നതാണ് സ്വനപരിവർത്തനത്തിന് കാരണമാകുന്നത്. അങ്ങനെ വരുമ്പോൾ പ്രയത്നസൗകര്യാർഥം ഒരു സ്വനം തൊട്ടടുത്ത സ്വനത്തോട് പൊരുത്തപ്പെടുത്തി ഉച്ചരിക്കാനുള്ള പ്രവണത പ്രദർശിപ്പിക്കുന്നു. അവൻ-ഓൻ, ഇവിടെ-വടെ, എന്നാൽ സംഭാഷണത്തിലെ സ്വനലോപങ്ങൾ ഭാഷാപരിണാമത്തിന് ഉതകാറില്ല. ഓരോ ഭാഷയ്ക്കും ഓരോ ഗോത്രത്തിനും പ്രത്യേക സ്വനനിയമങ്ങളുണ്ട്. അനുനാസികാതിപ്രസ

SGOU

> ▶ പ്രയത്നലാഘവത്തിനായി നടത്തുന്ന മാറ്റങ്ങൾ

രം, താലവ്യാദേശം എന്നീ നിയമങ്ങൾ മലയാളത്തിൽ ഉള്ളതുപോലെ ഒരു ഭാഷയിൽ ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു പ്രത്യേക ചുറ്റുപാടിൽ ഒരു പ്രത്യേക ശബ്ദത്തിന് സാധാരണയായി സംഭവിക്കാവുന്ന പ്രത്യേക വികാരത്തെ ആ ഭാഷയുടെ സ്വനനിയമം ആയി കണക്കാക്കാം.

> ▶ ഭാഷാ സ്വനങ്ങൾക്ക് വരുന്ന മാറ്റങ്ങൾക്കുദാഹരണം - സ്വരസംവരണം

എന്നാൽ എല്ലാഭാഷകൾക്കും പൊതുവായ ചില സ്വനനിയമങ്ങളുണ്ട്. ഭാഷാസ്വനങ്ങൾക്ക് കാലം കഴിയുന്തോറും ഭേദം സംഭവിക്കുന്നത് സാധാരണമാണ്. ഓരോ കാലഘട്ടങ്ങളിലും ഒരു ഭാഷയിൽ ഉണ്ടായിട്ടുള്ള ലിഖിതങ്ങൾ അപഗ്രഥിച്ചാൽ ഈ വസ്തുത വ്യക്തമാകും. കാലക്രമേണ അല്പാല്പമായി ഉണ്ടായ മാറ്റങ്ങൾ പൂർണമായിത്തീരുന്നു. പൂർവദ്രാവിഡഭാഷയിലെ തലൈ, മലൈ എന്നിങ്ങനെ 'ഐ' കാരാന്തമായിരുന്ന ശബ്ദങ്ങൾ ആധുനിക മലയാളത്തിൽ 'അ'കാരാന്തങ്ങളായിത്തീർന്നിരിക്കുന്നു. (തല, മല).

> ▶ സ്വനങ്ങളുടെ മാറ്റങ്ങളെക്കുറിച്ചുള്ള പഠനം

ഇംഗ്ലീഷ് ഭാഷയിലും ഇതിനുദാഹരണങ്ങളുണ്ട്. 'Thoa shalt be the king' (UK) എന്ന ഷേക്സ്പീരിയൻ വാചകം ആധുനിക ഇംഗ്ലീഷിൽ ആണെങ്കിൽ 'You shall be the king' (US) എന്നായിത്തീരും. ഇത്തരം മാറ്റങ്ങൾ ശ്രദ്ധിച്ചു നോക്കിയാൽ അവയിൽ ചില ക്രമവും നിയമവും പ്രവർത്തിക്കുന്നതായി മനസിലാക്കാം. ഇവയെക്കുറിച്ചുള്ള പഠനമാണ് സ്വനനിയമങ്ങൾ.

> ▶ സ്വനനിയമങ്ങൾ കാലാതിവർത്തിയല്ല

ഭൗതികശാസ്ത്ര നിയമങ്ങളെപ്പോലെ സ്വനപരിവർത്തന നിയമങ്ങൾ കാലാതിവർത്തിയല്ല. ഭാഷയിൽ ഒരു കാലത്തുള്ള സ്വനനിയമങ്ങൾ ഭാവിയിലുണ്ടാകുന്ന സ്വന പരിവർത്തനത്തിന് ബാധകം ആയിരിക്കണമെന്നില്ല. സ്വനനിയമങ്ങൾക്ക് പരിമിതിയും ഉണ്ട്. ചില സ്വനനിയമങ്ങൾ ചില ഭാഷകളിൽ മാത്രമേ പ്രവർത്തിക്കൂ. തമിഴിൽ പത്താം തരത്തിൽ വരുന്ന 'ഐ'കാരം (വലൈ) മലയാളത്തിൽ 'അ'കാരമായും (വല) കന്നടത്തിൽ 'എ'കാരമായും (വലെ) നിലകൊള്ളുന്നു. ചില നിയമങ്ങൾ ചില പ്രത്യേക കാലഘട്ടങ്ങളിൽ സ്വാർഥകമായി പ്രവർത്തിക്കുകയും പിന്നീട് ദുർബലമായ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ദ്രാവിഡ ലിപികൾ മാത്രം ഉപയോഗിച്ചിരുന്ന പഴയ കാലത്ത് മലയാളത്തിൽ സംസ്കൃതഭാഷയിൽ നിന്നും കടമെടുത്ത ശബ്ദങ്ങൾക്ക് വളരെയധികം സ്വന വ്യത്യാസം വന്നിരുന്നു. ഉദാ: ലോകം- ഉലകം

## സ്വനിമപരിണാമം

> ▶ സ്വനിമ വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം

സ്വനിമ വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങളെയാണ് ഇതുകൊണ്ടർഥമാക്കുന്നത്. മലയാളത്തെ സംബന്ധിച്ച് സംസ്കൃതവുമായുള്ള സമ്പർക്കത്തിന്റെ ഫലമായുണ്ടായ പരിണാമങ്ങൾ ഇതിനുദാഹരണമാണ്. പന്ത്രണ്ട് സ്വരങ്ങളും പതിനെട്ട് വ്യഞ്ജനങ്ങളും ഉണ്ടായിരുന്ന സ്വനിമ വ്യവസ്ഥയിലേക്ക് അതിഖരമൃദുഘോഷങ്ങൾ, ഊഷ്മാക്കൾ, ഘോഷിയായ 'ഹ'കാരം എന്നിവയൊക്കെ ഭാഷയിൽ കുടിയേറിയത് സ്വനിമ പരിണാമത്തിന്റെ ഫലമായിട്ടാണ്.

SGOU

> ▶ പദങ്ങളുടെ ബാഹ്യ രൂപത്തിൽ വരുന്ന മാറ്റം

### രൂപപരിണാമം

പദങ്ങളുടെ ബാഹ്യരൂപത്തിൽ വരുന്ന മാറ്റമാണ് രൂപപരിണാമം. പ്രാചീന മലയാളത്തിൽ മലൈ, തലൈ എന്ന് പ്രയോഗിച്ചിരുന്ന പദങ്ങൾ പിൽക്കാലത്ത് മല, തല എന്നിങ്ങനെ പരിണമിച്ചത് പദങ്ങളുടെ രൂപത്തിൽ വന്ന പരിണാമമായി കണക്കാക്കാം.

### പദപരിണാമം

ഭാഷയിൽ പുതിയ പദങ്ങൾ ഉണ്ടാകുവാനുള്ള ഒരു പ്രധാന കാരണം മറ്റു ഭാഷകളുമായുള്ള കൊടുക്കൽ വാങ്ങലുകളാകാം. ഇതിന് സാംസ്കാരികവും ചരിത്രപരവുമായ സാഹചര്യങ്ങൾ കാരണമാകാം. ഇപ്രകാരം മലയാളഭാഷയിലും സംസ്കൃതം, പോർച്ചുഗീസ്, മറാഠി, ഹിന്ദി, ലാറ്റിൻ, ഗ്രീക്ക്, അറബി, തമിഴ് മുതലായ ഭാഷകളിൽ നിന്നുള്ള പദങ്ങൾ സ്വീകരിച്ചിട്ടുണ്ട്. തന്മൂലം ഭാഷയുടെ പദസമ്പത്ത് വർദ്ധിക്കുകയുണ്ടായി. ചില പദങ്ങൾ തത്സമയങ്ങളായും മറ്റു ചിലത് തത്ഭവങ്ങളായും സ്വീകരിക്കാറുണ്ട്. ഇത് പദപരിണാമമായി കണക്കാക്കാം.

> ▶ പുതിയ ഭാഷാ പദസ്വീകരണം - തത്സമം, തത്ഭവം

### അർഥപരിണാമം

പദങ്ങളുടെ അർഥത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ് അർഥപരിണാമം എന്നതിലൂടെ വിവക്ഷിക്കുന്നത്. ഒരു പദത്തിന്റെ അർഥം എന്നത് ആ പദം കേൾക്കുമ്പോൾ മനസ്സിൽ രൂപപ്പെടുന്ന ആശയലോകവുമായി ബന്ധപ്പെട്ടതാണ്. അതിന് മാറ്റം പല രീതിയിൽ സംഭവിക്കാം. ചുരുങ്ങിയ അർഥത്തിൽനിന്നും വിപുലമായ അർഥത്തിലേക്ക് അല്ലെങ്കിൽ വിപുലമായ അർഥത്തിൽ നിന്നും സങ്കുചിതാർഥത്തിലേക്കോ ആകാം ഈ മാറ്റം. ഇവ യഥാക്രമം അർഥവികാസം എന്നും അർഥസങ്കോചം എന്നും അറിയപ്പെടുന്നു. അർഥോൽക്കർഷം, അർഥാപകർഷം എന്നിങ്ങനെയും അർഥപരിണാമം നടക്കാറുണ്ട്.

> ▶ പദങ്ങളുടെ അർഥത്തിലുണ്ടാകുന്ന മാറ്റങ്ങൾ

### സന്ധിപരിണാമം

ഭാഷയിലെ സന്ധി നിയമങ്ങളിലുണ്ടാകുന്ന മാറ്റമാണിത്. മലയാളം പഴന്തമിഴിൽനിന്ന് വേർപെട്ടപ്പോൾ ഉണ്ടായ മാറ്റങ്ങൾ ഇത്തരത്തിലുള്ളതാണ്. അനുനാസികാതിപ്രസരം, താലവ്യാദേശം എന്നിവ ഉദാഹരണമായി കരുതാം. പ്രകൃതിയുടെ അവസാനം വരുന്ന വർണം അനുനാസികവും പ്രത്യയാദിയിലുള്ള സവർണ ഖരവും ചേർന്നു വരുമ്പോൾ അനുനാസികം ഖരത്തെ കൂടി അനുനാസികമാക്കുന്നു. മരം+കൾ എന്നത് 'മരങ്ങൾ' എന്നായി മാറുന്നു. അതുപോലെ ഒരു സ്വരത്തിനു ശേഷം ദന്ത്യസ്വരം വന്നാൽ അത് താലവ്യമായി മാറുന്നു. ഇതും സന്ധി പരിണാമത്തിൽ ഉൾപ്പെടുന്നു.

> ▶ ഭാഷയിലെ സന്ധി നിയമങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ

### വ്യാകരണപരിണാമം

ഭാഷയിലെ പ്രത്യയ പ്രയോഗങ്ങളിൽ വന്ന മാറ്റമാണ് വ്യാകരണപരിണാമം സൂചിപ്പിക്കുന്നത്. മലയാളം സ്വതന്ത്രഭാഷയായി രൂപപ്പെടുന്ന സമയത്ത് പഴന്തമിഴിലെ വ്യാകരണ രൂപങ്ങളിൽ നിന്ന് ചില

SGOU

> ▶ ഭാഷയിലെ പ്രത്യയ പ്രയോഗങ്ങളിൽ വന്ന മാറ്റം

മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രാചീന മലയാളത്തിൽ അവൻ വന്താൻ, അവൾ വന്താൾ എന്നിങ്ങനെ ക്രിയാപദങ്ങളോട് ലിംഗ പ്രത്യയങ്ങൾ ചേർത്ത് ഉപയോഗിക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ ആധുനിക മലയാളത്തിൽ അവൻ വന്നു, അവൾ വന്നു എന്നേ പ്രയോഗിക്കാറുള്ളൂ. ഇത് വ്യാകരണത്തിൽ വന്ന പരിണാമമായി പരിഗണിക്കാം.

## പരിണാമനിയമങ്ങൾ

### 1. സമാക്ഷരലോപം (Haplology)

ഒരേ പദം ആവർത്തിച്ചുച്ചരിക്കേണ്ടിവരികയോ സമാനങ്ങളും സമസ്ഥാനീയങ്ങളുമായ ശബ്ദങ്ങൾ അടുപ്പിച്ചുച്ചരിക്കേണ്ടിവരികയോ ചെയ്യുമ്പോൾ അവയിൽ ചില ശബ്ദങ്ങളോ അക്ഷരങ്ങളോ ഉച്ചരിക്കാതെ വിട്ടുപോകാറുണ്ട്. അടുത്തടുത്ത് സമാന സ്വരങ്ങൾ വന്നാൽ മാത്രം സംഭവിക്കുന്ന ഉച്ചാരണ ലാഘവമാണിത്

> ▶ ശബ്ദങ്ങളോ അക്ഷരങ്ങളോ ഉച്ചരിക്കാതെ വിട്ടുപോകുന്നത് സമാക്ഷരലോപം

| | | |
|---|---|---|
| ഉദാ: പിറന്ന നാൾ | - | പിറന്നാൾ |
| സുഖക്കേട് | - | സൂക്കേട് |
| മൂക്കുകുത്തി | - | മൂക്കുത്തി |
| കൊച്ച് ചേട്ടൻ | - | കൊച്ചേട്ടൻ |
| Engla land | - | England |

### 2. ആദ്യാക്ഷര ലോപം (Aphesis)

പദാദിയിലെ ചില വ്യഞ്ജനങ്ങൾ ലോപിക്കാറുണ്ട്.

ആശയം മനസിലുദിക്കുമ്പോൾ തന്നെ വക്താവ് ഉച്ചാരണാവയവങ്ങൾ ചലിപ്പിച്ചു തുടങ്ങുന്നു. ഈ ചലനത്തോടൊത്ത് ശ്വാസവായു പുറത്തേക്ക് കടക്കുന്നില്ലെങ്കിൽ ശബ്ദം ഉണ്ടാകുന്നില്ല. ഉച്ചാരണാവയവങ്ങൾ പ്രവർത്തിച്ചു തുടങ്ങിയതിനു ശേഷം വായുപ്രവാഹം ആരംഭിക്കുകയാണെങ്കിൽ ആദ്യശബ്ദം ഒഴിച്ചുള്ള ശബ്ദങ്ങൾ മാത്രമായിരിക്കും കേൾക്കത്തക്കവിധം പുറത്തുവരുന്നത്. ഇതാണ് ആദ്യാക്ഷര ലോപം. പലപ്പോഴും മലയാളത്തിലെ സ്വനിമ വ്യവസ്ഥയ്ക്ക് ചേരാത്ത വർണ്ണങ്ങളാണ് ലോപിക്കുന്നത്.

> ▶ ഉച്ചാരണവേളയിൽ ആദ്യ ശബ്ദം ലോപിക്കുന്നത്

| | | |
|---|---|---|
| ഉദാ: ഹിതം | - | ഇതം |
| ഹാരം | - | ആരം |
| ശ്രേണി | - | ഏണി |
| അറാക്ക് | - | റാക്ക് |

### 3. മധ്യസ്വര ലോപം (Syncope) സ്വരനിരാസം

ഉച്ചാരണ വ്യഗ്രതക്കിടയിൽ പദമധ്യത്തിലുള്ള സ്വരങ്ങളോ വർണ്ണങ്ങളോ വിട്ടുപോകുന്ന പ്രക്രിയയാണിത്. സ്വരം ചേർന്ന വ്യഞ്ജനത്തിൽ നിന്ന് സ്വരം എടുത്ത് കളഞ്ഞ് വ്യഞ്ജനം കൂട്ടിയിണക്കുകയാണ് ഇതിന്റെ സ്വഭാവം.



SGOU

ഉദാ: കിടാവ് - ക് ടാവ്

നിലാവ് - ന് ലാവ്

കെട്ടിയവൻ - കെട്ട്യോൻ

വാരിയർ - വാര്യർ

നമ്പിയാർ - നമ്പ്യാർ

പിലാവ് - പ്ലാവ്

▶ പദമധ്യത്തിലെ ശബ്ദം ലോപിക്കുന്നത്

## 4. അന്ത്യലോപം (Apocope)

പദാന്ത്യത്തിലെ അക്ഷരം വിട്ടുപോകുന്ന ഉച്ചാരണ ലാഘവമാണിത്. ഉച്ചാരണത്തിന്റെ വേഗത കൂടുന്നതിനു വേണ്ടിയാണ് ഇത് ചെയ്യുന്നത് .

▶ പദാന്ത്യത്തിലെ അക്ഷരം ലോപിക്കുന്നത്

ഉദാ: അരിശി - അരി

അപ്പോൾ - അപ്പോ

എന്നാൽ - എന്നാ

## 5. മധ്യസ്വരയോഗം (Anaptyxis)

ലഘു പ്രയത്നാർഥം കൂട്ടക്ഷരങ്ങൾക്കിടയിൽ ഒരു സ്വരം ചേർത്ത് ഉച്ചരിക്കാറുണ്ട്. സംയുക്തവ്യഞ്ജനങ്ങളിൽ (കൂട്ടക്ഷരം) ഇടയ്ക്ക് ഒരു സ്വരം ചേർക്കുന്ന സ്വഭാവമാണിത്. ഉച്ചാരണസൗകര്യമാണ് പ്രധാനം.

ഉദാ: ചിത്ര - ചിത്തിര

ഉത്രം - ഉത്തിരം

ആർദ്ര - ആതിര

ദർശനം - ദരിശനം

വർഷം - വരിഷം

▶ കൂട്ടക്ഷരങ്ങൾക്ക് ഇടയിൽ സ്വരം ചേർത്തുച്ചരിക്കുന്ന രീതി

## 6. അന്ത്യാഗമം (Paragouge)

അന്ത്യാഗമം എന്നാൽ പദത്തിന്റെ അവസാനത്തിൽ സ്വരം ചേർക്കുന്ന രീതിയെന്നർഥം. പ്രധാനമായും തത്സമ നിർമാണത്തിനു വേണ്ടിയാണ് അന്ത്യാഗമം ഉപയോഗിച്ച് കാണാറുള്ളത്. മലയാളത്തിൽ വ്യഞ്ജനാന്തങ്ങളായ ശബ്ദങ്ങളിൽ സംവൃതോകാരം ചേർത്താണ് ഇങ്ങനെ പ്രയോഗിക്കാറ്. ചിലപ്പോൾ ഇരട്ടിക്കുകയും ചെയ്യും.

ഉദാ: കൽ - കല്ല്

കൺ - കണ്ണ്

പിതാ - പിതാവ്

SGOU

> ▶ പദത്തിന്റെ അവസാനത്തിൽ സ്വരം ചേർക്കുന്ന രീതി

കാ - കായ്

പൂ - പൂവ്

### 7. സമീകരണം (Assimilation)/സവർണ്ണനം

രണ്ട് സ്വനങ്ങളെ ഉച്ചാരണസ്ഥാനം, ഉച്ചാരണരീതി എന്നിവയിൽ തുല്യമാക്കുന്നതാണ് സമീകരണം.

ഉദാ: വെൺചാമരം - വെഞ്ചാമരം

ഈ പ്രക്രിയയ്ക്ക് 'സവർണ്ണനം' എന്നും പേരുണ്ട്. ഭാഷയിൽ നാല് വിധം സമീകരണം ഉണ്ട്. ഉച്ചാരണസ്ഥാനം മാത്രം തുല്യമാക്കിക്കൊണ്ടും ഉച്ചാരണരീതി മാത്രം തുല്യമാക്കിക്കൊണ്ടും സമീകരണം സംഭവിക്കാം. ഇതിനെ 'ആംശികസമീകരണം' എന്നു പറയുന്നു. ഉച്ചാരണരീതിയും ഉച്ചാരണ സ്ഥാനവും തുല്യമാക്കുന്നത് 'പൂർണ സമീകരണം.' രണ്ട് സ്വനങ്ങളിൽ ആദ്യവർണത്തിന് അനുസരിച്ച് അടുത്ത വർണം മാറുന്നത് 'പുരസമീകരണം.' ഈ രണ്ടുമാറ്റങ്ങളും ഒരുമിച്ചു നടന്നാൽ 'ഉഭയസമീകരണം.' സ്വീകരണം നടക്കുന്ന സ്വനങ്ങൾ അടുത്തടുത്ത് അല്ലെങ്കിൽ 'വിദൂരസമീകരണം.'

**1. പൂർവ്വസമീകരണം** - പൂർവ വർണം വ്യത്യസ്തമായ ഉത്തരവർണത്തെക്കൂടി തനിക്കു തുല്യമാക്കുന്നതാണ് പൂർവസവർണനം.

ഉദാ:

കൺ + നീർ = കണ്ണീർ

വെൺ + നീർ = വെണ്ണീർ

എൺ + നൂറ് = എണ്ണൂറ്

**2. പരസമീകരണം** - പൂർവ സവർണനത്തിന് വിപരീതമാണിത്. പരവർണം ഭിന്നമായ പൂർണ വർണത്തെക്കൂടി പരവർണമാക്കി മാറ്റുന്നതാണ് പര സവർണനം.

ഉദാ:

വെൺ + ചാമരം = വെഞ്ചാമരം

എൺ + ചുവടി = എഞ്ചുവടി

**3. ഉഭയസവർണ്ണനം** - പൂർവ സമീകരണവും, പരസമീകരണവും ഒരേ പദത്തിൽ നടക്കുന്നതാണ് ഉഭയ സവർണനം.

മരംകൾ - മരങ്ങൾ (മ്ക -ങ്ക- ങ്ങ)

മാവിൻകാ - മാങ്ങ (ൻക -ങ്ക-ങ്ങ)

> ▶ സവർണ്ണനം-പൂർവ്വസമീകരണം, പരസമീകരണം, ഉഭയവർണ്ണനം

## 8. വിഷമീകരണം (Dissimilation)

സമാനവർണ്ണങ്ങൾ അടുത്തടുത്തുച്ചരിക്കേണ്ടി വരുമ്പോൾ അതിലേതെങ്കിലും ഒന്നിനെ അസമാനമാകുന്ന ഭാഷണപ്രക്രിയയാണ് വിഷമീകരണം. സമാക്ഷരലോപത്തോട് ബന്ധപ്പെട്ട സ്വനവിപര്യയരീതിയാണിത്. ഒരേ സ്വനം ആവർത്തിച്ചുച്ചരിക്കേണ്ടി വരുന്നതിലുള്ള പ്രയാസം ഒഴിവാക്കുന്നതിന് വേണ്ടിയാണ് അതിനെ മറ്റേതെങ്കിലും സ്വനമാക്കുന്നത്. ഇത് രണ്ടുതരത്തിലുണ്ട്.

1. പൂർവ വിഷമീകരണം
2. പര വിഷമീകരണം

ആദ്യവർണം പിന്നീടുള്ള സദൃശ്യവർണത്തെ അസദൃശ്യമാക്കിയാൽ പൂർവ വിഷമീകരണം. രണ്ടാമത്തെ വർണം ആദ്യത്തെ വർണത്തെ അസദൃശ്യമാക്കിയാൽ പര വിഷമീകരണം.

- സമാനവർണ്ണങ്ങളിലൊന്നിനെ അസമാനമാക്കുന്ന പ്രക്രിയ

| | | |
|---|---|---|
| ഉദാ: പിപ്പലി | - | തിപ്പലി |
| മുപ്പത് | - | നുപ്പത് |
| പപ്പക്ക | - | കപ്പക്ക |
| മമ്മട്ടി | - | നമ്മട്ടി |

## 9. സ്ഥാനവിപര്യം (Metathesis)

അടുത്തടുത്ത് വരുന്ന രണ്ട് ശബ്ദങ്ങൾ സ്ഥാനം മാറ്റി ഉച്ചരിക്കപ്പെടുന്ന അബോധപൂർവമായ പ്രക്രിയയാണിത്.

- ശബ്ദങ്ങൾ സ്ഥാനം മാറ്റി ഉച്ചരിക്കുന്ന പ്രക്രിയ

| | | |
|---|---|---|
| ഉദാ: ഒന്നിടവാരം | - | ഒന്നിരാടം |
| ചെത്തി | - | തെച്ചി |
| മരഗതം | - | മരതകം |
| വാണരാസി | - | വാരാണാസി |

## 10. ആദിസ്വരയോഗം (പൂർവ്വ സ്വരാഗമം) (Prothesis)

ചില വർണങ്ങൾ ഭാഷയിൽ പണ്ടു കാലത്ത് പദാദിയിൽ വരികില്ലായിരുന്നു. അത്തരം പദങ്ങൾ പ്രയോഗിക്കേണ്ടി വന്നാൽ ആദ്യം ഒരു സ്വരം ചേർത്ത് ഉച്ചാരണം ക്രമപ്പെടുത്തുന്നു. ഇതാണ് ആദിസ്വരയോഗം.

| | | |
|---|---|---|
| ഉദാ: രവി | - | ഇരവി |
| ലങ്ക | - | ഇലങ്ക |
| രാമൻ | - | ഇരാമൻ |
| രംഗം | - | അരങ്ങ് |

## ഭാഷാകുടുംബം (Language Family)

ഭാഷകളുടെ ഉത്പത്തിയെപ്പറ്റിയുള്ള ചിന്തയിൽ നിന്നാണ് ഭാഷാകുടുംബം എന്ന ആശയം രൂപം കൊണ്ടത്. ലോകത്തിലെ എല്ലാ ഭാഷകൾക്കും പൊതുവായ ഒരു പൂർവദശ ഉണ്ടായിരുന്നു എന്നും ചരിത്രപരമായി ബന്ധപ്പെട്ട ഭാഷകൾ മുൻപ് ഏതെങ്കിലുമൊരു ദശയിൽ ഏതാണ്ട് ഒരേ ഭാഷയിൽ നിന്നും വേർപിരിഞ്ഞു പോയതായിരിക്കണം എന്നുമുള്ള സങ്കൽപമാണ് ഇതിന് അടിസ്ഥാനം. ഇതുപ്രകാരം സജാത ഭാഷകളെ (Cognate Languages) ഒരേ മൂലകുടുംബത്തിന്റെ ഉപശാഖകളായി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ലോകത്തിൽ പല ഭാഷാഗോത്രങ്ങൾ / ഭാഷാ കുടുംബങ്ങൾ ഉള്ളതായി പരിഗണിക്കുന്നു.

- ലോകത്തിലെ എല്ലാ ഭാഷകൾക്കും പൂർവദശ ഉണ്ടായിരുന്നു

എല്ലാ ഭാഷകളും നിരന്തരമായ പരിണാമങ്ങൾക്ക് വിധേയമാണ്. മനുഷ്യസമൂഹത്തിന്റെ ചരിത്രം പരിശോധിച്ചാൽ കുടിയേറ്റത്തിന്റെയും ദേശാന്തരഗമനത്തിന്റെയും കൊഴിഞ്ഞു പോകലിന്റെയും കഥകൾ കാണാം. ഇത്തരത്തിലുണ്ടാകുന്ന വേർപിരിയലിലൂടെ ഒരു ഉപസമൂഹം രൂപപ്പെടുന്നു. ആ കൂട്ടായ്മയുടെ / ഉപസമൂഹത്തിന്റെ ഭാഷണരീതി പല കാരണങ്ങൾകൊണ്ട് മാറിയെന്നിരിക്കും. ഇങ്ങനെ ഒരു സമൂഹത്തിന് അനേകം ഉപസമൂഹങ്ങൾ ഉണ്ടാകുകയും അവരുടെ ഭാഷണം പരസ്പരം തിരിച്ചറിയാനാകാത്ത വിധം മാറ്റത്തിന് വിധേയമാകുകയും ക്രമേണ സ്വതന്ത്രമായ മറ്റൊരു ഭാഷാസമൂഹമായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ആദിമമായ ഒരു ഭാഷയിൽനിന്ന് ഇങ്ങനെ വേർപിരിഞ്ഞുണ്ടാകുന്ന രണ്ടോ മൂന്നോ ഭാഷകളെപ്പറ്റി പറയേണ്ടി വരുമ്പോൾ അവ പരസ്പരം ബന്ധം പുലർത്തുന്നവയാണെന്ന് കരുതാം. പരസ്പരബന്ധിതമായ ഭാഷകളുടെ കൂട്ടത്തെ ചേർത്ത് അവ ഒരു കുടുംബമാണെന്ന് പറയുന്നു.

- ഭാഷാസമൂഹരൂപീകരണ ചരിത്രം

ഒരു പൊതു പ്രഭവകേന്ദ്രത്തിൽനിന്നും ചരിത്രപരമായി വേർപെടുകയും അതുമായി ഭാഷാശാസ്ത്രപരമായ ബന്ധം സൂക്ഷിക്കുകയും ചെയ്യുന്ന ഒരു ഭാഷയെ പരിശോധിക്കുമ്പോൾ രണ്ടു ഭാഷകളും തമ്മിലുള്ള വേർപിരിയലിന് ശേഷമുള്ള ഘട്ടത്തിലും സൂക്ഷിക്കുന്ന സജാതപദങ്ങളുടെ പരിണാമം നിർണയിക്കാനുള്ള ശ്രമം ഭാഷാശാസ്ത്രകാരന്മാർ ചെയ്യാറുണ്ട്. അത് ഗ്ലോട്ടോ ക്രോണോളജി (Glotto Chronology) എന്ന പേരിൽ അറിയപ്പെടുന്നു.

- ഗ്ലോട്ടോ ക്രോണോളജി - സജാത പദങ്ങളുടെ പരിണാമം നിർണയിക്കുന്ന പദ്ധതി

ഭാഷകളുടെ ക്രമാനുഗതമായ മാറ്റത്തിലധിഷ്ഠിതമാണ് ഭാഷാഗോത്രമെന്ന സങ്കല്പം. പല മാറ്റങ്ങൾക്കും വിധേയമായിട്ടുണ്ടെങ്കിലും ആന്തരസാദൃശ്യമുള്ള ഭാഷകളെ ചരിത്രലക്ഷ്യങ്ങളുടെ പിൻബലത്തോടെയാണ് ഒരു ഗോത്രത്തിൽ ഉൾപ്പെടുത്തുന്നത്. മാതൃ-പിതൃ ഭാഷകൾ, സഹോദരഭാഷ, പുത്രീഭാഷ എന്നീ സങ്കല്പങ്ങൾ ഇത്തരം ആനുവംശിക വിഭജനത്തിൽ ചർച്ച ചെയ്യാറുണ്ട്.

- ആനുവംശിക വിഭജനം

ലോകത്താകമാനം 6500ലധികം ഭാഷകൾ നിലവിൽ ഉണ്ടെന്നാണ് ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്. (2021 ഒക്ടോബർ 12 വരെ) ഘടനാപരമായ സവിശേഷതകൾ, പ്രകൃതി-പ്രത്യയങ്ങൾ, വാക്യഘടന മുതലായവ കണക്കിലെടുത്ത് ഭാഷകളെ പ്രധാനമായും എട്ട് ഗോത്രങ്ങളായി ഭാഷാശാസ്ത്രജ്ഞന്മാർ വിഭജിച്ചിരിക്കുന്നു.

- എട്ടു പ്രധാന ഭാഷാഗോത്രങ്ങൾ

1. ഇൻഡോ-യൂറോപ്യൻ ഗോത്രം

2. സെമിറ്റിക് ഗോത്രം

3. ഹാമിറ്റിക് ഗോത്രം

4. തെക്കുകിഴക്കൻ ഏഷ്യാറ്റിക് ഗോത്രം

5. യൂറൽ അൽറ്റേയ്ക്ക് ഗോത്രം

6. ആസ്ട്രിക് ഗോത്രം

7. ബാണ്ടു ഗോത്രം

8. ദ്രാവിഡ ഗോത്രം

## ഇൻഡോ-യൂറോപ്യൻ ഗോത്രം

ഭാഷാഗോത്രങ്ങളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ട ഗോത്രമാണ് ഇൻഡോ-യൂറോപ്യൻ ഗോത്രം. ഇൻഡോ-യൂറോപ്യൻ എന്ന പദം ആദ്യമായി അവതരിപ്പിച്ചത് തോമസ് യങ് ആണ്. ഇന്ത്യയിലെയും യൂറോപ്പിലെയും വ്യവഹാരഭാഷ അഥവാ സംസാര ഭാഷയാണ് ഈ ഗോത്രത്തിൽ ഉൾപ്പെടുന്നത്. ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, സ്പാനിഷ്, ഇറ്റാലിയൻ, ഗ്രീക്ക്, റഷ്യൻ, അർമീനിയൻ, പേർഷ്യൻ തുടങ്ങിയ വൈദേശിക ഭാഷകളും ഹിന്ദി, മറാഠി, ഗുജറാത്തി, പഞ്ചാബി, നേപ്പാളി, ബംഗാളി തുടങ്ങിയ നവീന ഇന്ത്യൻ ഭാഷകളും സിലോണിൽ പ്രചാരത്തിലുള്ള സിംഹളീസ് ഭാഷയും സംസ്കൃതം, പ്രാകൃതം, പാലി, ക്ലാസിക്കൽ ലാറ്റിൻ, ക്ലാസിക്കൽ ഗ്രീക്ക് എന്നിവയുമാണ് ഇതിൽ ഉൾപ്പെട്ട ഭാഷകൾ. പദങ്ങൾക്കുള്ള പരസ്പരബന്ധത്തെ കാണിക്കുന്നതിന് ഇൻഡോ-യൂറോപ്യൻ ഭാഷകളിൽ മൂന്ന് ഉപായങ്ങൾ പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

- ഏറ്റവും പ്രധാനപ്പെട്ട ഗോത്രം - ഇൻഡോ-യൂറോപ്യൻ ഗോത്രം

1. ഭാഷകളിൽ പ്രത്യയങ്ങൾ ചേർക്കുക

2. സ്വരവിനിമയം നടത്തുക

3. സ്വനതന്തുക്കളുടെ അനുരണനത്തിലുള്ള ഏറ്റക്കുറച്ചിൽകൊണ്ട് വ്യത്യസ്തങ്ങളായ ധ്വനികളെ പ്രയോഗിക്കുക എന്നിവയാണവ.

## സെമിറ്റിക് ഗോത്രം

ഹീബ്രൂ, ഫിനീഷ്യൻ, അസ്സീറിയൻ, അറബിക്, സിറിയൻ എന്നിവയും പടിഞ്ഞാറെ ഏഷ്യയിലുള്ള മറ്റു പ്രാചീന ഭാഷകളും ഉൾപ്പെടുന്നതാണ് സെമിറ്റിക് ഗോത്രം. നോഹയുടെ പുത്രന്മാരിൽ ഒരാളായ ഷെമ്മിന്റെ വംശജന്മാരായി സങ്കൽപ്പിക്കപ്പെട്ടുപോരുന്ന ജനങ്ങളുടെ വ്യവഹാരഭാഷ എന്ന നിലയിലാണ് സെമിറ്റിക് എന്ന പേര് ഈ ഗോത്രത്തിന് ലഭിച്ചത്. ലോകത്തിൽ ഭൂരിപക്ഷം ജനങ്ങളും ഉപയോഗിക്കുന്ന അക്ഷരമാലകളുടെ ലിപി സമ്പ്രദായങ്ങൾ സെമിറ്റിക് ഗോത്രത്തിലുള്ള ഭാഷകളിൽനിന്നും അനുകരിക്കപ്പെട്ടിട്ടുള്ളവയാണെന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

- ഹീബ്രൂ, ഫിനീഷ്യൻ, അസ്സീറിയൻ, അറബിക്, സിറിയൻ - സെമിറ്റിക് ഗോത്രം

## ഹാമിറ്റിക് ഗോത്രം

സെമിറ്റിക് ഗോത്രത്തെയും ഇൻഡോ-യൂറോപ്യൻ ഗോത്രത്തെയും അപേക്ഷിച്ച് കൂടുതൽ വ്യാപ്തിയും വൈവിധ്യവുമുള്ള ഒരു ഭാഷാ ഗോത്രമാണ് ഹാമിറ്റിക് ഗോത്രം. മെഡിറ്ററേനിയൻ വർഗക്കാരാണ് ഇന്ന് പ്രധാനമായും ഹാമിറ്റിക് ഭാഷ സംസാരിക്കുന്നത്. പ്രാചീന ഈജിപ്ഷ്യൻമാരിൽ ക്രൈസ്തവർ അല്ലാത്ത കോപ്റ്റ് വർഗക്കാരുടെ ഭാഷയായ കോപ്റ്റിക്, ആഫ്രിക്കയുടെ വടക്കും പടിഞ്ഞാറുമുള്ള പർവത പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ഭാഷയായ ബെർബർ, ഗല്ലന്മാരുടെയും സോമാലികളുടെയും വ്യവഹാരഭാഷകൾ ഉൾപ്പെടെയുള്ള കിഴക്കേ ആഫ്രിക്കൻ ഭാഷകളായ എത്തിയോപ്പിക് ഭാഷകൾ എന്നിവ ഹാമിറ്റിക് ഗോത്രത്തിൽ ഉൾപ്പെടുന്നു.

- കൂടുതൽ വ്യാപ്തിയും വൈവിധ്യവുമുള്ള ഗോത്രം

## തെക്കുകിഴക്കൻ ഏഷ്യാറ്റിക് ഗോത്രം

ഏഷ്യയുടെ കിഴക്കും തെക്കുകിഴക്കും പ്രദേശങ്ങളിൽ വ്യവഹരിച്ചുപോരുന്ന ചൈനീസ്, അസമീസ്, ബർദീസ്, സയാമീസ്, ടിബറ്റൻ എന്നീ ഭാഷകൾ ഉൾപ്പെടുന്നതാണ് തെക്കുകിഴക്കൻ ഏഷ്യാറ്റിക് ഗോത്രം. സിനോ-ടിബറ്റൻ ഗോത്രം എന്നും ഈ ഭാഷാകുടുംബം അറിയപ്പെടുന്നു. ഈ ഭാഷകളിൽ ചീനാഭാഷക്കാണ് പ്രാധാന്യം. അതിനാൽ ചീനഭാഷഗോത്രമെന്നും പദ-പ്രകൃതികളെല്ലാം ഏകാക്ഷരങ്ങളായതുകൊണ്ട് ഏകാക്ഷരപ്രകൃതി ഭാഷാഗോത്രമെന്നും ഈ ഗോത്രം അറിയപ്പെടുന്നു.

- സിനോ - ടിബറ്റൻ ഗോത്രം

## യൂറൽ അൽറ്റേയ്ക്ക് ഗോത്രം

യൂറൽ എന്നും അൽറ്റേയ്ക്ക് എന്നും രണ്ട് പർവതനിരകളുടെ സമീപപ്രദേശങ്ങളിൽ വ്യവഹരിക്കപ്പെട്ടുപോന്ന ഭാഷയിൽ നിന്നും പരിണമിച്ച ഭാഷകൾ ഉൾക്കൊള്ളുന്നതിനാലാണ് ഈ പേര് ഭാഷാഗോത്രത്തിന് ലഭിച്ചത്. ട്യൂറിയൻ എന്നും സിഥിയൻ എന്നും ഈ ഗോത്രം അറിയപ്പെടുന്നു. യൂറൽ അൽറ്റേയ്ക്ക് ഗോത്രത്തെ അഞ്ച് ആയി തിരിക്കുന്നു.

1. ഫിന്നോ ഊഗ്രിക്
2. സമോയെഡ്
3. ടുംഗൂസ്
4. മംഗോളിയൻ
5. ടർക്കിഷ്

എന്നിവയാണവ. ഇവ കൂടാതെ കൊറിയൻ, ജാപ്പനീസ് എന്നീ ഭാഷകൾ ഈ ഗോത്രത്തിൽ ഉൾപ്പെടുന്നുവെന്ന വാദം നിലനിൽക്കുന്നുണ്ടെങ്കിലും അത് സമർഥിക്കുന്നതിനു വേണ്ട തെളിവുകൾ ഇതുവരെ ലഭിച്ചിട്ടില്ല.

- സിഥിയൻ ഗോത്രം

## ആസ്ട്രിക് ഭാഷാഗോത്രം

ഭാഷാഗോത്രങ്ങളിൽ ദേശ വ്യാപ്തികൊണ്ട് പ്രഥമസ്ഥാനം അർഹിക്കുന്ന ഗോത്രമാണ് ആസ്ട്രിക് ഭാഷാഗോത്രം. ആഫ്രിക്കയുടെ

കിഴക്കേ തീരത്തുള്ള മഡഗാസ്കറിൽനിന്നും ഇന്ത്യൻ മഹാസമുദ്രത്തെ അതിക്രമിച്ച് മലേ ആർക്കിപ്പെലഗോ എന്ന് വിളിക്കപ്പെടുന്ന ദ്വീപുവരെയും അതിനുമേലെ ശാന്തമഹാസമുദ്രത്തിലൂടെ ഈസ്റ്റർ ദ്വീപോളവും ഈ ഭാഷാഗോത്രത്തിന്റെ ശാഖകൾ വ്യാപിച്ചുകിടക്കുന്നു. ഇതുകൂടാതെ ഇൻഡോ-ചൈനയിലും മലേ ഉപദ്വീപിലും, സയാമിലും, ബർമ്മയിലും, ഇന്ത്യയുടെ വടക്ക് കിഴക്കൻ പ്രദേശങ്ങളിലും മധ്യ ദേശത്തിലും കൂടി ആസ്ട്രിക് ഭാഷാഗോത്രം വ്യാപിച്ചു കിടക്കുന്നുണ്ട്.

▶ ദേശവ്യാപ്തിയിൽ പ്രഥമസ്ഥാനമുള്ള ഗോത്രം

## ബാണ്ടു ഭാഷാഗോത്രം

തെക്കേ ആഫ്രിക്കയുടെ ദക്ഷിണഭാഗത്തിലും മധ്യഭാഗത്തിലും വ്യാപിച്ചുകിടക്കുന്നവയും പരസ്പരം ബന്ധം പുലർത്തുന്നവയുമായ 150-ൽ പരം ഭാഷകൾ ഉൾപ്പെടുന്നതാണ് ബാണ്ടു ഭാഷാഗോത്രം. സുളു, ഹെറാറോ, ക്സോസാ, സ്വഹീലി, ഗാൻഡേ, ഡുവാല, കാങ്ഗോ, ബേംബാ, തുടങ്ങിയ ഭാഷകൾ ഈ ഗോത്രത്തിൽ ഉൾപ്പെടുന്നു.

▶ 150-ൽ പരം ഭാഷകൾ ഉള്ള ഗോത്രം

## ദ്രാവിഡഗോത്രം

തമിഴ്, തെലുങ്ക്, കന്നഡ, മലയാളം മുതലായ ഭാഷകൾ ഉൾപ്പെടുന്ന ഗോത്രത്തിന് ദ്രാവിഡ ഗോത്രം എന്ന് പറയുന്നു. തമിഴ്, തെലുങ്ക്, കന്നഡ, മലയാളം, തുളു, കൂർഗ്, തൊദ, കോത, ഗോണ്ഡി, മല്ത്തോ, കുറുക്ക്, കുയി, കോലാമി, നൈകി, ബ്രാഹുയി തുടങ്ങിയ ഭാഷകളാണ് ദ്രാവിഡ ഗോത്രത്തിൽ പ്രധാനപ്പെട്ടത്. ഇവയിൽ മലയാളം, തമിഴ്, കന്നഡ, തെലുങ്ക് എന്നിവയ്ക്കുണ്ടായിട്ടുള്ള സാഹിത്യപരമായ അഭിവൃദ്ധി മറ്റുള്ളവയ്ക്ക് ഉണ്ടായിട്ടില്ല. സ്വന്തമായി ലിപിസമ്പ്രദായവും വിവിധ ശാഖകളിൽ ഗ്രന്ഥസമ്പത്തുമുള്ള ഭാഷകളെ പുഷ്ടങ്ങൾ എന്നും മറ്റുള്ളവയെ അപുഷ്ടങ്ങൾ എന്നും തരംതിരിക്കാറുണ്ട്. കാൾഡ്വൽ, മലയാളം, തമിഴ്, കന്നഡ എന്നിവയ്ക്കുപുറമേ കൂർഗ്, തുളു എന്നിവയെക്കൂടി പുഷ്ടം എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു.

▶ പുഷ്ടഭാഷ, അപുഷ്ടഭാഷ

SGOU

## Summarised Overview

പരിണാമമാണ് പ്രപഞ്ചത്തിന്റെ പോലും പ്രധാന സ്വഭാവമായി പരിഗണിക്കപ്പെടുന്നത്. കാലത്തിനനുസരിച്ച് പ്രപഞ്ചത്തിലെ ഓരോ വസ്തുക്കളും മാറിക്കൊണ്ടിരിക്കുന്നു. ഭാഷ എന്നത് നിരന്തര പരിണാമിയായ ഒന്നാണ്. ഭാഷയുടെ പരിണാമത്തെക്കുറിച്ച് പഠിക്കുന്നതിലൂടെ ഭാഷയുടെ ചരിത്രം തന്നെയാണ് മനസിലാക്കുന്നത്. ഭാഷാപരിണാമങ്ങൾ ഏതൊക്കെ തലത്തിൽ സംഭവിക്കുന്നു എന്നതും അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്നും ഈ യൂണിറ്റിൽ ചർച്ച ചെയ്യപ്പെടുന്നു. ബഹുകാലിക ഭാഷാശാസ്ത്ര പഠന രീതിയുടെ ഭാഗമായാണ് ഭാഷാപരിണാമങ്ങൾ ചർച്ച ചെയ്യുന്നത്. ഭാഷ പരിണമിക്കുന്നതിന് ഒരു നിയമവ്യവസ്ഥ ഉണ്ടാക്കുന്നത് അത്ര പ്രായോഗികമല്ലെങ്കിലും പ്രധാന പരിണാമ നിയമങ്ങളെ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. പ്രധാന പരിണാമ നിയമങ്ങളെ സമാക്ഷരലോപം, ആദ്യക്ഷരലോപം, മധ്യസ്വരലോപം, അന്ത്യലോപം, ആദിസ്വരയോഗം, അന്ത്യാഗമം, സമീകരണം, വിഷമീകരണം, സ്ഥാനവിപര്യയം, മിഥ്യാപഗ്രഥനം എന്ന് സംഗ്രഹിക്കാനാകും.

ഭാഷയുടെ ഗോത്രസങ്കല്പം ആരംഭിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ്. ലോകഭാഷകൾക്കെല്ലാം ഒരു പൂർവദശ ഉണ്ടായിരുന്നു എന്ന ചിന്തയിൽ നിന്നാണ് ഭാഷാകുടുംബം എന്ന സങ്കല്പം രൂപപ്പെടുന്നത്. ഭാഷയുടെ ക്രമാനുഗതമായ മാറ്റത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് ഭാഷാഗോത്രം എന്ന സങ്കല്പം നിലനിൽക്കുന്നത്. ഭാഷയുടെ സദൃശസ്വഭാവത്തെക്കുറിച്ചുള്ള അന്വേഷണം ആനുവംശിക വർഗീകരണത്തിനുള്ള സാധ്യതകൾ തുറന്നിട്ടു. പത്തൊമ്പതാം നൂറ്റാണ്ടിൽ ഭാഷകളുടെ താരതമ്യ പഠനവും അതിനെ അടിസ്ഥാനമാക്കിയ ആനുവംശിക വിഭജനവും നടക്കുകയുണ്ടായി. ലോകഭാഷകളെയെല്ലാം ഗോത്രങ്ങളായി വർഗ്ഗീകരിച്ചിട്ടുണ്ട്. ഇൻഡോ-യൂറോപ്യൻ, സെമിറ്റിക് ഗോത്രം, ഹാമിറ്റിക് ഗോത്രം, തെക്ക് കിഴക്കൻ ഏഷ്യാറ്റിക് ഗോത്രം, യൂറൽ- അൽറ്റേയ്ക്, ആസ്ട്രിക്, ബാണ്ടു, ദ്രാവിഡം എന്നിങ്ങനെയാണ് വിഭജനക്രമം.

## Assignments

1. ഭാഷാപരിണാമ ഹേതുക്കൾ ഏതെല്ലാം? ഉപന്യസിക്കുക.
2. ഭാഷാപരിണാമത്തിനുള്ള നിയമങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
3. ഭാഷാ കുടുംബം എന്ന സങ്കല്പനം വിവരിക്കുക.
4. സ്വന പരിണാമം എന്നാലെന്ത്
5. സവർണനം – കുറിപ്പു തയ്യാറാക്കുക.
6. ആദാനം എന്നാലെന്ത്? എത്ര വിധമുണ്ട്?
7. ഭാഷാപരിണാമം ഏതെല്ലാം തലത്തിൽ നടക്കുന്നു. വിവരിക്കുക.
8. ഭാഷാഗോത്രം എന്ന സങ്കല്പനത്തിന്റെ അടിസ്ഥാനമെന്ത്?
9. പ്രധാനപ്പെട്ട ഭാഷാഗോത്രങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
10. അർഥപരിണാമം എന്നാലെന്ത്?

## Suggested Readings


1. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും - മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഇ. വി. എൻ. നമ്പൂതിരി, ഭാഷാവിജ്ഞാനീയം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്രപ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
4. ഡോ. എം. ശ്രീനാഥ്, പാശ്ചാത്യഭാഷാ പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. പി. എം. ജോസഫ്, മലയാളത്തിലെ പരകീയ പദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. കെ. ഗോദവർമ്മ, കേരള ഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം
3. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര പരിചയം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. കെ. എം. പ്രഭാകരവാരിയർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. കെ. ജോയ്പോൾ, വി. ആർ. സോളി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, മലയാളപഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.
7. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 4

# പ്രാഗ്ഭാഷാപഠനം

## Learning Outcomes

- പ്രാഗ്ഭാഷയുടെ പുനർനിർമ്മാണം എങ്ങനെ നടക്കുന്നു എന്നു മനസിലാക്കുന്നു
- ബാഹ്യപുനഃസൃഷ്ടി, ആന്തരികപുനഃസൃഷ്ടി എന്നീ ആശയങ്ങളെ വിശദമായി പഠിക്കുന്നു
- പ്രാഗ്ഭാഷയെക്കുറിച്ച് അറിവു നേടുന്നു
- ദ്രാവിഡ ഭാഷാ കുടുംബത്തിനെക്കുറിച്ച് വിശദമായ ധാരണ ലഭിക്കുന്നു
- ദ്രാവിഡ ഗോത്രത്തിലെ ഭാഷകളെ പരിചയപ്പെടുന്നു
- ഇന്ത്യ ഒരു ഭാഷാക്ഷേത്രമാണെന്ന സങ്കല്പത്തെക്കുറിച്ച് മനസിലാക്കുന്നു
- ദ്രാവിഡ ഭാഷാശാസ്ത്രം കാൽഡ്വലിനു ശേഷം കൈവരിച്ച പുരോഗതിയെക്കുറിച്ച് മനസിലാക്കുന്നു

## Background

ഭാഷയെക്കുറിച്ച് പഠിക്കുമ്പോൾ അതിന്റെ പ്രാക്തനത അന്വേഷിക്കേണ്ടതുണ്ട്. അതിന് പ്രധാനമായും ചരിത്രലിഖിതങ്ങളെയാണ് ആശ്രയിക്കാറുള്ളത്. ചരിത്രലിപികളുടെ അഭാവത്തിൽ ഈ പഠനം നിർവഹിക്കാൻ ഉപയോഗിക്കുന്ന പദ്ധതിയാണ് പ്രാഗ്ഭാഷാ പഠനപദ്ധതി. ആന്തരികവും ബാഹ്യവുമായ പുനഃസൃഷ്ടികളിലൂടെയാണ് പ്രാഗ്ഭാഷാ സ്ഥിതി അപഗ്രഥനം സാധ്യമാവുന്നത്. ബാഹ്യപുനഃസൃഷ്ടിയിലൂടെ ഭാഷയുടെ പൂർവരൂപം അറിയാൻ കഴിയുന്നു. തുലനാത്മക ഭാഷാശാസ്ത്രമെന്നും താരതമ്യഭാഷാശാസ്ത്രമെന്നും ഈ പദ്ധതി അറിയപ്പെടുന്നു. ഭാഷകളുടെ ജൈവബന്ധം നിർണയിക്കുക, ബന്ധങ്ങളുടെ ഏറ്റക്കുറച്ചിലുകൾ നിർണയിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ രീതിശാസ്ത്രം. ഒരു ഭാഷയുടെ വളർച്ചാഘട്ടത്തിൽ ഒരു പ്രത്യേക ദശയിൽ മാത്രമാണ് ആന്തരിക പുനഃസൃഷ്ടി ഉപയോഗിക്കുന്നത്. ഭാഷയുടെ പ്രത്യേക കാലഘട്ടത്തിലെ സന്ധിനിയമങ്ങൾ, ഉപസ്വനങ്ങൾ എന്നിവ പരിശോധിച്ചാണ് ഭാഷയുടെ പൂർവകാല രൂപം കണ്ടെത്തുന്നത്. സ്വനപരിണാമം കണ്ടെത്താൻ ഈ രീതി ഫലപ്രദമാണ്.

ദക്ഷിണേന്ത്യയിലെ പ്രധാന ഭാഷാ കുടുംബമാണ് ദ്രാവിഡ ഗോത്രം. കാൽഡ്വലാണ് ദ്രാവിഡ ഗോത്രത്തിന് ഈ പേരു നൽകിയത്. ഈ ഗോത്രത്തിൽ ഉൾപ്പെടുന്ന പ്രധാന ഭാഷകളുടെ വിശദമായ പഠനം ഈ യൂണിറ്റിലൂടെ നിർവഹിക്കപ്പെടുന്നു. ഇന്ത്യയുടെ ഒരു പ്രധാന പ്രത്യേകത നാനാത്വത്തിൽ ഏകത്വം എന്ന സങ്കല്പമാണ്. ഭാഷയുടെ കാര്യത്തിലും ഇത് പ്രധാനമാണ്. ഇന്ത്യയെ ഒരു ഭാഷാ ക്ഷേത്രമായാണ് കണക്കാക്കുന്നത്. ഈ വാദം മുന്നോട്ടുവച്ചതും വാദമുഖങ്ങൾ അവതരിപ്പിച്ചതും എം. ബി. എമിനോ ആണ്. 'ദ്രാവിഡ ഭാഷാ വ്യാകരണം' എന്ന എന്ന കാൽഡ്വലിന്റെ പുസ്തകത്തിന് പരിഭാഷ തയ്യാറാക്കിയ എസ്. കെ. നായർ എഴുതിയ 'ദ്രാവിഡ ഭാഷാശാസ്ത്രം കാൽഡ്വലിനു ശേഷം' എന്ന ലേഖനം വിശദപഠനത്തിനായി നൽകിയിരിക്കുന്നു.

SGOU

## Keywords

ബാഹ്യപുനഃസൃഷ്ടി - ആന്തരിക പുനഃസൃഷ്ടി - ഭാഷകളുടെ ജൈവബന്ധം - പ്രാഗ്ഭാഷാ നിർണയം - സ്വനപരിണാമം - ഇന്ത്യയെന്ന ഭാഷാക്ഷേത്രം - ദ്രാവിഡ ഭാഷാഗോത്രം - വിവിധ ഭാഷകൾ - കാൽഡ്വലിനു ശേഷമുള്ള ദ്രാവിഡഭാഷാ പഠനം - ഭാഷാപഗ്രഥന രീതികൾ - ഗ്രിം നിയമം - നവ വൈയാകരണന്മാർ

## Discussion

### ബാഹ്യപുനഃസൃഷ്ടി (External Reconstruction)

▶ ഭാഷകളുടെ പൂർവ്വരൂപം കണ്ടെത്താനുള്ള ഉപാധി

ഭാഷകളുടെ താരതമ്യം അവയുടെ പൂർവരൂപം എങ്ങനെയായിരിന്നുവെന്ന് മാത്രമല്ല, അവ തമ്മിലുള്ള വ്യത്യാസം എത്രത്തോളമുണ്ട് എന്നും കാണിച്ചു തരുന്നു. ഭാഷയുടെ ഏറ്റവും ശക്തിയേറിയ മാർഗമാണ് ബാഹ്യപുനഃസൃഷ്ടി. തുലനാത്മക ഭാഷാശാസ്ത്രമെന്ന് അറിയപ്പെടുന്നത് ഈ പദ്ധതി തന്നെയാണ്. ഇന്നു ലോകത്തിൽ കാണുന്ന മിക്കവാറും ഭാഷകളെല്ലാം പരിണാമത്തിന്റെയും വിഭജനത്തിന്റെയും ഫലമായി രൂപപ്പെട്ടവയാണെന്നും അവയ്ക്ക് എല്ലാം പൊതുവായ അടിസ്ഥാനം സാധ്യമാണെന്നും ഈ അപഗ്രഥനംവഴി കണ്ടെത്താനാകും. ഭാഷകളുടെ ജൈവബന്ധം നിർണയിക്കുക, ജൈവബന്ധമുള്ള ഭാഷകളുടെ പൂർവരൂപത്തിലെത്തിച്ചേരുക, ബന്ധത്തിന്റെ ഏറ്റക്കുറച്ചിലുകൾ നിർണയിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ രീതിശാസ്ത്രം.

▶ പ്രാക്തന ഭാഷയുടെ കാലാന്തര ഭേദങ്ങൾ

പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഭാഷകളെ പ്രാക്തനഭാഷയുടെ കാലാന്തരഭേദങ്ങളായി വേണം കരുതാൻ. ഒരു പ്രത്യേക കാലത്തെ ഭാഷാഭേദങ്ങളുടെ വൈവിധ്യം ശ്രദ്ധിച്ചാൽ ഭാഷ ഒരു കാലത്ത് ഏക(Uniform)മായിരുന്നു എന്നു വരെ തോന്നിപ്പോകാം. ഭാഷകൾ ദേശാന്തരം ചെയ്യുന്നതിന്റെ ഫലമായി ഏകമായിരുന്ന ഭാഷാഭേദം പലതായി വിഭജിക്കപ്പെട്ടുപോയേക്കാം. ഭാഷാഭേദവിഭജനം സംഭവിക്കാനുള്ള മാർഗങ്ങൾ നിരവധിയാണ്താനും. രണ്ട് ഭാഷാഭേദങ്ങൾ വ്യത്യസ്തഭാഷകളായി മാറാൻ വളരെക്കാലമെടുക്കും. (ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും)

ജൈവബന്ധമുണ്ടെന്ന് സംശയിക്കുന്നതോ അല്ലാത്തതോ ആയ ഭാഷകളെ ബാഹ്യപുനർനിർമ്മാണത്തിന് വിധേയമാക്കാം. ജൈവബന്ധം കണ്ടുപിടിക്കപ്പെട്ടുകഴിഞ്ഞാൽ അതിൽനിന്ന് പ്രാഗ്ഭാഷ, ജൈവബന്ധത്തിന്റെ തോത് എന്നിവ കണ്ടെത്താനാകും. ഇതിനായി ഭാഷയുടെയോ ഭാഷാഭേദത്തിന്റെയോ ഉച്ചാരണത്തിലും അർഥത്തിലും സാമ്യമുള്ള പദങ്ങളുടെ പട്ടിക തയ്യാറാക്കുന്നു. അർഥ ഉച്ചാരണ സാമ്യങ്ങൾ ഭാഗികമായാലും വിരോധമില്ല. കാരണം ഒരേ പദത്തിന് തന്നെ കാലാന്തരത്തിലും അർഥ-ഉച്ചാരണ വ്യതിയാനങ്ങൾ സംഭ

SGOU

> ▶ പ്രാഗ്ഭാഷാ പുനർ നിർമ്മാണം

വിക്കാവുന്നതാണ്. ഈ സാമ്യം യാദൃച്ഛികമോ സംക്രമണഫലമോ, പൈതൃകമായി ലഭിച്ചതോ ആകാം. ഒരു പൊതുഭാഷയിൽനിന്നും വ്യത്യസ്ത ഭാഷകൾക്ക് പൈതൃകമായി ലഭിച്ചതാണ് പ്രസ്തുത പദങ്ങളെങ്കിൽ മാത്രമേ താരതമ്യത്തിന് പ്രസക്തിയുള്ളൂ.

> ▶ വ്യാകരണതലസാമ്യം ഭാഷകളുടെ ജൈവബന്ധം കണ്ടെത്താനുള്ള ഉപാധി

പ്രാഗ്ഭാഷയുടെ അവശിഷ്ടങ്ങൾ സജാതഭാഷയിൽ കണ്ടെത്താനാവും. അവ പദങ്ങൾ ആണെങ്കിൽ സജാതപദങ്ങൾ (Cognate Words) എന്ന് വിവക്ഷിക്കുന്നു. സംക്രമണത്താലും യാദൃച്ഛികതയാലും കടന്നു വരുന്ന പദങ്ങൾ സജാതപദത്തിൽ നിന്ന് വേർതിരിച്ച് വർഗീകരിക്കേണ്ടതുണ്ട്. കാരണം ഇവ താരതമ്യപദ്ധതിയുടെ അടിസ്ഥാന പ്രമാണങ്ങളാണ്. മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ സ്വതന്ത്രപദസാമ്യം അനവധിയാണെങ്കിലും വ്യാകരണതലത്തിൽ അതായത് ആശ്രിതരൂപിമങ്ങളുടെ വിന്യസനത്തിൽ യാതൊരു സാമ്യവുമില്ലാതെ നിലകൊള്ളുന്നത് ഇതിനുദാഹരണമാണ്. രൂപാർഥ സാമ്യമുള്ള പദങ്ങളുടെ ആധിക്യത്താൽ വ്യാകരണതലസാമ്യമാണ് ഭാഷകളുടെ ജൈവബന്ധം കണ്ടെത്തുവാനുള്ള സമർത്ഥമായ ഉപാധി.

> ▶ വ്യത്യയം, പൂരക വിതരണം

ഇപ്രകാരം കണ്ടെത്തിയ സജാതപദസഞ്ചയത്തിൽനിന്നും സ്വനതുലനപ്പട്ടിക തയ്യാറാക്കുന്നു. ഇതിലെ സ്വനങ്ങൾ ഒന്നു തന്നെയാണെങ്കിൽ സജാത ഭാഷകളിൽ കാണുന്ന സ്വനം തന്നെയായിരിക്കണം പ്രാഗ്ഭാഷയിലുമെന്ന് നിസ്സംശയം കണ്ടെത്താം. എന്നാൽ വിദൂരമായ സാമ്യമേ ദൃശ്യമാകുന്നുള്ളൂ എങ്കിൽ ഇത്തരത്തിലുള്ള സ്വനനിർണയം അസാധ്യമാകുന്നു. അപ്പോൾ സ്വനിമസിദ്ധാന്തത്തിലെ അടിസ്ഥാന തത്വങ്ങളായ വ്യത്യയം, പൂരകവിതരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രാഗ്ഭാഷ പുനർനിർമ്മാണം നടക്കുന്നത്.

> ▶ പ്രാഗ് രൂപ പുനർ നിർമ്മാണ രീതി

പ്രാഗ്‌രൂപത്തിന്റെ പുനർനിർമ്മാണത്തിന് ശേഷം പ്രാഗ്ഭാഷയുടെ സ്വനിമങ്ങളുടെ വിതരണക്രമം, സന്ധിനിയമങ്ങൾ, രൂപിമങ്ങൾ എന്നിവയെപ്പറ്റിയും പ്രാഗ്ഭാഷ സംസാരിച്ചിരുന്നവരെപ്പറ്റിയും അവരുടെ സംസാരത്തെപ്പറ്റിയും മനസിലാക്കാം. പ്രാഗ്ഭാഷകളിൽ നിന്ന് സജാതഭാഷകളിലേക്കുള്ള പരിണാമസ്വഭാവം, പരിണാമപ്രക്രിയയിൽ ഇടനിലകൾ വഹിച്ച സ്ഥാനം എന്നിങ്ങനെ പ്രാഗ്ഭാഷയെ പരിപൂർണമായി അനാവൃതമാക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

## ആന്തരികപുനഃസൃഷ്ടി (Internal Reconstruction)

> ▶ രേഖകളെ അടിസ്ഥാനപ്പെടുത്തിയ പദ്ധതി

ഒരു ഭാഷയുടെ വളർച്ചയിലുള്ള ഒരു പ്രത്യേക ദശയിൽ മാത്രമാണ് ആന്തരികപുനഃസൃഷ്ടി ഉപയോഗിച്ച് പ്രാഗ്ഭാഷാപുനർനിർമ്മാണം സാധ്യമാക്കുന്നത്. ഭാഷയുടെ ഒരു പ്രത്യേക കാലഘട്ടത്തിലെ സന്ധിനിയമങ്ങൾ, ഉപസ്വനങ്ങൾ എന്നിവ പരിശോധിച്ച് ഭാഷയുടെ പൂർവകാല രൂപം കണ്ടെത്തുന്നു. ഒരു കാലഘട്ടത്തിൽ പരിണാമത്തിനായി ഭാഷയുടെ ഘടനയിൽ വരുന്ന വ്യതിയാനങ്ങളുടെ രേഖകൾ അവശേഷിക്കുന്നുവെന്നും ആ രേഖകളിൽനിന്നും സംഭവിച്ച പരിണാമത്തെക്കുറിച്ചുള്ള ചിത്രം വിലയിരുത്താമെന്നതുമാണ് ആന്തരിക പുനർനിർമാണത്തിന്റെ അടിസ്ഥാനം. എന്നാൽ ആന്തരികപുനർനിർമ്മാണമനുസരിച്ച് സ്വനപരിണാമം മാത്രമേ കണ്ടുപിടിക്കാൻ സാധ്യമായിട്ടുള്ളൂ. മറ്റു പരിണാമങ്ങളുടെ കാര്യത്തിൽ ഈ രീതി വേണ്ടത്ര വിജയിച്ചിട്ടില്ല. (ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും)

പ്രധാനമായും രണ്ടുതരത്തിലാണ് സ്വനപരിണാമം സംഭവിക്കുന്നത്. (1)വിബന്ധം (2)ഏകീകരണം. ഇപ്രകാരം സംഭവിക്കുന്ന സ്വനപരിണാമം ഭാഷാഘടനയിൽ സന്ധിനിയമങ്ങളായി അവശേഷിക്കുന്നു. പിൽക്കാലത്തെ സന്ധിനിയമങ്ങൾ മുൻകാലത്തുണ്ടായ സ്വനപരിണാമങ്ങളുടെ ഫലമാണെന്നർഥം. അതായത് സന്ധിനിയമങ്ങളിൽനിന്നും സ്വനപരിണാമങ്ങൾ കണ്ടുപിടിക്കണമെന്നർഥം. എന്നാൽ സ്വനപരിണാമം ഏകതയില്ലാത്തത് (Unique) കൊണ്ട് പരിപൂർണമായ പുനർനിർമ്മാണം പലപ്പോഴും അസാധ്യമായിത്തീരുന്നു.

▶ വിബന്ധം, ഏകീകരണം

മലയാളത്തിലെ 'അവൾ' എന്ന നിർദേശികയ്ക്ക് സമാനമായ പദം തമിഴിൽ 'അവ' എന്നാണ്. പ്രതിഗ്രാഹികാവിഭക്തിപ്രത്യയം ചേർക്കേണ്ടി വരുമ്പോൾ അവളെ എന്ന രൂപമാണ് രണ്ടുഭാഷയിലും. ഇതുപോലെ തന്നെ 'മകൾ' എന്ന പദവും നോക്കാം. 'മക' എന്നു തമിഴിലും 'മകൾ' എന്നു മലയാളത്തിലും വിവക്ഷിക്കുന്ന ഈ പദത്തോട് പ്രതിഗ്രാഹികവിഭക്തിപ്രത്യയം ചേരുമ്പോൾ രണ്ടു ഭാഷകളിലും 'മകളെ'എന്നുതന്നെയാണ് ഉപയോഗിക്കാറ്. അപ്പോൾ യഥാർഥത്തിൽ വിഭക്തിപ്രത്യയമൊന്നും ചേരാത്തപ്പോൾ മാത്രമാണ് 'ൾ' എന്ന രൂപം നഷ്ടമായതായി കാണുന്നത്. അതിനാൽ പദാന്ത്യത്തിൽ മറ്റൊരു പ്രത്യയം ചേരാനില്ലാത്തപ്പോൾ മാത്രമാണ് 'ൾ'എന്ന പ്രത്യയം നഷ്ടമാകുന്നതെന്ന് തെളിയുന്നു. ചുരുക്കത്തിൽ പ്രാചീനതമിഴിൽ പദാന്ത്യത്തിൽ 'ൾ' ഉണ്ടായിരുന്നു. കാലക്രമേണ സ്വനപരിണാമം മൂലം ആധുനിക തമിഴിൽ അപ്രത്യക്ഷമായതാണെന്നും തെളിയുന്നു. എങ്കിലും പ്രത്യയം ചേരുമ്പോൾ നഷ്ടമായി എന്നു കരുതിയ 'ൾ' ആധുനിക തമിഴിലും പ്രത്യക്ഷപ്പെടുന്നതുകൊണ്ട് 'ൾ' പിൽക്കാലത്ത് ഭാഷയുടെ വളർച്ചയിലെ ഏതോ ദശാസന്ധിയിൽ വച്ച് നഷ്ടപ്പെട്ടുപോയതാണെന്ന് വ്യക്തമാകുന്നു.

▶ തമിഴ് – മലയാളം ബന്ധം

തമിഴിൽ 'ഴ','ള' എന്നീ വ്യഞ്ജനങ്ങൾ ഏകീകരിക്കപ്പെട്ടിരിക്കുന്നു. എഴുത്തിൽ 'ഴ','ള' എന്നീ രണ്ട് രൂപം ഉണ്ടെങ്കിലും ഉച്ചാരണത്തിൽ 'ള' കാരം മാത്രമാണ് കാണുന്നത്. അതായത് പൂർണമായ ഏകീകരണം ഭാഷാഘടനയിൽ നടന്നതിനാൽ കണ്ടുപിടിക്കത്തക്ക പ്രത്യേകതകൾ സ്വനപരിണാമം സൃഷ്ടിക്കുന്നില്ലെന്നർത്ഥം. പൂർണമായ ഏകീകരണം നടന്നാൽ ആന്തരികപുനർനിർമ്മാണം അസാധ്യമാണ്.

▶ തമിഴിൽ ഴ, ള എന്നിവ ഏകീകരിക്കപ്പെട്ടിരിക്കുന്നു

## പ്രാഗ്ഭാഷ

ഭാഷയുടെ പൂർവചരിത്രം അപഗ്രഥിക്കുന്നതിന് ചരിത്രലിപികളെയാണ് അധികവും ആശ്രയിക്കുന്നത്. ചരിത്ര ലിപികളുടെ അഭാവത്തിലും ഭാഷയുടെ പൂർവ ചരിത്രം കണ്ടത്തേണ്ടതുണ്ട്. എല്ലാ ഭാഷകൾക്കും ലിപികളില്ല എന്നതുകൊണ്ടും ഉള്ളവയുടെ തന്നെ പഴയകാല രേഖകൾ നഷ്ടപ്പെട്ടു പോയതുകൊണ്ടും അതുവഴിയുള്ള പൂർവഭാഷാപഗ്രഥനം അസാധ്യമായിത്തീരുന്നു. ചരിത്ര ലിഖിതങ്ങളുടെ അഭാവത്തിൽ ചരിത്രാത്മകഭാഷാപഠനത്തിനുള്ള ഏക ആധാരം പ്രാഗ്ഭാഷാപഠനപദ്ധതികളാണ്. ആന്തരികവും ബാഹ്യവുമായ പുനഃസൃഷ്ടികളിലൂടെയാണ് പ്രാഗ്ഭാഷാസ്ഥിതി അപഗ്രഥിച്ചെടു

▶ ചരിത്രലിപികളുടെ അഭാവത്തിലുള്ള പഠന പദ്ധതി

ക്കുന്നത്. ഭാഷാഭേദവിജ്ഞാനവും ഈ പ്രവൃത്തിയിലേക്കുള്ള കാൽവയ്പാണ്.

പരസ്പര സാദൃശ്യം ഉൾവഹിക്കുന്ന ഭാഷകളുടെ പ്രകൃതികൾ, പ്രത്യയങ്ങൾ, പ്രകൃതിപ്രത്യയയോഗം എന്നിവ പരിശോധിച്ച് അവ ഒരേ ഗോത്രത്തിൽ ഉൾപ്പെടുന്നതാണോ എന്ന് കണ്ടെത്താം. ഒരേ ഭാഷ തന്നെ വ്യത്യസ്ത ഭൂപ്രദേശങ്ങളിൽ സംസാരിക്കേണ്ടി വരുമ്പോൾ കാലാന്തരത്തിൽ അവ തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ വ്യത്യസ്തമായേക്കും. അത്തരം ഭാഷകളെയെല്ലാം ഒരേ ഗോത്രത്തിൽ ഉൾപ്പെടുത്തി, അവയ്ക്കെല്ലാം ഒരു പൊതുവായ ഒരു പ്രാഗ്‌രൂപം ഉണ്ടെന്ന് കൽപിച്ചാൽ അതിനെയാണ് പ്രാഗ്ഭാഷ (Proto language) എന്നു പറയുന്നത്. പ്രാഗ്ഭാഷയിൽ നിന്ന് പുതുതായി ഉണ്ടായി വന്ന ഭാഷകളെ പുത്രീഭാഷകൾ (Daughter language) എന്നു പറയുന്നു. അവ തമ്മിലുള്ള പരസ്പരബന്ധം സൂചിപ്പിക്കാൻ അവയെ സജാതഭാഷകൾ എന്നും വിവക്ഷിക്കാറുണ്ട് (Cognates). ഗ്രീക്ക്, ലാറ്റിൻ തുടങ്ങിയ ഭാഷകൾ പരിശോധിച്ച് ഭാഷാപണ്ഡിതർ (proto-Indo-European language) എന്ന സങ്കല്പത്തിൽ എത്തിച്ചേർന്നത് ഈ രീതി ഫലപ്രദമായി ആവിഷ്കരിച്ചതിന്റെ തെളിവാണ്.

- പ്രാഗ്ഭാഷാ നിർവചനം

ഏതെങ്കിലും ഒരു ഭാഷയ്ക്ക് പ്രാഗ്ഭാഷാപദവി അന്ധമായി നൽകുന്നത് ശരിയല്ല. പ്രാചീന-ഇൻഡോ-യൂറോപ്യൻ ഭാഷാശാസ്ത്രജ്ഞന്മാർ സംസ്കൃതത്തിന് അമിത പ്രാധാന്യം നൽകിയത് ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടുന്നു. ആന്തരിക-ബാഹ്യ പുനർ നിർമ്മാണ സാധ്യതകളെപ്പറ്റി അവർ വിജ്ഞരായിരുന്നുവെങ്കിൽ സംസ്കൃതത്തിന് പ്രാഗ്ഭാഷാ പദവി നൽകുമായിരുന്നില്ല. ഗ്രീക്ക്, ലാറ്റിൻ, ജർമൻ, സംസ്കൃതം തുടങ്ങിയ ഭാഷകൾ പരസ്പരം സാദൃശ്യം ഉള്ളവയായതുകൊണ്ട് അവയെല്ലാം പൊതുവായ ഒരു പ്രാഗ്ഭാഷയിൽനിന്ന് ഉരുത്തിരിഞ്ഞ് ഉണ്ടായ സജാതഭാഷകളാണെന്ന് പറയാമെന്നല്ലാതെ അവയിലേതെങ്കിലുമൊന്നിനെ പ്രാഗ്ഭാഷാ പദവിയിലേക്കുയർത്തുന്നത് ശരിയാവില്ല. സംസ്കൃതം മറ്റ് ഭാഷകളെ അപേക്ഷിച്ച് പഴക്കമുള്ളതുകൊണ്ടാണ് അതിനെ പ്രാഗ്ഭാഷാ പദവിയേലേക്കുയർത്തുന്നതെന്ന് ഒരു വിഭാഗം വാദിക്കുമ്പോൾ ഭാഷയുടെ പഴക്കം നിർണയിക്കുന്നത് ശരിയല്ലെന്നും ഭാഷ ഒരു ദിവസം കൊണ്ട് രൂപപ്പെട്ടുണ്ടായതല്ലെന്നും അതൊരു തുടർച്ചയാണെന്നും സജാതഭാഷകളിൽ നിന്ന് ഒന്നിന് മറ്റുള്ളവയെ അപേക്ഷിച്ച് പഴക്കമുണ്ടെന്ന് കണ്ടെത്തിയാലും അതിനെ പ്രാഗ്ഭാഷാ പദവിയിലേക്കുയർത്താൻ പാടില്ലെന്നും ആധുനിക ഭാഷാ ചിന്തകർ വാദിക്കുന്നു.

- സംസ്കൃതത്തിന് പ്രാഗ്ഭാഷാ പദവി

പൂർവഭാഷയെ കുറിക്കുന്നതിന് ആ ഭാഷകളുടെ കുടുംബനാമത്തിന് മുന്നിൽ 'Proto' എന്ന് ചേർക്കുന്നു. അതിനർഥം യഥാർഥം (Original), പ്രാക്തനം (Primitive) എന്നൊക്കെയാണ്. ചില ഇംഗ്ലീഷ് എഴുത്തുകാർ Primitive എന്നു ഉപയോഗിക്കാറുണ്ട്. ഈ പദംകൊണ്ട് ഭാഷയ്ക്കൊരു പൂർവദശയുണ്ടായിരുന്നുവെന്ന് മാത്രമാണ് സൂചിപ്പിക്കുന്നത്. എന്നാൽ വർഷങ്ങളോളം സംസാരിച്ചു വന്ന പ്രാക്തന ഭാഷ എന്ന സങ്കല്പം തന്നെ അസാധ്യമാണ്. അതിനാൽ ബാഹ്യപുനർനിർമ്മാണത്തിലൂടെ കണ്ടെത്തപ്പെടുന്ന ഭാഷയ്ക്ക് Proto എന്ന പദം ഉപയോഗിക്കുന്നതാണ് യുക്തം. ലാറ്റിൻ തുടങ്ങിയ ഭാഷകളെ പ്രാക്തനം

- ബാഹ്യപുനർനിർമ്മാണത്തിലൂടെ കണ്ടെത്തപ്പെടുന്ന ഭാഷയ്ക്ക് Proto എന്ന പദം ഉപയോഗിക്കുന്നു

(Primitive) ആയി കരുതിപ്പോരുന്ന പാരമ്പര്യമായിരിക്കണം ആ പദത്തിന്റെ അർഥ വിപര്യയത്തിന് കാരണമായിത്തീർന്നത്.

## ദ്രാവിഡഭാഷാ കുടുംബം

ദക്ഷിണേന്ത്യയിലെ നർമ്മദ, ഗോദാവരി നദീതടങ്ങൾ മുതൽ കന്യാകുമാരി വരെയും ഉത്തരലങ്ക, ലക്ഷദ്വീപ് എന്നിവിടങ്ങളിലും പ്രചരിച്ചിരുന്ന ഭാഷകളാണ് പ്രധാനമായും ഈ ഭാഷാ കുടുംബത്തിലുള്ളത്. ദ്രാവിഡ ഭാഷകളുടെ സമാനതകളെപ്പറ്റി ആദ്യം പരാമർശിക്കുന്നത് F. W. Ellis എന്ന പാശ്ചാത്യനാണ്. South Indian Language എന്ന പദമാണദ്ദേഹം തമിഴ്, തെലുങ്ക്, കന്നട, മലയാളം, തുളു എന്നീ ഭാഷകളുടെ കുടുംബനാമമാക്കിയത്. ഡോ. റോബർട്ട് കാൽഡ്വലാണ് 'ദ്രാവിഡ ഭാഷാഗോത്രം' എന്ന പേര് നിർദ്ദേശിച്ചത്. 'A comparative Grammar of the Dravidian or South-Indian family of languages' (1856) എന്ന ഗ്രന്ഥത്തിലാണ് അദ്ദേഹം ഇതിനെപ്പറ്റി വിശദമാക്കിയത്. അതിനുമുമ്പ് 'തമൂലിയൻ' എന്നാണ് ഈ ഭാഷാകുടുംബം അറിയപ്പെട്ടിരുന്നത്.

- റോബർട്ട് കാൽഡ്വലാണ് 'ദ്രാവിഡ ഭാഷാഗോത്രം' എന്ന പേര് നിർദ്ദേശിച്ചത്

ഏകദേശം 73 ഭാഷകൾ ഈ കുടുംബത്തിൽ ഉൾപ്പെടുന്നു എന്ന് കരുതുന്നു പൂർവ്വമദ്ധ്യേന്ത്യ, പാക്കിസ്ഥാൻ, നേപ്പാൾ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, ഇറാൻ എന്നിവിടങ്ങളിൽ ഈ കുടുംബത്തിൽപ്പെട്ട ഭാഷകൾ പ്രചാരത്തിലുണ്ട്. ഇതിൽ ചില ഭാഷകൾക്ക് തമ്മിൽ കൂടുതൽ അടുപ്പവും മറ്റു ചില ഭാഷകൾക്ക് തമ്മിൽ അകൽച്ചയും കാണാറുണ്ട്.

- ദ്രാവിഡ ഭാഷാ ഗോത്രത്തിൽ ഏകദേശം 73 ഭാഷകളുണ്ട്

തമിഴും മലയാളവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഒരു തമിഴൻ പറയുന്നത് ഒരു മലയാളിക്കും ഒരു മലയാളി പറയുന്നത് ഒരു തമിഴനും വലിയ പ്രയാസം കൂടാതെ മനസിലാക്കാൻ സാധിക്കും. കർണാടകത്തിന് തെലുങ്കിനോടുള്ളതിനേക്കാൾ കൂടുതൽ ബന്ധം തമിഴിനോടാണുള്ളത്.

- തമിഴും മലയാളവും തമ്മിൽ കൂടുതൽ ബന്ധം

### തമിഴ്

ദ്രാവിഡ ഭാഷകളിൽ വച്ച് സാഹിത്യരംഗത്ത് ഏറ്റവും സമ്പുഷ്ടമായ ഭാഷയാണ് തമിഴ്. തമിഴ് ഭാഷ ഇന്ത്യൻ ഉപദ്വീപിലെ തെക്കുകിഴക്കു ഭാഗത്തുള്ള പ്രദേശങ്ങളിലും സിലോണിലെ വടക്കു പകുതിയിലും പ്രചരിക്കുന്നു. ഇന്ത്യൻ ഉപദ്വീപിൽ കിഴക്ക് ബംഗാൾ ഉൾക്കടലോളവും പടിഞ്ഞാറ് പശ്ചിമ പർവതനിരകളോളവുമാണ് തമിഴിന്റെ വ്യാപ്തി. തമിഴിന്റെ ഭാഷാപരമായ അതിര് വടക്ക് തെലുങ്കും പടിഞ്ഞാറ് കന്നടയും മലയാളവുമാണ്. തമിഴിലെ സംഭാഷണഭാഷ അതായത് സംസാരഭാഷ കൊടുന്തമിഴ് എന്നും ഗ്രന്ഥഭാഷ അഥവാ സാഹിത്യഭാഷ ചെന്തമിഴ് എന്നും അറിയപ്പെടുന്നു. തമിഴിൽ ദേശ്യഭേദങ്ങൾ എന്ന നിലയിൽ പരിഗണിക്കപ്പെടത്തക്കവിധം വ്യക്തമായ പ്രത്യേകതകളോടുകൂടി അഞ്ച് ഭാഷകളുണ്ട്.

- ദ്രാവിഡ ഭാഷകളിൽ സാഹിത്യ സമ്പുഷ്ടമായ ഭാഷ തമിഴാണ്

1. കൊവൈ
2. ഇരുള
3. കസുവ

SGOU

4. കൈക്കാഡി

5. ബുർഗണ്ഡി

> ▶ തമിഴിന് 5 പ്രധാന ദേശ്യഭേദങ്ങൾ

ഇതിൽ കൊവെ സംസാരിക്കുന്ന ജനങ്ങൾ മദ്രാസ് പ്രസിഡൻസിയിൽ മിക്ക ഭാഗങ്ങളിലും ബോംബെ പ്രസിഡൻസിയിൽ പല ഭാഗങ്ങളിലും കാണപ്പെടുന്നു. നീലഗിരിയിലും അതിനടുത്തുള്ള ചില പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങളുടെ സംസാരഭാഷയാണ് ഇരുള. നീലഗിരിയുടെ അടിവാരത്തിലും മോയർ നദിക്കും ഇടയിലുള്ള ഒരുതരം വന്യവർഗക്കാരുടെ സംസാരഭാഷയാണ് കസുവ. ബോംബെ പ്രസിഡൻസിയിലും, ബീഹാറിലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഒരു കൂട്ടം ആളുകൾ സംസാരിക്കുന്ന ഭാഷയാണ് കൈക്കാഡി. കർണാടക ഭാഷയ്ക്ക് ഇതിനോടു സാദൃശ്യമുണ്ട്. സെൻട്രൽ പ്രൊവിൻസുകളിലുള്ള നീമാറിലും സെൻട്രൽ ഇന്ത്യാഏജൻസിയിൽ ഉൾപ്പെടുന്ന ചില പ്രദേശങ്ങളിലും പാർക്കുന്ന സഞ്ചാര വർഗക്കാരുടെ ഭാഷയാണ് ബുർഗണ്ഡി. ഇതിന് കൈക്കാഡിയോട് സാദൃശ്യമുണ്ട്.

> ▶ ഡോ. പി. എസ്. സുബ്രഹ്മണ്യശാസ്ത്രികളുടെ തമിഴ് ഭാഷാ വിഭജനം

ഡോ. പി. എസ്. സുബ്രഹ്മണ്യശാസ്ത്രികൾ 'തമിഴ് വ്യാകരണ സിദ്ധാന്തങ്ങളുടെ ചരിത്രം' എന്ന ഗ്രന്ഥത്തിൽ തമിഴ് ഭാഷയെ പുരാതനം, മധ്യാതനം, അധുനാതനം എന്ന് മൂന്ന് ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. ക്രിസ്ത്വബ്ദാരംഭത്തിന് മുൻപുമുതൽ AD അഞ്ചാം ശതകം വരെ അതായത് സംഘം ദശയുടെ അന്ത്യംവരെ വ്യാപിക്കുന്നതുമാണ് പുരാതനഘട്ടം. ആറാം ശതകത്തിനും പതിനാലാം ശതകത്തിനും ഇടയ്ക്കുള്ളതാണ് മധ്യാതനഘട്ടം. പതിനഞ്ചാം ശതകത്തിന് ഇപ്പുറമുള്ളതാണ് അധുനാതനഘട്ടം. വിവിധ വ്യാകരണ തത്വങ്ങളെ വിശദീകരിക്കുന്ന സന്ദർഭത്തിൽ സുബ്രഹ്മണ്യശാസ്ത്രികൾ പുരാതന ഘട്ടത്തിന് തൊൽക്കാപ്പിയത്തെയും മധ്യതന ഘട്ടത്തിന് നന്നൂൽ, വീരചോഴിയം, നേമിനാതം എന്നിവയേയും അധുനാതനഘട്ടത്തിന് ഇലക്കണവിളക്കം മുതലായവയേയും പ്രധാന അവലംബങ്ങളാക്കുന്നു.

സംഘകൃതികൾക്കും വൈഷ്ണവന്മാരായ ആഴ്വാർമാരുടെയും ശൈവസന്യാസിമാരുടെയും കൃതികൾക്ക് തമ്മിൽ ഭാഷാപരമായി സ്പഷ്ടമായ അകൽച്ച കാണുന്നുണ്ട് എന്നതിനെ ആസ്പദമാക്കി എൽ. വി. രാമസ്വാമി അയ്യർ സംഘകാല കൃതികളിലെ തമിഴിനെ പ്രാചീന തമിഴ് എന്നും അഞ്ചാം ശതകത്തിന് ശേഷമുള്ള കൃതികളിലെ തമിഴിനെ മധ്യതമിഴ് എന്നും വ്യവഹരിക്കുന്നു. തൊൽക്കാപ്പിയത്തിലെ ചൊല്ലധികാരം പ്രാചീന തമിഴിന്റെ വ്യാകരണ നിയമങ്ങളെ പ്രതിപാദിക്കുമ്പോൾ പതിനൊന്നാം ശതകത്തിലെ വീരചോഴിയവും പതിമൂന്നാം ശതകത്തിലെ നന്നൂലും, മധ്യതമിഴിലെ പ്രയോഗ വിശേഷങ്ങളെ ക്കൂടി പരാമർശിക്കുന്നുവെന്ന് രാമസ്വാമി അയ്യർ അഭിപ്രായപ്പെടുന്നു. മധ്യതമിഴിൽ തന്നെ അഞ്ചാം ശതകത്തിനും പത്താം ശതകത്തിനും ഇടയ്ക്ക് പ്രാചീന മധ്യകാല തമിഴ് എന്നും അതിനുമേൽ കമ്പരുടെ കാലംവരെ അർവാചിനമധ്യകാല തമിഴ് എന്നും രണ്ട് ദശകൾ അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്. എട്ടുത്തൊകൈ, പത്തുപ്പാട്ട് എന്നീ കൃതികൾ പ്രാചീനതമിഴിനും, തേവാരം, തിരുവാചകം, തിരുക്കോവൈ, നാലായിരം പ്രബന്ധം എന്നിവ പ്രാചീന മധ്യകാല തമിഴിനും ഉത്തമ ദൃഷ്ടാന്തങ്ങളായി രാമസ്വാമി അയ്യർ ചൂണ്ടിക്കാണിക്കുന്നു. പ്രാചീന തമിഴിനും

▶ എൽ. വി. രാമസ്വാമി അയ്യരുടെ തമിഴ് വിഭജനം

മധ്യകാല തമിഴിനും തമ്മിൽ വർണവിപരിണാമ നയത്തിലും വ്യാകരണകാര്യങ്ങളിലും വാക്യാംഗങ്ങളാകുന്ന ചില വ്യത്യാസത്തെക്കുറിച്ച് രാമസ്വാമിഅയ്യർ അദ്ദേഹത്തിന്റെ 'തമിഴും മലയാളവും' എന്ന ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

## തെലുങ്ക്

▶ തെലുങ്ക് ഭാഷയുടെ വ്യാപ്തി

പുലിക്കാട് മുതൽ ചിക്കാക്കോൾ വരെയുള്ള കിഴക്കൻ സമുദ്ര തീരപ്രദേശങ്ങളിലും മഹാരാഷ്ട്ര, മൈസൂർ എന്നിവയുടെ കിഴക്കേ അതിരോളം ബെല്ലാറയിലും വടക്കുകിഴക്കൻ സീമയും അനന്തപ്പൂരിന്റെ കിഴക്കുവശത്തുള്ള ഭൂരിഭാഗവും നാഗ്പൂരിലും, ഗോണ്ഡി വനത്തിലുമുള്ള ഏതാനും പ്രദേശങ്ങളിലുമാണ് തെലുങ്ക് ഭാഷ വ്യവഹരിക്കുന്നത്. തെലുങ്ക് ഭാഷയുടെ അതിര് വടക്ക് ഒഡിയ, ഹല്സി, ഗോണ്ഡി, മാറാഠി എന്നിവയും പടിഞ്ഞാറ് മറാഠി, കന്നട എന്നിവയും തെക്ക് തമിഴും ആണ്.

▶ തെലുങ്കിന്റെ ഉപഭാഷകൾ

തെലുങ്ക് ഭാഷ എല്ലായിടത്തും ഐക്യരൂപം വഹിക്കുന്നില്ല. കൃഷ്ണ, ഗോദാവരി എന്നീ ജില്ലകളിൽ വ്യവഹരിക്കപ്പെടുന്ന ഭാഷയ്ക്കാണ് കൂടുതൽ പ്രചാരവും ശുദ്ധിയും ഉള്ളതെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഉത്തരഭാരതത്തിൽ ഛന്ദാ ഡിസ്ട്രിക്റ്റിൽ സാലേവാരി, കോമ്ടാവു, കാപേവാരി, മന്ഥനി എന്നു തുടങ്ങി പല പേരിലും തെലുങ്കിന് ഉപഭാഷകൾ പ്രചരിക്കുന്നുണ്ട്.

തെലുങ്കിൽ വരമൊഴി വായ്മൊഴിയിൽ നിന്നും പ്രത്യക്ഷത്തിൽ അകന്നതായി തോന്നിക്കുന്നു. വിക്രമാർക്ക ചരിതം, കാശിയാത്ര, പഞ്ചതന്ത്രം, നീതിചന്ദ്രിക, മേമനശതകം മുതലായവയിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ഭാഷയുടെ അർഥം ഗ്രഹിക്കുന്നതിന് വ്യാകരണ ഗ്രന്ഥങ്ങളിലൂടെ സാധിക്കില്ല. പ്രാചീന വ്യാകരണ ഗ്രന്ഥങ്ങളിൽ ഏറിയഭാഗവും സംസ്കൃത പദങ്ങളെ തെലുങ്കിലേക്ക് ഉപാദാനം ചെയ്യേണ്ടതെങ്ങനെ എന്നുള്ള ചർച്ചകൾക്കു വേണ്ടി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. ഇതര ദ്രാവിഡ ഭാഷകളിൽനിന്നും തെലുങ്ക് ശബ്ദസമുച്ചയമായി അകന്നുനിൽക്കുന്നു. ഇതിനുള്ള മുഖ്യകാരണം അതിൽ കടന്നുകൂടിയിട്ടുള്ള പ്രാകൃത പദങ്ങളുടെ ബാഹുല്യമാണ്. കാലംചെന്നപ്പോൾ സംസ്കൃതഭാഷയുടെ അനുപ്രവേശത്തിന് മേൽക്കുമേൽ വിധേയമായി തെലുങ്കിൽ നവീനപദസമ്പത്തുക്കൾ കടന്നുവരികയും മിക്കവാറും സംസ്കൃതമയമായ ഒരു ആകാരം കൈക്കൊള്ളുകയും ചെയ്തു. പ്രാകൃതത്തിന്റെ കലർപ്പില്ലാത്ത തെലുങ്കിന്റെ ആദ്യദശയെ നിർണയിക്കുന്നതിന് ഉതകുന്ന സാമഗ്രികൾ വിരളങ്ങളാണ്. ജാനതെലുഗു എന്ന് വ്യപദേശിക്കപ്പെടുന്ന ശുദ്ധമായ തെലുങ്ക് ഭാഷയിൽ ചില പ്രാചീന ഗാനങ്ങളല്ലാതെ സാഹിത്യത്തിൽ പ്രതിഷ്ഠ പ്രാപിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. തെലുങ്കിലെ ആദ്യ കവി എന്ന് കരുതപ്പെടുന്ന നന്നായയുടെ 'മഹാഭാരത' വിവർത്തനത്തിൽ ഏറിയപങ്കും ആര്യഭാഷാപദങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ചില ശൈവ കവികൾ തെലുങ്കിലേക്ക് ആര്യഭാഷാ പദങ്ങൾ സ്വീകരിക്കുന്ന രീതിയെ എതിർക്കുകയും ആകുവോളം ജാനുതെലുങ്ക് ഉപയോഗിച്ച് സാഹിത്യ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.

▶ ജാനുതെലുങ്കിലെ സാഹിത്യ ഗ്രന്ഥങ്ങൾ

SGOU

തെലുങ്ക് ഭാഷയുടെ പദവിഷയകമായും ഘടനാവിഷയകമായുമുള്ള പഠനത്തിന് ഉപകരിക്കുന്ന ചില വ്യാകരണ ഗ്രന്ഥങ്ങളും കോശങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. അവയ്ക്കുദാഹരണമാണ് നന്നയ്യയുടെ 'ആന്ധ്ര ശബ്ദചിന്താമണി'യും അഥർവണന്റെ 'ത്രില്ലിംഗശബ്ദാനുശാസന'വും മൂലഘടികകേതനന്റെ 'ആന്ധ്രഭാഷാഭൂഷണവും.' പതിനെട്ടാം ശതകത്തിൽ 'ആന്ധ്രഭാഷകർണ്ണവം' എന്ന ഒരു കോശഗ്രന്ഥം വെങ്കടനായുഡു രചിച്ചിട്ടുണ്ട്. ആധുനിക കാലത്ത് ഉണ്ടായിട്ടുള്ള ഭാഷാപരമായ ഗ്രന്ഥങ്ങളിൽ സി. പി. ബ്രൗണിന്റെയും എ. എച്ച്. ആർഡന്റെയും വ്യാകരണങ്ങളും, സി. പി. ബ്രൗൺ, ശങ്കരനാരായണായ്യ ഗാല്ഹെട്ടി എന്നിവരുടെ തെലുങ്കു-ഇംഗ്ലീഷ് നിഘണ്ടുക്കളും തെലുങ്ക് ഭാഷാ പഠനത്തിന് സഹായകമാണ്.

- തെലുങ്ക് ഭാഷയുടെ വ്യാകരണഗ്രന്ഥങ്ങൾ, കോശഗ്രന്ഥങ്ങൾ

## കന്നഡ

മൈസൂരിലെയും കോയമ്പത്തൂർ, സേലം, അനന്തപൂർ, ബല്ലാരി എന്നീ ജില്ലകളിലെ പ്രാന്തപ്രദേശങ്ങളിലെയും മുഖ്യമായ വ്യവഹാര ഭാഷയാണ് കന്നഡ. കന്നഡ ഭാഷയുടെ ഭാഷാപരമായ അതിർത്തി വടക്കും പടിഞ്ഞാറും മറാഠിയും, കിഴക്ക് തെലുങ്കും തമിഴും, തെക്ക് തമിഴും, കൊടകും, തുളുവും ആണ്. കന്നഡയുടെ ഉപഭാഷകൾ എന്ന് വിചാരിക്കപ്പെടാവുന്ന ദേശ്യഭേദങ്ങളിൽ പ്രധാനപ്പെട്ടത് നീലഗിരിയിലെ ബഡഗന്മാർ സംസാരിക്കുന്ന ബഡഗഭാഷയാണ്. ഈ ഭാഷ സാധാരണ കർണാടകത്തേക്കാൾ പ്രാചീനവും പഴയ കന്നട സാഹിത്യത്തിലെ ഭാഷയോട് പല അംശങ്ങളിലും സാമ്യം വഹിക്കുന്നതുമാണ്.

- കന്നഡ ഭാഷയുടെ ദേശ്യഭേദങ്ങൾ

കന്നഡഭാഷയിൽ വ്യത്യസ്തങ്ങളായ മൂന്ന് ദശകളുണ്ട്. അവയിൽ ആദ്യത്തേത് പ്രാചീനകന്നഡയാണ്. അത് പഴയ ശാസ്ത്രങ്ങളിലും ജൈനപ്രഭാവകാലത്തിലുള്ള കൃതികളിലും പ്രയുക്തമാണ്. കന്നഡ ഭാഷയിൽ മധ്യദശ എന്നു പറയുന്നത് പതിമൂന്നാം ശതകത്തിന്റെ അവസാനം മുതൽ പതിനഞ്ചാം ശതകത്തിന്റെ പ്രാരംഭം വരെയുള്ള കാലഘട്ടമാണ്. ഇക്കാലത്തെ സാഹിത്യം പ്രധാനമായും ശൈവമതത്തെ അധിഷ്ഠിതമാക്കിയുള്ളതായിരുന്നു. ആധുനിക കന്നഡ എന്നുപറയുന്നത് പതിനെട്ടാം ശതകത്തിനിപ്പുറമുള്ള ഭാഷയെയാണ്. ആധുനിക കന്നഡത്തിൽ മഹാരാഷ്ട്രം, ഹിന്ദുസ്ഥാനി തുടങ്ങിയ നവീന ആര്യൻ ഭാഷകളിൽനിന്നും നിരവധി പദങ്ങൾ കടന്നുകൂടിയിട്ടുണ്ട്. കന്നടയിൽ ഉണ്ടായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങൾ പരിഗണിക്കുമ്പോൾ പന്ത്രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന നാഗവർമ്മന്റെ 'കാവ്യാവലോകനവും' 'ശബ്ദമണി ദർപ്പണവും' പതിനേഴാം ശതകത്തിൽ ജീവിച്ചിരുന്ന ഭട്ടകളങ്കദേവന്റെ 'കർണാടക ശബ്ദാനുശാസനവും' പ്രാധാന്യം അർഹിക്കുന്നു.

- കന്നഡ ഭാഷയിലെ വ്യാകരണ ഗ്രന്ഥങ്ങൾ

## മലയാളം

നാട് എന്നർഥമുള്ള 'ആളം' എന്ന വാക്ക് 'മല' എന്നതിനോട് ചേർന്നാണ് മലയാളം എന്ന പദം ഉണ്ടായത് എന്നു കരുതാം. മലയോട് ചേർന്ന് കിടക്കുന്ന പ്രദേശം എന്ന അർഥത്തിൽ ഉൽഭവിച്ച മലയാളം എന്ന ശബ്ദം കാലക്രമത്തിൽ ഭാഷയുടെ പേരായി പരിണമിച്ചു. മലയാഴ്മ, മലയാണ്മ എന്നീ പേരുകൾ മലയാളത്തെ കുറിക്കുന്ന പദങ്ങളായി

SGOU

> ▶ മലയാളം പദനിഷ്പത്തി

പ്രയോഗിച്ചിരിക്കുന്നു. മലയാളം എന്ന പദം ആദ്യകാലത്ത് ദേശത്തെക്കുറിക്കുന്നതായിരുന്നു. പിൽക്കാലത്താണ് ഭാഷയ്ക്ക് മലയാളമെന്ന പേരു വന്നത്.

പതിനാലാം ശതകത്തിൽ രചിച്ച 'ലീലാതിലക'ത്തിൽ മലയാളത്തെ കുറിക്കുന്നതിന് ഭാഷ, തമിഴ്, കേരള ഭാഷ എന്നീ പദങ്ങൾ പ്രയോഗിച്ചിരിക്കുന്നു.

'തമിഴ് മണി സംസ്കൃത പവഴം

കോക്കിന്റേൻ വൃത്തമാനചെന്നൂൻ മേൽ'

'തമിഴ് സംസ്കൃതമെന്റുള്ള സുമനസ്സുകൾ

കൊണ്ടൊരു ഇണ്ടമാല തൊടുക്കിന്റേൻ പുണ്ടരീകാക്ഷ പൂജയായ്'

എന്നിങ്ങനെ ലീലാതിലകത്തിൽ 'തമിഴ്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മലയാളത്തെയാണ്. മലയാളത്തിന് തമിഴുമായി ബന്ധമുണ്ട് എന്നതിനെ ആധാരമാക്കി മലയാളം 'തമിഴിന്റെ ഒരു ഉപഭാഷ'യാണെന്ന് കാൽഡ്വൽ അഭിപ്രായപ്പെടുന്നു. ദ്രാവിഡ ഭാഷയിലെ ഒരു സ്വതന്ത്ര അംഗം എന്നതിനേക്കാൾ 'തമിഴിന്റെ ഒരു ഉപ ഭാഷയായി മലയാളത്തെ കണക്കാക്കാമെന്ന് 'ദ്രാവിഡഭാഷകളുടെ താരതമ്യാത്മക വ്യാകരണം' എന്ന കൃതിയിൽ കാൽഡ്വൽ സിദ്ധാന്തിക്കുന്നു.

> ▶ മലയാളം തമിഴിന്റെ ഉപഭാഷ

'കേരളകൗമുദി' എന്ന ഗ്രന്ഥത്തിന്റെ മംഗളശ്ലോകത്തിൽ കോവുണ്ണി നെടുങ്ങാടി ഇപ്രകാരം പറയുന്നു

'സംസ്കൃതഹിമഗിരിഗളിതാ

ദ്രാവിഡവാണീകളിന്ദജാമിളിതാ

കേരളഭാഷാഗംഗാ

വിഹരതുമേ ഹൃത്സരസ്വദാസംഗാ'

സംസ്കൃതമാകുന്ന ഹിമവാനിൽ നിന്ന് ഉത്ഭവിച്ച് ദ്രാവിഡമാകുന്ന കാളിന്ദീനദിയോട് ചേർന്നിരിക്കുന്ന കേരള ഭാഷയായ ഗംഗ എന്റെ ഹൃദയമാകുന്ന സമുദ്രത്തിൽ നിരന്തരം പ്രവഹിച്ച് വിളയാടണം എന്നാണ് ഇതുകൊണ്ട് ഉദ്ദേശിച്ചത്. സംസ്കൃതത്തിന്റെയും തമിഴിന്റെയും കലർപ്പിൽനിന്ന് മലയാളഭാഷ ഉത്ഭവിച്ചതായി അദ്ദേഹം അനുമാനിക്കുന്നു. മലയാളഭാഷയുടെ പിതൃസ്ഥാനം സംസ്കൃതത്തിനും മാതൃസ്ഥാനം തമിഴിനും കോവുണ്ണി നൽകി. ഇപ്രകാരമൊരു ജനകജനനിസിദ്ധാന്തം ശാസ്ത്രസമ്മതിക്ക് നിരക്കുന്നതല്ല. സംസ്കൃതവും മലയാളവും രണ്ട് ഗോത്രത്തിൽപ്പെട്ട ഭാഷകളാണ്. 'ആര്യദ്രാവിഡ വാക് ജാതാ കേരളീയോക്തി കന്യാ' എന്ന പരാമർശവും കോവുണ്ണി നെടുങ്ങാടി നൽകുന്നുണ്ട്.

> ▶ കോവുണ്ണിനെടുങ്ങാടി - കേരള കൗമുദി

വടക്ക് കാസർഗോഡ് മുതൽ തെക്ക് തിരുവനന്തപുരത്തിന് 65 കി. മീ. ദൂരത്തിലുള്ള തക്കല വരെയുമാണ് മുഖ്യമായും മലയാളഭാഷ

SGOU

വ്യവഹാരത്തിലിരിക്കുന്നത്. മലയാളം വയനാടൻ പ്രദേശങ്ങളിൽ കൂർഗിനോടും കിഴക്ക് കർണാടകത്തിനോടും സമീപിക്കുന്നു. തിരുവിതാംകൂറിന്റെ തെക്കേ അറ്റത്ത് ഭൂരിപക്ഷം ജനങ്ങളും സംസാരിക്കുന്നത് തമിഴ് ആയതിനാൽ മലയാളത്തിന്റെ ഭാഷാപരമായ തെക്കേ അതിര് തമിഴാണെന്നുവേണം കരുതാൻ. ലക്ഷദ്വീപിലെ നാടോടി ഭാഷ 'മലയാളമാണ്.' കോഴിക്കോട്, കണ്ണൂർ മുതലായ സ്ഥലങ്ങളിൽ നിന്ന് വളരെക്കാലം മുൻപ് കുടിയേറിപ്പാർത്ത ജനങ്ങളുടെ വ്യവഹാരഭാഷയാണ് ലക്ഷദ്വീപിൽ പ്രചാരത്തിലുള്ളത്.

▶ മലയാളത്തിന്റെ അതിർത്തികൾ

## തുളു

തെക്കൻ ക്യാനറ ഡിസ്ട്രിക്ടിന്റെ മധ്യഭാഗത്ത് കല്യാണപുരി നദിയുടെയും ചന്ദ്രഗിരിനദിയുടെയും ഇടയ്ക്ക് താമസിച്ചുവരുന്ന ജനങ്ങളുടെ വ്യവഹാരഭാഷയാണ് തുളു. തുളുവിന്റെ ഭാഷാപരമായ അതിർത്തികൾ വടക്കും കിഴക്കും കർണാടകയും തെക്ക് മലയാളവുമാണ്. തുളുഭാഷാബന്ധത്തിൽ ഇരിക്കുന്ന പ്രദേശത്തിനകത്തുതന്നെ മറാഠിയുടെ ഒരു ഉപഭാഷയായ കൊങ്കിണിയും കർണാടകവും സംസാരിക്കുന്ന ഗണ്യമായ ജനസംഹതി ഉള്ളതുകൊണ്ട് അവയുടെ സമാവേശം തുളുവിൽ നല്ലവണ്ണം ഉണ്ടായിട്ടുണ്ട്. തുളുനാട്ടിലെ ഔദ്യോഗിക ഭാഷ കന്നഡയാണ്.

▶ തുളുനാട്ടിലെ ഔദ്യോഗിക ഭാഷ കന്നഡയാണ്

തുളുഭാഷയ്ക്ക് സാമുദായികവും ദേശീയവുമായ അടിസ്ഥാനങ്ങളിൽ പല ഭേദങ്ങളും വന്നുകൂടിയിട്ടുണ്ട്. ബ്രാഹ്മണരുടെ വ്യവഹാരഭാഷയ്ക്കും അബ്രാഹ്മണരുടെ വ്യവഹാര ഭാഷയ്ക്കും ഉള്ള വ്യത്യാസങ്ങളെ ഏറെക്കുറെ എൽ. വി. രാമസ്വാമി അയ്യർ അദ്ദേഹത്തിന്റെ 'Tulu-Prose-texts in two dialects' എന്ന ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. തുളുവൻമാരുടെ ഭാഷയ്ക്ക് വരമൊഴിയിലൂടെ യാതൊരു പുഷ്ടിയും ഉണ്ടായിട്ടില്ല. പൗരാണികമായും ഐതിഹാസികമായും ഉള്ള ചില കൃതികളും മതപരമായ ചില ഗാനങ്ങളും ഏതാനും ബ്രാഹ്മണകുടുംബങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അവയ്ക്ക് വളരെ പഴക്കം ഉണ്ടെന്നു പറയാനാകില്ല. തുളുവിന് സ്വന്തമായി ഒരു ലിപി സമ്പ്രദായം ഇല്ല. മലയാളം ഉപയോഗിച്ചാണ് മുൻപൊക്കെ തുളു എഴുതിയിരുന്നത്.

▶ തുളുവിന് സ്വന്തമായി ലിപിയില്ല

## കൂർഗ്

മലബാറിലെ വയനാടിനും മൈസൂരിലെ മഞ്ജറാബാദ് മലകൾക്കും ഇടയ്ക്ക് പശ്ചിമ പർവതനിരകളുടെ ഉപരിതലത്തിൽ വടക്ക് ഹേമാവതി നദി മുതൽ തെക്ക് ബ്രഹ്മഗിരി വരെയും പടിഞ്ഞാറ് തെക്കൻ ക്യാനറയും മലബാർ മുതൽ കിഴക്ക് മൈസൂർ വരെയുള്ള പ്രദേശങ്ങളിലെ വ്യവഹാര ഭാഷയാണ് കൂർഗ്. കൂർഗിലെ ഭാഷാപരമായ അതിരുകൾ തെക്കും പടിഞ്ഞാറും മലയാളവും വടക്ക് തുളുവും കന്നഡയും കിഴക്ക് കന്നടയുമാണ്.

▶ കൂർഗ് ഭാഷയുടെ അതിർത്തികൾ

കന്നഡയുടെ അസംസ്കൃതമായ ഒരു ഭാഷ തുളുവിന്റെ സമാവേശത്തിൽ രൂപാന്തരം പ്രാപിച്ചിട്ടുള്ളത് എന്ന നിലയിലല്ലാതെ ഒരു പ്രത്യേകഭാഷയായി കൂർഗിനെ പൊതുവെ പരിഗണിച്ചിരുന്നില്ല. ഡോ. കാൽഡ്വൽ കൂർഗിനെ ഒരു സ്വതന്ത്ര ഭാഷയായി കരുതുകയും അത് പ്രാചീന കന്നഡയുടെയും തുളുവിന്റെയും നടുക്കുള്ള ഒരു ദശയെയാ

▶ കാൽഡ്വൽ കൂർഗിനെ സ്വതന്ത്രഭാഷയായി കരുതി

ണ് ഭാഷാപരമായി പ്രദർശിപ്പിക്കുന്നതെന്ന് അഭ്യൂഹിക്കുകയും ചെയ്തിട്ടുണ്ട്.

കൂർഗന്മാരുടെ ചരിത്രത്തെയും ആചാരങ്ങളെയും മറ്റും ക്രോഡീകരിച്ച് കന്നഡയിൽ എഴുതപ്പെട്ടിട്ടുള്ള 'പട്ടോലപ്പളമെ' എന്ന ഗ്രന്ഥത്തിൽ കാണുന്ന കൂർഗ് ഗാനങ്ങൾ കൂർഗ് ഭാഷയിലെ പ്രാചീന രേഖകളിൽ പ്രാധാന്യം അർഹിക്കുന്നവയാണ്. അപ്പനരവണ്ഡ അപ്പച്ചുക്കവി രചിച്ചിട്ടുള്ള യയാതി ചരിതം, കാവേരി മഹാത്മ്യം എന്നീ രണ്ടു നാടകങ്ങളുടെ വിവർത്തനം മാത്രമേ കൂർഗിൽ സാഹിത്യം എന്ന് പറയത്തക്കതായി ഉണ്ടായിട്ടുള്ളൂ.

- കൂർഗ് ഭാഷയിലെ സാഹിത്യം

## തൊദ/തുദ

നീലഗിരിയിൽ താമസിച്ചുവരുന്ന തൊദന്മാരുടെ ഭാഷയാണ് തൊദ/തുദ. തൊദന്മാരെക്കുറിച്ച് റിവേഴ്സ് രചിച്ച ഗ്രന്ഥമാണ് The Todas'. തെക്കും കിഴക്കും തമിഴും പടിഞ്ഞാറ് മലയാളവും വടക്ക് കർണാടകവും ആണ് തൊദയുടെ ചുറ്റുമുള്ള ഭാഷകൾ. തൊദന്മാരുടെ ഭാഷയ്ക്ക് തമിഴുമായി ബന്ധമുണ്ടെന്ന് കാൽഡ്വൽ അഭിപ്രായപ്പെടുന്നു. കർണാടകത്തിലെ ഒരു ഉപഭാഷയായ ബഡഗയുടെ സ്വാധീനം തൊദന്മാരുടെ ഭാഷയിൽ കാണാം.

- നീലഗിരിയിലെ തൊദൻമാരുടെ ഭാഷയാണ് തൊദ

## കോത

നീലഗിരിയിൽ താമസിക്കുന്ന ഒരു ചെറുവർഗക്കാരായ കോതകളുടെ ഭാഷയാണ് കോത. കന്നഡ ഭാഷയുടെ അതിപ്രാചീനമായ ഒരു വകഭേദമാണ് കോത ഭാഷയെന്ന് കാൽഡ്വൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ ഭാഷാസ്വഭാവം പരിശോധിക്കുമ്പോൾ കോതയും തൊദഭാഷയെ പോലെ തമിഴിനോടാണ് കന്നഡയെക്കാൾ കൂടുതൽ അടുത്തു നിൽക്കുന്നത് എന്നു കാണാം.

- ചെറുവർഗക്കാരായ കോതകളുടെ ഭാഷ

## ഗോണ്ഡി

ഗോണ്ഡൻമാരുടെ മുഖ്യവ്യവഹാരഭാഷയാണ് ഗോണ്ഡി. ഗോണ്ഡിഭാഷ വ്യവഹാരത്തിലിരിക്കുന്ന പ്രദേശങ്ങൾ ഒന്നിനോടൊന്ന് സംബന്ധമായി കിടക്കുന്നില്ലെന്നു മാത്രമല്ല, പലയിടത്തും അതിനോടൊപ്പം മറ്റു ഭാഷകളും പ്രചാരത്തിൽ ഇരിക്കുകയും ചെയ്യുന്നു. ഗോണ്ഡിയുടെ ഭാഷാപരമായ അതിരുകൾ നിർണയിക്കാൻ പ്രയാസമാണ്. എങ്കിലും വടക്ക് പൂർവാപര ഹിന്ദി ഭാഷകളും രാജസ്ഥാനിയും, പടിഞ്ഞാറ് മറാഠിയും തെക്ക് തെലുങ്കും കിഴക്ക് ഒഡിയ, ഹല്ബി, ഛത്തീസ്ഖണ്ഡി എന്നിവയുമാണെന്ന് സാമാന്യമായി പറയാം. ഗോണ്ഡിഭാഷയുടെ ഉപഭാഷയായി കോയി, ഗട്ടു, ഗോട്ടെ, മാഡി തുടങ്ങിയവയെ കരുതുന്നുണ്ടെങ്കിലും ഗോണ്ഡിയുടെ ഉപഭാഷ എന്ന നില അർഹിക്കുന്നത് ബസ്താർ സംസ്ഥാനത്തിൽ പ്രചാരത്തിലിരിക്കുന്ന പർജി മാത്രമാണ്.

- ഗോണ്ഡി ഭാഷയുടെ ഉപഭാഷകൾ

## മാൾട്ടോ/രാജ്മഹാലി

രാജ്മഹാൽ പർവതനിരകളിൽ താമസിച്ചുവരുന്ന മലെർ എന്ന വർഗക്കാരുടെ വ്യവഹാരഭാഷയാണ് മാൾട്ടോ. മലെർ എന്നതിന്

'മലയിലുള്ളവർ' എന്നായിരിക്കാം അർഥമെന്ന് ഗ്രിയേഴ്സൺ അഭിപ്രായപ്പെട്ടിരിക്കുന്നു. മാൾട്ടോ ഭാഷയെ രാജ്മഹാലി എന്നും വ്യപദേശിക്കാറുണ്ട്. ബംഗാളി, ബീഹാറി, സന്താലി എന്നീ ഭാഷകൾ പ്രചരിക്കുന്ന പ്രദേശങ്ങളുടെ നടുക്ക് അകപ്പെട്ടിരിക്കുന്നതിനാൽ ഈ ഭാഷയിൽ ആ അന്യഗോത്ര ഭാഷകളുടെ സമാവേശം ഉണ്ടായിട്ടുണ്ട്.

- മലെർ വർഗക്കാരുടെ ഭാഷയാണ് മാൾട്ടോ

## കുറുക്/ഒറാഓ

ബംഗാൾ പ്രസിഡൻസിയുടെ പശ്ചിമ ഭാഗത്തിലും അതിനോടടുത്തുകിടക്കുന്ന മധ്യസംസ്ഥാന പ്രദേശങ്ങളിലും വ്യവഹരിക്കപ്പെടുന്ന ഭാഷയാണ് കുറുക്. കുറുക് ഭാഷ തന്നെ ധാംഗരി, കിസാൻ, ബൊദ്രോഓ, കഥ്മക്രാ എന്നിങ്ങനെ പലപേരുകളിൽ അറിയപ്പെടുന്നു. കന്നഡ, തെലുങ്ക്, തമിഴ് മുതലായ ദ്രാവിഡഭാഷകളോട് കുറുക്കിന് അഭേദ്യമായ ബന്ധമുണ്ട്.

- ധാംഗരി, കിസാൻ, ബൊദ്രോഓ, കഥ്മക്രാ എന്നീ പേരുകൾ

## കുയി/കന്ധി/ഖൊന്ദ്

ഒറീസയിൽ മഹാനദിക്കും വിശാഖപട്ടണത്തിന്റെ പടിഞ്ഞാറൻ കോണിലും ഇടയ്ക്കുള്ള മലമ്പ്രദേശങ്ങളിൽ താമസിക്കുന്ന കൊന്ധ, കന്ധ് എന്നിങ്ങനെയുള്ള പേരുകളാൽ വ്യപദേശിക്കപ്പെടുന്ന വർഗക്കാരുടെ വ്യവഹാരഭാഷയാണ് കുയി. കച്ചവടം മുതലായ തൊഴിലുകൾ കൊണ്ട് ഖൊന്ദ് വർഗക്കാർക്ക് കൂടുതൽ അടുപ്പം ഒഡിയന്മാരോടാണ്. അതിനാൽ ഒഡിയയിൽ നിന്നും നിരവധി പദങ്ങൾ ഈ ഭാഷയിൽ കടന്നുകൂടിയിട്ടുണ്ട്.

- ഒഡിയ ഭാഷയോട് കൂടുതൽ അടുപ്പമുള്ള ഭാഷ

## കോലാമീനൈകി ശാഖ

ബീഹാറിലും മധ്യ സംസ്ഥാനങ്ങളിലും ഉൾപ്പെട്ട ചില പ്രദേശങ്ങളിൽ പ്രചാരത്തിലിരിക്കുന്നവയും ഗോണ്ഡിയെപ്പോലെ കന്നട തമിഴുകളുടെയും തെലുങ്കിന്റെയും സംയോജക ശൃംഖലാരൂപത്തിൽ വർത്തിക്കുന്നതുമായ കോലാമീനൈകി, ഭീലി തുടങ്ങിയ ഭാഷകളാണ് കോലാമീനൈകി ശാഖയിൽ ഉൾപ്പെടുന്നത്. ഗോണ്ഡിയോട് വളരെ അടുത്ത ബന്ധമുണ്ടെങ്കിലും ഭിന്നമായ ഒരു ശാഖയിൽ ഉൾപ്പെടുത്തക്കവണ്ണമുള്ള പ്രത്യേകതകൾ ഈ ഭാഷയിൽ ദൃശ്യങ്ങളാണ്. കിഴക്കേ ബിഹാറിലും വർധാ ഡിസ്ട്രിക്റ്റിലും ഉള്ള കോലാമികളുടെ ഭാഷയാണ് കോലാമീനൈകി. ചിലയിടങ്ങളിൽ 'ബഞ്ജാരി' എന്നും അറിയപ്പെടുന്നു. ഭീലി കോലാമിയോട് സാദൃശ്യമുള്ള ഭാഷയാണ്.

- കോലാമീനൈകി, ഭീലി തുടങ്ങിയ ഭാഷകളാണ് കോലാമീനൈകി ശാഖയിലുള്ളത്

## ബ്രാഹൂയി

കിഴക്കേ ബലൂചിസ്ഥാനിലും അതിനോടടുത്തു കിടക്കുന്ന സിൻഡ് പ്രദേശങ്ങളിലുമുള്ള ശൈല തലങ്ങളിൽ താമസിക്കുന്ന ബ്രാഹൂയികളുടെ ഭാഷയാണ് ബ്രാഹൂയി. സിൻഡിൽ ബ്രാഹൂയിഭാഷ ബിറൂഹി, ബിറോഹി, ബ്രോഹ്കി എന്നീ പേരുകളിൽ അറിയപ്പെടുന്നു. മറ്റു ദ്രാവിഡഭാഷകളേക്കാൾ ബ്രാഹൂയിക്ക് കുറുകിനോടും മാൾട്ടോവിനോടുമാണ് ബന്ധം. ഇറാനിയൻ ഭാഷകളുടെ ആവേശം ബ്രാഹൂയിയുടെ സാമാന്യരൂപത്തിന് വലുതായ മാറ്റം വരുത്തിയിട്ടുണ്ട്.

- ബ്രാഹൂയിക്ക് കുറുകിനോടും മാൾട്ടോവിനോടും അടുത്ത ബന്ധം

## ഇന്ത്യയെന്ന ഭാഷാക്ഷേത്രം

വിശാലമായ ഒരു ഭൂവിഭാഗത്തിൽ അടുത്തടുത്ത സ്ഥലങ്ങളിൽ വ്യത്യസ്ത ഗോത്രത്തിൽ ഉൾപ്പെടുന്ന ഭാഷകൾ തമ്മിൽ ഘടനാപരമായി വിവിധതലങ്ങളിൽ (വർണതലം, രൂപതലം, വാക്യതലം) സാമ്യം ദർശിക്കുന്നുണ്ടെങ്കിൽ ആ പ്രദേശത്തെ ഒരു ഭാഷാക്ഷേത്രം ആയി പരിഗണിക്കുന്നു. 'അന്യഗോത്രഭാഷകളിലെ വർണങ്ങൾ, വ്യാകരണസ്വഭാവങ്ങൾ, വ്യാകരണരീതികൾ എന്നിവ ഭാഷകളിൽ കാണുന്നത് സ്വാഭാവികമല്ല. സമീപസ്ഥ ഭാഷകളിൽ അത്തരത്തിലുള്ള സങ്കലനം ഉണ്ടെങ്കിൽ ഭാഷകളെല്ലാം ചേർന്നുനിൽക്കുന്ന പ്രദേശത്തെ ഭാഷാക്ഷേത്രമായി കരുതാവുന്നതാണ്' (ഭാഷാശാസ്ത്രവിവേകം,160) എന്ന് കെ. എം. പ്രഭാകരവാരിയർ അഭിപ്രായപ്പെട്ടിരിക്കുന്നു.

- ഭാഷാക്ഷേത്രം എന്ന സങ്കല്പം

1911-ൽ പ്രസിദ്ധീകരിച്ച ഹാൻഡ്ബുക്ക് ഓഫ് അമേരിക്കൻ ഇന്ത്യൻ ലാംഗ്വേജസിന്റെ ആമുഖത്തിൽ നരവംശശാസ്ത്രജ്ഞനായ ഫ്രാൻസ് ബോസ് ആണ് ഈ സിദ്ധാന്തത്തെ ആദ്യമായി അവതരിപ്പിച്ചത്. പിന്നീട് ഈ ആശയത്തെ മുൻനിർത്തി 1929-ൽ പുറത്തിറങ്ങിയ ലാംഗ്വേജ് മാഗസിനിൽ അദ്ദേഹം ഒരു ലേഖനം എഴുതുകയുണ്ടായി. അതിൽ വടക്കൻ ശാന്തസമുദ്രതീരത്തെ അമേരിക്കൻ-ഇന്ത്യൻ ഭാഷകളിലാണ് ഈ പ്രതിഭാസം കാണാനാകുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചു. പ്രസ്തുത ഭാഷകളിൽ അടിസ്ഥാനപരമായി പല വ്യത്യാസങ്ങളുണ്ടെങ്കിലും വ്യാകരണപരമായി പല സാദൃശ്യങ്ങളും കണ്ടെത്താനാകുമെന്നും ഇത് സമീപ ഭാഷകളുടെ വ്യാകരണഘടകങ്ങളുടെ വ്യാപനമായിരിക്കുമെന്നും ഫ്രാൻസ് ബോസ് അഭിപ്രായപ്പെട്ടു. ഈ നിരീക്ഷണത്തെ മുൻനിർത്തി യൂറോപ്പിൽ വലിയ ചർച്ചകൾ നടക്കുകയും അനുകൂലവും പ്രതികൂലവുമായ നിരവധി അഭിപ്രായങ്ങൾ രൂപപ്പെടുകയും ചെയ്തു. അതിൽ എഡ്വേർഡ് സപീറിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. 'പദങ്ങൾ ഒരു ഭാഷയിൽ നിന്നും മറ്റൊന്നിലേക്ക് പ്രവേശിക്കുന്നത് സാധാരണമാണ്. വർണങ്ങൾ അത്ര സുഗമമായി പരഭാഷയിലേക്ക് നുഴഞ്ഞു കയറുകയില്ല. വ്യാകരണ രൂപങ്ങൾ വ്യാപിക്കുന്നത് വിരളവും' എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

- ഭാഷാക്ഷേത്രമെന്ന സങ്കല്പം ആദ്യമായി അവതരിപ്പിച്ചത് ഫ്രാൻസ് ബോസാണ്.

1956-ൽ പുറത്തിറങ്ങിയ ലാംഗ്വേജ് മാസികയിൽ 'India is a linguistic area' (ഇന്ത്യ ഒരു ഭാഷാക്ഷേത്രമാണ്) എന്ന് എം. ബി. എമിനോ അഭിപ്രായപ്പെട്ടു. പിന്നീട് കുറേ വർഷങ്ങൾക്ക് ശേഷം 'ദ ഇന്ത്യൻ ലിംഗ്വിസ്റ്റിക്സ് ഏരിയ റിവിസിറ്റഡ്' എന്ന ലേഖനത്തിൽ ഇതേ ആശയത്തെ കുറച്ചുകൂടി വിശദമായി സമർപ്പിച്ചിട്ടുണ്ട്. 1972 -ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 'ആധുനിക ഭാഷാശാസ്ത്രം' പ്രസിദ്ധീകരിച്ചു. എന്നാൽ ഭാഷാശാസ്ത്രത്തെ സംബന്ധിച്ച ആ പുസ്തകത്തിൽ ചില പോരായ്മകൾ ദർശിച്ചുകൊണ്ട് ഡോ. കെ. എം. പ്രഭാകരവാരിയർ 'ഭാഷാശാസ്ത്രവിവേകം' (2002) എന്ന പുസ്തകം രചിച്ചു. അതിൽ ഭാരതത്തെ ഒരു ഭാഷാക്ഷേത്രമായി പരിഗണിക്കുന്നതിനുള്ള കാരണങ്ങൾ ഇപ്രകാരം ക്രോഡീകരിച്ചിരിക്കുന്നു.

- ഇന്ത്യ ഒരു ഭാഷാക്ഷേത്രമാണ് എന്ന് എം. ബി. എമിനോ

1. പ്രതിവേഷ്ടിതങ്ങളായ മൂർധന്യ വ്യഞ്ജനങ്ങൾ (ടവർഗം)

SGOU

ഇന്ത്യയിൽ മിക്ക ഭാഷകളിലും കാണുന്നുണ്ട്. ഇൻഡോ യൂറോപ്യൻ ഗോത്രത്തിൽ ഈ വ്യഞ്ജനങ്ങൾ ഇല്ല. സമാനമായി ദന്ത്യമോ വർത്സ്യമോ അവയിലുണ്ട്. അഷ്ട (സംസ്കൃതം), ഒക്തോ (ലാറ്റിൻ), ഏയ്റ്റ് (ഇംഗ്ലീഷ്) ഇൻഡോ-യൂറോപ്യൻ ഗോത്രത്തിന്റെ ഉപശാഖയായ ഇൻഡോ-ആര്യനിൽ മൂർധന്യങ്ങൾ സ്വനിമങ്ങളാണ്.

2. നാമങ്ങളുടെ ഏകവചന-ബഹുവചന രൂപങ്ങളിൽ ഒരേ വിഭക്തി പ്രത്യയം ചേർക്കുന്നരീതി ദ്രാവിഡഭാഷകളുടെ പൊതുസ്വഭാവമാണ്. ഇൻഡോ-യൂറോപ്യൻ ഭാഷകളിൽ ഈ സ്വഭാവമില്ല. എന്നാൽ ആധുനിക ഇൻഡോ-ആര്യൻ ഭാഷകളിൽ ഈ സ്വഭാവം കാണുന്നു: ഹിന്ദി -ബാലക്  ക (ഏ.വ) ബാലകോം ക (ബ. വ)

3. പേരെച്ച-വിനയെച്ച പ്രയോഗങ്ങൾ ദ്രാവിഡ ഗോത്രത്തിലെ തനതു സ്വഭാവങ്ങളിലൊന്നാണ്. വായിച്ചപുസ്തകം, ചെന്നുകണ്ടു എന്നീ ഘടനകൾ ഇൻഡോ-യൂറോപ്യൻ ഭാഷകളിൽ ഇല്ല. എന്നാൽ ഇത്തരം ഘടനകൾ പരിമിതമായ തോതിലാണെങ്കിൽ കൂടി സംസ്കൃതത്തിലേക്കും ആധുനിക ഇൻഡോ-ആര്യൻ ഭാഷകളിൽ ചിലതിലേക്കും വ്യാപിച്ചിട്ടുണ്ട്.

4. സംസ്കൃതത്തിലെ അപി-യുടെ പ്രയോഗരീതികൾക്ക് ദ്രാവിഡത്തിലെ ഉം എന്ന പ്രത്യയത്തിന്റെ പ്രയോഗങ്ങളുമായി സാമ്യം കാണുന്നു. ഇൻഡോ യൂറോപ്യൻ ഗോത്രത്തിന് അപരിചിതമായ ഈ പ്രയോഗങ്ങൾ ദ്രാവിഡ ഭാഷകളിൽ നിന്ന് സംക്രമിച്ചതായിരിക്കാം. ഉദാ. ഗന്തും അപി(പോകാനും)

- ഭാരതം ഒരു ഭാഷാക്ഷേത്രമാകാനുള്ള കാരണങ്ങൾ

5. മാങ്ങ ഒരെണ്ണം, കുട്ടികൾ രണ്ടുപേർ തുടങ്ങിയ വിഭാജകപ്രയോഗങ്ങൾ (Classifier) പണം-കിണം, പുലി-കിലി തുടങ്ങിയ പ്രതിധ്വനിപദ ( Echo word) ങ്ങൾ എന്നിവയും ഭാരതീയ ഭാഷകളിലെ പൊതുസ്വഭാവമാണ് (ഭാഷാശാസ്ത്രവിവേകം 161-162).

ഇന്ത്യ എന്ന നമ്മുടെ രാജ്യത്തിന് മറ്റു രാജ്യങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു പൈതൃകവും സംസ്കാരവും നാം അവകാശപ്പെടാറുണ്ട്. വൈവിധ്യമാർന്ന സംസ്കാരങ്ങളും അതിൽ കൂടുതൽ ഭാഷകളും പ്രചാരത്തിലുള്ള ഒരു ഭൂപ്രദേശമാണിത്. 2001-ലെ സെൻസസ് അനുസരിച്ച് 22 പ്രധാനപ്പെട്ട ഭാഷകളും 1599 മറ്റ് ഭാഷകളും ഇന്ത്യയിലുണ്ട്. ഇവ വിവിധ ഭാഷാഗോത്രങ്ങളിൽ ഉൾപ്പെടുന്നവയുമാണ്. ഇത്രയേറെ ഭാഷാവൈവിധ്യങ്ങൾ ഉണ്ടായിട്ടുകൂടി നമ്മുടെ രാജ്യത്തിന്റെ സാമൂഹിക-സാംസ്കാരിക പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ ഇവിടുത്തെ ജനതയ്ക്ക് സാധിച്ചു. അതിന്റെ അടയാളപ്പെടുത്തലുകൾ ഓരോ ഭാഷകളിലും ദൃശ്യമാണ്. തന്മൂലമാണ് ഇന്ത്യയെ ഒരു ഭാഷാക്ഷേത്രമായി കണക്കാക്കുന്നത് എന്ന് നിസ്സംശയം പറയാനാകും.

- 22 പ്രധാനപ്പെട്ട ഭാഷകളും 1599 മറ്റ് ഭാഷകളും ഇന്ത്യയിലുണ്ട്.

## വിശദപഠനം:
## ദ്രാവിഡ ഭാഷാശാസ്ത്രം കാൽഡ്വലിനു ശേഷം

> ▶ ധ്വനികൾ, ധാതുക്കൾ, ലിംഗവും വചനവും എന്നിങ്ങനെ മൂന്ന് ഭാഗമായിട്ടാണ് 'ദ്രാവിഡഭാഷാ വ്യാകരണ'ത്തിന്റെ ഘടന.

1973-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ പുസ്തകമാണ് റോബർട്ട് കാൽഡ്വൽ രചിച്ച 'ദ്രാവിഡഭാഷാ വ്യാകരണ'ത്തിന് എസ്. കെ. നായർ തയ്യാറാക്കിയ വിവർത്തനം. തമിഴ്, മലയാളം, തെലുങ്ക്, കന്നഡ ഭാഷകളെപ്പറ്റിയുള്ള വ്യാകരണ വിവരണമാണ് ഇതിൽ ഉള്ളടങ്ങിയിരിക്കുന്നത്. ധ്വനികൾ, ധാതുക്കൾ, ലിംഗവും വചനവും എന്നിങ്ങനെ മൂന്ന് ഭാഗമായിട്ടാണ് ഈ ഗ്രന്ഥത്തിന്റെ ഘടന. അതിനു ഗ്രന്ഥകാരനായ എസ്. കെ. നായർ എഴുതിയ ആമുഖ പഠനമാണ് 'ദ്രാവിഡഭാഷാശാസ്ത്രം കാൽഡ്വലിനു ശേഷം' എന്ന ലേഖനം.

> ▶ കാൽഡ്വലിന്റെ സംഭാവനകൾ

'ദ്രാവിഡ ഭാഷാ താരതമ്യ പഠനത്തിന്റെ പിതാവ്' എന്ന് വിശേഷിപ്പിക്കുന്ന ബിഷപ്പ് റോബർട്ട് കാൽഡ്വൽ ഭാഷാശാസ്ത്രത്തിന് നൽകിയ സംഭാവനകളെ സ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കാലത്തിനുശേഷം ഈ രംഗത്ത് സംഭവിച്ച വികസനങ്ങളെ പറ്റി അപഗ്രഥിക്കുകയാണ് ഈ പഠനത്തിൽ.

> ▶ 3 ഭാഷാപഗ്രഥന രീതികൾ - സമകാലിക(Synchronic) പഠനം, ആഗമിക (Diachronic)പഠനം, തുലനാത്മക പഠനം.

മൂന്നുതരത്തിലാണ് ഭാഷാപഗ്രഥന രീതികളെ എസ്. കെ. നായർ അവതരിപ്പിക്കുന്നത്. സമകാലിക (Synchronic) പഠനം, ആഗമിക (Diachronic)പഠനം, തുലനാത്മക പഠനം എന്നിവയാണവ. ഇതിൽ ആഗമിക പഠനത്തിന് ഊന്നൽ നൽകിക്കൊണ്ട് അതിന്റെ ചരിത്രം അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ തുടർന്ന് ചെയ്യുന്നത്. പ്രാചീന ഗ്രീസിൽ നിന്നുള്ള ഭാഷാപഠന ശ്രമങ്ങളിലാണ് ഇത്തരം സമീപനങ്ങളുടെ പ്രാരംഭം അദ്ദേഹം കാണുന്നത്. തുടർന്ന് ലത്തീൻ വ്യാകരണങ്ങളും യൂറോപ്യൻ നവോത്ഥാന ഫലമായുണ്ടായ ചിന്തകളുടെയും പശ്ചാത്തലത്തിൽ ഭാഷശാസ്ത്രം ഉടലെടുത്തു.

> ▶ യൂറോപ്യൻ ഭാഷകൾക്ക് സംസ്കൃത ഭാഷയുമായി ഉണ്ടായിരുന്ന ജൈവബന്ധം കണ്ടെത്തുന്നു

പ്രാചീന യൂറോപ്യൻ ഭാഷാപഠന ശ്രമങ്ങളെപ്പറ്റി പ്രതിപാദിച്ചശേഷം ഭാരതീയ ഭാഷാ പ്രവർത്തനങ്ങളെ അപഗ്രഥിക്കുന്നു. പുരാതന കാലം മുതൽ ഉണ്ടായിരുന്ന ഭാഷാചിന്തകളെപ്പറ്റിയും ആര്യാധിനിവേശത്തോടെ അതിനുണ്ടായ പരിണാമത്തെപ്പറ്റിയും സവിസ്തരം പറഞ്ഞിരിക്കുന്നു. സംസ്കൃതത്തിന്റെ സ്വാധീനം ഭാഷാപഠനത്തിൽ എപ്രകാരമാണെന്നും മിഷനറിമാരുടെ കടന്നുവരവോടെ യൂറോപ്യൻ ഭാഷകൾക്ക് സംസ്കൃത ഭാഷയുമായി ഉണ്ടായിരുന്ന ജൈവബന്ധം കണ്ടെത്തുകയും ചെയ്തു.

> ▶ ഗ്രിം നിയമം (Grimm's law)

1810-കളിൽ റാസ്മസ് റാസ്ക്, ഫ്രാൻസ് ബോപ്പ് തുടങ്ങിയവരുടെ നിരീക്ഷണഫലമായി താരതമ്യഭാഷാപഠനം എന്നൊരു ശാഖ തന്നെ രൂപപ്പെട്ടു. ഇന്തോ-യൂറോപ്യൻ ഭാഷകളെ സംബന്ധിച്ച ഇവരുടെ കണ്ടെത്തലുകളിൽ നിന്നും ഊർജ്ജം കൊണ്ട് ജേക്കബ് ഗ്രിം ജെർമാനിക് ഭാഷയും മറ്റ് ഇൻഡോ-യൂറോപ്യൻ ഭാഷകളും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി ഗ്രിം നിയമം (Grimm's law) രൂപപ്പെടുത്തി. പിന്നീട് വന്ന നവവൈയാകരണന്മാരുടെ പ്രവർത്തനങ്ങളും അതിനുശേഷമുണ്ടായ മാറ്റങ്ങളെയും പറ്റി ഗ്രന്ഥകാരൻ

SGOU

സൂചിപ്പിക്കുന്നു. സ്വന പരിണാമത്തെപ്പറ്റി അവർ മുന്നോട്ടുവച്ച സിദ്ധാന്തത്തെയും അതിന്റെ അനന്തര വ്യാപ്തിയെപ്പറ്റിയും പ്രതിപാദിക്കുന്നു. ഭാഷാപരിണാമമെന്നത് ഒരു ചരിത്ര വസ്തുത ആണെന്നും സ്വനപരിണാമമാണ് ഭാഷയുടെ മറ്റെല്ലാ തലത്തിലുമുള്ള പരിണാമത്തിനും ഹേതു എന്നും ലേഖനത്തിൽ പ്രസ്താവിക്കുന്നു. ഈ നിരീക്ഷണത്തെ സാധൂകരിക്കാനായി ചില ഉദാഹരണങ്ങളും അവതരിപ്പിച്ചിരിക്കുന്നു.

- ഭാഷാപരിണാമം ചരിത്ര വസ്തുതയാണ്

പ്രാദേശിക ഭാഷയുടെ പ്രചാരത്തിനനുസൃതമായി അവയ്ക്ക് സാങ്കൽപ്പികമായ അതിർത്തി നിർണയിച്ച് രേഖപ്പെടുത്തുന്ന ഭാഷാഭേദ ഭൂപടം എന്ന ആശയത്തെയാണ് അടുത്തതായി ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ഭാഷാഭൂമിശാസ്ത്രം എന്ന ഭാഗത്തിൽ ഈ ആശയത്തെ മുൻനിർത്തിയുള്ള നിരീക്ഷണങ്ങളാണ് അവതരിപ്പിച്ചിരിക്കുന്നത്. ഒരേ ഉച്ചാരണമുള്ള പ്രദേശങ്ങളെ ബന്ധിപ്പിച്ച് വരയ്ക്കുന്ന സാങ്കൽപ്പിക രേഖയെയാണ് സമഭാഷാംശസീമാരേഖ എന്നതുകൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. ഉച്ചാരണ വ്യത്യാസം പല കാരണങ്ങൾകൊണ്ടും സംഭവിക്കാറുണ്ട്. ഉച്ചാരണാവയവങ്ങളുടെ ഉപയോഗം, പ്രയത്നലാഘവം തുടങ്ങിയ ശാരീരികവും മാനസികവും സാംസ്കാരികവുമായ വ്യത്യാസങ്ങൾ ഈ മാറ്റത്തെ സ്വാധീനിക്കുന്നുണ്ട്.

- ഭാഷാഭേദഭൂപടം, സമഭാഷാംശ സീമാരേഖ

നവവൈയാകരണന്മാർ ഭാഷാപരിണാമത്തെ കുടുംബവൃക്ഷ സാങ്കൽപവുമായി സംയോജിപ്പിച്ചപ്പോൾ അതിനെ വിമർശിച്ച് ഭാഷാശാസ്ത്രകാരന്മാർ മുന്നോട്ടുവച്ച സിദ്ധാന്തമാണ് തരംഗസിദ്ധാന്തം അഥവാ Wave theory. ഇത് പ്രകാരം ഓരോ പദത്തിനും പ്രത്യേകം ചരിത്രമുണ്ടെന്നും അവയുടെ ഭാഷാപരമായ പ്രത്യേകതകൾ ഒരു മൂലകേന്ദ്രത്തിൽ നിന്നും തരംഗ രൂപത്തിൽ വ്യാപിക്കുന്നു എന്നും വിശ്വസിക്കുന്നു. ഇതിന് അനുബന്ധമായി പിൽക്കാലത്തുണ്ടായ വ്യത്യസ്ത വീക്ഷണങ്ങളെ അപഗ്രഥിച്ച ശേഷം അവയെ ക്രോഡീകരിച്ച് ഒരു സമന്വിതാശയമായി അവതരിപ്പിക്കുകയാണ്.

- തരംഗസിദ്ധാന്തം

കാൽഡ്വലിനു ശേഷം ആഗമിക-തുലനാത്മക പഠനങ്ങൾക്ക് സംഭവിച്ച പരിണാമത്തെ ദ്രാവിഡഭാഷകളെ മുൻനിർത്തി വിശകലനം ചെയ്യുകയാണ് പിന്നീട് ഗ്രന്ഥകാരൻ ചെയ്യുന്നത്. ഇവിടെ ഭാഷാകുടുംബം എന്ന ആശയത്തെ അവതരിപ്പിക്കുന്നു. പ്രധാനപ്പെട്ട ദ്രാവിഡ ഭാഷകളെ സംബന്ധിച്ച വിവിധ പണ്ഡിതന്മാരുടെ നിരീക്ഷണങ്ങളെ ഇതിനായി വിശകലനം ചെയ്യുന്നു. തുടർന്ന് ദ്രാവിഡഭാഷാ കുടുംബത്തിലെ ഭാഷകൾക്ക് ഇതര ഗോത്രത്തിലെ ഭാഷകളുമായുള്ള ജൈവബന്ധത്തെയും മറ്റ് ഉപ കുടുംബങ്ങളുടെ രൂപപ്പെടലും അവ തമ്മിലുള്ള ബന്ധത്തെയും വിശദമാക്കുന്നു. പ്രാഗ്ദ്രാവിഡത്തിൽ നിന്നും ഇന്നുകാണുന്ന സ്വതന്ത്ര ഭാഷകളുടെ പരിണാമത്തെ സൂചിപ്പിക്കുന്ന ഒരു ചിത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്.

- ആഗമിക- തുലനാത്മക പഠനങ്ങൾക്ക് സംഭവിച്ച പരിണാമങ്ങൾ

ദ്രാവിഡ കുടുംബത്തെപ്പറ്റിയുള്ള വിശകലനം ദ്രാവിഡസ്വനിമ മണ്ഡലത്തെപ്പറ്റിയും ക്രമേണ മുന്നോട്ടുവെച്ച സ്വനനയങ്ങളെപ്പറ്റിയും വിശദീകരിച്ചുകൊണ്ടാണ് തുടരുന്നത്. അതിനോടൊപ്പം തന്നെ ദ്രാവിഡ വ്യഞ്ജനങ്ങളെപ്പറ്റിയും ചർച്ച ചെയ്യുന്നുണ്ട്. അവയോരോന്നും പ്രത്യേകം പ്രത്യേകമായെടുത്ത് കാൽഡ്വൽ അടക്കമുള്ളവരുടെ വീ

SGOU

▶ ദ്രാവിഡ ഭാഷാ ശാസ്ത്രത്തെപ്പറ്റി ധാരണ നൽകുന്ന ലേഖനം

ക്ഷണങ്ങളും ആയി താരതമ്യപ്പെടുത്തുന്നു. അവസാനമായി ഭാഷാരൂപവിചാരത്തെയും പുനഃസൃഷ്ടി ചെയ്യുന്ന വ്യവസ്ഥകളെപ്പറ്റിയും വിശദീകരിച്ചുകൊണ്ടാണ് ലേഖനം ഉപസംഹരിച്ചിട്ടുള്ളത്. ഇതിലൂടെ ദ്രാവിഡഭാഷാ ശാസ്ത്രത്തെപ്പറ്റിയും അതിന്റെ വിവിധ ശാഖകളെപ്പറ്റിയും അവയുടെ പരിണാമ ചരിത്രത്തെപ്പറ്റിയും ഒരേകദേശ ധാരണ നമുക്ക് ലഭിക്കുന്നു.

## Summarised Overview

ഭാഷയുടെ പൂർവ ചരിത്രം പരിശോധിച്ചാണ് ഭാഷയുടെ പ്രാക്തനതയും ജൈവബന്ധവും കണ്ടെടുക്കുന്നത്. സജാതീയ ഭാഷകളുടെ താരതമ്യപഠനത്തിലൂടെ പുനർനിർമാണം ചെയ്തു കിട്ടുന്ന ഭാഷാരൂപമാണ് പ്രാഗ്ഭാഷ. അതിനുപയോഗിക്കുന്ന പദ്ധതിയെ പ്രാഗ്ഭാഷാ പുനർനിർമാണം എന്നാണ് വിളിക്കുന്നത്. പ്രാഗ്ഭാഷാ പുനർനിർമ്മാണത്തിന് ഉപയോഗിക്കുന്ന രണ്ട് പദ്ധതികളാണ് ആന്തരികവും ബാഹ്യവുമായ പുനഃസൃഷ്ടികൾ. ആദ്യത്തേതിൽ ഒരു ഭാഷയുടെ പൂർവരൂപമാണ് അന്വേഷിക്കുന്നതെങ്കിൽ രണ്ടാമത്തേതിൽ സജാതീയ ഭാഷകളുടെ മൂലരൂപമാണ് അന്വേഷിക്കുന്നത്. ഈ രണ്ട് അപഗ്രഥന രീതികളും പ്രാഗ്ഭാഷാ നിർമ്മാണത്തിന് ഉപയുക്തമാണ്.

ഭാഷയെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് ഗോത്രങ്ങളായി വിഭജിച്ചിട്ടുണ്ട്. മലയാളഭാഷ ദ്രാവിഡ ഗോത്രത്തിലാണ് ഉൾപ്പെടുന്നത്. ദ്രാവിഡ ഭാഷാഗോത്രത്തിൽ ഉൾപ്പെടുന്ന മറ്റു ഭാഷകളെക്കുറിച്ചും അവയുടെ സവിശേഷതകളെക്കുറിച്ചും പഠിക്കുന്നതിലൂടെ മലയാളഭാഷ ഉരുത്തിരിഞ്ഞു വന്ന ദശകളെക്കുറിച്ച് മനസിലാക്കാനാകുന്നു. ഇന്ത്യ ഒരു ഭാഷാക്ഷേത്രമാണ് എന്നഭിപ്രായപ്പെട്ടത് എം. ബി. എമിനോയാണ്. ഇന്ത്യയെ എങ്ങനെ ഭാഷാക്ഷേത്രമായി കണക്കാക്കാനാകുന്നു എന്ന് കെ. എം. പ്രഭാകരവാരിയർ ഭാഷാശാസ്ത്രവിവേകം എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ദ്രാവിഡ ഭാഷകളുടെ താരതമ്യപഠനം നിർവഹിച്ച കാൽഡ്വലിനു ശേഷം ദ്രാവിഡ ഭാഷകളുടെ പഠനത്തിലുണ്ടായ പുരോഗതിയെ വിലയിരുത്തുന്ന ലേഖനമാണ് വിശദപഠനത്തിന് നൽകിയത്. അതിലൂടെ ദ്രാവിഡ ഭാഷാപഠന മേഖലക്കുണ്ടായ പുരോഗതിയെക്കുറിച്ച് എസ്. കെ. നായർ വിശദമായി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ ദ്രാവിഡ ഭാഷാഗോത്രത്തെപ്പറ്റിയും ഭാഷകളുടെ അതിർത്തികളെപ്പറ്റിയും വിശദമായി മനസിലാക്കാൻ കഴിയുന്നു.

## Assignments

1. പ്രാഗ്ഭാഷ എന്നാലെന്തെന്ന് ഉപന്യസിക്കുക.
2. ഇന്ത്യ ഒരു ഭാഷാക്ഷേത്രമാണെന്ന് പറയാനായി കെ. എം. പ്രഭാകരവാരിയർ നിരത്തുന്ന വാദമുഖങ്ങൾ അവതരിപ്പിക്കുക.
3. ഭാഷയുടെ പൂർവരൂപം കണ്ടെത്താനുള്ള ഉപാധികളായ ആന്തരിക പുനഃസൃഷ്ടി, ബാഹ്യ പുനഃസൃഷ്ടി എന്നിവയെക്കുറിച്ച് ഉപന്യസിക്കുക.
4. ദ്രാവിഡ ഭാഷാപഠന രംഗത്ത് കാൽഡ്വലിന്റെ സംഭാവനകളെക്കുറിച്ച് ഉപന്യസിക്കുക.
5. ദ്രാവിഡ ഭാഷാഗോത്രം എന്ന സങ്കല്പത്തെക്കുറിച്ച് വിവരിക്കുക.
6. ഇന്ത്യയെ ഒരു ഭാഷാക്ഷേത്രമായി പരിഗണിക്കണമെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനമെന്ത്?

7. ദ്രാവിഡഭാഷകളുടെ ഘടനാപരമായ പ്രത്യേകതകൾ വിവരിക്കുക.
8. ദ്രാവിഡഭാഷാശാസ്ത്രത്തെയും അതിന്റെ ഉപശാഖകളെയും കുറിച്ച് വിവരിക്കുക.
9. ദ്രാവിഡഭാഷാ കുടുംബത്തിൽ മലയാളത്തിന്റെ നിലയും മറ്റു ഭാഷകളുമായുള്ള ബന്ധവും വിലയിരുത്തുക.
10. ദ്രാവിഡ ഭാഷാശാസ്ത്രം കാൽഡ്വലിനു ശേഷം കൈവരിച്ച പുരോഗതികളെക്കുറിച്ച് വിവരിക്കുക.

## Suggested Readings


1. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും – മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. ഗോദവർമ, കേരള ഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം.
3. പി. എം. ജോസഫ്, മലയാളത്തിലെ പരകീയ പദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഇ. വി. എൻ, നമ്പൂതിരി, ഭാഷാവിജ്ഞാനീയം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
5. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്രപ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
6. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്രപരിചയം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.


## References


1. ഡോ. എം. ശ്രീനാഥ്, പാശ്ചാത്യഭാഷാ പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര പരിചയം, 2016, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
4. കെ. എം. പ്രഭാകരവാരിയർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

5. കെ. ജോയ്പോൾ, വി. ആർ. സോളി, ഭാഷാശാസ്ത്രം : സിദ്ധാന്തവും പ്രയോഗവും, മലയാളപഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.
6. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# ആധുനിക (ഘടനാവാദ) ഭാഷാശാസ്ത്രത്തിന് ആമുഖം

# BLOCK-02

## Block Content


| | |
|---|---|
| യൂണിറ്റ്-1 | ആധുനിക ഭാഷാശാസ്ത്രത്തിന്റെ സമീപനരീതികൾ |
| യൂണിറ്റ്-2 | ആധുനിക ഭാഷാശാസ്ത്രത്തിന്റെ അമേരിക്കൻ വിവരണാത്മകധാര |
| യൂണിറ്റ്-3 | മനുഷ്യഭാഷയുടെ സവിശേഷതകൾ |
| യൂണിറ്റ്-4 | ആധുനിക ഭാഷാശാസ്ത്രവും ഭാരതീയ വ്യാകരണപദ്ധതിയും |

# Unit 1 ആധുനിക ഭാഷാശാസ്ത്രത്തിന്റെ സമീപനരീതികൾ

## Learning Outcomes

- ആധുനിക ഭാഷാശാസ്ത്രത്തിന്റെ സമീപനരീതികളെക്കുറിച്ച് അറിവ് നേടുന്നു
- സൊസ്സ്യൂറിന്റെ വസ്തുനിഷ്ഠമായ ഭാഷാപഗ്രഥനരീതികൾ ഗ്രഹിക്കുന്നു
- ഏകകാലികവും ബഹുകാലികവുമായ പഠനത്തിന്റെ പ്രസക്തി തിരിച്ചറിയുന്നു
- ഭാഷയെ ഒരു ഘടനാത്മകവ്യവസ്ഥ എന്ന നിലയിൽ പരിഗണിച്ചുകൊണ്ട് രൂപപ്പെട്ട പുതിയ കാഴ്ചപ്പാടുകൾ മനസിലാക്കുന്നു

## Background

സാഹിത്യചരിത്രബദ്ധമായതും പരമ്പരാഗതവിവരണാത്മക ശൈലിയുടെ മാർഗം പിന്തുടർന്നതുമായ 'ഫിലോളജി' ഭാഷകൾ തമ്മിലുള്ള പരസ്പരബന്ധം, പദോൽപ്പത്തി, ചരിത്രം, എന്നിവയിലാണ് ശ്രദ്ധ ഊന്നിയിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ, സൊസ്സ്യൂർ അവതരിപ്പിച്ച വസ്തുനിഷ്ഠമായ ഭാഷാപഗ്രഥനം, ഈ പാതയിൽ നിന്നു വ്യതിചലിച്ചുകൊണ്ട് 'ഭാഷാശാസ്ത്രം' അഥവാ 'ലിംഗ്വിസ്റ്റിക്സ്' എന്ന ഒരു കാഴ്ചപ്പാടുമായി മുന്നോട്ടുവന്നു. ലിഖിതരേഖകളെയും, അനാഗരിക മൊഴി ഭേദങ്ങളെയും അധികരിച്ചു ഭാഷാപരിണാമചരിത്രാന്വേഷണം എന്ന നിലയിലേക്ക് ഭാഷാപഠനം വഴിമാറുകയും, ഏകകാലികമായ പഠനത്തിന്റെ പ്രസക്തി തിരിച്ചറിയപ്പെട്ടു തുടങ്ങുകയും ചെയ്തു. ഭാഷയെ ഒരു ഘടനാത്മകവ്യവസ്ഥ എന്ന നിലയിൽ കണ്ടുകൊണ്ട്, പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു എന്നതായിരുന്നു ഇതിന്റെ ആത്യന്തികഫലം, ഇതാണ് ഭാഷാശാസ്ത്രപഠനത്തിന്റെ പ്രസക്തിയും.

'ആധുനിക ഭാഷാശാസ്ത്രം' എന്ന സങ്കല്പനം ആരംഭിക്കുന്നത് ഏതാണ്ട് 18-ാം ശതകത്തിന്റെ അവസാനത്തോടെയാണ്. ക്ലാസിക് ഭാഷകളായ ഗ്രീക്ക്, ലാറ്റിൻ, പേർഷ്യൻ, സംസ്കൃതം എന്നിവയുടെ താരതമ്യാത്മകപഠനം ആരംഭിക്കുന്നതും ഈ ഘട്ടത്തിൽ തന്നെ. ഇരുപതാം ശതകാരംഭത്തിലെ 'സൊസ്സ്യൂറിയൻ ചിന്തകളാണ്' ഈ മേഖലയിൽ ഒരു പുതിയ കാൽവയ്പാകുന്നത്. സ്വിസ് ഭാഷാപണ്ഡിതനായ ഫെർഡിനാന്റ് ഡി. സൊസ്സ്യൂറായിരുന്നു ഇതിന്റെ പ്രണേതാവ്. ശാസ്ത്രീയമായ ഭാഷാധ്യയനം രണ്ടുവിധത്തിലാകാം; ഒന്നു വിവരണാത്മകം, മറ്റേതു ചരിത്രാത്മകം. ആദ്യത്തേത് ഏകാലികം അഥവാ Synchrony. രണ്ടാമത്തേതു ബഹുകാലികം അഥവാ Diachrony. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഒരു പ്രത്യേക ഭാഷയ്ക്കുണ്ടായിരുന്ന സ്വരൂപം വർണിച്ചുകൊണ്ടുള്ള പഠനമാണ് ഏകാലികം. ഭാഷയുടെ ഏതെങ്കിലും അംശമെടുത്ത് അതിന്റെ കാലവികാസപരിണാമങ്ങൾ പരിശോധിച്ചുകൊണ്ട് ആഗമികാത്മകമായി സമീപിക്കുന്നതാണു ചരിത്രാത്മക പഠനം. ഓരോ കാലഘട്ടത്തിലെയും വിവരണാത്മകമായ പ്രത്യേകപഠനങ്ങൾ ചരിത്രപരമായ അന്വേഷണത്തിന് ഏറെ ഉപയുക്തമാണ്. എന്നാൽ ഏകാലികപഠനത്തിന് ചരിത്രപരമായ പഠനത്തിന്റെ സഹായം അത്യന്താപേക്ഷിതമല്ല.

1916-ൽ പുറത്തുവന്ന 'Course in General Linguistics' എന്ന ഗ്രന്ഥത്തിലാണ് സൊസ്സ്യൂർ ഈ രണ്ടു പഠനങ്ങളുടെയും വ്യതിരിക്തതയും പ്രസക്തിയും വ്യക്തമാക്കുന്നത്. വസ്തുതകളുടെ

SGOU

വിവരണം, ഘടന വ്യക്തമാക്കൽ എന്നീ അംശങ്ങളെ പുരസ്കരിച്ചാണ് ഏകകാലിക പഠനത്തെ വിവരണാത്മകം, ഘടനാത്മകം എന്നിങ്ങനെ വ്യവഹരിക്കുന്നത്. ലിഖിത രേഖകളെയും അനാഗരികരുടെ മൊഴിഭേദങ്ങളെയും അധികരിച്ച് ഭാഷാപരിണാമചരിത്രാന്വേഷണമെന്ന നിലയിലേയ്ക്ക് ഭാഷാപഠനം വഴിമാറിയപ്പോഴാണ് ഏകകാലിക പഠനത്തിന്റെ പ്രസക്തി കൂടുതലായി തിരിച്ചറിയപ്പെട്ടു തുടങ്ങിയത്. ഹംബോൾട്ടിന്റെ ജാവനീസ് ഭാഷാപഠനം, കോട്നിയുടെ സ്വനിമസിദ്ധാന്തീകരണങ്ങൾ തുടങ്ങിയവയെ ഈ സമീപനത്തിന്റെ ആദ്യപടിയായിക്കരുതാം. ഭാഷയെ പൂർണമായി മനസിലാക്കണമെങ്കിൽ ഏകകാലിക സമീപനം അത്യന്താപേക്ഷിതമാണെന്നു സ്ഥാപിക്കും വിധത്തിലാണ്  സൊസ്സ്യൂർ തന്റെ സൈദ്ധാന്തിക പരിസരം രൂപപ്പെടുത്തിയത്. ഇതിനായി 17-ാം ശതകത്തിലെ സാമ്പ്രദായിക വ്യാകരണത്തിന്റെ ഘടനാത്മകസമീപനത്തിലേക്കുള്ള തിരിച്ചു പോക്കാണ് അദ്ദേഹം നിർദ്ദേശിച്ചത്. ഭാഷകൾ തമ്മിലുള്ള ഘടനാപരമായ വ്യത്യാസങ്ങൾ മനസിലാക്കുന്നതിൽ നിർദ്ദേശാത്മകസമീപനം മൂലം വീഴ്ച വരുത്തിയ പാരമ്പര്യവ്യാകരണത്തിന്റെ ഏകകാലികവീക്ഷണങ്ങൾ ഭാഷാനിയമനിർദ്ധാരണങ്ങൾക്ക് ഉപയുക്തമാകയാൽ അതിന്റെ ഗുണപരമായ വശങ്ങളെ വീണ്ടെടുക്കുവാനും അതിലേക്കു മടങ്ങിപ്പോകുവാനും സൊസ്സ്യൂർ ആഹ്വാനം ചെയ്തു.

## Keywords

സൊസ്സ്യൂർ - ഏകകാലികം - ബഹുകാലികം - ഘടനാവാദം - ജനീവാസ്കൂൾ - റഷ്യൻ സ്കൂൾ - പ്രാഗ് സ്കൂൾ - കോപ്പൻ ഹേഗൻ സ്കൂൾ - ചിഹ്നപഠനവിചാരം - ചിഹ്നസങ്കല്പനം - ലാങ് - പരോൾ - യാക്കോബ്സൺ

## Discussion

ഭാഷ ഒരു ഘടനയാണെന്നും, വിഭിന്നതലത്തിലുള്ള ഉപഘടനകളുടെ സമാഹൃതരൂപമാണെന്നും ഘടനാവാദികൾ കരുതുന്നു. ഭാഷയിലെ വിവിധ ഘടകങ്ങളെയും അവയിൽ നിന്ന് സംജാതമാകുന്ന വ്യവസ്ഥയെയുമാണ് ഘടനാത്മകസമീപനം പ്രധാനമായും പരിഗണിക്കുന്നത്. സ്വനഘടന, രൂപഘടന, വാക്യഘടന എന്ന് മൂന്നെണ്ണത്തിന്റെ സമഗ്രതയാണ് ഭാഷാഘടന. ഭാഷാപ്രയോഗങ്ങളല്ല അവയ്ക്കു അടിസ്ഥാനമായി നിൽക്കുന്ന വ്യവസ്ഥയാണ് ഘടനാത്മകാപഗ്രഥനത്തിന്റെ മുഖ്യലക്ഷ്യം. ഭാഷാശാസ്ത്രത്തിലെ വിവിധധാരകൾ സാമാന്യേന 'സ്കൂൾ' എന്ന പേരിലാണ് വ്യവഹരിക്കപ്പെടുന്നത്. ഭാഷയുടെ പ്രവർത്തനപരവും ആശയപരവുമായ മേഖലകളെക്കുറിച്ച് സമാനമായ ചിന്താഗതി പുലർത്തുന്ന ഭാഷാശാസ്ത്രജ്ഞരുടെ ഒരു യൂണിറ്റാണിത്. ജനീവാസ്കൂൾ, റഷ്യൻ സ്കൂൾ, പ്രാഗ്സ്കൂൾ, കോപ്പൻ ഹേഗൻ സ്കൂൾ എന്നിവയാണ് പ്രബലമായ ഭാഷാശാസ്ത്ര സ്കൂളുകൾ. ചിഹ്നസിദ്ധാന്തങ്ങളും അവയെ പ്രമാണമാക്കിയുള്ള പ്രായോഗിക അന്വേഷണങ്ങളും വൈഷണിക വ്യവഹാരങ്ങളുമാണ് ഈ സ്കൂളുകളുടെ സജീവമായ ഗവേഷണമേഖലകൾ. ആധുനികമായ ഇത്തരം അന്വേഷണങ്ങളുടെ പ്രോദ്ഘാടകസ്ഥാനം അമേരിക്കൻ തത്വചിന്തകനായ പെയേഴ്സിനും സ്വിസ് ഭാഷാശാസ്ത്രജ്ഞനായ സൊസ്സ്യൂറിനും അവകാശപ്പെട്ടതാണ്. തത്വചിന്തയെ അധികരിച്ചുകൊണ്ടുള്ള ചിഹ്നസിദ്ധാന്തങ്ങൾ പെയേഴ്സിനും

SGOU

▶ ജനീവാസ്കൂൾ, റഷ്യൻ സ്കൂൾ, പ്രാഗ് സ്കൂൾ, കോപ്പൻ ഹേഗൻ സ്കൂൾ

ഭാഷാശാസ്ത്രാധിഷ്ഠിതമായ സിദ്ധാന്തങ്ങൾ സൊസ്സ്യൂറും രൂപപ്പെടുത്തിയപ്പോൾ, ഇവരെ അനുഗമിക്കുന്ന രണ്ട് പാരമ്പര്യങ്ങളാണ് ചിഹ്നപഠന മേഖലയിൽ ഉരുത്തിരിഞ്ഞത്. പെയേഴ്സിനെ അനുഗമിക്കുന്ന അമേരിക്കൻ പാരമ്പര്യവും സൊസ്സ്യൂറിനെ അനുഗമിക്കുന്ന യൂറോപ്പ്യൻ പാരമ്പര്യവുമായിരുന്നു അവ.

ചിഹ്നങ്ങളുടെ രൂപവത്കരണം, പ്രവർത്തനം എന്നിവ വിശദീകരിക്കുന്ന ശാസ്ത്രശാഖയാണ് സൊസ്സ്യൂറിന്റെ ചിഹ്നപഠനവിചാരം. 'സമൂഹത്തിൽ ചിഹ്നങ്ങളുടെ പ്രവർത്തനം എന്തെന്ന് അന്വേഷിക്കുന്ന ഒരു ശാസ്ത്രത്തെ സങ്കല്പിക്കാവുന്നതാണ്. അതു സാമൂഹിക മനഃശാസ്ത്രത്തിന്റെയും അതുവഴി പൊതു മനഃശാസ്ത്രത്തിന്റെയും ഭാഗമായ ഒന്നായിരിക്കും.... അതിനെ ഞാൻ സിമിയോളജി (ചിഹ്നവിജ്ഞാനം) എന്നു വിളിക്കും..... ചിഹ്നശാസ്ത്രം കണ്ടെത്തുന്ന നിയമങ്ങൾ ഭാഷാശാസ്ത്രത്തിനും സമ്മതിയുള്ളതായിരിക്കും'..... എന്നാണ് 'കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സിൽ' തന്റെ പഠന പദ്ധതിയെ സൊസ്സ്യൂർ വിഭാവനം ചെയ്തിരിക്കുന്നത്.

▶ സൊസ്സ്യൂറിന്റെ ചിഹ്നപഠനവിചാരം

ഘടനാപരമായ ആധുനിക ഭാഷാശാസ്ത്രത്തിന്റെ തുടക്കം ജനീവാ സ്കൂളിൽ നിന്നാണ്. സൊസ്സ്യൂർ, ആൽബർട്ട് റിഡ്ലിംഗർ, ആൽബർട്ട് സെഷേയും, ചാൾസ് ബാലി എന്നിവരാണ് ജനീവാ സ്കൂളിന്റെ മുഖ്യ വക്താക്കൾ. 1906 മുതൽ 1912 വരെയുള്ള കാലയളവിൽ സൊസ്സ്യൂർ നടത്തിയ പ്രഭാഷണങ്ങളെ അധികരിച്ചു സൊസ്സ്യൂറിന്റെ മരണശേഷം ചാൾസ് ബാലിയും സെഷേയും പ്രസിദ്ധീകരിച്ച 'കോഴ്സ് ഡി ലിംഗ്വിസ്റ്റിക്ക് ജനറൽ' (Course in General Linguistics) ആണ് ജനീവാ സ്കൂളിന്റെ ഏറ്റവും വലിയ സംഭാവന. ഭാഷണവും ഭാഷാപരിണാമവും തമ്മിലുള്ള ബന്ധമാണ് ഇതിൽ പരിശോധിക്കപ്പെടുന്നത്. ഘടനപരമായ ഒരു ചിഹ്ന സംവിധാനമായി ഭാഷ ഇവിടെ അന്വേഷണ വിഷയമാകുന്നു.

▶ ജനീവാ സ്കൂൾ

റഷ്യൻ ഭാഷാശാസ്ത്രജ്ഞന്മാർ, ഭാഷാശാസ്ത്രം, സൗന്ദര്യശാസ്ത്രം എന്നീ വ്യതിരിക്ത മേഖലകളിൽ നടത്തിയ പഠനങ്ങളാണ് റഷ്യൻ ഫോർമലിസത്തിനാധാരം. യാക്കോബ്സന്റെ നേതൃത്വത്തിലുള്ള മോസ്കോ ലിംഗ്വിസ്റ്റിക് സർക്കിളാണ് ഇതിൽ പ്രബലം. ഏയ്ഖൻബാം (Eikhenbarm), ഷ്ക്ലോവസ്കി (Shklovsky) എന്നിവരുടെ നേതൃത്വത്തിലുള്ള കാവ്യഭാഷാപഠന സൊസൈറ്റിയാണു മറ്റൊന്ന്. സാഹിത്യേതരാംശങ്ങൾക്കു സാഹിത്യപഠനത്തിൽ സ്ഥാനമില്ലെന്നായിരുന്നു ഇവരുടെ സങ്കല്പനം. സാഹിത്യഘടനയെ രൂപപ്പെടുത്തുന്ന മുന്നുപാധികളെ വിശകലനം ചെയ്ത ഇവർ ചരിത്രസാമൂഹിക ജീവചരിത്രാംശങ്ങളെ അവഗണിച്ചു. എന്നാൽ റഷ്യൻ തത്വചിന്തകനായ ബഖ്തിൻ ഈ കാഴ്ചപ്പാടുകളെ അവഗണിച്ച് പരസ്പരബന്ധങ്ങളായ ചിഹ്നങ്ങളുടെ വലയമാണു ഭാഷയെന്നും, പ്രത്യയശാസ്ത്ര മണ്ഡലത്തിന്റെ ഭാഗങ്ങളാകയാൽ കലാസാഹിത്യവിചാരങ്ങൾ മറ്റു മാനുഷിക വ്യവഹാരങ്ങളോടു ബന്ധപ്പെട്ടു നിൽക്കുന്ന ചിഹ്നമണ്ഡലങ്ങളാണെന്നും വാദിച്ചു. ഈ ചിഹ്ന സങ്കല്പനത്തിന്റെ തുടർച്ചയാണ് ഒരർത്ഥത്തിൽ പ്രാഗ്സ്കൂൾ.

▶ റഷ്യൻ സ്കൂൾ

1920-30 കാലഘട്ടത്തിൽ ചെക്കോസ്ലോവാക്യയിലെ പ്രാഗ് കേന്ദ്രമാക്കി ഒത്തുകൂടിയ ഭാഷാശാസ്ത്രജ്ഞരുടെ ഗ്രൂപ്പാണ് പ്രാഗ് സ്കൂൾ എന്നറിയപ്പെട്ടത്. വില്യം മതേഷ്യസ്, റോമൻ യാക്കോബ്സൺ, ട്രൂബ

SGOU

റ്റ്സ് കോയി മുതലായവരായിരുന്നു ഇതിലെ പ്രമുഖർ. വക്താവ്-ശ്രോതാവ്-സന്ദർഭം തുടങ്ങിയ ഘടകങ്ങളെ പരിഗണിച്ചുള്ള ഒരു ഘടനാസങ്കല്പമാണ് ഇവർ മുന്നോട്ടു വച്ചത്. സ്വനം-സ്വനിമം-രൂപിമം എന്നീ തലങ്ങളിൽ ഭാഷാഘടകങ്ങളെ ഘടനപരമായി നിർവചിച്ച് അവയുടെ പരസ്പര ബന്ധം കണ്ടെത്തുന്നതിനാണ് ഇവർ ശ്രദ്ധവച്ചത്. യാക്കോബ്സണും ട്രൂബറ്റ്സ്കോയിയും അവതരിപ്പിച്ച സിദ്ധാന്തങ്ങളെ മുൻനിർത്തി പ്രാഗ്സ്കൂൾ സിദ്ധാന്തങ്ങൾ പൊതുവേ 'സ്വനിമസിദ്ധാന്തങ്ങൾ' എന്നാണു വിളിക്കപ്പെടുന്നത്.

▶ പ്രാഗ്സ്കൂൾ

കാവ്യാത്മകധർമ്മം നിറവേറ്റുന്നതിന് ഉപയുക്തമായ ഭാഷാരീതി എന്നതായിരുന്നു സാഹിത്യത്തെ സംബന്ധിച്ച ഇവരുടെ കാഴ്ചപ്പാട്. ഭാഷയെ വിവിധ ധർമ്മങ്ങളെ പുരസ്കരിച്ച് ധൈഷണികം, വൈകാരികം, കാവ്യാത്മകം, ആശയവിനിമായാത്മകം എന്നിങ്ങനെ അവർ വേർതിരിച്ചു. ചിഹ്നശാസ്ത്രപരമായ അവബോധമാണ് അവരെ പരമ്പരാഗത ബോധ്യങ്ങളിൽ നിന്നു വേർതിരിച്ചു നിർത്തിയത്. സാഹിത്യത്തെ കേവലം രൂപമായോ രചയിതാവിന്റെ മാനസികചോദനങ്ങളുടെ ആവിഷ്കാരമായോ, സാമൂഹിക-സാംസ്കാരിക പരിതോവസ്ഥകളുടെ ഉപോത്പന്നമായോ കാണുന്ന കലാസൈദ്ധാന്തികതയെ, ചിഹ്നശാസ്ത്രപരതയുടെ വെളിച്ചത്തിൽ അവർ നിരാകരിക്കുന്നു. ഭാഷാഘടകങ്ങളുടെ പ്രവർത്തനം, അവയുടെ പരസ്പര വ്യതിരിക്തത, ഈ ഘടകങ്ങളിലൂടെ രൂപപ്പെടുന്ന വ്യവസ്ഥ എന്നിവയിലാണ് പ്രാഗ് സ്കൂൾ ശ്രദ്ധവയ്ക്കുന്നത്.

▶ ധൈഷണികം, വൈകാരികം, കാവ്യാത്മകം, ആശയവിനിമായാത്മകം

'ഒരു ഭാഷ, ഉള്ളടക്കത്തിന്റെയും അതിന്റെ ആവിഷ്കാരത്തിന്റെയും ആകെത്തുകയാണ്. ഒരു തുടർച്ചാക്രമവും ഘടനയും ഒരോ ഭാഷയ്ക്കുമുണ്ട്. ഉള്ളടക്കവും അതിന്റെ ആവിഷ്കാരവും വിനിമയവും (കൈമാറ്റം) വഴി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇതാണ് കോപ്പൻ ഹേഗൻ (Copenhagen) സ്കൂളിന്റെ മുഖ്യ കാഴ്ചപ്പാട്. ഘടനാപരമായ ഭാഷാശാസ്ത്രത്തിന്റെ (Structural Linguistics) കേന്ദ്രമായിരുന്നു കോപ്പൻ ഹേഗൻ സ്കൂൾ. ജനീവാ സ്കൂളും പ്രാഗ്സ്കൂളും ചേർന്ന ഘടനാവാദത്തിന്റെ ഏറ്റവും പ്രധാന കേന്ദ്രങ്ങളിലൊന്നായിരുന്നു ഇത്. സൊസ്സ്യൂറിയൻ ചിന്തകളെ ഏറെ പിന്തുടരുകയും, യുക്തിയെയും വ്യാകരണത്തെയും പരസ്പരം ബന്ധിപ്പിക്കുകയും ചെയ്ത കോപ്പൻ ഹേഗൻ സ്കൂൾ ഭാഷാചിഹ്നങ്ങളുടെ മനഃശാസ്ത്രപരമായ വ്യാഖ്യാനത്തിലാണ് ഏറെ ശ്രദ്ധ ചെലുത്തിയത്. ലൂയിസ് ഹ്ജെൽമ്സ്ലേവ് (Louis Hjelmslev) എന്ന ഡാനിഷ് ഭാഷാശാസ്ത്രജ്ഞന്റെ ആശയങ്ങളാണ് കോപ്പൻ ഹേഗൻ സ്കൂളിന് ആധാരമായി വർത്തിച്ചത്. 1926-ൽ സ്ഥാപിതമായ പ്രാഗ്ഭാഷാ സർക്കിളായിരുന്നു ഇവരുടെ മുഖ്യ പ്രചോദനം.

▶ കോപ്പൻ ഹേഗൻ സ്കൂൾ

ജനീവാ സർവകലാശാലയിലെ അധ്യാപകനായിരുന്ന സ്വിസ് ഭാഷാശാസ്ത്രജ്ഞൻ, ഫെർഡിനാന്റ് ഡി. സൊസ്സ്യൂറിന്റെ (1857-1913) ചില ചിന്തകളാണ് ഘടനവാദത്തിന് വിത്തു പാകിയതെന്നു നേരത്തേ പറഞ്ഞുവല്ലോ. ഈ ഘടനാത്മക ഭാഷാശാസ്ത്ര ചിന്തകൾ, പില്ക്കാലത്ത് സാഹിത്യം, നരവംശശാസ്ത്രം, മനഃശാസ്ത്രം മുതലായ മേഖലകളെയും സ്വാധീനിക്കുകയുണ്ടായി. പത്തൊൻപതാം ശതകത്തിലെ ഭാഷാവിജ്ഞാനത്തിന്റെ ചരിത്രപരവും താരതമ്യപരവുമായ ഭാഷാപഠനങ്ങളുടെ നിഷേധം എന്ന നിലയിലാണ് അദ്ദേഹത്തിന്റെ ചിന്തകൾ പ്രസിദ്ധമായത്. 1916നും 1919നും ഇടയിൽ സൊസ്സ്യൂർ നടത്തിയ പ്രഭാഷ

ണങ്ങളെക്കുറിച്ചുള്ള കുറിപ്പുകളിൽ നിന്നും സമാഹൃതമായതും, ചാൾ സ്ബാലിയും ആൽബർട്ട് സെഷേയും ചേർന്നു പ്രസിദ്ധീകരിച്ചതുമായ 'കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ്' ആണ് സൊസ്സ്യൂറിയൻ ചിന്ത കൾക്ക് ആധാരം. ഭാഷാപഠനത്തിനുള്ള രണ്ടു വ്യത്യസ്ത മാതൃകകളാ ണ് ഏകാലിക (synchronic)വും ബഹുകാലിക (diachromic)വുമായ സമീ പനങ്ങൾ. ഭാഷയുടെ ചരിത്രപരമായ പഠനമാണ് ബഹുകാലികപഠനം. ഭാഷാപഠനത്തിൽ, ഏകകാലിക പഠനത്തിന്റെ പ്രസക്തി ചൂണ്ടിക്കാട്ടുക യാണ് സൊസ്സ്യൂർ ചെയ്തത്. ഭാഷണത്തെ അധികരിച്ച് അതിനു പിന്നി ലുള്ള വ്യവസ്ഥ പൂർണമായും മനസിലാക്കാൻ ഏകകാലിക സമീപനം തന്നെയാണ് യുക്തമെന്നായിരുന്നു സൊസ്സ്യൂറിന്റെ വാദം. ഒരു പ്രത്യേക ഭാഷയെ ഒരു പ്രത്യേക കാലത്തെ അധികരിച്ചു പഠിക്കുന്ന സമീപനമാ ണ് ഏകകാലിക പഠനം അനുവർത്തിക്കുന്നത്. ഇത്തരത്തിലുള്ള സമീപ നം കൊണ്ടു മാത്രമേ, ഭാഷയെ വ്യവസ്ഥാപിതമാക്കിയിരിക്കുന്ന ഘടന പരമായ അംശങ്ങളെ ശരിയായി തിരിച്ചറിയാൻ കഴിയുകയുള്ളൂ എന്നു സൊസ്സ്യൂർ വാദിച്ചു. ഭാഷോത്പത്തി, വികാസപരിണാമങ്ങൾ എന്നിവ യിൽ മാത്രം ശ്രദ്ധ ഊന്നിയിരുന്ന സമകാല ഭാഷാവിജ്ഞാനീയത്തിന്റെ (Philology) നിരാകരണമായിരുന്നു സൊസ്സ്യൂറിന്റെ ചിന്തകൾ.

▶ 'കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ്'

ഭാഷയിലെ ചിഹ്നങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം, സംയോജനാ ത്മകതലം (Syntagmatic), സാദൃശ്യാത്മകതലം (Paradigmatic) എന്ന് രണ്ടു തലങ്ങളിലായാണ് നിലനില്ക്കുന്നതെന്നായിരുന്നു സൊസ്സ്യൂറിന്റെ പക്ഷം. നാമം, സർവനാമം, ക്രിയ തുടങ്ങി ഘടനാപരമായി തുല്യത യുള്ളവ തമ്മിലുള്ള ബന്ധമാണ് സദൃശ്യാത്മക തലത്തിൽ ചർച്ച ചെ യ്യുന്നത്. ഇവയെ വാക്യഘടനയിൽ വരുമ്പോൾ മാറി ഉപയോഗിക്കാൻ കഴിയും. 'കാക്ക കരഞ്ഞു' എന്നതിനു പകരം 'തത്ത കരഞ്ഞു' എന്ന് പറയാൻ കഴിയുന്നത് ഈ പദങ്ങൾക്ക് ഘടനാത്മകമായ തുല്യതയുള്ള തുകൊണ്ടാണ്. സദൃശ്യാത്മകതലത്തിലുള്ള ഭാഷാഘടകങ്ങളെ ഒന്നിനു പകരം മറ്റൊന്ന് എന്നവിധത്തിൽ സംസ്ഥാപിക്കാൻ കഴിയുമെന്നതിനാൽ ഇതിനെ 'ഭാഷയുടെ ലംബതലം' എന്നു വിളിക്കാം. ഭാഷാഘടകങ്ങളെ രേഖീയമായി അനുക്രമമായി ബന്ധിപ്പിക്കാൻ കഴിയുന്നിടത്താണു ഭാഷ യുടെ സംയോജനാത്മകതലത്തിന് പ്രാധാന്യം. ചിഹ്നങ്ങൾ, മുൻ, പിൻ ക്രമത്തിൽ കണ്ണി ചേരുന്നത് ഈ സംയോജനതലത്തിലാണ്. കർത്താവ്, കർമ്മം, ക്രിയ എന്ന ഭാഷാക്രമം ഓർക്കുക, ആകാംഷ, വർണവിന്യാസ നം, വ്യാകരണം എന്നൊക്കെ പറയാവുന്ന സങ്കല്പമാണിത്. ഈ രണ്ടു തലങ്ങളുടെയും പരസ്പരബന്ധമാണ് ഭാഷയുടെ 'സിസ്റ്റം' രൂപപ്പെ ടുത്തുന്നത്. സദൃശ്യാത്മകതലത്തിൽ നിന്നുള്ള തെരഞ്ഞെടുപ്പും സം യോജനാത്മക തലത്തിലുള്ള കൂട്ടിച്ചേർക്കലുമാണ് ഭാഷാഘടനയുടെ സാധുത നിർണയിക്കുന്നത്. ഇത് ഓരോ ഭാഷയ്ക്കും ഓരോ തരത്തി ലായിരിക്കും. ഭാഷാപഠനത്തിന് വരമൊഴിയെ മാത്രം അവലംബിക്കുന്ന പൂർവമാതൃകകളെയും സൊസ്സ്യൂർ നിരാകരിച്ചു. വാമൊഴിയെ ഭാഷാപ ഠനത്തിന് അവലംബമാക്കാമെന്ന അദ്ദേഹത്തിന്റെ വാദം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്.

▶ സൊസ്സ്യൂറിന്റെ ചിഹ്നസങ്കല്പനം

ചിഹ്നങ്ങളുടെ രൂപവത്കരണം, പ്രവർത്തനം എന്നിവയെ സംബന്ധി ച്ചുള്ള വിശദമായ പഠനമാണ് ചിഹ്നവിജ്ഞാനീയം അഥവാ സെമിയോള ജി എന്ന ശാസ്ത്രശാഖയുടെ അടിസ്ഥാനം. ചിഹ്നങ്ങളുടെ അനന്തമായ

അർഥസാധ്യതയാണ് ഇവിടുത്തെ അന്വേഷണ വിഷയം. മനുഷ്യനിർമ്മിതവും വ്യവസ്ഥാപിതവുമായ എന്തിനെയും ചിഹ്നം(sign) എന്നു പരിഗണിക്കാം. സൂചക(significance)വും സൂചിത(signified)വും ചേർന്ന ഒരു വ്യവസ്ഥയാണ് ചിഹ്നത്തെ അർഥവത്താക്കുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ സൂചകം ശബ്ദബിംബവും അതിൽ വായിച്ചെടുക്കുന്ന ആശയം/അർഥം സൂചിതവുമാണ്.

▶ ചിഹ്നങ്ങളുടെ അനന്തമായ അർഥസാധ്യത

ഉദാ.

ചിഹ്നം : കഴുത

സൂചകം : ക് + അ + ഴ്+ ഉ + ത് + അ (കഴുത)എന്ന ശബ്ദ ബിംബം

സൂചിതം : കഴുത എന്ന ശബ്ദബിംബം മനസിലുണ്ടാക്കുന്ന ജീവിയുടെ രൂപം

ഇവ രണ്ടും (സൂചക, സൂചിതങ്ങൾ) പരസ്പരബദ്ധമാണ്. ഒരോ ഭാഷാചിഹ്നത്തിലും ഒരു ശബ്ദബിംബവും അതിന്റെ അർഥബിംബവും ഉൾച്ചേർന്നിരിക്കും. ചിഹ്നം നേരിട്ട് ഒരു വസ്തുവിനെയും കുറിക്കുന്നില്ല. മറിച്ച് അവയുടെ പരസ്പരബന്ധം പുരസ്കരിച്ചാണ് ചിഹ്നങ്ങൾ മൂല്യം കൈവരിക്കുന്നത്. ഭാഷയുടെ ആന്തരിക നിയമങ്ങൾക്കനുസൃതമായാണ് ഓരോ ഭാഷയിലും ചിഹ്നങ്ങൾ രൂപവത്കൃതവും പ്രവർത്തനക്ഷമവുമാകുന്നത്. ചിഹ്നങ്ങളുടെ ശാസ്ത്രീയ വിശകലനത്തിന്, അതുൾപ്പെട്ട ഭാഷാവ്യവസ്ഥയെയാണ് പ്രമാണീകരിക്കേണ്ടത്. ഓരോ ഭാഷയിലെ ചിഹ്നങ്ങളും ആ ഭാഷ സംസാരിക്കുന്നവർക്കേ മനസിലാകുകയുള്ളൂ. ഭാഷാവ്യവസ്ഥയെപ്പറ്റിയുള്ള പൊതുധാരണയാണിതിനു കാരണം. ഉദാഹരണത്തിന് 'പൂച്ച' എന്ന ശബ്ദം എടുക്കുക. മലയാള ഭാഷാചിഹ്നവ്യവസ്ഥയ്ക്കുള്ളിൽ പ്രത്യക്ഷമാകുന്ന നിമയവ്യവസ്ഥയാണ് 'പൂച്ച' എന്ന ചിഹ്നത്തിൽ സൂചക-സൂചിത ബന്ധം നിർണയിക്കുന്നത്. ഓരോ ഭാഷയിലെയും ചിഹ്നങ്ങൾക്ക് ആ ഭാഷയിൽ മാത്രമേ പ്രസക്തിയുള്ളൂ. പൂച്ചയെക്കുറിക്കുന്ന വിവിധ ഭാഷാസംജ്ഞകൾ, ഒരേ ജീവിയെ സൂചിപ്പിക്കുന്നവെങ്കിലും (സൂചകങ്ങൾ എന്ന നിലയിൽ) വ്യത്യസ്ഥ ഭാഷയിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ അവയ്ക്കു പരസ്പരബന്ധം ഒന്നും തന്നെയില്ല. ഭാഷയുടെ സ്വേച്ഛാപരതയാണ് ഇതിനു കാരണം. ഭാഷയിലെ ഒരു ചിഹ്നത്തിന് എപ്പോഴും ഒരേ അർഥമാകണമെന്നുമില്ല.

▶ ശബ്ദബിംബവും അർഥബിംബവും

'നിൻകുടിയൊഴിഞ്ഞീടണം, ഈ ഞാൻ

നിൻ കുടിയൊഴിപ്പിക്കുമെങ്കിൽ' (കുടിയൊഴിക്കൽ-വൈലോപ്പിള്ളി)

എന്നതിലെ 'കുടി' എന്ന ചിഹ്നത്തിന് മദ്യപാനം എന്നും, താമസസ്ഥലം എന്നുമാണ് അർഥം. മലയാളഭാഷയുടെ വ്യവസ്ഥയ്ക്കുള്ളിൽ, 'കുടി' എന്ന ചിഹ്നത്തിന് ഉത്പാദിപ്പിക്കാൻ കഴിയുന്ന അർഥസാധ്യതകളാണ് ഈ വിന്യാസം സാധ്യമാകുന്നത്.

▶ സൂചക-സൂചിതങ്ങൾ

വ്യവസ്ഥാപിതമായ ഭാഷാമാതൃകകളുടെ സഞ്ചയത്തെ അഥവാ ഭാഷണ സമൂഹം ഉപയോഗപ്പെടുത്തുന്ന സമഗ്രമായ വ്യാകരണവ്യവസ്ഥയെ ഉപയോഗപ്പെടുത്താൻ സൊസ്സ്യൂർ നിർദ്ദേശിച്ച സംജ്ഞയാണ്

SGOU

‘ലാങ്’. ഭാഷണവേളയിൽ, വ്യക്തികൾക്കു തെറ്റുകളും തടസ്സങ്ങളും വ്യാകരണപ്പിഴവുകളുമൊക്കെ സ്വാഭാവികമായി സംഭവിക്കാറുണ്ട്. ഇത് ഭാഷാബോധമില്ലാത്തതുകൊണ്ടു സംഭവിക്കുന്നതാകണമെന്നില്ല; സാന്ദർഭികമായി സംഭവിച്ചുപോകുന്നതാകാം. ഭാഷയെക്കുറിച്ച് നല്ല ബോധമുള്ള ആളിനും ചിലപ്പോൾ ഇത് സംഭവിച്ചേക്കാം. ഭാഷാബോധവും ഭാഷാപ്രയോഗവും അപ്പോൾ വ്യത്യസ്തങ്ങളാണെന്നു വരുന്നു. ഭാഷാപ്രയോക്താക്കളുടെ സമൂഹത്തിനു ഭാഷയെക്കുറിച്ചുള്ള ധാരണ എന്ന നിലയിൽ ഭാഷാബോധമോ ഭാഷാസ്വരൂപമോ തന്നെയോ ആണ് ‘ലാങ്’ എന്നു പറയാം. ഒരു സുഘടിത സാമൂഹിക പ്രതിഭാസവും പദാവലി വ്യാകരണവ്യവസ്ഥകളുടെ ആകെത്തുകയുമാണത്. ഭാഷണത്തിൽ നൈപുണി പ്രയോഗിക്കാൻ സമൂഹം സ്വീകരിച്ചിട്ടുള്ള അനുപേക്ഷണീയമായ, നിർവ്യക്തികമായ ചിട്ടകളുടെ സമാഹാരമെന്നും ഭാഷയിൽ പ്രസക്തമായ സകല വ്യവസ്ഥകളുടെയും ഘടനകളുടെയും സഞ്ചയം എന്നും ‘ലാങ്ങി’നെ വിശേഷിപ്പിക്കാം.

- ലാങ്
- ഭാഷാബോധവും ഭാഷാപ്രയോഗവും

വ്യക്തിനിഷ്ഠമായ ഭാഷാപ്രയോഗമാണ് ‘പരോൾ’. ഓരോ വ്യക്തിയും ഭാഷ പ്രയോഗിക്കുമ്പോൾ ഭിന്നമായ പല അംശങ്ങളും അതിൽ കലരാറുണ്ട്. ഇതെല്ലാം ‘പരോൾ’ എന്ന സങ്കല്പനത്തിന്റെ പരിധിയിൽ വരുന്നു. ഉദാഹരണമായി ഒരു ഫുട്ബോൾ കളി ഒരു പരോളാണെന്ന് സങ്കല്പിക്കാം. ടീമിലെ ഓരോ അംഗത്തിനും കളിക്കുന്നതിന് തനതു ശൈലിയുണ്ടായിരിക്കുമല്ലോ. ഈ തനതു ശൈലികളുടെ സഞ്ചയമാണ് ‘പരോൾ’. കളിക്കാരും റഫറിയും പാലിക്കുന്ന ചിട്ടകൾ ചേർന്ന വ്യവസ്ഥയെ ‘ലാങ്’ എന്ന് കരുതാം.

- പരോൾ

‘ലാങ്’ ഭാഷയെയും ‘പരോൾ’ ഭാഷണത്തെയും സൂചിപ്പിക്കുന്നു. ഭാഷാഘടകങ്ങളായ ചിഹ്നങ്ങളെയും പ്രവർത്തനങ്ങളെയും നിർണയിക്കുന്ന നിയമങ്ങളുടെ ആകെത്തുകയാണ് ‘ലാങ്’. അമൂർത്തമായ ഭാഷാവ്യവസ്ഥയെ ഉപയോഗിച്ച് ഓരോ ആളും നടത്തുന്ന സംസാര രൂപേണയുള്ള ആവിഷ്ക്കാരം അഥവാ ഭാഷണമാണ് ‘പരോൾ’.

- ചിഹ്നങ്ങളെയും പ്രവർത്തനങ്ങ-ളെയും നിർണയിക്കുന്ന നിയമങ്ങൾ

സൊസ്സ്യൂറിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഭാഷയിലെ സ്വനിമം എന്ന സങ്കല്പത്തെ സൈദ്ധാന്തികതലത്തിൽ വികസിപ്പിച്ചെടുത്ത ഭാഷാശാസ്ത്രജ്ഞനാണ് റോമൻ യാക്കോബ്സൺ (1896-1982). സ്വനിമങ്ങളുടെ അർഥവ്യാവർത്തനവുമായി ബന്ധപ്പെട്ട ആശയത്തെ വികസിപ്പിച്ച്, സ്വനിമ വിജ്ഞാനം എന്ന ശാഖയുടെ വളർച്ചയ്ക്ക് സംഭാവനകൾ നല്കിയതും യാക്കോബ്സൺ തന്നെയാണ്. ഭാഷാശാസ്ത്രം ചിഹ്നശാസ്ത്രത്തിന്റെയും ചിഹ്നശാസ്ത്രം ആശയവിനിമയ ശാസ്ത്രത്തിന്റെയും ഭാഗമാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. ‘ആശയവിനിമയം’ എന്ന സങ്കല്പം, നരവംശ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം എന്നീ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ സാമൂഹികമായ എല്ലാ കൊടുക്കൽ വാങ്ങലുകളുടെയും ഭാഗം മാത്രമാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

- യാക്കോബ്സൺ

‘ആശയവിനിമയം’ നിർവഹിക്കാൻ സഹായകമായ ചിഹ്നവ്യവസ്ഥ എന്ന നിലയിലാണ് യാക്കോബ്സൺ ഭാഷയെ കണക്കാക്കുന്നത്. ഭാഷയുടെ ചരിത്രപരമായ അംശങ്ങളെ പരിഗണിച്ചുകൊണ്ട് സൊസ്സ്യൂറിന്റെ ഏകകാലിക സമീപനത്തിനു പുറംതിരിഞ്ഞു നിൽക്കുന്ന സമീപനമാ

> ▶ ആശയ വിനിമയം നിർവഹിക്കാൻ സഹായകമായ ചിഹ്നവ്യവസ്ഥ

ണു യാക്കോബ്സൺ പുലർത്തുന്നത്. ഭാഷ ഒരു വ്യവസ്ഥയാണെന്നും വ്യവസ്ഥയിലെ ഘടകങ്ങൾ മാറുമ്പോൾ വ്യവസ്ഥയിലെ പരസ്പരബന്ധങ്ങൾക്കൂടി മാറുമെന്നും അതുകൊണ്ട് ഭാഷയെ ഒരു പ്രത്യേക കാലത്തെ മാറ്റമില്ലാത്ത വ്യവസ്ഥയായി നിർണയിക്കുന്നത് ശാസ്ത്രീയമല്ലെന്നും അദ്ദേഹം വാദിച്ചു. സൊസ്സ്യൂറിന്റെ സൂചക-സൂചിത ബന്ധവും യാക്കോബ്സണിന് സ്വീകാര്യമായിരുന്നില്ല.

ഭാഷയുടെ ആറുതരം പ്രവർത്തനങ്ങൾ, ഭാഷാപഗ്രഥനവേളയിൽ യാക്കോബ്സൺ ചൂണ്ടിക്കാട്ടുന്നു. അവ യഥാക്രമം റഫറൻഷ്യൽ, ഇമോട്ടീവ്, ഫാറ്റിക്, പൊയറ്റിക്, കൊഗ്നേറ്റീവ്, മെറ്റാലിങ്ഗ്വൽ എന്നിവയാണ്.

1. റഫറൻഷ്യൽ (സൂചനാത്മകം) ഭാഷാപ്രവർത്തനങ്ങളിൽ പ്രധാനമാണ് ശ്രോതാവുമായി വിവരങ്ങൾ പങ്കിടുക എന്നത്. വസ്തുനിഷ്ഠ വിവരണത്തിനുപയോഗിക്കുന്ന ഭാഷയാണിത്. ഉദാ. ആറു ശതമാനം വില വർദ്ധിച്ചതിനാൽ ഞാൻ കാറു വാങ്ങുന്നില്ല.
2. ഇമോട്ടീവ് (വൈകാരികം) - വക്താവിന്റെ വികാരങ്ങൾ, ആഗ്രഹങ്ങൾ, മാനസികാവസ്ഥകൾ എന്നിവയെ വ്യാഖ്യാനിക്കാൻ സഹായിക്കുന്നതാണിത്.
   ഉദാ. 'അയ്യോ ! കഷ്ടം'
3. ഫാറ്റിക് (സമ്പർക്കാത്മകം) - സാമൂഹിക ബന്ധക്രമങ്ങൾ ദീക്ഷിക്കുവാൻ മാത്രം ഉപയോഗിക്കുന്ന ഔപചാരികഭാഷ.
   ഉദാ. 'നിങ്ങൾക്കു സുഖമല്ലേ?' 'അതേ സുഖം തന്നെ!'
4. പൊയറ്റിക് (കാവ്യാത്മകം) - ഭാഷാപ്രയോഗത്തിന്റെ സൗന്ദര്യാത്മകതലമാണിത്. ആലങ്കാരിക ഭാഷാപ്രയോഗമാണിതിന്റെ പ്രത്യേകത.
   ഉദാ. 'മറ്റാർക്കും കഴിയാത്തവിധം എത്ര ഭംഗിയായാണ് നിങ്ങളിതു ചെയ്തത്! അവിശ്വസനീയം തന്നെ!'
5. കൊഗ്നേറ്റീവ്, (ആവർജനപരം) - സന്ദേശഗ്രാഹകനിൽ (ശ്രോതാവിന്) ശ്രദ്ധയൂന്നുന്ന ഭാഷ. അതായത് അഭിസംബോധന ചെയ്യപ്പെടുന്ന ആളിന്റെ പ്രതികരണം ഉദ്ദേശിച്ചുള്ളതാണിത്.
   ഉദാ. 'ഇതൊന്നു കണ്ടെത്താൻ എന്നെ സഹായിക്കാമോ?'
6. മെറ്റാലിങ്ഗ്വൽ (അതിഭാഷാപരം) - ഭാഷയെക്കുറിച്ചുള്ള ഭാഷയാണിത്. വാക്കുകളുടെ നിർദ്ധാരണം, ഘടന മുതലായവയാണ് ഇതിൽ മുഖ്യം.
   ഉദാ. 'നിങ്ങൾ മലയാളം തന്നെയാണോ സംസാരിക്കുന്നത്?' 'ഇത് എന്താണർഥമാക്കുന്നത്?'

> ▶ ഭാഷയുടെ 6 തരം പ്രവർത്തനങ്ങൾ

തത്വചിന്ത, നരവംശശാസ്ത്രം, സാഹിത്യസിദ്ധാന്തങ്ങൾ എന്നിങ്ങനെ ഭാഷാശാസ്ത്രേതര മേഖലകളിലേക്കുപോലും ഘടനാപരമായ ചിന്തകളെ സന്നിവേശിപ്പിക്കാൻ സാധിച്ചു എന്നിടത്താണു യാക്കോബ്സൺ ശ്രദ്ധേയനാകുന്നത്.

▶ ഘടനാചിന്തകളുടെ ഉറപ്പിക്കൽ

## Summarised Overview

ആധുനിക ഭാഷാശാസ്ത്രത്തിലെ ഘടനാത്മക ചിന്തകളുടെ പ്രോദ്ഘാടക സ്ഥാനം സൊസ്സ്യൂറിനു അവകാശപ്പെട്ടതാണ്. ഭാഷാശാസ്ത്രാധിഷ്ഠിതമായ സിദ്ധാന്തങ്ങൾ പ്രധാനമായും അമേരിക്കൻ-യൂറോപ്യൻ പാരമ്പര്യങ്ങളുടെ സംഭാവനകളാണെന്ന് പറയാം. കലാസാഹിത്യവിചാരങ്ങൾ ചിഹ്നസങ്കല്പനങ്ങളാണെന്ന റഷ്യൻ ഫിലോസഫിയുടെ തുടർച്ചയായ പ്രാഗ് സ്കൂളും കോപ്പൺ ഹേഗൻ സ്കൂളും മറ്റുമാണ് ഭാഷയുടെ ഘടനാത്മകവശങ്ങളെപ്പറ്റി കൂടുതൽ പരിചിന്തിച്ചത്. ഭാഷാപഠനത്തിൽ, ഏകകാലിക സമീപനത്തിന്റെ പ്രസക്തി തിരിച്ചറിയപ്പെട്ടു തുടങ്ങിയത് സൊസ്സ്യൂറിലൂടെയാണെന്ന് പറയാം. ഒരർഥത്തിൽ ഫിലോളജിയുടെ നിരാകരണമായിരുന്നു അദ്ദേഹത്തിന്റെ ചിന്തകൾ. ഭാഷയിലെ ചിഹ്നങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും അവ നിലയുറപ്പിച്ചിരിക്കുന്ന വ്യത്യസ്ത തലങ്ങളും നിർദ്ധാരണം ചെയ്ത സൊസ്സ്യൂർ, വാമൊഴിയെ ഭാഷാപഠനത്തിൽ ഗണനീയമായിത്തന്നെ അവലംബിക്കാമെന്നു വാദിച്ചു. ചിഹ്നം, സൂചിതം, ലാംങ്, പരോൾ എന്നിങ്ങനെയുള്ള സംജ്ഞകൾ സുവിദിതമാക്കിയ സൊസ്സ്യൂറിൽ നിന്നു പ്രചോദനമുൾക്കൊണ്ടാണ് യാക്കോബ്സൺ സ്വനിമസിദ്ധാന്തം അവതരിപ്പിച്ചത്. ഭാഷാശാസ്ത്രം ചിഹ്നശാസ്ത്രത്തിന്റെയും ചിഹ്നശാസ്ത്രം ആശയവിനിമയത്തിന്റെയും ഭാഗമാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. ഭാഷയുടെ ആറുതരം പ്രവർത്തനങ്ങളെക്കുറിച്ചും ഭാഷാശാസ്ത്രേതര മേഖലകളിലെ ഘടനാത്മകതയെക്കുറിച്ചും വിശദമാക്കിയ യാക്കോബ്സൺ അടക്കമുള്ളവരിലൂടെയാണ് യൂറോപ്യൻ ഭാഷാശാസ്ത്രധാര വികാസം പ്രാപിച്ചത്. ചിഹ്നങ്ങളുടെ രൂപവത്കരണം, പ്രവർത്തനം എന്നിവയെ സംബന്ധിച്ചുള്ള വിശദമായ പഠനമാണ് ചിഹ്നവിജ്ഞാനീയം അഥവാ സെമിയോളജി. മനുഷ്യനിർമ്മിതവും വ്യവസ്ഥാപിതവുമായ എന്തിനെയും ചിഹ്നം (sign) എന്നു പരിഗണിക്കാം. സൂചക(significance)വും സൂചിത(signified)വും ചേർന്ന ഒരു വ്യവസ്ഥയാണ് ചിഹ്നത്തെ അർഥവത്താക്കുന്നത്. സൂചക-സൂചിതങ്ങൾ പരസ്പര ബദ്ധമാണ്. ഒരോ ഭാഷാചിഹ്നത്തിലും ഒരു ശബ്ദബിംബവും അതിന്റെ അർഥബിംബവും ഉൾച്ചേർന്നിരിക്കും. ഓരോ ഭാഷയിലെയും ചിഹ്നങ്ങൾക്ക് ആ ഭാഷയിൽ മാത്രമേ പ്രസക്തിയുള്ളു.

വ്യവസ്ഥാപിതമായ ഭാഷാമാതൃകകളുടെ സഞ്ചയത്തെ അഥവാ ഭാഷണ സമൂഹം ഉപയോഗപ്പെടുത്തുന്ന സമഗ്രമായ വ്യാകരണവ്യവസ്ഥയെ ഉപയോഗപ്പെടുത്താൻ സൊസ്സ്യൂർ നിർദ്ദേശിച്ച സംജ്ഞയാണ് 'ലാങ്'. ഭാഷയിൽ പ്രസക്തമായ സകല വ്യവസ്ഥകളുടെയും ഘടനകളുടെയും സഞ്ചയം എന്നും 'ലാങ്ങി'നെ വിശേഷിപ്പിക്കാം. വ്യക്തിനിഷ്ഠമായ ഭാഷാപ്രയോഗമാണ് 'പരോൾ'. ഓരോ വ്യക്തിയും ഭാഷപ്രയോഗിക്കുമ്പോൾ ഇതര ഭിന്നമായ പല അംശങ്ങളും അതിൽ കലരാറുണ്ട്. സൊസ്സ്യൂറിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഭാഷയിലെ 'സ്വനിമം' എന്ന സങ്കല്പത്തെ സൈദ്ധികതലത്തിൽ വികസിപ്പിച്ചെടുത്ത ഭാഷാശാസ്ത്രജ്ഞനാണ് റോമൻ യാക്കോബ്സൺ. ആശയ വിനിമയം നിർവഹിക്കാൻ സഹായകമായ ചിഹ്നവ്യവസ്ഥ എന്ന നിലയിലാണ് യാക്കോബ്സൺ ഭാഷയെ കണക്കാക്കുന്നത്. ഭാഷയുടെ ആറുതരം പ്രവർത്തനങ്ങൾ, ഭാഷാപഗ്രഥനവേളയിൽ യാക്കോബ്സൺ ചൂണ്ടിക്കാട്ടുന്നു. അവ യഥാക്രമം റഫറൻഷ്യൽ, ഇമോട്ടീവ്, ഫാറ്റിക്, പൊയറ്റിക്, കൊഗ്നേറ്റിവ്, മെറ്റാലിങ്ഗ്വൽ എന്നിവയാണ്.

# Assignments

1. ഏകകാലിക ഭാഷാപഠനത്തിന്റെ പ്രസക്തി തിരിച്ചറിയപ്പെട്ടതോടുകൂടി ഭാഷാശാസ്ത്ര മേഖലയിൽ സംഭവിച്ച സമീപന വ്യതിയാനങ്ങൾ എന്തെല്ലാമെന്ന്? വിശദമാക്കുക.
2. സൊസ്സ്യൂറും ഭാഷാശാസ്ത്രവും - ഉപന്യസിക്കുക.
3. ഭാഷാശാസ്ത്രത്തിലെ ഘടനാത്മകചിന്തകളും സൊസ്സ്യൂറിയൻ പാരമ്പര്യവും - വിശദമാക്കുക.
4. റോമൻ യാക്കോബ്സണും ഭാഷാശാസ്ത്രചിന്തകളും - ഉപന്യസിക്കുക.
5. 'ഭാഷാശാസ്ത്ര സ്കൂളുകൾ' - പ്രവർത്തന തത്വങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

# Suggested Readings


1. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി. എം. ഗിരീഷ്, ഭാഷയും അധികാരവും, ഐ ബുക്സ്, കോഴിക്കോട്.
3. സി. ജെ. ജോർജ്, വാക്കിന്റെ സാമൂഹിക ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. Hocket, Charles, A Course in Modern Linguistics Macmillan, New York.


# References


1. കെ. എം. പ്രഭാകരവാര്യർ, ഭാഷയും മനഃശാസ്ത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. എം. പ്രഭാകരവാര്യർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. Saussure, Ferdinand, A Course in General Linguistics, Wade Baskin, New York.
5. Chomsky, Noam, Aspects of theory of Syntax, MIT Press, Massachusetts.
6. Coupland, Nikolas & Adam Jaworsky, Sociolinguistics, Palgrave, London.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 2 ആധുനിക ഭാഷാശാസ്ത്രത്തിന്റെ അമേരിക്കൻ വിവരണാത്മകധാര

## Learning Outcomes

- ആധുനിക ഭാഷാശാസ്ത്രത്തിലെ വിവരണാത്മക(അമേരിക്കൻ)ധാര മനസിലാക്കുന്നു
- ബ്ലൂംഫീൽഡിന്റെ ഘടനാവാദചിന്തകളെക്കുറിച്ച് അറിവ് നേടുന്നു
- ബ്ലൂംഫീൽഡ് അവലംബിച്ച കണ്ടെത്തൽ പ്രക്രിയയെക്കുറിച്ച് ധാരണ ലഭിക്കുന്നു
- സപീർ, പൈക്ക് തുടങ്ങിയ ഭാഷാശാസ്ത്രജ്ഞരുടെ സമീപനങ്ങൾ പരിചയപ്പെടുന്നു

## Background

ഭാഷാശാസ്ത്രപഠനത്തിൽ ഘടനാവാദസമീപനത്തിന്റെ പ്രസക്തി ഉയർന്നുവന്നതും ഏക കാലിക വീക്ഷണങ്ങൾ കൂടുതൽ പ്രാധാന്യം നേടുന്നതും കഴിഞ്ഞ യൂണിറ്റിൽ നാം കണ്ടുകഴിഞ്ഞു. സൊസ്സ്യൂറും യാക്കോബ്സണും മറ്റും ഭാഷയെ ഒരു ചിഹ്നവ്യവസ്ഥ എന്ന നിലയിൽ സമീപിച്ചതോടെ ഭാഷാശാസ്ത്രപഠനത്തിന്റെ മേഖലകൾ വിപുലീകൃതമാകുകയും ഇതര മേഖലകളുടെ ഘടനാത്മക സ്വഭാവത്തെക്കുറിച്ചുള്ള ചിന്തകൾ കൂടുതലായി ഉയർന്നു വരികയും ചെയ്തു.

അമേരിക്കൻ ഐക്യനാടുകളിൽ ഘടനാവാദസമീപനങ്ങളുടെ അടിസ്ഥാനത്തിൽ ഭാഷാശാസ്ത്ര പഠനത്തിന് സവിശേഷമായ സ്വീകാര്യത ലഭിച്ചു എന്നു കാണാം. ബ്ലൂംഫീൽഡിനെപ്പോലെയുള്ള ഭാഷാശാസ്ത്രജ്ഞർ ആ നിലയിലുള്ള ആലോചനകൾക്ക് പ്രാധാന്യം നൽകി. ഘടനാവാദത്തിന്റെ സൈദ്ധാന്തിക ധാരകളുടെ ഉപജ്ഞാതാവ് എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഭാഷാശാസ്ത്രജ്ഞനാണ് ലിയനാർഡ് ബ്ലൂംഫീൽഡ്. എന്നാൽ അമേരിക്കൻ ഭാഷാശാസ്ത്രപാരമ്പര്യത്തിന്റെ സ്ഥാപകരിൽ പ്രധാനിയായി അറിയപ്പെടുന്നത് ഫ്രാൻസ് ബോസാ(Franz Boas)ണ്. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു എഡ്വേർഡ് സപീർ. യൂറോപ്യൻ പശ്ചാത്തലത്തിൽ, സൊസ്സ്യൂറിയൻ ചിന്തകൾ എത്രമാത്രം പ്രസക്തി കൈവരിച്ചുവോ, അതേ പ്രാധാന്യമാണ് അമേരിക്കയിൽ ബ്ലൂംഫീൽഡിന്റെ ഘടനാത്മക ചിന്തകൾക്ക് കൈവന്നത്. 1933-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'Language' എന്ന ഗ്രന്ഥമായിരുന്നു ബ്ലൂംഫീൽഡിയൻ ചിന്തകൾക്ക് ആധാരം. അദ്ദേഹത്തെ അനുഗമിച്ചുകൊണ്ട് എഡ്‌വേർഡ് സപീറും മറ്റും കടന്നു വന്നതോടുകൂടി അമേരിക്കൻ ഭാഷാശാസ്ത്രമേഖലയിൽ ഉരുത്തിരിഞ്ഞുവന്ന നൂതന ചിന്താപദ്ധതികളുടെ സംഗൃഹീത വിവരണമാണ് ഈ യൂണിറ്റിൽ അവതരിപ്പിക്കപ്പെടുന്നത്.

## Keywords

അമേരിക്കൻ ഘടനാവാദം - ബ്ലൂംഫീൽഡ്- സപീറിന്റെ ഭാഷാശാസ്ത്രചിന്തകൾ - സപീർ - വോർഫ് പരികല്പന - ഘടനയും അർഥവും - പൈക്ക്

# Discussion

## ബ്ലൂംഫീൽഡിന്റെ സൈദ്ധാന്തിക സമീപനങ്ങൾ

യൂറോപ്പിൽ സൊസ്സ്യൂറിന്റെ വീക്ഷണങ്ങളിൽ നിന്നു ഘടനാവാദം വളർന്നതുപോലെ, അമേരിക്കയിൽ അതു സംഭവിച്ചത് ബ്ലൂംഫീൽഡിന്റെ (1887-1949) സിദ്ധാന്തങ്ങളിൽ നിന്നായിരുന്നു. അമേരിക്കയിലെ ഘടനാപര-വിവരണാത്മകത (structural-descriptive) ഭാഷാശാസ്ത്രത്തിന്റെ സ്ഥാപക ബിംബമായാണ് അദ്ദേഹം അറിയപ്പെടുന്നത്. 1933-ൽ പ്രസിദ്ധീകൃതമായ 'Language' എന്ന പുസ്തകമാണ് ബ്ലൂംഫീൽഡിന്റെ വിവരണാത്മക ചിന്തകൾ ജനകീയമാക്കിമാറ്റിയത്. വസ്തുനിഷ്ഠനിരീക്ഷണങ്ങളിൽ പുലർത്തിയ കാർക്കശ്യമാണ് ബ്ലൂംഫീൽഡിനേയും 'ലാംഗ്വേജി'നേയും ശ്രദ്ധേയമാക്കിയത്. 1950-കളിൽ, ചോംസ്കിയൻ ജനറേറ്റിവ് വ്യാകരണസിദ്ധാന്തങ്ങൾക്ക് പ്രചാരമേറും വരെ അമേരിക്കൻ വിവരണാത്മക ഭാഷാശാസ്ത്രത്തിന്റെ അവസാന വാക്കായി പരിഗണിച്ചിരുന്നത് ബ്ലൂംഫീൽഡിനെയായിരുന്നു.

> ▶ അമേരിക്കൻ ഘടനാവാദവും ബ്ലൂംഫീൽഡും

ഭാഷാപരമായ അർഥങ്ങളുടെ ചിഹ്നങ്ങളെല്ലാം ഭൗതികഘടകങ്ങളെ ആധാരമാക്കി വിവരിക്കാവുന്ന രൂപപരമായ വസ്തുതകളെന്നായിരുന്നു ബ്ലൂംഫീൽഡിന്റെ ഘടനവാദപരമായ കാഴ്ചപ്പാട്. ലളിതവും സമഗ്രവും അവയവപ്പൊരുത്തവുമുള്ള ഒരു സിദ്ധാന്തത്തെ അധികരിച്ചുവേണം ഭാഷാപഗ്രഥനം നടത്തേണ്ടതെന്നായിരുന്നു അദ്ദേഹമുൾപ്പെട്ട അമേരിക്കൻ ധാരയുടെ മുഖ്യവാദം. 'സാർവലൗകികവ്യാകരണം' എന്ന കാഴ്ചപ്പാടിനെ നിരാകരിക്കുകയും ഒരോ ഭാഷയും വ്യതിരിക്തമാകയാൽ അതതു ഭാഷയുടെയും ഭാഷാഭേദങ്ങളുടെയും വ്യാകരണം തയ്യാറാക്കേണ്ടത് അതതിന്റെ അടിസ്ഥാനത്തിൽ തന്നെയാവണം എന്നും അവർ സിദ്ധാന്തിച്ചു. വാമൊഴിയുടെ മൗലികതയിലൂന്നിനിന്നുകൊണ്ട്, ദൃശ്യചിഹ്നത്തിലൂടെ ഭാഷണങ്ങളെ ആവിഷ്കരിക്കാനുള്ള ഒരു മാർഗം മാത്രമാണ് എഴുത്തെന്നും അതൊരു ഭാഷയാക്കാനേ കഴിയില്ലെന്നും അവർ കണ്ടെത്തുന്നു. ആവേദകൻ എന്ന നിലയിൽ മാതൃഭാഷാഭാഷകനായ ഒരു വ്യക്തിയെ വേണ്ടവിധം പ്രയോജനപ്പെടുത്തിയാൽ ഏതു ഭാഷയുടെയും വിവരണം തയ്യാറാക്കാൻ ഭാഷാശാസ്ത്രജ്ഞനു കഴിയും. ഇതിനു ബഹുഭാഷകൻ എന്നതിനെക്കാൾ ഭാഷാപഗ്രഥനത്തിനുള്ള നിപുണതയാണ് മുഖ്യമാനദണ്ഡം എന്നും ഇവർ കരുതുന്നു. ദത്തങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ള വിവരണാത്മക വ്യാകരണ പദ്ധതിയെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധ ചെലുത്തി.

> ▶ ബ്ലൂംഫീൽഡിന്റെ ഘടനാവാദപരമായ കാഴ്ചപ്പാട്

## എഡ്‌വേർഡ് സപീറിന്റെ ഭാഷാശാസ്ത്രചിന്തകൾ

ആധുനികഭാഷാശാസ്ത്രത്തിന്റെ വിവരണാത്മകധാരയിൽ ദൃഢപ്രതിഷ്ഠാപനം നേടിയ ഭാഷാശാസ്ത്രജ്ഞനാണു സപീർ. അമേരിക്കൻ വിവരണാത്മക ഭാഷാശാസ്ത്രത്തിൽ വൻവിസ്ഫോടനം സൃഷ്ടിച്ചവയായിരുന്നു സപീറിന്റെ ആദിവാസി ഭാഷാപഠനങ്ങൾ. 'ഭാഷയെയും സംസ്കാരത്തെയും ഒന്നിച്ചല്ലാതെ വേർതിരിച്ചു പഠിക്കാനാവില്ല. ഭാഷ

യെന്ന സംവേദന മാധ്യമമില്ലാത്ത ഒരു ജനതയും എങ്ങുമില്ല. അതിനാൽ ഭാഷ സാർവലൗകികമായ മാനവസമ്പത്താണ്. അപരിഷ്കൃതമെന്നോ പ്രാകൃതമെന്നോ വിശേഷിപ്പിക്കാവുന്ന ഒരു ഭാഷയും ഇല്ലതന്നെ'. ഇതായിരുന്നു സപീറിന്റെ കാഴ്ചപ്പാട്. ഭാഷാപഗ്രഥനത്തിനും വർഗീകരണത്തിനും സഹായകമായ മൂന്നുപാധികൾ ചൂണ്ടിക്കാട്ടിയതും അദ്ദേഹത്തിന്റെ മൗലിക സംഭാവനയാണ്. അവ താഴെച്ചേർക്കുന്നു.

▶ സപീറിന്റെ ഭാഷാശാസ്ത്രചിന്തകൾ

1. സങ്കല്പനധർമ്മം :

ദ്രവ്യക്രിയാഗുണങ്ങൾ, ലിംഗ-വചന-പുരുഷാദികൾ എന്നിവയെക്കുറിക്കുന്ന രൂപസിദ്ധി - രൂപനിഷ്പാദന പ്രത്യയങ്ങൾ, ആഖ്യ, ആഖ്യാതം, പദക്രമം.

2. രൂപപ്രക്രിയാസ്വഭാവം :

രൂപനിഷ്പാദന, രൂപസിദ്ധിപ്രത്യയങ്ങൾ ഉപയോഗിക്കാത്ത പ്രാകൃതകക്ഷ്യാഭാഷകൾ, പ്രത്യയചേർച്ച, സുതാര്യമായ സംശ്ലിഷ്ടകക്ഷ്യാഭാഷകൾ, സ്വരവ്യഞ്ജനങ്ങൾ, ദൈർഘ്യം, മുതലായവയ്ക്കു പലതരം മാറ്റം വരുന്ന സംഗ്രഥിതകക്ഷ്യാഭാഷകൾ.

3. സംശ്ലേഷണസമ്പ്രദായം :

അപഗ്രഥനാത്മക സ്വഭാവമുള്ള ഭാഷകൾ (ചൈനീസ്), ബദ്ധരൂപബഹുലമായ ഭാഷകൾ (മലയാളം), ബദ്ധരൂപിമങ്ങൾ, അണിനിരക്കുന്ന സംഘടിതകക്ഷ്യാ ഭാഷകൾ.

▶ സപീർ - വോർഫ് പരികല്പന

മനുഷ്യന്റെ ചിന്തയെ ഭാഷ ഏറെ സ്വാധീനിക്കുന്നു എന്ന സപീറിയൻ ആശയത്തിന്റെ വികാസമാണ് സപീർ - വോർഫ് പരികല്പനത്തിലൂടെ അദ്ദേഹത്തിന്റെ ശിഷ്യനായ വോർഫ് രൂപപ്പെടുത്തിയത്.

▶ ബ്ലൂംഫീൽഡ് അവലംബിച്ച കണ്ടെത്തൽ പ്രക്രിയ (discovery procedure)

സപീറും ബ്ലൂംഫീൽഡും ഉൾപ്പെട്ട അമേരിക്കൻ വിവരണാത്മകധാരപിൽകാല ഭാഷാപഠനങ്ങളെ ഗണ്യമായി സ്വാധീനിച്ചു. നിഷ്കൃഷ്ടമായ വസ്തുതാസമാഹരണം, ഭാഷണത്തിലെ വിവിധ ഏകകങ്ങളുടെ വിതരണം സൂക്ഷ്മവും സമഗ്രവുമായി പരിശോധിച്ചു നിയമങ്ങളിൽ എത്തിച്ചേരുക; ഇതാണ് ബ്ലൂംഫീൽഡ് അവലംബിച്ച കണ്ടെത്തൽ പ്രക്രിയ (discovery procedure)യുടെ സ്വഭാവം.

വസ്തുതകളുടെ ശേഖരണം, താരതമ്യം, താത്കാലിക നിഗമനങ്ങളിൽ എത്തിച്ചേരൽ, കൂടുതൽ തെളിവുകളുടെ വെളിച്ചത്തിലുള്ള പുനഃപരിശോധനയും തിരുത്തിയെഴുതലും, പ്രസക്തമായ ദത്തങ്ങളെ സമഗ്രവും വിശദവുമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ നിയമങ്ങളടങ്ങിയ വ്യാകരണങ്ങൾ എഴുതിയുണ്ടാക്കൽ - ഈയൊരു പൊതുമാർഗമവലംബിച്ചുകൊണ്ട് കടന്നുവന്ന ബ്ലൂംഫീൽഡിന്റെ അനന്തരഗാമികൾ 'നിയോ ബ്ലൂംഫീൽഡിയർ' എന്ന പേരിലാണ് അറിയപ്പെട്ടത്. ചാൾസ് ഹോക്കറ്റ്, എസ്. ഹാരിസ്, പൈക്ക് മുതലായവരായിരുന്നു ഇതിൽ പ്രമുഖർ. ബ്ലൂംഫീൽഡിൽ നിന്നു ശക്തിയാർജ്ജിച്ച അമേരിക്കൻ ഘടനാവാദകേന്ദ്രിതമായ വിവരണാത്മക ഭാഷാശാസ്ത്രത്തിന്റെ പ്രമാണങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം.

▶ ചാൾസ് ഹോക്കറ്റ്, എസ്. ഹാരിസ്, കെ. എൽ. പൈക്ക്

1. സാമൂഹിക പെരുമാറ്റമാണു ഭാഷ. അതിനെപ്പറ്റി സൂക്ഷ്മവും വസ്തുനിഷ്ഠവുമായ വിവരണങ്ങൾ തയ്യാറാക്കുകയും സാമാന്യവത്കരണങ്ങളിൽ എത്തിച്ചേരുകയുമാണ് ഭാഷാശാസ്ത്രം ചെയ്യുന്നത്.
2. സമഗ്രവും പ്രയോജനപ്രദവും പരസ്പരവിരുദ്ധമല്ലാത്തതുമായ ഒരു ശാസ്ത്രീയ സിദ്ധാന്തത്തിനു നിരക്കുന്ന വിധമായിരിക്കണം ഭാഷാപഗ്രഥനവും വിവരണവും.
3. ഉച്ചരിത സ്വനവ്യവസ്ഥയാണു ഭാഷ. വാമൊഴിയാണു പ്രധാനം. എഴുത്ത് ഭാഷയല്ല, കേവലമായ ഒരു ലേഖന ഉപായം മാത്രമാണത്.
4. പ്രകൃത്യാനിർദിഷ്ടമെന്നോ സ്വാഭാവികമെന്നോ വിശേഷിപ്പിക്കാവുന്ന ഒരു ഭാഷയുമില്ല. അങ്ങനെയുണ്ടായിരുന്നെങ്കിൽ ലോകമെമ്പാടും ഒരു ഭാഷ ഉപയോഗിച്ചേനേ! ഏതു ഭാഷയുടെ അപഗ്രഥനവും അതുപയോഗിക്കുന്നവരുടെ കാഴ്ചപ്പാടിൽ നിന്നു കൊണ്ടായിരിക്കണം.
5. മാതൃഭാഷികളുടെ സന്ദർഭാനുസൃതമായ ഭാഷാപ്രയോഗങ്ങളും ഉൾക്കൊള്ളാൻ പാകത്തിലാവണം വ്യാകരണരചന. ഭാഷ പ്രയോഗിക്കേണ്ടത് ഈ തരത്തിലാവണം, എന്നു നിർദേശിക്കുക വൈയാകരണ ധർമ്മമല്ല.
6. മാതൃഭാഷകരുടെ പ്രയോഗമാണ്; അവർ എങ്ങനെ സംസാരിക്കണമെന്നതിനെക്കുറിച്ച് മറ്റുള്ളവർ എന്തു കരുതുന്നു എന്നതല്ല പ്രധാനം.
7. രൂപപരമായ വസ്തുതകളുടെ മാത്രം അടിസ്ഥാനത്തിൽ വേണം അപഗ്രഥനവും വിവരണവും. വൈകാരികാംശങ്ങളും അലംകൃത ഭാഷാശൈലിയും ഉപേക്ഷിക്കേണ്ടതാണ്.

> ▶ അമേരിക്കൻ ഘടനാവാദഭാഷാശാസ്ത്രത്തിന്റെ പ്രമാണങ്ങൾ

> ▶ ഘടനയും അർഥവും

ഘടന (structure) സാർഥകചിഹ്നമാണെങ്കിലും അതു കണ്ടെത്താൻ അർഥം പ്രയോജനപ്പെടുകയില്ല. അർഥവിവരണം കൂടിയേ തീരൂ. അപഗ്രഥനോപകരണം എന്ന നിലയിൽ ഉപയോഗപ്പെട്ടില്ലെങ്കിലും ഘടനകളുടെ സ്വഭാവം നിർണയിക്കാൻ അർഥം സഹായിക്കുമെന്ന് മാത്രം.

## പൈക്ക്

അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനും നരവംശശാസ്ത്രജ്ഞനുമാണ് കെന്നത്ത് പൈക്ക്. ചോംസ്കിയൻ 'രചനാന്തരണ പ്രജനകസിദ്ധാന്ത' ത്തിൽ, തെല്ലുമുലയാതെ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, ഭാഷാശാസ്ത്രത്തിൽ 'tagmemics' എന്ന സിദ്ധാന്തം ആവിഷ്കരിച്ച പണ്ഡിതനാണ് പൈക്ക്. മനുഷ്യസാധ്യമായ ഏതു ഭാഷണസ്വനവും അതിന്റെ ഉത്പാദനരീതിക്കനുസൃതമായി അന്യോന്യഭിന്നമാണെന്നും അതിന് ഒരു ഫോർമുല ആവിഷ്കരിക്കാമെന്നും 'phonetics' (1942) എന്ന

കൃതിയിൽ പൈക്ക് വ്യക്തമാക്കുന്നു. ലിപിവ്യവസ്ഥയില്ലാത്ത ഏതു ഭാഷയ്ക്കും വ്യവസ്ഥാപിതമായ ലിപിവിന്യാസം സാധ്യമാണെന്ന് 'phonemics' എന്ന ഗ്രന്ഥത്തിൽ പൈക്ക് സൂചിപ്പിക്കുന്നു. ഒരു ഭാഷയുടെ വ്യാകരണ ഘടനയിലെ ഏറ്റവും ചെറിയ പ്രവർത്തന ഘടകമാണ് ടാഗ്മിം (Tagmeme). 1930കളിൽ ഭാഷാശാസ്ത്രജ്ഞനായിരുന്ന ബ്ലൂംഫീൽഡാണ് ഈ പദം ആദ്യമായി അവതരിപ്പിച്ചത്. അദ്ദേഹം വ്യാകരണ രൂപത്തിന്റെ ഏറ്റവും ചെറിയ അർഥവത്തായ യൂണിറ്റായി ഇതിനെ നിർവചിച്ചു. ഒരു ടാഗ്മെമിൽ ഒന്നോ അതിലധികമോ ടാക്സെമുകൾ അടങ്ങിയിരിക്കുന്നു. 1950കളിൽ കെന്നത്ത് പൈക്ക് 'ടാഗ്മെമിക്സ്' എന്ന സിദ്ധാന്തം ആവിഷ്കരിക്കുകയും അതിനെ വിശകലനം ചെയ്യുകയുമുണ്ടായി. 'ടാഗ് മിം' എന്നത് ഒരു സിന്റാഗ് മാറ്റിക്ക് ഫംഗ്ഷന്റെ (വിഷയം, ഒബ്ജക്റ്റ്)യും പാരഡിഗ്മാറ്റിക് ഫില്ലറുകളുടെ(നാമങ്ങൾ, സർവനാമങ്ങൾ)യും പരസ്പരബന്ധമാണ്. ഭാഷാപരമായ രീതിശാസ്ത്രമെന്ന നിലയിൽ ടാഗ്മെമിക്സിനെ വികസിപ്പിച്ചെടുത്തത് പൈക്കിന്റെ 'ലാംഗ്വേജ് ഇൻ റിലേഷൻ ടു യുണിഫൈഡ് തിയറി ഓഫ് ഹ്യൂമൻ ബിഹേവിയർ' എന്ന പുസ്തകമാണ്.

> ▶ 'ലാംഗ്വേജ് ഇൻ റിലേഷൻ ടു യുണിഫൈഡ് തിയറി ഓഫ് ഹ്യൂമൻ ബിഹേവിയർ'

ഒരേസമയം കറകളഞ്ഞ മിഷനറിയും തീവ്രനിലപാടുകളുള്ള ഭാഷാശാസ്ത്രജ്ഞനുമായി വ്യാപരിച്ച പൈക്കിന്റെ 'ആദിവാസിഭാഷാ വിശകലനം' ഏറെ ശ്രദ്ധ നേടിയ ഒന്നായിരുന്നു. അദ്ദേഹം ബൈബിളിന് ഭാഷാശാസ്ത്രപരമായ സാധ്യതകൾ നിർമ്മിച്ചു. കെന്നത്ത് എൽ. പൈക്ക് അവതരിപ്പിച്ച 'tagmemics' എന്ന വിശകലന സംവിധാനം, മനുഷ്യഭാഷയുടെ ഭാഷണസാധ്യതകളെയും അതിന്റെ ഫോർമുലയെയും വിശകലനം ചെയ്യുന്നു. എമിക്, എറ്റിക് എന്നിവ തമ്മിലുള്ള വ്യത്യാസത്തെ അദ്ദേഹം വിശകലനം ചെയ്യുകയുണ്ടായി. ഭാഷയുടെ ഘടന ഒറ്റ വാക്യങ്ങൾ പോലെയല്ലെന്നും അവയെ സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യണമെന്നും പൈക്ക് വിശ്വസിച്ചിരുന്നു.

> ▶ 'tagmemics'

## Summarised Overview

ഭാഷാശാസ്ത്രത്തിലെ വിവരണാത്മകധാര അമേരിക്കയിൽ ബ്ലൂംഫീൽഡിന്റെ സങ്കൽപങ്ങളിൽ നിന്നാണ് ശക്തിയാർജ്ജിച്ചത്. ഭാഷാപരമായ അർഥചിഹ്നങ്ങൾ, ഭൗതിക ഘടകങ്ങളെ ആധാരമാക്കി വിവരിക്കാവുന്ന രൂപപരമായ വസ്തുതകൾ തന്നെയാണെന്ന് ബ്ലൂംഫീൽഡ് സിദ്ധാന്തിച്ചു. സാർവലൗകിക വ്യാകരണത്തെ നിരാകരിച്ചുകൊണ്ട്, ഭാഷാഭേദങ്ങളുടെയും ഭാഷയുടെയും വ്യാകരണം തയ്യാറാക്കേണ്ടത് അതാതിന്റെ അടിസ്ഥാനത്തിൽത്തന്നെയാവണം എന്നു പറഞ്ഞുറപ്പിച്ച ബ്ലൂംഫീൽഡിനെ പിന്തുടർന്ന് ഭാഷാപഠനങ്ങളുമായി രംഗപ്രവേശനം ചെയ്ത ഭാഷാശാസ്ത്രജ്ഞനാണ് എഡ്വേർഡ് സപീർ. ഭാഷാപഗ്രഥനത്തിനും വർഗീകരണത്തിനും സഹായകമായ സങ്കല്പനധർമ്മം, രൂപപ്രക്രിയാസ്വഭാവം, സംശ്ലേഷണ സമ്പ്രദായം എന്നു മൂന്നുപാധികൾ അദ്ദേഹം ചൂണ്ടിക്കാട്ടി. വസ്തുതാശേഖരണം, താരതമ്യം, തൽക്കാല നിഗമനങ്ങളിൽ എത്തിച്ചേരൽ, കൂടുതൽ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പുനഃപരിശോധനയും തിരുത്തിയെഴുതലും, സമഗ്രവും വിശദവുമായ വ്യാകരണ നിയമങ്ങൾ എഴുതിയുണ്ടാക്കൽ എന്നതായിരുന്നു അമേരിക്കൻ വിവരണാത്മക ഭാഷാശാസ്ത്രം പൊതുവേ അവലംബിച്ച മാർഗം. വരമൊഴിയെക്കാൾ വാമൊഴിയുടെ പ്രസക്തിയെയാണ് അമേരിക്കൻ വിവരണാത്മക പദ്ധതി ഊന്നിപ്പറഞ്ഞത്. പിൽക്കാല ഭാഷാപഠനങ്ങളെ ഗണ്യമായി സ്വാധീനിക്കുവാൻ ഈ കാഴ്ചപ്പാ

ടുകൾക്ക് കഴിഞ്ഞു.

അമേരിക്കൻ ഘടനാവാദത്തിന്റെ സൈദ്ധാന്തിക ധാരകളുടെ ഉപജ്ഞാതാവ് എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഭാഷാശാസ്ത്രജ്ഞനാണ് ലിയനാർഡ് ബ്ലൂംഫീൽഡ്. 1933-ൽ പ്രസിദ്ധീകൃതമായ 'Language' എന്ന പുസ്തകമാണ് ബ്ലൂംഫീൽഡിന്റെ വിവരണാത്മക ചിന്തകൾ ജനകീയമാക്കിമാറ്റിയത്. ഭാഷാപരമായ അർഥങ്ങളുടെ ചിഹ്നങ്ങളെല്ലാം ഭൗതികഘടകങ്ങളെ ആധാരമാക്കി വിവരിക്കാവുന്ന രൂപപരമായ വസ്തുതകളെന്നായിരുന്നു ബ്ലൂംഫീൽഡിന്റെ ഘടനവാദപരമായ കാഴ്ചപ്പാട്. അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനും നരവംശശാസ്ത്രജ്ഞനുമാണ് കെന്നത്ത് പൈക്ക്. മനുഷ്യസാധ്യമായ ഏതു ഭാഷണസ്വനവും അതിന്റെ ഉത്പാദനരീതിക്കനുസൃതമായി അന്യോന്യഭിന്നമാണെന്നും അതിന് ഒരു ഫോർമുല ആവിഷ്കരിക്കാമെന്നും 'Phonetics' (1942) എന്ന കൃതിയിൽ പൈക്ക് വ്യക്തമാക്കുന്നു. ലിപിവ്യവസ്ഥയില്ലാത്ത ഏതു ഭാഷയ്ക്കും വ്യവസ്ഥാപിതമായ ലിപിന്യാസം സാധ്യമാണെന്ന് 'Phonetics' എന്ന ഗ്രന്ഥത്തിൽ പൈക്ക് സൂചിപ്പിക്കുന്നു.

## Assignments

1. അമേരിക്കൻ വിവരണാത്മക ഭാഷാശാസ്ത്ര സമീപനങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
2. ബ്ലൂംഫീൽഡിന്റെയും അദ്ദേഹത്തിന്റെ അനുഗാമികളുടെയും ഭാഷാശാസ്ത്ര ചിന്തകളുടെ സാമാന്യ സ്വഭാവം എന്തായിരുന്നുവെന്ന് ചർച്ച ചെയ്യുക.
3. അമേരിക്കൻ ഘടനാവാദകേന്ദ്രിതമായ വിവരണാത്മക ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കുക.
4. വാമൊഴി ഭാഷയുടെ പ്രസക്തിയെ അമേരിക്കൻ വിവരണാത്മക ചിന്തകൾ എങ്ങനെയാണ് ഭാഷാപഗ്രഥനവുമായി ബന്ധപ്പെടുത്തിയതെന്ന് പരിശോധിക്കുക.

## Suggested Readings


1. ടി. ബി. വേണുഗോപാലപ്പണിക്കർ, നോം ചോംസ്കി, വിശ്വദർശന, തൃശ്ശൂർ.
2. കെ. എം. പ്രഭാകരവാര്യർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പി. എം. ഗിരീഷ്, ഭാഷയും അധികാരവും, ഐ ബുക്സ്, കോഴിക്കോട്.
5. സി. ജെ. ജോർജ്, വാക്കിന്റെ സാമൂഹിക ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. Habermas J, The Theory of Communicative Action, Heinemann, London.
7. Hymes, Dell (Ed.) Language in Culture and Society, A Reader, Harper and Row, New York.
8. Hocket, Charles, A Course in Modern Linguistics, Macmillan, New York.

# References

1. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. Bloomfield, Leonard Language, University of Chicago Press, USA.
3. Chomsky, Noam, Aspects of theory of Syntax MIT Press, Massuchusetts.
4. Saussure, Ferdinand, A Course in General Linguistics, Wade Baskin, New York.
5. Coupland, Nikolas & Adam Jaworsky, Sociolinguistics Palgrave, London.
6. Kenneth L Pike, Language in Relation to a Unified Theory of the Structure of Human Behavior, Mouton & Co, Paris.
7. David Crystal, An Encyclopedic Dictionary of Language and Languages, Blackwell, USA.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# Unit 3

# മനുഷ്യഭാഷയുടെ സവിശേഷതകൾ

## Learning Outcomes

- മനുഷ്യഭാഷയുടെ സവിശേഷതകൾ മനസിലാക്കുന്നു
- ശബ്ദങ്ങളും ആശയങ്ങളും തമ്മിലുള്ള ആരോപിത ബന്ധം ഗ്രഹിക്കുന്നു
- ഘടനാവാദചർച്ചകളെക്കുറിച്ച് അറിവ് നേടുന്നു
- സപീർ, ബ്ലൂംഫീൽഡ് തുടങ്ങിയവരുടെ നിർവചനങ്ങൾ പരിശോധിക്കുന്നു
- ആശയവിനിമയത്തിലെ ഘടകങ്ങൾ കണ്ടെത്തുന്നു

## Background

ഇതര ജീവജാലങ്ങളിൽ നിന്ന് മനുഷ്യനെ വ്യതിരിക്തനാക്കുന്ന ഘടകങ്ങളാണ് ഭാഷയും അതിന്റെ ഉപയോഗവും. മനുഷ്യന്റെ ആശയവിനിമയ മേഖലകൾ, ഇതര ജന്തുക്കളുടേതിൽ നിന്ന് വിപുലമായിരിക്കുന്നതിന്റെ കാരണവും ഭാഷയുടെ നിരന്തരോപയോഗം തന്നെയാണ്. മാത്രമല്ല പ്രാകൃതനായ ആദിമ മനുഷ്യനിൽ നിന്നു സംസ്കാരിക ജീവിയായ നവയുഗ മനുഷ്യനിലേക്കുള്ള പ്രയാണത്തിന് കൈത്താങ്ങായതും സാമൂഹികമായ ഒരു വ്യവസ്ഥാക്രമം രൂപപ്പെടുത്തുന്നതിനുള്ള ചാലകശക്തിയായതും ഭാഷ തന്നെയാണെന്നു പറയാം. മനുഷ്യഭാഷയെ, ഭാഷാശാസ്ത്രജ്ഞന്മാർ, അപഗ്രഥനാത്മകമായി സമീപിച്ചതെങ്ങനെയെന്നും അതിന്റെ മൗലികതയെ അവർ അടയാളപ്പെടുത്തിയത് എങ്ങനെയെന്നും വ്യക്തമാക്കുന്ന ഒരു സംക്ഷിപ്തവിവരണമാണ് ഈ യൂണിറ്റ്.

മനുഷ്യന്റെ ആശയവിനിമയോപാധികളിൽ മുഖ്യമായ ഒന്നാണ് ഭാഷ. ഭാഷ പരിപൂർണമായ നിർവ്വചനത്തിനു വഴങ്ങുന്ന പ്രതിഭാസമല്ല. സാമൂഹികവ്യവസ്ഥയുടെ സംഘടിതത്ത്വത്തിനും സാംസ്കാരികോന്നമനത്തിനും ഭാഷ മനുഷ്യനെ ഏറെ സഹായിച്ചിട്ടുണ്ട്. ഭാഷാസംബന്ധമായ ഒരു പ്രത്യേക കഴിവ്, ഓരോ മനുഷ്യനിലും ജന്മസിദ്ധമായിത്തന്നെ നിലീനമാണെന്ന് നോം ചോസ്കി പറയുന്നു. മനുഷ്യഭാഷയ്ക്കും മൃഗാദിജീവജാലങ്ങളുടെ ആശയവിനിമയത്തിനുമുള്ള ചില വ്യത്യാസങ്ങൾ നോക്കുക. മനുഷ്യഭാഷ സ്വകീയമായ ഒരു ഘടനാത്മക സ്വഭാവം വച്ചുപുലർത്തുന്ന ഒരു പ്രതിഭാസമാണ്. വർണം, ശബ്ദം, പദം, വാക്യം എന്നിങ്ങനെ ക്രമബദ്ധമായ ഘടന ഇതര ജീവജാലങ്ങളുടെ ആശയവിനിമയ വ്യവസ്ഥയ്ക്കില്ല. ഭാഷാശബ്ദങ്ങളെ സ്വേച്ഛയാ ക്രമീകരിച്ചും മറ്റും അനന്തമായ വാക്യവൈവിധ്യങ്ങളുണ്ടാക്കാം. പുതിയ പുതിയ ആശയങ്ങൾ സൃഷ്ടിക്കാനും അനാവശ്യമായവയെ നിരാകരിക്കാനും ഈ സംവിധാനം പ്രയോജനപ്പെടുന്നു. മൃഗഭാഷ ഇത്തരമൊരു വൈവിധ്യത്തിലൂടെ ഒരിക്കലും കടന്നു പോകുന്നില്ല. മൃഗങ്ങളുടെ ആശയവിനിമയം സാഹചര്യബദ്ധം മാത്രമാണ്. മനുഷ്യനാകട്ടെ ഭൂതഭാവി വർത്തമാനങ്ങളെയും ദേശവൈവിധ്യങ്ങളെയും കുറിച്ച് സംസാരിക്കാനാകും. തനിക്ക് അന്യമായ ദേശങ്ങളെയും സംസ്കാരത്തെയും കുറിച്ചും അപരിചിതമായ ഭൂതഭാവികളെപ്പറ്റിയും വിശദമാക്കുവാൻ മനുഷ്യർ ഭാഷ ഉപയോഗിക്കുന്നുണ്ട്. പ്രയോഗവൈചിത്ര്യം കൊണ്ടുതന്നെ ഭാഷാപരമായി വ്യത്യസ്ത അർഥതലങ്ങൾ ഒരേ വാക്യത്തിനു നൽകാനുള്ള കഴിവും മനുഷ്യഭാഷയ്ക്കുണ്ട്. 'നീ ഒന്നു പോകൂ' എന്ന വാക്യത്തിന് ഈണവ്യതിയാനം കൊണ്ട് സാന്ദർഭികമായി

SGOU

അപേക്ഷ, ആജ്ഞ മുതലായ അർഥങ്ങൾ കൈവരുന്നതു ശ്രദ്ധിക്കുക. തുറന്ന ഘടനയും ചല നാത്മകതയുമാണ് മനുഷ്യഭാഷയുടെ മറ്റു രണ്ടു വ്യതിരിക്ത മുഖങ്ങൾ. പുത്തൻ ഭാഷാപദ ങ്ങളുടെ കടന്നുവരവും പഴയവയുടെ തിരോഭാവവുമാണ് 'തുറന്ന ഘടന' സാധ്യമാക്കുന്ന ത്. ഇത് സാംസ്കാരികമായ വ്യതിയാനങ്ങൾക്കു കാരണമാകുന്നു. മൃഗഭാഷയിൽ ഈ തുറന്ന ഘടന ഇല്ലാത്തതിനാൽ അവ സാംസ്കാരികമായി നിശ്ചലാവസ്ഥയിൽ തന്നെ തുടരുന്നു.

## Keywords

മനുഷ്യഭാഷയുടെ സവിശേഷതകൾ - വിവിധ ഘടകങ്ങൾ - ഹോക്കറ്റും ഡിസൈൻ സവിശേഷ തകളും - ലേണബിലിറ്റി - സപീറും ബ്ലൂംഫീൽഡും - ഘടനാവാദചർച്ചകൾ - വിസങ്കേതനം - കമ്മ്യൂണിക്കേഷന്റെ അഞ്ചു വ്യത്യസ്ത തലങ്ങൾ - കാൾബ്യൂളർ - ഓർഗനോൺ മോഡൽ

## Discussion

### മനുഷ്യഭാഷയുടെ സവിശേഷതകൾ

മനുഷ്യേതര ജന്തുക്കളുടെ ആശയവിനിമയ മാർഗങ്ങളിൽ നിന്നു മനുഷ്യഭാഷയെ വ്യാവർത്തിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്നു നോക്കാം.

1. **മനുഷ്യഭാഷ ആശയവിനിമയാർഥമുള്ള ഉച്ചരിതശബ്ദങ്ങളുടെ സംഘാതമാണ്.**

വായിലൂടെ പുറപ്പെടുവിക്കുന്ന എല്ലാ ശബ്ദങ്ങളും (ചിരി, കരച്ചിൽ മുതലായവ) ഭാഷാശബ്ദങ്ങളല്ല. കണ്ഠം, താലു, പല്ല് മുതലായ ഉച്ചാ രണാവയവങ്ങളുടെ ചലനങ്ങൾ കൊണ്ടുണ്ടാകുന്ന ഉച്ചരിത രൂപങ്ങളാ ണ് ശബ്ദങ്ങൾ. ഉച്ചാരണത്തിൽ മുഖ്യപങ്കു വഹിക്കുന്ന അവയവമാണു നാവ്. ഈ ഉച്ചാരണാവയവങ്ങൾ കൊണ്ട് വ്യവസ്ഥാപിതമായ രീതിയിൽ ഉത്പന്നമാകുന്ന ഉച്ചരിതശബ്ദങ്ങൾ മനുഷ്യനു മാത്രം സ്വായത്തമായ ഒന്നാണ്. ഇതര ജീവിവർഗങ്ങളുടെ ആശയവിനിമയത്തിൽ ഇവയുടെ ഉപയോഗം തീരെയില്ല. ഉച്ചരിതശബ്ദങ്ങൾക്കു സമാനമായ പ്രതീകങ്ങളാ ണ് അവയെ സൂചിപ്പിക്കുന്ന ലിപികൾ.

▶ ഉച്ചരിതശബ്ദങ്ങളുടെ സംഘാതം

2. **ഭാഷയിലെ ശബ്ദങ്ങൾക്കും അവയുടെ ആശയങ്ങൾക്കും തമ്മി ലുള്ള ബന്ധം ആരോപിതമാണ്.**

സൂചകസൂചിതങ്ങൾക്ക് (ശബ്ദാർഥങ്ങൾക്ക്) സ്വാഭാവിക ബന്ധമല്ലാ തെ ആരോപിതബന്ധമാണുള്ളതെങ്കിൽ സൂചകത്തെ പ്രതീകം എന്ന് വിളിക്കാം. ഒരേ ആശയത്തെ സൂചിപ്പിക്കുവാൻ വ്യത്യസ്ത ഭാഷകൾ വ്യത്യസ്ത ശബ്ദങ്ങളുപയോഗിക്കുന്നത്, അവ (ശബ്ദം) പ്രതീകങ്ങളാക യാലാണ്. വാഹനങ്ങൾ ഓടിക്കുന്നവരുടെ ശ്രദ്ധയ്ക്കായി പാതയോ രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ചിഹ്നങ്ങൾ ശ്രദ്ധിക്കുക. ഇവ പലതും സ്വാഭാവിക ചിഹ്നങ്ങളാണ് (അത് ഏതു ഭാഷ സംസാരിക്കുന്നവർ ക്കും മനസിലാകും). അഭിവാദനസൂചകമായി ഓരോ രാജ്യവും പലത

ശബ്ദങ്ങളും ആശയങ്ങളും തമ്മിലുള്ള ആരോപിത ബന്ധം

രം ചിഹ്നങ്ങളാണ് ഉപയോഗിക്കാറുള്ളത്. ഉദാ. കൈകൂപ്പൽ, ഹസ്തദാനം, ശിരസ്സുകുനിക്കൽ മുതലായവ. ഇതു വ്യവസ്ഥാപിതങ്ങളായ പ്രതീകങ്ങളാണ്. സൂചകത്തിനും സൂചിതത്തിനും തമ്മിൽ സ്വാഭാവിക ബന്ധമാണുള്ളതെങ്കിൽ ഒരേ ആശയത്തിനു വ്യത്യസ്ത പദങ്ങളുണ്ടാകുകയില്ല. ഇതിൽ നിന്നു തന്നെ ഭാഷ കേവലം പ്രതീക വ്യവസ്ഥയാണെന്നു മനസിലാക്കാം.

**3. ഭാഷ അഭ്യസ്തവൃത്തിയാണ്; ജൈവികവൃത്തിയല്ല.**

അഭ്യസ്തവൃത്തി

ഭാഷ നൈസർഗിക സിദ്ധിയായിരുന്നുവെങ്കിൽ ദേശ-കാല-വർഗ സാഹചര്യങ്ങൾക്കനുസൃതമായി ഭാഷകൾ വ്യത്യസ്ത സ്വഭാവങ്ങൾ പ്രകടിപ്പിക്കുകയില്ല. മനുഷ്യനെ സാമൂഹികജീവിയും സംസ്കാര സമ്പന്നരുമാക്കുന്നത് അഭ്യസ്തവൃത്തികളാണ്. ഭാഷയും അഭ്യസ്തവൃത്തിയായതിനാലാണ് അത് ദേശാനുസൃതം വ്യത്യാസപ്പെടുന്നത്.

**4. ഭാഷ ഘടനാത്മകമാണ്.**

ഏറ്റവും താഴെ വർണതലം (ഭാഷാശബ്ദതലം), അതിനുമുകളിൽ രൂപതലം (അർഥയുക്തശബ്ദസംഘാതതലം), ഏറ്റവും മുകളിൽ വാക്യതലം (അർഥയുക്ത രൂപങ്ങളുടെ യോഗം ഉളവാക്കുന്ന തലം). ഇങ്ങനെ അടുക്കടുക്കായുള്ള ഘടനയാണു ഭാഷയ്ക്കുള്ളത്. വർണങ്ങൾ ചേർന്ന് അർഥയുക്ത രൂപങ്ങളും അവ ചേർന്നു വാക്യഘടനകളും ഉണ്ടാകുന്ന വിധത്തിൽ ത്രിമാനമായ ഒരു ഘടന മറ്റ് ആശയവിനിമയ രീതികളിൽ കാണാനാകില്ല.

'കളിച്ചു കൊണ്ടേയിരിക്കുന്നു' എന്ന വാക്യം നോക്കുക. കളി (ക്രിയ), തു(ച്ചു) (ഭൂതപ്രത്യയം), കൊണ്ട് (ക്രിയാനൈരന്തര്യം), ഏ (നൈരന്തര്യ ദീർഘത്വം), ഇരിക്ക് (ക്രിയാവ്യാപാരം), ഉന്നു (വർത്തമാനകാലപ്രത്യയം) എന്ന് ആറ് അർഥയുക്ത രൂപങ്ങളുണ്ട്. പ്രാഥമിക തലത്തിലെ വർണങ്ങൾക്കു തനിയേ നിൽക്കുമ്പോൾ അർഥമില്ല. ദ്വിതീയതലരൂപങ്ങൾ സാർത്ഥകമാണ്. സാർഥകരൂപങ്ങൾ ചേർന്നു തൃതീയതലവാക്യം രൂപപ്പെടുന്നു. മനുഷ്യേതര ജീവികളുടെ ഭാഷയെ പരിമിതപ്പെടുത്തുന്നതും ഈ ഘടനാവ്യത്യാസമില്ലായ്മയാണ്. ഈ ഘടനാവ്യത്യാസം തന്നെയാണ് മനുഷ്യഭാഷയുടെ കാര്യക്ഷമതയ്ക്കു പിന്നിൽ.

ഘടനാത്മകം

**5. ഭാഷാസ്വഭാവം പരിണാമാത്മകമാണ്.**

പരിണാമം

ഭാഷയുടെ ഗദ്യപദ്യ സ്വഭാവം കാലാനുസൃതമായി മാറുന്നത് ഇതു കൊണ്ടാണ്.

**6. സ്ഥലകാലാതീതത്വമാണ് മനുഷ്യഭാഷയുടെ മറ്റൊരു സവിശേഷത.**

മനുഷ്യേതര ജന്തുക്കളുടെ ആശയവിനിമയം സ്ഥലകാല ബന്ധമാണ്. അതായത് ആശയപ്രകാശനം നടക്കുന്ന സ്ഥലത്ത്, ആ സമയം നടക്കുന്ന കാര്യങ്ങൾക്കേ അവയുടെ വിനിമയത്തിനുള്ളിൽ സ്ഥാനമുള്ളൂ. മനുഷ്യനാകട്ടെ, കഴിഞ്ഞകാലസംഭവങ്ങളെയും വിദൂരസ്ഥലഗതങ്ങളായ കാര്യങ്ങളെയും ഭാഷ ഉപയോഗിച്ചു വിനിമയം ചെയ്യുന്നുണ്ട്. അനുഭവത്തിലൂടെ നേടിയ അറിവുകൾ നാം മസ്തിഷ്കത്തിലാണു സൂ



SGOU

ക്ഷിക്കുന്നത്. ഇങ്ങനെ ആർജ്ജിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന ജ്ഞാനം ഉചിത സന്ദർഭങ്ങളിൽ മനുഷ്യൻ വിനിമയം ചെയ്യുന്നു. നൂതനാശയപ്രകാശനത്തിനും ഭാവനാസൃഷ്ടിക്കും മനുഷ്യന് ഭാഷ കൂടിയേ കഴിയൂ.

▶ സ്ഥലകാലാതീതത്വം

മാനുഷികമായ എല്ലാ പ്രവർത്തനങ്ങളും ഒരർഥത്തിൽ ഭാഷയുമായി ബന്ധപ്പെട്ടതാണ്. സംഭാഷണ ശബ്ദങ്ങളിലൂടെയോ മാനുഷികമായ ആംഗ്യങ്ങളിലൂടെയോ ആശയങ്ങൾ അടയാളപ്പെടുത്തപ്പെടുന്നതിനെ ആശ്രയിച്ച് എൻകോഡ് ചെയ്യുന്നതിനും പ്രതിനിധീകരിക്കുന്നതിനുമുള്ള ഒരു ഘടനാത്മക സംവിധാനം ഓരോ ഭാഷയ്ക്കുമുണ്ട്. 1960-ൽ അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ ചാൾസ് ഹോക്കറ്റ്, ഭാഷകളെക്കുറിച്ച് നടത്തിയ പഠനത്തിലൂടെ, സാർവത്രികമെന്നു വിളിക്കാവുന്ന 13 ഡിസൈൻ സവിശേഷതകൾ ഭാഷയുടേതായി അടയാളപ്പെടുത്തുകയുണ്ടായി. ഈ സവിശേഷതകളാണ് മനുഷ്യഭാഷയെ മൃഗങ്ങളുടെ ഭാഷയിൽ നിന്ന് വ്യതിരിക്തമാക്കുന്നത്. ആദ്യത്തെ 9 സവിശേഷതകൾ പ്രൈമേറ്റുകളുടെ (ആൾക്കുരങ്ങുകളുടെ) ആശയവിനിമയവുമായി പൊരുത്തപ്പെടുമെങ്കിലും അവസാനത്തെ നാലെണ്ണം മനുഷ്യഭാഷാബന്ധം മാത്രമുള്ളതാണ്. ഘടനാവാദത്തിൽ, ബ്ലൂംഫീൽഡിന് ശേഷമുള്ള കാലഘട്ടത്തെയാണ് ഹോക്കറ്റ് പ്രതിനിധീകരിച്ചിരുന്നത്. ഭാഷാശാസ്ത്രത്തിലും നരവംശശാസ്ത്രത്തിലും ഒന്നുപോലെ നിഷ്ണാതനായിരുന്ന ഹോക്കറ്റിന്റെ 'ഡിസൈൻ സവിശേഷതകൾ' ഇങ്ങനെ ക്രമീകരിക്കാം.

▶ ഘടനാത്മക സംവിധാനം

1. <u>വോക്കൽ ഓഡിറ്ററി ചാനൽ</u> - ഭാഷോത്പാദനത്തിൽ വോക്കൽ സിഗ്നലുകൾ എങ്ങനെ ഉപയുക്തമാകുന്നു എന്നതാണ് ഇത് മുഖ്യമായും വിശദമാക്കുന്നത്. വക്താവ്, വാഗിന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട ഒരു വോക്കൽ ട്രാക്റ്റ് ഉപയോഗിച്ച് ഭാഷണശബ്ദങ്ങൾ ഉദ്പാദിപ്പിക്കുകയും ശ്രോതാവ്, ശ്രോതിന്ദ്രിയം ഉപയോഗിച്ച് ഇവയെ സ്വീകരിക്കുകയും വിനിമയം സാധ്യമാക്കുകയും ചെയ്യുന്നു.

▶ വോക്കൽ സിഗ്നലുകൾ

2. <u>ബ്രോഡ്കാസ്റ്റ് ട്രാൻസ്മിഷൻ ആൻഡ് ഡയറക്ഷണൽ റിസപ്ഷൻ</u>-ഭാഷണശബ്ദങ്ങൾ തരംഗങ്ങളായി പുറപ്പെടുകയും അവ എല്ലാ ദിശകളിലേക്കും പ്രക്ഷേപണം ചെയ്യപ്പെടുകയും ചെയുന്നു. എന്നാൽ അവ ഒരു പ്രത്യേകദിശയിൽ നിന്നും പ്രത്യേക ഉദ്ഭവസ്ഥാനത്തുനിന്നും പുറപ്പെടുന്നതായി ശ്രോതാവ് മനസിലാക്കി അതിനെ സ്വീകരിക്കുന്നു.

▶ ഭാഷണശബ്ദങ്ങളുടെ തരംഗങ്ങൾ

3. <u>ട്രാൻസിറ്റോറിനസ് (മങ്ങിപ്പോകൽ)</u> - ഉച്ചരിതമായ ശബ്ദതരംഗങ്ങൾ ക്ഷണികങ്ങളാണ്. ഉച്ചരിക്കുന്ന വേളയിൽത്തന്നെ അതു സ്വീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടതുണ്ട്, അവയെ പിന്നീട് വീണ്ടെടുക്കാൻ കഴിയില്ല.

▶ ഉച്ചരിതമായ ശബ്ദതരംഗങ്ങൾ ക്ഷണികങ്ങളാണ്

4. <u>ഇന്റർചേഞ്ചബിലിറ്റി (പരസ്പരം മാറാനുള്ള കഴിവ്)</u> - മനുഷ്യർക്ക് ഒരേ ഭാഷാസിഗ്നലുകൾ കൈമാറാനും സ്വീകരിക്കാനും കഴിയും എന്നതിനാൽ അവർക്കു തങ്ങൾ മനസിലാക്കുന്ന ഏതു ഭാഷാസന്ദേശവും പുനർനിർമ്മിക്കാൻ കഴിയും. സംഭാഷകൻ, ശ്രോതാവ് എന്നീ റോളുകൾ ഇതിലൂടെ പരസ്പരം മാറ്റി ഉപയോഗിക്കാനും കഴിയും.

▶ ഭാഷാസന്ദേശങ്ങളുടെ പുനർനിർമ്മാണം

5. <u>ടോട്ടൽ ഫീഡ്ബാക്ക്</u> - ഒരു ഭാഷ സംസാരിക്കുന്ന ആൾക്ക് അയാളുടെ സ്വന്തം ഭാഷണം കേൾക്കാനും പറയുന്നവ നിയന്ത്രിക്കാനും പരി

▶ നിയന്ത്രണവും പരിഷ്കാരവും

ഷ്കരിക്കാനും കഴിയും.

> ▶ ആശയവിനിമയാർഥമുള്ള ഭാഷാ സിഗ്നലുകൾ

6. സ്പെഷ്യലൈസേഷൻ - ഭാഷാസിഗ്നലുകൾ ആശയവിനിമയാർഥമുള്ളവയാണ്, അല്ലാതെ ഭക്ഷണം കഴിക്കുക എന്നതുപോലെയുള്ള ഒരു ജീവശാസ്ത്രപ്രവർത്തനമല്ല. ഭാഷാസിഗ്നലുകൾ സോദ്ദേശ്യപ്രവർത്തനങ്ങളാണ്, അവ മറ്റൊരു പെരുമാറ്റത്തിന്റെ പാർശ്വഫലങ്ങളല്ല.

> ▶ നിർദ്ദിഷ്ടാർഥം

7. സെമാന്റിസിറ്റി - ഓരോ ഭാഷാസിഗ്നലും നിർദ്ദിഷ്ടാർഥത്തെ പ്രതിനിധീകരിക്കുന്നു. കുഞ്ഞുങ്ങളുടെ കരച്ചിൽ സാഹചര്യാനുസൃതം ഭക്ഷണാവശ്യം, വസ്ത്രം, ഉറക്കമില്ലായ്മ എന്നിവയെ സൂചിപ്പിച്ചേക്കാം.

> ▶ യുക്തിസഹമായ ഒരു പരസ്പര ബന്ധം

8. ഏകപക്ഷീയത - നിർദ്ദിഷ്ട ഭാഷാസിഗ്നലുകളുടെ രൂപവും അവ പ്രതിനിധീകരിക്കുന്ന നിർദ്ദിഷ്ടാർഥങ്ങളുടെ സ്വഭാവവും തമ്മിൽ യുക്തിസഹമായ ഒരു പരസ്പരബന്ധമില്ല. സിഗ്നലും അർഥവും തമ്മിൽ നാട്ടുവഴക്കം (ആചരണം), സഹജാവബോധം എന്നിവയാൽ ബന്ധപ്പെട്ടിരിക്കുന്നു. വ്യത്യസ്ത ഭാഷകൾ ഒരേ വസ്തുവിനു വ്യത്യസ്ത പേരുകൾ നൽകുന്നത് ഉദാഹരണം.

> ▶ വ്യതിരിക്ത ശബ്ദങ്ങളുടെ ചെറിയ കൂട്ടങ്ങൾ

9. ഡിസ്ക്രീറ്റ്നെസ്സ് (വിവേചനാധികാരം) - ഭാഷാപരമായ പ്രതിനിധാനങ്ങളെ ചെറുതും വ്യതിരിക്തവുമായ യൂണിറ്റുകളായി വിഭജിക്കാം. നമുക്ക് അറിയാത്ത ഒരു ഭാഷ മറ്റൊരാൾ സംസാരിക്കുന്നത് കേൾക്കുമ്പോൾ, ആ സംസാരത്തിന്റെ സ്വാഭാവികമായ ഒരു സ്ട്രീം നമുക്ക് മനസിലാകുകയും ക്രമേണ ഈ ഭാഷണപ്രവാഹത്തിൽ നിന്ന് ആ ഭാഷയിലെ ശബ്ദങ്ങൾ ഉപയോഗിച്ച് വാക്കുകൾ രൂപപ്പെടുത്താൻ കഴിയുകയും ചെയ്യുന്നു (ജനിച്ചു വീഴുന്ന ശിശുവിന്റെ ഭാഷാഭ്യസനവും ഇത്തരം 'ഭാഷണപ്രവാഹത്തി'ലൂടെയാണ് രൂപപ്പെടുന്നത്). ഓരോ ഭാഷയ്ക്കും ഇത്തരം വ്യതിരിക്ത ശബ്ദങ്ങളുടെ ചെറിയ കൂട്ടങ്ങളുണ്ട്. (മിക്കവാറും 20നും 50നും ഇടയിൽ) അതുപയോഗിച്ച് ആയിരക്കണക്കിനു വാക്കുകൾ ഉത്പാദിപ്പിക്കാൻ കഴിയും എന്നത് 'വിവേചനാധികാരം' ഭാഷയുടെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നാണ് എന്ന് തെളിയിക്കുന്നു.

> ▶ ഡിസ്പ്ലെയിസ്മെന്റ്

10. ഡിസ്പ്ലെയിസ്മെന്റ് (സ്ഥാനാന്തരണം) - സ്ഥലികമായോ കാലികമായോ ഇല്ലാത്ത കാര്യങ്ങളെക്കുറിച്ചു ആശയവിനിമയം നടത്താനുള്ള ഭാഷയുടെ കഴിവാണ് ഡിസ്പ്ലെയിസ്മെന്റ്. ഉദാഹരണത്തിനു ഭൂതകാലത്തെക്കുറിച്ചോ ഭാവികാലത്തെക്കുറിച്ചോ ഒക്കെത്തന്നെ സൂചിപ്പിക്കാൻ മനുഷ്യനു കഴിയുന്നതു ഡിസ്പ്ലെയിസ്മെന്റ് മൂലമാണ്. അസ്തിത്വത്തെക്കുറിച്ച് ഉറപ്പു പറയാൻ കഴിയാത്ത യക്ഷി, മാലാഖ, സ്വർഗം മുതലായവയെക്കുറിച്ചു നാം സൂചിപ്പിക്കുന്നിടത്തും ഡിസ്പ്ലെയിസ്മെന്റാണ് പ്രവർത്തിക്കുന്നത്.

> ▶ ഉത്പാദനക്ഷമത

11. പ്രൊഡക്റ്റിവിറ്റി (ഉത്പാദനക്ഷമത) - മനുഷ്യർക്ക്, അനന്തമായ പുതിയ ഉച്ചാരണങ്ങളും വാക്കുകളും മനസിലാക്കാനും നിർമ്മിക്കാനും സാധിക്കുന്നത് ഭാഷയുടെ ഉത്പാദനക്ഷമത മൂലമാണ്.

12. കൾച്ചറൽ ട്രാൻസ്മിഷൻ(സംസ്കാരപ്രക്ഷേപണം): ഭാഷാപഠനത്തിനുള്ള സഹജമായ കഴിവുമായാണ് മനുഷ്യൻ ജനിക്കുന്നതെങ്കിലും മാതൃഭാഷ തന്നെ അവരുടെ സമൂഹത്തിലെ മുതിർന്നവരിൽ നിന്ന് കേട്ടുപഠിക്കുകയാണ് ചെയ്യുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഭാഷ സാ

മൂഹികമായി ഒരു തലമുറയിൽ നിന്നു മറ്റൊന്നിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നു. ഒറ്റപ്പെട്ടു ജീവിക്കുന്ന ഒരു ശിശുവിനു ഭാഷ ലഭിക്കുന്നില്ല.

▶ ഭാഷയുടെ കൈമാറ്റം

13. ഡ്യുയാലിറ്റി ഓഫ് പാറ്റേൺ (ദ്വൈതമാതൃക) - അർഥശൂന്യമായ ഭാഷണശബ്ദങ്ങളെ നിയമങ്ങൾക്കനുസൃതമായി മോർഫീമുകളിലേക്കും വാക്കുകളിലേക്കും വാക്യങ്ങളിലേക്കും സംയോജിപ്പിക്കാൻ കഴിയുന്നത് ഈ ദ്വൈതസ്വഭാവം കൊണ്ടാണ്.

▶ ദ്വൈതസ്വഭാവം

## ഹോക്കറ്റും ഡിസൈൻ സവിശേഷതകളും

പ്രീവേരിഫിക്കേഷൻ (ഉഭയാർഥഭാഷണം), റിഫ്ലക്സീവ്നെസ്സ് (പ്രതിഫലനം), ലേണബിലിറ്റി (പഠനക്ഷമത) എന്നിവയാണ് പിന്നീട് ഹോക്കറ്റ് കൂട്ടിച്ചേർത്ത മൂന്നു ഡിസൈൻ സവിശേഷതകൾ, നുണ പറയാനോ ചതിക്കാനോ വേണ്ടി അർഥശൂന്യമോ തെറ്റായതോ ആയ സംഗതികൾ പ്രസ്താവിക്കാൻ ഭാഷയിലൂടെ കഴിയും എന്നതാണ് 'പ്രീവേരിഫിക്കേഷൻ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യേതര ഭാഷയ്ക്ക് ഈ സവിശേഷതയില്ല. ഭാഷ ഉപയോഗിച്ച്, ഭാഷയെക്കുറിച്ചു വിശദീകരിക്കാനും ഭാഷാഘടനയെക്കുറിച്ചു ചർച്ച ചെയ്യാനും ഭാഷാബദ്ധമായ ആശയങ്ങൾ പങ്കിടുവാനും കഴിയും എന്നതാണ് 'റിഫ്ലക്സീവ്നെസ്സ്' ഭാഷ പഠിക്കാനും പഠിപ്പിക്കുവാനും കഴിയുന്ന ഒരു പ്രതിഭാസമാണ്. ഒരു നിശ്ചിത ഘട്ടം കഴിഞ്ഞാൽ ശിശുക്കൾക്ക് ഭാഷസ്വായത്തമാക്കുകയെന്നതു പ്രയാസകരമായിരിക്കും. ഇതാണു ലേണബിലിറ്റി എന്ന സംജ്ഞ കൊണ്ട് വിവക്ഷിക്കുന്നത്.

▶ ലേണബിലിറ്റി

മനുഷ്യന്റെ ഏറ്റവും അടിസ്ഥാനപരമായ ഭാഷകളിൽപ്പോലും ഈ സവിശേഷതകൾ ഉൾച്ചേർന്നിരിക്കുന്നുവെന്ന നിഗമനത്തിലാണ് ഹോക്കറ്റ് എത്തിച്ചേർന്നത്. ഹോക്കറ്റ് നിർദ്ദേശിച്ച ഈ സവിശേഷ വ്യതിയാനങ്ങൾ, പിൽക്കാലത്തു വിമർശനാത്മകപഠനങ്ങൾക്കു വിധേയമായെങ്കിലും ഭാഷാപഠനത്തിലെ ഘടനാത്മക ചിന്തകളിൽ ഇന്നും ഹോക്കറ്റിന്റെ ചിന്തകൾക്കു നിർണായക സ്ഥാനമുണ്ട്. എഡ്‌വേർഡ് സപീറും ബ്ലൂംഫീൽഡും ഭാഷയുടെ ഘടനാത്മകസ്വഭാവം ഹോക്കറ്റിനു മുന്നേതന്നെ ചൂണ്ടിക്കാട്ടിയിരുന്നു. 'ഭാഷണം' എന്ന അംശത്തെ മുൻനിർത്തിയുള്ള ഭാഷാപരമായ 'ഹോക്കറ്റിയൻ ചർച്ചകൾക്ക്' ഇവയും അവലംബങ്ങളായിരുന്നു. 'സ്വമേധയാ ഉത്പാദിപ്പിക്കുന്ന ശബ്ദങ്ങളുടെ സംവിധാനത്തിലൂടെ, ആശയങ്ങളും വികാരങ്ങളും ആഗ്രഹങ്ങളും വിനിമയം ചെയ്യുന്നതിനുള്ള തികച്ചും മാനുഷികവും സഹജമല്ലാത്തതുമായ ഒരു രീതിയാണ് ഭാഷ' "Language is a purely human and non-instinctive method of communicating ideas, emotions, and desires by means of a voluntarily produced sounds" എന്നാണ് എഡ്‌വേർഡ് സപീർ ഭാഷയെ നിർവചിക്കുന്നത്.

▶ സപീറും ബ്ലൂംഫീൽഡും

ഭാഷ മാനുഷികമാണെന്നും ആശയവിനിമയാർഥം മനുഷ്യൻ ഉത്പാദിപ്പിക്കുന്ന ശബ്ദങ്ങളുടെ വ്യവസ്ഥയാണതെന്നുമാണ് സപീറിന്റെ വാദം. 'Language' എന്ന തന്റെ ഗ്രന്ഥത്തിൽ ബ്ലൂംഫീൽഡ് ഭാഷയെ നിർവചിക്കുന്നത് ഇപ്രകാരമാണ്. 'ഒരു ഭാഷണ സമൂഹത്തിൽ ചെയ്യാവുന്ന ഉച്ചാരണങ്ങളുടെ ആകെത്തുക ആ ഭാഷണ സമൂഹത്തിന്റെ ഭാഷയാണ്' ("The totality of the utterances that can be made in a speech community in the language of that speech community."). ബ്ലൂംഫീൽഡിന്റെ ഈ നിർവചനം എഴുത്തിനെ തിരസ്കരിക്കുകയും ഭാഷണത്തെ പ്രമാണീകരിക്കുകയും

ചെയ്യുന്നു. ഈയൊരു കാഴ്ചപ്പാടിന്റെ പിന്തുടർച്ചക്കാരനായി 'ഘടനാവാദചർച്ചകൾ' പരിപോഷിപ്പിക്കുകയാണ് ഹോക്കറ്റ് ചെയ്തത്.

▶ 'ഘടനാവാദചർച്ചകൾ'

**കമ്മ്യൂണിക്കേഷൻ:** സ്വന്തം അന്തർഗതം മറ്റുള്ളവരെ അറിയിക്കാനുള്ള ഉപാധിയാണല്ലോ ആശയവിനിമയം. ഇത് ആംഗികമായോ കേവലോച്ചാരണങ്ങളിലൂടെയോ വാക്കുകളിലൂടെയോ ആണ് സാധ്യമാകുന്നത്. സ്വാഭിപ്രായപ്രകടനം, അഭ്യർത്ഥന, പ്രതിഷേധം, ശ്രദ്ധക്ഷണിക്കൽ, നിരാസം എന്നിവയെല്ലാം ഇതിന്റെ ഭാഗങ്ങളാണ്. ആശയവിനിമയത്തിൽ ആളുകൾ വിവിധ മാർഗങ്ങളിലൂടെ വിവരങ്ങളോ സന്ദേശങ്ങളോ കൈമാറുന്നു. ലോകമെമ്പാടും ആശയവിനിമയത്തിന് ഭാഷ തന്നെയാണു മുഖ്യമാർഗം. ആശയവിനിമയം സാധ്യമാകണമെങ്കിൽ ആശയം കൈമാറുന്ന ഒരു വ്യക്തിയും അത് സ്വീകരിക്കുന്ന ഒരു വ്യക്തിയും സന്ദേശത്തിന് സഞ്ചരിക്കാൻ ഒരു മാധ്യമവും കൂടിയേതീരൂ. സാങ്കേതികമായി പറഞ്ഞാൽ സന്ദേശം ഉത്ഭവകേന്ദ്രത്തിൽ നിന്ന് ആരംഭിച്ച്, പ്രാപ്യസ്ഥാനത്തു എത്തിച്ചേരണമെങ്കിൽ ഒരു വിനിമയ മാധ്യമം അത്യാവശ്യമാണ്. എങ്കിൽ മാത്രമേ ആശയവിനിമയം പൂർണമാകുകയുള്ളൂ. അമൂർത്തമായ സന്ദേശത്തിനു സഞ്ചാരശേഷി ഇല്ലാത്തതിനാൽ അതിനെ മൂർത്തമാക്കി സഞ്ചാരയോഗ്യത നൽകേണ്ടതുണ്ട്. ഉദാഹരണത്തിന് ദുഃഖകരമായ സംഗതികൾ സൂചിപ്പിക്കാൻ നമ്മൾ കറുത്ത കൊടി കാണിക്കാറുണ്ടല്ലോ. അശുഭകരമായ എന്തോ ഒന്നു സംഭവിച്ചു എന്ന ആശയം കറുത്ത കൊടി എന്ന മൂർത്ത വസ്തുവാക്കി മാറ്റുന്ന ഈ പ്രക്രിയയാണ് സങ്കേതനം (en-coding). മൂർത്ത വസ്തു മാധ്യമത്തിലൂടെ സഞ്ചരിച്ചു പ്രാപ്യസ്ഥാനത്തെത്തുമ്പോൾ ആശയമായി രൂപാന്തരപ്രാപ്തി കൈവരിക്കുന്നു. അപ്പോൾ മാത്രമേ ആശയവിനിമയം സാധ്യമാകുന്നുള്ളൂ. മൂർത്തവസ്തുവിനെ ആശയമാക്കി പരിവർത്തിപ്പിക്കുന്ന പ്രക്രിയയാണ് വിസങ്കേതനം (de-coding). വിസങ്കേതനാന്തരമാണ് ആശയസ്വീകരണം നടക്കുന്നത്. അങ്ങനെ നോക്കുമ്പോൾ കമ്മ്യൂണിക്കേഷന് അഞ്ചു വ്യത്യസ്ത തലങ്ങളുണ്ടെന്നു കാണാം.

▶ വിസങ്കേതനം (de-coding)

1. **ആശയോദ്ഭവം:** വക്താവിലാണ് ആശയം ഉദ്ഭവിക്കുന്നത്.
2. **സങ്കേതനം:** വക്താവിൽ നിന്ന് ഉദ്ഭവിച്ച ആശയങ്ങൾ, ഉച്ചാരണാവയവങ്ങളിലൂടെ ശബ്ദ തരംഗങ്ങളായി രൂപാന്തരപ്പെടുന്നു.
3. **സന്ദേശചിഹ്നം:** മാധ്യമങ്ങൾ വഴിയുള്ള സഞ്ചാരം. ശബ്ദതരംഗങ്ങൾ, വായുവിലൂടെ ശ്രോതാവിന്റെ ചെവിയിലേക്കു സഞ്ചരിക്കുന്നു.
4. **വിസങ്കേതനം:** ശ്രോതാവിന്റെ ചെവിയിലെത്തുന്ന ശബ്ദതരംഗങ്ങൾ, വിസങ്കേതന വിധേയമായി ആശയങ്ങളായി രൂപാന്തരപ്പെടുന്നു.
5. **ആശയസ്വീകരണം:** ശബ്ദതരംഗങ്ങൾ ആശയരൂപം പ്രാപിക്കുന്നതോടെ, ശ്രോതാവ് വക്താവിന്റെ വിവക്ഷിതം മനസിലാക്കുകയും ആശയം സ്വീകരിക്കപ്പെടുകയും ചെയ്യുന്നു.

▶ കമ്മ്യൂണിക്കേഷന് അഞ്ചു വ്യത്യസ്ത തലങ്ങളുണ്ട്

കാൾബ്യൂളർ എന്ന ജർമ്മൻ സൈക്കോളജിസ്റ്റും ഭാഷാശാസ്ത്ര

SGOU

ജ്ഞനുമായ പണ്ഡിതനാണ് ആശയവിനിമയവൃത്തിയുടെ മാതൃകയായ 'ഓർഗനോൺ മോഡൽ' അവതരിപ്പിച്ചത്. 'ഓർഗനോൺ' എന്നതിനു ഗ്രീക്കുഭാഷയിൽ ഇൻസ്ട്രമെന്റ് എന്നാണർഥം. ഓർഗനോൺ മാതൃകയിൽ നാല് ഘടകങ്ങളാണ് ഉൾച്ചേർന്നിരിക്കുന്നത്.

1. ഒരു നിശ്ചിത ഭാഷാപ്രതിഭാസം (ഭാഷാചിഹ്നം, ഭാഷണം മുതലായവ)
2. അതിന്റെ ഉള്ളടക്കം (subject - what is about)
3. സന്ദേശം അയയ്ക്കുന്ന ആൾ (Addresser)
4. സ്വീകർത്താവ് (Addressee)

- കാൾബ്യൂളർ
- 'ഓർഗനോൺ മോഡൽ'

അഡ്രസർ, ഒരു പ്രത്യേക ഭാഷാചിഹ്നമോ ഭാഷണ ഘടകമോ അയയ്ക്കുമ്പോൾ സ്വീകർത്താവ് അതിലെ ആശയം മനസിലാക്കുകയും അതു സ്വീകരിക്കുകയും ചെയ്യുന്നു.

## Summarised Overview

മനുഷ്യഭാഷ ഉച്ചരിത ശബ്ദങ്ങളുടെ ഒരു സംഘാതമാണ്. ഭാഷാ ശബ്ദങ്ങൾക്കും അതിന്റെ ആശയങ്ങൾക്കും കേവലം ആരോപിതമായ ഒരു ബന്ധം മാത്രമേയുള്ളൂ. അത് ഒരേസമയം അഭ്യസ്ത വൃത്തിയും ഘടനാത്മക സ്വഭാവം പുലർത്തുന്നതും നിരന്തര പരിണാമവിധേയവുമാണ്. സ്ഥലകാലാതീതത്വമാണ് അതിന്റെ മറ്റൊരു സവിശേഷത. എല്ലാ മാനുഷിക പ്രവർത്തനങ്ങളും ഭാഷാബദ്ധമാണ്. 1960-ൽ ചാൾസ് ഹോക്കറ്റ് എന്ന അമേരിക്കൻ ഭാഷാശാസ്ത്രജ്ഞൻ മനുഷ്യഭാഷയുടേതായ 13 ഡിസൈൻ സവിശേഷതകൾ അവതരിപ്പിക്കുകയുണ്ടായി. വോക്കൽ ഓഡിറ്ററി ചാനൽ, ബ്രോഡ്കാസ്റ്റ് ട്രാൻസ്മിഷൻ ആൻഡ് ഡയറക്ഷണൽ റിസപ്ഷൻ എന്നിങ്ങനെ ചാൾസ് ഹോക്കറ്റ് നിർണയിച്ച ഈ സവിശേഷതകൾ വളരെ വേഗം തന്നെ ഭാഷാശാസ്ത്ര ലോകത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റി. മനുഷ്യന്റെ ഏറ്റവും അടിസ്ഥാനപരമായ ഭാഷകളിൽപ്പോലും ഇവ ഉൾച്ചേർന്നിട്ടുണ്ട് എന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. ഭാഷണം എന്ന അംശത്തെ മുൻനിർത്തിയായിരുന്നു ഹോക്കറ്റിന്റെ എല്ലാ ഭാഷാചിന്തകളും. ഹോക്കറ്റിനു മുന്നേതന്നെ, ശബ്ദസംവിധാനത്തിലൂടെയുള്ള ആശയ-വികാര വിനിമയങ്ങളെക്കുറിച്ച് സപീർ വിശദീകരിച്ചിട്ടുണ്ട്. 'Language' എന്ന് തന്റെ ഗ്രന്ഥത്തിൽ 'ഉച്ചാരണങ്ങളുടെ ആകെത്തുക' എന്നാണു ബ്ലൂംഫീൽഡ് ഭാഷയെ നിർവചിച്ചത്. ബ്ലൂംഫീൽഡിന്റെ ചിന്തകളാണ് ഒരർഥത്തിൽ ഹോക്കറ്റിനു മാർഗദർശകമായത്.

കമ്മ്യൂണിക്കേഷൻ എന്ന സംജ്ഞയ്ക്ക് അഞ്ചു വ്യത്യസ്തതലങ്ങളുണ്ട്. ആശയോദ്ഭവം, സങ്കേതനം, സന്ദേശചിഹ്നം, വിസങ്കേതനം, ആശയസ്വീകരണം എന്നിങ്ങനെയാണവ. കാൾബ്യൂളറാണ് ആശയവിനിമയവൃത്തിയുടെ 'ഓർഗനോൺ മോഡൽ' അവതരിപ്പിച്ചത്. ഭാഷാപ്രതിഭാസം, ഉള്ളടക്കം, സന്ദേശം അയക്കുന്ന ആൾ, സ്വീകർത്താവ് എന്നിങ്ങനെ നാലു ഘടകങ്ങളെപ്പറ്റിയാണ് 'ഓർഗനോൺ മോഡൽ' പ്രതിപാദിക്കുന്നത്.

# Assignments

1. ആശയവിനിമയോപാധിയെന്ന നിലയിൽ മനുഷ്യഭാഷയുടെ വ്യതിരിക്തതകൾ ചർച്ച ചെയ്യുക.
2. 'കമ്മ്യൂണിക്കേഷൻ' എന്ന ഭാഷാപ്രതിഭാസത്തെ പരിചയപ്പെടുത്തുക.
3. മനുഷ്യഭാഷയെ ഇതരജീവികളുടെ ആശയവിനിമയമാർഗ്ഗത്തിൽ നിന്നും വ്യാവർത്തിപ്പിക്കുന്ന അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കുക.
4. 'മനുഷ്യഭാഷയുടെ ഡിസൈൻ സവിശേഷതകൾ' എന്ന ഹോക്കറ്റിയൻ ചിന്താപദ്ധതിയുടെ അടിസ്ഥാനമെന്തെന്ന് പരിശോധിക്കുക.
5. ഭാഷ എന്ന സങ്കൽപ്പനത്തിന് ബ്ലൂംഫീൽഡ്, സപീർ, ഹോക്കറ്റ് എന്നിവർ നൽകുന്ന നിർവചനങ്ങളിലെ അടിസ്ഥാനപരമായ ഏകതയെക്കുറിച്ച് ചർച്ച ചെയ്യുക.

# Suggested Readings


1. ടി. ബി. വേണുഗോപാലപ്പണിക്കർ, നോം ചോംസ്കി, വിശ്വദർശന, തൃശ്ശൂർ.
2. കെ. എം. പ്രഭാകരവാര്യർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി. എം. ഗിരീഷ്, ഭാഷയും അധികാരവും, ഐ ബുക്സ്, കോഴിക്കോട്.
4. സി. ജെ. ജോർജ്, വാക്കിന്റെ സാമൂഹിക ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എം. എ. ബേബി, നോം ചോസ്കി നൂറ്റാണ്ടിന്റെ മനസ്സാക്ഷി, ഡി. സി. ബുക്സ്, കോട്ടയം.
6. പി. മാധവൻ, ചോംസ്കിയൻ വാക്യഘടനാപഠനം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.


# References


1. കെ. എം. പ്രഭാകരവാര്യർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. Bloomfield, Leonard Language, University of Chicago Press, USA.
4. Chomsky, Noam, Aspects of theory of Syntax MIT Press, USA.
5. Chomsky, Noam, Language and Mind, Cambridge UP, UK.
6. Saussure, Ferdinand A Course in General Linguistics Wade Baskin, New York.
7. David Crystal, An Encyclopedic Dictionary of Language and Languages, Blackwell, USA.


SGOU

8. Gumperz J. J., Dell Hymes, (Eds.) The Ethnography of Communication, Cambridge UP, UK.
9. Coupland, Nikolas & Adam Jaworsky, Sociolinguistics Palgrave, London.
10. Van Valin, Robert D Jr., An Introduction to Syntax, Cambridge UP, UK.
11. James Mc Gilvary, The Cambridge Companion to Chomsky, Cambridge University Press, UK.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# ആധുനിക ഭാഷാശാസ്ത്രവും ഭാരതീയ വ്യാകരണപദ്ധതിയും

## Learning Outcomes

- മനുഷ്യഭാഷയെപ്പറ്റിയുള്ള അപഗ്രഥന സ്വഭാവങ്ങളാണ് വ്യാകരണവും ഭാഷാശാസ്ത്രവും എന്ന് മനസിലാക്കുന്നു
- സ്കിന്നറുടെ (Burrhus Frederic Skinner) ബിഹേവിയറിസ്റ്റ് ഭാഷാസമീപനത്തെക്കുറിച്ച് ധാരണ നേടുന്നു
- സൊസ്സ്യൂറിന്റെ ഭാഷാശാസ്ത്രസമീപനങ്ങൾ തിരിച്ചറിയുന്നു
- സൊസ്സ്യൂറിന്റെ (സസ്യൂർ) ഭാഷാശാസ്ത്രസംഭാവനകളുടെ താത്വികമായ അടിത്തറയും ഭാരതീയ വ്യാകരണ പദ്ധതിയും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു

## Background

മാതൃഭാഷ എന്നുകൂടി വിളിക്കുന്ന പ്രഥമഭാഷ കുട്ടികൾ സ്വയത്തമാക്കുന്നത് ഏതാണ്ട് ഒന്നരവയസ്സു മുതൽ നാല് വയസ്സുവരെയുള്ള കാലഘട്ടത്തിലാണ്. മുതിർന്നവരുടെ ഭാഷയാണ് വിവിധ മാനസിക ശാരീരിക പ്രവർത്തനങ്ങളിലൂടെ കുട്ടികൾ സ്വയത്തമാക്കിത്തീർക്കുന്നതെന്ന് പല ഭാഷാപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ആധുനിക ഭാഷാശാസ്ത്രകാരനായ നോം ചോംസ്കി കുട്ടികൾ ഭാഷ സ്വന്തമാക്കുന്നത് ജന്മസിദ്ധമായിത്തന്നെ അവരിലുള്ള സവിശേഷ ഗുണങ്ങളിലൂടെയാണെന്ന വസ്തുത വിശദമാക്കുന്നുണ്ട്. ഭാഷ എങ്ങനെ ജ്ഞാനശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു വിശദമാക്കുന്ന പ്രജ്ഞാന ഭാഷാശാസ്ത്രം (cognitive Linguistic) മറ്റൊരു പഠനമേഖലയാണ്. ഭാഷാശാസ്ത്രത്തിന്റെ ബഹുസ്വരങ്ങളും, ഡയലോഗിസവും പ്രയുക്തമാക്കിയ ബഖ്തിൻ, ഭാഷയിൽ വിമർശനാത്മകമായ വ്യവഹാരാപഗ്രഥനത്തിന് പ്രാമാണ്യം നൽകിയ ഹേബർമാസ്, ഭാഷാനിർമ്മാണത്തിലൂടെ നിലവിലിരുന്ന ഭാഷാശാസ്ത്രപഠന മേഖലയെത്തന്നെ മാറ്റിമറിച്ച ദറിദ, ഭാഷാലീല എന്ന ആശയത്തിന്റെ വക്താവായ വിറ്റ്ഗെൻ സ്റ്റൈൻ തുടങ്ങിയവരെല്ലാം ഭാഷാശാസ്ത്രപഠനത്തിന് വലിയ സംഭാവനകൾ നൽകി.

ജനിച്ചുവീഴുന്ന ഒരു ശിശു, തന്റെ പരിതസ്ഥിതിക്കനുസൃതമായി, വ്യത്യസ്ത ഭാഷകൾ സ്വായത്തമാക്കുന്നതിനു പിന്നിലുള്ള കാരണങ്ങൾ എന്നും ഭാഷാശാസ്ത്രത്തിനു അന്വേഷണ വിഷയമായിരുന്നു. ഈ അന്വേഷണമാണ് ബിഹേവിയറിസം എന്ന സൈദ്ധാന്തിക സമീപനത്തിനു പിന്നിൽ പ്രവർത്തിച്ചത്. സ്കിന്നർ എന്ന അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനാണ് ഇതിന്റെ പ്രണേതാവ്. എന്നാൽ സ്കിന്നറുടെ വാദങ്ങളെ ചോദ്യം ചെയ്തുകൊണ്ട് നിരവധി സൈദ്ധാന്തികർ രംഗപ്രവേശനം ചെയ്തു. ഇതിൽ പ്രമുഖനാണ് നോം ചോംസ്കി. 'LAD' എന്ന ഒരു പരികൽപ്പനയുമായി മുന്നോട്ടുവന്ന ചോംസ്കിക്കും വിമർശനങ്ങൾ നേരിടേണ്ടിവന്നു. സ്കിന്നറുടെയും ചോംസ്കിയുടെയും സമീപനങ്ങൾ ഇവിടെ അന്വേഷണ വിഷയമാകുന്നു. തുടർന്ന് ടി. ബി. വേണുഗോപാലപ്പണിക്കർ രചിച്ച 'സസ്യൂറിന്റെ ഇന്ത്യൻ വേരുകൾ' എന്ന ലേഖനത്തെ സവിശേഷമായി പഠിക്കുന്നു.

അറിവുകളുടെ വ്യാപനം കിഴക്കുനിന്നും പടിഞ്ഞാറോട്ട് സംഭവിച്ചിട്ടുണ്ട്. പലപ്പോഴും പുത്ത

SGOU

നറിവുകൾ പലതും പടിഞ്ഞാറ് നിന്ന് ഉദയം കൊണ്ടവയാണെന്ന് കരുതിപ്പോരുന്നുണ്ടെങ്കിലും അവയെ ജനിപ്പിച്ച തീപ്പൊരി കിഴക്കുനിന്നു വളരെ പണ്ടേ പുറപ്പെട്ടതാണ്. ഘടനവാദത്തിലും ഇത്തരം കിഴക്കൻ വേരുകൾ കണ്ടെത്താം. ഘടനാവാദത്തിന്റെ ഉപജ്ഞാതാവായ ഫെർഡിനാന്റ് സസ്യൂർ (സൊസ്സ്യൂർ) 1906-11കാലത്ത്, ഗ്രീഷ്മകാല പഠന ശിബിരത്തിൽ ചെയ്ത പ്രഭാഷണ പരമ്പരയുടെ സമാഹരമാണ് ഫ്രഞ്ചിലുള്ള 'cours de linguistique generale'. ഭാഷയിലെ ഏകകാലിക പഠനത്തിലൂടെ ഭിന്നമായ ഒരു വഴി തുറക്കുകയാണ് ഇതിലൂടെ സൊസ്സ്യൂർ ചെയ്തത്. ഭാഷാ മൂലകങ്ങളുടെ സംഗ്രഥനത്താൽ ഉയർന്ന തലം സൃഷ്ടിക്കപ്പെടുന്നതിനെപ്പറ്റിയുള്ള ഉപദർശനമാണ് സൊസ്സ്യൂറിയൻ വീക്ഷണങ്ങളുടെ മുഖ്യഭാഗം.

ഇതിനെ നാലു ഭാഗങ്ങളായി (വിപരീതദ്വന്ദ ശൃംഖല) ചുരുക്കിപ്പറയാം.

i. സിങ്ക്രോണി - ഡയക്രോണി

ii ലാങ് - പരോൾ

iii സിഗ്നിഫിയന്റ് - സിഗ്നിഫിയെ

iv സിന്റാഗ്മാറ്റിക് - പാരഡിഗ്മാറ്റിക്

## Keywords

സ്കിന്നറുടെ സമീപനങ്ങൾ - ബിഹേവിയറിസം - ഓപ്പറന്റ് കണ്ടിഷനിംഗ് - ചോംസ്കി -'ലാഡ്' (LAD language acquisition device) - ലാങ് - പരോൾ - സൊസ്സ്യൂറിയൻ സിദ്ധാന്തങ്ങളുടെ അടിത്തറയും ഭാരതീയ വ്യാകരണ സിദ്ധാന്തങ്ങളും - കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ്

## Discussion

### സ്കിന്നറുടെ (Burrhus Frederic Skinner) ബിഹേവിയറിസ്റ്റ് ഭാഷാസമീപനം

ഇരുപതാം ശതകത്തിലെ ഏറ്റവും ശ്രദ്ധേയനായ പരീക്ഷണമനഃശാസ്ത്രജ്ഞനായിരുന്നു സ്കിന്നർ എന്ന Burrhus Frederic Skinner (1904-1990). അമേരിക്കൻ ഭാഷാമനഃശാസ്ത്ര മണ്ഡലത്തിൽ ഏറെ അപ്രമാദിത്വം നേടിയതാണ് സ്കിന്നറുടെ ബിഹേവിയറിസം എന്ന സൈദ്ധാന്തികസമീപനം. ഒരു ശിശു അതിന്റെ മാതാപിതാക്കളുടെയോ സംരക്ഷകരുടെയോ ഭാഷ അനുകരിക്കാൻ ശ്രമിക്കുന്നു. ഏറെ ശ്രമങ്ങൾക്കുശേഷം കുട്ടി പറയുന്ന വാക്ക് തിരിച്ചറിയപ്പെടുമ്പോൾ മുതിർന്നവർ കുട്ടിയെ പ്രശംസിക്കുകയും കുട്ടിയുടെ ഉദ്ദിഷ്ടം സാധ്യമാക്കിക്കൊടുക്കുകയും ചെയ്യുന്നു. അങ്ങനെ, സ്വാഭാവികമായും വിജയകരമായ ശ്രമങ്ങൾ തിരിച്ചറിയപ്പെടുകയും കുട്ടിയിൽ ഭാഷാപരമായ വാക്കുകൾ ഉറയ്ക്കുകയും പരാജയപ്പെട്ട ശ്രമങ്ങൾ ക്രമേണ വിസ്മൃതിയിലാകുകയും ചെയ്യുന്നു. വളരുന്തോറും കുട്ടിയുടെ പദാവലി വികസിക്കുകയും അർഥവത്തായ വാക്യനിർമിതി സാധ്യമാക്കുകയും ചെയ്യുന്നു. ഓരോ കുട്ടിയും വളർന്നുവരുന്ന ചുറ്റുപാട് ഭാഷാവികാസത്തെ ഏറെ സ്വാധീനിക്കുന്ന ഒന്നാണ്. കുട്ടിയുടെ ശ്രമങ്ങളെ അംഗീകരിക്കുന്ന ഒരു സാഹചര്യമാണ് കുട്ടി വള

ബിഹേവിയറിസം

രുന്ന ഗാർഹികാന്തരീക്ഷത്തിലുള്ളതെങ്കിൽ അത്തരം പ്രചോദനങ്ങൾ ഭാഷാപഠനത്തെ ഏറെ ത്വരിതപ്പെടുത്തുന്നു എന്നും സ്കിന്നർ കരുതുന്നു.

കുട്ടികളുടെ ഭാഷാപഠനത്തിലുള്ള കഴിവ് സ്വതസിദ്ധമല്ലെന്നും അവരുടെ ധാരണയും ഉപയോഗവും രൂപപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഓപ്പറന്റ് കണ്ടിഷനിംഗിനെ ആശ്രയിച്ചിരിക്കുന്നുവെന്നും സ്കിന്നറുടെ അനുകരണസിദ്ധാന്തം വ്യക്തമാക്കുന്നു. പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ആശയമാണ് ഓപ്പറന്റ് കണ്ടിഷനിംഗ്. ഇതു രണ്ടുവിധത്തിലാകാം, പോസറ്റീവ് റീ ഇൻഫോഴ്സ്മെന്റും നെഗറ്റീവ് റീ ഇൻഫോഴ്സ്മെന്റും. ഒരു കുട്ടി അമ്മയോട് ഭക്ഷണം ആവശ്യപ്പെടുന്നു എന്നിരിക്കട്ടെ, ആ ആവശ്യം കൃത്യമായി അമ്മയെ ധരിപ്പിക്കാനായാൽ കുട്ടിയ്ക്ക് ഭക്ഷണം ലഭിക്കുകയും അവിടെ പോസിറ്റീവ് റീ ഇൻഫോഴ്സ്മെന്റ് സാധ്യമാകുകയും ചെയ്യുന്നു. ഭക്ഷണം ആവശ്യപ്പെടേണ്ട സമയത്ത് ഉപയോഗിക്കേണ്ട ഭാഷയെക്കുറിച്ചുള്ള ജ്ഞാനം കുട്ടിയിൽ ബലപ്പെടുന്നു എന്നു ചുരുക്കം. പകരം കുട്ടി ഉപയോഗിക്കുന്ന ഭാഷ തെറ്റാണെന്നിരിക്കട്ടെ, അപ്പോൾ കുട്ടിയുടെ ആവശ്യം അവഗണിക്കപ്പെട്ടേക്കാം; ഒരുപക്ഷേ അമ്മ കുട്ടിയെ തിരുത്തിയേക്കാം ഇതാണ് നെഗറ്റീവ് റീ ഇൻഫോഴ്സ്മെന്റ്.

ഓപ്പറന്റ് കണ്ടിഷനിംഗ്

പോസിറ്റീവ് റീ ഇൻഫോഴ്സ്മെന്റിലൂടെ ഏതു ഭാഷയാണു തനിക്കു നൽകുന്നതെന്ന് മനസിലാക്കുന്ന കുട്ടി, ആ രീതിയിൽ തന്നെ ഭാഷോപയോഗം തുടരും. നെഗറ്റീവ് റീ ഇൻഫോഴ്സ്മെന്റ് കാര്യത്തിൽ തിരുത്തലുകളുമായി പൊരുത്തപ്പെടുന്നതിനു വേണ്ടി കുട്ടി ഭാഷോപയോഗം ശരിയാക്കുകയോ, മറ്റുമാറ്റങ്ങൾക്കുവേണ്ടി ശ്രമിക്കുകയോ ചെയ്യാം. കോഗ്നിറ്റിവ് സിദ്ധാന്തങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സ്കിന്നറുടെ, ഓപ്പറന്റ് കണ്ടിഷനിംഗ് തിയറിക്ക് പരിമിതമായ അക്കാദമിക് പിന്തുണ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബിഹേവിയറൽ എക്സ്പ്ലനേഷൻ എന്ന നിലയിൽ ഭാഷാപരമായ പല മേഖലകളിലും ഇതിന്റെ സാംഗത്യം വലുതാണ്. കുട്ടികൾ ചുറ്റുമുള്ളവരുടെ ഉച്ചാരണവും സംസാരഭാഷയും തെരഞ്ഞെടുക്കാൻ നടത്തുന്ന ശ്രമം, ഒരു പരിധിവരെ ഭാഷാസമ്പാദനത്തിൽ അനുകരണത്തിനു വലിയ പങ്കു വഹിക്കാനാകുമെന്ന് ഇതു സൂചിപ്പിക്കുന്നു. സ്കൂൾ ജീവിതത്തിൽ, അവരുടെ ഭാഷോപയോഗം കൂടുതൽ കൃത്യമാകും. സംസാരിക്കുമ്പോൾ വരുത്തുന്ന തെറ്റുകൾ തിരുത്തുന്ന പരിചാരകരുടെ ശ്രമങ്ങളെക്കാൾ സജീവമായ പങ്ക് അധ്യാപകർക്കുവഹിക്കാനാകും എന്നതാകാം ഈ 'കൃത്യത'യ്ക്കു പിന്നിൽ. എന്നാൽ, ജീൻ ഏയ്ച്ചിസണ് (Jean Aitchison)നെപ്പോലെയുള്ള അക്കാദമിക് വിദഗ്ധർ ഇതിനെയും വിമർശിക്കുന്നുണ്ട്. കുട്ടിയുടെ ഭാഷയിലെ വ്യാകരണപരതയെക്കാൾ, വസ്തുതകളെയാണ് അവർ അംഗീകരിക്കുന്നത്. മറിച്ച് വ്യാകരണപരമായ കൃത്യതയും വസ്തുതാപരമായി കൃത്യതയില്ലായ്മയും ഉണ്ടെങ്കിൽ ആ ഭാഷോപയോഗം നിരാകരിക്കപ്പെടുകയേ ഉള്ളൂ.

പോസിറ്റീവ് റീ ഇൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം

1957-ൽ പ്രസിദ്ധീകൃതമായ, സ്കിന്നറുടെ പ്രഖ്യാതകൃതിയാണ് വെർബൽ ബിഹേവിയർ. 1940-ൽ മിനസോട്ട സർവകാലശാലയിൽ അവതരിപ്പിച്ച പ്രഭാഷണങ്ങളുടെ പുസ്തകരൂപമാണിത്. ഈ പുസ്തകത്തിന് അഞ്ചുഭാഗങ്ങളും 19 അധ്യായങ്ങളുമുണ്ട്. സ്വന്തം നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു കൂട്ടം സിദ്ധാന്തങ്ങളുടെ പുസ്തകരൂപം

എന്ന നിലയിൽ ഈ കൃതി ഏറെ വിമർശങ്ങൾക്ക് പാത്രീഭവിച്ചു. ഈ കൃതിയാണ് ബിഹേവിയറിസ്റ്റു സിദ്ധാന്തങ്ങളുടെ മുഖ്യ ഉറവിടം. സ്കിന്നറുടെ തിയറിയെ മറ്റു സൈദ്ധാന്തികർ വിമർശിക്കുകയോ നിരാകരിക്കുകയോ ചെയ്തിട്ടുണ്ട്. സ്കിന്നറുടെ സിദ്ധാന്തത്തിന്റെ പ്രധാന വിമർശനങ്ങൾ താഴെ പറയുന്നു.

▶ സ്കിന്നറുടെ സിദ്ധാന്തത്തിന്റെ പ്രധാന വിമർശനങ്ങൾ

1. ഏകദേശം ഒരേപ്രായത്തിൽത്തന്നെ കുട്ടികൾ, വിവിധങ്ങളായ വളർച്ചകളിലൂടെ കടന്നു പോകുന്നുണ്ട്. കേവലാനുകരണവും കണ്ടീഷനിംഗും കൊണ്ടുമാത്രം കുട്ടികളുടെ ഭാഷാപരമായ വളർച്ച സാധ്യമാകില്ലെന്നും ആന്തരികമായ ഒരു സംവിധാനക്രമം (മെക്കാനിസം) ഭാഷാവികസനം സുഗമമാക്കുന്നുണ്ടെന്നും ഇതു തെളിയിക്കുന്നു.
2. ഭാഷാപ്രാപ്തിയുടെ ആവശ്യകതയെക്കുറിച്ച് സ്കിന്നർ മതിയായവിശദീകരണം നൽകുന്നില്ല. പക്ഷെ ഭാഷാപ്രക്രിയകളെ അദ്ദേഹം ഫലവത്തായി വിശദീകരിക്കുന്നുണ്ടുതാനും.
3. ഭാഷയുടെ സങ്കീർണതകളെ കൂടുതൽ വിശദീകരിക്കുവാൻ സ്കിന്നറിനു കഴിയുന്നില്ല.

▶ 'ലാഡ്' (LAD - Language Acquisition Device)

സ്കിന്നറുടെ ബിഹേവിയറൽ തിയറിയെ നിരാകരിച്ച ഭാഷാശാസ്ത്രജ്ഞനാണ് നോം ചോംസ്കി. ചോംസ്കിയൻ വാദങ്ങൾ 'ലാഡ്' (LAD - Language Acquisition Device) എന്നൊരു സങ്കൽപനവുമായി ബന്ധപ്പെട്ടിരിക്കുന്നു. തലച്ചോറിന്റെ ചിലഭാഗങ്ങൾ ശബ്ദം എൻകോഡ് ചെയ്യുന്നതുപോലെ, ഭാഷയെ എൻകോഡ് ചെയ്യുന്ന തലച്ചോറിന്റെ ഭാഗമാണ് LAD.

ഭാഷാപരമായ ഏറ്റെടുക്കലുകളുടെ (language acquisition) നിർണായക ഘട്ടമാണ് ഒരു ശിശുവിനെ സംബന്ധിച്ചിടത്തോളം ഏഴു വയസ്സ് എന്നത്. ഈ ഘട്ടത്തിൽ കുട്ടിയുടെ ഭാഷ വികസിച്ചിട്ടില്ലെങ്കിൽ അവർക്ക് അതൊരിക്കലും പൂർണമായി മനസിലാക്കുവാൻ സാധിക്കുകയില്ല. ഭാഷാവികാസത്തെ നിയന്ത്രിക്കുന്ന സാർവത്രികമായ എന്തെങ്കിലും മനുഷ്യർക്കിടയിൽ ഉണ്ടായിരിക്കാമെന്ന് ഇത് സൂചിപ്പിക്കുന്നു. ഭാഷാ പശ്ചാത്തല പരിഗണന കൂടാതെതന്നെ, ഈ നിർണായക കാലഘട്ടം എല്ലാവർക്കും ഒന്നുപോലെയായിരിക്കാൻ കാരണവും ഇത് തന്നെയാവണം. മനുഷ്യൻ ജനിച്ചതുതന്നെ ഭാഷ നേടുന്നതിനുള്ള സഹജാവബോധത്തോടെയാണെന്നു ഉദ്ഘോഷിക്കുന്ന നേറ്റിവിസ്റ്റ് സിദ്ധാന്തത്തിന്റെ ഒരു ഘടകം തന്നെയാണ് ലാഡ് (LAD). ശൂന്യമായ മനസുമായി ജനിക്കുന്ന കുട്ടികൾ പരിചാരകരെ അനുകരിച്ചു ഭാഷ പഠിക്കുമെന്നു വാദിച്ച ബിഹേവിയറിസ്റ്റുകളെ നിരാകരിച്ച്, ഒരു ഭാഷ പഠിക്കുവാനുള്ള ആന്തരികമായ കഴിവുമായാണ് കുട്ടികൾ ജനിക്കുന്നതെന്നായിരുന്നു ചോംസ്കിയൻ വീക്ഷണം.

▶ ചോംസ്കിയും ബിഹേവിയറൽ തിയറിയും

LAD അദ്വിതീയമായ മനുഷ്യ സ്വഭാവമാണെന്നും അത് മൃഗങ്ങളിൽ കാണാനാകില്ലെന്നും ചോംസ്കി കരുതി. ഭാഷയിലൂടെയുള്ള ആശയവിനിമയം നടത്താൻ മനുഷ്യനുമാത്രം കഴിയുന്നതും അതുകൊണ്ടാണ്.

എല്ലാ മനുഷ്യന്റെയും LADൽ അടങ്ങിയിരിക്കുന്നത് അവരവരുടെ ഭാഷയല്ല. മറിച്ച് ഏതു ഭാഷയുടെയും നിയമങ്ങൾ പ്രവർത്തിക്കാൻ സഹായിക്കുന്ന ഒരു സംവിധാനക്രമം പോലെയാണ് LAD പ്രവർത്തിക്കുന്നത്. എല്ലാ മനുഷ്യഭാഷകളുടെയും അടിസ്ഥാന വ്യാകരണ ഘടന ഒന്നാണെന്നു ചോംസ്കി കരുതുന്നു. ഇതിനെ സാർവത്രിക വ്യാകരണം എന്നു വിളിക്കാം. LAD ഒരു സാങ്കൽപ്പിക ഉപകരണം മാത്രമാണ്. നമ്മുടെ ശരീരത്തിൽ ശാരീരിക ഭാഷോപകരണങ്ങൾ ഒന്നും തന്നെയില്ല.

LADന്റെ പ്രവർത്തനം ഇങ്ങനെ ക്രോഡീകരിക്കാം.

1. മുതിർന്നവരുടെ ഭാഷണം കേൾക്കുമ്പോൾ കുട്ടിയുടെ LAD പ്രേരിതമാകുന്നു.
2. കുട്ടി, സ്വയമേവ ഭാഷണത്തിനു സാർവത്രിക വ്യാകരണം ഉപയോഗിക്കുന്നു.
3. ഉചിതമായ പുതിയ വാക്കുകൾ പഠിക്കുകയും തദനുസൃതമായ വ്യാകരണ നിയമങ്ങൾ പ്രയോഗിക്കുകയും ചെയ്യുന്നു.
4. കുട്ടിക്ക് പുതിയ ഭാഷ ഉപയോഗിക്കാൻ കഴിയുന്നു.

- LAD ന്റെ നിലനിൽപ്പ്
- സാർവത്രിക വ്യാകരണം

ചോംസ്കിയുടെ സിദ്ധാന്തത്തിന് ഏറെ വിമർശനമേൽക്കേണ്ടിവന്നതു ബിഹേവിയറിസ്റ്റുകളിൽ നിന്ന് തന്നെയാണ്. ശാസ്ത്രീയമായി LADന്റെ നിലനിൽപ്പ് തലച്ചോറിൽ എവിടെ എന്നത് തന്നെയായിരുന്നു അവരുടെ പ്രധാന വിമർശനം.

## സിങ്ക്രോണി-ഡയക്രോണി (Synchrony-Diachrony)

ഏകകാലികസ്ഥിതിതന്നെയാണിത്. ഒരേ കാലബിന്ദുവിൽ ഭാഷയിലെ ഏകകങ്ങളുടെ പരസ്പരബന്ധത്തിന്റെ നില. ഇത്തരം ഒന്നിലേറെ നിലകൾ താരതമ്യം ചെയ്താൽ നിലയുടെ സ്വഭാവത്തിന്റെ മാറ്റം മനസിലാക്കാം. ഇതാണ് ഡയക്രോണി അഥവാ ബഹുകാലികത. ഓരോകാലത്തെ ഭാഷയ്ക്കും നിയതമായ സ്വനലക്ഷണം, ഘടനാസ്വഭാവം ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ ഒരു ഘട്ടത്തിന്റെ സ്വഭാവം, മുൻ പിൻഘട്ടങ്ങളുമായി ഇടതട്ടിച്ചു നോക്കാതെ തന്നെ അന്വേഷിച്ചറിയാനും സാധിക്കും. മറിച്ച് ബഹുകാലികസ്ഥിതി ചരിത്രം, മാറ്റത്തിന്റെ സ്വഭാവം എത്രകാലത്തെ കണക്കിലെടുക്കുന്നുവോ ആ കാലത്തെ ഏകകാലിക സ്ഥിതികളുടെ താരതമ്യം മൂലമോ മാത്രമേ വ്യക്തമാകൂ. ഇതിലൂടെ സൊസ്സ്യൂർ ഏകകാലിക വീക്ഷണത്തിന്റെ പ്രാമാണ്യം സ്ഥിരീകരിക്കുകയാണ് ചെയ്തത്.

- ഏകകാലിക നില

'നമ്മുടെ വ്യാകരണ സമ്പ്രദായം രൂപസിദ്ധിക്കും അന്വയക്രമത്തിനും മറ്റും തത്കാലനടപ്പനുസരിച്ച് ഉപപത്തിയുണ്ടാക്കുന്ന സിദ്ധാന്തങ്ങൾ കല്പിക്കുന്ന അഭ്യൂഹികപദ്ധതിയനുസരിച്ചാണെന്ന്' എ. ആർ. കേരളപാണിനിയത്തിൽപ്പറയുന്നുണ്ട്. സിങ്ക്രോണിയുടെ അടിസ്ഥാന വീക്ഷണം തികച്ചും ഭാരതീയമാണ്. നവോത്ഥാനചിന്തയുടെ കാലത്ത് ഈ വീക്ഷണം തകിടം മറിക്കാനുള്ള ശ്രമവും നടന്നു. കേരളപാണിനീയ മുഖവുരയിൽ അഭ്യൂഹികമല്ല, ആഗമിക(ചരിത്രാത്മകം)മാണ്, ശാസ്ത്രീയം എന്നുറപ്പിച്ചു പറയുന്നതും ശ്രദ്ധിക്കുക. വ്യാകരണത്തെ

ശാസ്ത്രീയമായി പരിഗണിക്കണമെങ്കിൽ ആഗമികമായിരിക്കണമെന്ന് അദ്ദേഹം ശഠിക്കുന്നു. ചിത്രകാരനായ രവിവർമ്മയുടെ പ്രതിപാദനശൈലി പടിഞ്ഞാറൻ റിയലിസ്റ്റുകളുടേതായിരുന്നു. ഭാരതീയമായ കഥാഖ്യാനപാരമ്പര്യവും കേരളീയമായ ചിത്രകലാപാരമ്പര്യവും ചന്തുമേനോൻ ഇന്ദുലേഖ(1889)യുടെ അവതാരികയിൽ തള്ളിക്കളയുന്നുണ്ട്. യൂറോപ്പിൽ എഴുതുന്ന മാതിരി ചിത്രങ്ങളും ഉണ്ടാവാൻ പാടുള്ള വൃത്താന്തങ്ങൾ കൊണ്ടു ചമച്ച കഥകളും വേണമെന്നാണു ചന്തുമേനോന്റെ പക്ഷം. ഒരു ഭാഷയെ വ്യാകരിക്കുമ്പോൾ അതിന്റെ അറിവുള്ളത്ര ചരിത്രവസ്തുതകൾക്ക് നിരക്കുന്ന തരത്തിലുള്ള വിശദീകരണമാണ് വേണ്ടത്. തത്കാലസ്ഥിതിയിൽ ചരിത്രമുദ്രപതിഞ്ഞിരിക്കുമെന്നതിനാൽ സിങ്ക്രോണിക്കിനു പ്രാധാന്യം നൽകുമ്പോഴും മൗലികവാദം ആവശ്യമില്ല.

▶ സിങ്ക്രോണി

## ലാങ്-പരോൾ (langue-parole )

ഇത്, ഭാഷകന്റെയും ഭാഷകസമൂഹത്തിന്റെയും ഭാഷാശേഷി, ഭാഷണക്രിയയിൽ നിന്നു വ്യാവർത്തിപ്പിക്കുന്ന വ്യാവർത്തനജോഡിയാണ്. ഭാഷ-ഭാഷണം എന്നോ ഭാഷാജ്ഞാനം – ഭാഷാ പ്രയോഗം എന്നോ പരാവർത്തനം ചെയ്യാം. 'പരോളാ'(ഭാഷണം)ണു നേരിട്ടു നിരീക്ഷിക്കാവുന്നതാണ്. വ്യാകരണകാരന്റെ വിഷയം ഭാഷാസമൂഹത്തിൽ ലാങ് ആണ്. ഭാഷ പഠിച്ചെടുക്കുന്ന ഓരോ ആളും ഗ്രഹിച്ചെടുക്കാൻ, കയ്യടക്കാൻ ശ്രമിക്കുന്നത് സമൂഹത്തിന്റെ അവബോധത്തിലുള്ള ലാങ്ങിനെയാണ്. പരോൾ ഓരോ ഭാഷണസന്ദർഭത്തിലുമുള്ള വ്യക്തിഗതാവിഷ്കാരമാണ്. മസ്തിഷ്കത്തിൽ എഴുതിയിരിക്കുന്ന ലാങ് ആണു കൂടുതൽ യാഥാർഥ്യം. ഏകകങ്ങളും അവയുടെ പരസ്പര ചേരുവയുടെ സ്വതന്ത്രനിയന്ത്രണങ്ങളും ചേർന്നതാണ് ലാങ്. ഇതാണ് തങ്ങളുടെ അന്വേഷണ വിഷയമെന്നു പഴയ വൈയാകരണന്മാർ തിരിച്ചറിഞ്ഞിരുന്നു. സാമാന്യവത്കരണം, നിയമ ക്രോഡീകരണം, അവയുടെ ക്രമീകരണം എന്നിവയിൽ അവർ ശ്രദ്ധിച്ചത് ഇതുകൊണ്ടാണ്. ഏതാനും പ്രകൃതിയുടെ രൂപങ്ങൾ മാത്രം പഠിച്ച് അവയുടെ മാതൃകയിൽ ഉണ്ടാക്കിയെടുക്കുവാനുള്ള വിധികൾ പഠിച്ചാൽ മതിയെന്നതിന്റെ അനന്തരഫലമാണ് ആദ്യത്തെ വ്യാകരണ കൃതി. ഭാഷാലക്ഷണ നിർദ്ധാരണമാണ് ഇത്തരത്തിലുള്ള വ്യാകരണം.

▶ ലാങ്-പരോൾ

## സിന്റാഗ്-പാരഡിഗ്മാറ്റിക്സ് (Syntagmatic-Paradigmatic)

ഒരു ചിഹ്നത്തുടരിലെ ചിഹ്നങ്ങൾ തമ്മിലുള്ള ബന്ധമാണ് സിന്റാഗ്മാറ്റിക് ബന്ധം. ഒരു തുടരിലെ അംഗങ്ങൾ തമ്മിൽ ഏകതലത്തിലുള്ള തിരശ്ചീനമായ ബന്ധം, അന്വയപരമായ ബന്ധം, ആകാംഷാപരമായ ബന്ധം എന്നെല്ലാം ഇതിനെ നിർവചിക്കാം. ഒരു ചിഹ്നത്തിന് അതിന്റെ സ്ഥാനത്ത് വരുന്ന മറ്റുള്ളവയുമായുള്ള ഒരു ബന്ധമുണ്ട്. അത്തരം ചിഹ്നങ്ങൾ ഒരേ ഗണത്തിൽ(സംവർഗത്തിൽ-category-set)പ്പെട്ടിരിക്കുന്നു എന്നു വ്യക്തമാണ്. ലംബതലത്തിലുള്ള ഈ സാഹചര്യബന്ധമാണ് (associative relation)പാരഡിഗ്മാറ്റിക് ബന്ധം. ര്, ഊ, പ്, അ, മ് എന്ന അഞ്ചു വർണങ്ങളുടെ അന്വയപരമായബന്ധമാണ് 'രൂപം' ഉണ്ടാക്കുന്നത്. 'ര്' എന്നതിനു പകരം വ്യഞ്ജനം മാറ്റിവച്ചാൽ പദവ്യത്യാസം (കൂപം, പൂപം, സൂപം) ഉണ്ടാകും. പദാദിയിൽ ഒരേ സാഹചര്യത്തിൽ

വരാവുന്ന ര്, ക്, പ്, സ് തുടങ്ങിയവ തമ്മിലുള്ള ബന്ധം ഗണപരമായ ബന്ധമാണ്. ഈ ബന്ധം നിശ്ചിയിക്കുന്നത് സാമ്യവും വൈരുദ്ധ്യവുമാണ്. ഒരേ ഗണത്തിൽപ്പെടുന്നവർക്കു പരസ്പരം സാദൃശ്യവും വ്യാവർത്തകത്വമുണ്ടെന്നു ചുരുക്കം. ഒരേ ലേബൽ നല്കാവുന്ന ഗണത്തിൽപ്പെടുന്ന ഈ ബന്ധമാണു ചിഹ്നസംഘാതത്തെ (code) നിർണയിക്കുന്നത്. അന്വയപരബന്ധം ഭാഷാരൂപങ്ങളുടെ ഘടന നിശ്ചയിക്കുന്നു. ഇതാണ് ചിഹ്നങ്ങളുടെ സന്ദേശത്തെ (message)നിർണയിക്കുന്നത്. അന്വയപരബന്ധത്തെയും ഗണപരബന്ധത്തെയും സൊസ്സ്യൂർ സമീപിക്കുന്നത് ഇന്ത്യൻ വ്യാകരണ ശാസ്ത്രത്തിൽ കാലുറപ്പിച്ചാണെന്നു വ്യക്തം.

> ▶ സിന്റാഗ്മാറ്റിക് ബന്ധം.

## സിഗ്നിഫിയൻറ്-സിഗ്നിഫിയേ (signifiant-signifie)

നിഘണ്ടു, കോശം, വ്യാകരണം ഇവയൊക്കെ ലാങ് എന്ന ചിഹ്ന വ്യവസ്ഥയുടെ ഭാഗമാണെന്നു സൊസ്സ്യൂർ പറയുന്നു. ഓരോ വ്യക്തിയുടെയും ഭാഷാശേഷി 'ലാങ്' അനുസരിച്ച് വ്യത്യാസപ്പെടാം. ഒരു ഭാഷാചിഹ്നം സൂചക-സൂചിത സമ്മിളിതമാണ്. സൂചകം ശബ്ദപ്രതിബിംബവും, സൂചിതം അതെന്തിനെക്കുറിക്കുന്നുവോ അതുമാണ്. സൂചകം സങ്കേതികമാണെന്നും നൈസർഗികവും സ്വയം സിദ്ധവുമല്ലെന്നും ചുരുക്കം. ഭാഷാചിഹ്നം സാങ്കേതികമാണ്, പ്രകൃത്യാ ഉള്ളതല്ല. സൂചിതത്തിനു വസ്തുക്കളോടും സംഭവങ്ങളോടുമുള്ള ബന്ധം സങ്കേതബന്ധം മാത്രം. സൂചക-സൂചിതബന്ധവും സാങ്കേതികമാണ്. വാഗർഥബന്ധവും ഇതിന് ഏതാണ്ട് സമാനമാണ്. ശബ്ദാർഥ ബന്ധം പ്രകൃതി സിദ്ധമല്ല. ഓരോ കൂട്ടരും ഒരേ കാര്യം പറയാൻ വെവേറെ വാക്കുകളാണ് ഉപയോഗിക്കുന്നതും ഈ സാങ്കേതികത്വത്തിന് തെളിവാണ്. Indian theories of meaning എന്ന ഗ്രന്ഥത്തിൽ ഡോ. കുഞ്ചുണ്ണിരാജാ സൊസ്സ്യൂറിനും ഭാരതീയ വീക്ഷണത്തിനുമുള്ള ഇത്തരം സമാനത ചൂണ്ടിക്കാട്ടുന്നു.

> ▶ സിഗ്നിഫിയൻറ്-സിഗ്നിഫിയേ

## വിശദപഠനം

## സസ്യൂറിന്റെ ഇന്ത്യൻ വേരുകൾ -

### ടി. ബി. വേണുഗോപാലപ്പണിക്കർ

വ്യാകരണ പഠനം ഒരു ശാസ്ത്രമെന്ന നിലയിൽ പ്രാചീന ഭാരതത്തിലും ഗ്രീസിലും വളർന്നു വന്നിരുന്നു. അതിൽതന്നെ ഭാരതത്തിൽ അത് വൈദിക സംസ്കാരത്തിന്റെയും ദ്രാവിഡഭാഷ സംസ്കാരത്തിന്റെയും സംരക്ഷണമെന്ന നിലവരെ ചെന്നെത്തിയിരുന്നു എന്നുവേണം കരുതാൻ. കാരണം ഭാരതത്തിൽ വ്യാകരണം ആറുവേദാംഗങ്ങളിൽ ഒന്നാണ്. അതുപോലെതന്നെ ദ്രാവിഡത്തിൽ സാഹിത്യവും സംസ്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന തിണസങ്കല്പത്തിന്റെ പാഠങ്ങൾ തൊൽക്കാപ്പിയം എന്ന വ്യാകരണ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ഭാഷാശാസ്ത്രത്തിലെ സുപ്രധാനമായ സൊസ്സ്യൂറിയൻ സിദ്ധാന്തങ്ങളുടെ അടിത്തറ ഭാരതീയ വ്യാകരണ സിദ്ധാന്തങ്ങളിൽ നിന്നും പലപ്പോഴും ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതാണെന്ന് സോദാഹരണം വ്യക്തമാക്കുന്ന ലേഖനമാണ് 'സസ്യൂറിന്റെ ഇന്ത്യൻ വേരുകൾ' എന്ന ലേഖനം.

> ▶ സൊസ്സ്യൂറിയൻ സിദ്ധാന്തങ്ങളുടെ അടിത്തറയും ഭാരതീയ വ്യാകരണ സിദ്ധാന്തങ്ങളും

SGOU

പാശ്ചാത്യമായ ആധുനികതയുള്ള പല ശാസ്ത്രീയ ഗവേഷണങ്ങളും കണ്ടെത്തലുകളും അടിസ്ഥാനപരമായി പൗരസ്ത്യദേശത്തിന്റെ സംഭാവനയാണെന്ന് ലേഖകൻ മുഖവുരയിൽ പരാമർശിക്കുന്നു. ഗോവസൂരിയുടെ വാക്സിൻ കണ്ടെത്താൻ എഡ്‌വേർഡ് ടെന്നർക്ക് പ്രചോദനമായത് ചൈനീസ് നാടോടി വിശ്വാസമായിരുന്നുവത്രേ! ഇതുപോലെ പല അറിവുകളും യൂറോപ്പിൽ എത്തിയത് പൗരസ്ത്യ സംഭാവനകളുടെ വിവർത്തനത്തിലൂടെയാണെന്ന് ലേഖകൻ സൂചിപ്പിക്കുന്നു. ഭാഷാശാസ്ത്രപരമായ ആധുനിക കാഴ്ചപ്പാടുകളുടെ സ്വാധീനതകളെപ്പറ്റിയാണ് ലേഖകൻ തുടർന്ന് വിശദീകരിക്കുന്നത്. ആധുനിക ഭാഷാശാസ്ത്രത്തിലെ സ്വനവിജ്ഞാനീയത്തിന്റെ അടിസ്ഥാന സങ്കല്പനങ്ങളുടെയും രീതി ശാസ്ത്രങ്ങളുടെയും വേരുകൾ ഭാരതീയ വ്യാകരണ ശാസ്ത്രത്തിൽ നിന്നുള്ളവയാണ്. ആധുനിക വർണ്ണ വിജ്ഞാനീയത്തിന് താത്വികമായി അടിത്തറയിട്ട വില്യം ഡ്വിറ്റ് വിറ്റ്നിയെ ഭാരതീയ സ്ഫോടസിദ്ധാന്തവും അക്ഷരശാസ്ത്രവും ഏറെ സ്വാധീനിച്ചിട്ടുണ്ട്. ആധുനിക ഭാഷാശാസ്ത്രത്തിലെ സ്വനവിജ്ഞാനീയപഠനത്തിന്റെ അടിത്തറ ഭാരതീയ 'പ്രാതിശാഖ്യ' ശാഖയുടെ വിവർത്തനത്തിൽ നിന്നാണ് വിറ്റ്നിക്ക് ലഭിച്ചത് (വേദാംഗങ്ങളായ ശിക്ഷയും വ്യാകരണവും സമ്മേളിച്ചു വികസിച്ച പഠനശാഖയാണ് പ്രതിശാഖ്യം). പാശ്ചാത്യർ പ്രാതിശാഖ്യങ്ങളെക്കുറിച്ച് നേടിയ അറിവാണ് ഫോണറ്റിക്സ് എന്ന ആധുനിക ഭാഷാശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് സഹായിച്ചത്.

> ▶ 'പ്രാതിശാഖ്യ' ശാഖയുടെ വിവർത്തനം

സൊസ്സ്യൂറിന്റെ ഭാഷാശാസ്ത്രപഠനത്തിന് ഭാരതീയ വ്യാകരണ മാതൃകകൾ എങ്ങനെയൊക്കെ സഹായകരമായിട്ടുണ്ട് എന്ന് വേണുഗോപാലപ്പണിക്കർ തുടർന്ന് വിശദീകരിക്കുന്നു. സൊസ്സ്യൂറിന്റെ ഭാഷാശാസ്ത്രചിന്തകൾ, 1906 മുതൽ 1911 വരെ അദ്ദേഹം ചെയ്ത പ്രഭാഷണപരമ്പരയുടെ പുസ്തകമായ 'കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സിൽ' (cours de linguistique generale) സമാഹരിച്ചിട്ടുണ്ട്. ഇത് സാധിക്കുന്നതിന് അദ്ദേഹത്തെ ഏറ്റവും കൂടുതൽ സഹായിച്ചത് ഭാരതീയ ഭാഷ പഠനങ്ങളാണ്. സംസ്കൃത അധ്യാപകനായിരുന്ന സൊസ്സ്യൂർ (അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധം തന്നെ സംസ്കൃതത്തിലെ സംബന്ധികാവിഭക്തിയെപ്പറ്റിയുള്ളതാണ്) നാലു വിപരീത ധ്വന്ദ്വങ്ങളായാണ് ഭാഷയെ വിശകലനം ചെയ്തത്.

> ▶ 'കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ്'

1. സിങ്ക്രോണി - ഡയക്രോണി (ഏകകാലികം - ബഹുകാലികം )
2. ലാങ് - പരോൾ (ഭാഷ - ഭാഷണം)
3. സിഗ്നിഫിയന്റ് - സിഗ്നിഫിയെ (സൂചകം - സൂചിതം)
4. സിന്റാഗ്മാറ്റിക് - പാരഡിഗ്മാറ്റിക് (തിരശ്ചീനതലം -ലംബതലം)

ഭാഷയുടെ പഠനരീതിയാണ് ഏകകാലിക ബഹുകാലിക രീതി. ഇതിൽ ഏകകാലിക ഭാഷാപഠനരീതികളുടെ സ്വഭാവം സൊസ്സ്യൂർ വിശദമാക്കുന്നത് ഭാരതീയ വ്യാകരണപദ്ധതിയെ അനുകരിച്ചാണെന്ന് ലേഖകൻ വിശദമാക്കുന്നു. പാണിനിയുടെ അഷ്ടാധ്യായിയും, ദ്രാവിഡ വ്യാകരണമായ തൊൽക്കാപ്പിയവും ഇതിന് അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. പിൽക്കാല വ്യാകരണ പഠനങ്ങൾ ആഗമിക ഭാഷാശാസ്ത്രത്തി

> ▶ ആഗമിക ഭാഷാ ശാസ്ത്രത്തിനു നൽകിയ പ്രാധാന്യം

നു പ്രാധാന്യം നല്കിയതും ഈ പശ്ചാത്തലത്തിൽ വേണം പരിശോധിക്കേണ്ടത് എന്നും ലേഖകൻ സൂചിപ്പിക്കുന്നുണ്ട്. കേരളപാണിനീയം എഴുതാൻ എ. ആറിനും, ഇന്ദുലേഖ എന്ന നോവൽ എഴുതാൻ ചന്തുമേനോനും, ചിത്രകലയിലെ പുതിയ സാങ്കേതികതയ്ക്ക് രവിവർമ്മയ്ക്കും പ്രചോദനമായതുമെല്ലാം ഇത്തരം സ്വാധീനതകളായിരിക്കാം.

> ▶ സൊസ്സ്യൂറിന്റെ ലാങ്-പരോൾ

സൊസ്സ്യൂറിന്റെ ലാങ്-പരോൾ സങ്കൽപ്പത്തിനടിസ്ഥാനവും ഭാരതീയ ഭാഷാജ്ഞാനമാണ്. ഭാഷ സമൂഹത്തിൽ സൃഷ്ടിക്കുന്ന അർഥവും പ്രതീതിയുമാണിത്. ഏകകങ്ങളും അവയുടെ പരസ്പര ചേരുവയുടെ സ്വാതന്ത്ര്യ നിയന്ത്രണങ്ങളും ചേർന്നതാണ് ലാങ്. ഓരോ സന്ദർഭവും, അനുസരിച്ചുള്ള അർഥാവിഷ്കാരമാണ് പരോൾ. ഭാരതീയ വ്യാകരണ ദർശനങ്ങളായ സമയ ക്രോഡീകരണവും സാമാന്യവല്ക്കരണവുമാണിത് രണ്ടും. ഏതാനും രൂപങ്ങളിൽ നിന്ന് ബഹുരൂപപദങ്ങൾ സൃഷ്ടിക്കുന്നതിനെപ്പറ്റിയൊക്കെ മഹാഭാഷ്യത്തിൽ പതഞ്ജലി വിശദമാക്കുന്നതിനെപ്പറ്റി ലേഖകൻ സൂചിപ്പിക്കുന്നു. നിഘണ്ടുവും വ്യാകരണവും വർണവ്യവസ്ഥയുമെല്ലാം തന്നെയാണ് സൊസ്സ്യൂർ പറഞ്ഞ ലാങും പരോളും ഒക്കെ.

> ▶ അർഥവും സാഹചര്യവും

ഭാഷയുടെ അർഥവുമായി ബന്ധപ്പെട്ടതാണ് സൂചക-സൂചിത സങ്കല്പനം. അർത്ഥം വെറും ആരോപിതമാണെന്നാണ് സൊസ്സ്യൂർ വിശദമാക്കുന്നത്. സ്ഥിരമായി ഒരു വാക്കിനും കൃത്യമായ അർഥമില്ലെന്നും, നമ്മൾ ഓരോ സാഹചര്യത്തിൽ വ്യവഹരിക്കുന്നതാണ് അർഥമെന്നുമാണ് അദ്ദേഹത്തിന്റെ പക്ഷം. 'വാഗർത്ഥാവിവസംപൃക്തൌ...' എന്നൊക്കെയുള്ള ഭാരതീയ ദർശനങ്ങൾ, ശബരദർശനം, വൈശേഷികന്മാരുടെയും, നൈയായികന്മാരുടെയും ദർശനങ്ങൾ തുടങ്ങിയവയെല്ലാം ഈ സങ്കൽപ്പങ്ങൾ രൂപപ്പെടുത്തുന്നതിന് സൊസ്സ്യൂറിനെ സഹായിച്ചിട്ടുണ്ട്.

> ▶ തിരശ്ചീന-ലംബതല സങ്കല്പനങ്ങൾ

വർണങ്ങളുടെയും അക്ഷരങ്ങളുടെയും വിന്യസനത്തിന്റെ അടിസ്ഥാനത്തിലാണ് തിരശ്ചീന - ലംബതല സങ്കല്പനങ്ങൾ സൊസ്സ്യൂർ രൂപീകരിച്ചത്. തമിഴിലെ അക്ഷരവിന്യാസനക്രമങ്ങളും, ഭാരതീയ നാടകത്തിലെ പഞ്ചസന്ധി വിശകലനങ്ങളുമെല്ലാം ഇതിന് സൊസ്സ്യൂറിനെ സഹായിച്ചിട്ടുണ്ടാകും എന്ന് ലേഖകൻ പറയുന്നു. ചുരുക്കത്തിൽ ഭാഷാശാസ്ത്രപരമായ സൊസ്സ്യൂറിന്റെ നാലു ഘടകചിന്തയിലും ഭാരതീയ വ്യാകരണപദ്ധതികൾ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് വേണുഗോപാലപ്പണിക്കർ തന്റെ ലേഖനത്തിൽ വിശദമാക്കുന്നു.

## Summarised Overview

1940-ൽ മിനസോട്ട സർവകലാശാലയിൽ അവതരിപ്പിച്ച പ്രഭാഷണങ്ങളാണ് 1957-ൽ വെർബൽ ബിഹേവിയർ എന്ന പേരിൽ സ്കിന്നർ പ്രസിദ്ധീകരിച്ചത്. ഈ കൃതിയിലാണ് ബിഹേവിയറിസം എന്ന കാഴ്ചപ്പാട് പരാമൃഷ്ടമാകുന്നത്. 20-ആം നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയമായ ഒരു ഭാഷാ മനഃശാസ്ത്രസിദ്ധാന്തമായിരുന്നു സ്കിന്നറുടെ ബിഹേവിയറിസം. ഓരോ ശിശുവും

ചുറ്റുപാടുമുള്ളവരെ അനുകരിക്കാൻ ശ്രമിക്കുകയും, അത്തരം അനേകം ശ്രമങ്ങൾക്കൊടുവിൽ വിജയിക്കുകയും ചെയ്യുന്നു. കുട്ടിയുടെ ശ്രമങ്ങളെ അംഗീകരിക്കുന്ന ഗാർഹികാന്തരീക്ഷമാണ് കുട്ടിയുടെ പദാവലി വികസനത്തിന് പിന്നിൽ പ്രവർത്തിക്കുന്നത്. കുട്ടികളുടെ ഭാഷാപഠനത്തിനുള്ള കഴിവ് സ്വതസിദ്ധമല്ലെന്നും അവരുടെ ധാരണയും ഉപയോഗവും രൂപപ്പെടുത്തുന്നതും മെച്ചപ്പെടുത്തുന്നതും ഓപ്പറന്റ് കണ്ടീഷനിംഗിനെ ആശ്രയിച്ചിരിക്കുന്നു എന്നും സ്കിന്നർ കരുതി. പോസിറ്റീവ്- നെഗറ്റീവ് റീ ഇൻഫോഴ്സ്മെന്റുകളാണ് കുട്ടിയെ തിരിച്ചറിയലുകളിലേക്കു എത്തിക്കുന്നത്. എന്നാൽ നോം ചോംസ്കി ഈ സിദ്ധാന്തത്തെ നിരാകരിക്കുകയും 'LAD' എന്ന കാഴ്ചപ്പാട് അവതരിപ്പിക്കുകയും ചെയ്തു. കുട്ടികൾ പരിചാരകരെയും മറ്റും അനുകരിച്ച് ഭാഷ പഠിക്കുമെന്ന് വാദിച്ച ബിഹേവിയറിസ്റ്റുകളെ നിരാകരിക്കുകയും, ഒരു ഭാഷ പഠിക്കാനുള്ള ആന്തരികമായ കഴിവുമായിത്തന്നെയാണ് ശിശു ജനിക്കുന്നതെന്നും ചോംസ്കി വാദിച്ചു.

LAD - മനുഷ്യന് മാത്രമുള്ള സവിശേഷതയാണ്. ഏതു ഭാഷയുടേയും നിയമങ്ങൾ പ്രവർത്തിക്കുവാൻ സഹായിക്കുന്ന സംവിധാനക്രമം പോലെയാണിത് പ്രവർത്തിക്കുന്നത്. എല്ലാ മനുഷ്യ ഭാഷകളുടെയും അടിസ്ഥാന വ്യാകരണഘടന ഒന്നാണ്. ഇതാണു സാർവത്രികവ്യാകരണം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. മുതിർന്നവരുടെ ഭാഷണം കേൾക്കുമ്പോൾ കുട്ടിയുടെ LAD പ്രേരിതമാകുകയും സാർവത്രിക വ്യാകരണം ഉപയോഗിച്ചു സ്വയമേവ ഭാഷണത്തിന് സന്നദ്ധനാകുകയും ചെയ്യുന്നു. പുതിയ വാക്കുകൾ പഠിക്കുകയും തദനുസൃതമായ വ്യാകരണനിയമങ്ങൾ പ്രയോഗിക്കുകയും ചെയ്തുകൊണ്ട് കുട്ടി പുതിയ ഭാഷ ഉപയോഗിച്ച് തുടങ്ങുന്നു.

ഒരേ കാലബിന്ദുവിൽ ഭാഷയിലെ ഏകകങ്ങളുടെ പരസ്പരബന്ധത്തിന്റെ നില, ഇത്തരം ഒന്നിലേറെ നിലകൾ താരതമ്യം ചെയ്താൽ നിലയുടെ സ്വഭാവത്തിന്റെ മാറ്റം മനസിലാക്കാം. ഇതാണ് ഡയക്രോണി അഥവാ ബഹുകാലികത. വ്യാകരണകാരന്റെ വിഷയം ഭാഷാസമൂഹത്തിൽ ലാങ് ആണ്.

പരോൾ ഓരോ ഭാഷണസന്ദർഭത്തിലുമുള്ള വ്യക്തിഗതാവിഷ്കാരമാണ്. ഒരു ചിഹ്നത്തുടരിലെ ചിഹ്നങ്ങൾ തമ്മിലുള്ള ബന്ധമാണ് സിന്റാഗ്മാറ്റിക് ബന്ധം. ഒരു തുടരിലെ അംഗങ്ങൾ തമ്മിൽ ഏകതലത്തിലുള്ള തിരശ്ചീനമായ ബന്ധം, അന്വയപരമായ ബന്ധം, ആകാംഷാപരമായ ബന്ധം എന്നെല്ലാം ഇതിനെ നിർവചിക്കാം.

ഭാഷാശാസ്ത്രത്തിലെ സുപ്രധാനമായ സൊസ്സ്യൂറിയൻ സിദ്ധാന്തങ്ങളുടെ അടിത്തറ ഭാരതീയ വ്യാകരണ സിദ്ധാന്തങ്ങളിൽ നിന്നും പലപ്പോഴും ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതാണെന്ന് സോദ്ദാഹരണം വ്യക്തമാക്കുന്ന ലേഖനമാണ് 'സസ്യൂറിന്റെ ഇന്ത്യൻ വേരുകൾ'. ആധുനിക ഭാഷാശാസ്ത്രത്തിലെ സ്വനവിജ്ഞാനീയത്തിന്റെ അടിസ്ഥാന സങ്കല്പനങ്ങളുടെയും രീതിശാസ്ത്രങ്ങളുടെയും വേരുകൾ ഭാരതീയ വ്യാകരണശാസ്ത്രത്തിൽ നിന്നുള്ളവയാണ്. ആധുനിക വർണവിജ്ഞാനീയത്തിന് താത്വികമായി അടിത്തറയിട്ട വില്യം ഡ്വിറ്റ് വിറ്റ്നിയെ ഭാരതീയ സ്ഫോടസിദ്ധാന്തവും അക്ഷരശാസ്ത്രവും ഏറെ സ്വാധീനിച്ചിട്ടുണ്ട്. ആധുനിക ഭാഷാശാസ്ത്രത്തിലെ സ്വനവിജ്ഞാനീയപഠനത്തിന്റെ അടിത്തറ ഭാരതീയ 'പ്രാതിശാഖ്യ' ശാഖയുടെ വിവർത്തനത്തിൽ നിന്നാണ് വിറ്റ്നിക്ക് ലഭിച്ചത്. സൊസ്സ്യൂറിന്റെ ഭാഷാശാസ്ത്രപഠനത്തിന് ഭാരതീയ വ്യാകരണമാതൃകകൾ എങ്ങനെയൊക്കെ സഹായകരമായിട്ടുണ്ട് എന്ന് വേണുഗോപാലപ്പണിക്കർ വിശദീകരിക്കുന്നു. സൊസ്സ്യൂറിന്റെ ഭാഷാശാസ്ത്രചിന്തകൾ 1906 മുതൽ 1911 വരെ അദ്ദേഹം ചെയ്ത പ്രഭാഷണപരമ്പരയുടെ പുസ്തകവുമായ 'കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സിൽ' സമാഹരിക്കപ്പെട്ടിട്ടുണ്ട്.

SGOU

## Assignments

1. 'സ്കിന്നറുടെ ബിഹേവിയറിസ്റ്റ് ഭാഷാസമീപനം ഒരേസമയം മനഃശാസ്ത്രപരവും ഭാഷാശാസ്ത്രപരവുമാണ്'. - സമർഥിക്കുക.
2. 'ഓപ്പറന്റ് കണ്ടിഷനിംഗ്' എന്നതുകൊണ്ട് അർഥമാക്കുന്നതെന്തെന്ന് വിശദമായി പരിശോധിക്കുക.
3. നെഗറ്റീവ്-പോസിറ്റീവ് റീ ഇൻഫോഴ്സ്മെന്റുകൾ കുട്ടിയുടെ ഭാഷാപഠനത്തെ ത്വരിതപ്പെടുത്തുന്നതെങ്ങനെയെന്ന് പരിചിന്തിക്കുക.
4. ബിഹേവിയറിസം എന്ന സ്കിന്നറുടെ കാഴ്ചപ്പാട് വിമർശനവിധേയമായതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമെന്ന് പര്യാലോചിക്കുക.
5. നോം ചോംസ്കി, സ്കിന്നറുടെ ബിഹേവിയറിസത്തെ നിരാകരിക്കുവാൻ ഉന്നയിച്ച പ്രധാന വാദമുഖങ്ങൾ ക്രോഡീകരിക്കുക.
6. 'LAD' എന്ന സംവിധാനക്രമത്തിന് ഭാഷാപഠനത്തിലുള്ള സംഗത്യം നോം ചോംസ്കി അവതരിപ്പിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.
7. ലാങ്- പരോൾ എന്നിവ വിശദമാക്കുക.
8. സിഗ്നിഫിയൻറ്, സിഗ്നിഫിയേ - വിശദമാക്കുക.
9. 'സസ്യൂറിന്റെ ഭാഷാശാസ്ത്ര സമീപന രീതികൾ' -സംഗ്രഹിച്ച് ഉപന്യാസം തയ്യാറാക്കുക.
10. 'സസ്യൂറിന്റെ ഇന്ത്യൻ വേരുകൾ' എന്ന ലേഖനത്തിൽ ചർച്ച ചെയ്യുന്ന പ്രധാന വാദങ്ങൾ വിശദീകരിക്കുക

## Suggested Readings


1. കെ. എം. പ്രഭാകരവാര്യർ, ഭാഷാശാസ്ത്ര വിവേകം, വള്ളത്തോൾ വിദ്യാപീഠം, തൃശ്ശൂർ.
2. കെ. എം. പ്രഭാകരവാര്യർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ടി. ബി. വേണുഗോപാലപ്പണിക്കർ, നോം ചോംസ്കി, വിശ്വദർശന, തൃശ്ശൂർ.
4. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. സി. ജെ. ജോർജ്, വാക്കിന്റെ സാമൂഹിക ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. ടി. ബി. വേണുഗോപാലപ്പണിക്കർ, സസ്യൂറിന്റെ ഇന്ത്യൻ വേരുകൾ, ഭാഷാലോകം, ഡി. സി. ബുക്സ്, കോട്ടയം.

2. പി. മാധവൻ, ചോംസ്കിയൻ വാക്യഘടനാപഠനം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.
3. ടി. ബി. വേണുഗോപാലപ്പണിക്കർ, ഭാഷാർത്ഥം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. Bloomfield, Leonard Language, University of Chicago Press.
5. Chomsky, Noam, Aspects of theory of Syntax, MIT Press, 1965.
6. Chomsky, Noam, Language and Mind, Cambridge UP, 2006(1968) Syntactic Structures Mouton & Co. 1957.
7. Coupland, Nikolas & Adam Jaworsky, Sociolinguistics Palgrave, - A Reader London 2020.
8. David Crystal, An Encyclopedic Dictionary of Language and Languages, Blackwell, 1992.
9. Gumperz J. J., Dell Hymes, (Eds.) The Ethnography of Communication Manesha, 1964.
10. Jakobson, Roman Six Lectures on Sound and Meaning, Harvester Press 1978.
11. Habermas J., The Theory of Communicative Action, Heinemann, London, 1987.
12. Hocket, Charles, A Course in Modern Linguistics, Macmillan, New York, 1958.
13. Saussure, Ferdinand, A Course in General Linguistics Wade Baskin, New York, 1959.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ആധുനികഭാഷാ ശാസ്ത്രത്തിലെ അപഗ്രഥന രീതിയും സങ്കല്പനങ്ങളും

# BLOCK-03

## Block Content

| | |
|---|---|
| യൂണിറ്റ്-1 | ഘടനാഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതികൾ |
| യൂണിറ്റ്-2 | സ്വനിമവിജ്ഞാനീയം |
| യൂണിറ്റ്-3 | രൂപവിജ്ഞാനീയം |
| യൂണിറ്റ്-4 | മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും |

# Unit 1

# ഘടനാഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതികൾ

## Learning Outcomes

- ഘടനാഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതികൾ പരിചയപ്പെടുന്നു
- ഭാഷയെ വിവിധതലങ്ങളായി അപഗ്രഥിക്കുന്നതിന്റെ സാംഗത്യം മനസിലാകുന്നു
- സ്വനവിജ്ഞാനീയത്തിലെ പ്രാഥമികതത്വങ്ങൾ മനസിലാക്കുന്നു
- സ്വനവിജ്ഞാനീയവും രൂപവിജ്ഞാനീയവും തമ്മിലുള്ള അന്തരം വിവേചിച്ചറിയുന്നു
- സ്വന-രൂപവിജ്ഞാനീയങ്ങളുടെ തുടർച്ച എന്ന നിലയിൽ വാക്യവിജ്ഞാനീയത്തിലെ പ്രാഥമിക തത്വങ്ങൾ വിലയിരുത്തുന്നു
- മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും എന്ന ഭാഗം വിശദമായി പരിചയപ്പെടുന്നു

## Background

മനുഷ്യഭാഷയുടെ മൗലികസവിശേഷതകളും വ്യാവർത്തക ഘടകങ്ങളും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഭാഷ എങ്ങനെ ഘടനാത്മകമായി പെരുമാറുന്നു എന്നതാണ് ഇവിടെ അന്വേഷണവിഷയം. തുടർന്ന് ഭാഷയുടെ ഓരോ ഘടനാത്മക വശത്തെയും വിശദമായി ചർച്ച ചെയ്യുന്നു. ഘടനാത്മാക ഭാഷാശാസ്ത്രത്തെക്കുറിച്ചും അതിന്റെ അപഗ്രഥന രീതിയെക്കുറിച്ചും ചർച്ചചെയ്യുന്നു. അത് ഏകകാലികം-ബഹുകാലികം-പ്രതീകാത്മകം-വ്യതിരേകാത്മകം എന്നിങ്ങനെയാണ് തരം തിരിച്ചിരിക്കുന്നത്. ഭാഷയെ പ്രായോഗികതലത്തിന്റെ അടിസ്ഥാനത്തിൽ സ്വനം, സ്വനിമം, രൂപം, രൂപിമം, ഉപസ്വനം, ഉപരൂപിമം മുതലായി വേർതിരിക്കുന്നതെങ്ങനെയെന്നും അതിന്റെ സാംഗത്യമെന്തെന്നും പഠിതാവ് ഇവിടെ അപഗ്രഥനരൂപത്തിൽ അറിയുവാനിടയാവുന്നു. ഭാഷ ഘടനാത്മകമാണ് എന്ന സൊസ്സ്യൂറിയൻ സങ്കല്പവും അതിനെത്തുടർന്നുണ്ടായ ഘടനാത്മക ചിന്തകളും സാമാന്യേന ഇവിടെ ചർച്ച ചെയ്യപ്പെടുന്നു. യാക്കോബ്സൺ, ട്രൂബറ്റ്സ്കോയി മുതലായവർ സ്വനിമങ്ങളെക്കുറിച്ചും അവയുടെ മൗലികാർഥ വ്യാവർത്തനശേഷിയെക്കുറിച്ചും ആഴത്തിൽ പരിചിന്തിച്ചവരാണ്. ഈ ചിന്തകളിലൂടെ കടന്നുപോയതിന് ശേഷം രൂപിമങ്ങളെയും തദനുബന്ധമായി ഭാഷയുടെ വാക്യഘടനയിലെ മൗലികതകളെയും പരിചയപ്പെടുത്തിയ നോം ചോംസ്കിയെക്കുറിച്ചും, വാക്യവിജ്ഞാനീയ മേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും ആഴത്തിൽ അറിയുന്നു. ഭാഷയെന്ന പ്രതിഭാസത്തിന്റെ ഘടനാത്മക വിചിന്തനം ഇവിടെ സമഗ്രതയോടെ അവതരിപ്പിക്കുകയാണ്.

## Keywords

ഘടനാത്മക ഭാഷാശാസ്ത്രം - അപഗ്രഥനരീതികൾ - ഘടകം - ഏകകാലികം - ബഹുകാലികം - പ്രതീകാത്മകം - വ്യതിരേകാത്മകം - സ്വനിമ വിജ്ഞാനം - സ്വനിമം - സ്വനിമതലം - രൂപവിജ്ഞാനീയം - രൂപിമം - ഉപരൂപിമം



SGOU

## Discussion

> ▶ ഘടനാത്മക ഭാഷാശാസ്ത്ര ത്തിന്റെ പിതാവ് ഫെർഡിനാന്റ് സൊസ്സ്യൂർ

ഭാഷാപ്രയോഗത്തിലുള്ള എല്ലാ തലങ്ങളിലെയും ഘടകങ്ങളെയും അവയുടെ സംയോജന രീതിയെയും വ്യക്തമാക്കുന്ന തരത്തിലുള്ള അപഗ്രഥനമാണ് ഘടനാത്മക ഭാഷാശാസ്ത്രം മുന്നോട്ടു വയ്ക്കുന്നത്. അർഥയുക്തങ്ങളായ പദങ്ങളും ആശയസൂചകങ്ങളായ വാക്യങ്ങളുമാണ് ഭാഷയിലെ മുഖ്യഘടകങ്ങൾ. ഭാഷാഘടനയിൽ ഈ ഘടകങ്ങൾ എങ്ങനെ ഉൾച്ചേർന്നിരിക്കുന്നു എന്നു ഘടനാഭാഷാശാസ്ത്രം അന്വേഷിക്കുന്നു. ഘടനാത്മകവും വിവരണാത്മകവുമായ ഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്ന ഖ്യാതി സ്വിസ്പണ്ഡിതനായ ഫെർഡിനാന്റ് സൊസ്സ്യൂറിന് അവകാശപ്പെട്ടതാണ്. വാക്യഘടനയിലെ ഓരോ സ്വനിമവും പദവും മുറയ്ക്ക് മറ്റോരോ സ്വനിമത്തോടും രൂപിമത്തോടും പുലർത്തുന്നത് ഘടനാപരമായ ബന്ധമാണെന്ന് സൊസ്സ്യൂർ സിദ്ധാന്തിച്ചു. ഓരോ സ്വനിമത്തിന്റെയും രൂപിമത്തിന്റെയും പദത്തിന്റെയും സ്ഥാനത്ത് സംഭവ്യമായ മറ്റു സ്വനിമങ്ങളോടും രൂപിമങ്ങളോടും പദങ്ങളോടും അതത് സ്വനിമങ്ങളും രൂപിമങ്ങളും പദവും പുലർത്തുന്നതാകട്ടെ വ്യവസ്ഥീയ ബന്ധവും എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

> ▶ രൂപവിജ്ഞാനീയവും (Morphology) വാക്യവിജ്ഞാനീയവും (Syntax)

'രമ നല്ല ചിത്രം വരച്ചു' എന്ന വാക്യത്തിൽ ര്, അ,മ്, അ, ന, അ, ല്, ല്, അ തുടങ്ങിയ സ്വനിമങ്ങളും രമ, നല്ല, ചിത്രം, വരച്ചു എന്നീ പദങ്ങളും അണിനിരക്കുന്നു. ഇവ തമ്മിലുള്ള ബന്ധമാണ് സ്ട്രക്ചറൽ അഥവാ ഘടനാപരം. തിരശ്ചീനതല (Syntagmatic level)ത്തിലുള്ള ഘടനാപര (Structural) ബന്ധങ്ങളും ലംബതല (paradigmatic level) ത്തിലുള്ള വ്യവസ്ഥീയ ബന്ധങ്ങളും ഇണങ്ങിയതാണ് ഭാഷ എന്നാണ് സൊസ്സ്യൂറിന്റെ ഘടനാത്മക സമീപനം. ഭാഷയും ഒരു ഘടനയാണ്. ഇതിന് മൂന്ന് തലങ്ങളുണ്ട്. ഏറ്റവും താഴെ വർണതലം ശബ്ദതലം) അതിനു മുകളിൽ രൂപതലം (അർഥയുക്തമായ ശബ്ദസംഘാതങ്ങളുടെ തലം) ഏറ്റവും മുകളിൽ വാക്യതലം (അർഥയുക്തമായ രൂപങ്ങളുടെ യോഗതലം) ഇങ്ങനെ അടുക്കടുക്കായുള്ള ഘടനയാണ് ഭാഷയ്ക്കുള്ളത്. ശബ്ദോച്ചാരണം, വർഗീകരണം ഇവയെക്കുറിച്ച് സ്വനപഠനവും (Phonetics) വർണഘടന, വർഗീകരണം, ഘടനാപരമായ വ്യതിരിക്തത ഇവയെക്കുറിച്ച് സ്വനിമപഠനവും (phonemics) പദവ്യുത്പത്തി, നിഷ്പത്തി, വിഭജനം എന്നിവയെക്കുറിച്ച് രൂപവിജ്ഞാനീയവും (Morphology) വാക്യങ്ങളെക്കുറിച്ചും ഘടനയെക്കുറിച്ചും വാക്യവിജ്ഞാനീയവും (Syntax) ചർച്ച ചെയ്യുന്നു.

### 4.1.1 ഘടനാഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതികൾ

> ▶ നാല് അപഗ്രഥന രീതികൾ

ഏത് വിഷയത്തെയും ലക്ഷ്യഭേദമനുസരിച്ച് പല രീതികളിൽ അപഗ്രഥിക്കാനാവും. ഭാഷയെപ്പോലെയുള്ള സങ്കീർണവ്യവസ്ഥകളെയും പല അടിസ്ഥാനങ്ങളിൽ വിവിധതരത്തിലുള്ള സമീപനരീതികളിലൂടെ വിശകലനം ചെയ്യാനാവും. അങ്ങനെയുള്ള ഭാഷാശാസ്ത്രത്തിലെ നാല് അപഗ്രഥനരീതികളെ ഇവിടെ പരിചയപ്പെടുത്തുന്നു.

### 1. ഏകകാലികം

ഏതെങ്കിലും ഒരു കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നതാണ് ഏകകാലികപഠനം. നിശ്ചിത കാലത്തെ വാമൊഴിഭേദങ്ങളെയോ കൃതികളിലെ ഭാഷയെയോ ആസ്പദമാക്കി പഠനം നടത്താം. ആധുനികഭാഷാശാസ്ത്രത്തിന്റെ ആരംഭഘട്ടത്തിൽ ഈ തരത്തിലുള്ള അപഗ്രഥനത്തിനാണ് ഊന്നൽ കൊടുത്തിരുന്നത്. വസ്തുതകൾ വിവരിക്കുക, ഘടനയെ വ്യക്തമാക്കുക എന്ന അർഥത്തിൽ ഏകകാലികപഠനങ്ങൾക്ക് സാമാന്യമായി അവലംബിക്കുന്ന സമീപനരീതിയെ വിവരണാത്മകം എന്നും ഘടനാത്മകം എന്നും വിളിക്കുന്നു. ആധുനികഭാഷാശാസ്ത്രത്തിന്റെ അപഗ്രഥന സ്വഭാവം സൂചിപ്പിക്കുന്ന തരത്തിൽ ആദ്യകാലത്ത് അതിനെ വിവരണാത്മകഭാഷാശാസ്ത്രം, ഘടനാത്മകഭാഷാശാസ്ത്രം എന്നിങ്ങനെ വിശേഷിപ്പിച്ചിരുന്നു. ഭാഷാശാസ്ത്രത്തിൽ ഏകകാലികപഠനം മാത്രമല്ല ഉള്ളത്. എന്നാലും ഏകകാലികപഠനത്തിലെ വിവരണാത്മകരീതിക്ക് പ്രാധാന്യം ലഭിച്ചത് ഭാഷാശാസ്ത്രത്തിന്റെ ആവിർഭാവത്തോടെയാണ്.

> ▶ ഒരു കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു

**വിവരണാത്മകരീതിയുടെ പ്രത്യേകതകൾ:**

1. വസ്തുനിഷ്ഠമായ വിവരണം മാത്രമാണ് പഠനലക്ഷ്യം
2. സംഭരിച്ച വസ്തുതകളെ അവലംബമാക്കിയാണ് അപഗ്രഥനം നടത്തുന്നത്
3. ഇന്ന പ്രയോഗം ശരി, മറ്റുള്ളവയെല്ലാം തെറ്റ് എന്ന വിധിനിർണയം നടത്തുന്നില്ല, വ്യത്യസ്തപ്രയോഗങ്ങളെ അവ ഏത് സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയേയുള്ളു
4. ഭാഷാപ്രയോഗത്തിലുള്ള എല്ലാ തലങ്ങളിലെയും ഘടകങ്ങളെയും അവയുടെ സംയോജനരീതിയെയും വ്യക്തമാക്കുന്ന തരത്തിലുള്ള അപഗ്രഥനാത്മകരീതി അവലംബിക്കുന്നു

ഏകകാലികം എന്നതിൽ കാലദൈർഘ്യത്തെക്കുറിച്ചുള്ള നിഷ്കൃഷ്ടവിവക്ഷയില്ല. പരിണാമങ്ങൾക്ക് വിധേയമായി സ്വഭാവമാറ്റം കാണിക്കുന്ന ഭാഷാമാതൃകകളെ ഈ സമീപനരീതികളിലൂടെ വിശകലനം ചെയ്യാറില്ല. ഉദാഹരണമായി, മലയാളത്തിലെ മണിപ്രവാളകാവ്യശൈലിയെക്കുറിച്ച് വിവരണാത്മകരീതിയിലുള്ള ഏകകാലിക പഠനം അസാധ്യമാണ്. കാരണം, പ്രാചീനം, മധ്യം, ആധുനികം എന്നിങ്ങനെ മണിപ്രവാളകാവ്യശൈലി കാലികപരിണാമങ്ങളോടെ വളർന്നുവന്നിട്ടുണ്ട്. ഭാഷാഭേദങ്ങൾ, കൃതികളിലെ ഭാഷകൾ, ആദിവാസിഭാഷകൾ തുടങ്ങിയവ ഈ രീതിയിലുള്ള അപഗ്രഥനത്തിന് വഴങ്ങുന്നവയായിരിക്കും.

> ▶ വിവരണാത്മകരീതിയുടെ പ്രത്യേകതകൾ വിലയിരുത്തുന്നു

### 2. ബഹുകാലികം

എല്ലാ ഭാഷകളും കാലഘട്ടങ്ങൾ അനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഭാഷയുടെ ഈ പരിണാമസ്വഭാവമാണ് ബഹുകാലികപഠനത്തിൽ അന്വേഷിക്കുന്നത്. ഭാഷാപരിണാമത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, മൂ

ന്ന് കാര്യങ്ങൾ അറിയേണ്ടിവരും. പരിണാമത്തിൽ ഭാഷയുടെ എല്ലാ സ്വഭാവങ്ങൾക്കും മാറ്റം സംഭവിക്കുന്നില്ല; പൂർവഘട്ടത്തിലെ പല സ്വഭാവങ്ങളും അതേപോലെ നിലനിൽക്കും. രണ്ടാമതായി, ചില സ്വഭാവങ്ങൾ അപ്രത്യക്ഷമാവും. മൂന്നാമതായി, പുതിയ ചില സ്വഭാവങ്ങൾ ഭാഷയിലേക്ക് കടന്നുവരും. രണ്ടും മൂന്നും പ്രക്രിയകൾ ഒന്നിച്ചും സംഭവിക്കാം. അതായത്, ചില സ്വഭാവങ്ങൾ പ്രയോഗത്തിലില്ലാതാവുകയും അവയ്ക്ക് പകരം പുതിയ സ്വഭാവങ്ങൾ കടന്നുവരികയും ചെയ്യും. മറ്റൊരു കാര്യം, ഭാഷയുടെ എല്ലാ തലങ്ങളിലും മാറ്റം സംഭവിക്കാം. ബഹുകാലികപഠനം ഭാഷയുടെ ചരിത്രം അറിയുന്നതിനുവേണ്ടിയാണ്. ഈ അന്വേഷണം പൂർണമായും വസ്തുനിഷ്ഠമായിരിക്കും എന്ന് പറയാനാവില്ല. കാരണം, മാറ്റത്തിന്റെ സ്വഭാവങ്ങൾ വെളിപ്പെടുത്തുന്ന രേഖകൾ, വിശേഷിച്ചും ആദ്യകാലങ്ങളിലെ രേഖകൾ, കിട്ടിയെന്നുവരില്ല. അങ്ങനെ വരുമ്പോൾ, സാഹചര്യത്തെളിവുകളെ ആശ്രയിച്ച് അനുമാനങ്ങളിലൂടെ ചരിത്രരചന നടത്തേണ്ടിവരും. മറ്റൊരു പ്രധാനകാര്യം, ഭാഷയ്ക്കുള്ളിൽ മാത്രം നിന്നുകൊണ്ട് നടത്തേണ്ടതില്ല എന്നതാണ്. ഭാഷാപരമായ വസ്തുതകളെ മാത്രം ആധാരമാക്കി ഭാഷാചരിതത്തിന്റെ പൂർണചിത്രം അനാവരണം ചെയ്യാനാവില്ല. ഭാഷാപരിണാമത്തിൽ പലതരത്തിലുള്ള ബാഹ്യസ്വാധീനതകളും പ്രവർത്തിച്ചിരിക്കും. സാമൂഹികസ്ഥിതി, രാഷ്ട്രീയസ്ഥിതി, ഇതരഭാഷകളുമായുള്ള സമ്പർക്കം തുടങ്ങിയ സാഹചര്യങ്ങൾ ഭാഷാപരിണാമത്തെ നിയന്ത്രിച്ചിരിക്കും. അവയുടെ പശ്ചാത്തലത്തിൽ മാത്രമേ ബഹുകാലികപഠനം സമഗ്രരീതിയിൽ നടത്താനാവൂ.

> ▶ ബഹുകാലികപഠനത്തിൽ അന്വേഷിക്കുന്നത് ഭാഷയുടെ പരിണാമസ്വഭാവമാണ്

### 3. താരതമ്യാത്മകം

ഇതും ബഹുകാലികസമീപനരീതിതന്നെ. പക്ഷേ, ഒരു ഭാഷയുടെ പരിണാമചരിത്രം അന്വേഷിക്കുന്നതിനുപകരം ഒരു ഭാഷാഗോത്രത്തിന്റെ ചരിത്രമാണ് താരതമ്യാത്മകപഠനത്തിൽ ആരായുന്നത്. ഭാഷയുടെ പൂർവചരിത്രം പഠിക്കുന്നതിനെയാണ് താരതമ്യാത്മക പഠനം എന്ന് പറയുന്നത്. ഒരു മൂലഭാഷയിൽനിന്ന് പിരിഞ്ഞുവന്നതെന്ന് കരുതാവുന്ന ഭാഷകളുടെ സമൂഹത്തെയാണ് ഭാഷാഗോത്രം എന്ന് പറയുന്നത്. ഏതെല്ലാം ഭാഷകളെയാണ് ഒരു ഗോത്രമായി പരിഗണിക്കാവുന്നത്? ഗോത്രത്തിന്റെ സാമാന്യസ്വഭാവമെന്ത്? മൂലഭാഷയുടെ സ്വഭാവമെന്ത്? അംഗഭാഷകൾ ഏതെല്ലാം? അവ എപ്പോൾ മാറ്റങ്ങളിലൂടെ സ്വതന്ത്രഭാഷകളായി? അംഗഭാഷകൾക്ക് തമ്മിലുള്ള അടുപ്പവും അകൽച്ചയും നിർണയിക്കുന്നതെങ്ങനെ? തുടങ്ങിയ കാര്യങ്ങളാണ് താരതമ്യാത്മക (തുലനാത്മക) പഠനത്തിൽ വിശകലനം ചെയ്യുന്നത്. ജൈവികബന്ധമുള്ള സജാതീയഭാഷകൾ ഏതെല്ലാമെന്ന് നിർണയിക്കുന്നതിലും പ്രാഗ്ഭാഷയുടെ സ്വഭാവം പുനർനിർമാണം ചെയ്യുന്നതിലും സാമാന്യമായ ചില അടിസ്ഥാനതത്വങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

> ▶ ഒരു ഭാഷാഗോത്രത്തിന്റെ ചരിത്രമാണ് താരതമ്യാത്മകപഠനം

1. താരതമ്യപഠനത്തിന് തെരഞ്ഞെടുക്കുന്ന ഭാഷാരൂപങ്ങൾ പ്രാദേശികരൂപങ്ങളായിരിക്കണം; പരകീയപദങ്ങൾ ഒഴിവാക്കണം.
2. ഭിന്നഭാഷകളിലെ യാദൃച്ഛികരൂപസാദൃശ്യങ്ങൾ ഗോത്രബന്ധത്തെ സൂചിപ്പിക്കുന്നതായി കരുതരുത്.

3. ഒരു ഭാഷയിൽ സംഭവിച്ച പരിണാമം നിശ്ചിതസാഹചര്യത്തിലാണെങ്കിൽ ആ പരിണാമം ചരിത്രപരമായി സംഭവിച്ചതായിരിക്കും.
4. ഭൂമിശാസ്ത്രപരമായി അകന്ന അംഗഭാഷകളിൽ ഒരേ ഭാഷാസ്വഭാവം കാണുന്നുവെങ്കിൽ അത് പ്രാഗ്ഭാഷാസ്വഭാവമായിരിക്കാൻ സാധ്യതയുണ്ട്.
5. പൂർവഭാഷാസ്വഭാവങ്ങൾ എല്ലാ അംഗഭാഷകളിലും ഏറ്റക്കുറച്ചിലോടെ കാണും. അംഗഭാഷകളെ സ്വതന്ത്രഭാഷകളാക്കിയത് അതാത് ഭാഷകളിൽ സംഭവിച്ച നവപ്രവർത്തനങ്ങൾ (ആ ഭാഷയിൽ മാത്രം ചരിത്രപരമായി സംഭവിച്ച മാറ്റങ്ങൾ) ആണ്.
6. സമാനമായ നവപ്രവർത്തനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ ഭാഷകൾ അടുപ്പമുള്ളവയും വ്യത്യസ്തമായ നവപ്രവർത്തനങ്ങളാണെങ്കിൽ അവ അകൽച്ചയുള്ളവയുമായിരിക്കും.

## 4. വ്യതിരേകാത്മകം

രണ്ട് ഭാഷകളിലെ വ്യാകരണവ്യവസ്ഥയിലെ സാദൃശ്യവൈസാദൃശ്യങ്ങൾ വ്യക്തമാക്കുന്ന പഠനരീതിയാണിത്. വർത്തമാനകാലഭാഷകളെയാണ് സാധാരണനിലയിൽ പഠനത്തിന് തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കുന്ന ഭാഷകൾ സജാതീയങ്ങളാകണമെന്നില്ല. ഇത് ഏകകാലികരീതിയാണ്. താരതമ്യപ്പെടുത്തുന്നതുകൊണ്ട് താരതമ്യാത്മക സ്വഭാവവും ഇതിനുണ്ട്. അന്യഭാഷാപഠനത്തിന് സഹായകമായിരിക്കും എന്ന പരികല്പന ഈ അപഗ്രഥനത്തിൽ അന്തർഭവിച്ചിട്ടുണ്ട്. മറ്റൊരു ഭാഷ പഠിക്കുമ്പോൾ മാതൃഭാഷയിൽനിന്ന് അത് ഏതെല്ലാം തരത്തിൽ വ്യത്യസ്തമായിരിക്കുന്നുവെന്ന അറിവ് ആ ഭാഷ സ്വാംശീകരിക്കുന്നത് എളുപ്പമാക്കും എന്ന വിശ്വാസമാണ് വ്യതിരേകാത്മകപഠനത്തിലുള്ളത്. മറ്റൊരു പ്രയോജനവും ഉണ്ട്. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ ഇന്ന് രണ്ട് ഭാഷകളിലും പരിചയമുള്ള വിവർത്തകനേ കഴിയൂ. വിവർത്തനക്രിയ യാന്ത്രികമായി നിർവഹിക്കാൻ സാധിച്ചാൽ അത് വലിയൊരു നേട്ടമായിരിക്കും. വിവർത്തനത്തിലുള്ള പരീക്ഷണങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിയോടെ ആരംഭിച്ചുവെങ്കിലും ഇതുവരെയും അവ വിജയിച്ചിട്ടില്ല. പരീക്ഷണങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. വിവർത്തനത്തിൽ ഒരു ഭാഷയിലെ ഘടനയെ അതിലെ ആശയം സംരക്ഷിച്ചുകൊണ്ട് മറ്റൊരു ഭാഷാഘടനയായി പരിവർത്തനം ചെയ്യണം. അതിന് രണ്ട് ഭാഷകളിലെയും ഘടനകൾക്കുള്ള സാദൃശ്യവൈസാദൃശ്യങ്ങളെക്കുറിച്ച് വ്യക്തമായി അറിഞ്ഞിരിക്കണം. വ്യതിരേകാത്മകപഠനം അങ്ങനെ വിവർത്തനം സാധ്യമാക്കാൻ സഹായകമാകും.

▶ രണ്ട് ഭാഷകളിലെ സാദൃശ്യവൈസാദൃശ്യങ്ങൾ

## സ്വനിമവിജ്ഞാനം (Phonemics)

ആധുനിക ഭാഷാശാസ്ത്രത്തിന്റെ പ്രമുഖ സംഭാവനകളിലൊന്നാണ് സ്വനിമം. ഓരോ ഭാഷയിലും വളരെ വ്യത്യസ്തങ്ങളായ ഒട്ടേറെ ശബ്ദങ്ങൾ ഉപയോഗിക്കുമെങ്കിലും ഉപയോഗിക്കുന്ന എല്ലാ വർണങ്ങൾക്കും അർഥവ്യാവർത്തന ശക്തിയില്ല. വളരെ കുറച്ച് വർണങ്ങൾക്ക് മാത്രമെ അർഥഭേദം വരുത്താനുള്ള ശക്തിയുള്ളൂ. നിശ്ചിത പരിതസ്ഥിതികളിൽ

▶ അർഥഭേദം ഉണ്ടാക്കാൻ കഴിവുള്ള സ്വയം അർഥമില്ലാത്ത വർണം 'സ്വനിമം'

അർഥവ്യത്യാസം ഉണ്ടാക്കാൻ കഴിവുള്ളതും സ്വയം അർഥമില്ലാത്തതു മായ വർണങ്ങളെയാണ് 'സ്വനിമം' എന്നതു കൊണ്ട് വ്യക്തമാക്കുന്നത്.

> ▶ അർഥവ്യാവർത്തക സ്വഭാവമുള്ള സ്വനമാണ് സ്വനിമം

## സ്വനിമം (Phoneme)

ഒരു പദത്തിൽ നിന്ന് ഒരു നിർദ്ദിഷ്ടവർണം മാറ്റി വച്ചാൽ അർഥഭേദ മുണ്ടാകുമെങ്കിൽ ആ വർണത്തിന് ആ പരിതസ്ഥിതിയിൽ മൗലികത്വ മുണ്ടെന്നാണർഥം. ഇത്തരം മൗലികവർണങ്ങളാണ് ഭാഷയിലെ സ്വനിമ ങ്ങൾ. അർഥവ്യാവർത്തക സ്വഭാവമുള്ള സ്വനമാണ് സ്വനിമം

> ▶ സ്വനിമനിർണയോപാധികൾ

## സ്വനിമ നിർണ്ണയം (Inventory Phoneme)

ഒരു ഭാഷയിലെ ഉച്ചാരണധ്വനികളെ തരംതിരിച്ച് അവയുടെ സ്വനിമ സ്ഥിതി നിർണയിച്ച് സ്വനിമങ്ങളും ഉപസ്വനങ്ങളുമായി നിജപ്പെടുത്തു ന്നതിനുള്ള ഉപാധികളാണ് സ്വനിമനിർണയോപാധികൾ (Principles of Phonemic analysis)

## ഉപസ്വനം (Allophone)

> ▶ വ്യത്യസ്തതലങ്ങളിൽ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ഉച്ചാരണഭേദമാണ് ഉപസ്വനം

ഒരേ സ്വനം തന്നെ പദത്തിന്റെ വ്യത്യസ്തസ്ഥാനങ്ങളിൽ വരുമ്പോൾ അവയ്ക്ക് ഉച്ചാരണത്തിൽ ചെറിയ വ്യത്യാസങ്ങളുണ്ടാകും. ഉദാഹര ണത്തിന്, മലയാളത്തിലെ കകാരത്തിന് പദാരംഭത്തിലും പദമധ്യത്തി ലും പദാന്ത്യത്തിലും വ്യത്യസ്ത ഉച്ചാരണമാണുള്ളത്. കടൽ, പകൽ, മങ്ക എന്നീ പദങ്ങൾ മൂന്നു തരത്തിലാണ് മലയാളികൾ ഉച്ചരിക്കുന്നത്. സ്ഥാനവ്യത്യാസം കൊണ്ടും അടുത്തുള്ള സ്വനത്തിന്റെ സ്വാധീനം കൊ ണ്ടുമാണ് ഇങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ഈ മൂന്ന് ഉച്ചാരണ ഭേദങ്ങളെയും ഒരേയൊരു സ്വനിമത്തിന്റെ ഉപസ്വനങ്ങളായി ( Allophone) കണക്കാക്കുന്നു. ഇങ്ങനെ വ്യത്യസ്തതലങ്ങളിൽ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ഉച്ചാരണഭേദത്തെയാണ് ഉപസ്വനം വിവക്ഷിച്ചിരിക്കുന്നത്.

## രൂപവിജ്ഞാനീയം

> ▶ രൂപം, രൂപിമം, ഉപരൂപിമം മൂന്ന് വിഭാഗങ്ങൾ

പദങ്ങളുടെ രൂപം, ഘടന, പ്രകൃതിപ്രത്യയയോഗം, വിഭാഗം മുത ലായവയാണ് രൂപവിജ്ഞാനീയ (Morphology) ത്തിൽ ഉൾപ്പെടുന്നത്. രൂപം, രൂപിമം, ഉപരൂപിമം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചി രിക്കുന്നു. ഭാഷയിലെ അർഥയുക്തമായ ഏറ്റവുംചെറിയ മൂലകമാണ് രൂപം. സ്വനയോഗം കൊണ്ട് അർഥപ്രകാശന സാധ്യതയുള്ള രൂപങ്ങൾ ഉണ്ടാകുന്നു.

## രൂപിമം (Morpheme)

സ്വനങ്ങൾ ചേർന്നുണ്ടാകുന്ന അർഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകമാണ് രൂപിമം. ഭാഷയുടെ രൂപത്തിലുള്ള ഏകക മാണിത്. ഒരർഥം ലഭിക്കുന്ന ഏറ്റവും ചെറിയ അക്ഷരയോഗമാണ് രൂപി മം. ബ്ലൂം ഫീൽഡിന്റെ അഭിപ്രായത്തിൽ Morpheme is the minimum meaningful unit in the structure of a language നെയാണ് രൂപിമം എന്നു പറയുന്നത്. ഉദാ: 'അടി' പദം രൂപിമം എന്ന വിശേഷണം അർ ഹിക്കുന്നുണ്ടെങ്കിലും 'അടികൾ' എന്ന പദത്തെ രൂപിമം എന്ന് പറയാ നാകില്ല. അടികൾ എന്നതിലെ 'കൾ' എന്ന അംശത്തിന് ഒന്നിലധികം

എന്ന അർഥം സൂചിപ്പിക്കാനാകുന്നുണ്ട്. അതേസമയം 'കൾ' എന്ന അംശത്തിന് ഒറ്റയ്ക്കു നിന്നാൽ ഒരർഥവും ഇല്ല. ഇങ്ങനെ ഭാഷയുടെ രൂപങ്ങൾ രണ്ടു തരത്തിലുണ്ട്. ഏത് പരിതസ്ഥിതിയിലും ഒരേ അർഥമുള്ള ഒരു വക. അർഥമുള്ള രൂപങ്ങളോട് ദ്യോതിപ്പിക്കുന്ന മറ്റൊരു വിഭാഗം. ആധുനിക ഭാഷാശാസ്ത്രം ഇതിനെ Primary, Secondary എന്നിങ്ങനെയാണ് വ്യവഹരിക്കുന്നത്. ധാതുക്കൾ സ്വതന്ത്ര രൂപിമവും പ്രത്യയങ്ങൾ ആശ്രിത രൂപമവുമാണ്.

- ഒരർഥം ലഭിക്കുന്ന ഏറ്റവും ചെറിയ അക്ഷരയോഗമാണ് രൂപിമം

### ഉപരൂപിമം (Allomorphs)

ഭാഷയിലെ എല്ലാ വർണങ്ങളും സ്വനിമങ്ങളല്ലാത്തതുപോലെ എല്ലാ ബദ്ധരൂപിമങ്ങളും ഭിന്നങ്ങളല്ല. ഒരേ അർഥം ദ്യോതിപ്പിക്കാൻ ഭാഷ ഒന്നിലേറെ മാർഗം സ്വീകരിക്കാറുണ്ട് . ഉദാ: അമ്മമാർ, കുട്ടികൾ, വൃദ്ധർ എന്നിവ ബഹുവചന രൂപങ്ങളാണ്. മാർ, കൾ, അർ എന്നിങ്ങനെ പ്രത്യയങ്ങൾ വ്യത്യസ്തങ്ങളായി വരുന്നുണ്ടെങ്കിലും ഈ രൂപഭേദങ്ങൾ അർഥാശ്രയികളല്ല. ഇവ ഒരേ രൂപത്തിന്റെ ഭിന്നരൂപങ്ങൾ മാത്രമാണ്. ഇവയെയാണ് ഉപരൂപിമങ്ങൾ (allomorphs) എന്നു വിളിക്കുന്നത്, ഉപരൂപിമങ്ങളെ ഒരു രൂപിമത്തിന്റെ പ്രാകരണികഭേദം (Positional varient of a morpheme) എന്നു പറയാവുന്നതാണ്.

- ഒരേ രൂപത്തിന്റെ ഭിന്നരൂപങ്ങളാണ് ഉപരൂപിമങ്ങൾ

## Summarised Overview

ഭാഷ ഒരു ഘടനയാണ്. ഈ ഘടനയിൽ ഘടകങ്ങൾ എങ്ങനെ ഉൾച്ചേർന്നിരിക്കുന്നു എന്നതാണ് ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ അന്വേഷണവിഷയം. സൊസ്സ്യൂറാണ് ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ പിതാവ്. തിരശ്ചീനതല ഘടനാപരബന്ധങ്ങളും ലംബതല വ്യവസ്ഥീയബന്ധങ്ങളും ഉൾച്ചേർന്നതാണ് ഭാഷ. ഏത് വിഷയത്തെയും ലക്ഷ്യഭേദമനുസരിച്ച് പല രീതികളിൽ അപഗ്രഥിക്കാനാവും. ഭാഷയെപ്പോലെയുള്ള സങ്കീർണവ്യവസ്ഥകളെയും പല അടിസ്ഥാനങ്ങളിൽ വിവിധതരത്തിലുള്ള സമീപനരീതികളിലൂടെ വിശകലനം ചെയ്യാനാവും. അങ്ങനെയുള്ള ഭാഷാശാസ്ത്രത്തിലെ നാല് അപഗ്രഥനരീതികളെ ഇവിടെ പരിചയപ്പെടുത്തുന്നു. ഏകകാലികം-ബഹുകാലികം-താരതമ്യാത്മകം-വ്യതിരേകാത്മകം എന്നിങ്ങനെയാണ് തരം തിരിച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നതാണ് ഏകകാലികപഠനം. നിശ്ചിത കാലത്തെ വാമൊഴിഭേദങ്ങളെയോ കൃതികളിലെ ഭാഷയെയോ ആസ്പദമാക്കി പഠനം നടത്താം. എല്ലാ ഭാഷകളും കാലഘട്ടങ്ങൾ അനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഭാഷയുടെ ഈ പരിണാമസ്വഭാവമാണ് ബഹുകാലികപഠനത്തിൽ അന്വേഷിക്കുന്നത്. താരതമ്യാത്മക പഠനനവും ഒരു ബഹുകാലികസമീപനരീതിതന്നെ. പക്ഷേ, ഒരു ഭാഷയുടെ പരിണാമചരിത്രം അന്വേഷിക്കുന്നതിനുപകരം ഒരു ഭാഷാഗോത്രത്തിന്റെ ചരിത്രമാണ് താരതമ്യാത്മകപഠനത്തിൽ ആരായുന്നത്. രണ്ട് ഭാഷകളിലെ വ്യാകരണവ്യവസ്ഥയിലെ സാദൃശ്യവൈസാദൃശ്യങ്ങൾ വ്യക്തമാക്കുന്ന പഠനരീതിയാണിത്. വർത്തമാനകാലഭാഷകളെയാണ് സാധാരണനിലയിൽ പഠനത്തിന് തെരഞ്ഞെടുക്കുന്നത്.

ഭാഷയെ പ്രായോഗികതലത്തിന്റെ അടിസ്ഥാനത്തിൽ സ്വനം, സ്വനിമം, രൂപം, രൂപിമം, ഉപസ്വനം, ഉപരൂപിമം മുതലായി വേർതിരിക്കുന്നതെങ്ങനെയെന്നും അതിന്റെ പ്രത്യേകതകളും ഇവിടെ ചർച്ചചെയ്യുന്നു. സ്വനവിജ്ഞാനീയത്തിലെ പ്രാഥമികതത്വങ്ങൾ മനസിലാക്കുന്നു. സ്വനവിജ്ഞാനീയവും രൂപവിജ്ഞാനീയവും തമ്മിലുള്ള അന്തരം വിവേചിച്ചറിയുന്നു. സ്വന-രൂപവിജ്ഞാനീയങ്ങളുടെ തുടർച്ച എന്ന നിലയിൽ വാക്യവിജ്ഞാനീയത്തിലെ പ്രാഥമിക തത്വങ്ങൾ വിലയിരുത്തുന്നു.

SGOU

# Assignments

1. ഘടനാത്മക ഭാഷാശാസ്ത്രം എന്ന സംജ്ഞ ലക്ഷ്യമാക്കുന്നതെന്തന്ന് പരിശോധിക്കുക.
2. മനുഷ്യഭാഷ ഘടനാത്മകമായി പെരുമാറുന്നതെങ്ങനെയെന്നു സോദാഹരണം സമർഥിക്കുക.
3. ഭാഷയുടെ ഏറ്റവും വലിയ പ്രത്യേകതയാണ് അതിന്റെ ഘടനാത്മക സ്വഭാവം. പരിചിന്തിക്കുക.
4. ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ അപഗ്രഥന രീതികളെ വിശകലനം ചെയ്യുക.
5. സ്വനവിജ്ഞാനം, രൂപവിജ്ഞാനീയം എന്നിവയെക്കുറിച്ചു വിവരിക്കുക.
6. സ്വനം, സ്വനിമം, ഉപസ്വനം എന്നിവ എന്തെന്നു വിലയിരുത്തുക.
7. രൂപം, രൂപിമം, ഉപരൂപിമം എന്നിവയെക്കുറിച്ച് അപഗ്രഥിക്കുക.

# Suggested Readings


1. കെ. എം. പ്രഭാകരവാര്യർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ടി. ബി. വേണുഗോപാലപ്പണിക്കർ, ഭാഷാർത്ഥം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പ്രൊഫ. പി. മാധവൻ, ചോംസ്കിയൻ വാക്യഘടനാപഠനം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല പ്രസിദ്ധീകരണം, തിരൂർ.


# References


1. ഡോ. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്ര പ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
2. കെ. എം. പ്രഭാകരവാര്യർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. ഡോ. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 2

# സ്വനിമവിജ്ഞാനീയം

## Learning Outcomes

- ഭാഷയുടെ ഘടനാത്മക സ്വഭാവത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു
- സ്വനം, സ്വനിമം എന്നിവയെക്കുറിച്ച് അറിവ് നേടുന്നു
- സ്വനവർഗീകരണത്തെ അപഗ്രഥിക്കുന്നു
- ഉച്ചാരണാവയവങ്ങളും ഉച്ചാരണസ്ഥാനങ്ങളും അടിസ്ഥാനമാക്കിയുള്ള സ്വരവ്യഞ്ജന വിഭജനം വിശകലനം ചെയ്യുന്നു
- സ്വരവ്യഞ്ജനഭേദങ്ങൾ വിലയിരുത്തുന്നു
- മലയാളത്തിലെ ലീനധ്വനിയെ വിശകലനം ചെയ്യുന്നു

## Background

ഭാഷയുടെ ഘടനാത്മക സ്വഭാവം ചർച്ച ചെയ്യുന്നു. സ്വനപഠനം, സ്വനിമപഠനം എന്നിവ ഈ ഘടനാത്മകാന്വേഷണത്തിന്റെ ഭാഗങ്ങളാണ് എന്നും മുൻ പാഠഭാഗത്ത് പരാമർശിച്ചിരുന്നു. സ്വന-സ്വനിമ പഠനങ്ങളുടെ അപഗ്രഥനവും വിശദമായ പഠനവുമാണ് ഈ യൂണിറ്റ് ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വരവ്യഞ്ജനങ്ങളെ വിശദീകരിക്കുന്നു. ഏറ്റവും ചെറിയ ഭാഷണഘടകമാണ് സ്വനം. ഉച്ചാരണത്തിലെ വ്യതിയാനമനുസരിച്ചാണ് സ്വനങ്ങളെ വർഗീകരിക്കുന്നത്. ശ്വാസകോശത്തിൽ നിന്ന് പുറത്തേക്ക് പോകുന്ന നിശ്വാസവായു, നാവ്, വായുടെ മേല്ത്തട്ട്, പല്ലുകൾ, ചുണ്ടുകൾ മുതലായ സ്ഥാനങ്ങളിൽ സ്പർശിക്കുമ്പോഴുണ്ടാകുന്ന പ്രവർത്തന വൈചിത്ര്യമാണ് വ്യത്യസ്ത സ്വനങ്ങളുടെ ഉത്പത്തിക്കു നിദാനമാകുന്നത്. ഈ അവയവങ്ങൾ ശ്വസനം, ഭക്ഷണം എന്നീ പ്രാഥമിക ധർമങ്ങൾക്ക് പുറമേയാണ് ഉച്ചാരണം എന്ന പ്രക്രിയയിൽ പങ്കുചേരുന്നത്. ഓരോ ഉച്ചാരണവും ഓരോ സ്വനം(Phone) ആണ് എന്നു പറഞ്ഞുവല്ലോ. സ്വനങ്ങളെ വർഗീകരിക്കുന്നതിന് പ്രധാനമായും മൂന്നു മാർഗങ്ങളാണ് അവലംബിക്കുന്നത്. അവ 1) അവയവാസ്പദം, 2) സ്വനഭൗതികം 3) ശ്രവണാസ്പദം, എന്നിവയാണ്. സ്വനനിർവചനവും, സ്വനവർഗീകരണ മാർഗങ്ങളും, ഭാഷണസ്വനങ്ങൾ സൃഷ്ടിക്കപ്പെടുന്ന രീതികൾ, ഉച്ചാരണാവയവങ്ങളും ഉച്ചാരണസ്ഥാനങ്ങളും, സ്വരവ്യഞ്ജനഭേദങ്ങൾ, ഉച്ചാരണരീതി അനുസരിച്ചുള്ള വ്യഞ്ജനവിഭജനം, സ്വനങ്ങൾ, ഉപസ്വനങ്ങൾ തമ്മിലുള്ള ബന്ധം, സ്വനിമനിർണയനോപാധികൾ - പൂരക വ്യത്യയവിതരണാദികൾ, ലീനധ്വനി മലയാളത്തിൽ, മലയാളത്തിലെ സ്വനിമങ്ങൾ, യാക്കോബ്സണും വ്യാവർത്തകാഭിലക്ഷണങ്ങളും, പദാംഗം അഥവാ അക്ഷരങ്ങൾ തുടങ്ങിയവ ഇവിടെ അപഗ്രഥന വിധേയമായിരിക്കുന്നു.

## Keywords

സ്വനം - സ്വനിമം - സ്വരവ്യഞ്ജനങ്ങൾ - ഉച്ചാരണാവയവങ്ങൾ - ഉച്ചാരണസ്ഥാനങ്ങൾ

SGOU

# Discussion

## വിശദപഠനം
## സ്വനം,സ്വനിമം,ലീനധ്വനി

ഉച്ചാരണാവയവങ്ങളുടെ ശബ്ദോത്പാദന പ്രക്രിയയെ അധികരിച്ചുള്ള പഠനമാണ് ഉച്ചാരണശാസ്ത്രം (Articulatory Phonetics). ഓരോ സ്വനത്തിന്റെയും ഉൽപാദനവേളയിൽ, ഉച്ചാരണാവയവങ്ങൾ ഏതെല്ലാം വിധത്തിൽ പ്രവർത്തിക്കുന്നു എന്നതാണ് ഇവിടത്തെ ചർച്ചാവിഷയം. ഭാഷണ ശബ്ദങ്ങൾ അന്തരീക്ഷവായുവിൽ സൃഷ്ടിക്കുന്ന ശബ്ദതരംഗങ്ങളെ അധികരിച്ചുള്ള പഠനമാണ് സ്വനഭൗതികവിജ്ഞാനം (ഭൗതിക സ്വനവിജ്ഞാനം-Acoustic Phonetics). ശബ്ദതരംഗങ്ങളുടെ ഭൗതികഗുണങ്ങളാണ് ഇവിടെ യന്ത്രസഹായത്തോടെ പഠിപ്പിക്കുന്നത്. തരംഗദൈർഘ്യം, ആവൃത്തി, തീവ്രത എന്നിവ യന്ത്രസഹായത്തോടെ പരീക്ഷിച്ചറിയപ്പെടുന്നത് കൊണ്ട്, ഇതു പരീക്ഷണ സ്വനവിജ്ഞാനം കൂടിയാണ്. ഉച്ചരിതശബ്ദങ്ങൾ, എങ്ങനെ ശ്രവിക്കപ്പെടുന്നു എന്നതാണ് ശ്രവണാസ്പദ സ്വനവിജ്ഞാനം (Auditory Phonetics) ചർച്ച ചെയ്യുന്നത്. ഉച്ചരിതശബ്ദങ്ങൾ വായുതരംഗങ്ങളായി ചെവിയ്ക്കുള്ളിൽ പ്രവേശിക്കുകയും അതിന്റെ ആന്തരഭാഗത്ത് പ്രതിസ്പന്ദനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ സ്പന്ദനങ്ങൾ കർണനാഡികളിലൂടെ മസ്തിഷ്കത്തിലെത്തുകയും അവിടെ വച്ച് ശബ്ദവ്യവച്ഛേദനവും ആശയനിർണയനവും നടക്കുന്നു. മസ്തിഷ്കാന്തർഭാഗത്തു നടക്കുന്ന ഈ പ്രക്രിയയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുവാൻ കഴിയാത്തതു കൊണ്ട്, ശ്രവണാസ്പദ സ്വനവിജ്ഞാനമേഖലയ്ക്ക് ഏറെ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല.

▶ സ്വനനിർവചനവും, സ്വനവർഗീകരണ മാർഗങ്ങളും

ശ്വസനം, ഭക്ഷണം എന്നീ പ്രാഥമിക ധർമങ്ങളുള്ള അവയവങ്ങളുടെ ദ്വിതീയ ധർമം മാത്രമാണ് ഉച്ചാരണം. ശ്വാസകോശത്തിൽ നിന്ന് ബഹിർഗമിക്കുന്ന വായുവിന് വായുടെ ഉൾവശത്ത് വച്ച് തടസം നേരിട്ടതിനുശേഷമാണ് വായിലൂടെയോ മൂക്കിലൂടെയോ പുറത്തേക്കു പോകാൻ കഴിയുന്നതും തദ്വാരാ ഭാഷണസ്വനങ്ങൾ സൃഷ്ടിക്കപ്പെടുന്നതും. നമുക്ക് രണ്ട് തരം ഉച്ചാരണാവയവങ്ങളാണുള്ളത്; ചലനസ്വഭാവമുള്ളവയും ഇല്ലാത്തവയും. കീഴ്ച്ചുണ്ട്, നാവ് മുതലായ ഉച്ചാരണാവയവങ്ങൾ ചലനസ്വഭാവമുള്ളവയാണ്. മേൽവരിപ്പല്ല്, കഠിനതാലു മുതലായവയാകട്ടെ ചലനശേഷി ഇല്ല എന്നു തന്നെ പറയാം. ഉച്ചാരണവേളയിൽ ഉച്ചാരണാവയവങ്ങളുടെയും ഉച്ചാരണസ്ഥാനങ്ങളുടെയും സംയുക്തപ്രവർത്തനമാണ് ഭാഷണസ്വനങ്ങൾ സൃഷ്ടിക്കുന്നത്. അതുകൊണ്ടുതന്നെ അവയെ സാമാന്യേന പരിചയപ്പെടുന്നത് ഉചിതമായിരിക്കും. മേല്ചുണ്ട്, മേൽഉളിപ്പല്ലുകൾ, വർത്സം (മേലുളിപ്പല്ലിന്റെ പിൻഭാഗം), കഠിനതാലു, മൃദുതാലു, ഗള (pharynx) ത്തിന്റെ പിൻചുവർ എന്നിവയാണ് ചലസ്വഭാവം കുറഞ്ഞ സ്ഥിരകരണങ്ങൾ, കീഴ്ച്ചുണ്ട്, നാവിന്റെ അഗ്രം, ഉപാഗ്രം, മുഖം, മധ്യം, മൂലം, പ്രജിഹ്വ (അണ്ണാക്ക്) മുതലായവയാണ് ചലനസ്വഭാവം കൂടിയ ചലകരണങ്ങൾ.

▶ ഭാഷണസ്വനങ്ങൾ സൃഷ്ടിക്കപ്പെടുന്ന രീതികൾ

SGOU

## സ്വനസ്ഥാനങ്ങൾ

**ഉച്ചാരണത്തിൽ പങ്കെടുക്കുന്ന അവയവങ്ങളുടെയും സ്ഥാനങ്ങളുടെയും രേഖാചിത്രം നോക്കുക.**




SGOU

ഈ ഉച്ചാരണാവയവങ്ങളിൽ ഏറ്റവും ചലനസ്വാതന്ത്ര്യമുള്ളത് നാവിനാണ്. നാവിന്റെ മുൻഭാഗമായ ജിഹ്വാഗ്രം, തൊട്ടുപിറകിലുള്ള ജിഹ്വോപാഗ്രം, ഏറ്റവും പിറകിലെ ജിഹ്വാമൂലം എന്നിവയെല്ലാം സ്വനോത്പാദനത്തിൽ പങ്കെടുക്കുന്നുണ്ട്. ശ്വാസനാളത്തിന്റെ മുകളിലുള്ള ശബ്ദപേടക(കൃകം)ത്തിൽ സ്ഥിതിചെയ്യുന്ന സ്വനതന്ത്രികൾ, വായുവിന്റെ ബഹിർഗമനവേളയിൽ പൂർണമായും തുറക്കുകയാണെങ്കിൽ അപ്പോഴുണ്ടാകുന്ന ധ്വനികളെ 'ശ്വാസികൾ' എന്നു പറയാം. നേരേമറിച്ച്, വായുപ്രവാഹം നാദതന്ത്രികൾക്ക് പ്രകമ്പനം സംഭവിക്കുക മാത്രമേ ചെയ്യുന്നുള്ളൂവെങ്കിൽ അപ്പോഴുണ്ടാകുന്ന ധ്വനികൾ 'നാദികൾ' ആയിരിക്കും. മൃദു, ഘോഷം, അനുനാസികം, മധ്യമം മുതലായവ നാദികളാണ്. ഖരങ്ങൾ, അതിഖരങ്ങൾ, ഊഷ്മാക്കൾ എന്നിവയാണ് ശ്വാസികൾ.

▶ ഉച്ചാരണാവയവങ്ങളും ഉച്ചാരണസ്ഥാനങ്ങളും

ഭാഷണസ്വനങ്ങൾക്ക് 'സ്വരം' എന്നും 'വ്യഞ്ജനം' എന്നും രണ്ടു വിഭാഗങ്ങളാണുള്ളത്. നിശ്വാസവായുവിന് മുഖോദരസ്ഥാനങ്ങളിൽ യാതൊരു തടസവും സംഭവിക്കാതെ പുറത്തേക്ക് പോകാൻ കഴിയുന്നുവെങ്കിൽ അപ്പോഴുണ്ടാകുന്ന സ്വനങ്ങളാണ് സ്വരങ്ങൾ: എന്നാൽ നിശ്വാസവായുവിന് പൂർണമായോ ഭാഗികമായോ തടസം നേരിടുമ്പോഴുണ്ടാകുന്ന സ്വനങ്ങളാണ് വ്യഞ്ജനങ്ങൾ.

▶ സ്വരവ്യഞ്ജനഭേദം

## സ്വരവിഭജനം

ഉച്ചാരണവേളയിൽ നാവിന്റെ ഏതുഭാഗം പങ്കെടുക്കുന്നു എന്നതിനെ അധികരിച്ച് സ്വരങ്ങളെ മുൻസ്വരങ്ങൾ, കേന്ദ്രസ്വരങ്ങൾ, പിൻസ്വരങ്ങൾ എന്നു മൂന്നായി വിഭജിക്കാം.

1. മുൻസ്വരങ്ങൾ (അഗ്രസ്വരങ്ങൾ-front vowels): സ്വരോച്ചാരണ വേളയിൽ നാവിന്റെ മുൻഭാഗമാണ് പങ്കെടുക്കുന്നതെങ്കിൽ അപ്പോഴുണ്ടാകുന്ന സ്വരങ്ങളാണ് മുൻസ്വരങ്ങൾ (front vowels - അഗ്രസ്വരങ്ങൾ).
   ഉദാ: മലയാളത്തിലെ ഇ, എ:
2. കേന്ദ്രസ്വരങ്ങൾ: നാവിന്റെ കേന്ദ്രഭാഗം, സ്വരോച്ചാരണവേളയിൽ പങ്കെടുക്കുമ്പോഴാണ് കേന്ദ്രസ്വരങ്ങൾ ഉണ്ടാകുന്നത്. ഉദാ: അ, ആ. മലയാളത്തിലെ സംവൃതഉകാരം കേന്ദ്രസ്വരമാണെന്നാണ് പ്രൊ. എൽ. വി. രാമസ്വാമി അയ്യർ സ്ഥാപിച്ചിട്ടുള്ളത്.
3. പിൻസ്വരങ്ങൾ (മൂലസ്വരങ്ങൾ-Back vowels): നാവിന്റെ പിൻഭാഗമാണ് പിൻസ്വരങ്ങളുടെ ഉത്പാദനവേളയിൽ പങ്കെടുക്കുന്നത്. ഉദാ: മലയാളത്തിലെ ഉ, ഒ.

സ്വരോച്ചാരണത്തിൽ നാവിന് സംഭവിക്കുന്ന ഉയർച്ചതാഴ്ച്ചകളെ അടിസ്ഥാനമാക്കി ഉച്ചം, നിമ്നോച്ചം, ഉച്ചമധ്യം, മധ്യം, നിമ്നമധ്യം, ഉച്ചനിമ്നം, നിമ്നം എന്നിങ്ങനെ ഏഴായി തരംതിരിക്കാം.

വായുടെ മേൽത്തട്ടിലോട്ട് നാവ് ഉയർത്തുന്നതിന്റെ ഫലമായിട്ടാണ് സ്വരങ്ങൾക്ക് ഉച്ച-മധ്യ-നിമ്നഭേദം സംഭവിക്കുന്നത്.

1. നാവ് ഏറ്റവും ഉയർന്ന സ്ഥാനം ഉച്ചം (High)-
2. നിമ്നോച്ചം (Low high) - ഉച്ചത്തിന് തൊട്ടുതാഴെ വരെ ഉയർത്തുന്നത് നിമ്നോച്ചം.
3. ഉച്ചമധ്യം (High mid) - ഏതാണ്ട് മധ്യത്തിന് മുകളിൽ വരെ ഉയർത്തുന്നത്.
4. മധ്യം (Mid) - നാവ് മധ്യഭാഗം വരെ ഉയർത്തുന്നത്.
5. നിമ്നമധ്യം (Low mid) - മധ്യത്തിന് തൊട്ട് താഴെ വരെ ഉയർത്തുന്നത്.
6. ഉച്ചനിമ്നം (High low) - ഏറ്റവും താണ അവസ്ഥയ്ക്കു തൊട്ട് മുകളിൽ വരെ
7. നിമ്നം (Low) - ഏറ്റവും താണ അവസ്ഥയിൽ നാവുയർത്തുന്നത്.

ഇതിനെ ലഘൂകരിച്ച് സംവൃതം, അർധസം(വി)വൃതം, വിവൃതം എന്നും മൂന്നായി തിരിച്ചു കാണാറുണ്ട്.

സംവൃതം(ഉച്ചം): നാവ് ഏറ്റവും ഉയരുമ്പോൾ വായുടെ മേൽത്തട്ടുമാ



SGOU

യി അകലം കുറയുകയും വിടവ് ഏതാണ്ട് അടഞ്ഞ അവസ്ഥയിലാകുകയും ചെയ്യും. അതിനെ സംവൃതം (അടഞ്ഞ അവസ്ഥ) എന്നു വിളിക്കാം. ഉദാ: ഇ, ഉ, ഈ, ഊ

- നാവിന്റെ സ്പർശ ഭാഗങ്ങളെയും ഉയർച്ച താഴ്ച്ചകളെയും അധികരിച്ചുള്ള സ്വര വിഭജനം

വിവൃതം(നിമ്നം): നാവ് അല്പം മാത്രമായി ഉയരുകയും നാവും മേല്ത്തട്ടും തമ്മിൽ വലിയ വിടവുണ്ടാകുകയും ചെയ്യുമ്പോഴാണ് വിവൃതം(തുറന്ന അവസ്ഥ) സംജാതമാകുന്നത്.

ഉദാ: ആ

സംവൃത-വിവൃതങ്ങൾക്ക് മധ്യയുള്ള അവസ്ഥയാണ് അർഥ -സം(വി) വൃതാവസ്ഥ അഥവാ മധ്യാവസ്ഥ. ഈ അവസ്ഥയിൽ നാവ് പകുതി മാത്രമേ ഉയർത്തുന്നുള്ളു.

ഉദാ: എ, ഏ, ഓ

- ചുണ്ടിന്റെ ആകൃതി ഭേദമനുസരിച്ച് സ്വരവിഭജനം

സ്വരോച്ചാരണത്തിൽ ചുണ്ടുകൾക്കുണ്ടാകുന്ന ആകൃതിഭേദമനുസരിച്ച് സ്വരവർഗീകരണം നടത്താം. ഉച്ചാരണവേളയിൽ ചുണ്ടുകൾ ഏതാണ്ട് വൃത്താകൃതിയിലാക്കി ഉച്ചരിക്കുന്നവ വർത്തുളസ്വരങ്ങൾ (Rounded vowels) എന്നും പരത്തി ഉച്ചരിക്കുന്നവ അവർത്തുള സ്വരങ്ങൾ എന്നും വിളിക്കപ്പെടുന്നു.

- വർത്തുളിത സ്വരങ്ങൾ- മലയാളത്തിലെ ഉ, ഒ.
- അവർത്തുളിത സ്വരങ്ങൾ - ഇ, എ, അ

ഇങ്ങനെ നോക്കുമ്പോൾ ആകെ (3*7*2)=42 വ്യത്യസ്തസ്വരങ്ങൾ കിട്ടും. ഏതെങ്കിലും ഒരു ഭാഷയിൽ 42 സ്വരങ്ങളിൽ നിന്നു വ്യത്യസ്തമായ സ്വഭാവം പ്രദർശിപ്പിക്കുന്ന ഒരു സ്വരമുണ്ടെന്നു കണ്ടാൽ ആ സ്വഭാവം പ്രത്യേകം സൂചിപ്പിച്ചാൽ മതി.

| | അഗ്രസ്വരം | | കേന്ദ്ര സ്വരം | പിൻസ്വരം | |
|---|---|---|---|---|---|
| | പരന്നത് | വർത്തുളിതം | | പരന്നത് | വർത്തുളിതം |
| സംവൃതം | ഇ i | | | ഉ് ɯ | ഉ u |
| അർധ സംവൃതം | എ e | | | | ഒ o |
| അർധ വിവൃതം | E | | | | ə |
| വിവൃതം | a | | | അ a | |

**മാനസ്വരങ്ങൾ:** ഡാനിയേൽ ജോൺസ് എന്ന ബ്രിട്ടീഷ് ഭാഷാശാസ്ത്രപണ്ഡിതൻ രൂപകല്പന ചെയ്തതാണ് മാനസ്വരവ്യവസ്ഥ

അഥവാ കാർഡിനൽ വവൽ സിസ്റ്റം (Cardinal vowel system). വ്യക്തമായ ഉച്ചാരണവും സ്ഥാനവുമുള്ള 8 സ്വരങ്ങളെ അദ്ദേഹം അടിസ്ഥാനസ്വരങ്ങളായി നിർണയിച്ചു. ഈ 8 എണ്ണത്തിൽ നാലെണ്ണം അഗ്രസ്വരങ്ങളും നാലെണ്ണം രസനാമൂലസ്വരങ്ങളുമാണ്. (താഴത്തെ ചിത്രം)

▶ സ്വരങ്ങളുടെ എണ്ണം, അടിസ്ഥാന സ്വരങ്ങൾ, അഗ്രസ്വരങ്ങൾ, രസനാമൂലസ്വരങ്ങൾ




വ്യഞ്ജനങ്ങൾ: ഉച്ചാരണസ്ഥാനം, രീതി, ശ്വാസിനാദിഭേദം എന്നിവയനുസരിച്ച് വ്യഞ്ജനങ്ങളെ മൂന്നായി തിരിക്കാവുന്നതാണ്.

▶ ഉച്ചാരണസ്ഥാനാനുസൃതമുള്ള വ്യഞ്ജനവിഭജനം

**I)** ഉച്ചാരണസ്ഥാനമനുസരിച്ച് വ്യഞ്ജനങ്ങളെ താഴെപ്പറയും വിധം തിരിക്കാവുന്നതാണ്. ഏതുസ്ഥാനത്താണ് നിശ്വാസവായുവിന് തടസ്സം നേരിടുന്നത് എന്നതനുസരിച്ച് അകത്തു നിന്ന് പുറത്തേക്ക് എന്ന ക്രമത്തിൽ കണ്ഠ്യം, മൂർധന്യം, താലവ്യം, വർത്സ്യം, ദന്ത്യം, ദന്തോഷ്ഠ്യം, ഓഷ്ഠ്യം, കണ്ഠനാളശീർഷകം എന്നിങ്ങനെ തിരിക്കാവുന്നതാണ്.

| | | |
|---|---|---|
| കണ്ഠ്യം | - | കവർഗം |
| മൂർധന്യം | - | ടവർഗം ഷ്, ള്, ഴ്, റ് |
| താലവ്യം | - | ചവർഗം ശ്, യ് |
| വർത്സ്യം | - | റ്റ്, ന്, സ്, ല്, ര്, റ് |
| ദന്ത്യം | - | തവർഗം |
| ദന്ത്യോഷ്ഠ്യം | - | വ് |
| ഓഷ്ഠ്യം | - | പവർഗം |
| കണ്ഠനാളശീർഷകം | - | ഹ് |

**II) ഉച്ചാരണരീതിയനുസരിച്ചുള്ള വിഭജനം:**

1. വിരാമം (സ്പർശം/സ്ഫോടകം): ഉച്ചാരണാവയവം ഉച്ചാരണസ്ഥാനത്തു പൂർണമായി സ്പർശിച്ചു നിശ്വാസവായുവിനെ പുറത്തു വിടുമ്പോഴാണ് വിരാമങ്ങൾ ഉണ്ടാകുന്നത്. (ഉദാ: ക്, ച്, ട്, ത്, പ്) വായുവിന്റെ ബഹിർഗമന മാർഗം നാസികയെങ്കിൽ ഇവയെ 'അനുനാസികങ്ങൾ' എന്നും വായിലൂടെയാണെങ്കിൽ 'അനനുനാസികങ്ങൾ' എന്നും വിളിക്കാം.

ഉദാ : ങ്, ഞ്, ണ്, ന്, മ്

2. ഘർഷം (ഘർഷി, സംഘർഷി): ഉച്ചാരണാവയവം ഉച്ചാരണ സ്ഥാനത്ത് പൂർണമായി സ്പർശിക്കാതെ, രണ്ടിനും മധ്യേ നേരിയ വിടവുണ്ടാക്കുകയും, വായുപ്രവാഹം ആ വിടവിലൂടെ തിക്കിത്തിരക്കി, ഉരസലോട് കൂടി പുറത്തേക്ക് പോവുകയും ചെയ്യുമ്പോഴാണ് 'ഘർഷങ്ങൾ' ഉണ്ടാകുന്നത്. ഉദാ: സ് , ശ്, ഷ്, ഹ്
3. വിരാമഘർഷം (സ്പർശഘർഷം): പൂർണമായി സ്പർശിച്ചതിനു ശേഷം,വായുവിനെ പുറത്തു വിടുന്നതിനു കാലതാമസം വരുത്തുകയാണെങ്കിൽ അതു നേരിയ ഘർഷത്തോടെയാണ് പുറത്തേക്ക് പോകുന്നത്. വിരാമവും ഘർഷണവും സംഭവിക്കുന്നത് കൊണ്ട്, ഇപ്രകാരമുണ്ടാകുന്ന വ്യഞ്ജനങ്ങളെ വിരാമഘർഷം എന്നു പറയാം. ഉദാ: ചവർഗാക്ഷരങ്ങൾ ('ഞ' ഒഴികെ ച്, ഛ്, ജ്, ഝ്)
4. കമ്പിതം (ത്രാസം): ഉച്ചാരണാവയവം ഉച്ചാരണ സ്ഥാനത്ത് നിരന്തരം തൊടുകയും ഉടനുടൻ വിട്ടുമാറുകയും ചെയ്യുമ്പോഴാണ് 'കമ്പിതങ്ങൾ' ഉണ്ടാകുന്നത്. ഉദാ: മലയാളത്തിലെ 'റ്' കാരം
5. ഉൽക്ഷിപ്തം: ഉച്ചാരണാവയവം, ഉച്ചാരണസ്ഥാനത്ത് ഒരു പ്രാവശ്യം സ്പർശിച്ചു വേഗത്തിൽ പിൻവാങ്ങുമ്പോഴാണ് ഉൽക്ഷിപ്തങ്ങൾ ഉണ്ടാകുന്നത്. ഉദാ: മലയാളത്തിലെ 'ര്'
6. പാർശ്വികം: ഉച്ചാരണാവയവം, ഉച്ചാരണസ്ഥാനത്തിന്റെ മധ്യഭാഗത്തു മാത്രം സ്പർശിച്ചു നിശ്വാസവായുവിനെ ഇരുവശങ്ങളിലൂടെയും കടത്തിവിടുമ്പോഴാണ് 'പാർശ്വികങ്ങൾ' ഉണ്ടാകുന്നത്. ഉദാ: മലയാളത്തിലെ രേഫലകാരളകാരങ്ങൾ (ര്, ല്, ള് )
7. പ്രവാഹി: ഉച്ചാരണാവയവം ഉച്ചാരണസ്ഥാനത്തിന്റെ ഇരുവശങ്ങളിലും സ്പർശിച്ചു, സുഗമമായി നിശ്വാസവായുവിനെ മധ്യഭാഗത്തുകൂടി പുറത്തേക്ക് വിടുമ്പോൾ 'പ്രവാഹികൾ' ഉണ്ടാകുന്നു. ഉദാ: മലയാളത്തിലെ യ്, വ്, ഴ്.
8. മഹാപ്രാണങ്ങൾ: സ്പർശത്തിനുശേഷം നിശ്വാസവായുവിനെ സമ്മർദ്ദത്തോടുകൂടി പുറത്തേക്ക് വിടുമ്പോൾ 'മഹാപ്രാണങ്ങൾ' ഉണ്ടാകുന്നു. ഉദാ: മലയാളത്തിലെ അതിഖരഘോഷങ്ങൾ.
9. പ്രതിവേഷ്ടിതം: ഉച്ചാരണസമയത്ത് നാവിന്റെ അഗ്രം പുറകോട്ടുമടങ്ങി അതിന്റെ അടിഭാഗം ഉച്ചാരണസ്ഥാനത്തു സ്പർശിക്കുമ്പോൾ 'പ്രതിവേഷ്ടിതങ്ങൾ' ഉണ്ടാകുന്നു. ഉദാ: മലയാളത്തിലെ ടവർഗ്ഗാക്ഷരങ്ങൾ, ഷകാരം, ളകാരം, ഴകാരം.

▶ ഉച്ചാരണരീതി അനുസരിച്ചുള്ള വ്യഞ്ജനവിഭജനം

**III)** ശ്വാസികളും നാദികളും - (ഉച്ചാരണാവയവങ്ങളുടെയും സ്ഥാനങ്ങളുടെയും രേഖാചിത്രത്തിന് ശേഷം ഇവയെക്കുറിച്ച് വിവരിക്കുന്നുണ്ട്. ആ ഭാഗം നോക്കുക).

SGOU

# അന്താരാഷ്ട്ര സ്വനലിപിമാല
## (International Phonetic Association Chart)

▶ പ്രാദേശിക ഭാഷോച്ചാരണങ്ങൾ അടയാളപ്പെടുത്താൻ IPA ഉപയോഗിക്കുന്നു

മനുഷ്യോത്പന്നമായ ഓരോ സ്വനത്തിനും ഓരോ ചിഹ്നമെന്ന തത്വത്തോടെ റോമൻലിപി ചിഹ്നങ്ങളും ഗ്രീക്ക്ലിപി ചിഹ്നങ്ങളും ഉപയോഗിച്ച് ചിട്ടപ്പെടുത്തിയ ചിഹ്നവ്യവസ്ഥയാണ് അന്താരാഷ്ട്രസ്വനലിപിമാല. 1886-ൽ ഈ ചിഹ്നസഞ്ചയം അംഗീകരിക്കപ്പെട്ടു എങ്കിലും പല തവണ പരിഷ്കാരങ്ങൾക്ക് വിധേയമായിട്ടുണ്ട്. നിഘണ്ടുക്കളിൽ ഉച്ചാരണം മനസിലാക്കാനും, അന്താരാഷ്ട്രാ തലത്തിൽത്തന്നെ പ്രാദേശിക ഭാഷോച്ചാരണങ്ങൾ കൃത്യമായി അടയാളപ്പെടുത്താനും IPA ഉപയോഗിക്കുന്നു

▶ സ്വനിമനിർവചനം

**സ്വനിമം** - ഭാഷണധ്വനികളുടെ കേവല വിവരണമാണ് സ്വനം. സ്വനിമങ്ങൾ സ്വനങ്ങളുടെ ഉപവിഭാഗങ്ങളാണ്. അതായത് അർഥവ്യാവർത്തനശേഷിയുള്ള സ്വനങ്ങളാണ് സ്വനിമങ്ങൾ എന്നു പറയാം. 'Phoneme is a minimum unit of distinctive sound feature' എന്നാണ് ബ്ലൂം ഫീൽഡ് സ്വനിമങ്ങൾക്ക് നൽകുന്ന നിർവചനം. അതായത് ഭാഷയിലെ ഏറ്റവും ചെറിയ സ്വനപ്രക്രിയാമാത്രകളാണ് സ്വനിമങ്ങൾ. കറ, തറ, മറ, പറ എന്നീ പദങ്ങൾ നോക്കുക. ഇവയിൽ അർഥവ്യാവർത്തനം അഥവാ അർഥവ്യത്യാസം സംഭവിപ്പിക്കുന്നത്. 'ക്, ത്, മ്, പ്' എന്നിവയാണെന്ന് കാണാം. അതുകൊണ്ട്തന്നെ അവയെ സ്വനിമങ്ങളായി കണക്കാക്കാവുന്നതാണ്. വടി, തടി, മടി, കടി മുതലായവയിലും അർഥവ്യത്യാസം സംഭവിക്കുന്നത് വ്, ത്, മ്, ക് എന്നീ സ്വനിമങ്ങൾ മൂലമാണെന്ന് മനസിലാക്കാവുന്നതാണ്.

# സ്വനിമനിർണയം

ഒരു ഭാഷയിലെ സ്വനങ്ങളെ സ്വനിമങ്ങളായും ഉപസ്വനങ്ങളായും വിഭജിക്കുന്ന ഏർപ്പാടാണ് സ്വനിമനിർണയം. അതിന് 4 മാർഗങ്ങളുണ്ട്. വിതരണം, ഉച്ചാരണസാദൃശ്യം, വിവരണസൗകര്യം, മിതത്വം എന്നിവയാണവ. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ എല്ലാ സൂക്ഷ്മോച്ചാരണഭേദങ്ങളോടും കൂടിയ ഭാഷകളിൽ പുസ്തകങ്ങളിൽ നിന്നോ ശേഖരിക്കുന്ന ഭാഷാസാമഗ്രികളിൽനിന്നോ സ്വനങ്ങളെ അപഗ്രഥിച്ചു സ്വനിമനിർണയം നടത്തുന്നു.

### I) വിതരണം

സ്വനിമ നിർണയത്തിന്റെ ആദ്യപടിയാണിത്. ഒരു സ്വനം ഏതെല്ലാം സാഹചര്യത്തിൽ പ്രത്യക്ഷപ്പെടുമോ ആ സാഹചര്യങ്ങളെ ആ സ്വനത്തിന്റെ വിതരണം അല്ലെങ്കിൽ (Distribution) ആയി കണക്കാക്കാം. ഉദാഹരണത്തിന് മലയാളത്തിലെ ങകാരം. മാങ്ങ, തേങ്ങ മുതലായവയിലേതുപോലെ ഇരട്ടിച്ച രൂപത്തിലും തങ്കം, ഗങ്ഗ എന്നിവയിലേത് പോലെ കവർഗ വ്യഞ്ജനങ്ങൾക്ക് മുമ്പിലും മാത്രം കാണപ്പെടുന്നു. ഇങ്ങനെ പ്രത്യക്ഷപ്പെടുന്ന സാഹചര്യം നോക്കിയാണ് വിതരണം നിർണ്ണയിക്കുന്നത്. എല്ലാ സ്വനങ്ങൾക്കും ഒരേ തരത്തിലുള്ള വിതരണമല്ല ഉള്ളത്. മലയാളത്തിലെ പ എന്ന സ്വനത്തിന് പദാദിയിലും (പറ) പദമധ്യത്തിലും (തപസ്) പദാന്ത്യത്തിലും (രൂപ) ഇരട്ടിച്ചും (കപ്പ) വ്യഞ്ജനങ്ങളോട് ചേർന്നും (അമ്പ്, വമ്പ്) വരുന്ന വിതരണക്രമമാണുള്ളത്. പ്രത്യക്ഷപ്പെടുന്ന സ്ഥാനം കൊണ്ടോ സാഹചര്യം കൊണ്ടോ വ്യത്യാ



SGOU

സം സംഭവിക്കുന്ന സ്വനങ്ങൾക്ക് തമ്മിലുള്ള ബന്ധമാണ് പൂരകബന്ധം; അവയുടെ വിതരണം (Distribution) പൂരകമാണെന്ന് പറയാം. ഒരേ സ്വനിമത്തിനു പദാദിയിലും പദമധ്യത്തിലും പദാന്ത്യത്തിലും ധ്വനിഭേദം ഉണ്ടാകാം. ഈ ഭേദങ്ങൾ വ്യത്യസ്ത സ്വനിമങ്ങളാകുന്നില്ല; സ്വനങ്ങളുടെ രൂപഭേദങ്ങളേ ആകുന്നുള്ളൂ. കഥ, തുക, തങ്കം എന്നിവയിലെ 'ക'കാരം എല്ലായിടത്തും ഒന്നുപോലെ അല്ല ഉച്ചരിക്കപ്പെടുന്നത്. പദാദിയിൽ ഖരമായും പദാന്ത്യത്തിൽ മൃദുവിന്റെ ഛായയോടും കൂട്ടക്ഷരത്തിൽ മൃദുവും നാദിയുമായ ഉച്ചാരണഛായയോടുമാണ് 'ക'കാരം പ്രത്യക്ഷപ്പെടുന്നത്. ഈ ഉച്ചാരണഭേദം അർഥവ്യത്യാസത്തിനു കാരണമാകുന്നില്ല. ഒരു സ്വനത്തിന്റെ ഉച്ചാരണപരമായ സമാന്തരരൂപങ്ങളായ ഇവയെ അർഥവ്യാവർത്തകശേഷി ഇല്ലാത്തതിനാൽ വ്യത്യസ്ത സ്വനിമങ്ങളെന്ന് വിളിക്കാൻ കഴിയുകയില്ല. സ്വനിമങ്ങൾക്കിങ്ങനെ സന്ദർഭാനുസരണം സംഭവിക്കുന്ന ഉച്ചാരണഭേദങ്ങളാണ് ഉപസ്വനങ്ങൾ അല്ലെങ്കിൽ Allophones. പരസ്പരപൂരകങ്ങളായ വിതരണത്തോട് കൂടിയ സ്വനങ്ങൾ ഉച്ചാരണസാദൃശ്യമുള്ളവയാണെങ്കിൽ അവയെ ഉപസ്വനങ്ങളായി കണക്കാക്കാം. മേല്പറഞ്ഞ കകാരത്തിന്റെ പ്രത്യക്ഷവത്കരണം (വിതരണം) സാഹചര്യബന്ധമാണ്. അവ എവിടെയെല്ലാം പ്രത്യക്ഷപ്പെടുന്നു എന്നു പ്രവചിക്കാനാകും. ഇങ്ങനെ പ്രവചനീയ സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്വനങ്ങൾ ഉപസ്വനങ്ങളും ഉപസ്വനങ്ങൾക്ക് തമ്മിലുള്ള ബന്ധം പൂരകവും ആയിരിക്കും.

▶ സ്വനങ്ങൾ, ഉപസ്വനങ്ങൾ തമ്മിലുള്ള ബന്ധം

മേല്പറഞ്ഞതു കൂടാതെ സ്വനിമങ്ങൾക്ക് വ്യത്യയബന്ധവും (Contrastive distribution) സംഭവിക്കാം. കരി-കറി, പന-മന, തല-വല എന്നീ ജോഡികളിൽ ഒരൊറ്റ സ്വനമാണ് ഓരോ ജോഡിയിലേയും അർഥവ്യത്യാസത്തിന് കാരണമാകുന്നത്. രണ്ടു വ്യത്യസ്തസ്വനങ്ങൾ രണ്ടു പദങ്ങളിൽ ഒരേ സ്ഥാനത്തുവരികയും അവയുടെ സാന്നിധ്യം അർഥവ്യത്യാസം ജനിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ അവയെ അല്പവ്യത്യയ ജോഡികൾ (Minimal pairs) എന്നും അവയുടെ വിതരണത്തെ വ്യത്യയ വിതരണം എന്നും പറയാം. വ്യത്യയവിതരണത്തോട് കൂടിയ സ്വനങ്ങൾ ഭിന്നങ്ങളാകയാൽ അവയെ സ്വനിമങ്ങളായി കണക്കാക്കാം. സ്വനിമങ്ങൾ തമ്മിലുള്ള ബന്ധമാണ് വ്യത്യയം എന്നു ചുരുക്കം. പലം-ബലം എന്നീ ജോഡികൾ അല്പവ്യത്യയജോഡികളാണെന്ന് തോന്നാമെങ്കിലും സൂക്ഷ്മത്തിൽ അങ്ങനെയല്ല. ബകാരത്തെ 'ബെ' എന്നാണ് മലയാളികൾ ഉച്ചരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ പ്-ബ്, അ-എ എന്നു രണ്ടിടത്തു ഉച്ചാരണഭേദം വരുന്നത് കൊണ്ട് ഇതിനെ അല്പേതരവ്യത്യയജോഡികളായി കണക്കാക്കാം. കാരണം ഉച്ചാരണമാണല്ലോ സ്വനിമനിർണയത്തിനാധാരം. അല്പവ്യത്യയജോഡികളുടെ അഭാവത്തിൽ അല്പേതരവ്യത്യയജോഡികളെയും സ്വനിമനിർണയത്തിനുപയോഗിക്കാം. ഇതിനുപുറമേ മറ്റൊരുതരം പൂരകബന്ധമുണ്ട്. രണ്ടു സ്വനങ്ങൾ ചില സാഹചര്യങ്ങളിൽ വ്യത്യയത്തോടും മറ്റുചിലയിടങ്ങളിൽ പൂരകബന്ധത്തോടും പ്രത്യക്ഷപ്പെടുന്നുവെങ്കിൽ അതിനെ ഭാഗിക പൂരകബന്ധം എന്നു പറയാം. മലയാളത്തിലെ ദന്ത്യവർത്സ്യാനുനാസികങ്ങൾ പദമധ്യത്തിൽ ഇരട്ടിച്ചു പ്രത്യക്ഷപ്പെടുമ്പോൾ വ്യത്യയബന്ധവും മറ്റിടങ്ങളിൽ പൂരകബന്ധവുമാണ് കാണിക്കുന്നത്.

▶ അല്പവ്യത്യയ ജോഡികൾ, അല്പേതരവ്യത്യയ ജോഡികൾ




- പദാദിയിലേയും പദമധ്യത്തിലേയും ഉച്ചാരണ വൈവിധ്യം

പദാദിയിലും(നെഞ്ച്, നാരി) പദമധ്യത്തിൽ സമസ്ഥാനീയസ്പർശത്തിനു മുമ്പും(പന്തം, സിന്ദൂരം) ത്, ഗ് എന്നിവയ്ക്ക് ശേഷവും (രത്നം, അഗ്നി) ദന്ത്യോച്ചാരണമാണ്; മറ്റിടങ്ങളിൽ വർത്സ്യോച്ചാരണവും. ഇരട്ടിപ്പിൽ അവ വ്യത്യസ്തസ്വനിമങ്ങളായിത്തന്നെ നില്ക്കുന്നു.

- ഒരു സ്വനിമത്തിന്റെ ഉപസ്വനങ്ങൾക്കെല്ലാം ഉച്ചാരണസാദൃശ്യമുണ്ടായിരിക്കും

## II) ഉച്ചാരണസാദൃശ്യം

ഒരു സ്വനിമത്തിന്റെ ഉപസ്വനങ്ങൾക്കെല്ലാം ഉച്ചാരണസാദൃശ്യമുണ്ടായിരിക്കും. കകാരവും പകാരവും തികച്ചും ഭിന്നങ്ങളാകയാൽ അവയ്ക്ക് ഉപസ്വനങ്ങളാകാനുള്ള സാധ്യത കുറവാണ്. എന്നാൽ വർത്സ്യ-ദന്ത്യനകാരങ്ങൾക്ക് ധ്വനി സാദൃശ്യം കൂടുതലാണ്. സ്വനങ്ങൾക്ക് ഉച്ചാരണസ്ഥാനങ്ങൾ അടുത്തുവരുമ്പോഴും ഉച്ചാരണ പ്രകാരങ്ങൾ സദൃശങ്ങളാകുമ്പോഴും പൂരകബന്ധത്തിൽ വർത്തിക്കാനുള്ള പ്രവണത കൂടുന്നു.

## III) വിതരണം

വർണമാലയിലെ സ്വനിമങ്ങൾക്ക് ഒരു പൊതുക്രമം ഉണ്ടെങ്കിൽ വിതരണ സൗകര്യം കൂടുതലായിരിക്കും. വർഗാക്ഷരങ്ങൾ പൊതുവേ, ഖരാതിഖരമൃദുഘോഷാനുനാസികങ്ങൾ എന്ന ക്രമത്തിലാണെങ്കിലും വർത്സ്യവർഗത്തിന് അതിഖരമൃദുഘോഷങ്ങളില്ല. ഈ ക്രമരാഹിത്യം മൂലം വർത്സ്യംഖരാനുനാസികങ്ങളെ വർണമാലയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. വിവരണം കൂടുതൽ സൗകര്യപ്രദമാകുന്നപക്ഷം ചില സ്വനങ്ങളെ ഉപസ്വനങ്ങളായോ സ്വനിമങ്ങളായോ തന്നെ കണക്കാക്കാവുന്നതാണ്. റകാരത്തിന്റെ ഇരട്ടിപ്പായി റ്റകാരത്തെ കണക്കാക്കുന്നത് സൗകര്യപ്രദമായിരിക്കും. അപ്പോൾ അകർമ്മകത്തിൽ നിന്ന് സകർമ്മകമുണ്ടാക്കുന്നത് ഇരട്ടിപ്പു മുഖേനയാണെന്ന് പറയാൻ കഴിയും.

- ചില സ്വനങ്ങളെ ഉപസ്വനങ്ങളായോ സ്വനിമങ്ങളായോ തന്നെ കണക്കാക്കാവുന്നതാണ്

നീറുന്നു- നീറ്റുന്നു, ആറുന്നു- ആറ്റുന്നു, മാറുന്നു- മാറ്റുന്നു. എന്നാൽ ഇവയ്ക്ക് ഉച്ചാരണസാദൃശ്യമില്ലെന്നു പറഞ്ഞു ഭിന്നസ്വനിമങ്ങളായി കണക്കാക്കുകയാണെങ്കിൽ റകാരം റ്റകാരമാകുന്നതെങ്ങനെ എന്നു വിവരിക്കുവാൻ ബുദ്ധിമുട്ടായിരിക്കും. വിവരണസൗകര്യത്തിനു വേണ്ടി ഒരു സ്വനത്തെ ഒരിടത്ത് ഒരു സ്വനിമത്തിന്റെ ഉപസ്വനമായും മറ്റൊരിടത്തു മറ്റൊരു സ്വനിമമായും കണക്കാക്കാം. മലയാളത്തിലെ രേഫ- റകാരങ്ങൾ വ്യത്യസ്ത സ്വനിമങ്ങളാണ് (കര-കറ, കരി-കറി). എന്നാൽ കൂട്ടക്ഷരങ്ങളിൽ മൃദു ഒഴിച്ചുള്ള ഏതു വ്യഞ്ജനത്തിനു മുൻ വന്നാലും റകാരധ്വനി തന്നെയായിരിക്കും (അർക്കൻ, വർഗം, ചർച്ച). വിതരണ സൗകര്യാർത്ഥം രേഫറകാരങ്ങളെ, കൂട്ടക്ഷരങ്ങളിൽ ഉപസ്വനങ്ങളായും മറ്റിടങ്ങളിൽ ഭിന്നസ്വനിമങ്ങളായും കണക്കാക്കിയിരിക്കുന്നു.

- രേഫറകാരങ്ങളെ, കൂട്ടക്ഷരങ്ങളിൽ ഉപസ്വനങ്ങളായും മറ്റിടങ്ങളിൽ ഭിന്ന സ്വനിമങ്ങളായും കണക്കാക്കിയിരിക്കുന്നു

IV) **മിതത്വം**

വർണമാലയിലെ സ്വനിമങ്ങളുടെ എണ്ണം കഴിവതും കുറഞ്ഞിരിക്കുന്നതാണ് ലിപിവ്യവസ്ഥയ്ക്ക് സൗകര്യം. അതിനാൽ അത്യാവശ്യമില്ലാത്ത വർണങ്ങൾ ഒഴിവാക്കുന്നത് നന്നായിരിക്കും. 'ക്ഌപ്തം' എന്ന പദത്തിൽ മാത്രം സാമാന്യേന ഉപയോഗിക്കുന്നത് 'ഌ' ഒഴിവാക്കി ക്ളിപ്തം എന്നെഴുതുന്നതിന് അംഗീകാരം ലഭിച്ചതും ഈ സൗകര്യത്തിന്റെ പേരിലാണ്. ലിപിവ്യവസ്ഥയുടെ മിതത്വത്തിന് വേണ്ടി വർത്സ്യാനുനാസികത്തെ(ഩ) ദന്ത്യനുനാസികത്തിന്റെ ലിപി കൊണ്ട്(ന) രേഖപ്പെടുത്തുന്നു.

- ലിപിവ്യവസ്ഥയുടെ സൗകര്യാർഥം അത്യാവശ്യമില്ലാത്ത വർണങ്ങൾ ഒഴിവാക്കുന്നു

## ട്രൂബറ്റ്സ് കോയി

ഭാഷയിലെ അടിസ്ഥാന ഏകകം എന്ന നിലയിൽ സ്വനിമനിർവചനം നടത്തിയതാണ് ചിഹ്നശാസ്ത്രത്തിന്റെയും ഘടനാവാദത്തിന്റെയും ശ്രദ്ധേയമായ ഒരു വഴിത്തിരിവ്. ഭാഷയുടെ തൻമാത്രാഘടന(Atomic Structure) നിരീക്ഷിച്ച് സ്വനിമത്തെ ഘടനാവാദപരമായി നിർവചിച്ച ഭാഷാശാസ്ത്രജ്ഞനാണ് നിക്കൊളായ് സർജിവിച്ച് ട്രൂബറ്റ്സ് കോയി. പ്രാഗ്സ്കൂളിലെ പ്രമുഖനായ ഭാഷാശാസ്ത്രജ്ഞനായിരുന്നു ഇദ്ദേഹം. 'പ്രിൻസിപ്പിൾസ് ഓഫ് ഫോണോളജി' എന്ന പുസ്തകത്തിന്റെ രചനയിലൂടെയാണ് ഘടനാവാദഭാഷാശാസ്ത്രത്തിന്റെ പ്രഗല്ഭനായ പ്രതിഷ്ഠാപകൻ എന്ന ഖ്യാതി അദ്ദേഹം നേടിയെടുത്തത്. സ്വനിമവിജ്ഞാനത്തെ സ്വനവിജ്ഞാനത്തിൽ നിന്നു വേർതിരിച്ചു മൗലികമായ ഒരു ഭാഷാ ശാസ്ത്രശാഖയായാണ് ട്രൂബറ്റ്സ് കോയി പരിഗണിച്ചത്. സ്വനിമപഠനം ഭാഷാവിശകലനവും സ്വനപഠനം ഭാഷണാപഗ്രഥനവുമാണ്. സ്വനം ഭാഷണത്തിന്റെയും സ്വനിമം ഭാഷയുടെയും ഏകകമാണ്. ഒരു ഭാഷയിലെ സാരവത്തും (significant) ഏറ്റവും ലളിതവും ചെറിയതും ശ്രാവണാത്മകവും ചാലകവുമായ (motor) പ്രതിബിംബമാണ് സ്വനിമം. 1929-ൽ പ്രസിദ്ധീകരിച്ച ഗവേഷണപ്രബന്ധത്തിലെ ഈ സങ്കല്പങ്ങളിൽ നിന്നു മുന്നോട്ട് പോയാണ് ഘടനാപരമായി സ്വനിമത്തെ വിശദീകരിക്കാൻ അദ്ദേഹം ശ്രമിച്ചത്. വീണ്ടും ചെറിയ സ്വനിമിക ഏകകങ്ങളായി വേർപിരിക്കാനാവാത്ത ശാബ്ദിക ഏകകമാണ് സ്വനിമം. ഭാഷയിൽ അർഥത്തെ വ്യവർത്തിപ്പിക്കുവാൻ സമർഥമായ ശബ്ദവ്യതിയാന(സ്വനിമികമായ പ്രതിയോഗിത)ത്തിൽ ഭാഗഭാക്കാക്കുക എന്നതാണ് 'സ്വനിമിക ഏകകം' എന്ന കാഴ്ചപ്പാടിനാധാരം. ഒരു സ്വനത്തിന് ഒരു ഭാഷയിൽ അർഥവ്യാവർത്തനശേഷി ഉണ്ടെന്ന് വ്യക്തമാക്കാൻ കഴിഞ്ഞാൽ അതിന് സ്വനിമപദവിയുണ്ടെന്ന് നിശ്ചയിക്കാം.

- സ്വനം ഭാഷണത്തിന്റെയും സ്വനിമം ഭാഷയുടെയും ഏകകമാണ്

ഇംഗ്ലീഷിലെ /s/, /t/, /p/, /k/ എന്നിവ സ്വനിമങ്ങളാണ്. കാരണം Sin, tin, Pin, kin എന്നിവയിൽ, ഈ സ്വനിമങ്ങളുടെ ആദേശമാണ് അർഥാന്തരത്തിന് കാരണമാകുന്നത്. ഇവയുടെ ഭൗതികഗുണവിശേഷങ്ങളിലെ, വ്യത്യസ്തതയല്ല മറിച്ച് ഒരേ ശാബ്ദിക പരിസരത്ത് പ്രത്യക്ഷപ്പെടാൻ കഴിവുള്ള ഇവയെ പരസ്പരം മാറ്റിവച്ചാൽ അർഥവ്യതിയാനമുള്ള രൂപങ്ങൾ ഉണ്ടാകും എന്നതാണ് ഇവയുടെ സ്വനിമത്വത്തിന് ആധാരം. ദ്വിമുഖ പ്രയോഗങ്ങളാൽ (binary opposition) നിർണയിക്കപ്പെടുന്നതാണ് സ്വനിമങ്ങളുടെ പരസ്പരബന്ധമെന്നും അവയ്ക്ക് അടിസ്ഥാനമായ സാമാന്യതത്വത്തെ (സ്വരത്വം, സ്വരരാഹിത്യം, ഖരം/മൃദു, ശ്വാസി/നാദി) ഈ ജോഡികളെ അമൂർത്തീകരിക്കുന്നതിലൂടെ കണ്ടെത്താനാകു

- ട്രൂബറ്റ്സ് കോയിയുടെ സ്വനിമവിവേകം

മെന്നും സിദ്ധാന്തിക്കുന്നതാണ് ട്രൂബറ്റ്സ് കോയിയുടെ സ്വനിമപാരമ്പര്യസങ്കല്പങ്ങൾക്ക് അടിത്തറ.

'Six Lectures on Sound and Meaning' എന്ന പേരിൽ 1942-ൽ ന്യൂയോർക്കിൽ വച്ച് നടത്തിയ പ്രഭാഷണത്തിലാണ് യക്കോബ്സൺ തന്റെ സ്വനിമ ചിന്തകൾ അവതരിപ്പിച്ചത്. സ്വനിമത്തിന് തനതായി സൂചിതം ഇല്ലാത്തതിനാൽ സ്വനിമം ചിഹ്നമല്ല; അതൊരു സ്വയം സൂചകം പോലുമല്ല. സ്വനിമത്തെ വ്യാവർത്തന വാഹകം(Distinctive vehicle) എന്നാണ് യാക്കോബ്സൺ വിശേഷിപ്പിക്കുന്നത്. സ്വനിമങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് വ്യാവർത്തകാഭിലക്ഷണങ്ങൾ എന്നു വിളിക്കാവുന്ന ഘടകങ്ങളാൽ(Distinctive features) ആണ് എന്നാണ് യാക്കോബ്സന്റെ മതം. സ്വനിമങ്ങളുടെ നിർമ്മിതിയിൽ ഉൾപ്പെട്ടിരിക്കുന്ന വ്യാവർത്തകാഭിലക്ഷണങ്ങളാണ് വ്യാവർത്തനം നിർവഹിക്കുന്നത്. സ്വനിമോച്ചാരണത്തിൽ ഉപയുക്തമാകുന്ന അവയവങ്ങൾ, അവയുടെ ഭൗതിക ഘടകങ്ങൾ എന്നിവയാണ് ഈ വ്യാവർത്തകാഭിലക്ഷണങ്ങൾ. വ്യാവർത്തകാഭിലക്ഷണങ്ങളുടെ സമന്വയമാണ് ഒരു സ്വനിമം. അഭിലക്ഷണങ്ങളെ യാക്കോബ്സൺ ഒരു സവിശേഷതയുടെ ദ്വന്ദ്വപ്രതിയോഗമായി സങ്കല്പിക്കുന്നു. അവ, ഒരു പ്രത്യേക ഭൗതികസവിശേഷതയുടെ അഭാവം/ പ്രഭാവം എന്ന രൂപത്തിലോ ഭൗതിക ഗുണങ്ങളുടെ ആപേക്ഷിക ധ്രുവീയത എന്ന നിലയിലോ ആണ് നിർവചിക്കപ്പെടുന്നത്.

- വ്യാവർത്തകാഭിലക്ഷണങ്ങളുടെ സമന്വയമാണ് ഒരു സ്വനിമം

അഭാവം/ പ്രഭാവം - നാദരാഹിത്യം/ നാദിത്വം
ആപേക്ഷിക ധ്രുവീയത - ഉച്ചസ്ഥായി/ നീചസ്ഥായി

ഓരോ സ്വരവും ഘടനാത്മകമായി നിർവചിക്കപ്പെടുന്നത് ചില സവിശേഷതകളുടെ സാന്നിധ്യാസാന്നിധ്യ വിവേചനം മൂലമാണ്. ഉദാഹരണത്തിന് /S/ എന്ന സ്വനിമത്തെ + വർത്സ്യം + പ്രവാഹം + ഘർഷം എന്നീ സാന്നിധ്യങ്ങളോടൊപ്പം -സ്വരകം, -നാദം, -നാസിക്യം എന്നീ അസാന്നിധ്യങ്ങളുമായി വേണം കരുതുവാൻ. സ്വനിമങ്ങൾക്ക് തമ്മിൽ ഏറ്റവും കുറഞ്ഞത് ഒരു അഭിലക്ഷണത്തിന്റെയെങ്കിലും ഭേദമുണ്ടായിരിക്കും. യാക്കോബ്സന്റെ വ്യാവർത്തകാഭിലക്ഷണ സിദ്ധാന്തം ഭൗതികാടിത്തറയിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. അതു സ്വനിമത്തെ ശാബ്ദികാവയവങ്ങളോടും ശബ്ദത്തിന്റെ ഭൗതികസവിശേഷതകളോടും ബന്ധിപ്പിക്കുന്നു. ഇൻഫർമേഷൻ സിദ്ധാന്തത്തിന്റെ, സ്വാധീനത്തിൽ വ്യാവർത്തകാഭിലക്ഷണങ്ങളെ ദ്വന്ദ്വപ്രതിയോഗതാധിഷ്ഠിതമായി അദ്ദേഹം കാണുന്നു.

- ദ്വന്ദ്വപ്രതിയോഗതാധിഷ്ഠിതം

കണ്ഠ്യം, വർത്സ്യം, ദന്ത്യം, ഓഷ്ഠ്യം എന്നീ വ്യഞ്ജനവർഗങ്ങളെ

1. മുൻ/ പിൻ (front/back)
2. സാന്ദ്രം/തീവ്രം (വായുടെ പാർശ്വങ്ങളിൽ സങ്കോചമുണ്ടാക്കുന്നത് (grave)/ വായുടെ മധ്യത്തിൽ സങ്കോചമുണ്ടാകുന്നത് (acute) എന്നു രണ്ടു ദ്വന്ദ്വപ്രതിയോഗങ്ങളാൽ, വിവരിക്കാനാവുമെന്ന് യാക്കോബ്സൻ വ്യക്തമാക്കുന്നു.

| | | |
|---|---|---|
| P | t | മുൻ |
| K | C | പിൻ |
| സാന്ദ്രം | തീവ്രം | |

- യാക്കോബ്സ ണും വ്യാവർത്ത കാഭിലക്ഷണങ്ങ ളും

ഇത്തരത്തിൽ ഏതാനും ദ്വന്ദ്വപ്രതിയോഗങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊരു ഭാഷയുടെയും സ്വനിമങ്ങളെ വിവരിക്കാനാകും. സ്വനിമ വ്യവ സ്ഥാവിശകലനത്തിനുപയുക്തമായ 12 ദ്വന്ദ്വപ്രതിയോഗങ്ങളുടെ പട്ടിക യ്ക്ക് യാക്കോബ്സൺ രൂപം നല്കി.

## ലീനധ്വനി

സ്വരവ്യഞ്ജനങ്ങളുടെ ഉച്ചാരണരീതികളെ ആധാരമാക്കി അവയു ടെ വർഗീകരണം സാധ്യമാണെന്ന് കണ്ട് കഴിഞ്ഞല്ലോ. സ്വരം എന്നും വ്യഞ്ജനം എന്നും വേർതിരിച്ചു കാണിക്കാൻ കഴിയുന്നതുകൊണ്ട് അവയെ വ്യതിരിക്തധ്വനികൾ എന്നു വിളിക്കാം. എന്നാൽ ചില ധ്വനി വിശേഷങ്ങൾ ഇതുപോലെ വേർതിരിച്ചു കാണിക്കാൻ കഴിയില്ല. അവ, വ്യതിരിക്ത ധ്വനികളുടെ ഉച്ചാരണത്തിൽ ലയിച്ചു ചേർന്നിരിക്കും. ഇവ യാണ് ലീനധ്വനികൾ. ഇവയെ വേർതിരിച്ചു കാണിക്കാൻ കഴിയില്ല എന്നർത്ഥത്തിൽ അഖണ്ഡധ്വനികൾ എന്നും വ്യതിരിക്തധ്വനികളുടെ ഉച്ചാരണത്തിന് മുകളിൽ ഉയർന്ന് കേൾക്കുന്നത് എന്നർത്ഥത്തിൽ 'ഉപ രിധ്വനികൾ' എന്നും പറയുന്നു. ലീനധ്വനികൾ ദൈർഘ്യം, സ്ഥായി, ഈ ണം, ദാർഢ്യം എന്നു നാലു വിഭാഗത്തിൽപ്പെടുന്നു.

**i)** ദൈർഘ്യം: ഹ്രസ്വസ്വരങ്ങളെക്കാൾ ദീർഘസ്വരങ്ങളുടെ ഉച്ചാര ണത്തിന് കൂടുതൽ സമയം ആവശ്യമുണ്ട്. ഇരട്ടിച്ച വ്യഞ്ജനങ്ങളുടെ ഉച്ചാരണത്തിൽ രണ്ടു വ്യഞ്ജനങ്ങളുടെ യോഗമല്ല; അല്ലെങ്കിൽ രണ്ട് ഉച്ചാരണങ്ങളുടെ യോഗം (ക്ക – കക) ഇല്ല. ഉച്ചാരണത്തിൽ നീളൽ ആണ് സംഭവിക്കുന്നത്. സ്വനപരമായി അവയെയും ദീർഘവ്യഞ്ജന ങ്ങളെന്നു വിളിക്കാം. വ്യഞ്ജനങ്ങളുടെ ഹ്രസ്വദീർഘഭേദവും അർഥവ്യ ത്യാസം ഉണ്ടാക്കുന്നു.

കട – കട്ട   ചില – ചില്ല

**ii)** സ്ഥായി (താനം) – നാദതന്തുക്കളുടെ ഭ്രമണവ്യത്യാസം കൊ ണ്ട് ധ്വനികൾക്കുണ്ടാകുന്ന ഉയർച്ചതാഴ്ച്ചകളാണ് സ്ഥായിഭേദത്തിനാ ധാരം. തന്തുക്കളുടെ കമ്പനവേഗങ്ങളുടെ കൂടുതൽ കുറവുകൾക്കനു സൃതമായി സ്ഥായി ഉയരുകയും താഴുകയും ചെയ്യുന്നു. സ്ഥായിഭേദം അർഥവ്യത്യാസത്തിനും നിദാനമാകാറുണ്ട്. നൈജീരിയൻ വാമൊഴിഭേ ദങ്ങളിലൊന്നിൽ 'ബാ' എന്ന് ഉച്ചസ്ഥായിയിൽ ഉച്ചരിച്ചാൽ കയ്പ്പുള്ളത് എന്നും നിമ്നസ്ഥായിയിൽ ഉച്ചരിച്ചാൽ എണ്ണുക എന്നും അർത്ഥം ലഭി ക്കും.

**iii)** ഈണം (അനുതാനം) – ഭാഷയിലെ വാക്യോച്ചാരണത്തിന് സന്ദർ ഭവശാൽ, ഈണ വ്യത്യാസം കൊണ്ട് അർഥവ്യത്യാസം സൃഷ്ടിക്കാം. 'അവൻ ജയിച്ചു' എന്ന വാക്യത്തിൽ ആരോഹണാവരോഹണത്തോടെ യുള്ള ഉച്ചാരണം കൊണ്ട് വിവിധ അർഥഭേദങ്ങൾ സൃഷ്ടിക്കപ്പെടുന്നത്

SGOU

ശ്രദ്ധിക്കുക.

> ▶ ലീനധ്വനി മലയാളത്തിൽ

**iv)** ദാർഢ്യം (ആധ്മാനം) - ഉച്ചാരണപേശികളുടെ മുറുക്കം കൊണ്ട് ഉച്ചാരണത്തിൽ സംഭവിക്കുന്ന ഉറപ്പിക്കലാണ് ദാർഢ്യം. മലയാളത്തിൽ ഉച്ചാരണ ദാർഢ്യം കൊണ്ട് അർഥവ്യത്യാസമൊന്നും സംഭവിക്കാറില്ല.

## മലയാളത്തിലെ സ്വനിമങ്ങൾ

> ▶ 5 സ്വരവും 38 വ്യഞ്ജനവും ഉൾക്കൊള്ളുന്ന ഒരു ഖണ്ഡസ്വനിമവ്യവസ്ഥയാണ് മലയാളത്തിനുള്ളത്

മലയാളഭാഷയുടെ അംഗീകൃതമായ മാനകരൂപത്തിനപ്പുറം (Standardised form) വൈവിധ്യമാർന്ന ഭാഷാഭേദങ്ങളാണ് അതിനുള്ളത്. അവിടെയെല്ലാം വർണോച്ചാരണങ്ങൾ പലതും വ്യത്യസ്തങ്ങളാണ്. കേരളത്തിന്റെ തെക്കു മുതൽ വടക്കുവരെയുള്ളവരുടെ സ്വാഭാവിക ഭാഷണത്തിൽ ഈ ഉച്ചാരണഭേദം വളരെ പ്രകടമാണ്. അതുകൊണ്ട് തന്നെ മാനകഭാഷയെ അവലംബിച്ചുള്ള സ്വനിമ വിചിന്തനം ആയിരിക്കും കൂടുതൽ ഉചിതം. 5 സ്വരവും 38 വ്യഞ്ജനവും ഉൾക്കൊള്ളുന്ന ഒരു ഖണ്ഡസ്വനിമ (Segmental phonemes) വ്യവസ്ഥയാണ് മലയാളത്തിനുള്ളത്. ദീർഘാക്ഷരങ്ങളെ ഹ്രസ്വങ്ങളുടെ രൂപഭേദം മാത്രമായി പരിഗണിക്കുന്നത് കൊണ്ട് അവയെ ഈ വിഭജനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 'ഐ', 'ഔ' എന്നിവ സന്ധ്യക്ഷരങ്ങളാകയാൽ അവയെയും ഒഴിവാക്കിയിട്ടുണ്ട്.

### മലയാളത്തിലെ സ്വരസ്വനിമങ്ങൾ

അ, ഇ, ഉ, എ, ഒ

സംവൃതോകാരവിവൃതോകാരങ്ങൾ അർഥഭേദത്തിന് കാരണമാകയാൽ സംവൃതത്തെയും സ്വനിമപദവിയിൽ ഉൾപ്പെടുത്തണമെന്ന് വാദിക്കുന്നവരുണ്ട്.

ഉദാ: ഉണ്ടു - ഉണ്ട്

> ▶ പരിമിതസ്വനങ്ങൾ

പക്ഷേ, ഇവകളിലെ അർഥഭേദം മലയാളിക്ക് എളുപ്പം മനസിലാകും. മാത്രമല്ല, മറ്റു സ്വരങ്ങളെപ്പോലെ ഇവ പദാദിയിൽ വരില്ല; ദീർഘരൂപവുമില്ല. ആ നിലയ്ക്ക് ഇതിനെ പരിമിതസ്വനമെന്നു വിളിക്കാം. ഇതുതന്നെയാണ് ഋകാരത്തിന്റെയും നില. പദാദിയിൽ വിരളമായി വരുമെങ്കിലും ഇതിന്റെ ദീർഘരൂപം മലയാളത്തിലില്ല. വ്യഞ്ജനങ്ങളോട് ചേർന്ന് വരാറുണ്ട്. ഇതിനെയും പരിമിത സ്വനമെന്ന് കരുതുകയാവും യുക്തം.

### മലയാളത്തിലെ വ്യഞ്ജനസ്വനിമങ്ങൾ

വർഗാക്ഷരങ്ങൾ 25 (ക മുതൽ മ വരെ)

വർത്സ്യഖരമായ 'റ്റ'യും അനുനാസികമായ 'ന'യും
ഘർഷങ്ങൾ : ശ, ഷ, സ, ഹ

പാർശ്വികങ്ങൾ : ല, ള

കമ്പിതം : റ

ഉത്ക്ഷിപ്തമായ രേഫം : ര

പ്രവാഹികൾ : യ, വ, ഴ

(ആകെ 25+2+4+2+1+1+3 = 38)

വർത്സ്യഖരാനുനാസികങ്ങളുടെ സ്വതന്ത്രലിപികൾ ഉപയോഗിക്കു

ന്നില്ലെങ്കിലും അവ വ്യത്യയസ്വഭാവം കാണിക്കുന്നതിനാൽ വ്യത്യസ്ത സ്വനിമങ്ങളായി കണക്കാക്കാം.

ആറ്റി - ആട്ടി - ആത്തി

ഇംഗ്ലീഷിലെ 'എഫ്' കൊണ്ട് തുടങ്ങുന്ന ശബ്ദങ്ങൾ ഭാഷയിൽ 'ഫ' കൊണ്ടാണല്ലോ എഴുതാറുള്ളത്. ഈ ശബ്ദം മറ്റു വ്യഞ്ജനങ്ങളെപ്പോലെ സാർവത്രികമല്ലാത്തതിനാൽ ഇതിനെയും പരിമിതസ്വനമായി കണക്കാക്കാം. മലയാള സ്വനിമങ്ങളുടെ മുഖ്യസ്വഭാവം വിശദമായി ചർച്ച ചെയ്യുന്നത് ഏറെ സങ്കീർണമായിരിക്കും എന്നതിനാൽ ഏതാനും അംശങ്ങൾ ചൂണ്ടിക്കാട്ടുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ. അതിഖര ഘോഷങ്ങളുടെ വ്യതിരിക്തോച്ചാരണം മിക്ക മലയാളികൾക്കും ബാലികേറാമലയാണെങ്കിലും സംസ്കൃതഭാഷയിൽ നിന്നു സ്വീകരിച്ചിട്ടുള്ള പദസമ്പത്ത് നോക്കുമ്പോൾ അവയെയും മലയാളസ്വനിമങ്ങളായി ത്തന്നെ സ്വീകരിക്കേണ്ടി വരും.

- ▶ അതിഖരഘോഷങ്ങളുടെ വ്യതിരിക്തോച്ചാരണം

ഇ, എ, അ, ഒ, ഉ എന്ന് സ്വരങ്ങൾ 5

| | അഗ്രം | കേന്ദ്രം | മൂലം |
|---|---|---|---|
| ഉച്ചം | ഇ | | ഉ |
| മധ്യം | എ | | ഒ |
| നിമ്നം | | അ | |

സംസ്കൃതത്തിൽ നിന്നും സ്വീകരിച്ച അതിഖര, മൃദു, ഘോഷം, ഊഷ്മാക്കൾ

**പദാംശം** (Syllable): സ്വയം ഉച്ചാരണക്ഷമമായ ഏറ്റവും ചെറിയ ശാബ്ദിക ഘടകമാണ് പദാംശം. സൂക്ഷ്മാർത്ഥത്തിൽ, മുന്നിലും പിന്നിലും വ്യഞ്ജനമോ വ്യഞ്ജനങ്ങളോ വരാവുന്ന സ്വരമാണ് പദാംശം അഥവാ അക്ഷരം. ഏതു ഭാഷണഖണ്ഡത്തിലെയും അക്ഷരങ്ങളുടെ എണ്ണം നിർണയിക്കാൻ സ്വരങ്ങൾ എത്ര എന്ന് നോക്കിയാൽ മതി. വിടുക എന്ന പദം വ്, ഇ, ട്, ഉ, ക്, അ എന്ന് മൂന്ന് സ്വരങ്ങളും അതുവഴി മൂന്ന് പദാംശങ്ങളും ഉള്ളതായിക്കാണാം.

- ▶ സ്വയം ഉച്ചാരണക്ഷമമായ ഏറ്റവും ചെറിയ ശാബ്ദിക ഘടകമാണ് പദാംശം

പദാംശത്തിന്റെ ഘടന ഇപ്രകാരം വിശദീകരിക്കാം.

1. ഒരു പദാംശത്തിന്റെ കേന്ദ്രം (nucleus) സ്വരമായിരിക്കും(ആ).
2. പദാംശത്തിന് ഒരു പ്രാരംഭകം (onset) ഉണ്ടായിരിക്കും. ഇത് വ്യഞ്ജനമായിരിക്കും(ക, ത - ക് +അ, ത് +അ)
3. ഒരു പദത്തിന്റെ അന്ത്യവ്യഞ്ജനം, അതിലെ അവസാനപദാംശത്തിന്റെ അന്ത്യം (coda) ആയിരിക്കും. നേടും എന്നതിലെ അന്ത്യവ്യഞ്ജനം 'മ' അതിലെ അവസാന പദാംശം 'ഉ'– ന്+ ഏ+ ട്+ ഉ+ മ്
4. പദമധ്യ വ്യഞ്ജനങ്ങൾ, പിൻസ്വരത്തിന്റെ പ്രാരംഭമായിരിക്കും.

SGOU

കടകം - ക്+ അ+ ട്+ അ+ ക്+ അ+ മ്

പദമധ്യവ്യഞ്ജനം- ട

പിൻസ്വരം - അ.

പദമധ്യവ്യഞ്ജനം കൂട്ടക്ഷരമാണെങ്കിൽ ആദ്യാക്ഷരം മുൻസ്വരത്തോടും രണ്ടാമക്ഷരം പിൻസ്വരത്തോടും ചേർത്ത് പദാംഗം നിർണയിക്കാം.

ചന്ദനം

പദമധ്യവ്യഞ്ജനം - ന്ദ

ച്+ അ+ ന്+ ദ്+ അ+ ന്+ അ+ മ്

'ന്' മുന്നിലുള്ള 'അ'യോടും 'ദ്' പിന്നിലുള്ള 'അ'യോടും ചേർത്ത് വേണം പദാംഗം നിർണയിക്കാൻ.

ഭാഷയിലെ പദാംഗത്തെ താഴെപ്പറയുംവിധം അടയാളപ്പെടുത്താം.

1. സ്വരം – ചിഹ്നം
   അ – V
2. സ്വരം, വ്യഞ്ജനം – ചിഹ്നം
   അം – VC
3. വ്യഞ്ജനം സ്വരം – ചിഹ്നം
   ക – CV
4. വ്യഞ്ജനം, സ്വരം, വ്യഞ്ജനം – ചിഹ്നം
   കം – CVC

ഏകാക്ഷരം (monosyllable), ദ്വ്യക്ഷരം (disyllables), ത്ര്യക്ഷരം (trisyllable) എന്ന വിധത്തിലാണ് മലയാളത്തിൽ പദാംഗങ്ങളുടെ സാന്നിധ്യം.

| | | |
|---|---|---|
| ഏകാക്ഷരങ്ങൾ | - | പാൽ, തേൻ, വാ |
| ദ്വ്യക്ഷരങ്ങൾ | - | കട, തറ, പറ |
| ത്ര്യക്ഷരങ്ങൾ | - | ഉറവ, കരച്ചിൽ, വരുതി |

▶ പദാംഗം നിർണയിക്കുന്നു

മൂന്നിലധികം പദാംഗങ്ങൾ വരുന്നവ മലയാളത്തിൽ പ്രായേണ കുറവാണ്. ഉണ്ടെങ്കിൽ അത് അന്യഭാഷയിൽ നിന്ന് സ്വീകരിച്ചവ ആയിരിക്കും.

ഉദാ: നാരായണൻ - ന്+ ആ+ ര്+ ആ+ യ്+ അ+ ണ്+ അ+ ൻ

SGOU

## Summarised Overview

ഏറ്റവും ചെറിയ ഭാഷണഘടകമാണ് സ്വനം. ഉച്ചാരണവ്യതിയാനമനുസരിച്ചാണ് സ്വനവർഗീകരണം നടത്തുന്നത്. ഇതിന് പ്രധാനമായും അവയവാസ്പദം, ശ്രവണാസ്പദം, സ്വനഭൗതികം എന്നു മൂന്നു മാർഗങ്ങളാണുള്ളത്. ഭാഷണസ്വനങ്ങളെ സ്വരം എന്നും വ്യഞ്ജനം എന്നും വർഗീകരിക്കാം. സ്വരങ്ങൾ മുൻ, പിൻ, കേന്ദ്രം എന്ന് മൂന്നു വിധത്തിൽ വരും. ഉച്ചാരണവേളയിലെ നാവിന്റെ ഏതു ഭാഗമാണ് പങ്കെടുക്കുന്നത് എന്നതിനെ അധികരിച്ചുള്ള വിഭജനമാണിത്. സ്വരോച്ചാരണത്തിൽ നാവിനു സംഭവിക്കുന്ന ഉയർച്ചതാഴ്ചകളെ അധികരിച്ച് സ്വരങ്ങളെ ഉച്ചം, നിമ്നോച്ചം, ഉച്ചമധ്യം, മധ്യം, നിമ്നമധ്യം, ഉച്ചനിമ്നം, നിമ്നം എന്നിങ്ങനെ ഏഴായിത്തിരിക്കാം. ചുണ്ടുകൾക്കുണ്ടാകുന്ന ആകൃതിഭേദമനുസരിച്ച് വർത്തുളം, ആവർത്തുളം എന്നുള്ള സ്വരവിഭജനവും സാധ്യമാണ്. ഉച്ചാരണസ്ഥാനം, രീതി, ശ്വാസി, നാദിഭേദം എന്നിവയാണ് വ്യഞ്ജനവിഭജനത്തിനാധാരം. മനുഷ്യോല്പന്നമായ ഓരോ സ്വനത്തിനും ഓരോ ചിഹ്നമെന്ന തത്വത്തോടെ രൂപപ്പെടുത്തിയെടുത്ത ചിഹ്നവ്യവസ്ഥയാണ് അന്താരാഷ്ട്രസ്വനലിപിമാല. ഒരു ഭാഷയിലെ സ്വനങ്ങളെ സ്വനിമങ്ങളായും ഉപസ്വനങ്ങളായും വിഭജിക്കുന്ന സമ്പ്രദായമാണ് സ്വനിമനിർണയം. വിതരണം, ഉച്ചാരണസാദൃശ്യം, വിവരണസൗകര്യം, മിതത്വം എന്നു നാലുമാർഗങ്ങളാണ് ഇതിനവലംബിക്കുന്നത്. പൂരക വ്യത്യയബന്ധങ്ങളാണ് വിതരണത്തിൽ ഉൾപ്പെടുന്നത്. വർണമാലയിലെ സ്വനിമങ്ങളുടെ പൊതുവായ ക്രമമാണ് വിവരണത്തിനു വിഷയം. സ്വനിമങ്ങളുടെ എണ്ണത്തിനു നിശ്ചയിക്കുന്ന പരിധിയാണ് മിതത്വം ചർച്ച ചെയ്യുന്നത്. ഭാഷയിലെ അടിസ്ഥാന ഏകകം എന്ന നിലയിൽ ട്രൂബറ്റ്സ്കോയിയും വ്യാവർത്തകാഭിലക്ഷണ ഘടകങ്ങളാൽ നിർമ്മിക്കപ്പെട്ടവയെന്ന നിലയിൽ യാക്കോബ്സണും സ്വനിമപഠനങ്ങളെ ഗൗരവമായി സമീപിച്ചവരാണ്. ദ്വന്ദ്വപ്രതിയോഗാധിഷ്ഠിതമായി ഏതൊരു ഭാഷയുടെയും സ്വനിമങ്ങളെ നിർവചിക്കാനാകും എന്നു യാക്കോബ്സൺ തെളിയിച്ചു. സ്വരവ്യഞ്ജനങ്ങളെപ്പോലെ വേർതിരിച്ചു കാണിക്കാനാകാത്ത ചില അഖണ്ഡധ്വനികൾ - ലീനധ്വനികൾ - ഉപരിധ്വനികൾ- ഭാഷയിലുണ്ട്. ഇവ ദൈർഘ്യം, സ്ഥായി, ഊണം, ദാർഢ്യം ഇന്നു നാലു വിധമുണ്ട്. മലയാളത്തിൽ സ്വരസ്വനിമങ്ങളും വ്യഞ്ജനസ്വനിമങ്ങളുമുണ്ട്. പദാംഗം എന്ന സംജ്ഞ സ്വനിമപഠനത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. സ്വയോച്ചാരണക്ഷമമായ ഏറ്റവും ചെറിയ ശാബ്ദികഘടകമാണിത്. മൂന്നിലധികം പദാംഗങ്ങൾ വരുന്ന വാക്കുകൾ ഭാഷയിൽ പ്രായേണ കുറവാണ്.

## Assignments

1. സ്വനവും, സ്വനിമവും തമ്മിലുള്ള അടിസ്ഥാനപരമായബന്ധം ചർച്ചചെയ്യുക.
2. സ്വനോല്പാദന പ്രക്രിയ വിവരിക്കുക.
3. ഉച്ചാരണരീതികളും ഉച്ചാരണ സ്ഥാനങ്ങളും അനുസരിച്ചുള്ള സ്വരവ്യഞ്ജന വിഭജനം വ്യക്തമാക്കുക.
4. ഐ. പി. എ. ചാർട്ട് എന്നാലെന്ത്? ഭാഷാശാസ്ത്രപഠനത്തിൽ ഇതിന്റെ പ്രസക്തിയെന്തെന്ന് വിവരിക്കുക.
5. സ്വനിമ നിർണയോപാധികൾ എന്നാലെന്ത്? അവയെ പരിചയപ്പെടുത്തുക.
6. പൂരക-വ്യത്യയബന്ധം എന്ന കാഴ്ചപ്പാടിന് സ്വനിമപഠനത്തിലുള്ള പ്രസക്തി വ്യക്തമാക്കുക.
7. സ്വനിമവിവേകവും ട്രൂബസ്റ്റ്കോയിയും-വിശദീകരിക്കുക.

8. യാക്കോബ്സണും വ്യാവർത്തികാഭിലക്ഷണങ്ങളും-വിശദപഠനം നടത്തുക.
9. ലീനധ്വനി വിശദമാക്കുക.
10. പദാംഗഘടന മലയാളത്തിൽ-ലഘുവിവരണം തയ്യാറാക്കുക.

## Suggested Readings


1. ഡോ. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ടി. ബി. വേണുഗോപാലപ്പണിക്കർ, ഭാഷാലോകം, ഡി. സി. ബുക്സ്, കോട്ടയം.
3. കെ. കുഞ്ചുണ്ണി രാജാ, ഭാഷാദർശനവും ചരിത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. ഡോ. ഇ. വി. എൻ. നമ്പൂതിരി - ഭാഷാശാസ്ത്ര പ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
2. കെ. എം. പ്രഭാകരവാര്യർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. സി. ജെ. ജോർജ്ജ്, ചിഹ്നശാസ്ത്രവും ഘടനവാദവും, ഡി. സി. ബുക്സ്, കോട്ടയം.


SGOU

### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 3

# രൂപവിജ്ഞാനീയം

## Learning Outcomes

- രൂപവിജ്ഞാനീയത്തെക്കുറിച്ച് അപഗ്രഥിച്ചറിയുന്നു
- സ്വനിമം, ഉപസ്വനം, പദാംഗം - എന്നിവയെക്കുറിച്ചറിയുന്നു
- ഭാഷയിലെ രൂപകങ്ങളെയും അവയുടെ വൈവിധ്യസ്വഭാവത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു
- സ്വതന്ത്രരൂപിമങ്ങളും ആശ്രിതരൂപിമങ്ങളും ചർച്ച ചെയ്യുന്നു
- പ്രകൃതിപ്രത്യയങ്ങളെ വിലയിരുത്തുന്നു
- ബാഹ്യ-ആന്തര വാക്യഘടനകൾ, വാക്യരചനാസിദ്ധാന്തങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു
- പ്രജനകവ്യാകരണത്തെക്കുറിച്ച് വിലയിരുത്തുന്നു

## Background

ഭാഷണത്തിലെ ഏറ്റവും ചെറുഘടകമായ സ്വനത്തെ പരിചയപ്പെട്ടു. അവിടെനിന്നു സ്വനിമം, ഉപസ്വനം, പദാംഗം മുതലായവയിലേക്കും പഠിതാവ് എത്തിക്കഴിഞ്ഞു. സ്വനിമങ്ങളുടെ വിന്യസനം കൊണ്ടുമാത്രം ആശയവിനിമയം പൂർണ്ണമാകുകയില്ല. മനുഷ്യഭാഷണം പുതിയ ആശയങ്ങൾക്കും അറിവുകൾക്കും വേണ്ടിയാണ്. ഉച്ചാരണവേളയിൽ അർഥസാന്ദ്രത കൈവരുത്തുവാൻ സഹായിക്കുന്ന അടിസ്ഥാന ഏകകമാണ് രൂപകം. ഭാഷയിലെ രൂപകങ്ങളെയും അവയുടെ വൈവിധ്യസ്വഭാവത്തെയും ചർച്ച ചെയ്യുകയാണ് ഈ യൂണിറ്റിൽ. അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കി അവതരിപ്പിച്ച സിദ്ധാന്തമാണ് രചനാന്തരണ പ്രജനകവ്യാകരണം (Transformational - Generative Grammar) പദസംഹിതരചനാവ്യാകരണം. (Phrase structure Grammar) രചനാന്തരണവ്യാകരണം (Transformational Grammar) എന്നു രണ്ട് വ്യാകരണ മാതൃകകൾ ഇതിലുണ്ട്. ഭാഷാശാസ്ത്രത്തിലെ വാക്യവിചാരം പ്രധാനമായും ചോംസ്കിയുമായി ബന്ധപ്പെട്ടിരിക്കുന്നു. നോം ചോംസ്കിയും ഹാരിസും ഒരേ വിഷയത്തെ അധികരിച്ചു നടത്തിയ പഠനങ്ങളാണ് പില്ക്കാലത്ത് രണ്ടു സിദ്ധാന്തങ്ങളായി മാറിയത്. ഓരോ വ്യക്തിയുടെയും മനസിൽ അന്തർലീനമായ ഭാഷാജ്ഞാനമാണ് വ്യാകരണം. ഭാഷാപ്രയോഗമാകട്ടെ ഭാഷയുടെ വ്യവഹാരതലമാണ്. രൂപിമങ്ങൾ ചേർന്ന് പദങ്ങളും പദങ്ങൾ ചേർന്നു വാക്യങ്ങളും ഉണ്ടാകുന്നു. പദഘടനയും വാക്യഘടനയും വ്യത്യസ്തങ്ങളാണ്. ഓരോ വാക്യത്തിനും ബാഹ്യരചനയിൽ നിന്നു ഭിന്നമായ ആന്തരരചന ഉണ്ടെന്നതാണ് പ്രജനകവ്യാകരണ (Generative Grammar) സിദ്ധാന്തത്തിന്റെ അടിസ്ഥാന തത്വം. വാക്യങ്ങളുടെ അർഥവും രൂപവും തമ്മിൽ ഘടിപ്പിക്കുന്നതാണു പ്രജനക വ്യാകരണം. ബാഹ്യ -ആന്തര വാക്യഘടനകൾ, പ്രജനക വ്യാകരണം എന്നിവയെക്കുറിച്ച് സമഗ്രമായി തുടർന്ന് അപഗ്രഥിച്ചിരിക്കുന്നു.

## Keywords

രൂപം - രൂപിമം - ഉപരൂപങ്ങൾ - രൂപവിജ്ഞാനീയം - സ്വതന്ത്ര രൂപിമങ്ങളും - ആശ്രിത രൂപിമങ്ങളും - രൂപിമനിർണയനം - പ്രകൃതിയും പ്രത്യയങ്ങളും


SGOU

# Discussion

രൂപവിജ്ഞാനീയം (Morphology) പദവ്യാകരണമാണ് എന്നു വേണമെങ്കിൽ പറയാം. അർഥയുക്തമായ ഏറ്റവും ചെറിയ ഭാഷാഘടകങ്ങളെപ്പറ്റിയുള്ള പഠനമാണ് രൂപവിജ്ഞാനീയം. പദങ്ങളെയും അവയുടെ സാർഥകഘടകങ്ങളെയും കുറിച്ചുള്ള പഠനമാണിത്.

## രൂപിമം

സാർഥകശബ്ദങ്ങളിൽ ഏറ്റവും ചെറുതാണ് രൂപിമം അഥവാ Morphym. (മല, പുഴ,കുന്ന്) ഇതിനു രൂപമൂലകം എന്നും പേരുണ്ട്. ബഹുവചന പ്രത്യയത്തിന് ഭാഷയിൽ 'കൾ' എന്നും 'മാർ'എന്നും രൂപഭേദങ്ങളുണ്ടല്ലോ. ഇവ രണ്ടും ഒരേ രൂപിമത്തിന്റെ രൂപഭേദങ്ങളാകയാൽ സമാനാർഥകവും പരസ്പരപൂരകവുമാണ്. ഇങ്ങനെ ഒരേ രൂപിമത്തിന്റെ രൂപഭേദങ്ങളായിവരുന്നവയെ ഉപരൂപിമങ്ങൾ (Allomorphs) എന്നുപറയും. ഒരു രൂപം ഏതെങ്കിലുമൊരു രൂപിമത്തിന്റെ രൂപഭേദമായിട്ടല്ലാതെ കേവലമായി വിവരിക്കുമ്പോൾ അതിനെ Morph അഥവാ രൂപം എന്നുപറയും. ഇവയ്ക്ക് അർഥപ്രദാനശേഷി ഉണ്ടായിരിക്കുകയില്ല. ഇവ സ്വനങ്ങളുടെ കേവലമായ കൂടിച്ചേരൽ മാത്രമാണ്. രൂപം, രൂപിമം, ഉപരൂപം, ഇവതമ്മിലുള്ള ബന്ധം സ്വനം, സ്വനിമം, ഉപസ്വനം എന്നിവ തമ്മിലുള്ളതുപോലെയാണ്.

- സാർഥകശബ്ദങ്ങളിൽ ഏറ്റവും ചെറുതാണ് രൂപിമം

### സ്വതന്ത്രരൂപിമങ്ങളും ആശ്രിതരൂപിമങ്ങളും (Free and Bound Morpheme )

ചില രൂപിമങ്ങൾ സ്വതന്ത്രപ്രയോഗാർഹങ്ങളാണ്. മറ്റു ചിലത് മറ്റൊരു രൂപിമത്തെ ആശ്രയിച്ചു മാത്രമേ നിലനിൽക്കുകയുള്ളൂ. ഇങ്ങനെ രണ്ടു തരത്തിലാണ് വാക്യത്തിൽ രൂപിമങ്ങൾ പ്രയോഗിക്കുന്നത്. തല, മല, കല്ല്, പുല്ല് മുതലായവ സ്വതന്ത്രപ്രയോഗാർഹങ്ങളാണ്. മിടുക്കൻ എന്നതിലെ മിടുക്ക് സ്വതന്ത്രരൂപിമമാണ്. പക്ഷേ ലിംഗസൂചകമായ അൻ പ്രത്യയത്തിനും മിടുക്കുപോലെയുള്ള പ്രകൃതികളെ ആശ്രയിച്ചു മാത്രമേ നിലനില്പുള്ളൂ. ഇവയാണ് ആശ്രിതരൂപിമങ്ങൾ. സാധാരണയായി പ്രത്യയങ്ങളും ഇടനിലകളും ആശ്രിതരൂപിമങ്ങളാണ്. പ്രകൃതികൾ ചിലപ്പോൾ സ്വതന്ത്രമായും ആശ്രിതമായും വരാം. 'സുന്ദരൻ' എന്നതിലെ പ്രകൃതിയായ 'സുന്ദര' സ്വതന്ത്രപ്രയോഗാർഹമല്ലാത്തതിനാൽ അതിനെയും ആശ്രിതമായിക്കണക്കാക്കാം. '–' എന്ന ചിഹ്നം ഒരു രൂപിമത്തിന്റെ ഇരുവശത്തും ഉപയോഗിച്ചാൽ അത് ആശ്രിതമാണെന്നാണർഥം. -അൻ എന്നതിലേതുപോലെ രേഖാചിഹ്നം ആദ്യം ഉപയോഗിച്ചാൽ അതു മറ്റൊരു രൂപിമത്തിനു പിൻവരും എന്നർഥം. പ്രതി – എന്ന വിധത്തിൽ രേഖപ്പെടുത്തിയാൽ അത് മറ്റൊരു രൂപിമത്തിനു മുമ്പ് വരുമെന്ന് -ഇൻ – എന്ന വിധത്തിൽ ഉപയോഗിച്ചാൽ ഇരു രൂപിമങ്ങൾക്കും ഇടയിൽ വരുമെന്നും അർഥസൂചന. സ്വതന്ത്ര രൂപിമത്തിനു പ്രത്യേക ചിഹ്നമില്ല.

- സ്വതന്ത്രപ്രയോഗാർഹങ്ങളാണ് സ്വതന്ത്രരൂപിമങ്ങൾ
- പ്രകൃതികളെ ആശ്രയിച്ചു നിലനില്ക്കുന്നത് ആശ്രിത രൂപിമങ്ങൾ

SGOU

## ഉപരൂപിമങ്ങൾ

▶ അർഥവ്യത്യാസം വരുത്താത്ത രൂപവ്യത്യാസമുള്ള രൂപിമങ്ങളാണ് ഉപരൂപിമങ്ങൾ

ഒരു രൂപിമത്തിന്റെ ബദൽരൂപമാണ് ഉപരൂപിമം അഥവാ ഉപരൂപം. സംബന്ധികാപ്രത്യയമായ ഉടെ, റ്റെ എന്നിവ ഉദാഹരണം. ഇവയ്ക്ക് വ്യത്യസ്തമായ ശാബ്ദികപരിസരമാണുള്ളത്. അനുനാസികമായ 'ൻ'എന്നതിനുശേഷം റ്റെയും (രാമൻറ്റെ -രാമന്റെ, ഗോപൻറ്റെ - ഗോപന്റെ) മറ്റുള്ളിടങ്ങളിൽ 'ഉടെ' യും വരുന്ന (സീതയുടെ, രാജിയുടെ). ഇങ്ങനെ വ്യക്തമായ ശാബ്ദിക പരിസരങ്ങളുള്ള രൂപിമത്തിന്റെ രൂപാന്തരങ്ങളാണ് ഉപരൂപിമങ്ങൾ. ബഹുവചന പ്രത്യയമായ, അർ, മാർ, കൾ മുതലായവ ഉദാഹരണം. അർഥവ്യത്യാസം വരുത്താത്ത രൂപവ്യത്യാസമുള്ള രൂപിമങ്ങളാണ് ഉപരൂപിമങ്ങൾ

▶ സ്വനപരവും രൂപപരവുമായ ഉപരൂപങ്ങൾ

ഒരു ഉപരൂപിമത്തിന്റെ രൂപാന്തരങ്ങൾ എപ്പോഴും വ്യത്യസ്ത ശബ്ദപരിസരങ്ങളിൽ പ്രവചനീയമാകണമെന്നില്ല. സ്വനബദ്ധം (Phonologically conditioned) രൂപബദ്ധം (morphologically conditioned) എന്നു രണ്ടുവിധത്തിൽ വരാം. ഒരു ഉപരൂപിമം ഏതു സ്വനത്തെ ആശ്രയിച്ചു വരുമെന്ന് പറയാമെങ്കിൽ അതു സ്വനബദ്ധം. സംബന്ധികാ പ്രത്യയത്തിന്റെ വിതരണം സ്വനബന്ധമാണ്. ബഹുവചന പ്രത്യയമായ അർ, മാർ, കൾ എന്നിവ ഏതു രൂപത്തിനുശേഷം വരുമെന്നു മാത്രമേ പറയാൻ കഴിയൂ. അതു രൂപബദ്ധമായ ഉപരൂപിമങ്ങളാകയാലാണ് അങ്ങനെ വരുന്നത്. ഇവിടെ സ്വനപരമായ ബന്ധങ്ങളൊന്നു തന്നെ കാണാൻ കഴിയില്ല.

## രൂപിമനിർണയനം

നാല് അടിസ്ഥാനവസ്തുതകളെ അധികരിച്ചാണ് രൂപിമനിർണയനം നടത്തുന്നത്.

1. ഒരേ അർഥവും ഒരേ സ്വനിമഘടനയും ഉള്ള രൂപങ്ങൾ ഒരേ രൂപിമത്തിൽ ഉൾപ്പെടുന്നു. സ്ത്രീകൾ, പക്ഷികൾ, കിളികൾ, ചെടികൾ, പൂച്ചകൾ എന്നിവയിലെ 'കൾ'പ്രത്യയത്തിന് എല്ലായിടവും ബഹുത്വാർഥവും ഒരേ സ്വനിമഘടനയുമാണ്. അതിനാൽ 'കൾ' ബഹുത്വവാചിയായ രൂപിമം ആണെന്നു പറയാം.
2. ആർഥികസമാനതയുള്ള ഇതും എന്നാൽ ഒരേ സ്വനിമഘടന ഇല്ലാത്തതുമായ ചില രൂപങ്ങളെയും രൂപിമങ്ങളായി പരിഗണിക്കാം. ഈ ഘടനാവ്യത്യാസം സമീപസ്വനത്തിന്റെ സ്വാധീനത കൊണ്ടാകണമെന്നുമാത്രം. കുട്ടികൾ എന്നതിലെ 'കൾ' ബഹുത്വവാചിയാണല്ലോ. കുഞ്ഞുങ്ങൾ എന്നതിലെ 'ങ്ങൾ' എന്നതും ബഹുത്വവാചിയാണ്. കുഞ്ഞ് + ഉൻ + കൾ ആണ് കുഞ്ഞുങ്ങളാകുന്നത്. ഉൻ, കൾ ഇവ ചേരുമ്പോഴുണ്ടാകുന്ന സവർണനമാണ് 'ങ്ങൾ' എന്ന രൂപത്തിനാധാരം. ഇവയ്ക്കു സമാന സ്വനിമഘടനയില്ലെങ്കിൽ അർഥ സമാനതയുള്ളതിനാൽ രൂപിമങ്ങളായിക്കണക്കാക്കാം.
3. സമാനാർഥരൂപങ്ങൾക്ക് സ്വനിമസാദൃശ്യമില്ലെങ്കിലും പൂരക

ബന്ധത്തോടെയാണ് അവ പ്രത്യക്ഷപ്പെടുന്നതെങ്കിൽ അവയെയും ഒരേ രൂപിമമായി പരിഗണിക്കാം. കുട്ടികൾ, അമ്മമാർ, അവർ എന്നതിൽ കൾ, മാർ, അർ എന്നിവയാണല്ലോ ബഹുത്വസൂചകരൂപങ്ങൾ. 'കൾ' സാമാന്യമായി നപുംസകബഹുത്വത്തെയും 'മാർ'പുല്ലിംഗ -സ്ത്രീലിംഗ ബഹുത്വങ്ങളേയും (പുരുഷന്മാർ, സുന്ദരിമാർ) 'അർ' പുല്ലിംഗവും സ്ത്രീലിംഗവും കലർന്ന ബഹുവചനത്തെയും (മനുഷ്യർ, വൃദ്ധർ)സാമാന്യമായി സൂചിപ്പിക്കുന്നു. (ഒന്നു പ്രത്യക്ഷപ്പെടുന്ന സ്ഥാനത്ത് മറ്റൊരെണ്ണം പ്രത്യക്ഷപ്പെടാതിരിക്കലാണല്ലോ പൂരകബന്ധം). എന്നാൽ ഒരേ നാമത്തിൽത്തന്നെ രണ്ടു പ്രത്യയങ്ങൾ മാറിമാറി ഉപയോഗിക്കുന്ന പതിവും ഭാഷയിലുണ്ട്.

പൊട്ടികൾ - പൊട്ടിമാർ

സുന്ദരികൾ - സുന്ദരിമാർ

4. ഒരേസ്വനിമഘടനയും വ്യത്യസ്താർഥവുമാണുള്ളതെങ്കിൽ അവ വ്യത്യസ്ത രൂപിമങ്ങളാണ്. പിടയ്ക്കുന്ന 'ചാള' എന്നതിലെ ചാള ഒരു മത്സ്യമാണ്. അടിയന്റെ 'ചാള' എന്നതിലെ 'ചാള' വീടാണ്. പ്രത്യയങ്ങളിലും ഈ അർഥഭേദം സംഭവിക്കാം. 'കുടിലിൽ' എന്നതിലെ 'ഇൽ' എന്ന ആധാരിക പ്രത്യയത്തിന് അധികരണാർഥമാണുള്ളത്. 'ചുരുക്കത്തിൽ' എന്നതിലെ 'ഇൽ' ക്രിയാവിശേഷണവാചിയാണ്. അങ്ങനെ നോക്കുമ്പോൾ സമാന സ്വനിമഘടനയും വ്യത്യസ്താർഥഘടനയുമുള്ള 'ഇൽ' 'ചാള' എന്നിവ വ്യത്യസ്ത രൂപിമങ്ങളാണെന്നു കാണാം.

- രൂപിമനിർണയനത്തിന്റെ അടിസ്ഥാന നിയമങ്ങൾ

ചില സന്ദർഭങ്ങളിൽ രൂപിമങ്ങളെ മാറി മാറി പ്രയോഗിക്കാവുന്നതാണ്. അതിനു സ്വതന്ത്രവിനിമയം (Free Variation) എന്നാണു പറയുന്നത്. മാർ, കൾ എന്നീ പ്രത്യയങ്ങൾക്കു ഭാഷയിൽ സ്വതന്ത്രവിനിമയമാണ് പലപ്പോഴുമുള്ളത്.

ഉദാ: തടിച്ചിമാർ - തടിച്ചികൾ, അച്ചിമാർ - അച്ചികൾ
ചേടികൾ -ചേടിമാർ, നടികൾ - നടിമാർ

ചിലപ്പോൾ രൂപിമങ്ങളും ഉപരൂപങ്ങളും ശൂന്യങ്ങളായി വരാവുന്നതാണ്. മലയാളത്തിൽ നിർദ്ദേശികയ്ക്ക് പ്രത്യയമില്ലാത്തതിനാൽ അതിന് ഒരു രൂപിമമുള്ളതായി സങ്കൽപ്പിച്ച് അതിനെ ശൂന്യരൂപിമം (zero morpheme)എന്നു വിളിക്കാം. ഇതുപോലെ ഉപരൂപങ്ങൾക്കും 'ശൂന്യത' സംഭവിക്കാം. Put, Cut എന്നിവയുടെ ഭൂതരൂപം അതുതന്നെയാണല്ലോ ഇവയ്ക്കു പ്രത്യേകിച്ചൊരു ഭൂതകാല പ്രത്യയമില്ലാത്തതിനാൽ, ഇവിടെ മറ്റു ക്രിയകളിലെപ്പോലെ പ്രത്യയമുണ്ടെന്നു സങ്കല്പിച്ച് അതിനെയും 'ശൂന്യം' എന്നുവിളിക്കാം. നിരർഥകരൂപങ്ങൾ (empty morphes) എന്നൊരുസങ്കല്പനവും ഭാഷാശാസ്ത്രത്തിലുണ്ട്. പശുവിനെ എന്നതിലെ പശു പ്രകൃതിയും 'എ' പ്രത്യയവുമാണ്. മധ്യേയുള്ള 'ഇൻ' എന്നതിന് ഒരു സംയോജകം എന്നതിനപ്പുറം പ്രത്യേകിച്ചർഥങ്ങളൊന്നുമില്ല. രൂ

പിമങ്ങളും ഉപരൂപങ്ങളും സാർഥകമായതുകൊണ്ട് empty morpheme, empty allomorph എന്ന പരികല്പനകൾക്ക് പ്രസക്തിയില്ലല്ലോ. 'ഇൻ' കേവലരൂപവും നിരർഥകവുമാകയാൽ ഇതിനെ empty morph എന്നു വിളിക്കാം. സംയോജക സ്വഭാവം മുൻനിറുത്തി link morph അഥവാ ഇടനിലരൂപം എന്നുവിളിക്കാം ഇടനില ഏതു രൂപിമത്തിന്റെ ഭാഗമോ ഉപരൂപമോ ആണെന്നു പറയാൻ കഴിയില്ല. കാപ്പികുടിച്ചു മരം മുറിച്ചു എന്നൊക്കെപ്പറയുമ്പോൾ കാപ്പിയെ കുടിച്ചു മരത്തെ മുറിച്ചു എന്നൊക്കെയാണാർഥം. നപുംസക നാമങ്ങളോട് പ്രതിഗ്രാഹികയുടെ പ്രത്യയം ചേർത്തില്ലെങ്കിലും അതിന്റെ അർഥം കിട്ടും. ഈ പ്രയോഗങ്ങളിൽ 'എ' ശൂന്യരൂപിമമാണ്. പ്രകൃതിയെയും പ്രത്യയത്തേയും തമ്മിൽ യോജിപ്പിക്കുന്ന ഇടനിലകൾ (ഇൻ, ഉൻ, അത്ത്) മിക്കതും ശൂന്യനിരർഥക രൂപങ്ങളാണ്.

- രൂപിമങ്ങളുടെ സ്വതന്ത്രവിനിമയവും, ശൂന്യനിരർഥകരൂപങ്ങളും

'ഉദ്ദേഷികാ പ്രത്യയത്തിൽ
സ്വരയോഗം സുഖാർത്ഥമായ്
തനിക്കെനിക്കികാരത്തിൽ
അകാരത്താൽ നിനക്കുമായ് '.

കേരളപാണിനീയം

## പ്രകൃതിയും പ്രത്യയങ്ങളും

രൂപവിജ്ഞാനീയത്തിന്റെ മുഖ്യ അന്വേഷണവിഷയമാണ് പ്രകൃതി പ്രത്യയയോഗം മൂലമുള്ള പദരൂപീകരണം. പദത്തിലെ മുഖ്യധാതുവാണ് പ്രകൃതി. അതിനോട് അർഥഭേദം വരുത്താൻ ചേർക്കുന്ന രൂപിമങ്ങളാണ് പ്രത്യയങ്ങൾ. പ്രത്യയം ഏതിനോട് ചേർക്കുന്നുവോ ആ രൂപമാണ് പ്രകൃതി. ഇതു കേവലധാതുവോ രൂപഭേദം വരുത്തിയ ധാതുവോ (root) ആകാം.

പുഴകൾ, മലകൾ, എന്നിവയിൽ പുഴ, മല എന്നിവ പ്രകൃതിയും കൾ പ്രത്യയവും ആണല്ലോ. സ്ഥാനഭേദമനുസരിച്ച് ധാതുക്കളോടു ചേരുന്ന പ്രത്യയങ്ങളെ മൂന്നായി തിരിക്കാം.

I) പുരപ്രത്യയം (prefix) ധാതുവിന് മുന്നിൽ പ്രത്യയം വരുന്നത്.

ഉദാ: സസ്നേഹം
അനർഹൻ (നഃ + അർഹൻ)
സന്തോഷം (സം + തോഷം)
യഥോചിതം (യഥ + ഉചിതം)
( inactive, unhappy)
അരാജകത്വം

II) പരപ്രത്യയം (suffix) പ്രത്യയം ധാതുവിന് പിന്നിൽ വരുന്നത് കുട്ടികൾ, പുരുഷന്മാർ ഉടെ (പുരുഷന്മാരുടെ) മലയാള ധാതുക്കളോടു പിൻപ്രത്യയങ്ങൾ മാത്രമേ ചേരുകയുള്ളൂ ;മുൻപ്രത്യയങ്ങൾ ചേരാറില്ല. കുട്ടി + കൾ

- പ്രകൃതിയും വിവിധതരം പ്രത്യയങ്ങളും

III) മധ്യപ്രത്യയം - പ്രത്യയം ധാതുവിന് മധ്യേ വരുന്നത്. അറബി, ഗ്രീക്ക് മുതലായ ഭാഷകളിൽ കാണാൻ കഴിയും.

കിതാബ് (പുസ്തകം )
കതബ് (അവർ എഴുതിയ)
സലാം (സമാധാനം )

ക് ത് ബ്  എന്നീ ധാതു വ്യഞ്ജനങ്ങൾക്കിടയിൽ വിവിധാർഥ ദ്യോതകങ്ങളായ സ്വരങ്ങൾ മധ്യപ്രത്യയങ്ങളായി വരുന്നു.

സ്, ല്, മ്  എന്നീ ധാതുവ്യഞ്ജനങ്ങൾക്കിടയിൽ അ, ആ മുതലായ സ്വരങ്ങൾ മധ്യപ്രത്യയങ്ങളായി വരുന്നു. മലയാളത്തിലും ഇട പ്രത്യയം ചേർത്ത രൂപങ്ങൾ ഉണ്ട്. എനിക്ക് = എൻ+ക്ക്, തനിക്ക് = തൻ+ക്ക്, നിനക്ക് = നിൻ+ക്ക്, എൻ+(ഇ)+ക്ക്, തൻ +(ഇ)+ക്ക്, നിൻ+(അ)+ക്ക്

പദരൂപവത്കരണത്തിലെ മുഖ്യഘടകങ്ങൾ പ്രകൃതി പ്രത്യയങ്ങളാണ്. പദങ്ങൾ എങ്ങനെയുണ്ടാകുന്നു എന്നതും പ്രകൃതിപ്രത്യയയോഗവും രൂപവിജ്ഞാനത്തിലെ അന്വേഷണ വിഷയങ്ങളാണ്. പ്രത്യയയോഗത്തെ അധികരിച്ച് പ്രത്യയങ്ങളെ വ്യുത്പാദകം എന്നും നിഷ്പാദകം എന്നും രണ്ടായി തിരിക്കാം. ഒരു പ്രത്യയം ചേർന്ന രൂപം പ്രത്യയമൊന്നുമില്ലാത്ത ഏതെങ്കിലുമൊരു കേവലരൂപിമത്തിന് തുല്യമായ വിഭാഗത്തിൽ ഉൾപ്പെടുമെങ്കിൽ ആ പ്രത്യയത്തിന്റെ ഘടനയ്ക്ക്  പദവ്യുത്പത്തി എന്നും ആ പ്രത്യയത്തിന്  വ്യുത്പാദക പ്രത്യയം എന്നും പറയും. കറുക്കുക, വെളുക്കുക, നടക്കുക മുതലായ ക്രിയകളുടെ ധാതുക്കളോട്; പ്പ്' എന്നൊരു പ്രത്യയം ചേർത്ത് വ്യുത്പാദിപ്പിച്ചവയാണ് കറുപ്പ്, വെളുപ്പ്, നടപ്പ് മുതലായ നാമപദങ്ങൾ. മഴ, കല്ല്, മുള്ള് മുതലായ നാമപദങ്ങൾ ഇതുപോലെ ഏതെങ്കിലുമൊരു പ്രത്യയം ചേർത്തു വ്യുത്പാദിപ്പിച്ചവയല്ല. പ്രത്യയം ചേർന്ന 'കറുപ്പും' പ്രത്യയമൊന്നുമില്ലാത്ത 'മല' എന്ന കേവലരൂപിമവും നാമം എന്ന ഒറ്റ വിഭാഗത്തിലാണല്ലോ ഉൾപ്പെടുന്നത്.

> ▶ പദരൂപവത്കരണത്തിലെ മുഖ്യഘടകങ്ങൾ പ്രകൃതി പ്രത്യയങ്ങളാണ്

## പദനിഷ്പത്തി

പ്രകൃതികളോടു ലിംഗം, വചനം, വിഭക്തി, കാലം മുതലായ പ്രത്യയങ്ങൾ ചേർത്തു വ്യാകരണ ബന്ധം വെളിവാക്കുന്ന ഏർപ്പാടാണ് പദനിഷ്പത്തി.

ഉദാ; കുട്ടി (പ്രകൃതി) +കൾ (വചനം)+ഉടെ (വിഭക്തി) - കുട്ടികളുടെ

വ്യുത്പാദകപ്രത്യയം ചേർന്നുണ്ടാകുന്ന നാമങ്ങളോട് നിഷ്പാദകപ്രത്യയങ്ങൾ ചേർക്കാൻ കഴിയും.

'പുതു' വിശേഷണ പ്രകൃതി, 'പുതുമ' നാമം. പുതുമകൾ (വചന പ്രത്യയം) പുതുമയിൽ (വിഭക്തിപ്രത്യയം)

മലയാളത്തിലെ കൃത്ത്, തദ്ധിതം, നാമധാതു എന്നിവയുടെ രൂപവത്കരണത്തിൽ വ്യുത്പാദകപ്രത്യയങ്ങളാണ് ചേരുന്നത്. ലിംഗം, വചനം, വിഭക്തി, കാലം, പ്രകാരം എന്നിവയുടെ രൂപവത്കരണത്തിൽ നിഷ്പാദക പ്രത്യയങ്ങൾ പങ്കെടുക്കുന്നു.

> ▶ പദവ്യുത്പത്തിയും പദനിഷ്പത്തിയും

## വാക്യവിജ്ഞാനീയം

പദങ്ങൾ വാക്യങ്ങളിൽ എപ്രകാരം ഘടിപ്പിക്കപ്പെടുന്നു എന്നതാണ് വാക്യവിജ്ഞാനീയം അഥവാ {syntax} അന്വേഷിക്കുന്നത്. 'വക്താവിന്റെ മനസിലെ വിവിധ ആശയങ്ങളുടെയോ ആശയസംഘാതങ്ങളുടെയോ സംയോഗത്തിന്റെ ഭാഷീയ പ്രതീകം' (ഹെർമൻ പോൾ) എന്നും

> ▶ വാക്യങ്ങൾ പലവിധം

വ്യാകരണതലത്തിലെ ഘടനാപരമായ പ്രസ്താവത്തിന്റെ ഉച്ചതസീമ' (റോബിൻസ് R. H) എന്നും ഭാഷാശാസ്ത്രത്തിൽ വാക്യത്തിനു വിവിധ നിർവചനകളുണ്ട്.

i ) ലഘുവാക്യം (simple) (ഒരു പൂർണക്രിയാപദം മാത്രം) ഞാൻ വിളിച്ചു.

ii) സംയുക്ത വാക്യം (compound) (ഒന്നിലധികം ലഘുവാക്യങ്ങളും പൂർണക്രിയാപദങ്ങളും) ഞാൻ എഴുന്നേൽക്കുകയും വീഴുകയും ചെയ്തു.

ഞാൻ എണ്ണീറ്റു /ഞാൻ വീണു. (രണ്ടു ലഘുവാക്യം)

▶ വാക്യവിജ്ഞാനീയവും വാക്യവിഭാഗങ്ങളും

iii) സങ്കീർണവാക്യം (complex)

"മാനം തെളിഞ്ഞപ്പോൾ മനസു നിറഞ്ഞു"

ഇതിനെ മാനം തെളിഞ്ഞപ്പോൾ, മനസു നിറഞ്ഞു എന്നു രണ്ട് ഉപവക്യങ്ങളായി വിഭജിക്കാം. മനസു നിറഞ്ഞു എന്ന ഉപവാക്യത്തിന്റെ വിശേഷണമാത്രമാണ് മാനം തെളിഞ്ഞപ്പോൾ എന്ന വാക്യം. ഒരുപൂർണക്രിയാപദവും (നിറഞ്ഞു) ഒരപൂർണക്രിയാപദവുമെങ്കിലുമുള്ള വാക്യമാണ് സങ്കീർണവാക്യം.

ഭാഷാശാസ്ത്രത്തിലെ വാക്യവിചാരം പ്രധാനമായും ചോംസ്കിയുമായി ബന്ധപ്പെട്ടിരിക്കുന്നു. നോം ചോംസ്കിയും ഹാരിസും ഒരേ വിഷയത്തെ അധികരിച്ചു നടത്തിയ പദങ്ങളാണ് പില്ക്കാലത്ത് രണ്ടു സിദ്ധാന്തങ്ങളായി മാറിയത്. ഓരോ വ്യക്തിയുടെയും മനസിൽ അന്തർലീനമായ ഭാഷാജ്ഞാനമാണ് വ്യാകരണം. ഭാഷാപ്രയോഗമാകട്ടെ ഭാഷയുടെ വ്യവഹാരതലമാണ്. രൂപിമങ്ങൾ ചേർന്ന് പദങ്ങളും പദങ്ങൾ ചേർന്നു വാക്യങ്ങളും ഉണ്ടാകുന്നു. പദഘടനയും വാക്യഘടനയും വ്യത്യസ്തങ്ങളാണ്.

ഞങ്ങൾ കടലിൽ ഇറങ്ങുന്നു
ഞങ്ങൾ-ആഖ്യ കടലിൽ ഇറങ്ങുന്നു-ആഖ്യാതം

കടലിൽ/ഇറങ്ങുന്നു - ക്രിയാ വിശേഷണം/ക്രിയ

ഞാൻ -കൾ -കടൽ -ഇൽ -ഇറങ് -ഉന്നു (പ്രകൃതി പ്രത്യയ വിഭജനം )

വാക്യവിവരണാർഥം രൂപപ്പെട്ട രണ്ടു സിദ്ധാന്തങ്ങളാണ് ഹാരിസിന്റെ സഹോപസ്ഥിതിസിദ്ധാന്തവും ചോംസ്കിയുടെ പ്രജനക വ്യാകരണവും. 1957-ൽ പുറത്തിറക്കിയ 'Syntactic Structures' എന്ന ഗ്രന്ഥത്തിൽ ചോംസ്കി രണ്ടു വ്യാകരണമാതൃകകൾ പരിചയപ്പെടുത്തുന്നു.

▶ വാക്യരചനാ സിദ്ധാന്തങ്ങൾ

i ) പദസംഹിത ഘടനാ വ്യാകരണം (Phrase Structure Grammar) - PSG
ii ) രചനാന്തരണ വ്യാകരണം (Transformational grammar) (T.G) എന്നിവയാണവ.

വാക്കുകൾ കൂട്ടിച്ചേർത്താണ് വാക്യസൃഷ്ടി നിർവഹിക്കുന്നതെങ്കി

ലും വാക്കുകൾ വെറുതേ കൂട്ടിച്ചേർത്താൽ വാക്യം ആവില്ല. ഓരോ ഭാഷയ്ക്കും വാക്യരചനയ്ക്ക് അതിന്റേതായ നിയമങ്ങളുണ്ട്.

Rama killed Ravana ---രാമൻ രാവണനെ കൊന്നു. ഈ ഘടന പരിശോധിക്കുക. കർത്താവ് (sub) ക്രിയ (verb) കർമ്മം (object)എന്ന ക്രമം ഇംഗ്ലീഷും കർത്താവ്, കർമ്മം, ക്രിയ എന്ന ക്രമം മലയാളവും പിന്തുടരുന്നു. പദസ്ഥാനം മാറിയാൽ വാക്യാർഥം ആദ്യത്തേതിൽ മാറുന്നത് നോക്കുക. ഒരു ഭാഷയുടെ വാക്യഘടന ശ്രദ്ധിച്ചാൽ അത് സങ്കീർണമായ പല നിയമങ്ങളും അനുസരിക്കുന്നതാണെന്നു കാണാം. വാക്യാപഗ്രഥനത്തിൽ ഏറെ പ്രധാനപ്പെട്ട ഒരു മാതൃകയാണ് സന്നിഹിത ഘടകാപഗ്രഥന രീതി അഥവാ Immediate Constituent Analysis. വാക്യത്തിലെ സന്നിഹിത ഘടകങ്ങളെ അപഗ്രഥനം ചെയ്യുന്ന രീതിയാണിത്.

'രാമൻ വീട്ടിൽ വന്നു' എന്ന ലഘുവാക്യത്തെ അപഗ്രഥിച്ചാൽ രണ്ടു ഘടകങ്ങൾ ലഭിക്കും. രാമൻ എന്ന അംശം; വന്നു എന്ന പൂർണ ക്രിയ. വീട്ടിൽ എന്നത് ക്രിയയുടെ ആകാംക്ഷ പൂർത്തിയാക്കുന്നതാകയാൽ അതു ക്രിയാപൂരകം. ഒന്നാം ഖണ്ഡത്തെ നാമ വാക്യാംഗം (ആഖ്യ) എന്നു വിളിക്കുന്നു. വീട്ടിൽ വന്നുവെന്നത് ക്രിയാ വാക്യാംഗം (ആഖ്യാതം) ഇതിനെ പൂർണക്രിയ എന്നും ക്രിയാപൂരകം എന്നും രണ്ടായി തിരിക്കാം.




ഈ വാക്യത്തിൽ വീട്ടിലെന്ന പദത്തിനു വന്നുവെന്ന ക്രിയയോടാണ് അടുത്ത ബന്ധം. വീട്ടിൽ വന്നുവെന്ന ക്രിയാപദസംഹിതയ്ക്ക് രാമനോടാണ് അടുത്ത ബന്ധം. ഇത്തരത്തിൽ സന്നിഹിത ഘടകങ്ങളെ (വാക്യത്തിൽ അടുത്ത ബന്ധം പുലർത്തുന്ന ഘടകങ്ങൾ)അപഗ്രഥിച്ച് കണ്ടെത്തുന്ന വാക്യാപഗ്രഥനരീതിയാണ് ഐസി അനാലിസിസ് അഥവാ ഇമ്മീഡിയേറ്റ് കോൺസ്റ്റിറ്റുവെന്റ് അനാലിസിസ്.

SGOU

വാക്യഘടനാപഗ്രഥനത്തിനു ഘടനാവാദികൾ രൂപപ്പെടുത്തിയ ഉപാധിയാണു സന്നിഹിത ഘടനാപഗ്രഥനം. ICA എന്ന സംക്ഷിപ്ത രൂപത്തിലാണ് ഇതറിയപ്പെടുന്നത്. ബ്ലൂംഫീൽഡ് അവതരിപ്പിച്ച ഈ സിദ്ധാന്തം വ്യത്യസ്തപ്പെടുത്തിയത് വെൽസും ഹാരിസുമാണ്. ഉച്ച രിത വാക്യങ്ങളെ സാധ്യമാകുന്നിടത്തോളം ചെറിയ സാർത്ഥകഘടക ങ്ങളായി അപഗ്രഥിക്കുകയാണ് ഇതിന്റെ രീതി. അപഗ്രഥനാന്ത്യത്തിൽ ലഭിക്കുന്ന അടിസ്ഥാന ഘടകങ്ങളാണ് അന്തിമഘടകങ്ങൾ (Ultimate constituents). ഓരോ വിഭജനത്തിനു ശേഷവും ലഭിക്കുന്ന ഘടകങ്ങളാ ണ് സന്നിഹിത ഘടകങ്ങൾ. ICA യുടെ നവീനമാതൃകയാണു ചോംസ്കി യുടെ പദസംഹിതരചനാവ്യാകരണം.

<table>
<tr><td colspan="7">എന്റെ അച്ഛൻ അടുത്ത ബുധനാഴ്ച്ച കോട്ടയത്ത് പോകുന്നുണ്ട്</td></tr>
<tr><td colspan="2">എന്റെ അച്ഛൻ</td><td colspan="5">അടുത്ത ബുധനാഴ്ച്ച കോട്ടയത്തിന് പോകുന്നുണ്ട്</td></tr>
<tr><td>എന്റെ</td><td>അച്ഛൻ</td><td colspan="2">അടുത്ത ബുധനാഴ്ച്ച</td><td colspan="3">കോട്ടയത്തിന് പോകുന്നുണ്ട്</td></tr>
<tr><td>എന്റെ</td><td>അച്ഛൻ</td><td>അടുത്ത</td><td>ബുധനാഴ്ച്ച</td><td colspan="3">കോട്ടയത്തിന് പോകുന്നുണ്ട്</td></tr>
<tr><td>എന്റെ</td><td>അച്ഛൻ</td><td>അടുത്ത</td><td>ബുധനാഴ്ച്ച</td><td>കോട്ടയത്തിന്</td><td>പോകുന്നു</td><td>ഉണ്ട്</td></tr>
</table>

ഘടകപദങ്ങൾക്കു തമ്മിലുള്ള ബന്ധമാണ് വിഭജന മാനദണ്ഡം.

5. ആഖ്യ-ആഖ്യാതം
6. ആഖ്യയിലെ വിശേഷണം, വിശേഷ്യം-ആഖ്യാതത്തിലെ കാല വാചി നാമബന്ധം-സ്ഥലസൂചക ക്രിയാപദം
7. ആഖ്യയിലെ വിശേഷണം, വിശേഷ്യം-കാലവാചി നാമപദബ ന്ധത്തിലെ വിശേഷണം, വിശേഷ്യം, ലക്ഷ്യം, ക്രിയ
8. ആഖ്യയിലെ വിശേഷണം, വിശേഷ്യം-കാലവാചിനാമപദ ബന്ധത്തിലെ വിശേഷണം, വിശേഷ്യം, ലക്ഷ്യം, മുഖ്യക്രിയ, സഹായക്രിയ

▶ സന്നിഹിത ഘടകാപഗ്രഥന രീതി

SGOU




അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കി അവതരിപ്പിച്ച സിദ്ധാന്തമാണ് രചനാന്തരണ പ്രജനക വ്യാകരണം (Transformational-Generative Grammar) പദസംഹിതരചനാവ്യാകരണം (Phrase structure Grammar) രചനാന്തരണവ്യാകരണം (Transformational Grammar) എന്നു രണ്ട് വ്യാകരണ മാതൃകകൾ ഇതിലുണ്ട്. വാക്യങ്ങളുടെയെല്ലാം ആത്യന്തിക ഘടകങ്ങൾ രൂപിമങ്ങളാണ്. ഒരു വാക്യത്തെ രൂപിമങ്ങളായി മാത്രം വിഭജിച്ചാൽ അർത്ഥം ശരിയായി മനസ്സിലാക്കാനാവില്ല. അതുകൊണ്ട് വാക്യങ്ങളെ സന്നിഹിത ഘടകങ്ങളായി വിഭജിക്കുന്നു. ചെറിയ കുട്ടി വേഗം ഓടും. ഇതിൽ ആദ്യത്തേത് (ചെറിയ കുട്ടി) ആഖ്യയും രണ്ടാമത്തേത് ആഖ്യാതവും (വേഗം ഓടും) ആണ്. ഇങ്ങനെ ആത്യന്തിക ഘടകങ്ങൾ സിദ്ധിക്കുവോളം അപഗ്രഥനം തുടരുന്നതാണ്. Phrase structure Grammar അഥവാ P.S.G. ഈ വ്യാകരണത്തിൽ ചോംസ്കി നിർദ്ദേശിക്കുന്ന ഒരു നിയമം ഇങ്ങനെയാണ്.

> ▶ ചോംസ്കിയുടെ വ്യാകരണനിയമങ്ങൾ

1) S-NP +VP
2) NP -adj +N
3) VP - adj + V
4) adj (ചെറിയ, വലിയ)
5) N (കുട്ടി, കുതിര)
6) Adv. (വേഗം, പതുക്കെ)
7) V (ഓടും, ചാടും)

NP +VP =S ഈ 7 നിയമങ്ങളിലൂടെ 16 വാക്യങ്ങൾ ജനിപ്പിക്കാൻ കഴിയും. ഒരു ഭാഷയിലെ എല്ലാ വാക്യങ്ങളെയും വിവരിക്കാൻ PS നിയമങ്ങൾക്കു കഴിയില്ലെങ്കിൽ മൂലവാക്യനിർമ്മിതി PS വ്യാകരണത്തിനു സാധിക്കും. മൂലവാക്യരചനയാണ് പദസംഹിതരചന. ഭാഷയിൽ പ്രയോഗിക്കാൻ സാദ്ധ്യതയുള്ള എല്ലാ വാക്യങ്ങൾക്കും ആധാരമായി വർത്തിക്കുന്ന മൗലികവാക്യമാണ് മൂലവാക്യം അഥവാ ആധാരവാക്യം. ഇതിന്റെ രചനാന്തരണമാണ് മറ്റെല്ലാ വാക്യങ്ങളും. ഈ രൂപാന്തരണ പ്രക്രിയ ഏതാനും നിയമങ്ങൾ കൊണ്ടു ഭാഷാശാസ്ത്രജ്ഞന് വ്യാഖ്യാനിക്കാൻ കഴിയും.

> ▶ മൂലവാക്യരചനയാണ് പദസംഹിതരചന

'ഉള്ളൂർ ഉമാകേരളം രചിച്ചു' എന്നത് മലയാളത്തിലെ ഒരു ആധാര വാക്യമാണ്. ഈ വാക്യത്തിലെ ആശയത്തെ ഇതിലും ചെറിയ മറ്റൊരു വാക്യം കൊണ്ട് നിർദ്ദേശിക്കാൻ കഴിയില്ല. ഒരേ ആശയം ഒന്നിലധികം തരത്തിൽ ആവിഷ്കരിക്കുന്നയാണ് രചനാന്തരണങ്ങൾ. ഞാൻ പറന്നാണ് പോയത്, ഞാൻ പോയത് പറന്നാണ്, പറന്നാണ് ഞാൻ പോയത് എന്നിവ 'ഞാൻ പറന്നു പോയി' എന്നതിന്റെ രചനാന്തരണങ്ങളാണ്. എണ്ണമറ്റ പുതുവാക്യങ്ങളുടെ ആവിഷ്കരണത്തിനു ഉപയുക്തമായ നിയമങ്ങൾ നിർമിക്കാനാണ് രചനാന്തരണ വ്യാകരണം ശ്രദ്ധിക്കുന്നത്. രചനാന്തരണജന്യമായ വൈവിധ്യങ്ങളാണ് പ്രജനകങ്ങൾ. പുതിയ വാക്യങ്ങളുടെ പ്രജനനം സാധ്യമാക്കുന്ന ഈ വ്യാകരണ സമ്പ്രദായമാണ് രചനാന്തരണപ്രജനക വ്യാകരണം. വ്യാകരണ സാധുക്കളായ രൂപങ്ങളെ ജനിപ്പിക്കലാണ് പ്രജനനം.

► രചനാന്തരണജന്യമായ വൈവിധ്യങ്ങളാണ് പ്രജനകങ്ങൾ

ഉമാകേരളം ഉള്ളൂരാൽ രചിക്കപ്പെട്ടുവെന്നത് മലയാളത്തിലെ ഒരാധാരവാക്യമല്ല, ഉള്ളൂർ ഉമാകേരളം രചിച്ചു എന്നതാണ് ആധാര വാക്യം. മൂല വാക്യത്തിന്റെ രചനാന്തരണങ്ങളാണ് ഉമാകേരളം രചിച്ച ഉള്ളൂർ, എന്ന അപൂർണ വാക്യവും 'ഉള്ളൂർ ആ ഉമാകേരളം രചിച്ചോ' തുടങ്ങിയ ആശ്രിത വാക്യങ്ങളും മുൻപ്ചൊന്ന ആധാര വാക്യത്തിൽ നിന്ന് എളുപ്പം നിഷ്പ്പാദിപ്പിക്കാം. മൂലവാക്യനിർമ്മിതിയ്ക്ക് P.S വ്യാകരണവും അതിൽനിന്ന് മറ്റു വാക്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനും രചനാന്തരണ വ്യാകരണവും (T.S Grammar ) ഉചിതമെന്നാണു ചോംസ്കിയൻ മതം.

► P.S, T.S വ്യാകരണങ്ങളും മൂല വാക്യങ്ങളും

ഭാഷയ്ക്ക് രണ്ടു പ്രതലങ്ങളുണ്ട്. ഉപരിതലഘടനയും (surface structure) ആന്തരതലഘടനയും (deep structure). ബാഹ്യതലം അർഥഗ്രഹണത്തിനു സഹായകമായ എല്ലാ ഉപാധികളും ഉൾക്കൊണ്ടതായിരിക്കുകയില്ല. ആന്തരരചനയിൽനിന്നു ബാഹ്യരചനയിലേയ്ക്കുള്ള പരിവർത്തനമാണ് രചനാന്തരണം. വാക്യാർഥബോധം ആന്തരഘടനയെ ആശ്രയിച്ചാണുണ്ടാകുക. വാക്യത്തിൽ പദങ്ങൾക്കുള്ള പരസ്പരബന്ധമാണ് ആന്തരരചനയിൽ മുഖ്യമായും പ്രതിപാദിക്കുന്നത്. വാക്യങ്ങളുടെ ആന്തരഘടന ഒരിക്കലും ദ്വയാർഥമുളവാക്കരുത്. അതിനാൽ ഒരു വാക്യം എത്ര അർഥങ്ങളെ ജനിപ്പിക്കുന്നുവോ അത്രയും ആന്തരരചനകളും അതിനുണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. താഴെക്കൊടുത്തിരിക്കുന്ന വാക്യത്തിന്റെ ആന്തരഘടനയും ബാഹ്യഘടനയും ശ്രദ്ധിക്കുക 'കമ്മറ്റിയുടെ നിയമനം ജനങ്ങളെ അത്ഭുതപ്പെടുത്തി.

► ഭാഷയുടെ രണ്ടു പ്രതലങ്ങൾ ഉപരിതലഘടന, ആന്തരതല ഘടന

SGOU

## ബാഹ്യഘടന




### ആന്തരഘടന

കമ്മിറ്റിയുടെ നിയമനം
കമ്മിറ്റിയെ  നിയമനം

ഒന്ന്, കമ്മിറ്റി നടത്തിയ നിയമനം ജനങ്ങളെ അത്ഭുതപ്പെടുത്തി രണ്ടാമത് കമ്മിറ്റിയെ ആരോ നിയമിച്ച്; അത് ജനങ്ങളെ അത്ഭുതപ്പെടുത്തി. കമ്മിറ്റി ഒരിടത്തു നിർദ്ദേശിക; മറ്റേയിടത്ത് പ്രതിഗ്രാഹിക. വ്യാകരണപരമായ എല്ലാ വിവരങ്ങളും ആന്തരരചനയിൽ ഉണ്ടാകണം.




- വാക്യങ്ങളുടെ അർഥവും രൂപവും തമ്മിൽ ഘടിപ്പിക്കുന്നതാണു പ്രജനകവ്യാകരണം

ഓരോ വാക്യത്തിനും ബാഹ്യരചനയിൽ നിന്നു ഭിന്നമായ ആന്തരരചന ഉണ്ടെന്നതാണ് പ്രജനകവ്യാകരണ (Generative Grammar) സിദ്ധാന്തത്തിന്റെ അടിസ്ഥാന തത്വം. വാക്യങ്ങളുടെ അർഥവും രൂപവും തമ്മിൽ ഘടിപ്പിക്കുന്നതാണു പ്രജനകവ്യാകരണം.

SGOU

## Summarised Overview

പദവ്യാകരണമാണ് രൂപവിജ്ഞാനീയം എന്നോ സാർഥകമായ ഏറ്റവും ചെറിയ ഭാഷാഘടകങ്ങളെക്കുറിച്ചുള്ള പഠനമാണ് രൂപവിജ്ഞാനീയമെന്നോ പൊതുവേ പറയാം. രൂപങ്ങൾ, കേവല സ്വനസംഘാതങ്ങളാകുമ്പോൾ, രൂപിമങ്ങൾക്കു അർഥപ്രദാനശേഷിയുണ്ട്. സ്വതന്ത്രം, ആശ്രിതം എന്നു രൂപിമങ്ങൾ രണ്ടുവിധമുണ്ട്. രൂപിമ നിർണ്ണയത്തിന് അടിസ്ഥാനമായ വസ്തുതകൾ നാലെണ്ണമാണ്. ശൂന്യരൂപിമങ്ങൾ, നിരർത്ഥക രൂപങ്ങൾ എന്ന പരികൽപ്പനകളും രൂപിമപഠനത്തിന്റെ ഭാഗമായി വരുന്നവയാണ്. പ്രകൃതി പ്രത്യയയോഗം മൂലമുള്ള പദരൂപവത്കരണമാണ് രൂപവിജ്ഞാനീയത്തിന്റെ മുഖ്യാന്വേഷണവിഷയം. പദത്തിലെ മുഖ്യധാതുവാണ് പ്രകൃതി. അതിനോട് അർഥഭേദം വരുത്താൻ ചേർക്കുന്ന രൂപിമങ്ങളാണ് പ്രത്യയങ്ങൾ. ഇത് പുരപ്രത്യയം, പരപ്രത്യയം, മധ്യപ്രത്യയം എന്നും മൂന്നുവിധമുണ്ട്. പ്രത്യയയോഗത്തെ അധികരിച്ച് പ്രത്യയങ്ങളെ വ്യുത്പാതകം എന്നും നിഷ്പാദകം എന്നും രണ്ടു വിധം കണക്കാക്കാം. ഈ പ്രത്യയങ്ങളുടെ യോഗത്തെ അധികരിച്ചാണു പദവ്യുത്പത്തിയും പദനിഷ്പത്തിയും സംഭവിക്കുന്നത്. പദങ്ങൾ വാക്യങ്ങളിൽ എപ്രകാരം ഘടിപ്പിക്കപ്പെടുന്നു എന്നതാണു വാക്യവിജ്ഞാനീയത്തിന്റെ അന്വേഷണവിഷയം. വാക്യങ്ങൾ ലഘുവാക്യം, സംയുക്തവാക്യം, സങ്കീർണവാക്യം, എന്ന് മൂന്നുവിധത്തിൽ വരാം. ഭാഷാശാസ്ത്രത്തിലെ വാക്യവിചാരങ്ങൾ പ്രധാനമായും ചോംസ്കിയും ഹാരിസുമായി ബന്ധപ്പെട്ടവയാണ്. പദസംഹിത ഘടനാവ്യാകരണം, രചനാന്തരണ വ്യാകരണം എന്നിവയാണ് മുഖ്യമായും ചോംസ്കി അവതരിപ്പിച്ച വാക്യവിജ്ഞാനീയസിദ്ധാന്തങ്ങൾ. ബ്ലൂംഫീൽഡിലൂടെയും ഹാരിസിലൂടെയും മറ്റും ഉരുത്തിരിഞ്ഞുവന്ന സന്നിഹിത ഘടകാപഗ്രഥനരീതി, പദസംഹിത രചനാവ്യാകരണം, രചനാന്തരവ്യാകരണം എന്നിവ ഉൾക്കൊള്ളുന്ന രചനാന്തര പ്രജനക വ്യാകരണം, ഭാഷയുടെ ആന്തര ബാഹ്യഘടനകൾ എന്നിവയെല്ലാം തന്നെ വാക്യവിജ്ഞാനീയത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാഴ്ചപ്പാടുകളാണ്.

## Assignments

1. രൂപം, രൂപിമം, ഉപരൂപം, സ്വതന്ത്ര-ആശ്രിത രൂപിമങ്ങൾ എന്നിവ സവിസ്തരം ചർച്ച ചെയ്യുക.
2. രൂപിമനിർണയം എന്താണെന്ന് വിശദമാക്കുക.
3. വിവിധ വാക്യാപഗ്രഥന മാതൃകകൾ പരിചയപ്പെടുത്തുക.
4. ഐ സി അനാലിസിസ് എന്നാലെന്തെന്ന് വിശദമാക്കുക.
5. രചനാന്തരണ പ്രജനകവ്യാകരണത്തിന്റെ അടിസ്ഥാന സങ്കല്പനങ്ങൾ സോദാഹരണം പ്രതിപാദിക്കുക.
6. വാക്യവിജ്ഞാനീയത്തിലെ പ്രധാനഘടകങ്ങളെന്തെല്ലാമെന്ന് വിവരിക്കുക.
7. പ്രത്യയങ്ങൾ എന്നാലെന്ത്? എത്ര വിധം ഏതെല്ലാം? വിലയിരുത്തുക.
8. രൂപവിജ്ഞാനീയത്തെക്കുറിച്ച് വിവരിക്കുക.

## Suggested Readings


1. ഡോ. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്ര പ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
2. ടി. ബി. വേണുഗോപാലപ്പണിക്കർ, ഭാഷാലോകം, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. പ്രൊഫ. പി. മാധവൻ, ചോംസ്കിയൻ വാക്യഘടനാ പഠനം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.
2. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. വി.ആർ. പ്രബോധനചന്ദ്രൻനായർ, ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. സി. ജെ. ജോർജ്ജ്, ചിഹ്നശാസ്ത്രവും ഘടനവാദവും, ഡി. സി. ബുക്സ്, കോട്ടയം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 4

# മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും

## Learning Outcomes

- മലയാളത്തിലെ സ്വനിമങ്ങളെപ്പറ്റിയും അക്ഷരങ്ങളെപ്പറ്റിയും വിശകലനം ചെയ്യുന്നു
- മലയാളത്തിലെ അക്ഷരസംഖ്യയെക്കുറിച്ച് അറിവ് നേടുന്നു
- മലയാളത്തിലെ വ്യഞ്ജനാക്ഷരങ്ങളും പിരിവുകളും തിരിച്ചറിയുന്നു
- മലയാള സ്വരങ്ങളിലെ സ്വനിമത്വത്തെ നിർണയിക്കുന്നു
- സ്വരങ്ങൾ ഐകാര, ഔകാരസംയുക്തസ്വരങ്ങൾ എന്നിവയെക്കുറിച്ച് അപഗ്രഥിക്കുന്നു
- ഭാഷാസ്വനിമങ്ങൾ, വൈകൃതസ്വനങ്ങൾ, ലിപികൾ, ക്ഷ യുടെ സ്വനിമിക പദവി എന്നിവയെക്കുറിച്ച് വിലയിരുത്തുന്നു

## Background

ഭാഷയിലെ പ്രാഥമികലിപികൾക്കും അർഥ വ്യാവർത്തന പ്രാപ്തിയുള്ള സ്വനിമങ്ങൾക്കും തമ്മിലുള്ള ബന്ധമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. മലയാള സ്വനങ്ങളുടെ സ്വഭാവികമായ സവിശേഷതകളെക്കുറിച്ചും പ്രൊഫ. വി. സുകുമാരൻ ഇവിടെ നിരീക്ഷിക്കുന്നുണ്ട്. ഭാഷാസ്വരങ്ങളുടെ ഉച്ചാരണസ്ഥാനങ്ങൾ സാമാന്യേന സൂചിപ്പിച്ച്, ഐകാര-ഔകാരസംയുക്ത സ്വരങ്ങളെ പ്രത്യേകം പരിഗണിച്ച്, ക്ഷയുടെ ശാബ്ദികസവിശേഷതകൾ ചൂണ്ടിക്കാട്ടി, മലയാള സ്വനവിജ്ഞാനത്തിന്റെ പ്രധാനപ്പെട്ട മേഖലകളെ ഏതാണ്ട് സമഗ്രമായി സ്പർശിച്ചിരിക്കുന്നു പ്രൊഫ.വി.സുകുമാരന്റെ 'മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും' എന്ന ലേഖനത്തിൽ. മലയാള വ്യഞ്ജനങ്ങങ്ങളുടെ വിശദവിവരങ്ങൾ ഇവിടെ ദർശിക്കാം. മലയാളത്തിലെ ഭാഷാസ്വനിമങ്ങൾ, വൈകൃതസ്വനങ്ങൾ, ലിപികൾ എന്നിവയുടെ ചില പ്രത്യേകതകൾ വിലയിരുത്തുന്നു. സംയുക്തസ്വരങ്ങളായ ഐ, ഔ എന്നിവയുടെ സ്വനിമത്വത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു. മലയാളത്തിലെ അക്ഷരസംഖ്യയെപ്പറ്റി വിശകലനം ചെയ്യുന്നു. വ്യഞ്ജനങ്ങൾ, സ്വരങ്ങൾ, ഐകാര, ഔകാരസംയുക്ത സ്വരങ്ങൾ എന്നിങ്ങനെയുള്ള വിഭാഗങ്ങളെ അപഗ്രഥിക്കുന്നു., ഭാഷാസ്വനിമങ്ങൾ, വൈകൃതസ്വനങ്ങൾ, ലിപികൾ എന്നിവയെക്കുറിച്ചറിയുന്നു. ക്ഷ യുടെ സ്വനിമിക പദവി എന്നിവയെല്ലാം സൂക്ഷ്മമായി അപഗ്രഥിച്ചിരിക്കുന്നു. ഭാഷാസ്വരങ്ങളുടെ ഉച്ചാരണസ്ഥാനങ്ങൾ സാമാന്യേന സൂചിപ്പിച്ച്, ഐകാര-ഔകാരസംയുക്ത സ്വരങ്ങളെ അപഗ്രഥിച്ച് ക്ഷയുടെ ശാബ്ദികസവിശേഷതകൾ ചൂണ്ടിക്കാട്ടി, മലയാള സ്വനവിജ്ഞാനത്തിന്റെ പ്രധാനപ്പെട്ട മേഖലകളെ സമഗ്രമായി ചർച്ച ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

## Keywords

മലയാളത്തിലെ അക്ഷരസംഖ്യ - വ്യഞ്ജനങ്ങൾ - സ്വരങ്ങൾ - ഐകാര - ഔകാരസംയുക്ത സ്വരങ്ങൾ - ഭാഷാസ്വനിമങ്ങൾ - വൈകൃതസ്വനങ്ങൾ, ലിപികൾ - ക്ഷ യുടെ സ്വനിമിക പദവി

SGOU

# Discussion

മലയാള സ്വനങ്ങളുടെ സ്വഭാവികമായ സവിശേഷതകളെക്കുറിച്ചും ഭാഷയിലെ പ്രാഥമികലിപികൾക്കും അർഥ വ്യാവർത്തന പ്രാപ്തിയുള്ള സ്വനിമങ്ങൾക്കും തമ്മിലുള്ള ബന്ധവുമാണ് പ്രൊഫ. വി. സുകുമാരൻ ഇവിടെ നിരീക്ഷിക്കുന്നത്. ഭാഷാസ്വരങ്ങളുടെ ഉച്ചാരണസ്ഥാനങ്ങൾ സാമാന്യേന സൂചിപ്പിച്ച്, ഐകാര -ഔകാരസംയുക്ത സ്വരങ്ങളെ പ്രത്യേകം പരിഗണിച്ച്, ക്ഷയുടെ ശാബ്ദികസവിശേഷതകൾ ചൂണ്ടിക്കാട്ടി. മലയാള സ്വനവിജ്ഞാനത്തിന്റെ പ്രധാനപ്പെട്ട മേഖലകളെ ഏതാണ്ട് സമഗ്രമായി സ്പർശിച്ചിരിക്കുകയാണിവിടെ.

## വിശദപഠനം: 'മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും' - പ്രൊഫ. വി. സുകുമാരൻ

### അക്ഷരസംഖ്യ

അക്ഷരം എന്ന വാക്കിൽ തന്നെ ഭാഷയിലെ ആദ്യ സ്വരവും ആദ്യ വ്യഞ്ജനവും (കണ്ഠ്യം - ककാരം) മൂർധന്യമായ ഷ്, വർത്സ്യമായ ര്, ഓഷ്ഠ്യമായ മ് എന്ന ശബ്ദങ്ങളാണ് ഉൾച്ചേർന്നിരിക്കുന്നത്. ഇതിലെ വ്യഞ്ജനങ്ങൾ ശ്വാസധാരനുസൃതം അകത്തു നിന്ന് പുറത്തോട്ട് എന്ന ക്രമത്തിലുമാണ് (ജിഹ്വാസ്ഥാന ക്രമം), വിരാമം (ക) ഘർഷം (ഷ) ത്രാസം (ര), അനുനാസികം (മ), നാദരഹിതങ്ങൾ (ക, ഷ) നാദികൾ (ര,മ) എന്നിങ്ങനെ മലയാള വ്യഞ്ജനങ്ങളുടെ ഒരു വൈവിധ്യം തന്നെ ഈ പദത്തിലുണ്ട്. ഈ സ്വനവൈവിധ്യം അർഥവൃത്തിഗണനയിൽ ഒരു വാദമായി ഭാഷാശാസ്ത്രം സമ്മതിക്കുകയില്ല. 51 (നൈഷധം ചമ്പു), 50 (രാമചരിതം) 63 (ഭാഷാകൗടലീയം), 51 (ഭാഷാ ഭഗവത്ഗീത ), 53 (കേരളപാണിനി), 48 (ജോർജ്ജ് മാത്തൻ) എന്നാണ് അക്ഷരസംഖ്യയെ നിർവചിച്ചിരിക്കുന്നത്. 16 സ്വരം, 35 വ്യഞ്ജനം എന്ന സംസ്കൃത ഗണനയാണ് 51നു പിന്നിൽ. അക്ഷരത്തെ നിർവചിച്ചതും അക്ഷരങ്ങളുടെ എണ്ണം പ്രാഥമിക സ്വനങ്ങളുടെ എണ്ണം തന്നെ എന്നു കണക്കാക്കിയതും അക്ഷരനിർവചനത്തിന്റെ അടിസ്ഥാനത്തിൽ എണ്ണം കണക്കാക്കിയതും ജോർജ് മാത്തൻ മാത്രമാണ്.

- മലയാളത്തിലെ അക്ഷരസംഖ്യ

### സ്വനിമങ്ങൾ

സ്വരങ്ങൾ; അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഒ, ഓ എന്നീ സ്വനങ്ങളാണ് സ്വരങ്ങൾ. ഈ സ്വനങ്ങളുടെ ഉത്പാദനത്തിലെ പ്രത്യേകതയുടെ വിശദവിവരങ്ങളാണ് പട്ടികയിൽ പട്ടിക 1.,

'പരസ്പരാന്വിതമായ വ്യത്യയ ശ്രേണിയിലെ ഘടകമായി പ്രവർത്തിക്കുന്ന സ്വനമേഖലയാണ് 'സ്വനിമം.' പട്ടിക 2. മലയാള സ്വരങ്ങളുടെ സ്വനിമത്വനിർണയമാണ്.

### വ്യഞ്ജനങ്ങൾ

മലയാളവ്യഞ്ജനങ്ങളുടെ വിശദവിവരങ്ങൾ പട്ടിക 3 ലും, സ്വനിമത്വനിർണയം പട്ടിക 4 ലും നല്കിയിരിക്കുന്നു നാമങ്ങൾക്ക് പ്രാമുഖ്യം നൽകി ധാതുക്കളും വിശേഷണങ്ങളും ഇവിടെ ഒഴിവാക്കിയിരിക്കുകയാണ്.

### പട്ടിക 1. മലയാളത്തിലെ സ്വരങ്ങൾ

| | സ്വരം | ഐ. പി. എ ചിഹ്നം | മാത്ര | ജിഹ്വാ സ്ഥാനം | ജിഹ്വോന്നതി | അധര സ്ഥിതി | ഹനുക്കൾ | അണപ്പല്ലുകളിൽ നാവിന്റെ സ്പർശം | സ്വനസന്ദർഭങ്ങൾ ആദി മധ്യം അന്തം | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | അ | a | 1 | നടു | നീചത്തി നടുത്ത് | നിർവൃതം | ഗണ്യമായി അകന്ന് | – | അ അ | ര വ | ണ ര |
| 2 | ആ | a: | 2 | നടുവിലേക്കു അല്പം നീങ്ങിയ പിൻ | നീചം | നിർവൃതം | വളരെ അകന്ന് | – | ആന | പ്പാറ | അതാ |
| 3 | ഇ | i | 1 | മുൻ | ഉച്ചത്തി നടുത്ത് | വിവൃതം | ഗണ്യമായി അടുത്ത് | ലഘു | ഇ ഇ | ത്തിക്കി | രി ളി |
| 4 | ഈ | i: | 2 | മുൻ | ഉച്ചം | വിവൃതം | ഗണ്യമായി അടുത്ത് | ദൃഢം | ഈ ച്ച | വീട്ടിൽ | തി |
| 5 | ഉ | u | 1 | പിൻ | ഉച്ചത്തി നടുത്ത് | സംവൃതം | അടുത്ത് | – | ഉ | ടു | ത്തു |
| 6 | ഊ | u: | 2 | പിൻ | ഉച്ചം | സംവൃതം | അടുത്ത് | – | ഊൺ | കൂൺ | പൂ |
| 7 | എ | e | 1 | മുൻ | മധ്യം | വിവൃതം | അല്പം അകന്ന് | ലഘു | എവി | പെട്ടി | ടെ |
| 8 | ഏ | e: | 2 | മുൻ | മധ്യത്തി നടുത്ത് | വിവൃതം | അല്പം അകന്ന് | ലഘു | ഏണി | കേറി | ഒന്നേ ഒന്ന് |
| 9 | ഒ | o | 1 | പിൻ | മധ്യം | അർധ സംവൃതം | അടുത്ത് | – | ഒ | തൊലി | ഒന്നോ രണ്ടോ |
| 10 | ഓ | o: | 2 | പിൻ | മധ്യത്തി നടുത്ത് | അർധ സംവൃ തം | അടുത്ത് | – | ഓ | രൊന്ന് | പോ |
| 11 | ് | e | 1 | നടു | നീച മധ്യങ്ങൾക്കിടയിൽ | നിർവൃതം | വളരെ അടുത്ത് | – | – | – | മഞ്ഞ് |
| 12 | ഋ | r | 1 | നടുവിലേക്കു നീങ്ങിയ പിൻ/ | മുൻ | ഉച്ചമധ്യങ്ങൾക്കിടയിൽ | നിർവൃതം | വളരെ അടുത്ത് | ലഘു | | ഋഷി |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 13 | ഐ | ai | 2 | മുൻ | നീചത്തിൽ നിന്നും ഉച്ചം നോക്കി | നിർവൃതം-വിവൃതം | അല്പാല്പമായി അടുക്കുന്നു | – | ഐവർ | കൈയ്യ് | കൈ |
| 14 | ഔ | au | 2 | പിൻ | നീചത്തിൽ നിന്നും ഉച്ചം നോക്കി | നിർവൃതം-സംവൃതം | അല്പാല്പമായി അടുക്കുന്നു | – | ഔൽസുക്യം | ലൗകികം | – |

**പട്ടിക 2. മലയാള സ്വരങ്ങളുടെ സ്വനിമത്വനിർണയം**

| | | | | | |
|---|---|---|---|---|---|
| 1 | അ | അറ | അടി | | അല്ല |
| 2 | ആ | | ആടി | ആറ്റി | അല്ലാ |
| 3 | ഇ | ഇറ | ഇടി | ഇറ്റി | അല്ലി |
| 4 | ഈ | ഈറ | ഈടി | | അല്ലി |
| 5 | ഉ | ഉറ | (ഉടി) | | |
| 6 | ഊ | ഊറ | | ഊറ്റി | |
| 7 | എ | | എടി | എറ്റി | അല്ലെ |
| 8 | ഏ | | | ഏറ്റി | അല്ലേ |
| 9 | ഒ | | ഒടി | ഒറ്റി | അല്ലൊ |
| 10 | ഓ | | ഓടി | ഓറ്റി | അല്ലോ |

SGOU

**ഭാഷാസ്വനിമങ്ങൾ, വൈകൃതസ്വനങ്ങൾ, ലിപികൾ എന്നിവയുടെ ചില പ്രത്യേകതകൾ.**

അ ഇതൊരു ഹ്രസ്വനിർവൃത നടുസ്വരമാണ്. ഇതിന്റെ ഉച്ചാരണത്തിൽ ഹനുക്കൾ ഗണ്യമായകന്നും ജിഹ്വ അണപ്പല്ലിൽ സ്പർശിക്കാതെ ജിഹ്വാമധ്യം നീചത്തിൽ നിന്നും അല്പം ഉയർന്ന് നില്ക്കുന്നു. മാങ്ങയിലെ 'അ' ഇതു പോലെയാണെങ്കിലും തേങ്ങയിലെ 'അ' കുറേക്കൂടി മുൻസ്വരസ്വഭാവമുള്ളതാണ് ജിഹ്വാന്നതയിൽ വ്യത്യാസമില്ലെങ്കിലും ജിഹ്വാസ്ഥാനത്തിൽ വ്യത്യാസമുണ്ട്. അ കാരത്തിന്റെ ഈ വൈകൃത സ്വനത്തിനുകാരണം തേങ്ങയിലെ 'അയുടെ' താലൂകരണം ആണ്. അ യുടെ ഈ രണ്ടുചാരണങ്ങളും പൂരകവിതരണത്തിലാണ്. അരക്ക് - അരയ്ക്ക്. മറക്ക് - മറയ്ക്ക്, വിളക്ക് -വിളയയ്ക്ക് ഈ ജോടികൾ അർഥത്തിലും ഉച്ചാരണത്തിലും വ്യത്യസ്തമാണ്. ഒന്നിൽ കണ്ഠ്യമായ 'ക്ക'; മറ്റൊന്നിൽ താലൂകരണമുള്ള പൂർവ കണ്ഠ്യമായ 'യ്ക്ക' ഇവ സ്വനിമങ്ങളാണ്. മുൻസ്വരം അകാരണമാകുമ്പോഴും ദ്വിത്വം സംഭവിക്കുമ്പോഴുമേ അർഥവ്യത്യാസം കാണിക്കുന്നുള്ളൂ. 'എവിടക്ക് ', 'എവിടേയ്ക്ക് ' എന്നിവയിൽ ഈ അർഥവ്യത്യാസം കാണിക്കുന്നില്ല. വാക്യം, കീര എന്നിവിടങ്ങളിലെ കകാരത്തിനു താലൂകരണം ഉണ്ടെങ്കിലും ഇവിടെ വ്യത്യയബന്ധമില്ല. ക, യ്ക്ക എന്നിവയ്ക്ക് ഒരു സ്വനിമം മതി. ക്ക, യ്ക്ക എന്നിവയ്ക്കു ചിലേടത്തു രണ്ടു സ്വനിമങ്ങൾ വേണ്ടിവരുന്നു.

▶ മലയാള സ്വനിമങ്ങൾ ഒറ്റനോട്ടത്തിൽ

SGOU

**പട്ടിക 3. മലയാളത്തിലെ വ്യഞ്ജനങ്ങൾ**

| | | | ശ്വാസദ്വാരിയും | കണ്ഠ്യം | പൂർവകണ്ഠ്യം | താലവ്യം | താലുവർത്സ്യം | മൂർധന്യം | പരവർത്സ്യം | വർത്സ്യം | ദന്ത്യം | ദന്തോഷ്ഠ്യം | ഉഭയോഷ്ഠ്യം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വിരാമം | അഘോഷം | അല്പപ്രാണം മഹാപ്രാണം | | ക ഖ | യ് ക്ക | ച ഛ | ക്ഷ | ട ഠ | | റ്റ | ത ഥ | | പ ഫ |
| | സംഘോഷം | അല്പപ്രാണം മഹാപ്രാണം | | ഗ ഘ | | ജ ഝ | | ഡ ഢ | | | ദ ധ | | ബ ഭ |
| അനുനാസികം | | | | ങ | ങ | ഞ | | ണ | | ൻ | ന | | മ |
| ശ്രവ്യം | വിസർപ്പം | | | | | യ | | | | | | വ | |
| | പാർശ്വികം | | | | | | | ള | | ല | | | |
| | ത്രാസം | | | | | | | | റ | ര | | | |
| | ഉൽക്ഷിപ്തം | | | | | | | ഴ | | | | | |
| അല്പപ്രാണ സംഘർഷം | | | ഹ | | | ശ | | ഷ | | | സ | | |

SGOU

▶ മലയാളത്തിലെ ങ്ങ, ങ, ക എന്നീ സ്വനിമങ്ങളും അവയുടെ പ്രത്യേകതകളും

ഉച്ചാരണത്തിൽ ങ കാരത്തിനു പരമായി വരുന്ന കകാരം ശിഥിലമാകുന്നു. എല്ലാ വർഗങ്ങളിലും അനുനാസികപരമായ സവർണഖരം ശിഥിലമാകും.

മന്ദനായ ശങ്കരൻ പമ്പയിൽ വഞ്ചി കളിച്ചു വീണു.

ശങ്കരൻ, (ങ് +ക=ഗ )അങ്കുശം (ങ് +ക =ഗു )

തന്റെ മണ്ട പൊട്ടിച്ചു നാദരഹിതവും ശിഥിലവുമായി, നാദിയും ശിഥിലവുമായ സ്വവർഗമൃദുവിൽ നിന്നുള്ള അന്തരത്തെ കുറയ്ക്കുന്നു. ഖരമൃദു അന്തരം കുറയുന്നതു കാരണം മൃദുസവർണാനുനാസികമായി മാറി അന്തരത്തെ പുതുതായി ദൃഢീകരിക്കുന്നു. ബിംബം – ബിമ്മം, അഞ്ജലി -അഞ്ഞലി, ഭംഗി -ഭങ്ങി, നന്ദി – നന്നി. ഇവിടെ ജകാരത്തിനുപരമായ കകാരവും ഇത്തരഖരങ്ങളും ആദിസ്വനിമങ്ങളാണെന്നു വേണമെങ്കിൽ പറയാം. ങ പദാന്ത്യത്തിൽ വരുകയോ സ്വരാന്തരികമായി നില്ക്കുകയോ ഇല്ല. സംയുക്ത വ്യഞ്ജനങ്ങളിൽ മുൻ -പിൻ ഘടകങ്ങളായി നിന്ന് ആശയവ്യാവർത്തനം ചെയ്യുന്നു.

പങ്കം -പക്കം -പങ്തി - പത്തി

SGOU

**പട്ടിക 4. വ്യഞ്ജനങ്ങളുടെ സ്വനിമത്വനിർണയം**

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ക | കലം | കാരം | | രകം | കരി | കണ്ട് | | കക്ക | അക | അക്കം |
| 2 | ഖ | ഖലം | ഖാരം | | | | | | | | |
| 3 | ഗ | ഗലം | | | | ഗരി | | | | | |
| 4 | ഘ | ഘലം | ഘാരം | | | | | മേഘം | | | |
| 5 | ങ | | | | | | | | | | അങ്ങം |
| 6 | ച | ചലം | ചാരം | ഇച്ച | | ചരി | ചണ്ട് | | ചക്ക | | അച്ചം |
| 7 | ഛ | ഛലം | | | | | | | | | |
| 8 | ജ | ജലം | | | രജം | ജരി | | | | അജ | |
| 9 | ഝ | | | | | ഝരി | | | | | |
| 10 | ഞ | | | | | ഞരി | ഞണ്ട് | | | | |
| 11 | ട | | ടാരം | ഇട | രടം | | | മേടം | | അട | അട്ടം |
| 12 | ഠ | | ഠാരം | | | | | | | | |
| 13 | ഡ | | | ഇഡ | | | | | | | |
| 14 | ഢ | | | | | | | | ഢക്ക | | |
| 15 | ണ | | | ഇണ | രണം | | | | | അണ | അണ്ണം |
| 16 | ത | തലം | താരം | | | തരി | തണ്ട് | | തക്ക | | അത്തം |
| 17 | ഥ | | | | രഥം | | | | | അഥ | |
| 18 | ദ | ദലം | ദാരം | ഇഭ | | ദരി | | | | | |
| 19 | ധ | | ധാരം | | | | | മേധം | | | |
| 20 | ന | നലം | | | | നരി | | | | അന | അന്നം |
| 21 | പ | പലം | പാരം | | | | പണ്ട് | | പക്ക | | അപ്പം |
| 22 | ഫ | ഫലം | | | | | | | | | |
| 23 | ബ | ബലം | | | | | | | | | |
| 24 | ഭ | | ഭാരം | | | | | | | | |
| 25 | മ | മലം | മാരം | ഇമ | രമം | | മണ്ട് | | | അമ | |
| 26 | യ | | | | രയം | | | മേയം | | അയ | അയ്യാം |
| 27 | ര | | | ഇര | | | രണ്ട് | | | അര | |
| 28 | ല | | | ഇല | | | | | | അല | |
| 29 | വ | വലം | വാരം | ഇവ | രവം | വരി | വണ്ട് | | വക്ക | അവ | അവ്വാം |
| 30 | ശ | ശലം | ശാരം | ഇശ | | ശരി | | | | അശ | |
| 31 | ഷ | | | | | | | മേഷം | | | |
| 32 | സ | സലം | സാരം | | രസം | സരി | | | | | |
| 33 | ഹ | ഹലം | ഹാരം | ഇഹ | | ഹരി | | മേഹം | | | |
| 34 | ള | | | ഇള | | | | മേളം | | അള | |
| 35 | ക്ഷ | | ക്ഷാരം | | | ക്ഷരി | | | | | |
| 36 | ഴ | | | ഇഴ | | | | | | അഴ | |
| 37 | റ | | | ഇറ | | | | | | അറ | അറാം |
| 38 | റ്റ | | | | | | | | | | |

ഋ എന്നത് ർ എന്ന വ്യഞ്ജനവും ഒരു സ്വരഘടകവും ചേർന്നതാണ്. ഇതൊരു ഹ്രസ്വനടുസ്വരമോ നടുവിലേക്കു നീങ്ങിയ പിൻസ്വരമോ ആണ്. സംവൃതോകാരം ഒരു ഹ്രസ്വനിർവൃത നടുസ്വരമാണ്. അതിന്റെ ജിഹ്വാന്നതി മധ്യനീചങ്ങൾക്കിടയിലോ നീചത്തിനു വളരെ അടുത്തോ ആണ്. 'ഋ' വിലുള്ള സ്വരം മേല്പോട്ടു കയറിയ സംവൃതോകാരമാണെന്നോ 'ഇ' യ്ക്കും 'ഉ'വിനും ഇടയിൽ കീഴോട്ടിറങ്ങിയ സ്വരമാണെന്നോ വിചാരിക്കാം. ഋ വിൽ 'റ' കാരവുമുണ്ട്. ഋക്ക് – റാക്ക്, മഞ്ഞ്, മഞ്ഞ എന്നീ ഉദാഹരണങ്ങൾ പരിശോധിച്ചാൽ ഋവിലെ സ്വരഘടകവും അർധാച്ചും മറ്റു സ്വരങ്ങളുമായി അർഥവ്യാവർത്തനം നടത്തുണ്ടെന്നു കാണാം. എന്നാൽ (ഋ), (U) എന്നിവയയ്ക്ക് ഒരു സ്ഥാനത്തും വൈരുധ്യമില്ല. അവ പൂരകവിതരണത്തിലാകയാൽ അതിനും കൂടി ഒരു സ്വനിമം മാത്രം മതിയാകും. xyz എന്നീ സ്വനങ്ങൾ ഒരേ സ്വനിമത്തിന്റെ സാക്ഷാത്കാരങ്ങളാകയാൽ അവയിൽ ഏതെങ്കിലും ഒന്നിനെ സ്വനിമമെന്നു വിളിച്ചു അവ മൂന്നും ആ സ്വനിമത്തിന്റെ വൈകൃതസ്വനമാണെന്നു പറയുന്നതു സാധാരണമാണ്. അപ്പോൾ 'ലു' വിനെ സ്വനിമമാക്കി (U) വിനെ അതിന്റെ വൈകൃതസ്വനമാണെന്നു കണക്കാക്കാം.

> ▶ ഋ കാരത്തിന്റെ സ്വനിമപദവി

## സംയുക്തസ്വരങ്ങൾ

ഐ, ഔ എന്നിവയാണു സംയുക്തസ്വരങ്ങൾ എന്നറിയപ്പെടുന്നത്. അ -ഇ, അ -ഉ എന്നീ സ്വരയുഗ്മങ്ങളുടെ സംയോഗം കൊണ്ടാണ് അവ ഉണ്ടാകുന്നതെന്ന ഈ കാഴ്ച്ചപ്പാടിനു വിരുദ്ധമായി, ഐ =അ +യ്, ഔ =അ +വ് എന്നു പക്ഷാന്തരവുമുണ്ട്. 'അകരം ഇകരം ഐ കാരകമാകും. (54) അകരം ഉകരം ഔകാരമാകും (55) എന്ന തൊല്കാപ്പിയ സൂത്രങ്ങളിലും തദനുകരണമായ നന്നൂലിൽ മറ്റൊരു വിധത്തിലും കാണുന്നതിനാൽ അനുയോജ്യം ഏതെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.'ഐ=അ +ഇ എന്നെടുത്തു സ്വനിമതലത്തിൽ 'ഐ'യിനെ ഒരു സ്വനിമമായി കണക്കാക്കുന്നത് ഭാഷയുടെ വിവിധ തലങ്ങളിലുള്ള വസ്തുതകളെ വർണ്ണിക്കുവാൻ കൂടുതൽ എളുപ്പമായിരിക്കും. ഐ =അ +യ് (മഴയ്) എന്ന വിഭജനം മലയാളവും സ്വീകരിച്ചുവെന്നും ഇത് 'കൈയെഴുത്ത്'എന്നതിനെ കയ്യെഴുത്ത് എന്നു തെറ്റി എഴുതുന്നതുപോലെ ആണെന്നോ വിചാരിപ്പാൻ ന്യായമുള്ളൂ എന്നും ഐകാരത്തെ എഴുത്തിൽ അയ് എന്നു മാറ്റാറുണ്ട് എന്നുമുള്ള കേരളപാണിനിയുടെ പ്രസ്താവനകൾ 'എന്തുമാകാം' എന്ന നിലയിലേക്കാണ് വായനക്കാരെ നയിക്കുന്നത്. ഇന്നത്തെ വ്യാകരണങ്ങൾ 'ഐ' എന്നതിനെ സ്വരസ്വനിമമായാണ് കണക്കാക്കുന്നത്. ഐ എന്നതിനെ 'ആയ്' എന്നാണ് കാണക്കാക്കുന്നതെങ്കിൽ സന്ധി, ലിപി തുടങ്ങിയ ഇതരതലങ്ങളിൽ വീണ്ടും മാറ്റങ്ങൾ ഏർപ്പെടുത്തേണ്ടിവരും.

> ▶ സംയുക്തസ്വരങ്ങളായ ഐ, ഔ എന്നിവയുടെ സ്വനിമത്വം

ഉദാ: ഔ = അ + ഉ, അ + വ് എന്നാണ് തമിഴ് വ്യാകരണപ്രകാരമുള്ള രണ്ടു സാധ്യതകൾ. ഔ = അ + ഉ എന്ന് അപഗ്രഥിക്കുകയാണെങ്കിൽ സാദൃശ്യമനുസരിച്ച് ഐ =അ + ഇ എന്ന അപഗ്രഥനമായിരിക്കും നന്ന്. ഐ =അ +യ് എന്നതുപോലെ അപഗ്രഥനം ചെയ്യുകയാണെങ്കിൽ ഔ =അ +വ് എന്നാക്കാൻ വ് എന്ന ഉഭയോഷ്ഠ്യമായ ഒരു വിസർപ്പം ആവശ്യമാണ്. അപ്പോൾ സ്വനിമങ്ങളുടെ എണ്ണം അ, ഉ, ഔ, വ് എന്നോ. അ, ഉ, വ്, അവ് എന്നോ ആകും. സ്വനിമങ്ങൾ എണ്ണത്തിൽ കുറയുന്നില്ലെന്നു മാത്രമല്ല, സംവർഗങ്ങളുടെ എണ്ണവും കൂടും. ഔ =അ +ഉ എന്ന്

അപഗ്രഥിച്ച് ഔവിന്റെ സ്വനിമത്വം സ്ഥാപിക്കുന്നതായിരിക്കും കൂടുതൽ യുക്തം.

### ചവർഗം

ച, ഛ, ജ, ഝ എന്നിവ വർത്സ്യതാലവ്യവിരാമഘർഷങ്ങളാണ്. 'ജ' യ്ക്കു പിൻ 'ഞ' വന്നാൽ ജ ഖരമാകും. അജ്ഞാതം - അച്ഞാതം

### ടവർഗവും വർത്സ്യഖരവും

▶ ച, ട വർഗങ്ങളും വത്സ്യഖരവും -സ്വനിമിക വീക്ഷണത്തിൽ

ന്റെ എന്ന സംയുക്തവ്യഞ്ജനത്തിൽ റ വർത്സ്യത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഖരത്തിന് ഇവിടെ ശിഥിലോച്ചാരണം. അവൾ -അവളുടെ -അവൾടെ -അവടെ. ട കാരത്തിനു ശിഥിലോച്ചാരണംവരുന്നതു പോലെയാണ് അവനുടെ അവന്റെ ആയി മാറുന്നത്. മൂർധന്യമായ ൾ സ്വവർഗ സ്പർശമായ ടയുമായി ചേരുമ്പോൾ വർത്സ്യമായ ൻ അതിനെ സമീകരിച്ച് വർത്സ്യഖരമാക്കി മാറ്റുന്നു. ന്റ യിലെ 'റ'യുടെ ഉച്ചാരണം ട യുടെ ആശ്രിത പരിവർത്തനമാണ്. ന്റെ യിലുള്ള 'റ', ട കാരത്തിന്റെ വർത്സ്യോച്ചാരണമായ റ്റ യുടെ പകുതിയാണ്.

### ന യും രണ്ടു ധ്വനികളും

▶ ന കാരത്തിന്റെ ധ്വനിഭേദങ്ങൾ

'ന' യ്ക്ക് പദാദിയിൽ ദന്ത്യോച്ചാരണം ഒറ്റപ്പദങ്ങളിൽ സ്വരാന്തരികമായും പദാന്തത്തിലും വർത്സ്യമാണ്. (നന്ദനൻ) വർത്സ്യോച്ചാരണത്തിന് കേരളപാണിനി (ഩ)എന്നൊരു ലിപി എഴുതിക്കാട്ടുന്നുണ്ട്. ഇവയുടെ വിതരണ സമ്പ്രദായം വ്യത്യസ്തമാണ്. ഇരട്ടിക്കുമ്പോൾ വൈരുധ്യമുണ്ട് ഇവയുടെ ഉച്ചാരണത്തിൽ ഇരട്ടിച്ച ഩ ന ങ്ങൾ സ്വനിമങ്ങളാണ്. ഒറ്റയാകുമ്പോൾ ഇവ പൂരകവിതരണത്തിലായിരിക്കും.

ഉദാ: എന്നാൽ (but), എഩ്ഩാൽ (by me)

### യ

▶ യ കാരത്തിന്റെ സ്വനിമിക പദവി

യയും കയും ചേർന്നു കൂട്ടക്ഷരമായി വരാം - കായ് കറി, യ്ക്ക, യ്ക്ക് എന്നിവിടങ്ങളിൽ 'ക്ക'യുടെ താലൂകരണം മാത്രമാണിത്. അരയ്ക്ക്, അരയ്ക്കൽ യ്ക്കു യിൽ താലൂകരണത്തോടൊപ്പം 'യ' ഉച്ചാരണം ക്ക കാരത്തിനു പിമ്പിലായി വരുന്നു. അരയ്ക്കുന്നു - അരക്ക്യുന്നു. കായ്ക്കുക, ചായ്ക്കുക എന്നിവയിൽ താലൂകരണത്തോടൊപ്പം യ, ക്കു വിനു മുൻപിലും പിമ്പിലും വരുന്നു. കായ് ക് ക് യുക, ചായ് ക് ക് യുക

അരക്ക്, അരയ്ക്ക് എന്നിവയിൽ ക്ക, യ്ക്ക വൈരുധ്യമുണ്ട്. യ യുടെ ഉപയോഗം ലിപിയുടെ എണ്ണം കുറച്ചിരിക്കുകയും ചെയ്യുന്നു. ്യ, ്യ്യ എന്നു യകാരത്തിനു മറ്റു രണ്ടു രൂപങ്ങളുണ്ട്.

### രേഫറകാരങ്ങൾ

ര, റ സ്വനിമങ്ങളാണ്. ചില്ലായ റ കാരമാണ് 'ർ' 'ക്ക', 'ത്ത' എന്നിവയിൽ റ കാരം ബിന്ദുരൂപത്തിലും ക്ര, പ്ര, ത്ര മുതലായവയിൽ തലകീഴായ രൂപത്തിലുമാണ്. രേഫറകാരങ്ങൾക്ക് വ്യത്യയബന്ധമുണ്ടെങ്കി

ലും മറ്റു വ്യഞ്ജങ്ങളോട് ചേരുമ്പോൾ മൃദുക്കളിലും ഘോഷങ്ങളിലും മറ്റും പരമായി രേഫവും മറ്റുള്ളവയിൽ പരമായി റ കാരവും വരുന്നു.

രേഫം- ഗ്രാമം, ദ്രവ്യം, ബ്രഹ്മം.

റകാരം- ക്രമം, ത്രപ, പ്രാണൻ

സംയുക്തവ്യഞ്ജനങ്ങളിൽ യകാരത്തിനുമേൽ രേഫവും ഇതര വ്യഞ്ജനങ്ങളിൽ റ കാരവും വരുന്നു.

ആര്യൻ, അർക്കൻ, മൂർഖൻ, സൂര്യൻ

രേഫറകാരങ്ങൾ രണ്ടംഗങ്ങളുള്ള സംയുക്ത വ്യഞ്ജനത്തിൽ പരിപൂരകവിതരണത്തിലായിരിക്കും. രണ്ടിലധികമുണ്ടെങ്കിൽ ഈ നിയമം സാധുവാകില്ല. സംയുക്തവ്യഞ്ജനങ്ങളിൽ രേഫറകാരങ്ങൾക്ക് ഒരേ ലിപിയാണ്.

- രേഫറകാരങ്ങൾക്ക് സ്വനിമികവീക്ഷണങ്ങൾ

റ്റ-വർത്സ്യത്തിന്റെ ഇരട്ടിച്ച ഉച്ചാരണമാണ്. ഈ സ്വനം ഒറ്റയായി ആശയവ്യാവർത്തനം നടത്താറില്ല. ഇരട്ടിപ്പുള്ളിടത്ത് അർഥവ്യത്യാസം കാണുന്നു.

കുത്തി - കുറ്റി

പറ്റി - പത്തി

ത്രാ ശബ്ദമായ റ ഇരട്ടിച്ച വാക്കുകൾ ഭാഷയിലില്ലെങ്കിൽ റ്റ എന്നെഴുതുമ്പോൾ റ യുടെ ഇരട്ടിച്ച ശബ്ദമാണ് എന്നു വിചാരിപ്പാൻ കഴിയില്ല. പേറ്റ-റ, പേറ-റ്റ എന്നീ പദങ്ങൾ വിഷമം സൃഷ്ടിച്ചേക്കും. തമിഴിലെ റ കാരചിഹ്നം, ഒറ്റയായി ത്രാസത്തെയും ഇരട്ടയായി ഖരത്തെയും പ്രതിനിധീകരിക്കുന്ന സമ്പ്രദായം ഭാഷയിലേയ്ക്കും സ്വീകരിച്ചതാവാം. 'ന്റെ' യിൽ ഒറ്റയായി തന്നെ ഖരത്തെയും പ്രതിനിധീകരിക്കാൻ അതിനെ ഉപയോഗിച്ചിരിക്കാം.

- റ്റ കാരത്തിന്റെ സ്വനിമത്വം

## പാർശ്വങ്ങൾ

ല, ള കളിൽ ല മാത്രമേ പദാദിയിൽ വരൂ. പദമധ്യാന്തങ്ങളിൽ അവ സ്വനിമങ്ങളാണ്.

വല -വള    വാൽ -വാൾ

ഇരട്ടിപ്പിലും ഈ വൈരുധ്യമുണ്ട്.

കല്ല് -കള്ള്

വ്യഞ്ജനത്തിനു കീഴെയുള്ള 'ല', 'ള' ആയാണ് ഉച്ചരിക്കാറ്.

ക്ലേശം -ക് ളേശം (പ്ലാവ് പ് ലാവും പ്ളാവുമാകാം )

'ത' യ്ക്കും ചിലേടം ൽ എന്ന ഉച്ചാരണം വരും.

- പാർശ്വങ്ങളുടെ സ്വനിമത്വം

പത്മം -പൽമം

ഇതിൽ നിന്നും, ത കാരചില്ലാണ് 'ൽ'എന്ന നിയമവും എ. ആർ. കൊണ്ടുവരുന്നു. സ്ഫോടനരഹിതമായ പകാരം ചേർത്തും ആത്മാവ്, പത്മിനി എന്നിവയെ ആൽപ് മാവ്, പൽപ് മിനി എന്നൊക്കെ ഉച്ചരിക്കാറുണ്ട്.

## ക്ഷ

കേരളപാണിനിയത്തിൽ 'ക്ഷ' ഇല്ല; ഇതിനെ കൂട്ടക്ഷരമായാണ് ഗണിക്കുന്നത്. മൃദുതാലു ഉയർത്തിയ ശേഷം നാവിന്റെ അറ്റം, മുൻ, പാർശ്വങ്ങൾ എന്നിവകൊണ്ട് മേൽവർത്സ്യം, പാർശ്വദന്തങ്ങൾ എന്നിവിടങ്ങളിൽ ശ്വാസധാരയെത്തടയുന്നു. നാവിനെ താലുവിലേയ്ക്കുയർത്തുകയും തടസം നീക്കി, ശ്വാസം ജിഹ്വാമധ്യത്തിൽ മുകളിലൂടെ, വർത്സ്യം, താലു എന്നിവയ്ക്കും നാവിനും ഇടയിലൂടെ സംഘർഷത്തോടെ പുറത്തേക്കു പോകുകയും ചെയ്യുന്നു. ഈ ശബ്ദം നാദിയല്ല t f എന്ന ചിഹ്നം കൊണ്ടു കാണിക്കാം. chair, rich എന്നതിലെ ch നോട് അടുത്തിരിക്കുന്നുവെങ്കിലും ഉച്ചാരണത്തിൽ ഇതിന് അല്പം കൂടി ബലം ആവശ്യമാണ്. ക്ഷ കാരം, ക ഷകൾ ചേർന്നുണ്ടാകുന്നുവെന്നു പറഞ്ഞാലും റ (ന്റെ യിലെ റ) യോട് ഷ ചേർന്നുണ്ടാകുന്ന ഒരു രൂപം അതിനുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

- 'ക്ഷ' യുടെ സ്വനിമിക പദവി

റ +ഷ =ക്ഷ - ക്ഷ -ക്ഷ

ക്ഷയിൽ ക കണ്ടെത്തിയത് ക്ഷ എഴുതാൻ തുടങ്ങിയ കാലത്താവണമെന്നില്ലെന്നു മാത്രം.

## ഉപസംഹാരം

മലയാള സ്വനങ്ങളോരോന്നും വെവ്വേറെ ലിപി കൊണ്ടു കുറിച്ചിട്ടില്ല. എന്നാൽ എവിടെയെല്ലാം ഇവയ്ക്ക് ഒറ്റയ്ക്കുനിന്ന് അർഥവ്യാവർത്തനം നടത്താൻ കഴിയുന്നുണ്ടോ അവിടെയെല്ലാം അവയ്ക്ക് സ്വതന്ത്രലിപികൾ കൊണ്ടുള്ള പ്രതിനിധാനവും ഉണ്ട്. ഈ ലിപികളാണ് ഭാഷയിലെ മൂലാക്ഷരങ്ങൾ. ഇരട്ടിപ്പു വരുമ്പോൾ മാത്രമേ വൈരുധ്യം കാണിക്കാൻ കഴിവുള്ളൂവെങ്കിൽ അവയ്ക്ക് (സ്വനങ്ങൾക്ക്) പ്രത്യേക ലിപി ഇല്ല. യ്ക്ക, റ്റ, ന്ന ഉദാഹരണങ്ങൾ. പൂരകവിതരണത്തിലുള്ള സ്വനങ്ങൾക്ക് ഒരേ ലിപി തന്നെ ഉപയോഗിക്കാം. ന, ര, റ വ്യഞ്ജനത്തിനു കീഴിലെ ല, ള. സ്വനിമത്വമുള്ള സന്ദർഭങ്ങളിൽ ര റ ല ള കൾക്കു വെവ്വേറെ ലിപികൾ മൂലാക്ഷരങ്ങൾക്ക് സ്വനിമത്വം എന്നൊരു ഭാവം കൂടിയുണ്ട്. സ്വനങ്ങൾക്ക് സ്വനിമത്വം ആരോപിക്കുമ്പോൾ വിതരണ സമ്പ്രദായം കൂടി കണക്കിലെടുത്തിട്ടുണ്ട്. അക്ഷരങ്ങൾ പ്രതിനിധാനം ചെയ്യുന്നത് സ്വനിമങ്ങളെയാണ്. വ്യത്യസ്താക്ഷരങ്ങൾ കൊണ്ടു പ്രതിനിധീകരിക്കുന്ന സ്വനിമങ്ങൾ ഭാഷയുടെ കേന്ദ്രസ്ഥവും യ്ക്ക, ന്ന, റ്റ എന്നിവ പ്രാന്തസ്ഥവുമാണ്. ഇവയ്ക്ക് രണ്ടിനും ഇടയിലുള്ള കേന്ദ്രത്തെ നോക്കി നീങ്ങുന്നവയുമാണ്. (ഋ, അ)

സ്വനിമങ്ങൾ : അ, ആ, ഇ, ഈ, ഉ, ഊ,ഋ, എ, ഏ, ഐ, ഒ, ഓ, ഔ (13)

വ്യഞ്ജനങ്ങൾ : വർഗാക്ഷരങ്ങൾ (25)
യ, ര, ല, വ, ശ, ഷ, സ, ഹ, ള, ഴ, റ, ക്ഷ (12)

▶ മലയാളസ്വനിമങ്ങൾ, അക്ഷരങ്ങൾ: ഒറ്റനോട്ടത്തിൽ

ആകെ (37+13 =50). ഇവയ്ക്കു പുറമേ, യ്ക്ക, ൽ, റ്റ, ് (്) എന്നിവയെ ക്ക, ൻ, റ്റ, (്) എന്നെഴുതി വ്യഞ്ജനങ്ങൾക്ക് പിറകിൽ അ ഉൾപ്പെടെ എല്ലാ സ്വരങ്ങളും ക്രമവും ദീക്ഷിക്കുന്ന പക്ഷം 54 ലിപികൊണ്ട് മലയാളത്തിൽ ഒരു അക്ഷരലേഖനം ഏർപ്പെടുത്താം.

## Summarised Overview

ഭാഷയ്ക്ക് ഘടനാത്മകമായ ഒരു വ്യവസ്ഥയാണുള്ളത്. സ്വനതലം മുതൽ വാക്യതലം വരെ നീളുന്നതാണ് ഈ ഘടനാത്മകത്വം ഭാഷയെ വിവിധ ഘടകങ്ങളെ മുൻനിറുത്തി അപഗ്രഥിക്കുന്ന വിവരണാത്മക ശൈലിയുടെ പിതാവ് ഫെർഡിനാന്റ് സസ്യൂറാണ്. ഭാഷോച്ചാരണത്തിലെ പ്രാഥമിക ഘടകങ്ങളായ 'സ്വന'ത്തിൽ നിന്ന് ആശയ വിനിമയത്തിന്റെ അവസാനമെന്നു പറയാവുന്ന 'വാക്യങ്ങൾ 'വരെ, വിവിധ കാലയളവുകളിൽ ഭാഷാശാസ്ത്ര പണ്ഡിതന്മാരുടെ നിഷ്കൃഷ്ടമായ പഠനങ്ങൾക്ക് വിധേയമായിട്ടുണ്ട്. യാക്കോബ്സൺ, ട്രൂബറ്റ്സ് കോയി, സൊസ്സ്യൂർ തുടങ്ങിയവരുടെ ചിന്തകൾ ഈ മേഖലയിൽ ഏറെ പ്രസക്തമാണ്. നോം ചോംസ്കിയുടെ രചനാനന്തരണ-പ്രജനകവ്യാകരണ സമീപനങ്ങൾ 'ആശയവിനിമയാപഗ്രഥന രംഗത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നാണ്. ഭാഷയിലെ സ്വനിമങ്ങളെയും അക്ഷരങ്ങളെയും കുറിച് മുൻ യൂണിറ്റുകളിൽ പ്രതിപാദിച്ചിരിക്കുന്നത് ഏറെ വിശദമായി ഈ ലേഖനം ചർച്ച ചെയ്തിട്ടുണ്ട്.

മലയാള സ്വനങ്ങളുടെ സ്വാഭാവികമായ സവിശേഷതകളെക്കുറിച്ചും ഭാഷയിലെ പ്രാഥമിക ലിപികൾക്കും അർഥ വ്യാവർത്തനപ്രാപ്തിയുള്ള സ്വനിമങ്ങൾക്കും തമ്മിലുള്ള ബന്ധവുമാണ് പ്രൊഫ. വി. സുകുമാരൻ ഇവിടെ നിരീക്ഷിക്കുന്നത്. മലയാളത്തിലെ അക്ഷരസംഖ്യ, വ്യഞ്ജനങ്ങൾ, സ്വരങ്ങൾ, ഐകാര, ഔകാരസംയുക്ത സ്വരങ്ങൾ, ഭാഷാസ്വനിമങ്ങൾ, വൈകൃതസ്വനങ്ങൾ, ലിപികൾ, ക്ഷ യുടെ സ്വനിമിക പദവി എന്നിവയെല്ലാം സൂക്ഷ്മമായി അപഗ്രഥിച്ചിരിക്കുന്നു. ഭാഷാസ്വരങ്ങളുടെ ഉച്ചാരണസ്ഥാനങ്ങൾ സാമാന്യേന സൂചിപ്പിച്ച്, ഐകാര-ഔകാരസംയുക്ത സ്വരങ്ങളെ പ്രത്യേകം പരിഗണിച്ച്, ക്ഷയുടെ ശാബ്ദികസവിശേഷതകൾ ചൂണ്ടിക്കാട്ടി. മലയാള സ്വനവിജ്ഞാനത്തിന്റെ പ്രധാനപ്പെട്ട മേഖലകളെ സമഗ്രമായി സ്പർശിച്ചിരിക്കുന്നു.

SGOU

## Assignments

1. മലയാളത്തിലെ അക്ഷരസംഖ്യയെപ്പറ്റി വിവരിക്കുക.
2. സ്വരങ്ങൾ, ഐകാര,ഔകാരസംയുക്ത സ്വരങ്ങൾ എന്നിവയെക്കുറിച്ച് വിവരിക്കുക.
3. ഭാഷാസ്വനിമങ്ങൾ, വൈകൃതസ്വനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.
4. മലയാള ലിപികളെപ്പറ്റി ഒരു വിവരണം തയ്യാറാക്കുക.
5. ക്ഷ യുടെ സ്വനിമിക പദവിയും ശാബ്ദികസവിശേഷതകളും ചൂണ്ടിക്കാട്ടുക.
6. ഭാഷാസ്വരങ്ങളുടെ ഉച്ചാരണസ്ഥാനങ്ങൾ സാമാന്യേന സൂചിപ്പിച്ച് വിശകലനം ചെയ്യുക.
7. സ്വനവിജ്ഞാനത്തിന്റെ പ്രധാനപ്പെട്ട മേഖലകളെ സമഗ്രമായി അപഗ്രഥിക്കുക.
8. മലയാള സ്വനങ്ങളുടെ സ്വാഭാവികമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.
9. ഭാഷയിലെ പ്രാഥമികലിപികൾക്കും അർഥവ്യാവർത്തനപ്രാപ്തിയുള്ള സ്വനിമങ്ങൾക്കും തമ്മിലുള്ള ബന്ധത്തെയും അപഗ്രഥിക്കുക.

## Suggested Readings


1. സി. ജെ. ജോർജ്ജ്, ചിഹ്നശാസ്ത്രവും ഘടനവാദവും, ഡി. സി. ബുക്സ്, കോട്ടയം.
2. കെ. എം. പ്രഭാകരവാരിയർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ. കുഞ്ചുണ്ണി രാജാ, ഭാഷാ ദർശനവും ചരിത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. പ്രൊഫ. വി. സുകുമാരൻ, 'മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും'(മലയാളഭാഷാപഠനങ്ങൾ, കെ. എം. പ്രഭാകരവാരിയർ, പി. എൻ. രവീന്ദ്രൻ (എഡി)), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. വി. ആർ. പ്രബോധനചന്ദ്രൻനായർ, ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ടി. ബി. വേണുഗോപാലപ്പണിക്കർ, ഭാഷാലോകം, ഡി. സി. ബുക്സ്, കോട്ടയം.
4. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# ഘടനാഭാഷാ ശാസ്ത്രത്തിൽ നിന്ന് മുന്നോട്ട്

# BLOCK-04

## Block Content


| | |
|---|---|
| യൂണിറ്റ്-1 | ഭാഷാപഠനം |
| യൂണിറ്റ്-2 | ഭാഷാഭേദവിജ്ഞാനവും - ഭാഷാശാസ്ത്രവും |
| യൂണിറ്റ്-3 | പ്രയുക്ത ഭാഷാശാസ്ത്രം |
| യൂണിറ്റ്-4 | ഭാഷയും മസ്തിഷ്കവും |

# Unit 1

# ഭാഷാപഠനം

## Learning Outcomes

- ഭാഷാശാസ്ത്രത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് പഠിക്കുന്നു
- അർഥവിജ്ഞാനത്തെക്കുറിച്ച് കൂടുതൽ ആഴത്തിൽ മനസിലാക്കുന്നു
- ശബ്ദവും അർഥവും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു
- സൂചകം - സൂചിതം എന്നീ സങ്കല്പനങ്ങളെ പരിചയപ്പെടുന്നു
- അർഥത്തിന്റെ വൈവിധ്യങ്ങളെക്കുറിച്ച് പഠിക്കുന്നു

## Background

'വാഗർത്ഥാവിവ സംപൃക്തൗ
വാഗർത്ഥപ്രതിപത്തയേ
ജഗത: പിതരൗ വന്ദേ
പാർവതീ പരമേശ്വരൗ'

മഹാകവി കാളിദാസന്റെ 'രഘുവംശ' മഹാകാവ്യത്തിലെ ആദ്യശ്ലോകം ആണിത്. 'വാക്കും അർഥവും പോലെ എല്ലായ്പ്പോഴും ഒരുമിച്ചിരിക്കുന്നവരും ജഗത്തിന്റെ മാതാപിതാക്കന്മാരുമായ പാർവതീ പരമേശ്വരന്മാരെ വാഗർഥങ്ങളുടെ പ്രതിപത്തിക്കായി ഞാൻ വന്ദിക്കുന്നു' എന്നാണ് ശ്ലോകാർഥം. വാക്കും അർഥവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് മനസിലാക്കാൻ ഈ ശ്ലോകം നമ്മെ സഹായിക്കുന്നു.

ഭാഷാശാസ്ത്രത്തിന്റെ വിവിധ പഠനമേഖലകളിൽ പ്രധാനപ്പെട്ട ഒന്നാണ് അർഥവിജ്ഞാനം. ആശയവിനിമയമാണ് ഭാഷയുടെ മുഖ്യധർമ്മം. ഭാഷാമാത്രകൾക്കും ആശയങ്ങൾക്കും തമ്മിലുള്ള ബന്ധത്തെയാണ് അർഥം എന്ന് വിവക്ഷിക്കുന്നത്. ശാബ്ദികമാത്രകളുടെയും രൂപമാത്രകളുടെയും വ്യവസ്ഥാപിതമായ സംയോഗങ്ങളെക്കുറിച്ച് വിശദീകരിക്കാനും അവയുടെ സവിശേഷതകളെക്കുറിച്ച് വിലയിരുത്താനും ഭാഷാശാസ്ത്രകാരൻമാർക്ക് കഴിഞ്ഞിട്ടുണ്ട്. തത്വശാസ്ത്രം, മന:ശാസ്ത്രം, തർക്കശാസ്ത്രം എന്നിവയുടെ സഹായത്തോടുകൂടി മാത്രമേ അർഥത്തെക്കുറിച്ച് കൂടുതൽ മനസിലാക്കാൻ കഴിയുകയുള്ളൂ.

'അർഥവിജ്ഞാനം' ഭാഷാശാസ്ത്രത്തിന്റെ പഠനമേഖലകളിൽ പ്രധാന വിഷയമാണ്. അർഥത്തെ നിർവചിക്കാനുള്ള ശ്രമങ്ങൾ അധികവും അപൂർണമാണ്. ശബ്ദം ഏതു വസ്തുവിനെ സൂചിപ്പിക്കുന്നുവോ അതാണ് ആ ശബ്ദത്തിന്റെ അർഥം. ആശയവിനിമയം ചെയ്യുന്ന ഭാഷാമാത്രകൾക്കും ആശയങ്ങൾക്കും തമ്മിലുള്ള ബന്ധത്തെയാണ് അർഥം എന്ന് വിളിക്കുന്നതെന്ന് സാമാന്യേന പറയാം. അർഥബോധമുണ്ടാക്കുന്ന ശാസ്ത്രത്തെയാണ് അർഥവിജ്ഞാനം എന്നു വിളിക്കുന്നത്. ഓരോ ശബ്ദത്തിനും സന്ദർഭത്തിനനുസരിച്ച് വ്യത്യസ്തമായ അർഥങ്ങളാണുള്ളത്. ഉച്ചരിക്കുന്ന വ്യക്തിയുടെ സംസ്കാരത്തിനും മാനസികവ്യാപാരത്തിനും മറ്റു സന്ദർഭങ്ങൾക്കുമനുസരിച്ച് അർഥം നിർമ്മിക്കപ്പെടുന്നുണ്ട്. ഇത്തരം സവിശേഷതകളെ വിശകലനം ചെയ്തുകൊണ്ട് ശബ്ദവും അർഥവും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുകയാണ് അർഥവിജ്ഞാനം (Semantics) ചെയ്യുന്നത്.

# Keywords

അർഥം - ശബ്ദം - സൂചകം - സൂചിതം - ത്രിഘടക ചിഹ്നസങ്കല്പം - അർഥങ്ങളുടെ വിഭജനങ്ങൾ

# Discussion

## അർഥവിജ്ഞാനം

ഭാഷയിലെ എല്ലാ ആർഥികമാത്രകൾക്കും ഒരേ മാതിരിയുള്ള അർഥപ്രതീതി ജനിപ്പിക്കാൻ കഴിവില്ല. ആർഥികമാത്രകളെ സ്വതന്ത്രാർത്ഥരൂപങ്ങൾ എന്നും ആശ്രിതരൂപങ്ങൾ എന്നും രണ്ടായി വിഭജിക്കാവുന്നതാണ്. സ്വതന്ത്രമായി പ്രയോഗിക്കാവുന്ന പദങ്ങൾ സ്വതന്ത്രാർഥരൂപങ്ങളും മറ്റൊരു സ്വതന്ത്രരൂപത്തോടു ചേർത്തു മാത്രം പ്രയോഗിക്കുന്ന പ്രത്യയങ്ങൾ ആശ്രിതാർഥരൂപങ്ങളുമാണ്. അർഥവിചാരത്തിന് നിരവധി പ്രശ്നങ്ങൾ ഉണ്ട്. അവയെ താഴെ പറയും പ്രകാരം ക്രോഡീകരിക്കാവുന്നതാണ്.

- സ്വതന്ത്രാർഥരൂപങ്ങൾ, ആശ്രിതാർഥരൂപങ്ങൾ

1. ഒരു പദത്തിന്റെ അർഥം മനസിലാക്കാൻ നാം ആശ്രയിക്കുന്നത് നിഘണ്ടുവിനെയാണ്. എന്നാൽ നിഘണ്ടുവിൽ നൽകിയിരിക്കുന്ന അർഥം വ്യത്യസ്തമായവയാണ് എന്ന് കണ്ടെത്താനാകും.

ഉദാ:- കിടക്കുക - ശരീരത്തെ നീളത്തിൽ ആക്കി തറയിലോ കട്ടിലിലോ മറ്റോ സ്ഥിതിചെയ്യുക. (സൂചിത വ്യാപാരത്തിന്റെ ഏകദേശ വിവരണം)

ആന - കരയിൽ ജീവിക്കുന്ന ഏറ്റവും വലിയ മൃഗം. (സൂചിത വസ്തുവിന്റെ ഏകദേശ വിവരണം)

പേന - മഷിമുക്കി എഴുതാനുള്ള ഉപകരണം. (വസ്തുവിന്റെ ഉപയോഗം)

നിഘണ്ടുവിൽ അർഥവിവരണത്തിന് സ്വീകരിക്കുന്ന പദ്ധതികളുടെ കുറവല്ല ഇത് സൂചിപ്പിക്കുന്നത്. പകരം അർഥം എന്താണെന്ന് വിശദീകരിക്കാനുള്ള പ്രയാസത്തെയാണിത് കാണിക്കുന്നത്.

- മനോഭാവം, വികാരം, വീക്ഷണം എന്നിവ പ്രതിഫലിക്കുന്നു

2. പ്രയോക്താവിന്റെ വികാരമോ മനോഭാവമോ വീക്ഷണമോ, ചില പദങ്ങളുടെ പ്രയോഗത്തിലുണ്ടാകും. പ്രയോക്താക്കളിൽ പലരും പല രീതിയിലാണ് പല അർഥങ്ങളിലാണ് അതിനെ പ്രയോഗിക്കുക. ഉദാ:- ആധുനികത, സ്ത്രീപക്ഷവാദം എന്നീ വാക്കുകൾക്ക് വ്യത്യസ്ത വിവക്ഷകൾ ഉള്ളപ്പോൾ അവയുടെ അർഥം ഏതാണെന്ന് തീരുമാനിക്കാൻ പ്രയാസമാണ്.

3. ഒരേപദം വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത വിവക്ഷകളോടെ പ്രയോഗിക്കപ്പെടുന്നു.

ഉദാ:- രാജു പറഞ്ഞതിന്റെ അർഥം എനിക്ക് മനസിലായില്ല. (ഉദ്ദേശ്യം)

മനുവിന് ജോലിനഷ്ടപ്പെട്ടു എന്നതിനർഥം അവന്റെ കുടുംബം കഷ്ടത്തിലായി എന്നാണ്. (ഫലം)

രാജുവില്ലാതെ തന്റെ ജീവിതത്തിന് ഒരർഥവും ഇല്ലെന്ന് രാധക്ക് തോന്നി. (ലക്ഷ്യം)

▶ ഒരേ പദം വ്യത്യസ്ത വിവക്ഷകളിൽ പ്രയോഗിക്കപ്പെടുന്നു

അർത്ഥശാസ്ത്രം- എന്ന ഗ്രന്ഥത്തിലെ 'അർഥ' ശബ്ദം സമ്പത്തെന്നർഥം തരുന്നു.

ഇങ്ങനെ ഒരേ ശബ്ദം (ഇവിടെ 'അർഥം' എന്ന ശബ്ദം) വ്യത്യസ്ത അർഥവിവക്ഷയോടെ സൂചിപ്പിക്കുമ്പോൾ യഥാർഥ വിവക്ഷയെന്ത് എന്ന ചോദ്യം ബാക്കിയാകും.

4. സംജ്ഞാനാമങ്ങൾ, സർവനാമങ്ങൾ, വ്യാക്ഷേപകങ്ങൾ എന്നിവയുടെ അർത്ഥപരിഗണന മറ്റു പദങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ്. സംജ്ഞാനാമങ്ങളിൽ പലതിനും വാച്യാർഥം ഉണ്ടെങ്കിലും പ്രയോഗത്തിൽ അർഥപ്രസക്തിയില്ല. വ്യക്തികളെ തിരിച്ചറിയാനുള്ള അടയാളങ്ങൾ മാത്രമാണ്. ഉദാ:- ദശമുഖൻ (രാവണൻ), നാന്മുഖൻ (ബ്രഹ്മാവ്), സുദർശനൻ (വിഷ്ണു). സർവനാമങ്ങൾക്ക് രണ്ടു ധർമങ്ങൾ ഉണ്ട്. ആദേശധർമം സൂചകധർമം എന്നിവ. ഉദാ:- 'നന്ദുവിന്റെ അനുജനാണ് അവന്റെ പരാജയത്തിൽ ഏറെ സങ്കടം' എന്ന വാക്യത്തിൽ അവൻ എന്ന പദം ആദേശധർമവും 'ഇതാണ് ഞാൻ ഇന്നലെ വാങ്ങിയ വാച്ച്' എന്നതിൽ ഇത് സൂചകധർമവും കാണിക്കുന്നു. വ്യാക്ഷേപകങ്ങൾ രണ്ടു തരമുണ്ട്. 1.സാധാരണ പദങ്ങളെ വ്യാക്ഷേപകങ്ങളായി ഉപയോഗിക്കുന്നു. ഉദാ:- കഷ്ടം!, പാവം! എന്നിവ. 2.അർഥമില്ലാത്ത ചില ശബ്ദങ്ങളെയും വ്യാക്ഷേപകങ്ങളായി ഉപയോഗിക്കാറുണ്ട്. ഉദാ:- ഛെ!, അയ്യോ!, ഓഹോ!, അമ്പട! എന്നിങ്ങനെ. ആദ്യത്തേതിൽ വാച്യാർഥവും രണ്ടാമത്തേതിൽ പ്രയോഗാർഥവുമാണുള്ളത്.

▶ വാച്യാർഥവും പ്രയോഗാർഥവും

5. ഭാഷയുടെ പ്രയോഗസാഹചര്യം വച്ച് നോക്കിയാൽ കുറച്ച് പദങ്ങൾക്കു മാത്രമേ ഏകാർഥം ഉള്ളൂ എന്ന് മനസിലാക്കാം. മറ്റുള്ളവ സാഹചര്യം അനുസരിച്ച് മറ്റു പദങ്ങളോട് ചേരുമ്പോൾ അർഥം മാറി വരുന്നു. ഉദാ:- 'അടിക്കുക' എന്ന പദത്തിന് അർത്ഥം 'തല്ലുക' എന്നതാണ്. കാറ്റടിക്കുക, കോപ്പിയടിക്കുക, മുറ്റമടിക്കുക, ചുറ്റിയടിക്കുക എന്നൊക്കെ പറയുമ്പോൾ അർഥവ്യത്യാസം പ്രകടമാണ്.

▶ സാഹചര്യമനുസരിച്ച് മാറുന്ന അർഥങ്ങൾ

6. അർഥത്തിനും യാഥാർഥ്യത്തിനും തമ്മിലുള്ള ബന്ധം പ്രധാനമാണ്. ഉദാ:- 'മനസ്വിനി രചിച്ചത് ചങ്ങമ്പുഴയാണ്'. 'മനസ്വിനി രചിച്ചത് സുഗതകുമാരിയാണ്'. എന്നീ വാക്യങ്ങൾ രണ്ടും ഘടനാപരമായും അർഥപരമായും പൊരുത്തമുണ്ട്. എന്നാൽ രണ്ടാമത്തേത് യാഥാർത്ഥ്യമല്ല.

▶ യാഥാർത്ഥ്യവും അർഥവും തമ്മിൽ ബന്ധമുണ്ട്.

ഉച്ചരിത ശബ്ദങ്ങളും അവയുൾക്കൊള്ളുന്ന ആശയങ്ങളും തമ്മിലുള്ള ബന്ധമാണ് അർഥവിജ്ഞാനത്തിന്റെ പഠനമേഖല. ശബ്ദത്തിന്റെ അർഥം സാമൂഹിക വ്യവഹാരമനുസരിച്ചാണ് വ്യത്യാസപ്പെടുന്നത്. ഉച്ചാരണത്തിലുണ്ടാകുന്ന പരിവർത്തനം ശബ്ദത്തെയും അർഥത്തെയും സാരമായി ബാധിക്കും. അർഥസങ്കോചം, അർഥവികാസം, അർ

> ▶ അർഥവിജ്ഞാനത്തിന്റെ പഠനമേഖലകൾ

ഥോത്ക്കർഷം, അർഥാപകർഷം, അർഥാദേശം, അർഥസാമിപ്യം, ന്യൂനോക്തി, ആലങ്കാരികോക്തി തുടങ്ങിയവയും അർഥവിജ്ഞാനത്തിന്റെ പഠനമേഖലയാണ്. അർഥവിജ്ഞാനത്തിന്റെ (Semantics) ഒരു പ്രധാന വിഭാഗമാണ് വാക്യാർഥവിചാരം (Sintactics). മറ്റൊന്ന് വാക്സങ്കേതങ്ങളുടെ വ്യാവഹാരിക പരിണാമവുമാണ് (Pragmatics).

## ശബ്ദം - അർഥം

> ▶ ശബ്ദം, അർഥം ഇവ തമ്മിലുള്ള സംബന്ധം

ശബ്ദത്തിന്റെയും അർഥത്തിന്റെയും സംബന്ധം ആദികാലം മുതലേ ദാർശനികന്മാരുടെയും ചിന്തകൻമാരുടെയും അന്വേഷണത്തിന് വിഷയമാണ്. ശബ്ദം, അർഥം ഇവ തമ്മിലുള്ള സംബന്ധം - ഈ മൂന്നു വിഷയവും ചേർന്നാലേ ഭാഷയിലെ അർഥം പ്രയോജനമുള്ളതാവുകയുള്ളൂ. ശബ്ദവും അർഥവും അവയുടെ സംബന്ധവും അനാദിയും സ്വാഭാവികവുമാണെന്നാണ് ഭാരതീയാചാര്യൻമാരുടെ മതം. അർഥവിജ്ഞാനത്തിന്റെ മുഖ്യമായ ലക്ഷ്യം ശബ്ദാർഥങ്ങളുടെ സഹജമായ സ്ഥിതി അറിയുകയും ശബ്ദത്തിന്റെയും അർഥത്തിന്റെയും പ്രയോഗം വ്യാപകമായ വിധം എത്രകണ്ട് നടക്കുന്നു എന്ന് അന്വേഷിക്കുകയുമാണ്. ശബ്ദാർഥം തത്വചിന്താപരവും മനഃശാസ്ത്രപരവുമായ പഠനവിഷയമാണ്.

> ▶ മനനവാദത്തെ അടിസ്ഥാനമാക്കിയാണ് ഇന്ന് ഭാഷാർഥം വ്യാഖ്യാനിക്കുന്നത്

മനനവാദത്തെ അടിസ്ഥാനമാക്കിയാണ് ഇന്ന് ഭാഷാർഥം വ്യാഖ്യാനിക്കുന്നത്. ഭാഷാർഥവ്യാഖ്യാനം നടത്തേണ്ടത് വക്താവിന്റെയും ശ്രോതാവിന്റെയും അവബോധത്തിലുള്ള മൗലിക ധാരണകളുടെ അടിസ്ഥാനത്തിലാവണം എന്നതാണ് മനനവാദത്തിന്റെ നിലപാട്. മനനവാദക്കാർ എട്ട് മൗലിക ധാരണകൾ വിവരിക്കുന്നുണ്ട്. അവ താഴെ വിവരിക്കുന്നു.

**1. പര്യായത്വം**

ഉദാ:- അനാഥൻ - രക്ഷിതാക്കൾ ഇല്ലാത്തവൻ

**2. അന്തർഭാവം**

ഉദാ:- 'അവൾ സുമംഗലിയായി' എന്നതിൽ 'അവൾ വിവാഹം കഴിച്ചു' എന്നത് അന്തർഭവിക്കുന്നു.

**3. അർഥപ്പൊരുത്തമില്ലായ്മ**

ഉദാ:- 'അവനെന്റെ പുത്രനായതു കൊണ്ട്, എന്റെ ശത്രുവാണ്'. ഇതിൽ അർഥപ്പൊരുത്തമില്ലായ്മ വ്യക്തമാണ്.

**4. പുനരുക്തി:-** അർഥബോധത്തിന് ആവശ്യമില്ലാത്ത പ്രസ്താവങ്ങളാണ് പുനരുക്തി

ഉദാ:- 'കണ്ണുകൊണ്ട് കണ്ടു'.

**5. വിരുദ്ധോക്തി :-**

ഉദാ:- 'എല്ലാ കുട്ടികളും വികൃതികളാണ്' എന്നതിനോട് അർഥപരമായി വിരോധമുള്ളതാണ് 'ഒരു കുട്ടിക്കും വികൃതിയുണ്ടായിരിക്കില്ല' എന്നത്.



SGOU

**6. പൂർവധാരണ: –**

ഉദാ:– 'വന്ദനയുടെ കൊലയാളി മനോരോഗിയാണ്' എന്ന പ്രസ്താവനയിൽ 'വന്ദനയെ കൊന്നവൻ മാനസികനില തെറ്റിയവനാണ്' എന്ന പൂർവധാരണ അടങ്ങിയിരിക്കുന്നു.

7. **നിഷേധപൂർവധാരണ:–** പൂർവധാരണ നിഷേധവുമാകാം.

ഉദാ:– 'ബിനുവിനെ കണ്ടിരുന്നെങ്കിൽ പുസ്തകം വാങ്ങാമായിരുന്നു' എന്നതിൽ 'ബിനുവിനെ കണ്ടില്ല' എന്ന നിഷേധപൂർവ ധാരണ അടങ്ങിയിട്ടുണ്ട്.

▶ മനനവാദക്കാർ അവതരിപ്പിക്കുന്ന എട്ട് മൗലിക ധാരണകൾ

**8. അസംഭവ്യ പൂർവധാരണ: –** അസംഭവ്യമോ അസംബന്ധമോ ആയ പൂർവധാരണ.

ഉദാ:– 'ആളിക്കത്തിയ പുഴ കെട്ടടങ്ങിയത് മഴ പെയ്തപ്പോഴാണ്'.

അർഥവിചാരത്തെക്കുറിച്ചു വന്നിട്ടുള്ള പ്രധാനപ്പെട്ട മൂന്ന് സിദ്ധാന്തങ്ങളുണ്ട്. അവയൊന്നും സർവസമ്മതങ്ങളല്ല. അവ താഴെ ചേർക്കുന്നു.

▶ വിവക്ഷിതാർഥസിദ്ധാന്തം

1. **വിവക്ഷിതാർഥസിദ്ധാന്തം:–** ഏതൊരു വസ്തുവിനെയാണോ ഭാഷാചിഹ്നം സൂചിപ്പിക്കുന്നത് ആ വസ്തുവിനും ഭാഷാചിഹ്നത്തിനും തമ്മിലുള്ള ബന്ധത്തെയാണ് അർഥമെന്ന്, വിവക്ഷിതാർഥസിദ്ധാന്തം പറയുന്നു. എന്നാൽ എല്ലാ ഭാഷാചിഹ്നങ്ങൾക്കും സൂചകങ്ങൾ ഉണ്ടാവില്ല.

2. **ആശയബോധസിദ്ധാന്തം:–** ആശയങ്ങൾക്കും അവയുടെ ബാഹ്യരൂപങ്ങളായ ഭാഷാചിഹ്നങ്ങൾക്കും തമ്മിലുള്ള ബന്ധത്തെയാണ് അർഥമെന്ന്, ആശയബോധസിദ്ധാന്തം പറയുന്നു. ഭാഷാചിഹ്നങ്ങൾ ഉപയോഗിക്കുമ്പോൾ അവക്ക് സമാന്തരമായ പ്രതിഫലനങ്ങൾ മനസിലുണ്ടാകുന്നു എന്നതാണ് ഈ സിദ്ധാന്തത്തിനടിസ്ഥാനം. എന്നാൽ 'അവൾ' എന്ന സർവനാമപ്രയോഗത്തിൽ സന്ദർഭഭേദമനുസരിച്ച് വിവിധ പ്രതിഫലനങ്ങളാണ് മനസിലുണ്ടാവുക എന്നതിനാൽ ഒരു ഭാഷാചിഹ്നം എല്ലായ്പ്പോഴും ഒരാളെപ്പറ്റിയുള്ള പ്രതിഫലനമാവില്ല മനസിൽ കൊണ്ടു വരുന്നത്.

▶ ആശയബോധ സിദ്ധാന്തം

3. **മാനസികപ്രക്രിയാസിദ്ധാന്തം:–** ഭാഷാർഥത്തെ നിർവചിക്കാൻ മനഃശാസ്ത്രതത്വങ്ങളെ അടിസ്ഥാനമാക്കുന്ന സിദ്ധാന്തമാണിത്. ഭാഷാചിഹ്നം എന്ന ചോദനയ്ക്കും അത് ഉദ്ദീപിപ്പിക്കുന്ന പ്രതിചേഷ്ടകൾക്കും തമ്മിലുള്ള ബന്ധമാണ് അർഥമെന്ന് ഈ സിദ്ധാന്തത്തിൽ പ്രതിപാദിക്കുന്നു. മറ്റു സിദ്ധാന്തങ്ങളെ അപേക്ഷിച്ച് കുറച്ച് വസ്തുനിഷ്ഠത ഈ സിദ്ധാന്തത്തിനുണ്ടെന്ന് പറയാം. എങ്കിലും എല്ലാ സങ്കീർണ പ്രശ്നങ്ങളും നേരിടാൻ ഈ സിദ്ധാന്തത്തിനും കഴിയുന്നില്ല. ഉദാ:– 'ഇങ്ങോട്ടു നോക്കൂ' എന്ന പ്രയോഗത്തിന്റെ ഫലമായി ശ്രോതാവ് വക്താവിന്റെ അടുക്കലേക്ക് നോക്കുകയാണെങ്കിൽ 'ശ്രോതാവിന്റെ നോട്ടം' ഭാഷാചിഹ്നത്തിന്റെ പ്രതിഫലനമാണെന്നു പറയാം. എന്നാൽ 'ഇന്ദുലേഖക്ക് മുൻപ് തന്നെ മലയാള ഭാഷയിൽ നോവൽ സാഹിത്യം പിറവി കൊണ്ടതിന് സാക്ഷ്യം വഹിക്കുന്ന കൃതിയാണ്

▶ മാനസികപ്രക്രിയാസിദ്ധാന്തം

'പുല്ലേലിക്കുഞ്ചു', 'കുന്ദലത' തുടങ്ങിയ നോവലുകൾ' എന്ന താത്വിക പ്രസ്താവന ശ്രോതാവിലുണ്ടാക്കുന്ന പ്രതിചേഷ്ടകൾ എന്തെല്ലാമെന്ന് പറയാനാവില്ല.

## സൂചകം, സൂചിതം

- സൂചകം, സൂചിതം

അർഥവിജ്ഞാനത്തിലെ പ്രധാനപ്പെട്ട സങ്കല്പമാണ് സൂചകം, സൂചിതം എന്നത്. പദങ്ങളുടെ സൂചിതാർഥം, നിയതാർഥം എന്നിവ വിവേചിച്ചു കാണിക്കേണ്ടത് ആവശ്യമാണ്. ഉദാ:- 'രാവണൻ ദശമുഖനാണ്' എന്ന വാക്യത്തിൽ 'രാവണൻ', 'ദശമുഖൻ' എന്നീ പദങ്ങളുടെ സൂചിതാർഥം ഒന്നാണെങ്കിലും നിയതാർഥങ്ങൾ വ്യത്യസ്തങ്ങളാണ്.

- ഫെർഡിനാന്റ് ഡി സൊസ്സ്യൂറിന്റെ 4 സങ്കല്പനങ്ങൾ

ഭാഷാശാസ്ത്രകാരനായ ഫെർഡിനാന്റ് ഡി. സൊസ്സ്യൂർ ഭാഷാശാസ്ത്രത്തിന് സംഭാവന ചെയ്തത് നാലു സങ്കല്പനങ്ങളാണ്. 1. ഏകകാലികം / ബഹുകാലികം 2. ലാങ്ങ് /പരോൾ 3. സൂചകം / സൂചിതം 4. വിന്യസനപരം / സദൃശ്യപരം എന്നിവയാണവ. ഇതിൽ മൂന്നാമത്തെ സങ്കല്പമാണ് സൂചകം, സൂചിതം എന്നത്. എല്ലാ ശബ്ദങ്ങളും ഭാഷാശബ്ദങ്ങളല്ല. ഭാഷാശാസ്ത്രത്തിൽ ശബ്ദം എന്നത് ഒരാശയവുമായി ബന്ധപ്പെടുമ്പോൾ മാത്രമേ പരിഗണനയ്ക്ക് വിധേയമാവുന്നുള്ളൂ. ചിഹ്നം എന്ന ആശയം സൊസ്സ്യൂർ അവതരിപ്പിക്കുന്നത് ഇതിനെ വിശദമാക്കാനാണ്.

- ഫെർഡിനാന്റ് ഡി സൊസ്സ്യൂറിന്റെ സൂചക- സൂചിത സങ്കല്പം

വിചാരത്തെയോ വികാരത്തേയോ വസ്തുവിനെയോ സൂചിപ്പിക്കുന്ന ഒരു സങ്കല്പവും അതിനെ സൂചിപ്പിക്കുന്ന ശബ്ദ ബിംബവും ചേർന്നതാണ് ചിഹ്നം (Signs). ഭാഷ എന്നത് ചിഹ്നങ്ങളാൽ നിർമ്മിതമാണെന്നും, ഓരോ ചിഹ്നവും സൂചകവും സൂചിതവും ചേർന്നതാണെന്നും അദ്ദേഹം പറഞ്ഞു. ശബ്ദബിംബമാണ് സൂചകം (Signifier), സൂചിതം (Signified) ആ ശബ്ദബിംബം ലക്ഷ്യം വക്കുന്ന മാനസികാശയവുമാണ്. ഉദാ:-മേശ എന്ന ചിഹ്നത്തിൽ മേശ എന്ന ശബ്ദം സൂചകവും അത് സൂചിപ്പിക്കുന്ന ആശയം സൂചിതവുമാണ്. ചുരുക്കത്തിൽ ഒരു ഭാഷാസമൂഹത്തിലെ വ്യക്തികൾക്കുണ്ടാകുന്ന അർഥബോധമാണ് സൂചിതം. മറ്റു വാക്കുകളുമായുള്ള വ്യത്യാസത്തിലാണ് ഒരു വാക്കിന് അർഥം ലഭിക്കുന്നത് എന്ന് സിദ്ധാന്തിച്ചതാണ് സൊസ്സ്യൂർ ഭാഷാപഠനത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന. ഉദാ:- 'വള' എന്ന വാക്കും ആ വാക്ക് സൂചിപ്പിക്കുന്ന 'വള' എന്ന വസ്തുവും തമ്മിൽ അവിഭാജ്യ ബന്ധമില്ല. ശബ്ദതലത്തിൽ തള, തല തുടങ്ങിയ വാക്കുകളിൽ നിന്നും അർഥതലത്തിൽ മാല, മൂക്കുത്തി, മോതിരം തുടങ്ങിയ വാക്കുകളിൽ നിന്നും ഉള്ള വ്യത്യാസത്തിൽ നിന്നാണ് 'വള' എന്ന ചിഹ്നത്തിന് അർഥം കിട്ടുന്നത്.

## ത്രിഘടകചിഹ്നസങ്കല്പം

ഭാഷാപരമായ ചിഹ്നങ്ങൾ അവ പ്രതിനിധീകരിക്കുന്ന വസ്തുക്കളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ ഒരു മാതൃകയാണ് അർഥത്തിന്റെ ത്രികോണം അഥവാ സെമിയോട്ടിക് ത്രികോണം എന്ന് അറിയപ്പെടുന്നത്. ചാൾസ് കെയ് ഓഗ്ഡനും (Charles Kay Ogden) ഐ. എ. റിച്ചാർഡ്സും (I. A. Richards) ചേർന്ന് പ്രസിദ്ധീകരിച്ച 'ദി മീനിംഗ് ഓഫ് മീനിങ്ങ്' (The meaning of meaning- 1923) എന്ന

പുസ്തകത്തിലാണ് ഈ ത്രികോണം അവതരിപ്പിച്ചത്. ഈ പുസ്തകത്തിൽ അവർ മൂന്ന് സിദ്ധാന്തങ്ങൾ അവതരിപ്പിച്ചു.അർത്ഥസിദ്ധാന്തം (ഓരോ വാക്കും ഓരോ വ്യക്തിയും വ്യത്യസ്തമായ എന്തെങ്കിലും അർഥമാക്കുന്നതിനാൽ ഓരോ പദത്തിനും ഒരു 'ശരിയായ' അർത്ഥം ഇല്ല), നിർവചനസിദ്ധാന്തം (ഈ അവ്യക്തത ഒഴിവാക്കാൻ, ഞങ്ങൾ നിബന്ധനകൾ അല്ലെങ്കിൽ ആശയങ്ങൾ നിർവചിക്കേണ്ടതുണ്ട്), ചിഹ്നസിദ്ധാന്തം (വാക്കുകൾ ചിത്രങ്ങളെ ഉണർത്തുന്നു, വ്യക്തിഗതമായ അർഥം അനുഭവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്) എന്നിവയാണവ. വാക്കുകൾക്ക് കൃത്യമായ അല്ലെങ്കിൽ വ്യക്തമായ അർത്ഥമില്ല

- ▶ ചാൾസ് കെയ് ഓഗ്ഡനും ഐ. എ. റിച്ചാർഡ്സും അവതരിപ്പിച്ച ത്രികോണം




എന്നും അർഥം സന്ദർഭത്തെ ആശ്രയിച്ചിരിക്കുന്നു എന്നും അവർ സിദ്ധാന്തിച്ചു.

'ഓഗ്ഡൻ/റിച്ചാർഡ്സ് ത്രികോണം' എന്ന് പലപ്പോഴും ഈ ത്രിഘടക ചിഹ്ന ത്രികോണത്തെ വിളിക്കപ്പെടുന്നുണ്ടെങ്കിലും, അതിന്റെ ചരിത്രം പരിശോധിച്ചാൽ ഈ ആശയം അതിനു മുൻപ് അവതരിപ്പിച്ചത് 1810-ൽ ബെർണാഡ് ബോൾസാനോ (Bernard Bolzano)വാണെന്ന്  കാണാം. ബി സി നാലാം നൂറ്റാണ്ടിൽ അരിസ്റ്റോട്ടിലിന്റെ 'പെരിഹെർമേനിയാസി'ലും (Peri Hermeneias) ഈ ത്രികോണം കണ്ടെത്താൻ കഴിയും. പ്രാചീന, മധ്യകാല തത്വചിന്തകരെ, പ്രത്യേകിച്ച് യാഥാർഥ്യവാദികളെയും നാമമാത്രവാദികളെയും ഭിന്നിപ്പിച്ച ഒരു ദാർശനിക സംവാദ  പ്രശ്നവുമായി ഈ ത്രികോണം ബന്ധപ്പെട്ടിരിക്കുന്നു.

- ▶ ത്രികോണത്തിന്റെ ചരിത്രം

അർഥത്രികോണം വക്താവും ആശയവും തമ്മിലുള്ള ബന്ധത്തിന്റെ ലളിതമായ രൂപത്തെ വിഷയമായി വിവരിക്കുന്നു.  ഭാഷാചിഹ്നമായ വാക്ക് ആശയം എന്ന മധ്യവർത്തിയിലൂടെ സൂചിതത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് രേഖാചിത്രത്തിലൂടെ  കാണിക്കുന്നത്. ചിഹ്നത്തിനും ആശയത്തിനും, ആശയത്തിനും സൂചിതത്തിനും തമ്മിലും നേരിട്ട് ബന്ധം ഉണ്ട് എന്ന് കാണിക്കാനാണ് അവയെ നേർരേഖയിലൂടെ ബന്ധിപ്പിച്ചിരിക്കുന്നത്. ചിഹ്നത്തിനും സൂചിതത്തിനും തമ്മിൽ നേരിട്ട് ബന്ധമില്ല എന്ന് കുത്തുകൾ ഉപയോഗിച്ച് ഇടവിട്ട രേഖ കാണിക്കുന്നു. ആന എന്ന ശബ്ദം (ചിഹ്നം) അതിന് സമാനമായ ആശയം മനസിൽ ഉണർത്തുന്നു. ഈ ആശയം ആന എന്ന വസ്തുവിനെ (സൂചിതം) സൂചിപ്പിക്കുന്നു.

- ▶ അർഥത്രികോണത്തിന്റെ ആശയവിശദീകരണം

SGOU

## ഏഴുതരം അർഥങ്ങൾ

അർഥത്തെ സ്വഭാവമനുസരിച്ച് പലതരത്തിൽ വർഗീകരിക്കാനാകും. എങ്കിലും പ്രധാനപ്പെട്ട ഏഴു അർഥവിഭജനം താഴെ നൽകുന്നു.

▶ അഭിധേയാർഥം

**1. വാച്യാർഥം:-** ശബ്ദം ശ്രോതാവിൽ ജനിപ്പിക്കുന്ന അർത്ഥമാണ് വാച്യാർഥം. പ്രാഥമികാർഥം, കോശാർഥം എന്നൊക്കെ പറയുന്നതും വാച്യാർഥത്തെയാണ്. ഭാരതീയാചാര്യൻമാർ അഭിധേയാർത്ഥം എന്നു വിളിച്ചിരുന്നതും ഇതിനെയാണ്. ഒരു പദത്തിന് ഒരു വാച്യാർഥമേ കൽപ്പിക്കാവൂ. ഒന്നിലധികം വാച്യാർഥങ്ങളുള്ള ശബ്ദങ്ങളെ ഭിന്നരൂപിമങ്ങളായി കണക്കാക്കുന്നു.

▶ ലാക്ഷണികമായ അർഥം

**2. ലാക്ഷണികാർഥം:-** ക്രിസ്തീയവും പാശ്ചാത്യവുമായ പശ്ചാത്തലത്തിൽ 'സർപ്പം' എന്ന പദത്തിന് വാച്യാർഥം അല്ല തോന്നുക. സൂത്രശാലിത്വം, വൈഷയികത്വം, പൈശാചികത്വം എന്നീ അർഥങ്ങളാണ് തോന്നുക. എന്നാൽ ഭാരതീയ പശ്ചാത്തലത്തിൽ ദിവ്യത്വം, അനുഗ്രഹം എന്നീ അർഥങ്ങളെയാണ് ആ പദം ഉല്പാദിപ്പിക്കുന്നത്. ഒരു ഭാഷാഘടകത്തിന്റെ സ്വഭാവത്തെപ്പറ്റി വസ്തുനിഷ്ഠമായോ ആത്മനിഷ്ഠവുമായോ നാമറിയുന്നതെന്തും അതിന്റെ ലാക്ഷണികാർഥത്തിൽ വരാം. ഭാരതീയ ദർശനത്താൽ അംഗീകരിച്ചിട്ടുള്ള ലക്ഷണാവ്യാപാരത്തിലൂടെ സിദ്ധിക്കുന്ന അർഥമാണ് ലാക്ഷണികാർഥം എന്നതുകൊണ്ട് അർഥമാക്കുന്നത്. 'അവനൊരു പുലിയാണ്' വാക്യത്തിൽ 'പുലി' എന്ന പദം ലാക്ഷണികമായേ സാർഥകമാകൂ.

▶ വക്താവിന്റെ വികാരത്തെയും മനോഭാവത്തെയും അടിസ്ഥാനമാക്കുന്നത്

**3. വൈകാരികാർഥം:-** വക്താവിന്റെ വികാരങ്ങളെയും മനോഭാവങ്ങളെയും സൂചിപ്പിക്കുന്ന പദങ്ങളാണ് വൈകാരികാർഥം ഉള്ളവ. മോനേ, എന്ന സംബോധനയിൽ അതിന്റെ വരമൊഴിരൂപമായ മകനേ എന്നതിനേക്കാൾ വാത്സല്യം കലർന്നിരിക്കും. എന്നാൽ ഈ സംബോധന മറ്റൊരു വൈകാരികസന്ദർഭത്തിൽ വരുമ്പോൾ മറ്റൊരു മനോഭാവം പ്രദർശിപ്പിക്കും. ഉദാ:- 'നിന്റെ കളിയൊന്നും എന്നോട് നടക്കില്ല മോനേ'.

▶ സാമൂഹിക സാഹചര്യ സംബന്ധമായത്

**4. രീതിനിഷ്ഠാർഥം:-** സാമൂഹിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ടതാണ് രീതി. ഓരോ ഉച്ചാരണവും പദവും പ്രയോഗം ഏതേതു രീതിയിൽ പെടുന്നു എന്ന് നിർണയിക്കുന്ന ഒരളവ്കോൽ ഏത് ഭാഷയ്ക്കും ഉണ്ട്. പുസ്തകച്ചുവ, ഔപചാരികത്വം, അനൗപചാരികത്വം, സാധാരണത്വം, ഗ്രാമ്യം എന്നിങ്ങനെ അവ വ്യത്യാസപ്പെടാം. വ്യക്തി, സമുദായം, പ്രദേശം, കാലം, മേഖല, പദവി എന്നിങ്ങനെ പലതും രീതിയെ നിർണയിക്കുന്ന ഘടകങ്ങളാണ്.

ഉദാ:- ശിശു - വരമൊഴി

പൈതൽ - കാവ്യം

പിള്ള - പ്രാദേശികം

**5. സഹസംബന്ധാർഥം:-** ചില പദങ്ങൾക്ക് മറ്റ് പദങ്ങളുമായി ചേരുന്നതിന് എല്ലാ ഭാഷയിലും ചില നിയന്ത്രണങ്ങൾ ഉണ്ടായിരിക്കും. ഉദാ:- കുടിക്കുക - (ദ്രവപദാർഥസൂചകം), തിന്നുക - (ഘനപദാർ

ഥസൂചകം) എന്നാൽ കഴിക്കുക എന്നതിൽ ഈ നിയന്ത്രണം ദൃഢമല്ല. ജ്യൂസ് കഴിക്കുക, ബിരിയാണി കഴിക്കുക എന്നിങ്ങനെ പ്രയോഗത്തിൽമറ്റു പദങ്ങളുമായി ചേരുന്നുള്ള നിയന്ത്രണങ്ങളിൽ നിന്നും ഉണ്ടാവുന്ന സവിശേഷാർഥമാണ് സഹസംബന്ധാർഥം. തീപ്പെടുക, ചാവുക, മരിക്കുക, ജീവനൊടുക്കുക എന്നിവയുടെ സൂചിതാർഥം ഒന്നാണെങ്കിലും അവ ഏത് സാഹചര്യങ്ങളിൽ ഏത് നാമപദങ്ങളോട് ചേർക്കണം എന്നതിന് വ്യവസ്ഥയുണ്ട്.

- ▶ പദങ്ങളുടെ ചേർച്ചകൾക്ക് നിയന്ത്രണമുള്ളത്

6. **സാഹചര്യാർഥം:-** സഹസംബന്ധിയായ അർഥങ്ങൾക്ക് വൈകാരികവും നീതിനിഷ്ഠവുമായ അർഥങ്ങളോട് സാധർമ്യമുണ്ട്. അഭിധക്ക് അപ്പുറത്തുള്ള ഇവയെ സാഹചര്യാർഥങ്ങൾ എന്നു പറയുന്നു. നന്മ - തിന്മകൾ, സന്തോഷ - സന്താപം, സക്രിയ - നിഷ്ക്രിയ, കഠിന - മാർദ്ദവങ്ങൾ ഇങ്ങനെ 4 തരം മുഖ്യ മാനദണ്ഡങ്ങൾ അനുസരിച്ച് വാക്കുകളുടെ അർഥത്തെ വ്യക്തിനിഷ്ഠമായി അളക്കാൻ ശ്രമിക്കുന്നു.

- ▶ സാഹചര്യത്തിനനുസരിച്ചുള്ള അർഥം

7. **വ്യാകരണാർഥം:-** രൂപിമങ്ങളെ സ്വതന്ത്രം, ആശ്രിതം എന്ന് രണ്ടായി വിഭജിച്ചിട്ടുള്ളതിൽ ആശ്രിതരൂപിമങ്ങൾക്ക് അർഥം സ്വതന്ത്രമായിട്ടില്ല. വ്യാകരണാർഥമേ ഉള്ളൂ. ആശ്രിതരൂപിമങ്ങളായ ഉം, ആം, ഉടെ എന്നിവ സ്വതന്ത്രമായി പ്രയോഗിക്കുമ്പോൾ അർഥമില്ലെങ്കിലും സ്വതന്ത്രരൂപിമങ്ങളോട് ചേരുമ്പോൾ അർഥം തെളിയുന്നു. ഉദാ:- മലയുടെ, രാജനും, നാലാം ദിനം.

- ▶ വ്യാകരണപരമായി ബദ്ധരൂപിമത്തിന് ലഭിക്കുന്ന അർഥം

## Summarised Overview

ഭാഷാശാസ്ത്രത്തിന്റെ പഠനമേഖലകളിൽ പ്രധാനപ്പെട്ട ഒന്നാണ് അർഥവിജ്ഞാനീയം. അർഥവിജ്ഞാനത്തിന്റെ വിശദമായ പഠനമാണ് ഈ യൂണിറ്റിലൂടെ പരിചയപ്പെട്ടത്. ഭാരതീയ, പാശ്ചാത്യ ദർശനങ്ങളെ അധിഷ്ഠിതമാക്കി അർഥം, ശബ്ദം എന്നിവയുടെ ബന്ധവും അർഥത്തിന്റെ പ്രധാന സിദ്ധാന്തങ്ങളെയും കുറിച്ച് വിശദമായ ചർച്ച ഇതിലുണ്ട്. ഭാഷയെ ഒരു ചിഹ്നമായി സങ്കല്പിച്ചുകൊണ്ട് സൊസ്സ്യൂർ അവതരിപ്പിച്ച പ്രധാന സങ്കല്പമാണ് സൂചകം- സൂചിതം എന്നത്. ഭാഷയുടെ അർഥനിർമ്മിതിയിൽ സൂചക - സൂചിത സങ്കല്പത്തിനുള്ള പങ്കിനെക്കുറിച്ചും മനസിലാക്കേണ്ടത് ആവശ്യമാണ്.

അർഥത്തെക്കുറിച്ചുള്ള ത്രികോണ സങ്കല്പം ആദ്യമായി അരിസ്റ്റോട്ടിലാണ് അവതരിപ്പിച്ചത്. ഇന്നു നാം കാണുന്ന അർഥത്രികോണം അവതരിപ്പിച്ചത് ചാൾസ് കെയ് ഓഗ്ഡനും (Charles Kay Ogden) ഐ. എ. റിച്ചാർഡ്സും (I. A. Richards) മാണ്. അർഥത്തിന്റെ വിശദമായ പഠനത്തിൽ അർഥത്തിന്റെ വൈവിധ്യങ്ങളെ പരിചയപ്പെടേണ്ടതുണ്ട്. അർഥത്തിന്റെ ഏഴുതരം വിഭജനങ്ങളെക്കുറിച്ചും അതിന്റെ വിശദാംശങ്ങളെക്കുറിച്ചും ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നു.

## Assignments

1. സൂചകം - സൂചിതം - വിശദീകരിക്കുക.
2. ശബ്ദവും അർഥവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശദമാക്കുക.


SGOU

3. സഹസംബന്ധാർഥം - എന്നാലെന്ത്?
4. അർഥത്രികോണം എന്നാലെന്തെന്ന് വിവരിക്കുക.
5. അർഥവിജ്ഞാനീയത്തിന്റെ പഠന മേഖലകളെ വിവരിക്കുക.
6. അർഥവിജ്ഞാനീയത്തിന്റെ സാധ്യതകളെ വിലയിരുത്തുക.
7. അർഥത്തിന്റെ ഏഴു വിഭജനങ്ങൾ ഏതെല്ലാം? ഉപന്യസിക്കുക.
8. ശബ്ദത്തിന്റെയും അർഥത്തിന്റെയും മേഖലയിലുണ്ടായ സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുക.
9. രീതിനിഷ്ഠാർഥം, വൈകാരികാർഥം എന്നിവ വിശദമാക്കുക.

## Suggested Readings


1. എ. പി. ആൻഡ്രൂസ്കുട്ടി, ഭാഷാശാസ്ത്രം: സിദ്ധാന്തവുംപ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. ഗോദവർമ, കേരള ഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം.
3. പി. എം. ജോസഫ്, മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഇ. വി. എൻ. നമ്പൂതിരി, ഭാഷാവിജ്ഞാനീയം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
5. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്രപ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
6. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്രപരിചയം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.


## References


1. വേദബന്ധു, അർഥവിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ടി. ബി. വേണുഗോപാലപ്പണിക്കർ, ഭാഷാർഥം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഡോ. കെ. ഗോദവർമ്മ, കേരള ഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം.


SGOU

5. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര പരിചയം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
7. കെ. എം. പ്രഭാകരവാരിയർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
8. കെ. ജോയ്പോൾ, വി. ആർ. സോളി, ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും, മലയാളപഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.
9. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# Unit 2

# ഭാഷാഭേദവിജ്ഞാനവും ഭാഷാശാസ്ത്രവും

## Learning Outcomes

- ഭാഷയ്ക്കുള്ളിലെ ഭാഷകളെപ്പറ്റി മനസിലാക്കുന്നു
- ഭാഷാഭേദത്തിന്റെ കാരണങ്ങൾ മനസിലാക്കുന്നു
- വ്യക്തിഭാഷ, എന്നാലെന്തെന്ന് അറിയുന്നു
- കേരളത്തിലെ വിവിധ ഭാഷാഭേദങ്ങളെക്കുറിച്ചുള്ള സാമാന്യ അറിവ് നേടുന്നു
- ഭാഷാഭേദനിർണയത്തിന്റെ വിവിധ ഭാഷാശാസ്ത്ര സമീപനങ്ങൾ മനസിലാക്കുന്നു
- ഭാഷയിൽ സംഭവിക്കുന്ന ആദാന പ്രദാനങ്ങൾ മനസിലാക്കുന്നു
- വിവിധ ഭാഷാസ്വഭാവങ്ങൾ എന്തെന്ന് അറിയുന്നു

## Background

'ഒരാൾ മറ്റൊരാളിനോടു ചെയ്യുന്ന നാതീദീർഘമായ സംവാദം' എന്നു വില്യം സരോയൻ ചെറുകഥയെ നിർവചിച്ചിട്ടുണ്ട്. അതായത് ലോകത്തിൽ ആദ്യമായി രണ്ടു വ്യക്തികൾ കണ്ടുമുട്ടിയപ്പോഴും, അവർക്ക് ആശയവിനിമയത്തിനായി അർഥപൂർണമായ പദവാക്യങ്ങൾ ലഭിച്ചപ്പോഴും കഥാഖ്യാനം തുടങ്ങി എന്നർഥം. അങ്ങനെ വരുമ്പോൾ ഭാഷ കൈവന്നതിനുശേഷമാണ് മനുഷ്യൻ അർഥപൂർണമായ ആശയവിനിമയം സാധിച്ചു തുടങ്ങിയതെന്നു മനസിലാക്കാം. മനുഷ്യസൃഷ്ടിയായ എന്തിനും നിർവചനം ദുഷ്കരമാണെന്നത് വസ്തുതയാണ്. ഭാഷയുടെ നിർവചനത്തിലും അതിവ്യാപ്തിയോ അവ്യാപ്തിയോ ആയ ദോഷം കടന്നു കൂടുന്നതിതു കൊണ്ടാണ്.

'മനുഷ്യൻ ആശയ വിനിമയത്തിനുപയോഗിക്കുന്നതും, ആശയവുമായി വ്യവസ്ഥാപിത ബന്ധമുള്ളതുമായ ഉച്ചാരണ ശബ്ദങ്ങളുടെ സ്വരൂപഘടനയോടുകൂടിയ അഭ്യസ്തവൃത്തിയാണ് ഭാഷ' എന്ന് ഭാഷയെ നിർവചിക്കാറുണ്ട്.

'സഹകരണത്തിനും പരസ്പര പ്രവർത്തനത്തിനും ആശയവിനിമയത്തിനും വേണ്ടി സമൂഹം ഉപയോഗിക്കുന്ന ഘടനാപരവും (structural) സ്വച്ഛാപരവും (Arbitary) ആയ വാച്യ ചിഹ്ന വ്യവസ്ഥയാണ് ഭാഷ' എന്ന നിർവചനവും പ്രസക്തമാണ്.

മനുഷ്യഭാഷകളിൽ പ്രാദേശികവും, സാമൂഹികവുമായ കാരണങ്ങൾ കൊണ്ട് ഉച്ചാരണം, വ്യാകരണം, പദം, അർഥം എന്നീ മേഖലകളിൽ പ്രകടമായ വ്യതിയാനങ്ങൾ ഉണ്ടാകാറുണ്ട്. ഈ വ്യതിയാനങ്ങളെ കുറിച്ച് പഠിക്കുന്ന ഭാഷാശാസ്ത്ര ശാഖയാണ് ഭാഷാഭേദവിജ്ഞാനീയം (Dialectology). സാമൂഹികമായ കാരണങ്ങൾ കൊണ്ടുണ്ടാകുന്ന ഭാഷാവ്യത്യാസങ്ങളെക്കുറിച്ച് ഭാഷാഭേദവിജ്ഞാനീയം ചർച്ച ചെയ്യുമെങ്കിലും ഈ പഠനം സവിശേഷ പ്രാധാന്യം നൽകുന്നത് പ്രാദേശികമായ ഭാഷഭേദങ്ങൾക്കാണ്. ജാതി, മതം, വർഗം, ലിംഗം എന്നിവ ഭാഷാഭേദത്തെ നിർമിക്കുന്നുണ്ട്. ഒരേ മതക്കാരോ, സമുദായക്കാരോ പലസ്ഥലങ്ങളിലായി സ്ഥിര

താമസമാക്കിയിട്ടുണ്ടെങ്കിൽ അവരുടെ പ്രാദേശിക ഭാഷാസ്വഭാവം ഒന്നായിക്കൊള്ളണമെന്നില്ലല്ലോ? ഉദാഹരണമായി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ജനങ്ങളുടെ ഭാഷാപ്രയോഗവും ഉച്ചാരണസ്വഭാവും ഒന്നല്ലല്ലോ? ഇങ്ങനെ ഒരേ സമൂഹത്തിന്റെയും സംസാരഭാഷയ്ക്ക് പ്രാദേശിക വ്യത്യാസങ്ങൾ ഉള്ളതുകൊണ്ടാണ് ഭാഷാഭേദവിജ്ഞാനീയത്തിൽ പ്രാദേശിക ഭാഷകൾക്ക് പ്രാധാന്യം ലഭിക്കുന്നത്.

## Keywords

ഭാഷാഭേദവിജ്ഞാനീയം - വർണവികാരം - ഉച്ചാരണഭേദം - ഭാഷാമിശ്രം - സങ്കരഭാഷ - ഉപഭാഷകൾ - ഭാഷാഭേദഭൂപടം - സമഭാഷാംശസീമാരേഖ

## Discussion

### ഭാഷാഭേദവിജ്ഞാനം

ഇന്ത്യ, ഭാഷയെ സംബന്ധിച്ച് ബഹുസ്വരതയുടെ രാജ്യമാണ്. ഭാഷാടിസ്ഥാനത്തിലാണ് ഭരണഘടനാപരമായി സംസ്ഥാനങ്ങൾ ഇന്ത്യയിൽ രൂപം കൊണ്ടത്. ഒരോ സംസ്ഥാനങ്ങളിലും, പ്രാധനമായും ഓരോ പ്രാദേശിക ഭാഷ നിലനിൽക്കുന്നു. വിദ്യാഭ്യാസത്തിനും, ഭരണകാര്യങ്ങൾക്കും പൊതുവ്യവഹാരങ്ങൾക്കും മറ്റും ഒരേ ഭാഷ തന്നെയാണ് പ്രയോഗത്തിലുള്ളതെങ്കിലും ചില പ്രദേശങ്ങളിൽ സംഭാഷണ ഭാഷയിൽ പ്രകടമായ വ്യതിയാനങ്ങൾ കാണുന്നുണ്ട്. അതായത് ഒരേ ഭാഷ തന്നെ ചില സ്ഥലങ്ങളിൽ വ്യത്യസ്ത രീതിയിൽ സംസാരിച്ചു വരുന്നു. കേരളത്തിന്റെ സ്വഭാവം പരിശോധിച്ചു നോക്കിയാൽ തന്നെ നമുക്കീവ്യത്യാസം മനസിലാക്കാം. സംസ്ഥാനത്തെ മാനകഭാഷ മലയാളമാണ്. എന്നാൽ തെക്കൻ കേരളത്തിലെയും മധ്യ കേരളത്തിലെയും വടക്കൻ കേരളത്തിലെയും മലയാള സംഭാഷണത്തിന് വലിയ വ്യത്യാസം കണ്ടെത്താൻ കഴിയും. തിരുവനന്തപുരം ഭാഷ, കോട്ടയം ഭാഷ, തൃശൂർ ഭാഷ, കോഴിക്കോടൻ ഭാഷ, കാസർകോഡൻ ഭാഷ എന്നൊക്കെ മലയാളത്തെ തന്നെ പറയുന്നത് ഈ ഉച്ചാരണവ്യത്യാസം പ്രമാണിച്ചാണ്. വ്യാകരണ സംബന്ധമായി വ്യത്യാസമൊന്നുമില്ലെങ്കിലും ഉച്ചാരണ ശൈലിയിലും, പദങ്ങളിലും പ്രകടമായ ദേശ്യഭേദം പ്രദർശിപ്പിക്കുന്ന ഭാഷാഭേദങ്ങളെയാണ് ഉപഭാഷകൾ (Dialect) എന്നു വിളിക്കുന്നത്.

> ▶ ഒരേ ഭാഷ വ്യത്യസ്ത രീതിയിൽ സംസാരിച്ചു വരുന്നു.

ഒരോ മനുഷ്യനും മറ്റുള്ളവരിൽ നിന്ന് വ്യതിരിക്തമായ വ്യക്തിത്വം ഉള്ളതുപോലെ ഒരാളുടെ ഭാഷ മറ്റൊരാളുടെ ഭാഷയിൽ നിന്ന് വ്യത്യസ്തമാണ്. അതുകൊണ്ടാണ് ഒരു വ്യക്തിയുടെ സംഭാഷണം കേട്ടാൽ ആ വ്യക്തിയെ തിരിച്ചറിയാൻ കഴിയുന്നത്. ഭാഷാപ്രയോഗത്തിലെ സ്ഥായി, ഉച്ചാരണ ശൈലി, ശബ്ദഗുണം എന്നിവയെല്ലാം ഒരോരുത്തർക്കും വ്യത്യാസ്തമായിരിക്കും. അത്യന്തികമായി ലോക ജനസംഖ്യയിൽ ആകെയുള്ള 800 കോടി ജനങ്ങൾക്കും 800 കോടി

SGOU

▶ ഒരോ വ്യക്തിയെയും, അടയാളപ്പെടുത്തുന്ന ഭാഷാപ്രയോഗമാണ് വ്യക്തിഭാഷ

ഭാഷയുണ്ടെന്നു പറഞ്ഞാൽ അത് തെറ്റാവുകയില്ല. ഇങ്ങനെ ഒരോ വ്യക്തിയെയും, അടയാളപ്പെടുത്തുന്ന ഭാഷാപ്രയോഗമാണ് വ്യക്തിഭാഷ അഥവാ തൻമൊഴി (idelect). ഇത്തരം ഭാഷകൾ ചേർന്നാണ് പ്രത്യേക സാഹചര്യത്തിൽ ഭാഷാഭേദം രൂപം കൊള്ളുന്നത്. ഈ വിധമുള്ള ഉപഭാഷകളുടെ സമാഹാരമാണ് ഒരു ഭാഷ (language) എന്നു പറയുന്നത്. ചുരുക്കത്തിൽ വ്യക്തിഭാഷ - ഉപഭാഷ എന്നതാണ് ഭാഷാ പരിണാമ സ്വഭാവം.

▶ ഭൂമിശാസ്ത്രപരമായ വ്യത്യാസം

ഭൂസ്ഥിതിപരമായ അകൽച്ചയും ഭാഷാഭേദത്തിനു കാരണമാകാറുണ്ട്. പർവതങ്ങൾ, പുഴകൾ, സമുദ്രങ്ങൾ എന്നിവ പ്രദേശങ്ങളെയും, ജനങ്ങളെയും തമ്മിൽ വേർതിരിക്കുന്ന ഘടകങ്ങളാണ്. അതിന്റെ ഫലമായി ഒരേ ഭാഷ തന്നെ പലതായി പരിണമിക്കാറുണ്ട്. മൂലദ്രാവിഡം എന്ന പൊതുഭാഷ തമിഴും, മലയാളവും, തെലുങ്കും, കന്നടയുമൊക്കെയായി പരിണമിച്ചതും, ലക്ഷദ്വീപിലെ ഭാഷ പ്രത്യേക മലയാളമായി മാറിയതുമെല്ലാം ഈ ഭൂമിശാസ്ത്രപരമായ വേർതിരിവിലുടെയാണ്.

▶ ബാഹ്യവും ആഭ്യന്തരവുമായ കാരണങ്ങൾ

വിദ്യാഭ്യാസവും, പ്രായഭേദവും ഭാഷാഭേദത്തിന് കാരണമാകാറുണ്ട്. വിദ്യാഭ്യാസമില്ലാത്തവരുടെയും ഉള്ളവരുടെയും ഭാഷകൾക്ക് തമ്മിൽ പ്രകടമായ വ്യതിയാനമുണ്ട്. പരിഷ്കൃതമായ പൊതുഭാഷയാണ് വിദ്യാസമ്പന്നരുടെ ഭാഷ. പ്രായഭേദവും ഭാഷാഭേദത്തിന് കാരണമാകാറുണ്ട്. പ്രായമായവരുടേതിൽ നിന്ന് വ്യത്യസ്തമായ പദസഞ്ചയം തന്നെ ശിശുക്കൾക്കുണ്ട്. ഉമ്മാക്കി, ഇച്ചീച്ചി, ഉമ്മാമ്മ, ഒന്യാവു, പീപ്പി, പാപ്പം, തുടങ്ങിയ പദങ്ങൾ ശിശുഭാഷയിൽ കാണാവുന്നതാണ് പദങ്ങളിൽ മാത്രമല്ല ഉച്ചാരണത്തിലും ഈ വ്യത്യാസം പ്രകടമാണ്. ഉപഭാഷകൾ രൂപം കൊള്ളുന്നതിന് ബാഹ്യവും ആഭ്യന്തരവുമായ നിരവധി കാരണങ്ങൾ ഉണ്ടാകാം.

## വർണവികാരം

▶ ഉച്ചാരണഭേദം

ഒരേ പദം തന്നെ ചില ദേശങ്ങളിലും ചില വർഗക്കാരിലും ഉച്ചാരണഭേദത്തോടെ ഉപയോഗിക്കുന്നതായി കാണാം. അവൻ, അവൾ എന്നീ പദങ്ങൾ ഓൻ, ഓൾ എന്നിങ്ങനെയും 'സ്കൂള്' എന്ന പദം 'ഉസ്കൂൾ' എന്നും രൂപാന്തരപ്പെടുന്നുണ്ട്. ഉടപ്പിറന്നവൾ, കൂടെപ്പിറന്നവളും, ഓപ്പോളുമായി മാറുന്നു. ജ്യേഷ്ഠൻ ഏട്ടനും ചേട്ടനുമാകുന്നതും ഈ ഉച്ചാരണ ഭേദത്താലാണ്. ഈ വിധം അനവധി വാക്കുകൾക്ക് രൂപഭേദം സംഭവിക്കുമ്പോൾ ഭാഷയുടെ മുഖച്ഛായതന്നെ മാറിപ്പോകുന്നു.

## ഇതരദേശബന്ധങ്ങൾ

സ്വദേശികളും വിദേശികളുമായി വാണിജ്യാദിബന്ധങ്ങളിൽ ആദ്യകാലത്ത് ഇടപെടലുകൾ അനിവാര്യമായിരുന്നു. ആധുനിക കാലത്ത് ഇത്തരം ഇടപെടലുകൾ നിരവധി മേഖലകളിലേക്കു വ്യാപിച്ചു. ഇത്തരം ബന്ധങ്ങൾ ഭാഷയിൽ പലതരം മാറ്റങ്ങൾക്കു കാരണമാകുന്നു. ഇവിടെ ഇടപെടുന്ന തദ്ദേശീയഭാഷ അന്യഭാഷയുമായി കൂടിചേർന്ന് ഭാഷാമിശ്രം രൂപം കൊള്ളുക പതിവാണ്. ദേശഭാഷയിൽ നിന്നു വളരെ വ്യത്യസ്തമായിരിക്കും ആ സങ്കരഭാഷയുടെ ഭാവവും രൂപവും. കേരളത്തിൽ കച്ചവടത്തിനായി വന്ന അറബികളുമായുള്ള ബന്ധമാ

ണ് സാഹിത്യത്തിലുൾപ്പെടെ സ്വാധീനം ചെലുത്തിയ 'അറബിഭാഷ'. ബുദ്ധമത പ്രചരണത്തിനായി ശ്രീലങ്കയിൽ എത്തിയവർ നാട്ടുകാരുമായി ബന്ധപ്പെട്ടതിന്റെ ഫലമായി രൂപപ്പെട്ടതാണ് 'സിംഹളഭാഷ' എന്ന ഉപഭാഷ. കാലാന്തരത്തിൽ അത് ലങ്കയിൽ ദേശഭാഷയായിത്തീർന്നു.

▶ തദ്ദേശീയഭാഷയും അന്യഭാഷയും കൂടിച്ചേർന്ന ഭാഷാമിശ്രം

## കടംകൊള്ളൽ

ലോകത്ത് ഇന്ന് നിലവിലുള്ള ഒരു ഭാഷയും കലർപ്പില്ലാത്ത ഭാഷയല്ല. ആദാനം, പ്രദാനം എന്ന രണ്ടു പ്രക്രിയയിലൂടെയാണ് ഭാഷകൾ വളരുന്നതും, പദസമ്പത്തുകൾ വിപുലപ്പെടുത്തുന്നതും. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ജനവർഗങ്ങളുടെ സമ്പർക്കമാണ് ഇത്തരത്തിൽ ഭാഷാസംക്രമണത്തിനും സങ്കരണത്തിനും കാരണമായിത്തീരുന്നത്. ഇതിൽ ഏറ്റക്കുറച്ചിലുകളല്ലാതെ അന്യഭാഷാസ്വാധീനമില്ലാത്ത ഒരു ഭാഷയും നിലവിലില്ല. മലയാളത്തിൽത്തന്നെ പ്രാചീന കാലം മുതൽ ആധുനികതവരെ പലകാലങ്ങളിലായി കച്ചവടത്തിനും ആധിപത്യത്തിനുമായി ഇവിടെ എത്തിച്ചേർന്ന വിവിധ സംസ്കാരങ്ങളുടെയും അവരുടെ ഭാഷയുടെയും സ്വാധീനം ഒഴിവാക്കിയാൽ ഇന്നത്തെ മലയാളഭാഷ ഇല്ലാതായിത്തീരുന്ന അവസ്ഥ വന്നുചേരും. ഗ്രീക്ക്, റോം, പേർഷ്യൻ, സംസ്കൃതം, അറബി, പോർച്ചുഗീസ്, ഫ്രഞ്ച്, ഡച്ച്, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളുടെ സ്വാധീനം മലയാളത്തിന്റെ രൂപത്തിൽ സാരമായ മാറ്റം ഉണ്ടാക്കിത്തീർത്തുവെന്നും കാണാം.

▶ ആദാനം, പ്രദാനം എന്ന രണ്ടു പ്രക്രിയകൾ

ഒരു ഭാഷ സംസാരിക്കുന്ന ജനസമുദായത്തിന്റെ ഇടപെടലുകളും വ്യാപ്തിയും വർദ്ധിക്കുന്തോറും ആ ദേശത്തിലുണ്ടായിരുന്ന ഭാഷാഭേദം എല്ലായിടത്തും വ്യാപിച്ചു എന്നു വരില്ല. ചില പ്രത്യേക പ്രദേശങ്ങളിൽ അത്തരം ഉപഭാഷകൾ ഒതുങ്ങിക്കൂടും. ഒരു സംസ്ഥാനത്തെ ജനതയ്ക്ക് ഏകരൂപവും സാർവത്രികവുമായ വിദ്യാഭ്യാസ രീതിയും, സാംസ്കാരിക പ്രചരണവും സംഭവിക്കുന്നതനുസരിച്ച് ദേശ്യഭേദങ്ങൾ സംഭാഷണത്തിൽ മാത്രമായി ഒതുങ്ങിക്കൂടിയെന്നും വരാം. ഈ ദേശ്യഭേദങ്ങൾ പരിമിതപ്പെട്ട് കാലക്രമേണ തേഞ്ഞുമാഞ്ഞു ദുർബലമാകാനും ഇടയുണ്ട്. ഭാഷാശാസ്ത്രഗവേഷണത്തിന്റെ പുതിയ സമീപനങ്ങളും അന്വേഷണങ്ങളുമാണ് ഉപഭാഷാപഠനത്തിന്റെ വീണ്ടെടുക്കലിനെ സഹായിക്കേണ്ടത്.

▶ ദേശ്യഭേദങ്ങൾ സംഭാഷണത്തിൽ മാത്രമായി ഒതുങ്ങിക്കൂടിയെന്നും വരാം

## ഭാഷഭേദഭൂപടം - സമഭാഷാംശസീമാരേഖ

ഭാഷാശാസ്ത്രപഠനത്തിൽ സുപ്രധാനമായ സ്ഥാനമാണ് ഉപഭാഷകൾക്കും, അതിന്റെ സ്വഭാവ നിർണ്ണയത്തിനും ഉള്ളത്. ഉപഭാഷകളെ ഭാഷാപണ്ഡിതൻമാർ ഒരു കാലത്ത് ഗ്രാമ്യഭാഷ, നീചഭാഷ എന്നിങ്ങനെ ഉപഹസിക്കയോ, അവഗണിക്കയോ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഭാഷാശാസ്ത്രത്തിന് ഇത് വിലപ്പെട്ട മാതൃകകളാണ്. പൂർവഭാഷാരൂപീകരണത്തിനും ഭാഷാചരിത്ര പരിണാമപഠനത്തിനും ഉപഭാഷാപഠനം ഏറെ സഹായിക്കുന്നു. മാത്രമല്ല ഒരു പ്രത്യേക ദേശത്തിന്റെ ചരിത്രവും സംസ്കാരവും മനസിലാക്കാൻ ഉപഭാഷകൾ തെളിവു നൽകുന്നു.

▶ ഉപഭാഷകൾ ഭാഷാശാസ്ത്രത്തിൽ വിലപ്പെട്ട മാതൃകകളാണ്

ഉപഭാഷകൾ നിലവിലിരിക്കുന്ന പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പഠനം ചരിത്രത്തെ സംബന്ധിച്ച് പല യാഥാർത്ഥ്യങ്ങളും വെളി

SGOU

ച്ചത്തുകൊണ്ടുവരാൻ സഹായിക്കും. ഭാഷാഭേദം സംഭവിക്കാനുള്ള കാരണം കണ്ടുപിടിക്കുകയാണ് ഭൂമിശാസ്ത്രപഠനം കൊണ്ടുദ്ദേശിക്കുന്നത്. ഉപഭാഷാപഠനത്തിൽ സുപ്രധാനമായ ഒന്നാണ് ഭാഷാഭേദഭൂപടം നിർമ്മിക്കുക എന്നത്. ഉദാഹരണമായി കേരളത്തിലെ ഭാഷാഭേദങ്ങളെപ്പറ്റിയാണ് പഠിക്കുന്നതെങ്കിൽ ആദ്യമായി ഉത്തരകേരളം, മധ്യകേരളം, തെക്കൻ കേരളം എന്നിവ അടയാളപ്പെടുത്തി ഒരു ഭൂപടം വരയ്ക്കുക എന്നതാണ്. ഐക്യകേരളപ്പിറവിക്കുമുമ്പ് നമ്മൾ പ്രധാമായും തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ ഭൂമിശാസ്ത്രപരവും, ഭരണപരമായും വേർതിരിഞ്ഞു കിടന്നവരണാല്ലോ? എന്നു കരുതി മൂന്നു ഭാഷാഭേദങ്ങളേ മലയാളത്തിലുള്ളു എന്നർഥമില്ല. പ്രധാനമായും മൂന്ന് പ്രദേശങ്ങളായിരുന്നുവെന്നു മാത്രം. ഈ ഭൂപടത്തിൽ ഒരോ ഭാഗത്തും നിലവിലുള്ള പദങ്ങളും അവയുടെ ഉച്ചാരണഭേദങ്ങളും, അർഥഭേദങ്ങളും അടയാളപ്പെടുത്തി പഠനവിധേയമാക്കുന്നു. ഒരു വസ്തുവിനെകുറിക്കാൻ എല്ലായിടത്തും ഒരേ പദം തന്നെയാണോ പ്രയോഗിക്കുന്നത്? എന്നു പരിശോധിക്കാം. ഭേദങ്ങളും ഭേദമില്ലായ്മയും പ്രത്യേക രേഖ ഉപയോഗിച്ചു ഭൂപടത്തിൽ അടയാളപ്പെടുത്തണം. അതുപോലെ തന്നെ ഉച്ചാരണഭേദങ്ങൾ, അർഥവ്യത്യാസങ്ങൾ എന്നിവയും അടയാളപ്പെടുത്തണം.

> ▶ ഉപഭാഷാപഠനത്തിൽ സുപ്രധാനമായ ഒന്നാണ് ഭാഷാഭേദഭൂപടം

> ▶ ഭാഷാഭേദത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന രേഖാചിത്രമാണ് സമഭാഷാംശ സീമാരേഖ

ഈ വിധമുള്ള പഠനത്തിനുശേഷം ഒരേ രീതിയിലുള്ള പ്രയോഗത്തെ അടിസ്ഥാനമാക്കി രേഖാചിത്രം തയ്യാറാക്കുന്നു. ഇത്തരം രേഖാചിത്രമാണ് സമഭാഷാംശസീമാരേഖ (isogloss). പദത്തിലും, അർഥത്തിലും, ഉച്ചാരണത്തിലുമുള്ള വ്യത്യാസങ്ങളുടെ കാരണങ്ങൾ കണ്ടെത്തിയാൽ ഉപഭാഷയുടെ ചരിത്രം കൃത്യമായി തയ്യാറാക്കാൻ കഴിയും. ഭാഷാശാസ്ത്രത്തിലെ ഏകകാലിക ഭാഷാശാസ്ത്രപഠനം ഇത്തരം സമീപനരീതി അവലംബിച്ചുള്ളതാണ്.

## കേന്ദ്രമേഖല (Central Area/ Focal Area)

ഉപഭാഷാപഠനത്തിലെ സാങ്കേതിക രീതിയാണിത്. ഒരു പ്രദേശത്ത് ഒരുപോലെ ആയിരിക്കില്ല ഉപഭാഷകൾ രൂപം കൊണ്ടത്. ഭാഷാഭേദം ആദ്യമായി പ്രത്യക്ഷപ്പെട്ട സ്ഥാനമാണ് കേന്ദ്രസ്ഥാനമായി കണക്കാക്കപ്പെടുന്നത്. മതപരമോ സാമൂഹികമോ ആയ പ്രാധാന്യമുള്ള പട്ടണങ്ങളോ ഭരണകേന്ദ്രങ്ങളോ ആയിരിക്കും അത്. അവിടെ നിന്നാണ് ഭാഷാഭേദങ്ങൾ സമീപപ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നത്. ജലാശയത്തിൽ കല്ലുവീണാൽ ഓളം നാനാഭാഗത്തേക്കും പടരുന്നത് പോലെ ഭാഷാപരമായ സവിശേഷതകൾ ഒരു കേന്ദ്രത്തിൽ നിന്ന് സമീപപ്രദേഷങ്ങളിലേക്ക് വ്യാപിക്കുന്നു. കേന്ദ്രത്തിൽ നിന്ന് ഓളം അകന്നു പോകുന്നതിനനുസരിച്ച് ശക്തി കുറയുന്നത് പോലെ ഭാഷാകേന്ദ്രത്തിൽ നിന്ന് അകന്നു പേകുന്നതിനനുസരിച്ച് ഭാഷാഭേദങ്ങൾ കുറഞ്ഞു വരികയും ചെയ്യും. ഭാഷാശാസ്ത്രകാരനായ ഷ്മിഡ്റ്റിന്റെ (Johannes Schmidt) 'തരംഗ സിദ്ധാന്തം' ഈ തത്വത്തിന്റെ സാധൂകരണമാണ്.

> ▶ ആദ്യമായി പ്രത്യക്ഷപ്പെട്ട സ്ഥാനമാണ് കേന്ദ്രസ്ഥാനം

## അവശിഷ്ടമേഖല (Relic Area)

ഒരു തരത്തിലുള്ള സ്വാധീനത്തിനോ മാറ്റത്തിനോ വഴങ്ങാതെ ഭാഷാപ്രവണതകൾ പഴയപടിയിൽത്തന്നെ നിലനിർത്തിപോരുന്ന

SGOU

> ▶ ഭാഷാ പ്രവണതകൾ പഴയപടിയിൽത്തന്നെ നിലനിർത്തിപോരുന്ന പ്രദേശങ്ങൾ

പ്രദേശങ്ങളും ഭാഷാഭേദവ്യാപനത്തിനിടയിൽ ഉണ്ടാകാറുണ്ട്. ഇത്തരം ഭാഷാഭേദ പ്രദേശങ്ങളെയാണ് അവശിഷ്ടമേഖല എന്നു പറയുന്നത്. അവശിഷ്ടമേഖലയായി കാണപ്പെടുന്ന പ്രദേശത്തെ ഭാഷാരൂപങ്ങൾ പ്രാചീനവും, ചരിത്രാതീതവുമായ കാലത്തെ ഭാഷയെപറ്റി പഠിക്കാൻ സഹായിക്കുന്നു. ചരിത്രാത്മക ഭാഷാശാസ്ത്രപഠനത്തെ സംബന്ധിച്ച് വളരെ വിലപ്പെട്ട തെളിവുകൾ നൽകാൻ അവശിഷ്ടമേഖലയ്ക്ക് കഴിയുന്നു.

ഭൂമിശാസ്ത്രപരമായ ഉപഭാഷാപഠനം ചരിത്രസത്യങ്ങൾ മനസിലാക്കാൻ സഹായിക്കുന്നു എന്ന കാര്യം പറഞ്ഞിട്ടുള്ളതാണ്. സ്ഥലനാമങ്ങൾ പലതും ഭൂമിശാസ്ത്രവും ചരിത്രവും അനുസ്മരിപ്പിക്കുന്നവയാണ്. മലയാളത്തിലെ ചില ഉദാഹരണങ്ങൾ പരിശോധിക്കാം. 'കൊല്ലം' എന്ന സ്ഥലനാമം തന്നെ എടുക്കുക. കൊ + ഇല്ലമാണ് 'കൊല്ല'മായത്. 'കോ' - എന്ന വാക്കിനർഥം രാജാവ് എന്നാണ്. 'കോതാണു ഇരവിവർമ്മൻ' എന്ന് ശാസനത്തിൽ പരാമർശിക്കുന്നത്, രാജാവായ സ്ഥാണു രവിവർമ്മൻ എന്നായിരിക്കണമല്ലോ. മാത്രമല്ല കോ, കടുകോ എന്നിങ്ങനെ പദങ്ങൾ രാജാക്കന്മാരുടെ വിശേഷണമായി സംഘകൃതികളിൽ പരാമർശവുമുണ്ട്. ഇല്ലം എന്നാൽ വാസസ്ഥലം എന്നാണ്. അപ്പോൾ കൊല്ലം എന്നത് രാജാവിന്റെ വാസസ്ഥലം അഥവാ രാജകൊട്ടാരത്തിന്റെ സ്ഥലം എന്നാകുന്നു. 'ഉണ്ണുനീലിസന്ദേശ'ത്തിൽ രവിവർമ്മ ചക്രവർത്തി കൊല്ലം തലസ്ഥാനമാക്കി ഭരിച്ചുപോന്ന കാര്യം പ്രസ്താവിച്ചിട്ടുമുണ്ട്. ഇരവിപുരം, പട്ടത്താനം, കൊട്ടാരക്കര തുടങ്ങിയ സ്ഥലനാമങ്ങൾ ഇത്തരത്തിൽ ചരിത്രപരമായ യാഥാർഥ്യങ്ങൾ ഉൾകൊള്ളുന്നവയുമാണ്. ചരിത്രവും ഭൂമിശാസ്ത്രവും ഭാഷയുടെ പിറവിയ്ക്ക് എത്രമാത്രം സഹായിച്ചിട്ടുണ്ട് എന്നത് ഇത്തരം ഭാഷാഭേദപഠനത്തിലൂടെ മാത്രം മനസിലാക്കാവുന്ന കാര്യമാണ്. മലയാളഭാഷയെയും അവയിലെ ഉപഭാഷകളെയുംക്കുറിച്ചുള്ള പഠനം ഭാഷാശാസ്ത്രത്തിൽ സുപ്രധാനമായ സ്ഥാനം നിർവഹിക്കേണ്ടതാണ്. കേരളസർവകലാശാല നടത്തിയിട്ടുള്ള ചില ഗവേഷണങ്ങൾ അല്ലാതെ ഗൗരവമേറിയ സമീപനങ്ങൾ ഇനിയും വരേണ്ടിയിരിക്കുന്നു.

> ▶ ചരിത്രവും ഭൂമിശാസ്ത്രവും ഭാഷാഭേദപഠനത്തിൽ പ്രധാനമാണ്

## പരിവർത്തനമേഖല (Transition Area)

ഭാഷാഭേദപഠനത്തിൽ പ്രാധാന്യമുള്ള ഭാഗമാണ് പരിവർത്തനമേഖല. ഭാഷാഭേദങ്ങൾക്കിടയിൽ ഉണ്ടാകുന്ന മാറ്റം എന്നതാണ് പരിവർത്തനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. രണ്ടു ഭാഷാഭേദങ്ങൾ പരസ്പരം സന്ധിക്കുന്നിടത്ത് രണ്ടിന്റേയും സ്വഭാവങ്ങൾ കൂടിക്കലർന്ന പുതിയൊരു ഭാഷാരീതി കാണാം. എന്നാൽ ഇതിന്റെ അതിർത്തി എവിടെവച്ച് വേർതിരിയുന്നു എന്ന് പറയാൻ സാധ്യമല്ല. പദങ്ങൾ പലരീതിയിൽ വന്നും പോയും ഇരിക്കുന്നതുകൊണ്ട് ഇതെപ്പോഴും ബാഹ്യപ്രേരണയ്ക്കു വശംവദമായിത്തീരാറുണ്ട്. ഇങ്ങനെ ബാഹ്യപ്രേരണകൊണ്ട് വ്യത്യസ്ത ഭാഷാപദങ്ങൾ വന്നുചേർന്ന് പുതിയ ഒരു ഭാഷ സംസാരിക്കുന്ന മേഖലയാണ് പരിവർത്തന മേഖല എന്നു പറയുന്നത്. സ്വന്തമായ ഒരു ഭാഷാവ്യക്തിത്വം ഈ മേഖലക്കില്ല എന്നു പറയാം. രണ്ടു ഭാഷാഭേദങ്ങളിലേയും വ്യത്യാസങ്ങളും അതിന്റെ സാരാംശങ്ങളുമെല്ലാം ഈ മിശ്രപദങ്ങളിൽ നമുക്ക് കാണാൻ കഴിയും. പരിവർത്തനത്തിന്റെയും സ്വാധീനത്തിന്റെയും അതിലംഘനത്തോടു

> ▶ ബാഹ്യപ്രേരണ കൊണ്ട് വ്യത്യസ്ത ഭാഷാപദങ്ങൾ വന്നുചേർന്ന് പുതിയ ഒരു ഭാഷ സംസാരിക്കുന്ന മേഖല

കൂടി ഈ മേഖലകൾ ഇപ്പോൾ എല്ലാ അർഥത്തിലും വിശാലമായി ത്തീരുന്നുണ്ട് എന്ന് പറയാം. കേരളത്തിന്റെ തെക്കുഭാഗത്തും ഇടുക്കിയിലെ ചില പ്രദേശങ്ങളിലുമുള്ള മലയാളവും വടക്കേയറ്റത്ത് കന്നഡവും മലയാളവും തമ്മിൽച്ചേർന്ന പരിവർത്തനമേഖലയും ഇപ്പോഴുമുണ്ട്. ഇത് 'സംക്രമണമേഖല' എന്ന പേരിലും അറിയപ്പെടുന്നു.

## വംശീയഭാഷാശാസ്ത്രം

> ▶ വംശത്തെക്കുറിച്ചുള്ള ആശയങ്ങൾ ഭാഷയെ എങ്ങനെ സ്വാധീനിക്കുന്നു

വംശം നിർമ്മിക്കാൻ മനുഷ്യൻ ഭാഷ എങ്ങനെ ഉപയോഗിക്കുന്നുവെന്നും വംശത്തെക്കുറിച്ചുള്ള ആശയങ്ങൾ ഭാഷയെയും ഭാഷ ഉപയോഗത്തെയും എങ്ങനെ സ്വാധീനിക്കുന്നുവെന്നും പരിശോധിക്കുന്ന ഭാഷാശാസ്ത്ര മേഖലയാണ് വംശീയഭാഷാശാസ്ത്രം. സാമൂഹിക ഭാഷാശാസ്ത്രത്തിൽനിന്നും നരവംശശാസ്ത്രത്തിൽ നിന്നും ഒട്ടും പിന്നിലല്ലാത്ത പ്രാധാന്യം വംശീയഭാഷാശാസ്ത്രത്തിനും ഉണ്ട്. വംശീയമായ ഒരു വിഷയത്തിൽ നിന്ന് വരുന്ന സംസാരത്തിന്റെ സങ്കീർണമായ അർഥങ്ങളും പ്രത്യാഘാതങ്ങളും മനസിലാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഭാഷയിലൂടെ ഒരാൾക്ക് ഒരു പ്രത്യേക വംശവുമായി ഉണ്ടാക്കിയ ബന്ധങ്ങൾ ഏറ്റെടുക്കാനോ ഉപേക്ഷിക്കാനോ അടിച്ചേല്പിക്കാനോ കഴിയും.

### പലതരം ഭാഷകൾ

> ▶ ലോകത്ത് നാലായിരത്തോളം ഭാഷകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

2023-ൽ ലോക ജനസംഖ്യ 800 കോടി കഴിഞ്ഞതായി ആധികാരിക പഠനങ്ങൾ തെളിയിച്ചു കഴിഞ്ഞു. 800 കോടി ജനങ്ങൾക്കാകെ ലോകം മുഴുവനും 6000(ആറായിരം)ത്തോളം ഭാഷകൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. പ്രകൃതി വസ്തുക്കളെപ്പോലെ തന്നെ പലഭാഷകളും ഇല്ലാതാവുകയും പുതിയ ചില ഭാഷകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. നിലവിലുള്ള ഭാഷകളിൽ വളരെക്കുറച്ചു ഭാഷകൾ മാത്രമേ വളർച്ച നേടിയിട്ടുള്ളൂ. ബാക്കി ഭൂരിപക്ഷം ഭാഷകളും സംസാരഭാഷയായി മാത്രം അവശേഷിക്കുന്നു.

### വികസിത ഭാഷ- അവികസിത ഭാഷ

> ▶ ലിപിസമ്പ്രദായവും സാഹിത്യസമ്പത്തുമുള്ള ഭാഷകളാണ് വികസിതഭാഷ

ലിപിസമ്പ്രദായവും സാഹിത്യസമ്പത്തുമുള്ള ഭാഷകളാണ് വികസിതഭാഷ എന്ന ഗണത്തിൽ പെടുന്നത്. വിവിധ സാഹിത്യപ്രസ്ഥാനങ്ങളുടെ വൈവിധ്യമാർന്ന ശൈലികളും ഭാവപ്രകാശനശക്തിയും അലങ്കാര വൈചിത്രങ്ങളുമെല്ലാം വികസിത ഭാഷകളിൽ(സമ്പുഷ്ടഭാഷകളിൽ) സമ്മേളിച്ചിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ 1000-ൽ അധികം ഭാഷകൾ ഉള്ളതിൽ 22 ഭാഷകൾക്കാണ് ഭരണഘടനയുടെ 8-ാം ഷെഡ്യൂൽ പ്രകാരം വികസിത ഭാഷാപദവി ഉള്ളത്. തെക്കേ ഇന്ത്യയിൽ പ്രധാനമായും, ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ ചിതറിയ രീതിയിലും പ്രചരിച്ചിട്ടുള്ള ദ്രാവിഡ ഗോത്രത്തിൽ ഏകദേശം 73 മറ്റു ഭാഷകളുണ്ടെന്ന് കരുതപ്പെടുന്നു. തമിഴ്, മലയാളം, കന്നഡ, തെലുങ്ക് എന്നീ ഭാഷകൾ വികസിത ഭാഷകകളാണ്. ഇന്ത്യയിൽ ക്ലാസിക്കൽ പദവി ലഭിച്ചിട്ടുള്ള ആകെയുള്ള ആറു ഭാഷകളിൽ 4 ഉം ദ്രാവിഡത്തിൽ നിന്നാണെന്നത് ഏറെ അഭിമാനകരമാണ്. തുളു, ഗോണ്ടി, കുയി, ബ്രാഹൂയി തുടങ്ങിയ ബാക്കിയുള്ള ഭാഷകൾ കേവലം സംസാരഭാഷകളായി മാത്രം അവശേഷിച്ചിട്ടുള്ള ഭാഷകളാണ്.

SGOU

### ജീവൽഭാഷ-മൃതഭാഷ

ഭാഷയെ, ഭാഷാശാസ്ത്രകാരന്മാർ നിത്യോപയോഗത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ ജീവൽഭാഷയെന്നും മൃതഭാഷയെന്നും രണ്ടായിതിരിക്കുന്നു. ഒരു കാലത്ത് നിത്യോപയോഗ ഭാഷയായി പ്രചരിച്ചിരുന്ന ഭാഷ പിൽക്കാലത്ത് സംഭാഷണ ഭാഷ അല്ലാതായി വെറും ഗ്രന്ഥഭാഷ മാത്രമായിത്തീർന്ന സ്ഥിതിവിശേഷം ലോകഭാഷകളിൽ ചിലതിന് വന്നുച്ചേർന്നിട്ടുണ്ട്. സംസ്കൃതം, ലാറ്റിൻ എന്നീ ഭാഷകൾ ഇതിനുദാഹരണമാണ്. ഇന്ത്യയിൽ ആര്യാധിപത്യം മുതൽ(വൈദികകാലം മുതൽ) പ്രചാരത്തിലിരുന്നതും വളരെയധികം വികാസം പ്രാപിച്ചതുമായ ഭാഷയായിരുന്നു സംസ്കൃതം. സഹസ്രാബ്ദങ്ങളോളം സംസ്കൃതം പ്രധാന ഭാഷയായിത്തന്നെ വിരാജിച്ചിരുന്നു. എല്ലാ ശാസ്ത്ര-സാഹിത്യശാഖകളും സംസ്കൃതത്തിൽ ശക്തി പ്രാപിച്ചിരുന്നു. ഒരു കാലത്ത് ഇന്ത്യയിലെ ഉന്നതവിദ്യഭ്യാസമേഖല തന്നെ സംസ്കൃതത്തിന്റെ ആധിപത്യത്തിൻ കീഴിലായിരുന്നു. ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെ വളർച്ചയിലെ മുഖ്യഘടകം സംസ്കൃതമായിരുന്നു. എന്നാൽ ഇന്ന് സംസ്കൃത ഭാഷയുടെ സ്ഥിതി പൂർവകാല സൗഭാഗ്യത്തിന്റെ മാറ്റിലല്ല. ഇന്ത്യയിൽ സംസ്കൃതം ഇന്ന് സംസാര ഭാഷ അല്ലാതായിത്തീർന്നിരിക്കുന്നു. ഇങ്ങനെയുള്ള ഭാഷകളാണ് മൃതഭാഷകൾ. ഭാഷ മരിച്ചു എന്നല്ല സാർവത്രിക പ്രഭാവം നഷ്ടപ്പെട്ടു എന്നു മാത്രമേ മൃതഭാഷ എന്ന പദം കൊണ്ട് അർഥമാക്കേണ്ടതുള്ളൂ.

> ▶ സംഭാഷണ ഭാഷ അല്ലാതായി വെറും ഗ്രന്ഥ ഭാഷ മാത്രമായിത്തീർന്ന സ്ഥിതി

> ▶ മൃതഭാഷയായിത്തീർന്ന മറ്റൊരു ഭാഷയാണ് ലാറ്റിൻ

> ▶ നിത്യോപയോഗത്തിലിരിക്കുന്ന ഭാഷകളാണ് ജീവൽ ഭാഷകൾ

ലോകഭാഷകളിൽ ലാറ്റിനും ഇത്തരത്തിൽ മൃതഭാഷയായിത്തീർന്ന മറ്റൊരു ഭാഷയാണ്. സംസ്കൃതത്തെപ്പോലെ തന്നെയുള്ള പ്രൗഡിയും പാരമ്പര്യവും ലാറ്റിനുമുണ്ടായിരുന്നു. ആധുനിക യൂറോപ്യൻ ഭാഷകളുടെ ശക്തിയും സ്രോതസ്സുമായിരുന്നു ലാറ്റിൻ. എന്നാൽ ഇന്ന് പുരോഹിതന്മാരുടെ നാവിൻ തുമ്പിലും പഴയ ഗ്രന്ഥങ്ങളിലുമായി പ്രചാരം കുറഞ്ഞ ഭാഷയായി ലാറ്റിൻ മാറിയിരിക്കുന്നു.

നിത്യോപയോഗത്തിലിരിക്കുന്ന ഭാഷകളാണ് ജീവൽ ഭാഷകൾ (Living Language). ഒരു പ്രത്യേക ജനവിഭാഗം ആശയവിനിമയത്തിന് ഉപയോഗിച്ചുവരുന്ന ഭാഷയെ ജീവൽ ഭാഷയെന്ന് വിളിക്കാം. സംസാരഭാഷയെന്ന നിലയിൽ സജീവമാണ് ജീവൽ ഭാഷ. ഉദാ: ഇംഗ്ലീഷ്, മലയാളം, തമിഴ്.

## സാമൂഹികഭാഷാശാസ്ത്രം

> ▶ സമൂഹവും ഭാഷയും തമ്മിലുള്ള ഘടനാപരമായ ബന്ധം സ്പഷ്ടമായി പഠിക്കുന്നു

മനുഷ്യചരിത്രവും ഭാഷയുമായി ബന്ധമുള്ള ഭാഷാശാസ്ത്രശാഖയാണ് സാമൂഹികഭാഷാശാസ്ത്രം. സമൂഹം, പ്രദേശം എന്നീ രണ്ടു ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ ഭാഷയ്ക്കുള്ളിൽ വരുന്ന മാറ്റങ്ങളെപ്പറ്റി വിശദമായും സൂക്ഷ്മമായും പഠിക്കാൻ പറ്റുകയുള്ളൂ. സമൂഹത്തിന്റെ ഘടനയെ ആ സമൂഹത്തിലെ ആളുകൾ സംസാരിക്കുന്ന ഭാഷാഭേദങ്ങളുടെ ഘടനയുമായി ബന്ധപ്പെടുത്തി പഠിക്കുന്നതിന് ഭാഷാശാസ്ത്രത്തിൽ നിലവിലുള്ള പഠനശാഖയാണ് സാമൂഹികഭാഷാശാസ്ത്രം (Socio Lingustics).

സമൂഹത്തിലെ ഓരോ ഘടകങ്ങളും ഭാഷയെ എങ്ങനെയാണ് സ്വാധീനിക്കുന്നതെന്ന് കണ്ടെത്താൻ ഈ പഠനമേഖല ശ്രമിയ്ക്കു



SGOU

ന്നു. ഭാഷണം നടക്കുന്ന പശ്ചാത്തലവും സന്ദർഭവും കൂടി ഇതിൽ നിരീക്ഷണ വിധേയമാക്കുന്നു. സാമ്പത്തികഘടന അധികാരഘടന എന്നിവ സൃഷ്ടിയ്ക്കുന്ന അന്തരങ്ങൾ ഭാഷയിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഒരു സമൂഹത്തിൽ നിലനില്ക്കുന്ന എല്ലാവിധ വ്യത്യാസങ്ങളും ഭാഷാപ്രയോഗത്തിലൂടെ വ്യക്തമാക്കുന്നു. മതം, ജാതി, തൊഴിൽ, ലിംഗം എന്നിവ ഭാഷണവ്യത്യാസങ്ങൾക്ക് കാരണമാകുന്നു. പത്രഭാഷ, പ്രസംഗഭാഷ, പരസ്യഭാഷ, വ്യാപാരികളുടെ ഭാഷ. കോടതിഭാഷ തുടങ്ങി വിവിധ മേഖലകളിൽ ഉപയോഗിക്കുന്ന ഭാഷയ്ക്കുള്ള വ്യത്യാസം സാമൂഹികഭാഷാവിജ്ഞാനത്തിന്റെ പഠനമേഖലകളിലൊന്നാണ്. ഇപ്രകാരം ഭാഷാപ്രയോഗങ്ങളിൽ വ്യത്യാസമുണ്ടാക്കുന്ന സാമൂഹികാവസ്ഥയെ സാമൂഹികാചരങ്ങൾ (Social Variets) എന്നു പറയുന്നു. സമൂഹവിജ്ഞാനം (Sociology) നരവംശശാസ്ത്രം (Anthropology)സമൂഹമനഃശാസ്ത്രം (Social Psychology) എന്നീ മേഖലകളുമായി സാമൂഹിക ഭാഷാശാസ്ത്രം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹികഭാഷാവിജ്ഞാനത്തിലെ അന്വേഷണം ഭാഷാഭേദവിജ്ഞാനത്തിലെ പഠനപരിധിയേക്കാൾ വിപുലമാണ്. ഭാഷാഭേദ പഠനത്തെ സാമൂഹികഭാഷാ വിജ്ഞാനത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ഭാഷാശാസ്ത്ര വിവേകത്തിൽ കെ. എം. പ്രഭാകരവാര്യർ പറയുന്നുണ്ട്.

- ഒരു സമൂഹത്തിൽ നിലനില്ക്കുന്ന എല്ലാവിധ വ്യത്യാസങ്ങളും ഭാഷാപ്രയോഗത്തിലൂടെ വ്യക്തമാക്കുന്നു

## സാമൂഹിക ഭാഷാഭേദങ്ങൾ

രാഷ്ട്രീയം, മതം, ജാതി, തൊഴിൽ ഇവയുടെ അടിസ്ഥാനത്തിലുള്ള ഉപസമൂഹങ്ങളുടെ വ്യതിരിക്ത ഭാഷാസ്വഭാവങ്ങളെയാണ് സാമൂഹിക ഭാഷാഭേദങ്ങൾ എന്നു പറയുന്നത്. സാമൂഹികഭാഷാഭേദങ്ങൾ പ്രാദേശികഭാഷാഭേദങ്ങളുടെ ഭാഷാഭേദം മാത്രമാണ്. കാരണം സാമൂഹിക ഭാഷാഭേദങ്ങൾക്ക് സാർവത്രികമായ സമാനസ്വഭാവമില്ല. പ്രാദേശിക അടിസ്ഥാനത്തിൽ ഭാഷാഭേദങ്ങളെ വേർതിരിച്ചു കാണിക്കുംപോലെ ഈഴവ ഭാഷ, നമ്പൂതിരി ഭാഷ, മുസ്ലീം - ക്രിസ്ത്യൻ ഭാഷ എന്ന് വേർതിരിച്ച് കാണിക്കാനാവില്ല. പ്രാദേശിക ഭാഷാഭേദങ്ങളുടെ പൊതുസ്വഭാവങ്ങളിൽ പലതും സാമൂഹികഭാഷാഭേദങ്ങളും നിലനിർത്തിയിരിക്കും. കുടുംബബന്ധനാമങ്ങൾ, തൊഴിൽപരമായ പദങ്ങൾ, എന്നിവയിലാണ് പ്രധാനമായും അവ വ്യത്യാസം പുലർത്തുന്നത്. ഉച്ചാരണ രീതിയിലെ വ്യത്യാസങ്ങൾ, ഭാഷാഭേദങ്ങളെ അകറ്റിനിർത്തുകയും അവയ്ക്ക് തനിമ നൽകുകയും ചെയ്യുന്നു.

- സാമൂഹിക ഭാഷാഭേദങ്ങൾക്ക് സാർവത്രികമായ സമാനസ്വഭാവമില്ല

## വിദൂര ഭാഷാഭേദങ്ങൾ

ഒരു ഭാഷയുടെ മുഖ്യമണ്ഡലത്തിൽ നിന്ന് ചരിത്രപരമായ കാരണങ്ങളാൽ വളരെ അകന്നു നിൽക്കുന്ന സമൂഹങ്ങൾ ഉണ്ടാവാം. അവരുടെ വ്യവഹാരഭാഷകൾ പദപ്രയോഗത്തിലും വ്യാകരണകാര്യത്തിലും വളരെ അകൽച്ച കാണിച്ചെന്നും വരാം. ഇത്തരം ഭാഷാഭേദങ്ങളാണ് വിദൂരഭാഷാഭേദം. ഉദാ: ആദിവാസി, ഗിരിവർഗക്കാർ എന്നിവരുടെ ഭാഷകൾ.

- ഭാഷയുടെ മുഖ്യമണ്ഡലത്തിൽ നിന്ന് അകന്നു നിൽക്കുന്ന സമൂഹത്തിന്റെ ഭാഷ

# ഭാഷാസമ്പർക്ക പഠനം (Language Contact)

## ആദാനം

ഒരു ഭാഷാമൂലകത്തെ മറ്റൊരു ഭാഷയിൽ നിന്ന് സ്വീകരിക്കുന്ന പ്രക്രിയയാണ് ആദാനം. ഭാഷാപരിണാമത്തിന്റെ കാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ആദാനം. മറ്റുഭാഷ സംസാരിക്കുന്നവരുമായി സമ്പർക്കത്തിലേർപ്പെടുമ്പോൾ അവരുടെ ഭാഷയുടെ സ്വാധീനം നമ്മുടെ ഭാഷയിൽ കടന്നുവരുന്നത് സ്വാഭാവികമാണ്. ഭരണസിരാകേന്ദ്രങ്ങൾ, വ്യാപാരം, അതിർത്തിപ്രദേശങ്ങൾ, പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങൾ തുടങ്ങി നിരവധി ഘടകങ്ങളാണ് ഇത്തരത്തിൽ ഭാഷാസമ്പർക്കത്തിന് കാരണമാകുന്നത്. ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനം അവരുടെ കോളനികളായിരുന്ന രാജ്യങ്ങളിൽ കൂടുതലായി വന്നത് ഇതിനു മികച്ച ഉദാഹരണമാണ്. കോമൺ വെൽത്ത് രാജ്യങ്ങളിലെ ഇംഗ്ലീഷ് പ്രചാരം ഇങ്ങനെ വന്നതാണ്. ഭാഷാസമ്പർക്കപഠനത്തിൽ ആദാനം മൂലമുണ്ടാകുന്ന ഭാഷാപരിണാമങ്ങൾ ശ്രദ്ധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകാറുണ്ട്. രണ്ടു ഭാഷകളുടെ സമ്പർക്കഫലമായുണ്ടാകുന്ന പരിണാമങ്ങൾ ചില കാര്യങ്ങളിൽ താത്ക്കാലികമായിരിക്കും. പദങ്ങളുടെയും വർണ്ണങ്ങളുടെയും സ്വാധീനം സ്ഥിരമായ പരിണാമങ്ങൾക്ക് കാരണമാകുമെങ്കിലും വ്യാകരണപരമായ കാര്യങ്ങളിൽ ചില കാര്യങ്ങളിൽ താത്ക്കാലികമാകാറാണ് പതിവ്. എന്നാൽ ചിലപ്പോൾ മാത്രം സ്ഥിരമായ പരിണാമങ്ങൾ സംഭവിക്കാറുണ്ട്.

> ▶ ഭാഷകളുടെ സമ്പർക്കഫലമായുണ്ടാകുന്ന പരിണാമങ്ങൾ ചില കാര്യങ്ങളിൽ താത്ക്കാലികമായിരിക്കും

ഒരു ഭാഷ മറ്റൊരു ഭാഷയിൽ നിന്ന് സ്വനമോ സ്വനിമമോ അല്ലെങ്കിൽ രൂപിമം, പദം, പ്രയോഗവിശേഷം ഇവയിൽ ഏതിന്റെയെങ്കിലും ഭാഗികമോ പൂർണമോ ആയ കടംവാങ്ങലാണ് ആദാനം എന്നുപറയുന്നത്. മറ്റൊരു ഭാഷയിൽനിന്നു ആദാനം ചെയ്യപ്പെട്ട വാക്കിന് വായ്പാവാക്ക് അല്ലെങ്കിൽ ആദത്തപദം (Loan word) എന്നാണ് പറയുന്നത്.

> ▶ മറ്റൊരു ഭാഷയിൽ നിന്നുള്ള കടംവാങ്ങൽ

വ്യക്തികൾ തമ്മിൽ വിഭിന്നഭാഷകളോ ഉപഭാഷകളോ വ്യക്തിഭാഷകളോ സംസാരിക്കുമ്പോൾ തമ്മിൽ ഇടപഴകുമ്പോൾ ഭാഷാസമ്പർക്കമുണ്ടാകുന്നു. ഭാഷാസമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയുടെ ഭാഷയ്ക്കു പ്രാഥമികഭാഷ (Primary Language) എന്നു പറയുന്നു. ഇതുതന്നെയാണ് മാതൃഭാഷ എന്നർഥമാക്കുന്നത്. ഏതു ഭാഷയുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നുവോ അതിനു ദ്വിതീയഭാഷ (secondary language) എന്നു പറയുന്നു.

> ▶ പ്രാഥമികഭാഷയും ദ്വിതീയഭാഷയും

## ആദാനകാരണങ്ങൾ

ആദാനം നടക്കുന്നതിന് പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്.

1. **ആവശ്യനിർവഹണം** (Need - Filling Motive)

മറ്റ് ദേശത്തിലുള്ളവരുമായി സമ്പർക്കത്തിലേർപ്പെടുമ്പോൾ അവർ ഉപയോഗിക്കുന്ന ചില വസ്തുക്കളെക്കുറിക്കാൻ നമ്മുടെ ഭാഷയിൽ പകരം പദങ്ങൾ ഉണ്ടായിരിക്കണമെന്നില്ല. ഉദാ: ഇംഗ്ലീഷിൽനിന്ന് ബഞ്ച്, ഡസ്ക്, ചോക്ക്, പെൻസിൽ മുതലായ പദങ്ങൾ സ്വീകരിക്കാൻ കാരണം ഇതാണ്.

> ▶ ആവശ്യംനടക്കുന്നതിന് വേണ്ടി

SGOU

**2. മാന്യതാബോധം (Prestige Motive)**

> ▶ മാന്യത പോര എന്ന തോന്ന ലിൽ അന്യഭാ ഷാപദങ്ങൾ പകരം ഉപയോ ഗിക്കുന്നു

നാട്ടുപദങ്ങളിൽ ചിലതിന് മാന്യത പോര എന്ന തോന്നലിൽ അന്യ ഭാഷാപദങ്ങൾ പകരം ഉപയോഗിക്കുന്നു. സംസ്കൃതഭാഷാ സ്വാധീനം മലയാളത്തിൽ വ്യാപിച്ച കാലത്താണ് തന്ത, തള്ള, ചൊറി തുടങ്ങിയ പദങ്ങൾ മാന്യത പോരാഞ്ഞിട്ട് അച്ഛനും, അമ്മയും, വ്രണവുമൊക്കെ ആയത്. പുതിയ കാലത്ത് ഇംഗ്ലീഷുകാർ ഭരണാധികാരികളായപ്പോൾ നമ്മുടെ മിക്ക മലയാള പദങ്ങളും ഇംഗ്ലീഷ് മാന്യതയിലേയ്ക്ക് മാറി. മുഖം, FACE ആയതും, ഉച്ചയൂണ് LUNCH ആയതുമൊക്കെ അങ്ങനെയാണ്.

## തത്ഭവം - തത്സമം

വായ്പാപദങ്ങൾക്ക് സമാനമായ അക്ഷരങ്ങൾ പ്രസ്തുതഭാഷയിൽ ഇല്ലായെങ്കിൽ ആ ഭാഷയുടെ സ്വനിമഘടനയ്ക്കനുസരിച്ച് രൂപമാറ്റം സംഭവിക്കുന്നു. ഇതിനെയാണ് തത്ഭവം എന്നു പറയുന്നത്.

> ▶ വായ്പാപദങ്ങൾക്ക് ആ ഭാഷയുടെ സ്വനിമഘടനയ്ക്കനുസരിച്ച് രൂപമാറ്റം സംഭവിക്കുന്നു

ഉദാ: പ്രാചീനമലയാളത്തിൽ അ, ആ, ഇ, ഈ, ഉ, ഊ, ഋ, എ, ഏ, ഐ, ഒ, ഓ, ഔ എന്നീ 12 സ്വരങ്ങളും ക, ങ, ച, ഞ, ട, ണ, ത, ന, പ, മ, യ, ര, ല, വ, ള, ഴ, റ, ന എന്നീ 18 വ്യഞ്ജനനങ്ങളുമാണ് ഉണ്ടായിരുന്നത്.

ഈയൊരു സ്വനിമഘടനയിലേക്ക് ഗജം എന്ന പദം വരികയാണെങ്കിൽ ഗ, ജ എന്നീ സ്വനിമങ്ങൾക്കു സമാനമായ സ്വനിമങ്ങൾ ഉപയോഗിച്ച് 'കചം'എന്നു എഴുതുന്നു. മറ്റ് ഉദാഹരണങ്ങൾ : ഗണപതി > കണപതി, ലക്ഷ്മണൻ > ഇലക്കണൻ, ഫാത്തിമ > പാത്തുമ്മ.

> ▶ അതേപടി സ്വീകരിക്കുന്നു

വായ്പാപദങ്ങൾക്ക് സമാനമായ സ്വനിമങ്ങൾ സ്വീകരിക്കേണ്ട ഭാഷയിൽ പുതുതായി നിർമ്മിക്കുകയോ വായ്പാപദങ്ങൾ അതേപടി സ്വീകരിക്കുന്നതോ ആണ് തത്സമം എന്നു പറയുന്നത്. സൂര്യൻ - ചുരിയൻ എന്ന്എഴുതാതെ സൂര്യൻ എന്നും ഉപയോഗിക്കുന്നു. ഗോപുരം - കോപുരം എന്ന് എഴുതാതെ ഗോപുരം എന്ന് ഉപയോഗിക്കുന്നു.

**മലയാളത്തിലെ ചില ഇംഗ്ലീഷ് ആദാനവാക്കുകൾ**

| **ഇംഗ്ലീഷ്** | **മലയാളത്തിൽനിന്നും മറ്റ് ഭാഷകളിലേക്ക് സ്വീകരിച്ചപദങ്ങൾ** |
|---|---|
| കേക്ക് | കയർ (coir) |
| ടിക്കറ്റ് | തേക്ക് (Teak) |
| ടോൾ | കൊപ്ര (Copra) |
| ബില്ല് | ചാക്ക് (Sack) |
| ഡ്രൈവർ | കാശ് (Cash) |
| ബഞ്ച് | പയറ്റ് (tight) |
| ഡക്സ് | കറി (curry) |
| ടാങ്ക് | |
| സർക്കുലർ | |
| ചാർജ്ജ് | |

SGOU

**മലയാളത്തിലെ ചില ആദാനവാക്കുകൾ**

| സംസ്കൃതം | ഹിന്ദി | മറാത്തി | പേർഷ്യൻ |
|---|---|---|---|
| അവധി | ആട്ട | കന്തല | അച്ചാർ |
| അശുദ്ധം | ഖദർ | ജിലേബി | അബ്കാരി |
| ക്ഷതം | ഗോസായി | ഠാണാവ് | കാക്കി |
| പ്രദക്ഷിണം | ഡപ്പി | ഡംഭ് | ചപ്പാത്തി |
| ഭർത്താവ് | ദോത്തി | തപാൽ | തമാശ |
| മുഖവുര | പൈജാമ | സാമ്പാറ് | പീരങ്കി |
| ശല്യം | ലഡ്ഡു | സേമിയാ | ബിനാമി |

| ഹീബ്രു | അറബി | സുറിയാനി |
|---|---|---|
| ഈശോ | അത്തർ | കപ്യാർ |
| കാനാൻ | ഇൻകുലാബ് | കലദായ |
| മെത്ത | ഉറുമി | കൂദാശ |
| ലേവി | താലൂക്ക് | സൂസന്ന |
| ശലോമി | വക്കീൽ | പെസഹ |
| സാറാ | രാജി | ദേവസ്സി |
| മിഖായേൽ | മൈതാനം | കുർബാന |

| ഗ്രീക്ക് | ലത്തീൻ | പോർത്തുഗീസ് |
|---|---|---|
| അക്കാദമി | ആൾത്താര | അലമാര |
| അഥീന | ഓഡിറ്റോറിയം | ഇസ്തിരി |
| ബൈബിൾ | കത്തോലിക്കൻ | കപ്പേള |
| മാർക്കോസ് | കർദ്ദിനാൾ | കശുമാവ് |

| | | |
|---|---|---|
| ലെക്സിക്കൻ | ക്രിസ്ത്യാനി | കുമ്പസാരം |
| സിമ്പോസിയം | സർക്കസ് | തൂവാല |
| പൌലോസ് | സെമിത്തേരി | പട്ടാളം |

### ആദാനപരിവൃത്തി (Loanshift)

▶ ഉള്ള പദങ്ങളിൽ നിന്ന് പുതിയത് സൃഷ്ടിക്കുന്നു

പുതിയയൊരു ആശയം കുറിക്കുന്നതിന് പദം വേണ്ടിവരുമ്പോൾ കടമെടുക്കാതെ പഴയപദങ്ങൾ പുതിയ അർഥത്തിൽ ഉപയോഗിക്കുകയോ സ്വന്തമായുള്ള രൂപങ്ങളിൽ നിന്നുതന്നെ പുതിയ പദങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്നതിന് ആദാനപരിവൃത്തി എന്നു പറയുന്നു. ഉദാ: ക്രിസ്തുമതവും ഇസ്ലാമതവും കേരളത്തിൽ വന്നപ്പോൾ അവരുടെ ദേവാലയങ്ങളെ കുറിക്കാൻ church, mosque എന്നീ പദങ്ങൾ കടമെടുക്കാതെ ആദരണീയം എന്നർഥത്തിലുള്ള പള്ളി എന്ന പദം ഉപയോഗിച്ചു.

### ആദാനമിശ്രിതം (Landblend)

▶ അന്യഭാഷാ പദങ്ങൾ പരിവർത്തിപ്പിക്കുന്നതാണ് ആദാനമിശ്രിതം

അന്യഭാഷാ പദങ്ങൾ സ്വന്തം വാക്യഘടനയ്ക്ക് ഉചിതമായ രീതിയിൽ പരിവർത്തിപ്പിക്കുന്നതാണ് ആദാനമിശ്രിതം. ആദാനപദത്തോടൊപ്പം ആദാനപരിവൃത്തിയും ചേർക്കുന്നതിന്, അതായത് വായ്പയെടുത്ത പദം സ്വന്തം ഭാഷയിലെ പ്രത്യയത്തോടോ പ്രകൃതിയോടെ ചേർത്ത് ഉപയോഗിക്കുന്നതിന് 'ആദാനമിശ്രിതം' എന്നു പറയുന്നു. ബസ്സിൽ, മൊബൈലിൽ എന്നീ ഉദാഹരണങ്ങളിൽ മലയാള പ്രത്യയങ്ങൾ ഇംഗ്ലീഷ് പദങ്ങളോട് എഴുതിയിരിക്കുന്നു.

### ആദാനസ്വഭാവം (Borrowing Habit)

▶ ആദാനം ചെയ്യപ്പെടുന്ന പദങ്ങളെ സ്വാഭാവികമായിപ്രയോഗിക്കുന്നു

ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്കോ ഒരു ഉപഭാഷയിൽനിന്നു മറ്റൊരു ഉപഭാഷയിലേക്കും ഒരു വ്യക്തിഭാഷയിൽനിന്നു മറ്റൊരു ഭാഷയിലേക്കോ ചില ഭാഷാമൂലകങ്ങൾ സ്വീകരിക്കപ്പെടുന്നതിനാണ് ആദാനം എന്നു പറയുന്നത്. ഇങ്ങനെ ആദാനം ചെയ്യപ്പെടുന്ന പദങ്ങളെ തങ്ങളുപയോഗിക്കുന്ന ഭാഷാമൂലകങ്ങളിലെ പ്രത്യേകതകളുമായി സ്വാഭാവികമായി ചേർത്ത് പ്രയോഗിക്കപ്പെടുന്നു. സംസ്കൃതപദങ്ങൾ സ്വീകരിക്കുമ്പോൾ, ധാതുവിനോട് - 'ഇ' എന്ന പ്രത്യയം ചേർത്ത് ക്രിയാംഗം ഉണ്ടാക്കി ഭൂതകാലരൂപസിദ്ധിക്ക് -'ച്ചു' എന്ന് ചേർക്കുന്നതാണ് മലയാളത്തിന്റെ ആദാനസ്വഭാവം. (ആഗമിച്ചു (ആഗമ്), നമിച്ചു (നമ്), ക്രോധിച്ചു (ക്രോധ്)

## സങ്കരഭാഷയും വെങ്കലഭാഷയും (Pidgin & Creole)

വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ പരസ്പരം ഇടപഴകേണ്ടി വരുമ്പോൾ ഇരുഭാഷകളും ചേർന്ന് പുതിയൊരു ഭാഷാരൂപം സൃഷ്ടിക്കപ്പെടുന്നു. ഇത്തരത്തിൽ താത്കാലികാവശ്യത്തിനായി സൃഷ്ടിക്കപ്പെടുന്ന ഭാഷയാണ് സങ്കരഭാഷ **(Pidgin)**. പ്രാചീനകാലത്ത് വിദേശവാണിജ്യ ബന്ധത്തിന്റെ ഫലമായോ രണ്ടു വ്യത്യസ്ത ഭൂപ്രദേശങ്ങളു

SGOU

ടെ അതിർത്തി പ്രദേശങ്ങളിലോ ആണ് ഇത്തരത്തിലുള്ള സങ്കരഭാഷകൾ സൃഷ്ടിക്കപ്പെടുന്നത്. അന്യഭാഷയിലെ പദസമൂഹങ്ങൾ സ്വന്തം ഭാഷയിലെ ഘടനാരീതിയുമായി ബന്ധിച്ചാണ് ഇത്തരം ഭാഷകൾ രൂപം കൊള്ളുന്നത്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വിശേഷിച്ച് വാണിജ്യകേന്ദ്രങ്ങളിൽ ഇങ്ങനെയുള്ള സങ്കരഭാഷകൾ ഉണ്ടായിട്ടുണ്ട്. സങ്കരഭാഷകൾ ആരുടേയും മാതൃകകളല്ല.

> ▶ താത്കാലികാവശ്യത്തിനായി സൃഷ്ടിക്കപ്പെടുന്ന ഭാഷ

കേരളത്തിൽ ആര്യാധിനിവേശം തുടങ്ങിയ നാളുകളിൽ സംസ്കൃതവും തദ്ദേശീയമായ ഭാഷയും ചേർന്ന് ആശയവിനിമയത്തിനായി സങ്കരഭാഷ രൂപം കൊണ്ടിട്ടുണ്ട്. അതുപോലെ തന്നെ ഇപ്പോഴും തമിഴ്നാടും കർണ്ണാടകവുമായൊക്കെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ താത്കാലികാശയവിനിമയത്തിനായി സങ്കരഭാഷ നിലനിൽക്കുന്നുണ്ട്.

> ▶ അതിർത്തി പ്രദേശത്തെ ഭാഷ

അറ്റ്ലാന്റിക് - പെസഫിക് - ഇന്ത്യൻ മഹാസമുദ്രതീരങ്ങളിലെ പല പ്രദേശങ്ങളിലെയും വാമൊഴികൾക്ക് പതിനേഴ് പതിനെട്ട് നൂറ്റാണ്ടുകൾക്കിടയിലെ യൂറോപ്യൻ അധിനിവേശശക്തികളുടെ മാനകേതരഭാഷാഭേദങ്ങളോടുണ്ടായ സമ്പർക്കത്തിന്റെ ഫലമായി നിരവധി സങ്കരഭാഷകൾ ഉണ്ടായിട്ടുണ്ട്. കൂടുതലും വാണിജ്യാവശ്യങ്ങൾക്കാണ് ഇത്തരം ഭാഷകളുണ്ടാവുന്നത്. അതുകൊണ്ടുതന്നെ സങ്കരഭാഷയെ 'കച്ചവടഭാഷ' എന്നും പറയുന്നു. രണ്ടു വ്യത്യസ്ത ഭാഷകൾ തമ്മിൽ കൂടിച്ചേരുന്ന ഇടങ്ങളിലുള്ള പ്രബലഭാഷയുടെ പദസഞ്ചയമായിരിക്കും സങ്കരഭാഷയ്ക്കുണ്ടാകുക. വാക്യഘടനയും മറ്റും ന്യൂനഭാഷയുടേതായിരിക്കും. ഇംഗ്ലീഷ് മറ്റേതെങ്കിലും യൂറോപ്യൻഭാഷ എന്നിവയും പ്രാദേശികമായ ഭാഷകളിൽ ഒന്നും കൂടി ചേർന്നുള്ള ഭാഷാമിശ്രങ്ങളാണ് സങ്കരഭാഷകളിൽ കൂടുതലും. പ്രഭവഭാഷകളെക്കാൾ ഘടനാപരമായ ലാഘവം എല്ലാ സങ്കരഭാഷകളുടെയും സവിശേഷതകളാണ്.

> ▶ ഘടനാപരമായ ലാഘവം

ഉദാ: വാണിജ്യാവശ്യങ്ങൾക്കായി ചൈനയിലെ കാന്റൺ പ്രദേശത്ത് ഉടലെടുത്ത ചൈനീസ് - ഇംഗ്ലീഷ് സങ്കരഭാഷ.

### വെങ്കലഭാഷ

സങ്കരഭാഷ, ഉപയോഗിച്ചിരുന്ന ജനവിഭാഗങ്ങൾ ആ ഭാഷ തലമുറകളിലൂടെ ഉപയോഗിച്ച് പിൽക്കാലത്ത് ആ ജനവിഭാഗത്തിന്റെ മാതൃഭാഷ ആയിത്തീരുന്നു. ഇതിനെയാണ് 'വെങ്കലഭാഷ' എന്നു പറയുന്നത്. കാലക്രമത്തിൽ അത്തരം ഭാഷകൾ സ്ഥിരം ഭാഷയായിത്തീരുകയും ചെയ്യുന്നു. താൽക്കാലികാവശ്യത്തിനുപയോഗിച്ചിരുന്ന മിശ്രഭാഷ ഏതാനും മാറ്റങ്ങളോടെ അനന്തര തലമുറകളുടെ മാതൃഭാഷയായിത്തീരുന്ന സംഭവം പലസ്ഥലങ്ങളിലുമുണ്ടായിട്ടുണ്ട്. ഇന്ന് ചില ജനവിഭാഗങ്ങളുടെ ഭാഷകൾ ഇങ്ങനെ സങ്കരഭാഷകളിൽ നിന്നും രൂപപ്പെട്ട വെങ്കലഭാഷകളാകുന്നു. വെങ്കലഭാഷയെപ്പറ്റി പറയുമ്പോൾ മലയാളത്തിനും ചില സവിശേഷതകളുണ്ട്. മലയാളഭാഷോൽപ്പത്തിയെ ആസ്പദമാക്കിയുള്ളതാണ് ഒരു വസ്തുത. നമ്പൂതിരിമാരുടെ ആഗമനകാലത്ത് അവരുടെ സംസാരഭാഷയായ സംസ്കൃതവും, തദ്ദേശീയരായ കേരളീയരുടെ തമിഴ് ഭാഷയുമായി ചേർന്ന് ഒരു സങ്കര ഭാഷ

രൂപം കൊണ്ടിരുന്നു. ആ മണിപ്രവാള ഭാഷയിൽ നിന്നാണ് ഏതാനും മാറ്റങ്ങളോടെ ഇന്നത്തെ മലയാള ഭാഷ പരിണമിച്ചെന്നുമായിരുന്നു ഒരു ഉൽപ്പത്തിവാദം. ഇളംകുളം കുഞ്ഞൻപിള്ള അവതരിപ്പിച്ച 'മിശ്രഭാഷാവാദ'ത്തിന്റെ അടിസ്ഥാനമിതാണെന്നു കരുതാം. കേരളീയ - തമിഴ് ബ്രാഹ്മണരുടെ ഗൃഹഭാഷയിൽ ഇന്നും വെങ്കലസ്വഭാവമുള്ള ഒരു ഭാഷാരീതി പ്രകടമാണ്. വളരെക്കാലത്തെ ദ്വിഭാഷ പ്രയോഗമാണ് ഇത്തരമൊരു മിശ്രഭാഷയുണ്ടാകാൻ കാരണം. കേരളത്തിൽ കൊച്ചിയിലുള്ള പോർച്ചുഗീസ് - ഇൻഡ്യൻ മിശ്രവർഗക്കാർ ഒരു കാലത്ത് ഒരുതരം മിശ്രഭാഷ ഗൃഹഭാഷയായി ഉപയോഗിച്ചിരുന്നതിനു തെളിവുണ്ട്. കൊല്ലം തങ്കശ്ശേരിയിൽ ഇംഗ്ലീഷും മലയാളവും ചേർന്നൊരു മിശ്രഭാഷാപ്രയോഗം നിലവിലുണ്ട്. നളചരിതം ആട്ടക്കഥയിലെ ഭാഷയെ എ. ആർ. രാജരാജവർമ്മ വിശേഷിപ്പിച്ചത് 'വെങ്കലഭാഷ' എന്നാണ്. കലർപ്പുഭാഷ എന്നാണദ്ദേഹം ഉദ്ദേശിച്ചത്.

- വളരെക്കാലത്തെ ദ്വിഭാഷ പ്രയോഗം

രണ്ടോ അതിലേറെയോ ഭാഷകളുടെ സമ്പർക്കഫലമായി ഉത്ഭവിച്ച സങ്കരഭാഷ മാതൃഭാഷയായി മാറുമ്പോൾ വെങ്കലഭാഷയായി മാറുന്നു. അതായത് സങ്കരഭാഷ സംസാരിക്കുന്നവരുടെ പിൻതലമുറകൾക്ക് പ്രസ്തുത ഭാഷ മാതൃഭാഷയായിത്തീരുന്നതിൽ നിന്നു രൂപം കൊള്ളുന്ന പുത്തൻഭാഷയാണ് വെങ്കലഭാഷ. ലോകത്തിന്റെ വിവിധഭാഗങ്ങളിലെ അധിനിവേശഫലമായുണ്ടായ കോളനി പ്രദേശങ്ങളിലാണ് വെങ്കലഭാഷ (ക്രിയോളു) രൂപംകൊണ്ടത്. 'ക്രിയോൾ' എന്ന പദത്തിന്റെ പ്രാഥമികാർഥം യൂറോപ്പിൽപ്പിറന്ന് ഏതെങ്കിലും ഉഷ്ണമേഖല രാജ്യത്തിലും വളർന്നയാൾ എന്നായിരുന്നു. ക്രമേണ യൂറോപ്പിലെയും ഉഷ്ണമേഖലയിലെയും ഭാഷകളുടെ കൂടി കലർപ്പിനെക്കുറിക്കാനും കോളനികളിലെയും കരീബിയൻ/ആഫ്രിക്കൻ വംശജരുടെയും ഭാഷകളെ കുറിക്കാനും ഈ പദം ഉപയോഗിച്ച് തുടങ്ങി.

- അധിനിവേശഫലമായുണ്ടായ കോളനി പ്രദേശങ്ങളിലാണ് വെങ്കലഭാഷ രൂപം കൊണ്ടത്

## മാനകഭാഷ

ആശയവിനിമയത്തിനുള്ള ഉപാധികളിൽ പ്രധാനപ്പെട്ടതാണ് ഭാഷ. ഭാഷാശാസ്ത്രകാരന്മാർ ഭാഷയ്ക്ക് പല വിധ നിർവചനങ്ങൾ നൽകിയിട്ടുണ്ട്. ഭാഷയുടെ അടിസ്ഥാനതലത്തിൽ മാത്രം ശ്രദ്ധിച്ചിട്ടുള്ളതാണ് പല നിർവചനങ്ങളും. വ്യക്തമായ വ്യവസ്ഥയോ ശുദ്ധിയോ ചന്തമോ ഇല്ലാത്ത ഭാഷയും ഭാഷയാണ്. ഇതിൽത്തന്നെ പല ഭാഷകൾക്കും ആശയവിനിമയം എന്ന പ്രാഥമിക കാര്യത്തിൽ കവിഞ്ഞ പ്രാധാന്യമൊന്നുമില്ല. കാരണം അവ മാനക ഭാഷകളല്ല. വ്യവസ്ഥാപിതമായ ഒരു ഉയർന്ന നിലവാരവും ഒരു ജനതയുടെ പൊതുവായ അംഗീകാരവും സിദ്ധിച്ച ഭാഷയാണ് മാനകഭാഷ.

- വ്യവസ്ഥാപിതമായ ഒരു ഉയർന്ന നിലവാരവും ഒരു ജനതയുടെ പൊതുവായ അംഗീകാരവും

ഒരു പൊതുഭാഷ നിലവിലുള്ള ഒരു നാട്ടിൽ നിരവധി ഭാഷാഭേദങ്ങളുണ്ടാകും. വ്യവഹാരഭാഷയ്ക്കു നിരവധി ദേശഭേദങ്ങളുണ്ടാകുമ്പോൾ ആശയവിനിമയത്തിനായി അവർക്ക് ഒരു പൊതുഭാഷ ഉണ്ടാകേണ്ടതായി വരുന്നു. ഈ പൊതുഭാഷയായിരിക്കും പ്രസ്തുത നാടിനെ ഒരുമിച്ചു ചേർക്കുന്നതും പൊതുവായ ആശയവിനിമയത്തിന് സഹായിക്കുന്നതും. ഇപ്രകാരം സാമാന്യവിശേഷ വ്യവഹാരത്തിൽ ഐക്യരൂപമുള്ള ഭാഷയെയാണ് മാനകഭാഷ (standard language) എന്നു കൂടി പറയാവുന്നതാണ്.

- ആശയവിനിമയത്തിനായി ഒരു പൊതുഭാഷ

ഒരു നാട്ടിലെ എല്ലാവരും അംഗീകരിക്കുന്ന ഭാഷാപദങ്ങൾ ചേർത്താണ് മാനകഭാഷ നിർമിക്കുന്നത്. ഏറ്റവും അംഗീകരിക്കപ്പെടുന്നതോ എല്ലാ ഭാഷാഭേദങ്ങളിൽനിന്നും സമദൂരത്തിൽ വർത്തിക്കുന്നതോ ആയ ഭാഷാഭേദം കണ്ടെത്തി സർക്കാർ സ്ഥാപനങ്ങൾ, ഔദ്യോഗിക വാർത്താവിനിമയമാധ്യമങ്ങൾ, സാമൂഹ്യമാധ്യമങ്ങൾ, അക്കാദമികൾ എന്നിവ മുഖേന പ്രചരിപ്പിക്കുകയും നിഘണ്ടു, വ്യാകരണാദികൾ നിർമ്മിച്ച് വിപുലമായ ജനസമ്മിതി നിരന്തരപ്രയോഗത്തിലൂടെ നേടിയെടുത്തുകൊണ്ടുമാണ് ജനങ്ങൾക്കിടയിൽ മാനകഭാഷയെ പ്രതിഷ്ഠിക്കുന്നത്. ഒരു നാടിനെ സംബന്ധിച്ച് ശ്രമകരവും അത്യന്താപേക്ഷിതവുമായ കാര്യമാണ് മാനകഭാഷാരൂപീകരണം. പ്രാദേശികവാദങ്ങളെ ഇല്ലാതാക്കാനും ഒരു നാടിനെ രാഷ്ട്രീയവും സാമൂഹ്യവുമായി ഒന്നിപ്പിക്കാനും ദേശബോധം ഉണർത്താനും മാനകഭാഷയ്ക്ക് കഴിയും. തൃശ്ശൂർ മലയാളിയും തിരുവനന്തപുരം മലയാളിയും പാലക്കാട്ടു മലയാളിയും കാസർഗോഡ് മലയാളിയും സംസാരിക്കുന്ന ഭാഷ വ്യത്യസ്തമാണെങ്കിലും മലയാളിയാണെന്ന ബോധം സൃഷ്ടിച്ചെടുക്കാൻ മാനകഭാഷാരൂപീകരണത്തിലൂടെ സാധിച്ചിട്ടുണ്ട്.

- ശ്രമകരവും അത്യന്താപേക്ഷിതവുമായ കാര്യമാണ് മാനകഭാഷാരൂപീകരണം

കൃത്രിമമായി നിർമ്മിച്ചെടുക്കുന്നതാണ് മാനകഭാഷ. ഒരേ ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ നിലവിലിരിക്കുന്ന ഭാഷാഭേദങ്ങൾ ആ ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ ആശയവിനിമയത്തിന് അസാധ്യമാകുമ്പോൾ, പ്രസ്തുത കടമ്പ മറികടക്കാനാണ് മാനകഭാഷ നിർമ്മിക്കുന്നത്. ഭാഷാഭേദങ്ങളിൽ ഒരെണ്ണമല്ല മാനകഭാഷ. എല്ലാ ഭാഷാഭേദങ്ങളുടെയും സത്ത ഉൾക്കൊണ്ടുകൊണ്ട് സകലരേയും ബന്ധിപ്പിക്കാനുള്ള മാർഗം നിർമ്മിക്കുകയാണ് മാനകഭാഷയുടെ ലക്ഷ്യം.

- ഭാഷാഭേദങ്ങളിൽ ഒരെണ്ണമല്ല മാനകഭാഷ

രാഷ്ട്രീയവും സാമൂഹികവും മതപരവുമായ കാരണങ്ങൾ മാനകഭാഷയുടെ രൂപീകരണത്തെ സഹായിച്ചിട്ടുണ്ട്. ചില സംസ്കാരങ്ങളിൽ ഒരു പ്രസിദ്ധ സാഹിത്യകാരന്റെ ഭാഷ മാനകഭാഷയായി ജനങ്ങൾ അംഗീകരിച്ചെന്നു വരാം. എഴുത്തച്ഛന്റെ ഭാഷയെ മാനകഭാഷയായി അംഗീകരിച്ചതിന്റെ ഫലമായാണ് ഭാഷാപിതൃസ്ഥാനം പല സാഹിത്യ ചരിത്രകാരൻമാരും അദ്ദേഹത്തിന് നൽകിയത്. ഇറ്റാലിയൻ ജനത മാനകഭാഷയായി അംഗീകരിച്ചത് ദാന്തെയുടെ ഭാഷയെയാണ്. 'മാതൃഭാഷയിലേക്ക് മടങ്ങു' എന്ന ആഹ്വാനം തന്നെ ദാന്തെയുടേതായിരുന്നുവല്ലോ!. ഒരു പ്രത്യേക പ്രദേശത്തെ ഭാഷ മാനകഭാഷയായി ഉയർന്നതിന് ലോകഭാഷകളിൽ നിരവധി തെളിവുകളുണ്ട്. ഗ്രീക്ക്, ഫ്രഞ്ച്, ഇംഗ്ലീഷ് എന്നീ ലോകപ്രസിദ്ധ ഭാഷകളുടെ പൂർവചരിത്രം ചില പ്രത്യേക ദേശ്യഭേദങ്ങളിൽ മാത്രം ഒതുങ്ങുന്നതായിരുന്നു.

- പ്രത്യേക പ്രദേശത്തെ ഭാഷ മാനകഭാഷയായി ഉയരാം

ഒരു മാനകഭാഷ ഒരു വിഭാഗം ജനതയുടെ സാർവത്രികമായ അംഗീകാരം ഉള്ളതായിരിക്കും. ഔദ്യോഗിക കാര്യങ്ങൾക്കും സാഹിത്യാദി കലകൾക്കും വിദ്യാഭ്യാസത്തിനും പ്രഭാഷണത്തിനും ഒക്കെ ഉപയോഗപ്പെടുന്ന ഭാഷയാണ് മാനകഭാഷ.

- ജനതയുടെ സാർവത്രികമായ അംഗീകാരം

## അന്താരാഷ്ട്ര ഭാഷകൾ (International Language)

മനുഷ്യരുടെ പരസ്പര ബന്ധത്തിന് അത്യന്താപേക്ഷിതമായ ഉപാധിയാണ് ഭാഷ. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന മാനവ ജാതിയിൽ നിറം, മതം, ജാതി, രാഷ്ട്രം തുടങ്ങിയ വിവിധ വിഷയങ്ങളിൽ വൈവിധ്യം പുലർത്തുന്നുണ്ടെങ്കിലും മനുഷ്യൻ എന്ന സംജ്ഞ എല്ലാവർക്കും ഒരുപോലെ യോജിക്കുന്നതാണ്. മാനവികത എന്ന ധാര എല്ലാവരിലും ഒരുപോലെ പ്രവർത്തിക്കുന്നു എന്നർഥം. ചിന്തയിലും, വികാരത്തിലുമെല്ലാം പലപ്പോഴും ഈ ഏകത്വം പ്രകടമാകുന്നുണ്ടു താനും. എന്നാൽ വിശ്വമാനവികത എന്ന ആശയത്തിന് നാളിതുവരെ ഫലപ്രാപ്തി കൈവന്നിട്ടില്ല. അതിന് പ്രധാനമായും തടസ്സമായി നിൽക്കുന്നത് ഭാഷാവൈവിധ്യം എന്ന അപരിഹാര്യമായ കടമ്പയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിച്ചിട്ടുള്ള ഇതിഹാസങ്ങളിലും, കലാസാഹിത്യ ലക്ഷണഗ്രന്ഥങ്ങളിലുമെല്ലാം പലപ്പോഴും വിഷയം സാർവത്രികമായ മാനവികതതന്നെയാണ് (ഇലിയഡും, മഹാഭാരതവും, രാമായണവും, ഒഡീസിയും, ഭാരതമുനിയുടെ നാട്യശാസ്ത്രവും അരിസ്റ്റോട്ടിലിന്റെ 'poetics' ഉം എല്ലാം താരതമ്യം ചെയ്ത സാംസ്കാരിക ഗവേഷകരും ഈ ഏകത ചൂണ്ടിക്കാണിച്ചിട്ടുള്ളവർ തന്നെയാണ്.

> ▶ ചിന്തയിലും, വികാരത്തിലുമെല്ലാം പലപ്പോഴും ഏകത്വം പ്രകടമാകുന്നു

വിശ്വമാനവികത എന്ന ആശയം സാധ്യമാകാനുള്ള എളുപ്പവഴി ലോകം മുഴുവനുമുള്ള മനുഷ്യർക്ക് മനസിലാകുന്ന ഒരു ഭാഷ ഉണ്ടാവുക (ഉണ്ടാക്കുക) എന്നതാണ്. മാനസികവും സാമൂഹ്യവുമായ ഐക്യം മനുഷ്യവർഗത്തിൽ ആകമാനം സ്ഥാപിക്കാൻ ഒരു ലോക ഭാഷ ഉണ്ടാകേണ്ടതിന്റെ ആവശ്യകത പലകാലങ്ങളായി നിലനിൽക്കുന്നതാണ്. പൈതഗോറസിന്റെ കാലം മുതൽ ഗൊയ്ഥെ, വെൻഡൽ വിൽക്കി തുടങ്ങിയവരുടെ ഏകലോക (വിശ്വസാഹിത്യ) ആശയത്തിന്റെയൊക്കെ അടിസ്ഥാനം ഇതായിരുന്നു. 'യത്രവിശ്വം ഭവത്യേക നീഡം' എന്ന ഉപനിഷദ് വാക്യവും ഈ കാര്യത്തെ സാധൂകരിക്കുന്നു.

> ▶ ഒരു ലോക ഭാഷ ഉണ്ടാകേണ്ടതിന്റെ ആവശ്യകത

ഇന്ന് ലോകരാഷ്ട്രങ്ങൾക്കിടയിൽ പരസ്പരസഹകരണത്തിന്റെ ഇടം കൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സഹകരണത്തിൽ പരസ്പരാശയവിനിമയം ആവശ്യമായിരുന്നു. ലോകരാജ്യങ്ങളിൽ മിക്കതും വ്യത്യസ്തഭാഷകൾ സംസാരിച്ചു വരുന്നവയാണ്. രാഷ്ട്രങ്ങളും, ജനവിഭാഗങ്ങളും തമ്മിലുള്ള കൂടിയാലോചനകൾക്ക് ഏകഭാഷാബോധം ആത്യാവശ്യമാണു താനും. ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണത്തിനുശേഷം ഇത്തരമൊരു സമീപനവും എല്ലാവർക്കും ബാധകമായി ഒരു പൊതുഭാഷ രൂപീകരണവും വേണമെന്ന ആവശ്യവും ഉണ്ടായി. നിലവിലുള്ള ഏതെങ്കിലും ഭാഷയെ ലോകത്തെല്ലാവർക്കുമുള്ള ഒരു ഭാഷയായി അംഗീകരിക്കാൻ കഴിയാത്ത നിരവധി വസ്തുതകൾ ഉണ്ട്. അതിനു പല കാരണങ്ങളുമുണ്ട്. ഇംഗ്ലീഷ്, സ്പാനിഷ്, റഷ്യൻ, ഫ്രഞ്ച്, അറബ്, ജർമ്മൻ, ചൈനീസ് തുടങ്ങിയ വലിയ ഭാഷകളിലൊന്നിനെ ഏകമാധ്യമ ഭാഷയായി അംഗീകരിക്കുന്നതിൽ മറ്റു രാജ്യക്കാർക്ക് അഭിപ്രായ വ്യത്യാസമുണ്ട്.

> ▶ എല്ലാവർക്കും ബാധകമായി ഒരു പൊതുഭാഷ

SGOU

> ▶ കാര്യക്ഷമതയുടെ കാര്യത്തിൽ ഒരോ ഭാഷയും വ്യത്യസ്തമാണ്

മികച്ച ഭാഷ എന്ന പദവി ലോകത്ത് ഒരു ഭാഷയ്ക്കും നൽകാൻ ഭാഷാശാസ്ത്രപരമായി സാധ്യമല്ല. കാരണം കാര്യക്ഷമതയുടെ കാര്യത്തിൽ ഒരോ ഭാഷയും വ്യത്യസ്ത സമീപനം പുലർത്തുന്നവയാണ്. അവിടെ മികച്ചത്, നിലവാരമില്ലാത്തത് എന്ന തരംതിരിവിന് സ്ഥാനമില്ല. ഭാഷ സംസ്കാരത്തിന്റെയും, അതത് സാമൂഹ്യ പ്രവണതകളുടെയും സൃഷ്ടിയാണ്. തന്നെക്കാൾ മികച്ചതാണ് മറ്റൊരു ഭാഷയും, സംസ്കാരവും എന്ന് ആരും അംഗീകരിക്കില്ല. യൂറോപ്യൻ മനസ്, ഏഷ്യൻ മനസ് എന്നിങ്ങനെ സംസ്കാരപരമായ ഉച്ചനീച ചർച്ചകൾ ഇന്നും സജീവമാണ്.

ഓരോ ഭാഷയിലെയും അക്ഷര, പദ, വാക്യ, ഈണവ്യവസ്ഥകൾ വളരെയധികം വ്യത്യാസപ്പെട്ടുകിടക്കുന്നു. ഉദാഹരണമായി ലോകത്തിൽ ഏറ്റവും കൂടുതൽ ആൾക്കാർ സംസാരിക്കുന്ന ചൈനീസ് ഭാഷയുടെ ഭാഷാശാസ്ത്ര വ്യവസ്ഥ മറ്റുള്ളവർക്ക് ദുർഗ്രാഹമാണ്. ഇന്ന് അന്താരാഷ്ട്രഭാഷ എന്ന നിലയിൽ പലരും പറയുന്ന ഇംഗ്ലീഷിന് കോമൺവെൽത്ത് കോളനികൾക്കപ്പുറം വലിയ സ്വാധീനവുമില്ല. വ്യാകരണ, ഭാഷാശാസ്ത്ര വ്യവസ്ഥകൾ താരതമ്യേന ലളിതമായതും, ആശയവിനിമയ കാര്യക്ഷമതയുള്ളതുമായ ഒരു പൊതുഭാഷയെ ലോകഭാഷയായി അംഗീകരിക്കാമെന്നുവച്ചാൽ നിലവിലുള്ള ഒരു ഭാഷയും ആ ഗണത്തിൽ പെടില്ല. അങ്ങനെയാണ് കൃതിമമായ ഒരു ലോകഭാഷ സൃഷ്ടിച്ചെടുക്കാം എന്ന ആശയം മുന്നോട്ടു വരുന്നത്. ആദ്യമായി ഇങ്ങനെയൊരാശയം അവതരിപ്പിക്കുന്നത് 1628-ൽ ഫ്രഞ്ചു ചിന്തകനായ റെനേദെക്കാർത്തേ ആണ്. അതിനുശേഷം നിരവധി കൃതിമ ഭാഷകൾ ലോകഭാഷാ പ്രതിഷ്ഠാനത്തിനായി സൃഷ്ടിക്കപ്പെട്ടു എങ്കിലും ഒന്നും പൂർണമായി ഫലപ്രാപ്തിയിലെത്തിയില്ല. അമ്പതോളം ഭാഷകൾ ഇത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

> ▶ നിരവധി കൃതിമ ഭാഷകൾ ലോകഭാഷാ എന്ന നിലയിൽ സൃഷ്ടിക്കപ്പെട്ടു

1. വോളുവുക്ക്-(1880) ജോഹാൻ മാർട്ടിൻ ഷ്ളേയർ
2. എക്സ്പിരാന്റോ- (1887) ലൂഡ്വിഗ് ലാസറസ് സമൻഹോഫ്
3. ഇഡിയം ന്യൂട്രെൽ - (1902) വി. കെ. റോബൻ ബർഗൻ
4. ഓക്സിഡന്റൽ- (1922) എഡ്ഗൽ വോൻവാൽ
5. ഇന്റർ ലിംഗ്വാ- (1951) ഇന്റർനാഷ്ണൽ ആക്സിലിയറി ലാംഗ്വേജ് അസ്സോസിയേഷൻ

എന്നിവയാണ് പ്രധാനമായും സൃഷ്ടിക്കപ്പെട്ട കൃതിമ ലോകഭാഷകൾ ഇതിൽ പലതും ഇന്ന് അപ്രസക്തമായിട്ടുണ്ട്. കുറച്ചെങ്കിലും ഫലപ്രാപ്തിയിലെത്തിയത് എക്സ്പിരാന്റോയാണ്. ഫ്രഞ്ച്, ജർമ്മൻ, ജംഗ്ലീഷ് എന്നീ ഭാഷകളിൽ നിന്ന് ധാരാളം പദങ്ങൾ ലാറ്റിൻ ക്രിയാപദങ്ങളുമായി കൂടിച്ചേർത്താണ് സമൻഹോഫ് 'എക്സ്പിരാന്റോ' സൃഷ്ടിച്ചത്. നിരവധി അന്താരാഷ്ട്ര വേദികളിൽ ഈ ഭാഷയുടെ പ്രാമാണ്യം സ്ഥാപിതമായിട്ടുണ്ട്. സഞ്ചാരം, കായികവിനോദങ്ങൾ, വസ്ത്രധാരണം, ആഹാരം തുടങ്ങി ലഘുവായ കാര്യങ്ങളെപ്പറ്റി വ്യത്യസ്തഭാഷ സംസാരിക്കുന്നവർക്കു ആശയവിനിമയം നടത്താൻ എക്സ്പിരാന്റോയ്ക്ക് കഴിഞ്ഞു. എന്നാൽ മതം, തത്വശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയ

> ▶ ഗഹനമായ വിഷയങ്ങൾ ചർച്ച ചെയ്യാൻ കൃത്രിമഭാഷകൾക്ക് കഴിഞ്ഞില്ല

ഗഹനമായ വിഷയങ്ങൾ ചർച്ച ചെയ്യാൻ എക്സ്പിരാന്റോയ്ക്കോ, മറ്റു കൃത്രിമഭാഷകൾക്കോ കഴിയില്ല. അതുതന്നെയാണ് കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന ഭാഷകളുടെ പരാജയവും.

### രഹസ്യഭാഷകൾ

കൃത്രിമമായ അന്താരാഷ്ട്രഭാഷകൾ ഉള്ളതുപോലെ ജനസമുദായത്തിനിടയിൽ കാലങ്ങളായി പല കൃത്രിമഭാഷകളും നിലനിൽക്കുന്നുണ്ട്. ഇത്തരം കൃത്രിമഭാഷകൾ രഹസ്യഭാഷകളായി അറിയപ്പെടുന്നു. ഭാഷാരൂപീകരണത്തെപ്പറ്റി ആദ്യം പരാമർശിച്ചിട്ടുള്ളതുപോലെ വാണിജ്യകേന്ദ്രങ്ങളിലും പ്രത്യേക ജനവിഭാഗങ്ങൾക്കിടയിലുമാണ് രഹസ്യഭാഷകൾ നിലനിൽക്കുന്നത്. പരിഹാസത്തിനും, വിനോദത്തിനും, സവിശേഷ സാമൂഹ്യതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, ഗൂഢമായ ആശയ വിനിമയത്തിനും മറ്റുമാണ് രഹസ്യ ഭാഷകൾ ഉപയോഗിക്കുന്നത്. ലോകത്ത് രഹസ്യ ഭാഷകളെപ്പറ്റിയുള്ള പഠനം പൂർണമാവില്ല. കാരണം അവ രഹസ്യഭാഷകൾ എന്നതുതന്നെ. അതിന്റെ രഹസ്യാത്മകത ആ ഭൂപ്രദേശക്കാർ ഒരിക്കലും പുറത്തു വിടില്ല. വടക്കൻ കേരളത്തിൽ മുസ്ലീം സമുദായത്തിനിടയിൽ മൈകുരുട്, അക്കക്കെട്ട് എന്നിങ്ങനെ രഹസ്യഭാഷകൾ നിലനിൽക്കുന്നുണ്ട്. വീരശൈവ സമുദായക്കാരുടെയിടയിലുള്ള രഹസ്യഭാഷയാണ് 'പാക്ക'. തിരുവിതാംകൂർ രാജവംശം 'മൂലഭദ്ര' എന്നൊരു രഹസ്യഭാഷ ഉപയോഗിക്കുന്നതായി പറയപ്പെടുന്നുണ്ട്.

> ▶ ഗൂഢമായ ആശയ വിനിമയത്തിനും മറ്റുമാണ് രഹസ്യ ഭാഷകൾ ഉപയോഗിക്കുന്നത്

## ഇനാർ ഹേഗൻ - പരിസ്ഥിതി ഭാഷാശാസ്ത്രം

പരിസ്ഥിതിഭാഷാശാസ്ത്രം എന്നത് ഭാഷകളെ പരസ്പരം ബന്ധപ്പെടുത്തി വിവിധ സാമൂഹിക ഘടകങ്ങളെക്കുറിച്ചുള്ള പഠനമാണ്. 'ഇനാർ ഹേഗൻ' തന്റെ 'ദി ഇക്കോളജി ഓഫ് ലാംഗ്വേജ്' എന്ന പുസ്തകത്തിലാണ് ഇക്കോ ലിംഗ്വിസ്റ്റിക്സിനെക്കുറിച്ച് ആദ്യമായി സൂചിപ്പിക്കുന്നത്. ഏതു ഭാഷയും അതിന്റെ പരിസ്ഥിതിയും തമ്മിലുള്ള ഇടപെടലുകളെക്കുറിച്ചുള്ള പഠനം എന്നാണ് ഇനാർ ഹേഗൻ പരിസ്ഥിതി ഭാഷാശാസ്ത്രത്തെ നിർവചിച്ചത്. ഭാഷാപരിസ്ഥിതി എന്ന പദവും ജീവജാലങ്ങളെക്കുറിച്ചുള്ള പഠനത്തിൽനിന്ന് ഉരുത്തിരിഞ്ഞുവന്നതാണ്. ജീവികൾക്ക് അവയുടെ ചുറ്റുപാടുകളുമായുള്ള പരസ്പരബന്ധത്തെക്കുറിച്ച് പഠിയ്ക്കുമ്പോൾ നിരവധി ഭാഷകൾ പഠിയ്ക്കാമെന്ന കാഴ്ചപ്പാട് ധാരാളം അനുബന്ധ പദങ്ങളെ സൃഷ്ടിക്കുന്നു.

> ▶ ഭാഷയും അതിന്റെ പരിസ്ഥിതിയും തമ്മിലുള്ള ഇടപെടലുകളെക്കുറിച്ചുള്ള പഠനം

### ഭാഷയും അധികാരവും

ഒരു പ്രദേശത്തെ ഭാഷാപ്രയോഗം അവിടത്തെ സാമൂഹ്യ അധികാര ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആധുനിക കേരളത്തിലെ സാമൂഹികഘടന ഭാഷയിലൂടെ അധികാരബന്ധത്തെ പ്രകടിപ്പിക്കുന്നു. കേരളത്തിൽ വ്യത്യസ്ത മതവിഭാഗങ്ങളിൽ ഭാഷാഭേദങ്ങൾ കാണപ്പെടുന്നു. സ്ത്രീ - പുരുഷന്മാർക്കനുസരിച്ചും, പ്രായം, വിദ്യാഭ്യാസം, സമ്പത്ത് എന്നിവയ്ക്കനുസരിച്ചും, ഭാഷാഭേദ മനോഭാവങ്ങൾ മാറുന്നത് വിധേയത്വാധികാരവും ജ്ഞാനാധികാരവും ഒന്നിച്ച് പ്രവർ

> ▶ ഭാഷയിലൂടെ അധികാരബന്ധത്തെ പ്രകടിപ്പിക്കുന്നു

ത്തിക്കുന്നതുകൊണ്ടാണ്. ഓരോ മതവിഭാഗവും തങ്ങളുടെ ഭാഷാഭേദങ്ങളോടുള്ള മനോഭാവവും നിലപാടും വ്യക്തമാക്കുന്നതിൽ പ്രത്യയശാസ്ത്രം ഒളിഞ്ഞുകിടപ്പുണ്ട്.

സംബോധനാരൂപങ്ങൾ, വീൺചാർച്ചപേരുകൾ, വ്യക്തിനാമ സംബോധനാരൂപം, സർവനാമം, ജാതിപ്പേര്, തൊഴിൽപ്പേര് എന്നിവയെല്ലാം അധികാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഭാഷണക്രിയയിൽ വക്താവിന്റെ മനോഭാവങ്ങളെ പ്രകടിപ്പിക്കുന്ന പ്രകാരങ്ങൾ, ഭാഷാപ്രയോഗത്തിലെ ഊണം എന്നിവയും അധികാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. വക്താവും ശ്രോതാവും ഭാഷണപ്രക്രിയയിൽ പരസ്പരം സംബോധന ചെയ്യുന്ന ഭാഷാരൂപങ്ങളായ സംബോധനാപദങ്ങളെ ചാർച്ചപേരുകൾ, വീൺചാർച്ചപേരുകൾ, മധ്യമപുരുഷ സർവനാമങ്ങൾ, വ്യക്തിനാമങ്ങൾ, തൊഴിൽപ്പേരുകൾ, ജാതിപ്പേരുകൾ, രാഷ്ട്രീയ സംബന്ധിയായ വിളികൾ, ശൂന്യസംബോധനകൾ എന്നിങ്ങനെ വർഗീകരിക്കാം.

- ഭാഷാപ്രയോഗം അധികാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു

ഭാഷയുടെ അധികാരം പ്രതിഷ്ഠിതമാകുന്ന പ്രധാനഘടകം പ്രായം ആണ്. പ്രായമുള്ളവരോട് മാന്യതയും ബഹുമാനവും പ്രായം കുറഞ്ഞവർ പ്രകടിപ്പിക്കുന്നു. കുടുംബബന്ധങ്ങളിൽ പ്രായം കൂടിയവരെ ചാർച്ചപ്പേരുകളേ വിളിക്കാവൂ എന്നതു കുടുംബത്തിൽ പ്രായത്തിനുള്ള മേധാവിത്വത്തെ കാണിക്കുന്നു. നിഗൂഢാധികാരമാണ് ചാർച്ചപ്പേരുകളുടെ സംബോധനാരൂപങ്ങളിലുള്ളത്. വ്യവസ്ഥാപിതമാകുന്ന അധികാരമാണ് ചാർച്ചപ്പേരുകളുടെ വ്യവഹാരത്തിന്റെ അടിത്തറ, പ്രായത്തിന് സമൂഹം കല്പിച്ച അംഗീകാരവും മാന്യതയും ഭാഷയിലൂടെ നിലനിർത്താൻ കഴിയുന്നു. ലിംഗവിവേചനം സമൂഹത്തിലും ഭാഷയിലും നിലനിൽക്കുമ്പോഴും ആധുനിക വിദ്യാഭ്യാസം വഴി ലഭിച്ച സാമൂഹികബോധം സംബോധനാരൂപങ്ങളിൽ ചില മാറ്റങ്ങൾ വരുത്തുന്നു.

- നിഗൂഢാധികാരമാണ് ചാർച്ചപ്പേരുകളുടെ സംബോധനാരൂപങ്ങളിലുള്ളത്

രക്തബന്ധമില്ലാത്തവരെ ചാർച്ചപ്പേര് ചൊല്ലിവിളിക്കുന്ന പ്രവണത വിദ്യാഭ്യാസമുള്ള, പ്രായം കുറഞ്ഞവരുടെ ഇടയിൽ പ്രചാരം നേടിക്കൊണ്ടിരിക്കുന്നു. ജാതി, മതം, സമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകൃതമാകുന്ന അധികാരബന്ധങ്ങളിൽ സംഭവിക്കുന്ന അയവിന്റെ നിദർശനങ്ങളാണ് വീൺചാർച്ചപ്പേരുകൾ. സാമൂഹിക ശ്രേണീരൂപങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള കോയ്മ വീൺചാർച്ചപ്പേരുകൾ വെളിപ്പെടുത്തുന്നു.

- വിദ്യാഭ്യാസത്തിനുള്ള കോയ്മ

സംബോധകനും സംബോധിതനും തമ്മിലുള്ള അധികാരബന്ധത്തെ പ്രത്യക്ഷത്തിൽത്തന്നെ വെളിപ്പെടുത്താൻ വ്യക്തിനാമ സംബോധനകൾക്ക് കഴിയുന്നു. ജാതിവ്യവസ്ഥ നിലനിന്നിരുന്ന കേരളത്തിൽ സവർണർ പ്രായലിംഗഭേദമന്യേ അവർണരെ പേരു വിളിച്ചിരുന്നു. ആധുനിക കേരളീയ സമൂഹത്തിൽ സാമൂഹികപദവിയിൽ ഉയർന്നവർ പദവിയിൽ താഴ്ന്നവരെ ലിംഗം, പ്രായം, ജാതി, മതം എന്നിവ പരിഗണിക്കാതെ തന്നെ വ്യക്തിനാമം സംബോധനയ്ക്കായി ഉപയോഗിക്കുന്നു. വ്യക്തിനാമങ്ങൾ എപ്രകാരം സംബോധന ചെയ്യപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് അധികാരവും ആശയൈക്യവും വെളിപ്പെടുന്നത്. ബഹുമാന ദ്യോതകങ്ങളായ ഏട്ടാ/സർ

- പേര് വിളിക്കുന്നത് വിലക്കുന്ന സാമൂഹിക പരിസരങ്ങളിൽ കൃത്യമായി പ്രത്യക്ഷാധികാരം പ്രകടമാകുന്നു

എന്നിവ ചേരുമ്പോൾ അധികാരം സംബോധനയെക്കാൾ അധികം സംബോധിതനാണെന്നു പ്രത്യക്ഷത്തിൽത്തന്നെ തിരിച്ചറിയാനാകുന്നു. ചെല്ലപ്പേര്, ഇരട്ടപ്പേർ എന്നിവ സംബോധനയിൽ ഉള്ളടങ്ങുന്ന അധികാരത്തെ നിഷേധിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നു. പേർ വിളിക്കുന്നത് വിലക്കു ചൊല്ലിയിട്ടുള്ള സാമൂഹിക പരിസരങ്ങളിൽ കൃത്യമായി പ്രത്യക്ഷാധികാരം തന്നെ പ്രകടനമാകുന്നു.

കേരളത്തിൽ പണ്ട് കാലത്ത് സ്ത്രീകൾ ഭർത്താക്കന്മാരെ പേരു ചൊല്ലി വിളിച്ചിരുന്നില്ല. കൊച്ചിന്റച്ഛൻ, പിള്ളേരുടെച്ഛൻ, അതേ, ദേ.... എന്നിവ ഉദാഹരണം. സംഭാഷണസന്ദർഭങ്ങളിലെ നീ, നിങ്ങൾ എന്നിവ പ്രത്യക്ഷാധികാരത്തെയും ആശയൈക്യത്തെയും കൃത്യമായി പ്രതിഫലിപ്പിക്കുന്നു. നീ; എന്നത് ആശയൈക്യവും നിങ്ങൾ എന്നത് അധികാരവും പൊതുവായി സൂചിപ്പിക്കുന്നു. മാതാപിതാക്കളോടുള്ള ഭാഷണത്തിൽ നിങ്ങൾ എന്ന് വ്യവഹരിക്കാറുണ്ട്. സവർണജാതിക്കാരെ മാത്രമേ ജാതിപ്പേർ വിളിച്ച് സംബോധന ചെയ്യുന്നുള്ളൂ. എന്നാൽ ചില അവർണരെ ബഹുമാനദ്യോതകമായി തൊഴിലിന്റെ അടിസ്ഥാനത്തിൽ പണിക്കർ, വൈദ്യർ എന്നൊക്കെ വിളിക്കാറുണ്ട്. ജാതിയുടെ മേൽക്കോയ്മ അംഗീകരിച്ചു കൊടുക്കുന്ന ജനങ്ങളുടെ സമാന്യബോധം ജാതിപ്പേര് സംബോധനയെ ദൃഢപ്പെടുത്തത്തുന്നു.

> ▶ നീ; എന്നത് ആശയൈക്യവും നിങ്ങൾ എന്നത് അധികാരവും പൊതുവായി സൂചിപ്പിക്കുന്നു

സമൂഹം മാന്യത കൊടുക്കുന്ന തൊഴിലുകളുടെ പേർ, സംബോധനയ്ക്കായി ഉപയോഗിക്കാം. തൊഴിൽ മേഖലയും അധികാരവും ആണ് സംബോധനയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ. ഉദ്യോഗസ്ഥരെ സ്ഥാനാനുസൃതം ലിംഗാടിസ്ഥാനത്തിൽ സർ/മാഡം എന്നിങ്ങനെ വിളിക്കുന്നു. ഭാഷേതരമായ സംബോധനകൾ സാമാന്യേന ആശയൈക്യമുള്ളവരോടാണ് ഉപയോഗിക്കുന്നത്. പ്രത്യക്ഷമായ അധികാരത്തിന്റെ വിളികളാണ് മതപരമായസംബോധനകളും രാഷ്ട്രീയ സംബന്ധിയായ വിളികളും. രാഷ്ട്രീയവുംസാമ്പത്തികവുമായ നിയന്ത്രണമുള്ള ആൾ ഭാഷാപരമായ ഇടപെടലുകൾ കൂടുതൽ അധികാരത്തെ പ്രകടിപ്പിക്കുന്നു.

> ▶ തൊഴിൽ മേഖലയും അധികാരവും ആണ് സംബോധനയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ

## എൻഡെയ്ഞ്ചർഡ് ഭാഷകൾ

ഭാഷ വൃക്ഷത്തെപ്പോലെയോ, ജീവജാലങ്ങളെപ്പോലെയോ പരിണാമിയാണ്. മരണവും, രൂപമാറ്റവുമെല്ലാം ഭാഷകൾക്ക് സംഭവിക്കുന്നു എന്ന് ചരിത്രം തെളിവ് നൽകുന്നു. ഇത്തരത്തിൽ വംശനാശഭീഷണി നേരിടുന്നതോ സമീപഭാവിയിൽ വംശനാശം സംഭവിക്കാൻ സാധ്യത ഉള്ളതോ ആയ ഭാഷകളെയാണ് എൻഡെയ്ഞ്ചർഡ് ഭാഷകൾ എന്ന് പറയുന്നത്. ഒരു ഭാഷ പുതുതലമുറ ഉപയോഗിക്കാതെ വരികയും, ആ ഭാഷ അവസാനമായി സംസാരിച്ച ആൾ മരണപ്പെടുകയും ചെയ്താൽ ഇത്തരത്തിലുള്ള ഭാഷകൾക്ക് വംശനാശം സംഭവിക്കും. സമ്പൂർണമായ വംശഹത്യയും ഭാഷയുടെ വംശനാശത്തിന്റെ ഒരു കാരണമാണ്. ഉദാഹരണത്തിന് പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ യൂറോപ്യൻ ആക്രമകാരികൾ ടാസ്മാനിയക്കാരെ ഉന്മൂലനം ചെയ്തപ്പോൾ, അജ്ഞാതമായ നിരവധി ഭാഷകളും മരിച്ചു. ഇംഗ്ലീഷ് ആധിപത്യകാലത്ത് വടക്കേ അമേരിക്കയിലുണ്ടായിരുന്ന പല റെഡ് ഇന്ത്യൻ ഭാഷകളും ഇല്ലാതാവുകയോ, മേൽപ്പറഞ്ഞതുപ്പോ

ലെ എൻഡെയ്ഞ്ചർഡ് ഭാഷകളാകുകയോ ചെയ്തിട്ടുണ്ട്. 200 ഓളം ഇന്ത്യൻ ഭാഷകൾ എൻഡെയ്ഞ്ചർഡ് ആയിട്ട് യുനെസ്കോ കണക്കാക്കുന്നുണ്ട്. യുനെസ്കോയുടെ അഭിപ്രായത്തിൽ വംശനാശ ഭീഷണി നേരിടുന്ന ഭാഷകളെ വിവിധങ്ങളായി തരംതിരിച്ചിട്ടുണ്ട്.

> ▶ വംശനാശഭീഷണി നേരിടുന്നതോ വംശനാശം സംഭവിക്കാൻ സാധ്യത ഉള്ളതോ ആയ ഭാഷകൾ

| വംശനാശത്തിന്റെ അളവ് | ഗ്രേഡ് | ഉപയോഗിക്കുന്നവർ |
|---|---|---|
| സുരക്ഷിതം | 5 | കുട്ടികൾ മുതൽ എല്ലാ പ്രായക്കാരും ഭാഷ നന്നായി ഉപയോഗിക്കുന്നു. |
| സുരക്ഷിതമല്ലാത്ത | 4 | ചില കുട്ടികൾ മാത്രം ഭാഷ ഉപയോഗിക്കുന്നു |
| വംശനാശ ഭീഷണി | 3 | മാതാപിതാക്കളുടെ തലമുറയാണ് ഭാഷ കൂടുതൽ ഉപയോഗിക്കുന്നത് |
| കൂടുതൽ വംശനാശ ഭീഷണി | 2 | മുത്തശ്ശിമാരാണ് ഭാഷ ഉപയോഗിക്കുന്നത് |
| ഗുരുതരമായ വംശനാശ ഭീഷണി | 1 | വളരെ കുറച്ചുപേർ മാത്രം വ്യത്യസ്ത ഭാഷ സംസാരിക്കുന്നു കൂടുതലും മുതുമുത്തശ്ശന്റെ തലമുറ |
| പൂർണ്ണ വംശനാശ ഭീഷണി | 0 | ആരും തന്നെ ഭാഷ സംസാരിക്കുന്നില്ല |

## റോബർട് ഫിലിപ്സൺ - ലിംഗ്വിസ്റ്റിക് ഇംപീരിയലിസം (Lingustic Imperialism)

ഭാഷ ചിലപ്പോഴൊക്കെ അധികാര ചിഹ്നവും, ആയുധവുമൊക്കെയായി മാറുന്നുണ്ട്. ജന്മി കുടിയാൻ ബോധം ഭാഷാസമീപനങ്ങളിലും നിലനിന്നിരുന്നു. കോളനികാലത്ത് ഇത് ലോകം അനുഭവിച്ചറിഞ്ഞതാണ്. ഒരു ഭാഷ മറ്റു ഭാഷകൾ സംസാരിയ്ക്കുന്നവരിൽ അടിച്ചേൽപ്പിക്കുന്നതാണ് ഭാഷാപരമായ സാമ്രാജ്യത്വം (Linguistic Imperialism). തങ്ങളും തങ്ങളുടെ ഭാഷയുമാണ് ലോകം നയിക്കേണ്ടതെന്നഅമിതാഭിമാനത്തിനു കാരണം. ഭാഷാപരമായ ദേശീയത, ഭാഷാപരമായ ആധിപത്യം എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. ഇംഗ്ലീഷ് ഭാഷയുടെ ആഗോളതലത്തിലുള്ള വ്യാപനം ഇതിന്റെ പ്രധാന ഉദാഹരണമായി കാണാം. മലയാള ഭാഷ സംസ്കൃതം - ഇംഗ്ലീഷ് എന്നീ ഭാഷകളുടെ അധീശത്വംനേരിട്ടതാണ്. അതുപോലെ തന്നെ ഭരണഭാഷയെ സംബന്ധിച്ച ഇന്ന് നിലനിൽക്കുന്ന തർക്കവും ഒരർഥത്തിൽ ഇതു തന്നെയാണ്.

> ▶ ഒരു ഭാഷ മറ്റു ഭാഷകൾ സംസാരിയ്ക്കുന്നവരിൽ അടിച്ചേൽപ്പിക്കുന്നു

പ്രശസ്ത ഭാഷാശാസ്ത്രജ്ഞനായ റോബർട് ഫിലിപ്സൺ 1992-ൽ പ്രസിദ്ധീകരിച്ച പ്രസിദ്ധമായ പുസ്തകമാണ് 'ലിംഗ്വിസ്റ്റിക് ഇംപീരിയലിസം' (Linguistic Imperialism). ഇംഗ്ലീഷ് എങ്ങനെയാണ് ആഗോളഭാഷ എന്നതലത്തിലേയ്ക്ക് ഉയർന്നത് എന്നതിന്റെ, സൈദ്ധാന്തികമായ വിശകലനമാണ് ഈ പഠനത്തിൽ അദ്ദേഹം നടത്തുന്നത്. കൊളോണിയൽ രാഷ്ട്രങ്ങളിൽ എങ്ങനെയാണ് ഇംഗ്ലീഷ് അടിച്ചേൽപ്പി

SGOU

ക്കപ്പെട്ടതെന്നും ഭാഷാപരമായ അധീശത്വത്തിലേയ്ക്ക് ഇംഗ്ലീഷ് ഭാഷ ഉയർന്നതിനെയും വിമർശനദൃഷ്ട്യാ നോക്കിക്കാണാൻ ഭാഷാപരമായ സാമ്രാജ്യത്വം എന്ന ആശയം സഹായകമായി. ബ്രിട്ടീഷ് കൊളോണി യലിസം ഇംഗ്ലീഷ് ഭാഷാ സാമ്രാജിത്വത്തിലേയ്ക്ക് നയിച്ചതെങ്ങനെ എന്നതിന്റെ വ്യക്തമായ തെളിവുകളാണ് അദ്ദേഹത്തിന്റെ അന്വേഷണ ങ്ങൾ.

▶ ഭാഷാപരമായ ആധിപത്യം

## Summarised Overview

മനുഷ്യഭാഷ നിരന്തര പരിണാമിയാണെന്ന് ഭാഷാ നിർവചനത്തിൽ വിശദമാക്കുന്നുണ്ട്. ഭാഷ വളർന്നു കൊണ്ടിരിക്കുന്നു എന്ന സത്യം അതിൽ വരുന്ന മാറ്റങ്ങളിലൂടെയാണ് നാം മനസിലാക്കുന്നത്. ഭൂമിശാസ്ത്രപരമായ കാരണങ്ങളാലും കാലഘട്ടത്തിന്റെ പരിണാമത്തിനാ ലും ഈ മാറ്റം എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. ഭാഷാഭേദപഠനത്തിലൂടെയാണ് ഇത്തരം സവിശേഷതകൾ പൂർണമായി മനസിലാക്കാൻ കഴിയുന്നത്. പദങ്ങളുടെ പ്രാദേശി കഭേദങ്ങൾ മാത്രമല്ല, അവയുടെ വ്യാപ്തി, സഞ്ചാരം തുടങ്ങിയ കാരണങ്ങളും ഭാഷാഭേദ പ ഠനത്തിന്റെ അനന്തര സാധ്യതകളാണ്. സാമൂഹികമായ ഗവേഷണത്തിനും ഇത് ഉപയുക്ത മാകുന്നു. ചരിത്രപരമായ ചില കണ്ടെത്തലുകളെ ഉറപ്പിക്കാനോ നിരാകരിക്കാനോ പോലും ഭാഷാപഠനം സഹായിക്കുന്നതായി കാണാം. പൊതുഭാഷയിൽ കിട്ടാത്ത പല വസ്തുതകളും ഭാഷാഭേദത്തിൽ നിന്ന് ലഭ്യമാകുന്നു. ഉപസ്വനങ്ങളുടെ പുനർനിർമ്മാണം സാധ്യമാകുന്നത് ഭാഷാഭേദ പഠനത്തിലൂടെയാണ്. ഭാഷയുടെ വികാസ പരിണാമചരിത്ര പഠനത്തിനും ഭാഷാ ഭേദപഠനം പ്രയോജനപ്പെടുന്നു. വാമൊഴിയെ അപേക്ഷിച്ച് വരമൊഴി കൃത്രിമമായതിനാൽ ഏതൊരുഭാഷയുടെയും വിശ്വസനീയമായ രൂപം കാണാൻ കഴിയുന്നത് ഭാഷാഭേദത്തിലൂടെ യാണ്. ചുരുക്കത്തിൽ മനുഷ്യ സംസ്കാരത്തെപ്പറ്റി നമുക്ക് വിശദമായി പഠിക്കണമെങ്കിൽ ഓ രോരുത്തരുടെയും സാധാരണ സംഭാഷണത്തിന്റെ (പ്രാദേശികഭേദങ്ങളുടെ) അന്തർധാരകൾ മനസിലാക്കേണ്ടിയിരിക്കുന്നു.

ഭാഷ എന്നാലെന്ത് എന്ന് മനസിലാക്കിയശേഷം മാനകഭാഷയിൽ വിവിധകാരണങ്ങളാൽ പ്രാദേശികമായുണ്ടാകുന്ന ഭാഷാഭേദങ്ങളുടെ സ്വഭാവം പരിശോധിക്കേണ്ടതാണ്. ഭാഷയു ടെ വിവിധ അപഗ്രഥനരീതിയിൽ അവലംബിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ത്. ഇത്തരം പരിശോധനകൾ മലയാള ഭാഷയുടെ സ്വഭാവം അടിസ്ഥാനമാക്കി പരിശോധി ക്കുമ്പോൾ കൂടുതൽ പ്രയോജനപ്രദമാണ്. വ്യക്തിഭാഷ, ഭാഷാഭേദം, ജീവൽഭാഷ, മൃതഭാഷ, മാനകഭാഷ തുടങ്ങിയവയുടെ വിശദീകരത്തിൽ നിന്ന് സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ പ്രാധാന്യം മനസിലാക്കുന്നു. ഇതര ഭാഷകളിൽ നിന്നുള്ള ആദാന പ്രദാനങ്ങൾ ഏതൊരു ഭാഷയുടെയും വളർച്ചയ്ക്കും നിലനിൽപ്പിനും അത്യന്താപേക്ഷിതമാണ്.

# Assignments

1. ഭാഷാഭേദവിജ്ഞാനീയം എന്നാലെന്തെന്ന് വിശദീകരിച്ച് ഭാഷാശാസ്ത്രത്തിൽ അതിന്റെ പ്രസക്തി ചർച്ച ചെയ്യുക.
2. വംശീയഭാഷാശാസ്ത്രം എന്നാലെന്തെന്ന് വിശദമാക്കുക.
3. പരിസ്ഥിതിഭാഷാശാസ്ത്രം എന്നാലെന്തെന്ന് വിശദമാക്കുക.
4. എൻഡെയ്ഞ്ചർഡ് ഭാഷകൾ എന്നാലെന്തെന്ന് ഉദാഹരണം സഹിതം വിശദമാക്കുക.
5. ഭാഷാഭേദപഠനത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.
6. മാനകഭാഷ എന്നാലെന്തെന്ന് വിശദീകരിക്കുക.
7. ഭാഷാഭേദനിർണയത്തിൽ ഭാഷാഭേദഭൂപടത്തിനും, സമഭാഷാംശസീമാരേഖയ്ക്കുമുള്ള പ്രാധാന്യം എന്ത് വിശദീകരിക്കുക.
8. കേരളത്തിലെ വ്യത്യസ്ത ഭാഷാഭേദങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.
9. അന്താരാഷ്ട്രഭാഷകൾ എന്നാലെന്ത്? അതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദമാക്കുക.
10. കേന്ദ്രമേഖല, അവശിഷ്ടമേഖല, പരിവർത്തന മേഖല, എന്നിവ എന്തെന്ന് വിശദമാക്കുക.

# Suggested Readings


1. കെ. എം. പ്രഭാകരവാരിയർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. ജോയ്പോൾ, വി. ആർ. സോളി, ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും, മലയാളപഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.
3. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. എ. പി. ആൻഡ്രൂസ്കുട്ടി, ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. കെ. ഗോദവർമ, കേരള ഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം.
6. പി. എം. ജോസഫ്, മലയാളത്തിലെ പരകീയ പദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. ഇ. വി. എൻ, നമ്പൂതിരി, ഭാഷാവിജ്ഞാനീയം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
8. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്രപ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.

## References


1. വേദബന്ധു, അർഥവിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ടി. ബി. വേണുഗോപാലപണിക്കർ, ഭാഷാർഥം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ. ഗോദവർമ്മ, കെ., കേരള ഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം.
4. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. വി. ആർ. പ്രബോധചന്ദ്രൻ, ഭാഷാശാസ്ത്ര പരിചയം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

# Unit 3 പ്രയുക്തഭാഷാശാസ്ത്രം

## Learning Outcomes

- ഭാഷയെപ്പറ്റിയുള്ള ശാസ്ത്രീയമായ അപഗ്രഥനമാണ് ഭാഷാശാസ്ത്രം എന്ന് തിരിച്ചറിയുന്നു
- ഇതര ശാസ്ത്രപദ്ധതിയുടെ എല്ലാ സമീപനരീതികളും ഭാഷാശാസ്ത്രപഠനത്തിലും അനുവർത്തിക്കുന്നുണ്ട് എന്ന് മനസിലാക്കുന്നു
- ഭാഷാശാസ്ത്രപഠനത്തിന്റെ രീതിപദ്ധതി എന്താണെന്നും അത് എങ്ങനെ പ്രയുക്തം ആയിരിക്കുന്നു എന്നും അറിവ് നേടുന്നു
- സ്വനവിജ്ഞാനീയം, രൂപവിജ്ഞാനീയം, അർഥവിജ്ഞാനീയം, വാക്യവിജ്ഞാനീയം എന്നീ അടിസ്ഥാന പരികല്പനകളെ മനസിലാക്കുന്നു
- ആധുനിക ശൈലീവിജ്ഞാനീയത്തിന്റെയും കമ്പ്യുട്ടേഷണൽ ഭാഷാശാസ്ത്രത്തിന്റെയും സവിശേഷതകൾ തിരിച്ചറിയുന്നു

## Background

ഭാഷാബോധനം, വിവർത്തനപഠനം, ഭാഷാസൂത്രണം തുടങ്ങിയ മേഖലകൾ ഉൾപ്പെടെ ഭാഷാശാസ്ത്രവിജ്ഞാനം പ്രയുക്തതലത്തിൽ കൊണ്ടുവരുന്ന മേഖലകളെ പൊതുവായി പ്രയുക്തഭാഷാശാസ്ത്രം (Applied Linguistics) എന്നുപറയുന്നു. ഭാഷാശാസ്ത്രത്തെ സൈദ്ധാന്തികമായി പഠിക്കുക മാത്രമല്ല, സമൂഹത്തിലും ആളുകളുടെ ജീവിതത്തിലും ഭാഷയഥാർഥ സ്വാധീനം ചെലുത്തുന്നതെങ്ങനെയാണ് എന്ന് പരിശോധിക്കുന്ന ഭാഷ പര്യവേഷണത്തിന്റെ ഒരു പ്രതേക മേഖലയാണ് പ്രയുക്തഭാഷാശാസ്ത്രം. പ്രായോഗിക ഭാഷാശാസ്ത്രം മറ്റു ഭാഷാ മേഖലകളിൽ നിന്ന് വ്യത്യസ്തമാകുന്നതിന്റെ കാരണം, ഗവേഷണത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ മറ്റ് വിഷയങ്ങൾക്ക് ഉപയോഗ്യമാകുമെന്നതാണ്. ഉദാഹരണത്തിന് സ്പീച്ച് തെറാപ്പിസ്റ്റ് സംഭാഷണത്തിലെ ഒരു ഉച്ചാരണമോ ബുദ്ധിമുട്ടോ മറികടക്കാൻ ഒരാളെ സഹായിക്കുന്നതിന് പ്രയുക്ത ഭാഷാശാസ്ത്രത്തിലൂടെ നേടിയ ആശയങ്ങളും അറിവും പലപ്പോഴും ഉപയോഗിക്കുന്നു.

കമ്പ്യൂട്ടർ ഉപയോഗിച്ച് ഭാഷകളുടെ വിവിധ ഘട്ടങ്ങളുടെ (Processing) സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങൾ പഠിക്കുന്ന ഭാഷാശാസ്ത്ര ശാഖയാണ് കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്. ഭാഷാശാസ്ത്രത്തിലെ സജീവമായ പഠനമേഖലകളിലൊന്നാണ് കമ്പ്യൂട്ടർ ഭാഷാശാസ്ത്രം അഥവാ കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്. ഭാഷയും സാങ്കേതികവിദ്യയും സമന്വയിക്കുന്ന കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ പ്രവർത്തനമണ്ഡലങ്ങൾ വളരെ വലുതാണ്. മനുഷ്യഭാഷയെയും അതിന്റെ ഘടനാപരമായ പ്രത്യേകതകളെയും മനസിലാക്കി അതിനുസമാനമായ കമ്പ്യൂട്ടർ മോഡലുകൾ ഉണ്ടാക്കുകയാണ് ഇതിൽ ചെയ്യുന്നത്. മനുഷ്യൻ ഭാഷയെ മനസിലാക്കുന്നതുപോലെ ഒരു യന്ത്രത്തിനും ഭാഷയെ മനസിലാക്കാൻ കഴിയുന്നതരത്തിൽ ഭാഷയെ സാങ്കേതികവിദ്യയുടെ ഘടനയിലേക്കു മാറ്റുന്ന പ്രവൃത്തികളാണ് ഈ പഠനശാഖയിൽ നടക്കുന്നത്. യന്ത്രം, മനുഷ്യന്റെ സുഹൃത്തും വഴികാട്ടിയും ആയിരിക്കണം എന്ന ചിന്താ

ഗതിയനുസരിച്ച് ഒരു യന്ത്രം രൂപകൽപന ചെയ്യുമ്പോൾ അതിനു മനുഷ്യന്റെ ഭാഷയും മനസിലാക്കാൻ കഴിയണം. ഇവിടെയാണ് ഈ പഠനമേഖലയുടെ പ്രസക്തി.

കുറ്റാന്വേഷണം, നീതിന്യായ സംവിധാനങ്ങൾ തുടങ്ങിയ മേഖലകൾ ഉൾപ്പെടുന്ന ഭാഷയുടെ വിശകലനത്തിലൂടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം നൽകാൻ സഹായിക്കുന്ന ഭാഷാശാസ്ത്ര മേഖലയാണ് ഫോറിൻസിക് ലിംഗ്വിസ്റ്റിക്സ്. ഫോറൻസിക് ഭാഷാശാസ്ത്രം എന്നത് നിയമം, ഭാഷ, കുറ്റകൃത്യാന്വേഷണം, വിചാരണ, ജുഡീഷ്യൽ നടപടിക്രമങ്ങൾ എന്നിവയുടെ ഫോറൻസിക് സന്ദർഭത്തിന്റെ ഭാഷാപരമായ അറിവ്, രീതികൾ, ഉൾക്കാഴ്ചകൾ എന്നിവയുടെ പ്രയോഗമാണ്. ഇത് പ്രായോഗിക ഭാഷാശാസ്ത്രത്തിന്റെ ഒരു ശാഖയാണ്.

## Keywords

ശൈലിവിജ്ഞാനീയം - കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് - ഫോറൻസിക് ലിംഗ്വിസ്റ്റിക്സ് - ഭാഷയും സാങ്കേതികവിദ്യയും - ഭാഷാബോധനം - വിവർത്തനപഠനം - ഭാഷാസൂത്രണം

## Discussion

### ശൈലീവിജ്ഞാനീയം (Stylistics)

> ▶ സർഗാത്മക രചനകളിലെ ശൈലികളെക്കുറിച്ചുള്ള ഭാഷാശാസ്ത്ര പഠനം

സർഗാത്മക രചനകളിലെ ശൈലികളെക്കുറിച്ചുള്ള ഭാഷാശാസ്ത്ര പഠനമാണ് ശൈലീവിജ്ഞാനീയം. ഭാഷാപഠനത്തിന്റെയും സാഹിത്യപഠനത്തിന്റെയും സംലയനമാണിവിടെ നടക്കുന്നത്. ഭാഷാശാസ്ത്രത്തിലെ സമീപനരീതികൾ സ്വീകരിച്ചുകൊണ്ടുള്ള സാഹിത്യ ഭാഷാപഗ്രഥനമാണ് ശൈലീവിജ്ഞാനീയത്തിൽ സാധ്യമാകുന്നത്. ഭാഷാശാസ്ത്രത്തിലെ അപഗ്രഥനരീതികൾ ഉപയോഗിച്ചുകൊണ്ടുള്ള ശൈലീപഠനങ്ങൾ തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടിയാണ്. എന്നാൽ അതിനുമുമ്പുതന്നെ ഭാരതത്തിലേയും പാശ്ചാത്യലോകത്തിലേയും സാഹിത്യചിന്തകളിൽ ശൈലി കടന്നുവന്നിരുന്നു. നിയതമായ അർഥത്തിൽ ശൈലി എന്നാൽ രീതി എന്നാണർഥം. ആധുനികശൈലീവിജ്ഞാനത്തിലെ സൈദ്ധാന്തികവ്യവസ്ഥകൾക്ക് തുടക്കം കുറിച്ചത് മിഷേൽ റിഫേറ്ററെയുടെ 'Criteria for Style Analysis' ആണ്. ഭാഷാശാസ്ത്രത്തിലെ ഘടനാവാദത്തിന്റെ ആവിർഭാവത്തോടെ ആധുനിക ശൈലീവിജ്ഞാനീയപഠനങ്ങൾ കൂടുതൽ ശ്രദ്ധയാകർഷിക്കുകയും വളരുകയും ചെയ്തു.

'വല്ല ആശയത്തിനും സാഹിത്യത്തിൽ കൈവരുന്ന അലങ്കാരമാണ് ശൈലിയുടെ കാതൽ; പ്രകാശനത്തിന്റെ വിവിധ സാധ്യതകളിൽ നിന്നുള്ള തെരഞ്ഞെടുപ്പാണ് ശൈലിയുടെ പ്രാധാന്യം. വാക്യങ്ങൾക്കപ്പുറത്തുള്ള ഘടകങ്ങളുടെ പരസ്പര ബന്ധത്തിലാണ് ശൈലീപഠനം ഊന്നുന്നത്. വ്യക്തിനിഷ്ഠ സവിശേഷതകളുടെ അടയാളങ്ങളായി സാഹിത്യസൃഷ്ടിയിൽ അണിനിരക്കുന്ന അംശങ്ങളുടെ ആകെത്തുകയെന്നോ, ഭാഷാപ്രയോഗത്തിൽ പ്രസക്തമായ സാമൂഹിക സവിശേഷതകളുടെ സമാഹാരമെന്നോ ഭാഷയുടെ മാനകരൂപത്തിൽ നിന്നുള്ള



SGOU

- വാക്യങ്ങൾക്ക പ്പുറത്തുള്ള ഘടകങ്ങളു ടെ പരസ്പര ബന്ധത്തിലാണ് ശൈലീപഠനം ഊന്നുക

വ്യതിചലനമെന്നോ ശൈലിയെ നിർവചിക്കാം' എന്നു വി. ആർ. പ്രബോധചന്ദ്രൻ അഭിപ്രായപ്പെടുന്നു. മൂല്യനിർണയമല്ല, ആസ്വാദനത്തെ സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്ന അന്വേഷണമാണ് ശൈലീവിജ്ഞാനീയത്തിലെ അപഗ്രഥനലക്ഷ്യം. സാഹിത്യാസ്വാദനം എന്ന പ്രക്രിയയുടെ ഉള്ളറകളിലേക്ക് എത്തിനോക്കാൻ കഴിയുന്നത് പലവിധത്തിലും പ്രയോജനകരവും രസപ്രദവുമായിരിക്കും. ഈ ഘട്ടത്തിലാണ് ഭാഷാശാസ്ത്രത്തിൽ നിന്ന് ലഭിക്കാവുന്ന ഉൾക്കാഴ്ചകളിൽ പലതും സാഹിത്യാസ്വാദകനും വിലപ്പെട്ടതായിത്തീരുന്നതെന്ന് വി. ആർ. പ്രബോധചന്ദ്രൻ പറയുന്നു.

ശൈലീവിജ്ഞാനത്തിൽ സന്ദർഭം (context) പാഠനിഷ്ഠമോ പാഠബാഹ്യമോ ആകാം. പാഠനിഷ്ഠ സന്ദർഭത്തിന് സ്വനപരം, സ്വനിമപരം, രൂപിമപരം, വാക്യപരം, കോശപരം, ലേഖനവിജ്ഞാനപരം എന്നിങ്ങനെ വിവിധതലങ്ങൾ വ്യക്തമാണ്. വക്താവിന്റെ സ്വനഗുണം, ഭാഷണവേഗം, ഭാഷണത്തിലെ സ്വനിമങ്ങൾ, അസാധാരണരൂപങ്ങളുടെയും പ്രയോഗങ്ങളുടെയും സാന്നിധ്യം, വാക്യങ്ങളുടെ ദൈർഘ്യവും സങ്കീർണതയും, വലുതോ ചെറുതോ ആയ അക്ഷരങ്ങളോ ചെരിവെഴുത്തോ കൂട്ടിയെഴുത്തോ അടിവരയോ ഉപയോഗിക്കൽ ഇവയെല്ലാം പാഠനിഷ്ഠ സന്ദർഭത്തിന്റെ അപ്രഗഥനത്തിൽ പ്രസക്തമാണ്. രചിതമായകാലം, പ്രദേശം, ഭാഷണത്തിന്റെ സ്വഭാവം, വക്താവ്, ലേഖകൻ, ശ്രോതാവ്, വായനക്കാരൻ, ഇവരുടെ പരസ്പരബന്ധവും വ്യക്തിത്വവും, സ്ത്രീ പുരുഷഭേദം, പ്രായം, വിദ്യാഭ്യാസം, സമൂഹത്തിലെ പദവി തുടങ്ങിയവ പാഠബാഹ്യസന്ദർഭത്തിലെ വിവിധ ഘടകങ്ങളാണ്. എഴുത്തുകാരന്റെ വ്യക്തിത്വത്തോടു ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ് ശൈലി. എല്ലാ ഭാഷാഘടകങ്ങളുടെയും സാന്ദർഭിക സാധ്യതകളുടെയും ആകെത്തുകയാണ് ശൈലി. വർണം, പദം, വാക്യം, വ്യാകരണം, അർഥം എന്നി തലങ്ങളിലുള്ള പാഠങ്ങളുടെ വ്യത്യാസങ്ങൾ ശൈലിയെ നിയന്ത്രിക്കുന്നുണ്ട്.

- എഴുത്തുകാരന്റെ വ്യക്തിത്വത്തോ ടു ബന്ധപ്പെ ട്ടു നിൽക്കുന്ന ഒന്നാണ് ശൈലി

'സന്ദർഭത്തിനനുയോജ്യമായ ഭാഷാപ്രയോഗത്തെ ശൈലി എന്നു വിശേഷിപ്പിക്കാം. നിശ്ചിതമായ ഒരു സന്ദർഭസമൂഹത്തിൽ ആവൃത്തി ഏറ്റവും കൂടുതലോ കുറവോ എന്ന് നിർണിക്കാൻ കഴിയുന്ന ഭാഷാഘടകവുമാണിത്. പാഠത്തിലെ ശൈലീ സൂചകങ്ങൾ ഏതെല്ലാമാണെന്ന് കണ്ടറിഞ്ഞ് അവയുടെ ഒരു പട്ടിക തയ്യാറാക്കുക. ഓരോ ശൈലീ സൂചകത്തിനും വ്യത്യസ്ത സന്ദർഭത്തിലുള്ള വ്യാപ്തി എത്രമാത്രമാണെന്ന് നിർണയിക്കുക, വിവിധ പാഠങ്ങളെ ശൈലീവിജ്ഞാനദൃഷ്ട്യാ താരതമ്യപ്പെടുത്തുക, ഭാഷയിലെ വിഭിന്ന വിവരണസാധ്യതകളിൽ ഏതെല്ലാം എങ്ങനെയൊക്കെയാണ് പാഠത്തിൽ പ്രയോജനപ്പെട്ടു കാണുന്നുവെന്ന് പരിശോധിക്കുക. ദൃഢബന്ധം, ഔപചാരികം, സമാലോചനപരം, ആകസ്മികം, സംഭാഷണപരം, അലങ്കാരപ്രചുരം, കവിതാത്മകം, വാസ്തവികം എന്നിങ്ങനെ ശൈലീവിജ്ഞാനീയ സാഹിത്യനിരൂപണത്തിൽ പലമേഖലകളെയും പഠനവിധേയമാക്കാൻ കഴിയുന്നു.' ശൈലിയുടെ പ്രമുഖമായ സിദ്ധാന്തവത്ക്കരണം വ്യാകരണമാനകത്തിൽനിന്നുള്ള വ്യതിചലനവുമായി ബന്ധപ്പെട്ടാണ്. വ്യാകരണ സാധുവായ പലതും പ്രയോഗസാധ്യമല്ലെന്നിരിക്കെ അതിന് പ്രയോഗസാധുത്വം നൽകിയേക്കാവുന്ന അപൂർവ സാധ്യത

SGOU

> ▶ പ്രയോഗവൈചിത്ര്യങ്ങളുടെ അടിസ്ഥാനമെന്തെന്ന് ശൈലീവിജ്ഞാനീയത്തിലൂടെ കണ്ടെത്താൻ സാധിക്കുന്നു.

കളാണ് ശൈലിയുടെ സാന്നിധ്യം ഉണ്ടാക്കിതീർക്കുന്നത്. ഒരെഴുത്തുകാരന്റെ സാഹിത്യസമാഹാരത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രയോഗവൈചിത്ര്യങ്ങളുടെ അടിസ്ഥാനമെന്തെന്ന് ശൈലീ വിജ്ഞാനീയത്തിലൂടെ കണ്ടെത്താൻ സാധിക്കുന്നു. ഭാഷാശാസ്ത്രത്തിന്റെ വസ്തുനിഷ്ഠവും ബഹിർമുഖവുമായ രീതിക്കും സാഹിത്യവിമർശനത്തിന്റെ അന്തർമുഖമായ രീതിക്കും ഇടയ്ക്കാണ് ശൈലീവിജ്ഞാനത്തിന്റെ സ്ഥാനം. പുരഃക്ഷേപണം (foregrounding) ഐക്യം (unity), താളം (rhythm) എന്നിവയാണ് ശൈലിവ്യതിയാനം ഉണ്ടാകുന്നതിന്റെ അടിസ്ഥാനതത്വങ്ങൾ.

## കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രം

കമ്പ്യൂട്ടറിനുവേണ്ടി സ്വാഭാവികഭാഷയെ 'റൂൾ' അധിഷ്ഠിതമായി അപഗ്രഥിക്കുന്ന ഒരു അന്തർവിജ്ഞാനപഠനമേഖലയാണിത്. പരമ്പരാഗതമായി സ്വാഭാവികഭാഷാസംസ്കരണത്തിൽ (Natural Language Processing) അവഗാഹമുള്ള കമ്പ്യൂട്ടർ ശാസ്ത്രജ്ഞന്മാരാണ് ഇത്തരം പഠനങ്ങളിൽ വ്യാപരിച്ചിരുന്നത്. എന്നാൽ ലക്ഷ്യഭാഷയിലെ വിദഗ്ദ്ധർ, ഗണിതശാസ്ത്രജ്ഞർ, ന്യൂറോശാസ്ത്രജ്ഞന്മാർ, നരവംശശാസ്ത്രജ്ഞർ, കോഗ്നിറ്റീവ് ശാസ്ത്രജ്ഞന്മാർ തുടങ്ങി നിരവധി മേഖലയിലുള്ളവർ ഈയൊരു പഠനത്തിൽ പങ്കാളിയാകുന്നു. അന്തർവൈജ്ഞാനികമായ നിരവധി മേഖലകളിൽ കമ്പ്യൂട്ടേഷനൽ ലിംഗ്വിസ്റ്റികസ് അതിന്റെ പ്രാധാന്യവും ആവശ്യകതയും തെളിയിച്ചുകഴിഞ്ഞു. സ്വാഭാവിക ഭാഷാസംസ്കരണം (Natural Language Processing) ഇന്ന് ജനപ്രിയമായിക്കൊണ്ടിരിക്കുന്നു. കമ്പ്യൂട്ടറുപയോഗിച്ചു ലിഖിതപാഠമോ ഭാഷണമോ സംസ്കരിക്കൽ അഥവാ ഉത്പാദിപ്പിക്കുകയോ ഗ്രഹിക്കുകയോ ചെയ്യലാണ് സ്വാഭാവികഭാഷാസംസ്കരണം (NLP). യന്ത്രതർജ്ജമ, വോയ്സ് റെക്കഗ്നേഷൻ തുടങ്ങിയവ ഇതുവഴിയുള്ള നേട്ടമാണ്. സ്പെല്ലിങ്ങും വ്യാകരണസാധുതയും പരിശോധിക്കാനും രേഖകളുടെ സംഗ്രഹം തയ്യാറാക്കാനും കഴിവുള്ള സംവിധാനങ്ങളുടെ നിർമിതിയാണ് ഏറ്റവും ശ്രദ്ധേയം. ആപ്പിൾ മൊബൈലിലെ സിരി, ആൻഡ്രോയിഡ് മൊബൈലുകളിലെ വോയ്സ് സെർച്ച്, ആമസോണിന്റെ വോയ്സ് റെക്കഗ്നേഷൻ ഉപകരണമായ എക്കോ എന്നിവ ഇതിനുദാഹരണങ്ങളാണ്.

> ▶ കമ്പ്യൂട്ടറുപയോഗിച്ചു ലിഖിതപാഠമോ ഭാഷണമോ സംസ്കരിക്കൽ അഥവാ ഉത്പാദിപ്പിക്കുകയോ ഗ്രഹിക്കുകയോ ചെയ്യുന്നു

ഭാഷാഗ്രഹണത്തിന്റെ ഒരു ഭാഗമാണ് സ്പീച്ച് റെക്കഗ്നേഷൻ (speech recognition). കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അൽഗൊരിതം മുഖേന ഭാഷണചിഹ്നത്തെ പദശ്രേണിയാക്കി പരിവർത്തനം ചെയ്യുന്ന പ്രക്രിയയാണിതിൽ നടക്കുന്നത്. വാമൊഴിയിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിവുള്ള യന്ത്രസംവിധാനത്തിൽ ഓട്ടോമാറ്റിക്ക് സ്പീച്ച് റെക്കഗനേഷന് അതിന്റേതായ പ്രാധാന്യമുണ്ട്. ഇന്ന് നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ് ഇത്തരം മെഷീനുകൾ. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ മറ്റൊരു മേഖലയാണ് ഭാഷണസംശ്ലേഷണം (Language synthesis). സോഫ്റ്റ്‌വെയറോ ഹാർഡ്‌വെയറോ മുഖേന പ്രവർത്തിക്കാവുന്ന കമ്പ്യൂട്ടറിൽ ഭാഷണം കൃത്രിമമായി നിർമ്മിക്കാൻ സാധിക്കുന്നു. തൃപ്തികരമായ ഗ്രാഹ്യതയാർന്ന ഭാഷണസംശ്ലേഷണവ്യവസ്ഥ കാഴ്ചശക്തിയോ വായിക്കാൻ ബുദ്ധിമുട്ടുള്ളവരോ ആയ വ്യക്തികൾക്ക് വീട്ടിലെ കമ്പ്യൂട്ടറിനോടു ഘടി

SGOU

പ്പിച്ചാൽ ഉപയോഗ്യമാകും. കൂടാതെ ദിനപത്രങ്ങളുടെ ഓൺലൈൻ പതിപ്പിൽ വാർത്തകൾ ഭാഷണസംശ്ലേഷണമാക്കി മാറ്റുന്നത് യാത്ര യിലും മറ്റും ഹെഡ്ഫോൺ ഉപയോഗിച്ച് കേൾക്കാൻ ഉപകാരപ്രദ മാകുന്നു. പക്ഷേ വാർത്തയിലെ അർഥവിരാമം, ഊണം എന്നിവ ഭാഷണസംശ്ലേഷണത്തിൽ ചോർന്നുപോകുന്നുണ്ട്. യന്ത്രവിവർത്ത നത്തിന്റെഓരോ ഘട്ടവും പുരോഗമിക്കുന്നത് കമ്പ്യൂട്ടർ ഭാഷാശാസ് ത്രത്തിന്റെ പ്രായോഗികമായ തത്വങ്ങളുപയോഗിച്ചാണ്. കൂടാതെ കമ്പ്യൂട്ടർ സഹായം പ്രയോജനപ്പെടുത്തികൊണ്ട് നിർവഹിക്കുന്ന ബൃഹത്തായ രേഖാസഞ്ചയത്തെ കുറിക്കുന്ന കോർപ്പസ് ലിംഗ്വിസ്റ്റി ക്സ് (Corpus Linguistics), ഏതെങ്കിലുമൊരു ഭാഷാവിശേഷത്തിന്റെ യോ ഭാഷയുടെ വിവിധതരം പ്രയോഗത്തിന്റെയോ മാതൃകകൾ കമ്പ്യൂ ട്ടറിനു കൈകാര്യം ചെയ്യാവുന്നരീതിയിൽ സഞ്ചയിച്ചുവയ്ക്കുകയും കമ്പ്യൂട്ടർ മുഖേനയുള്ള പഠനങ്ങളിൽ അവ പ്രയോജനപ്പെടുത്തുക യും ചെയ്യുന്നതിലാണ് ശ്രദ്ധിക്കുന്നത്. ആർട്ടിഫിഷൽ ഇന്റലിജൻ സ്, യന്ത്രവിവർത്തനം, ഭാഷാകേന്ദ്രിതമായ വിവിധതരം മൊബൈൽ ആപ്പുകൾ തുടങ്ങിയ നിത്യജീവിതത്തിലൂപയോഗത്തിലുള്ള മേഖല കളിൽ കമ്പ്യൂട്ടർ ഭാഷാശാസ്ത്രത്തിന്റെ തത്വം ഉപയോഗിക്കുന്നുണ്ട്. ഭാഷയും സാങ്കേതികവിദ്യയും സമന്വയിക്കുന്ന പഠനമാണ് കമ്പ്യൂട്ടേ ഷണൽ ലിംഗ്വിസ്റ്റിക്സ്.

- കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ മറ്റൊരു മേഖലയാണ് ഭാഷണ സംശ്ലേഷണം

## ഫോറൻസിക് ലിംഗ്വിസ്റ്റിക്സ്

കുറ്റാന്വേഷണം, നീതിന്യായ സംവിധാനങ്ങൾ തുടങ്ങിയ മേഖല കൾ ഉൾപ്പെടുന്ന ഭാഷയുടെ വിശകലനത്തിലൂടെ വിവിധ പ്രശ്നങ്ങൾ ക്ക് പരിഹാരം നൽകാൻ സഹായിക്കുന്ന ഭാഷാശാസ്ത്രമേഖലയാണ് ഫോറൻസിക് ലിംഗ്വിസ്റ്റിക്സ്. ഫോറൻസിക് ഭാഷാശാസ്ത്രം എന്നത് നിയമം, ഭാഷ, കുറ്റകൃത്യാന്വേഷണം, വിചാരണ, ജുഡീഷ്യൽ നടപടി ക്രമങ്ങൾ എന്നിവയുടെ ഫോറൻസിക് സന്ദർഭത്തിന്റെ ഭാഷാപരമായ അറിവ്, രീതികൾ, ഉൾക്കാഴ്ചകൾ എന്നിവയുടെ പ്രയോഗമാണ്. ഇത് പ്രായോഗിക ഭാഷാശാസ്ത്രത്തിന്റെ ഒരു ശാഖയാണ്. ഫോറൻസിക് മേഖലകളിൽ പ്രവർത്തിക്കുന്ന ഭാഷാശാസ്ത്രജ്ഞർക്ക് പ്രധാനമായും മൂന്ന് മേഖലകളുണ്ട്. 1. ലിഖിത നിയമത്തിന്റെ ഭാഷ മനസിലാക്കൽ, 2. ഫോറൻസിക് ജുഡീഷ്യൽ പ്രക്രിയകളിൽ ഭാഷാ ഉപയോഗം മനസി ലാക്കൽ, 3. ഭാഷാപരമായ തെളിവുകളുടെ വ്യവസ്ഥ എന്നിവയാണ ത്. ഫോറൻസിക് ലിംഗ്വിസ്റ്റിക്സ് എന്ന പദ്രപയോഗം ആദ്യം പ്രത്യ ക്ഷപ്പെട്ടത് 1968-ൽ ഭാഷാശാസ്ത്ര പ്രൊഫസറായ ജാൻസ്വാർതിക്, തിമോത്തി ജോൺ ഇവാൻസിൻസ് എന്നിവരുടെ പ്രസ്താവനകളുടെ വിശകലനമായ ‘ദി ഇവാൻസ് സ്റ്റേറ്റ്മെന്റ്സ്, എ കേസ് ഫോർ ഫോ റൻസിക് ലിംഗ്വസ്റ്റിക്സ് എന്നതിൽ ഉപയോഗിച്ചപ്പോഴാണ്.

- പ്രായോഗിക ഭാഷാശാസ്ത്രത്തിന്റെ ഒരു ശാഖയാണ് ഫോറൻസിക് ലിംഗ്വിസ്റ്റിക്സ്

## Summarised Overview

മനുഷ്യഭാഷയുടെ ശാസ്ത്രീയ വിശകലനമാണ് ഭാഷാശാസ്ത്രപഠനത്തിൽ നടക്കുന്നത്. ആദ്യകാലത്ത് വ്യാകരണ പഠനത്തിനായിരുന്നു പ്രാമാണ്യമെങ്കിലും ഭാഷാപഗ്രഥന രീതികൾ പലതും നിലവിൽ വന്നതോടെ പ്രയുക്തഭാഷാശാസ്ത്രം ഇതര ഭാഷാശാസ്ത്ര മേഖലകളിലും സംജാതമായി തുടങ്ങി. ഭാഷയെക്കുറിച്ചുള്ള ബാഹ്യമായ സങ്കലനങ്ങൾക്കുപരിയായി ശാസ്ത്രീയമായ അപഗ്രഥനരീതികൾ ആധുനിക ഭാഷാശാസ്ത്രം കൈകൊണ്ടു. അതിൽ പ്രധാനപ്പെട്ടതാണ് പ്രയുക്തഭാഷാശാസ്ത്രപഠനം, കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രം, ഫോറൻസിക് ലിംഗ്സ്റ്റിനെക്കുറിച്ചുള്ള പഠനം, താരതമ്യേന പുതിയ ശൈലീ വിജ്ഞാനപരമായ സമീപനങ്ങളും. ശൈലിയുടെ പ്രമുഖമായ സിദ്ധാന്തവത്ക്കരണം വ്യാകരണമാനകത്തിൽനിന്നുള്ള വ്യതിചലനവുമായി ബന്ധപ്പെട്ടാണ്. വ്യാകരണ സാധുവായ പലതും പ്രയോഗസാധ്യമല്ലെന്നിരിക്കെ അതിന് പ്രയോഗസാധുത്വം നൽകിയേക്കാവുന്ന അപൂർവസാധ്യതകളാണ് ശൈലിയുടെ സാന്നിധ്യം ഉണ്ടാക്കിത്തീർക്കുന്നത്. ഒരെഴുത്തുകാരന്റെ സാഹിത്യസമാഹാരത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രയോഗവൈചിത്ര്യങ്ങളുടെ അടിസ്ഥാനമെന്തെന്ന് ശൈലീ വിജ്ഞാനീയത്തിലൂടെ കണ്ടെത്താൻ സാധിക്കുന്നു. ഭാഷാശാസ്ത്രത്തിന്റെ വസ്തുനിഷ്ഠവും ബഹിർമുഖവുമായ രീതിക്കും സാഹിത്യവിമർശനത്തിന്റെ അന്തർമുഖമായ രീതിക്കും ഇടയ്ക്കാണ് ശൈലീവിജ്ഞാനത്തിന്റെ സ്ഥാനം. പുരഃക്ഷേപണം (foregrounding) ഐക്യം (unity), താളം (rhythm) എന്നിവയാണ് ശൈലിവ്യതിയാനം ഉണ്ടാകുന്നതിന്റെ അടിസ്ഥാനതത്വങ്ങൾ.

കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രം, കമ്പ്യൂട്ടറിനുവേണ്ടി സ്വാഭാവികഭാഷയെ 'റൂൾ' അധിഷ്ഠിതമായി അപഗ്രഥിക്കുന്ന ഒരു അന്തർവിജ്ഞാനപഠനമേഖലയാണിത്. പരമ്പരാഗതമായി സ്വാഭാവികഭാഷാസംസ്കരണത്തിൽ (Natural Language Processing) അവഗാഹമുള്ള കമ്പ്യൂട്ടർ ശാസ്ത്രജ്ഞന്മാരാണ് ഇത്തരം പഠനങ്ങളിൽ വ്യാപരിച്ചിരുന്നത്. എന്നാൽ ലക്ഷ്യഭാഷയിലെ വിദഗ്ദ്ധർ, ഗണിതശാസ്ത്രജ്ഞർ, ന്യൂറോശാസ്ത്രജ്ഞന്മാർ, നരവംശശാസ്ത്രജ്ഞർ, കോഗ്നിറ്റീവ് ശാസ്ത്രജ്ഞന്മാർ തുടങ്ങി നിരവധി മേഖലയിലുള്ളവർ ഈയൊരു പഠനത്തിൽ പങ്കാളിയാകുന്നു. അന്തർവൈജ്ഞാനികമായ നിരവധി മേഖലകളിൽ കമ്പ്യൂട്ടേഷനൽ ലിംഗ്വിസ്റ്റികസ് അതിന്റെ പ്രാധാന്യവും ആവശ്യകതയും തെളിയിച്ചുകഴിഞ്ഞു. ഫോറൻസിക് ലിംഗ്വിസ്റ്റിക്സ് എന്ന പദ്രപയോഗം ആദ്യം പ്രത്യക്ഷപ്പെട്ടത് 1968-ൽ ഭാഷാശാസ്ത്ര പ്രൊഫസറായ ജാൻസ്വാർത്വിക്, തിമോത്തി ജോൺ ഇവാൻസിൻസ് എന്നിവരുടെ പ്രസ്താവനകളുടെ വിശകലനമായ 'ദി ഇവാൻസ് സ്റ്റേറ്റ്മെന്റ്സ്, എ കേസ് ഫോർ ഫോറൻസിക് ലിംഗ്വസ്റ്റിക്സ് ' എന്നതിൽ ഉപയോഗിച്ചപ്പോഴാണ്.

## Assignments

1. പ്രയുക്തഭാഷാശാസ്ത്രം എന്നാലെന്തെന്ന് വിശദീകരിച്ച് സമകാലിക സമൂഹത്തിൽ ഈ മേഖലയുടെ പ്രാധാന്യം ചർച്ച ചെയ്യുക.
2. കംപ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിന്റെ പ്രായോഗികതലത്തെപ്പറ്റി വിശദീകരിക്കുക.
3. ഫോറൻസിക് ലിംഗസ്റ്റിക്സ് എന്നാലെന്ത് സാധ്യതകളെന്തെല്ലാം.
4. ശൈലീവിജ്ഞാനീയം എന്നാലെന്ത്? ഈ മേഖലയുടെ പ്രാധാന്യം എന്തെന്ന് വിശദീകരിക്കുക.

5. ഭാഷാസാങ്കേതികവിദ്യയിൽ ഭാഷാശാസ്ത്രത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.
6. ഭാഷാബോധനവും ഭാഷാശാസ്ത്ര സമീപനങ്ങളും വിശദീകരിക്കുക.
7. വിവർത്തനപഠനവും ഭാഷാശാസ്ത്ര സമീപനങ്ങളും വിശദീകരിക്കുക.
8. ഭാഷാസൂത്രണവും ഭാഷാശാസ്ത്ര സമീപനങ്ങളും വിശദീകരിക്കുക.

## Suggested Readings


1. ചാത്തനാത്ത് അച്യുതനുണ്ണി, ശൈലീവിജ്ഞാനം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
2. വി. ആർ. പ്രബോധചന്ദ്രൻ നായർ, ശൈലീഭംഗികൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. കെ. എം. പ്രഭാകരവാരിയർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. ജോയ്പോൾ, വി. ആർ. സോളി, ഭാഷാശാസ്ത്രം : സിദ്ധാന്തവും പ്രയോഗവും, മലയാളപഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.
3. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്രപരിചയം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്രവിജ്ഞാനകോശം, ഡി. സി. ബുക്സ്, കോട്ടയം.
6. വി. ആർ. പ്രബോധചന്ദ്രൻ നായർ, മലയാളം മലയാളിയോളം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 4 ഭാഷയും മസ്തിഷ്കവും

## Learning Outcomes

- ഭാഷയും തലച്ചോറും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിവിധ ആലോചനകൾ പരിചയപ്പെടുന്നു
- ശിശുഭാഷാർജനം എന്ന സങ്കല്പത്തെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- ചോംസ്കിയൻ ലാഡ് (LAD) സങ്കല്പത്തെക്കുറിച്ച് മനസിലാക്കുന്നു
- കൊഗ്നിറ്റീവ് ഭാഷാശാസ്ത്രത്തെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- ബക്തിൻ, ഹേബർമാസ്, ദെറീദാ, വിറ്റ്ഗൻസ്റ്റൈൻ തുടങ്ങിയ ചിന്തകരുടെ ഭാഷാ സങ്കല്പനങ്ങൾ സാമാന്യമായി പരിചയപ്പെടുന്നു

## Background

ഭാഷ മനുഷ്യമസ്തിഷ്കത്തോടും മനസിനോടും വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. മസ്തിഷ്കത്തിന്റെ ചില പ്രത്യേകഭാഗങ്ങളുടെ നിയന്ത്രണ കേന്ദ്രങ്ങൾ എന്ന് പറയുന്നത് എപ്രകാരമാണ് എന്ന അന്വേഷണമാണ് മനോഭാഷാ വിജ്ഞാനത്തിന്റെ (Psycholinguistics) മണ്ഡലം. ഭാഷാർജനവും, ഭാഷാവൈകല്യവുമെല്ലാം ഇതിന്റെ പരിധിയിൽ വരുന്നു ഭാഷണസ്വരൂപപഠനം, ഭാഷാവൈകല്യങ്ങൾ മുതലായ മണ്ഡലങ്ങളിൽത്തുടങ്ങി ഇക്കാലത്ത് കുട്ടികളുടെ മാതൃഭാഷാസമാർജനം എന്ന പ്രതിഭാസത്തിന്റെ പഠനത്തിൽ എത്തിയിരിക്കുകയാണ് ഈ മേഖല. പുതിയ കാലത്ത് ശിശുഭാഷാപഠനം അനിവാര്യമായിത്തീരുന്നു. ഏതാണ്ട് ഒന്നര വയസു മുതൽ കുട്ടികളിൽ ഭാഷ സ്വാംശീകരണ പ്രക്രിയ ആരംഭിക്കുന്നു. നാലു വയസാകുമ്പോഴേക്കും മാതൃഭാഷയുടെ അടിസ്ഥാന ഘടന അവർ ആർജിച്ചിരിക്കും. ഭാഷാർജനത്തിനുള്ള വാസന മാനുഷിക ജന്മസിദ്ധി ആയിരിക്കണം. അനുകൂല സാഹചര്യങ്ങളിൽ ഏത് മനുഷ്യശിശുവും ഭാഷ സ്വായത്തമാക്കും. ഒരു ഭാഷാചുറ്റുപാടും നിലവിലുള്ളതുകൊണ്ടാണ് ഭാഷാർജനം നടക്കുന്നതെന്നതും വിസ്മരിച്ചുകൂടാ. ശിശുക്കളിൽ ഭാഷാസമാർജനം നടക്കുന്നത് അനുകരണമോ സംവേദനപ്രതികരണമോ മൂലമോ ആണെന്നാണ് സംവേദനപ്രതികരണ വാദികൾ സിദ്ധാന്തിക്കുന്നത്. കുട്ടികൾ സഹജീവികളിൽ നിന്നും അനുകരണത്തിലൂടെയാണ് ഭാഷ സ്വായത്തമാക്കുന്നത്. സമൂഹവുമായുള്ള നിരന്തരമായ സമ്പർക്കത്തിലൂടെ അവർ സസൂക്ഷ്മം ഭാഷയെ നിരീക്ഷിച്ചു ഓർമിച്ചുവയ്ക്കുന്നു. ഇവ സന്ദാർഭാനുസരണം ഉപയോഗിക്കുകയും ചെയ്യുന്നു. സന്ദർഭാനുഗുണമായി സംവേദനങ്ങളോടു പ്രതികരിക്കുന്നതിൽനിന്നാണ് ഭാഷയുടെ ഉപയോഗം അവരിൽ സാധ്യമാകുന്നത്.

ഭാഷയും മനസും തമ്മിലുള്ള ബന്ധം പരിശോധിക്കുന്ന ഭാഷാശാസ്ത്രത്തിന്റെ ഒരു ശാഖയാണ് കൊഗ്നിറ്റീവ് ലിംഗ്വിസ്റ്റിക്സ്. ഭാഷയും ഭാഷോൽപ്പാദനവും ഒരു വൈജ്ഞാനിക ശേഷിയാണെന്നുള്ള ആശയം ഈ മേഖല കേന്ദ്രീകരിച്ചിരിക്കുന്ന ഒരു അടിസ്ഥാന ആശയമാണ്. കൊഗ്നിറ്റീവ് ഭാഷാശാസ്ത്രം 1970 കളിൽ തന്നെ വിപുലമായ ഒരു ശാഖയായി വളർന്നു കഴിഞ്ഞു. പരമ്പരാഗത ചോംസ്കിയൻ സിദ്ധാന്തത്തിന്റെയും ഭാഷാപരമായ പര്യവേഷണത്തിന്റെയും ശാഖയായി ഉയർന്നു വരികയും ചെയ്തു.

SGOU

നാമത്തിന്റെ ആവർത്തന വിരസതയാൽ പകരം ഉപയോഗിക്കുന്ന സർവനാമങ്ങൾ മിക്ക ഭാഷകളിലും പ്രധാനഘടകമാണ്. അത്തരം സർവനാമങ്ങളുടെ പ്രയോഗത്തിന്റെ ഏറ്റക്കുറച്ചിൽ സംസ്കാരവുമായി ബന്ധപ്പെടുന്നതെങ്ങനെയെന്ന അന്വേഷണമാണ് സി. എൽ. ആന്റണി 'സർവനാമങ്ങളും സംസ്കാരവും' എന്ന ലേഖനത്തിൽ നടത്തുന്നത്. ഭാഷാഭേദവും സാമൂഹിക ഭാഷാഭേദവും പ്രത്യക്ഷപ്പെടുന്നതിനുള്ള കാരണങ്ങളാണ് 'ഭാഷയും സമൂഹവും' എന്ന ലേഖനത്തിലൂടെ പി. ശ്രീകുമാർ വിശദമാക്കുന്നത്. വാക്കും അർഥവും തമ്മിലുള്ള ബന്ധത്തിന്റെ സാംഗത്യം ഉദാഹരണസഹിതം വിവരിക്കപ്പെടുന്നു.

## Keywords

ഭാഷയും തലച്ചോറും - ഭാഷയും മനസും - ശിശുഭാഷാർജനം - ചോംസ്കിയൻ ലാഡ് (LAD) സങ്കല്പം - കൊഗ്നിറ്റീവ് ഭാഷാശാസ്ത്രം - ബക്തിൻ - ഉരിയാട്ടം - ബഹുസ്വരത - ഹേബർമാസ് - ദെറീദാ - ഡിഫറാൻസ് - വിറ്റ്ഗൻസ്റ്റൈൻ - ഹൈദഗർ - ജോർജ്ജിയോ അഗംബൻ - പ്രതിചിന്തകൾ

## Discussion

### ഭാഷയും മസ്തിഷ്കവും

▶ സംവേദന പ്രതികരണ വാദമെന്നും സൃഷ്ടിന്മുഖതാ വാദമെന്നും അറിയപ്പെടുന്നു

ഭൂമിയിലേക്ക് ജനിച്ചുവീഴുന്ന കുട്ടി എങ്ങനെയാണ് ഘടനാബന്ധങ്ങളോടുകൂടിയ ഭാഷ വളരെ എളുപ്പത്തിൽ പഠിയ്ക്കുന്നത് എന്നതിനെ മുൻനിർത്തിയാണ് ഭാഷയും മസ്തിഷ്കവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്ന സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുള്ളത്. ഇവ യഥാക്രമം സംവേദന പ്രതികരണവാദമെന്നും സൃഷ്ടിന്മുഖതാവാദമെന്നും അറിയപ്പെടുന്നു. ഭാഷയും ചിന്തയും തമ്മിലുള്ള ബന്ധം, ബുദ്ധിപരീക്ഷണങ്ങളിൽ ഭാഷയ്ക്കുള്ള പ്രസക്തി, ഭാഷാനിലവാരത്തിന്റെയും ബുദ്ധിവൈഭവത്തിന്റെയും പരസ്പര ബന്ധം, സ്വനസമ്പത്ത്, പദാവലി ഭാഷണങ്ങളിലെ വികാരണപരമായ സങ്കീർണത എന്നിവ പ്രയോക്താവിനോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചൊക്കെ ബഹുമുഖമായ പഠനങ്ങൾ പുരോഗമിച്ചു വരുന്നു.

▶ രണ്ടു രീതിയിലാണ് ഭാഷണ വൈകല്യങ്ങൾ പ്രധാനമായും കാണുന്നത്.

ഒരാൾ കുറ്റവാളിയോ നിരപരാധിയോ ബുദ്ധിശാലിയോ ബുദ്ധിശൂന്യനോ എന്നുള്ളതായി നമുക്കുണ്ടാകുന്ന ധാരണയെ അയാളുടെ ഭാഷണപരമായ സവിശേഷതകൾ പലതരത്തിലും സ്വാധീനിക്കാറുണ്ട്. രണ്ടു രീതിയിലാണ് ഭാഷണ വൈകല്യങ്ങൾ പ്രധാനമായും കാണുന്നത്. ഭാഷാനിർധാരണത്തിലാണ് ആദ്യ പ്രശ്നം. ചിലർക്ക് ആവശ്യമായ വാക്കുകൾ കിട്ടാനുള്ള കുഴപ്പം ഇതിലൊന്നാണ്. ഭാഷാപദങ്ങൾ കൃത്യമായി അടുക്കി ആശയവിനിമയം സാധിക്കാൻ പറ്റാത്ത അവസ്ഥയാണ് മറ്റൊന്ന്. ഇവർക്ക് ഭാഷാഘടന കുഴഞ്ഞു മറിഞ്ഞ ഒരുപ്രശ്നമായി നിലനിൽക്കും.

## ശിശുഭാഷാർജ്ജനം

ആദ്യകാലത്ത് ഭാഷാപഠനത്തിൽ ഭാഷാശാസ്ത്രവും, ഭാഷാചരിത്രവും, മുഖ്യമായി അവലംബിച്ചിരുന്നത് മുതിർന്നവരുടെ ഭാഷയാണ്. എന്നാൽ പുതിയ കാലത്ത് ശിശുഭാഷാപഠനം അനിവാര്യമായിത്തീരുന്നു. ഏതാണ്ട് ഒന്നര വയസു മുതൽ കുട്ടികളിൽ ഭാഷാസ്വാംശീകരണ പ്രക്രിയ ആരംഭിക്കുന്നു. നാലു വയസാകുമ്പോഴേക്കും മാതൃഭാഷയുടെ അടിസ്ഥാന ഘടന അവർ ആർജിച്ചിരിക്കും. ഭാഷാർജനത്തിനുള്ള വാസന മാനുഷിക ജന്മസിദ്ധി ആയിരിക്കണം. അനുകൂല സാഹചര്യങ്ങളിൽ ഏത് മനുഷ്യശിശുവും ഭാഷ സ്വായത്തമാക്കും. ഒരു ഭാഷാചുറ്റുപാട് നിലവിലുള്ളതുകൊണ്ടാണ് ഭാഷാർജനം നടക്കുന്നതെന്നതും വിസ്മരിച്ചുകൂടാ. പിറവിക്കരച്ചിലിൽ തുടങ്ങുന്ന ശിശുക്കളുടെ ശബ്ദപ്രകാശനങ്ങൾ അടുത്ത ആറ് മാസക്കാലത്ത് ഭാഷയുമായി പ്രത്യക്ഷബന്ധം പുലർത്തുന്നില്ല. ചില ശബ്ദങ്ങൾ മാത്രമായിട്ടാണ് പ്രകടമാകുന്നത്. ഈ കാലഘട്ടത്തെ കുറുകൽ ഘട്ടം എന്ന് വിളിക്കാം. വ്യതിരിക്ത സ്വഭാവമില്ലാത്ത കുറുകൽ ശബ്ദങ്ങളുടെ ഘട്ടം ആണിത്.

> ▶ ഏതാണ്ട് ഒന്നര വയസു മുതൽ കുട്ടികളിൽ ഭാഷാ സ്വാംശീകരണ പ്രക്രിയ ആരംഭിക്കുന്നു

അടുത്ത ഘട്ടം ഭാഷാർജന വൃത്തിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. ഈ ഘട്ടത്തെ 'കൊഞ്ചൽ ഘട്ടം' എന്ന് വിളിക്കാം. രണ്ടു മാറ്റങ്ങളാണ് ഈ ഘട്ടത്തിൽ സംഭവിക്കുന്നത്. ഒന്ന്, ശബ്ദപ്രകടനം ദീർഘമാകുന്നു; രണ്ട്, ഉച്ചാരണവയവങ്ങളുടെ വ്യവസ്ഥാപിത ചലനം ഈ ഘട്ടത്തിൽ പ്രകടമാകുന്നു. ഉച്ചാരണവയവങ്ങളെ ക്രമീകൃതമായ രീതിയിൽ ഉപയോഗിക്കാനുള്ള പരിശീലനം ഈ ഘട്ടത്തിൽ ശിശുക്കൾ നടത്തുന്നതായി കാണാൻ സാധിക്കും.

> ▶ കൊഞ്ചൽഘട്ടം

അടുത്ത ഘട്ടത്തിലാണ് ശരിയായ അർഥത്തിൽ കുട്ടികൾ ഭാഷയുമായി പ്രത്യക്ഷസമ്പർക്കം ആരംഭിക്കുന്നത്. ആദ്യമൊക്കെ രണ്ടക്ഷരമുള്ള പദങ്ങളാണ് കുട്ടികൾ ഉച്ചരിച്ചുതുടങ്ങുന്നത്. ഈ ഘട്ടത്തിൽ കുട്ടികളിൽ നിന്ന് പുറത്തു വരുന്ന പദങ്ങളെ സംബന്ധിച്ചിടത്തോളം രണ്ട് കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. ഒന്ന്, പാദങ്ങൾക്ക് സന്ദർഭവ്യത്യാസം അനുസരിച്ച് ഒന്നിലധികം വിവക്ഷകൾ ഉണ്ടാവാം. രണ്ട്, ഒറ്റപ്പദം വാക്യധർമമുള്ളതാണ്. ഒറ്റ പദഘട്ടത്തിൽനിന്നുള്ള വികാസം പദസംഘാതഘട്ടത്തിലേക്കാണ്. ഭാഷയിലെ ഘടനയെ സ്വാംശീകരിക്കുന്ന ഘട്ടമാണിത്. ശിശു ഭാഷാർജന പഠനത്തിൽ ശ്രദ്ധേയമായ രണ്ട് അടിസ്ഥാന തത്വങ്ങളാണുള്ളത്. ഒന്ന്, ശിശുക്കൾ ഭാഷ സ്വാംശീകരിക്കുന്നത് കേവലമനുകരണ പ്രക്രിയയിലൂടെയല്ല. രണ്ട്, ശിശുക്കളുടെ ഭാഷാഗ്രഹണശേഷി അവരുടെ ഭാഷാപ്രകടനശേഷിയേക്കാൾ വികസിച്ചിരിക്കും.

> ▶ ഒറ്റ പദഘട്ടത്തിൽനിന്നുള്ള വികാസം പദസംഘാതഘട്ടത്തിലേക്കാണ്

ശിശുക്കളിൽ ഭാഷാസമാർജനം നടക്കുന്നത് അനുകരണമോ സംവേദനപ്രതികരണമോ മൂലമോ ആണെന്നാണ് സംവേദനപ്രതികരണവാദികൾ സിദ്ധാന്തിക്കുന്നത്. കുട്ടികളുടെ സഹജീവികളിൽനിന്നു അനുകരണത്തിലൂടെയാണ് അവർ ഭാഷ സ്വായത്തമാക്കുന്നത്. സമൂഹവുമായുള്ള നിരന്തരമായ സമ്പർക്കത്തിലൂടെ അവർ സസൂക്ഷ്മം ഭാഷയെ നിരീക്ഷിച്ചു ഓർമിച്ചുവയ്ക്കുന്നു. ഇവ സന്ദാർഭാനുസരണം ഉപയോഗിക്കുകയും ചെയ്യുന്നു. സന്ദർഭാനുഗുണമായി സംവേദനങ്ങളോടു പ്രതികരിക്കുന്നതിൽനിന്നാണ് ഭാഷയുടെ ഉപയോഗം അവരിൽ

> ▶ അനുകരണത്തിലൂടെയാണ് അവർ ഭാഷ സ്വായത്തമാക്കുന്നത്

സാധ്യമാകുന്നത്. കുട്ടിയുടെ സന്ദർഭനിഷ്ഠമായ പെരുമാറ്റം, അനുകരണം, സദൃശ്യകല്പനം (Analogy) എന്നിവയിലൂടെ പരിചയം, ആവർത്തനം, ഓർമ എന്നിവയുടെ അടിസ്ഥാനത്തിൽ കുട്ടിയോടൊപ്പം ഭാഷയും വികസിച്ചുവരുന്നുവെന്ന് സംവേദനപ്രതികരണവാദം സിദ്ധാന്തിക്കുന്നു.

എന്നാൽ സൃഷ്ട്യുന്മുഖവാദികൾ, ഭാഷാസ്വാംശീകരിക്കുന്നതിനനു കൂലമായ രീതിയിൽ സ്വയം സംഘടിക്കാൻ തക്കവണ്ണമുള്ള ജന്മസിദ്ധമായ കഴിവ് കുട്ടികൾക്കുണ്ടെന്ന് പറയുന്നു. മീനിനു നീന്താനും പക്ഷികൾക്കു പറക്കാനുമുള്ള കഴിവുള്ളതുപോലെ ജനനത്തോടൊപ്പം തലച്ചോറിന്റെ ഘടനയിലുള്ളതാണ് മനുഷ്യരിലെ ഭാഷാശേഷി എന്ന് ഇവർ പറയുന്നു. ഭാഷണത്തിന്റെ സ്വീകരണവും ഉൽപാദനവും കൂടിച്ചേരുന്ന സൃഷ്ട്യുന്മുഖത വെളിപ്പെടുത്തുന്ന സാഹചര്യനിഷ്ഠവും സ്വാഭാവികവുമായ മാനസിക പ്രക്രിയയുടെ ഫലമാണ് കുട്ടിയുടെ ഭാഷാസമാർജനവും. ഭാഷാനിയമങ്ങളുടെ എല്ലാ സ്വഭാവവിശേഷങ്ങൾക്കും നിദാനമായിരിക്കുന്ന നിയമങ്ങളെ സൃഷ്ട്യുന്മുഖതമൂലം വികസിപ്പിക്കാൻ കുട്ടികൾക്കു കഴിയുന്നു. സ്വാഭാവികമായി അവർ ആർജിച്ചെടുക്കുന്ന ഈ കഴിവ് ജന്മസിദ്ധമാണെന്ന് ചോംസ്കി കണ്ടെത്തുന്നു. അദ്ദേഹമാണ് ഭാഷാസ്വാംശീകരണ ഉപകരണം അല്ലെങ്കിൽ ലാഡ് (Language Acquisition Device) എന്ന ആശയം മുന്നോട്ട് വച്ചത്. കുട്ടികളെ വേഗത്തിൽ ഭാഷ പഠിക്കാനും മനസിലാക്കാനും സഹായിക്കുന്ന ഒരു സാങ്കൽപ്പിക ഉപകരണമാണത്. കുട്ടികൾക്ക് ഭാഷാകഴിവുകൾ എത്ര അത്ഭുതകരമായി സ്വായത്തമാക്കാനും അത് പോലെ എല്ലാ കുട്ടികൾക്കും ഉള്ള വ്യാകരണത്തെയും വാക്യഘടനയെയും കുറിച്ചുള്ള സഹജമായ ഗ്രാഹ്യത്തെക്കുറിച്ചും വിശദീകരിക്കാൻ ചോംസ്കി ഇത് ഉപയോഗിച്ചു.

> ▶ ഭാഷാനിയമങ്ങളെ സൃഷ്ട്യുന്മുഖതമൂലം വികസിപ്പിക്കാൻ കുട്ടികൾക്കു കഴിയുന്നു

## ഭാഷാചിന്തകർ - സങ്കല്പനങ്ങൾ

### മിഖായേൽ ബക്തിൻ

തത്വചിന്തയിലും സാഹിത്യരൂപത്തിലും നൽകിയ ശ്രദ്ധേയമായ സംഭാവനകളിലൂടെ പ്രസക്തനാണ് മിഖായേൽ ബക്തിൻ. നവമാർക്സിസം, ഘടനാവാദം, ചിഹ്നവിജ്ഞാനം, ലാവണ്യവിജ്ഞാനം ഇത്യാദി രംഗങ്ങളിലെ നിരവധി പഠന-ഗവേഷണങ്ങളെ അഗാധമായി സ്വാധീനിയ്ക്കുകയും റഷ്യൻ സാഹിത്യത്തിൽ ഭൗതികനിഷ്ഠമായ പുതിയൊരു കാഴ്ചപ്പാട് വികസിക്കാൻ രൂപനിഷ്ഠ പണ്ഡിതസമൂഹത്തിന് കരുത്തേകുകയും ചെയ്ത റഷ്യൻ സൈദ്ധാന്തികനാണ് ബക്തിൻ. ഭാഷയെക്കുറിച്ചുള്ള എല്ലാ പഠനങ്ങളിലും ഭാഷയുടെ സാമൂഹിക സാഹചര്യങ്ങൾകൂടി പരിശോധിയ്ക്കണം എന്ന പക്ഷക്കാരനാണ് ഇദ്ദേഹം. സെമിയോട്ടിക്സിന്റെ ബഹുസ്വരത, ഭാഷാപരവും അല്ലാത്തതുമായ മൂലകങ്ങളുടെ വൈജാത്യം എന്നിവ ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനമായി മാറുന്നു. എല്ലാ ഉച്ചാരണങ്ങളും ഒരു സാമൂഹിക ബാധ്യതയിൽ ഏർപ്പെടുന്ന സംഭാഷണ പ്രവൃത്തികൾ ആണ്. ബക്തിൻ മുന്നോട്ടുവച്ച മറ്റൊരു സിദ്ധാന്തമായിരുന്നു ബഹുസ്വരത. ഇത് ആഖ്യാനത്തിന്റെ ഒരു സവിശേഷതയാണ്. ഇതിൽ ഒരേ സമയം വീക്ഷണങ്ങളുടെയും ശബ്ദങ്ങളുടെയും വൈവിധ്യം ഉൾപ്പെടുന്നു. ബക്തിന്റെ ബഹുസ്വരതയുടെ

പ്രാഥമിക ഉദാഹരണം ദസ്തേവ്സ്കിയുടെ ഗദ്യമായിരുന്നു. ബഹുസ്വരത എന്നതിനർഥം ഒന്നിലധികം എന്നാണ്. ഇത്തരത്തിൽ ഓരോ ശബ്ദത്തിനും അതിന്റേതായ കാഴ്ചപ്പാടും സാധുതയും ഉണ്ട്. ഇദ്ദേഹത്തിന്റെ മറ്റൊരു സിദ്ധാന്തം ആണ് 'സംവാദം' (Dialogism). ഇത് കാഴ്ചപ്പാടുകളുടെയും ശബ്ദങ്ങളുടെയും ബഹുത്വത്തെക്കുറിക്കുന്നു. ഇത് ഒരു പ്രതേക സൗന്ദര്യശാസ്ത്രമേഖലയുടെ പ്രധാന റഫറൻസായി മാറാൻ കഴിയുന്ന ഒരു തത്വമാണ്. ഓരോ കഥാപാത്രത്തിനും അവരുടേതായ അവസാനവാക്ക് ഉണ്ട്. എന്നാൽ അത് മറ്റ് കഥാപാത്രങ്ങളുമായി ബന്ധപ്പെട്ടതും സംവദിയ്ക്കുന്നതും ആണ്. ലോകത്ത് ഒരൊറ്റ അർഥവും കണ്ടെത്താൻ കഴിയില്ല, മറിച്ച് മത്സരിക്കുന്ന അർഥങ്ങളുടെ ഒരു വലിയ കൂട്ടം ഒരു പ്രത്യേക സന്ദർഭത്തിൽ അഭിസംബോധന, ഇടപെടൽ, പ്രതിബദ്ധത എന്നിവയാൽ ബന്ധം സ്ഥാപിക്കപ്പെടുന്നു. ബക്തിന്റെ ഉച്ചാരണ സിദ്ധാന്തം ഭാഷയുടെ സമഗ്രമായ ശക്തിക്ക് കീഴ്പ്പെടുത്തിയ എല്ലാ ഘടകങ്ങളുടെയും ഒരു സംയോജനമാണ്.

- ഭാഷയെക്കുറിച്ചുള്ള എല്ലാ പഠനങ്ങളിലും ഭാഷയുടെ സാമൂഹിക സാഹചര്യങ്ങൾകൂടി പരിശോധിയ്ക്കണം

ബക്തിന്റെ കൃതികളുമായി പ്രധാനമായും ബന്ധപ്പെട്ടിരിക്കുന്ന പദമാണ് 'ഡയലോജിസം'. ഒരാൾ മാത്രം സംസാരിക്കുന്ന മോണോലോഗിന്റെ ഏകീകൃതവും ഏകശബ്ദാർഥവുമായ സംഭാഷണത്തെ, വ്യത്യസ്ത വീക്ഷണ കോണുകളിൽ നിന്ന് രണ്ടോ അതിലധികമോ ശബ്ദങ്ങൾ പരസ്പരം ഇടപഴകുന്ന സംഭാഷണത്തിന്റെ ആശയവുമായി അദ്ദേഹം താരതമ്യം ചെയ്യുന്നു. സാഹിത്യരൂപങ്ങളായ നോവലുകളും കവിതകളും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യുന്നതിൽ ഡയലോജിസം എന്ന ആശയം ഉപയോഗിച്ചിരിക്കുന്നു.

- ഡയലോജിസം എന്ന ആശയം

## ജർഗൻ ഹേബർമാസ് (Jurgen Hebermas)

ശ്രദ്ധേയനായ നവമാർക്സിസ്റ്റ (Neo Marxist) തത്വചിന്തകൻ, രാഷ്ട്രതന്ത്രജ്ഞൻ, സാമൂഹ്യവിജ്ഞാനി എന്നീ നിലകളിലാണ് ഹേബർമാസിനു (Jurgen Habermas) പ്രസിദ്ധി. സമകാലിക ജർമനിയിലെ തത്വവിജ്ഞാനികളിൽ അഗ്രഗണ്യനായ അദ്ദേഹം രാഷ്ട്രമീമാംസാസിദ്ധാന്തം, സാമുഹ്യവിജ്ഞാനീയം, മനഃശാസ്ത്രം, നിയമവിജ്ഞാനം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ പ്രാമാണികത നേടി, വിമർശനാത്മക വ്യവഹാരാപ്രഗഥന (critical discourse analysis)ത്തിനു ശ്രദ്ധേയസംഭാവന നൽകി. സാമൂഹ്യ (social) സിദ്ധാന്തവും സാഹിത്യ (literary) സിദ്ധാന്തവും സമന്വയിക്കുന്ന നിരൂപണ (critical) സിദ്ധാന്തം, അമേരിക്കൻ പ്രകരണവിജ്ഞാനം (pragmatism) എന്നീ പാരമ്പര്യങ്ങൾ പിൻതുടർന്ന പൊതുസ്ഥലം (public place) എന്ന സങ്കൽപനം, സംവേദനക്രിയാ (communicative action) സിദ്ധാന്തം എന്നിവ അവതരിപ്പിച്ചു. സാമൂഹികവും രാഷ്ട്രീയവുമായ സമകാലിക പ്രശ്നങ്ങളിൽ ശ്രദ്ധപതിപ്പിച്ച് രാഷ്ട്രീയാവകാശസംരക്ഷണ (political emancipation) ത്തിന്റെ വിവിധ വശങ്ങളിൽ പ്രകാശം പ്രസരിപ്പിച്ചു.

- പൊതുസ്ഥലം എന്ന സങ്കൽപനം

തത്വവിജ്ഞാനം, സാഹിത്യസിദ്ധാന്തം, സാമൂഹ്യവിജ്ഞാനം, നരവംശവിജ്ഞാനം എന്നീ മേഖലകളിലെ പ്രശസ്തചിന്തകരായിരുന്ന ബോർദോ (Pierre Bourdien); ഫൂക്കോ (Foucault), ബാർത്ത് (Barthes), ലകാൻ (Lacan) തുടങ്ങിയവർക്കൊപ്പം യൂറോപ്പിലെ

> ▶ കമ്മ്യൂണിക്കേറ്റീവ് ആക്ഷൻ സിദ്ധാന്തം

ഫ്രാൻസിലെ ബുദ്ധിജീവിശ്രേണിയിൽ ഒന്നാമതായിത്തീർന്നു ഹേബർമാസ്. കമ്മ്യൂണിക്കേറ്റീവ് ആക്ഷൻ സിദ്ധാന്തം ഉപകരണപരമോ വസ്തുനിഷ്ഠമായതോ ആയ പദങ്ങളിൽ അധിഷ്ഠിതമല്ലാത്ത മറിച്ച് ഒരു വിമോചന ആശയവിനിമയ പ്രവർത്തനത്തിൽ അടിസ്ഥാനമാക്കിയുള്ള യുക്തിയുടെ ഒരു ആശയത്തെ പുനർനിർമ്മിക്കുന്നു.

## ജാക് ദെറിദ (Jacques Derrida)

സാഹിത്യനിരൂപണത്തിൽ അപനിർമാണം (deconstruction) പോലുള്ള ചിന്താമാതൃകകളുടെ ഉൽഘാടകനും ഭാഷാപഠനത്തിൽ സൊസ്സ്യൂർ (Saussure) ഉൾപ്പെടെയുള്ള പ്രമുഖർ അംഗീകരിച്ചു പ്രചരിപ്പിച്ച വാമൊഴിപ്രാധാന്യമായ സങ്കല്പം ചോദ്യം ചെയ്ത് വരമൊഴിയുടെ പ്രസക്തി ഊട്ടിയുറപ്പിച്ച കലാപകാരിയും സെമിറ്റികു വിരുദ്ധനും സാധാരണപാരായണശീലങ്ങൾക്ക് അനഭിഗമ്യനുമായ പ്രശസ്ത അൾജീരിയൻ ഫ്രഞ്ചുചിന്തകനാണ് ദെറിദ. പ്ലെയ്റ്റോ, ഹെഗൽ, നീത്ഷെ, ഫ്രോയ്ഡ് മാർടിൻ ഹെയ്ഡഗർ, ജെ. എൽ. ഓസ്റ്റിൻ, ഷെക്സ്പിയർ, ജെയിംസ് ജോയ്സ് മല്ലാർമെ, കാന്റ്, സാർത്ര്, ലെവിസ്ട്രാസ് ഫൂക്കോ മുതലായ പ്രതിഭാധനൻമാരുടെ സർഗവൈഭവത്തെ അപനിർമാണരീത്യാ അപഗ്രഥിച്ചു, നെൽസൺ മണ്ടേലയെ പിൻതുണയ്ക്കുകയും യൂറോപ്പിലെ വർണ-വർഗ-വിവേചനത്തിനെതിരായി പ്രവർത്തിക്കുകയും ചെയ്തു. മുഖ്യധാരയിൽ ഇടം ലഭിക്കാത്ത പ്രയോഗങ്ങൾക്കും വാക്യ ഘടനകൾക്കും സ്ഥാനം നൽകുന്ന പാഠാപഗ്രഥനതന്ത്രം രൂപവൽക്കരിച്ചു.

> ▶ മുഖ്യധാരയിൽ ഇടം ലഭിക്കാത്ത പ്രയോഗങ്ങൾക്കും വാക്യഘടനകൾക്കും സ്ഥാനം നൽകുന്ന പാഠാപഗ്രഥനതന്ത്രം രൂപവൽക്കരിച്ചു

## അപനിർമാണം

ജാക് ദെറിദ ഘടനാവാദാനന്തര (post structuralist) കാലത്ത് 1960 കളിൽ ആവിഷ്കരിച്ച് പ്രചരിപ്പിച്ച പ്രസിദ്ധമായ ഒരു പാഠാപ്രഗഥനതന്ത്രമാണ് അപനിർമാണം (deconstruction). എഴുത്തുകാരും, പാഠങ്ങളും വായനക്കാരും അർഥം നിർമിച്ചെടുക്കുന്നത് ഏതെല്ലാം വഴിക്ക് എന്നതിനെക്കുറിച്ചുള്ള ഒരന്വേഷണമാണ് ചുരുക്കത്തിൽ അത്. പാഠത്തിൽ പറഞ്ഞുകാണുന്നതല്ല അതിന്റെ അർഥം. ഒളിഞ്ഞിരിക്കുന്ന പാഠാന്തരങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്നതിലൂടെ മാത്രമേ പാഠത്തിന്റെ വിട്ടു കളഞ്ഞിട്ടുള്ള അംശങ്ങൾ വെളിപ്പെടു. പാഠത്തിലെ അനാവിഷ്കൃതാംശങ്ങളുടെ ഒരു വിപരീത വായന (oppositional reading) യ്ക്കു സഹായകരമായേക്കാം. അർഥങ്ങളുടെ ശ്രേണിയോ അടിത്തട്ടിലെ അടിസ്ഥാനഘടനയോ ഒരിക്കലും കണ്ടെത്താനാവുകയില്ലെന്നാണ് ഘടനാവാദാനന്തരനിരൂപണത്തിന്റെ നിലപാട്. പാശ്ചാത്യ സംസ്കാരത്തിലെ 'സാന്നിധ്യത്തിന്റെ അതിഭൗതികത'യെ (metaphysics of presence) യും, 'ആസന്നമായ അനുഭൂതിയെയും പ്രതിപ്രവർത്തനത്തെയും' (immeditated perception and interaction) തിരസ്കരിക്കാനാണ് ദെറിദ ശ്രമിച്ചത്. സൊസ്സ്യൂറിന്റേതടക്കമുള്ള സ്വന പ്രാധാന്യവാദ (phonocentrism) വും ഇതുമൂലം തിരസ്കൃതമായി.

> ▶ എഴുത്തുകാരും, പാഠങ്ങളും വായനക്കാരും അർഥം നിർമിച്ചെടുക്കുന്നത് ഏതെല്ലാം വഴിക്ക് എന്നതിനെക്കുറിച്ചുള്ള ഒരന്വേഷണം

സ്വന്തം പദപ്രാധാന്യവാദ (logocentricism) ത്തിന്റെ തുടർച്ചയെന്ന നിലയ്ക്ക് എല്ലാ പാഠങ്ങളും വിവിധ ഇരട്ട ശ്രേണികളെ ആധാരമാക്കുന്നു എന്നു ദെറിദ ചൂണ്ടിക്കാണിച്ചു. അസ്തിത്വം/അസ്തിത്വരാഹിത്യം,

വാസ്തവികത/കാഴ്ച, പുരുഷൻ/സ്ത്രീ തുടങ്ങിയ അത്തരം ദ്വന്ദ്വങ്ങളിൽ ഓരോന്നിലും ആദ്യസ്ഥാനത്തു വരുന്ന അംശം (അസ്തിത്വം, വാസ്തവികത, പുരുഷൻ) ശക്തിയും പ്രാധാന്യവും ഏറിയതാണെന്നാണ് സാമാന്യധാരണ. നൻമ - തിന്മ, ആണ് - പെണ്ണ്, ആത്മാവ് - ശരീരം, ജീവിതം - മരണം, ചോദ്യം - ഉത്തരം, സത്യം - അസത്യം ഇത്തരം ധ്രുവീകരണത്തെയും പ്രസ്തുതജോഡികളിലെ രണ്ടാമത്തെ ഇനം (തിൻമ, പെണ്ണ് മുതലായവ) ആദ്യത്തേതിലും മോശമെന്ന രീതിയിലുള്ള മൂല്യനിർണയത്തെയും ദെറിദ തിരസ്കരിച്ചു. ഇമ്മട്ടിൽ സാങ്കൽപികമായ ഒരു കേന്ദ്രമോ ആർക്കിമിഡീയ മണ്ഡലമോ എല്ലാ ചിന്താപദ്ധതികളുടെയും അടിത്തട്ടിൽ ഉണ്ടാവും. അപനിർമാണനിഷ്ഠമായ കാഴ്ചപ്പാടിൽ അബോധതലത്തിലേതും അപ്രസ്തുതവുമായ അംശം വ്യക്തമാവുകയും പാഠത്തിന്നാധാരമായ ഘടനപോലും തകർന്നടിയുകയും ചെയ്യുന്നു. സ്ഥിരവും യുക്തിയുക്തവുമെന്നു തോന്നിയതെല്ലാം, അങ്ങനെ വൈരുധ്യാത്മകവും നിർയുക്തികവുമെന്നു വരുന്നു. വ്യാഖ്യാനം അതിന്റെ സഹജസ്വഭാവം മുഖേനതന്നെ വ്യാഖ്യാനരാഹിത്യമോ ദുർവ്യാഖ്യാനമോ ആയിപ്പോവുന്നു.

- സ്ഥിരവും യുക്തിയുക്തവുമെന്നു തോന്നിയതെല്ലാം, അങ്ങനെ വൈരുധ്യാത്മകവും നിർയുക്തികവുമെന്നു വരുന്നു

സ്വർഗം - നരകം, ദേവൻ - അസുരൻ, നല്ല - ചീത്ത എന്നിങ്ങനെയുള്ള സംസ്കാരനിഷ്ഠമായ ആശയപ്രയോഗങ്ങളിൽ സ്വർഗം, ദേവൻ, നല്ല തുടങ്ങിയ ആദ്യത്തെ അംഗത്തിനു നൽകുന്ന പ്രാമുഖ്യം പല അപനിർമാണചിന്തകരും ചോദ്യം ചെയ്യുന്നു. പ്രസക്തമായ അംഗങ്ങളുടെ ക്രമം നരകം - സ്വർഗം എന്ന മട്ടിൽ തിരിച്ചിട്ടാലും പോരാ, ശ്രദ്ധാവിഷയമായ വാസ്തവികതാമണ്ഡലം ഇങ്ങനെ രണ്ടായി മാത്രമേ വിഭജിക്കാവൂ എന്നില്ലല്ലോ എന്ന് അപനിർമാണരംഗത്തെ മൗലികവാദികൾ (radical deconstructionists) ചൂണ്ടിക്കാണിക്കുന്നു. ദ്വിമുഖവിഭജനം എന്ന ചട്ടക്കൂടുപോലും അവർ അംഗീകരിക്കുന്നില്ല. അവിതർക്കിതമായ ഒരു വായന ഇല്ലതന്നെ. വൈരുധ്യങ്ങളും വിയോജനങ്ങളും മുഖേന ഓരോ പാഠവും അതിനെത്തന്നെ അട്ടിമറിക്കുന്നു. സൂചനപ്രക്രിയയിലെ ചിട്ടകൾ വാസ്തവികതയ്ക്കു പ്രാതിനിധ്യം വഹിക്കുകയല്ല അതിനെ ഉൽപാദിപ്പിക്കുകയാണ്. ആശയസംഹിത മൂലമാണ് അത്തരം ചിട്ടകൾ സുതാര്യമെന്നു തോന്നിപ്പോകുന്നത് എന്നു തെളിയിക്കുകയാണ് അപനിർമാണനിഷ്ഠമായ സാംസ്കാരിക നിരൂപണത്തിന്റെ ലക്ഷ്യം.

- വൈരുധ്യങ്ങളും വിയോജനങ്ങളും മുഖേന ഓരോ പാഠവും അതിനെത്തന്നെ അട്ടിമറിക്കുന്നു

അറിവിന്റെയും സത്യത്തിന്റെയും ഘടനയുടെ തത്വം ആരാഞ്ഞറിയാനും ആത്യന്തികമായി മാനവചിന്തയുടെ അതിർത്തികളിൽത്തന്നെ എത്തിച്ചേരാനും വേണ്ടി പാശ്ചാത്യതത്വചിന്ത നടത്തിയ അന്വേഷണത്തിന്റെ പാരമ്പര്യത്തെത്തന്നെ നീത്ഷെ (Nietzsche) (1844 - 1900) ഹൈദഗർ (Heidegger) എന്നിവരുടെ തത്വചിന്താപദ്ധതികൾ പിൻതുടർന്നുകൊണ്ട് ദെറിദ ചോദ്യം ചെയ്തു.

- പാശ്ചാത്യതത്വചിന്തയെ ദെറിദ ചോദ്യം ചെയ്തു

പാഠത്തിൽ നിന്നുവിട്ടുകളഞ്ഞതും വിട്ടുപോയതും പാഠം മുഖേന നിശ്ശബ്ദീകൃതമായതുമെല്ലാം അർഥത്തിൽപ്പെടുന്നു എന്നതാണ് അപനിർമാണനിഷ്ഠനിരൂപണത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്ന്. സിദ്ധാന്തങ്ങളുടെയും ആശയ വ്യവസ്ഥകളുടെയും അസ്തിത്വത്തെത്തന്നെ അപനിർമാണം ചോദ്യം ചെയ്യുന്നു. തൻമൂലം സ്വന്തം തത്വ

SGOU

ങ്ങൾ വ്യക്തമാക്കുന്ന ദെറിദയും കൂട്ടരും യുക്തിയുക്തമായ നിർവച നങ്ങൾക്കോ വിശദീകരണങ്ങൾക്കോ പുറപ്പെടാതിരിക്കാൻ ശ്രദ്ധിച്ചു. ധാരാളം ശ്ലേഷങ്ങളും പദം കൊണ്ടുള്ള പന്താട്ടങ്ങളും ഉൾക്കൊള്ളുന്ന അരേഖീയ (alinear)മായ അവതരണങ്ങളിൽ അവർ അഭിരമിച്ചു. അവ രുടെ ഈ നിലപാട് ഒട്ടേറെ വിമർശനങ്ങൾക്കു വഴിതെളിക്കുകയും ചെയ്തു.

▶ സിദ്ധാന്തങ്ങളുടെയും ആശയ വ്യവസ്ഥകളുടെയും അസ്തിത്വത്തെഅപനിർമാണം ചോദ്യം ചെയ്യുന്നു

## ലുഡ്‌വിക് വിറ്റ്ഗൻസ്റ്റെൻ (Ludwig Wittgensteien)

ആസ്ട്രിയൻ ബ്രിട്ടീഷ് തത്വചിന്തകനായ ഇദ്ദേഹം മനസ്സിന്റെ തത്വചിന്ത, ഭാഷയുടെ തത്ത്വചിന്ത, എന്നിവയെ പരിശോധിച്ചു. ഇദ്ദേ ഹത്തിന്റെ ഭാഷാലീല (Language Game) എന്ന ആശയം വളരെ പ്രധാനപ്പെട്ട ഒന്നാണ്. വാക്കുകൾ അവയുടെ ഉപയോഗത്തിലൂടെ അർഥം നേടുന്നുവെന്നും സാമൂഹികസമ്പ്രദായങ്ങളുമായി അവയുടെ ഉപയോഗം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നു കാണണമെന്നും അദ്ദേഹം വാദിച്ചു. ഉദാ: "സഹായം!"എന്നതിലെ ആശ്ചര്യചിഹ്നം പരി ശോധിക്കുക പരിഗണിക്കുക. അഭ്യർഥിയ്ക്കുക, മുന്നറിയിപ്പ് നൽകുക എന്നിങ്ങനെ വിവിധ ഘട്ടങ്ങൾ അതിനുണ്ട്.

▶ വാക്കുകൾ അവയുടെ ഉപയോഗത്തിലൂടെ അർഥം നേടുന്നു

## ഹൈദഗർ (Martin Heidegger)

സുപ്രസിദ്ധനായ തത്വചിന്തകനും ഭാഷാശാസ്ത്രകാരനുമായിരു ന്നു മാർട്ടിൻ ഹൈദഗർ. മാർട്ടിൻ ഹൈദഗറുടെ പ്രധാനപ്പെട്ട തിയ റികളിൽ ഒന്നാണ് 'ഉണ്മയുടെ ഇടം'. ഇതിനു പ്രധാനമായി മൂന്നുസ മീപനങ്ങളാണ് ഉള്ളത്. സാധ്യമായിടത്തോളം വിശ്വാസ്യതയുടെയും സാധുതയുടെയും പരമ്പരാഗത ആശയങ്ങൾ പ്രയോഗിക്കുക, വിശ്വാ സ്യതക്കും സാധുതക്കും വേണ്ടി പുതിയ അർഥങ്ങൾ ക്രമീകരിക്കു ന്നു, ഗുണപരമായ ഗവേഷണത്തിനുള്ള പുതിയ രൂപങ്ങൾ സൃഷ്ടിക്കു ന്നു എന്നിവയാണ്. ഹൈദഗറുടെ അഭിപ്രായത്തിൽ വിധിന്യായങ്ങൾ സത്യമോ അസത്യമോ ആവാം. ഒരു പ്രസ്താവനയുടെ സത്യമായിരി ക്കുന്നതിനെ ശരിയായ വാക്യം എന്ന് വിളിക്കാം. ഹൈദഗറുടെ ചിന്താ ഗതിയിൽ ഏറ്റവും പ്രധാനപ്പെട്ട സത്യം മറച്ചു വെയ്ക്കൽ ആണ്.

▶ വിധിന്യായങ്ങൾ സത്യമോ അസത്യമോ ആവാം

## ജോർജിയോ അഗംബൻ (Giorgio Agamben)

പ്രശസ്തനായ ഇറ്റാലിയൻ തത്വചിന്തകനാണ് ജോർജിയോ അഗംബൻ (Giorgio Agamben). ഹൈദഗറുടെയും വാട്ടർബെഞ്ചമി ന്റെയും ഫുക്കോയുടെയും ആലോചനകൾ അഗംബനെ സ്വാധീനിച്ചി രുന്നതായി കാണാം. സ്റ്റേറ്റ് ഓഫ് എക്സപ്ഷനെ (State of Exception) മുൻനിർത്തി അദ്ദേഹം അവതരിപ്പിച്ച വാദങ്ങൾ തത്വചിന്താലോക ത്തിന് ഏറെ പ്രധാനപ്പെട്ടതായിരുന്നു. സ്റ്റേറ്റ് ഓഫ് എക്സപ്ഷനിൽ അദ്ദേഹം അധികാരത്തിന്റെ ഭിന്നതലങ്ങളെക്കുറിച്ച് വിശദീകരിക്കു ന്നു. ഭരണവും അധികാരവും അവകാശങ്ങളും തമ്മിലുള്ള ബന്ധവ്യ വസ്ഥകൾ അധികാരത്തിന്റെ വിനിമയമെന്ന നിലയിൽ അദ്ദേഹം വിശ കലനം ചെയ്യുന്നു. അറിവും അധികാരവും വിനിമയവും തമ്മിലുള്ള ബന്ധത്തെ വിവിധ തലങ്ങളിൽ നിന്നു കൊണ്ട് നിരീക്ഷിക്കുന്ന അദ്ദേ ഹം, ആ നിലയിൽ രൂപപ്പെടുന്ന പദവികളുടെ രാഷ്ട്രീയത്തെ പ്രശ്ന

വത്ക്കരിക്കുകയും ചെയ്യുന്നു. 'പൂർണ്ണ' ജീവിതത്തെ (bios) വെറും ജീവിതം (zoe or bare life) ആക്കി മാറ്റിക്കൊണ്ടാണ് ഭരണകൂടങ്ങൾ അപവാദഭരണകൂടങ്ങളായി (State of Exception) മാറുന്നതെന്ന് അഗംബൻ നിരീക്ഷിക്കുകയുണ്ടായി. ഭാഷയുടെ അപരിമേയതയെ ചോദ്യം ചെയ്തുകൊണ്ടാണ് അഗംബന്റെ ആദ്യകാല തത്വചിന്തകൾ രൂപംകൊണ്ടത്. പിൽക്കാലത്ത് ഭാഷയുടെ ചരിത്രത്തിലേയ്ക്കും ജൈവരാഷ്ട്രീയത്തിലേയ്ക്കും വികസിച്ച അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ നവതത്വചിന്തയുടെ സംസ്കാരം പിന്തുടരുന്നതായി കാണാം.

▶ സ്റ്റേറ്റ് ഓഫ് എക്സപ്ഷൻ

## വിശദപഠനം - 1

## സർവനാമങ്ങളും സംസ്കാരവും
## സി. എൽ. ആന്റണി

സർവനാമങ്ങളും സംസ്കാരവും എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നത് പഠനവിഷയമാണ്. നാമത്തിനു പകരം സന്ദർഭാനുസരണം നാം ഉപയോഗിക്കുന്ന ഞാൻ, നീ മുതലായ സർവനാമങ്ങൾ സംഭാഷണഭാഷയിൽ കടന്നു വരുമ്പോൾ പ്രയോഗിക്കാൻ ഒരുപാട് കാര്യങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു. ആളും തരവും നോക്കി വേണം അവയെ ഭാഷയിൽ പ്രയോഗിക്കാൻ. സംഭാഷണരംഗത്ത് ഇത്തരത്തിൽ അനവധി ഭിന്നരൂപങ്ങൾ ഉണ്ട്. അടിയൻ, ഈയുള്ളവൻ, നാം, നോം തുടങ്ങിയവയൊക്കെ ഇതിന് ഉദാഹരണമാണ്. ഇവ ഓരോന്നും പ്രയോഗിക്കുന്നതിനു പ്രത്യേക സന്ദർഭങ്ങൾ ഉണ്ട്. പണ്ടത്തെ ജന്മിമാരോടും രാജാക്കന്മാരോടും സംസാരിക്കുമ്പോൾ 'ഞാൻ' പതിയെ 'അടിയനാ'യി മാറുന്നു. വ്യാകരണത്തിൽ പൂജക ബഹുവചനം തന്നെ ഈ പ്രയോഗം സൃഷ്ടിച്ചു വച്ചു. അടിയനെയും നോമിനേയും സൃഷ്ടിച്ച സമുദായവ്യവസ്ഥിതി മാറിയിട്ടുണ്ടെങ്കിലും, ഇന്നും ഞാൻ എന്ന സർവനാമത്തിനെ എല്ലായിടത്തും പ്രയോഗിക്കാനുള്ള സ്ഥിതിയിലേക്ക് എത്തിയിട്ടില്ലെന്ന് കാണാം. ലിംഗ വ്യത്യാസമില്ലാതെ പ്രയോഗിക്കത്തക്കവണ്ണം, ഭാഷയുടെ ആദിമ ദശയിൽ ഉടലെടുത്ത സർവനാമത്തെ സമുദായം എത്രമാത്രം അലങ്കോലപ്പെടുത്തി എന്നുള്ള പ്രധാന നിരീക്ഷണവും സി. എൽ. ആന്റണി നടത്തുന്നു.

▶ സർവനാമങ്ങൾ

'നീ' എന്ന സർവനാമത്തിന്റെ കാര്യത്തിലും ഇത്തരത്തിലുള്ള ചില ധാരണകൾ ഉടലെടുത്തിട്ടുണ്ട്. ഇതിന്റെ പ്രയോഗം വളരെ പരിമിതമായ പരിധിയിലേക്ക് ഒതുങ്ങി നിൽക്കുന്നു. 'നീ എവിടെപ്പോയി'എന്നാരെങ്കിലും ചോദിക്കുന്നതായി കേട്ടാൽ, തീർച്ചയാക്കാം; ചോദിക്കുന്നവൻ പ്രായം കൊണ്ടോ സ്ഥാനം കൊണ്ടോ അധികാരം കൊണ്ടോ മറ്റയാളെക്കാൾ സമൂഹത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നയാളാണ്. ബഹുമാനം സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന നിരവധി പദങ്ങൾ ഇന്ന് മലയാളത്തിലുണ്ട്. അച്ഛനും അമ്മയും മക്കളോട് സംസാരിക്കാൻ 'നീ' എന്നുപയോഗിക്കുമ്പോഴും തിരിച്ച് മക്കൾക്ക് മാതാപിതാക്കളെ അഭിസംബോധന ചെയ്യാൻ പറ്റുന്ന സർവനാമങ്ങളില്ല. മറ്റുള്ളവരോട് പ്രയോഗിക്കാനാകുന്ന താൻ, താങ്കൾ, നിങ്ങൾ, അങ്ങുന്ന്, അവിടുന്ന്, അങ്ങത്തെ മുതലായ നിരവധി രൂപങ്ങളുണ്ട്. അടുത്ത സുഹൃത്തുക്കളാണെങ്കിൽ മധ്യോത്തരകേരളത്തിൽ താൻ; പക്ഷെ തെക്കോട്ട് കടന്നാൽ 'താൻ' എന്നത് സൂക്ഷിച്ച് പ്രയോഗിക്കേണ്ടി വരും. എഴുത്തുകുത്തുകൾ സുഹൃത്തുക്കൾക്കായാൽ പോലും പൊതുവേ ഉപയോ

ഗിക്കുന്നത് താങ്കൾ എന്നുതന്നെ. ഭാര്യാഭർത്താക്കന്മാർക്കിടയിൽ 'നിങ്ങളും' അധികൃതരോട് സംസാരിക്കുന്നവർ 'അങ്ങുന്നും' 'അവിടുന്നും' 'അങ്ങത്തും' ഒക്കെയായി പ്രയോഗിക്കുമ്പോൾ സാക്ഷാൽ സർവനാമമായ 'നീ'യ്ക്കു വല്ല സ്ഥാനവുമുണ്ടാകുമോ?

- പരിമിതമായ പരിധി

ഇംഗ്ലീഷ് മുതലായ പാശ്ചാത്യ ഭാഷകളിലെ 'നീ'ക്ക് കാര്യമായ ആർഥികാധഃപതനം സംഭവിച്ചിട്ടില്ല. ഇംഗ്ലീഷിലെ സർവനാമങ്ങൾ മലയാളത്തിലേക്ക് പരിഭാഷ ചെയ്യുമ്പോൾ 'You' അങ്ങുന്നും അവിടുന്നുമായും ആയാലും 'he' അദ്ദേഹവും അവിടുന്നുമായും തരം മാറാറുണ്ട്. പാശ്ചാത്യർക്ക് മാതാപിതാക്കളെയും പ്രായത്തിൽ മുതിർന്നവരെയും ഗുരുഭൂതരെയും ദൈവത്തെപ്പോലും 'You' എന്ന് സംബോധന ചെയ്യുന്നതിൽ വൈമുഖ്യമില്ല. ഇങ്ങനെ നോക്കുമ്പോൾ സർവനാമങ്ങളുടെ സർവനാമത്വം സംരക്ഷിക്കുന്നതിന് പാശ്ചാത്യ സമുദായങ്ങൾക്ക് ഭാരതീയ സമുദായങ്ങളേക്കാൾ കൂടുതലായി കഴിഞ്ഞിട്ടുണ്ടെന്ന് കാണാം.'നീ' എന്ന സർവനാമത്തിന്റെ സാർവനാമിക മൂല്യം പുരാണകാലത്തുതന്നെ ഭാരതത്തിൽ അധഃപതിച്ചിരുന്നു എന്ന് സി. എൽ. ആന്റണി നിരീക്ഷിക്കുന്നു. ഇതിനു തെളിവായി മഹാഭാരതം കർണ്ണപർവത്തിലെ, അർജുനൻ ധർമ്മപുത്രരെ വധിക്കാൻ നിൽക്കുമ്പോൾ തടഞ്ഞ് ഗുരുവധത്തിനു തുല്യമാണ് അദ്ദേഹത്തെ 'നീ' എന്നു വിളിക്കുന്നതെന്ന ശ്രീകൃഷ്ണൻ നൽകിയ ഉപദേശത്തെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

- സർവനാമത്വം സംരക്ഷിച്ച പാശ്ചാത്യർ

മിക്ക ഭാഷകളിലും സർവനാമങ്ങളുടെ അർഥമൂല്യങ്ങൾക്ക് കുറച്ചൊക്കെ അധഃപതനം സംഭവിച്ചിട്ടുണ്ടെങ്കിലും മറ്റു ഭാരതീയ ഭാഷകളെപ്പോലെ അധികമായിട്ടില്ല. സമുദായ മണ്ഡലം ഉച്ചനീചത്വം പുലർത്തുന്ന ഭിന്നവർഗങ്ങളായി തരം തിരിയുമ്പോൾ അങ്ങനെയല്ലാതെ വരാൻ തരമില്ല. ഭാഷയെ സംബന്ധിച്ച് ഈ മാറ്റം ഏറ്റവും പ്രകടമാകുന്നത് സർവനാമങ്ങളുടെ പ്രയോഗത്തിലാണ്. കാരണം എല്ലാവരെയും ഒരേ തരത്തിൽ കണക്കാക്കുന്ന സർവനാമങ്ങളാണ് ഭാഷയിലെ പദങ്ങളിൽ ഉച്ചനീചത്വത്തിന്റെ പരമ ശത്രു. അതിനാലാണ് ചാതുർവർണ്യം നിലനിന്ന ഭാരതീയ സമുദായത്തിൽ സർവനാമങ്ങളിൽ അനേകം പുതുരൂപങ്ങൾ കടന്നുവന്നത്. അതോടെ സമത്വബോധം പ്രകടിപ്പിക്കുന്ന സാക്ഷാൽ സർവനാമങ്ങളുടെ സ്ഥാനം വ്യാകരണഗ്രന്ഥങ്ങളിൽ മാത്രമായി ഒതുങ്ങി. ഒരു സംസ്കാരം സമത്വസുന്ദരമാണോ അല്ലയോ എന്ന് പരിശോധിക്കാനുള്ള ഉരകല്ലുകളാണ് ആ ഭാഷയിലെ സർവനാമങ്ങൾ. സമുദായത്തിൽ ഉച്ചനീചത്വങ്ങൾ ശക്തമാണെങ്കിൽ 'നീ' സർവനാമത്തിന്റെ സർവനാമികമൂല്യം വളരെ താഴ്ന്നിരിക്കും. ഞാൻ നാം ആയും അവൻ അദ്ദേഹവും അങ്ങോരുമായും രൂപം മാറും. ചുരുക്കത്തിൽ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക് വേണ്ടി ശബ്ദമുയരുന്നു ഭാരതത്തിൽ ആ മോഹനവ്യവസ്ഥിതി വേരുറയ്ക്കുന്നുണ്ടോ എന്ന് നോക്കാൻ സാമ്പത്തിക വിദ്യാഭ്യാസ ഉദ്യോഗരംഗത്തിലെ ഗവേഷണമല്ല മാർഗം. മറിച്ചു ഭാരതീയ ഭാഷകളിൽ സർവനാമങ്ങൾ സർവനാമങ്ങളായിത്തന്നെ നിലകൊള്ളുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ്.

- മിക്ക ഭാഷകളിലും സർവനാമങ്ങളുടെ അർഥമൂല്യങ്ങൾക്ക് കുറച്ചൊക്കെ മാറ്റം സംഭവിച്ചിട്ടുണ്ട്

SGOU

## വിശദപഠനം - 2
## ഭാഷയും സമൂഹവും - പി. ശ്രീകുമാർ

വാക്കും അർഥവും തമ്മിലുള്ള ബന്ധനത്തിന്റെ സാഹിത്യം വിശദമാക്കിക്കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. വെള്ളം എന്നെഴുതിയാൽ അതിന്റെ എഴുത്തിലല്ല, അർഥത്തിലും പ്രയോഗത്തിലുമാണ് അർഥ സാഹചര്യം നിലനിൽക്കുന്നത്. ഭാഷയും സമൂഹവുമായുള്ള ബന്ധമാണിതിന് പ്രധാന കാരണം. സാമൂഹിക ശാസ്ത്രം പ്രധാനമായി എടുത്താണ് ശ്രീകുമാർ തന്റെ ഭാഷാശാസ്ത്ര ചിന്തകൾ അവതരിപ്പിക്കുന്നത്. മനുഷ്യ വിമോചനം ലക്ഷ്യമാക്കിയുള്ള ഭാഷാശാസ്ത്ര ചിന്തകളാണ് ലേഖകൻ പരാമർശിക്കുന്നത്. മുഖ്യധാരാ ഭാഷാശാസ്ത്രവും സാമൂഹിക ഭാഷാശാസ്ത്രവും തമ്മിലുള്ള അന്തരം ലേഖകൻ സമർഥിക്കുന്നു. മനുഷ്യ വിമോചനം ലക്ഷ്യമാക്കിയുള്ള സാമൂഹ്യഭാഷാ ശാസ്ത്ര പഠനങ്ങളിൽ ഭൂരിഭാഗവും മുഖ്യധാരാ ഭാഷാശാസ്ത്രത്തിന്റെ വിമർശനം കൂടിയാണ്. മുഖ്യധാരാഭാഷാശാസ്ത്രം ഭാഷയെ സ്വതന്ത്ര വ്യവസ്ഥയായി പരിഗണിക്കുമ്പോൾ സാമൂഹിക ഭാഷാശാസ്ത്രം മൂന്ന് തരത്തിലാണ് ഭാഷയെ സമീപിക്കുന്നത്. സാമൂഹ്യ ഘടനയിലെ ജാതി, ലിംഗം, വർഗം എന്നീ വ്യത്യാസങ്ങൾ എങ്ങനെയാണ് ഭാഷയിൽ പ്രതിഫലിക്കുന്നത്, ഈ വ്യത്യാസങ്ങൾക്കനുസരിച്ച് ഭാഷ പുനർനിർമ്മിക്കപ്പെടുന്നതെങ്ങനെ? ഭാഷാപരിണാമത്തിൽ ഇപ്പറഞ്ഞ രണ്ട് വസ്തുതകളും പ്രവർത്തിക്കുന്നതെങ്ങനെ? എന്നു പരിശോധിക്കലാണ് സാമൂഹ്യഭാഷാ ശാസ്ത്രത്തിന്റെ കടമ.

▶ മൂന്ന് തരത്തിലാണ് ഭാഷയെ സമീപിക്കുന്നു

സാമൂഹ്യഘടനയുടെ നിലനിൽക്കുന്ന നാല് വസ്തുനിഷ്ഠമായ കാര്യങ്ങൾ ലേഖകൻ പ്രതിപാദിക്കുന്നു.

1. സമൂഹത്തിൽ ജാതിയുടെയും മതത്തിന്റെയും വർഗത്തിന്റെയും അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അസമത്വം.

2. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു സമൂഹത്തിന്റെ ഭാഷയിൽ ഉണ്ടാകുന്ന വൈരുധ്യം.

3. ഇത്തരം അസമത്വങ്ങളെ ബോധപൂർവം മറച്ചുവെയ്ക്കുന്ന ഭാഷാസ്വഭാവം.

▶ സാമൂഹ്യഘടനയുടെ നാല് കാര്യങ്ങൾ

4. സാമൂഹ്യപരമായ അസമത്വങ്ങൾ ഇല്ലാതാക്കുന്നതിൽ ഭാഷയ്ക്കു വഹിക്കാവുന്ന പങ്ക്

എന്നിവയാണ് ലേഖകൻ ചൂണ്ടിക്കാട്ടുന്ന നാല് കാര്യങ്ങൾ

ഭാഷാശാസ്ത്രത്തിലെ ഭാഷാഭേദം എന്ന വിഭാഗത്തെ പി. ശ്രീകുമാർ അപനിർമ്മിക്കുന്നു. ഒരു ഭാഷ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ വ്യക്തികൾക്ക് അതേ ഭാഷയിൽത്തന്നെ വ്യത്യസ്ത വിനിമയം ഉണ്ടാകുന്നുവെങ്കിൽ അതിനെ ഭാഷാഭേദമെന്നല്ല, സാമൂഹിക ഭാഷാഭേദം എന്നാണ് പറയേണ്ടത്. കേരളത്തിലെ ഭാഷ മലയാളമാണെങ്കിലും എല്ലാവരും ഒരേ മലയാളമല്ല സംസാരിക്കുന്നതെന്ന് നമുക്കറിയാം. ഓരോ മലയാളിക്കും ഓരോ മലയാളമുണ്ടെന്ന് വേണമെങ്കിൽ പറയാം. ഇങ്ങനെയുള്ള ഭാഷാഭേദം ഭൂമിശാസ്ത്രപരമായ വ്യത്യാസം കൊണ്ടുണ്ടാകുന്നതല്ല. മറിച്ച് ജാതി, മതം, വർഗം തുടങ്ങിയ ഉച്ചനീചത്വ

ങ്ങളിൽ നിന്ന് രൂപപ്പെട്ടു വന്നതാണ്. ഇത് ലോകത്തെവിടെയുമുണ്ട്. അമേരിക്കയിൽ ന്യൂയോർക്ക് നഗരത്തിലെ ഇംഗ്ലീഷ് ഭാഷയിൽ വിനിമയപരമായി വൈരുധ്യം കണ്ടെത്തി സാമൂഹിക ഭാഷാ പഠനത്തിന്റെ പ്രാധാന്യം ലബോവ് എന്ന ഭാഷാശാസ്ത്രജ്ഞൻ മനസിലാക്കിത്തരുന്നു. വർഗപരവും ലിംഗപരവുമായ അസമത്വമാണ് ഈ ഭാഷഭേദത്തിനും അടിസ്ഥാനം.

▶ ഭാഷാഭേദമല്ല, സാമൂഹിക ഭാഷാഭേദം

ഭാഷ സാമൂഹിക അസമത്വത്തെ പുനർനിർമിച്ചുകൊണ്ടിരിക്കുന്ന ഒരു ഉപകരണമാണ്. മനുഷ്യന് രണ്ടുതരം ഭാഷാർജനശേഷിയാണ് ഉള്ളത്. ഒരു ഭാഷ സംസാരിക്കാനും കേട്ടു മനസിലാക്കാനുമുള്ള കേവല ഭാഷാജ്ഞാനമാണ് ആദ്യത്തേത്. ഇങ്ങനെ കൈവന്ന ഭാഷാശേഷി സാഹചര്യത്തിനനുസരിച്ച് പ്രയോഗിക്കാനുള്ള ഭാഷാ വിനിമയ ശേഷിയാണ് രണ്ടാമത്തേത്. അധികൃതൻ - അധഃകൃതൻ, ഉടമ - അടിമ, മുതലാളി - തൊഴിലാളി, സമ്പന്നൻ - ദരിദ്രൻ എന്നിങ്ങനെയുള്ള വർഗവ്യത്യാസം ഒരേ ഭാഷയെത്തന്നെ വിനിമയത്തിൽ വ്യത്യസ്തമാക്കി തീർക്കുന്നു. ബെർണസ്റ്റീൻ എന്ന സാമൂഹിക ഭാഷാശാസ്ത്രജ്ഞൻ ഒരു ചിത്രം രണ്ടു കുട്ടികളിലുണ്ടാക്കിയ ഭാഷാപ്രതികരണശേഷി വിശദമാക്കിക്കൊണ്ട് അവതരിപ്പിക്കുന്ന കാര്യം ലേഖകൻ വിശദമാക്കുന്നുണ്ട്. വിപുലമായ ലോക പരിചയവും വിദ്യാഭ്യാസവുമൊക്കെയുള്ള വ്യക്തികളിൽ ഭാഷ മാനകീകരിക്കപ്പെടുമ്പോൾ പ്രസ്തുത കാര്യങ്ങളിൽ അത്രത്തോളം മുന്നേറ്റമില്ലാത്ത സമൂഹത്തിൽ അതേ ഭാഷ തന്നെ ഭാഷാഭേദങ്ങളായി മാറുന്നു. മാനകരീക്കപ്പെടുന്ന ഭാഷ പ്രയോഗിക്കുന്നിടത്തെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും പ്രാദേശിക ഭാഷാപ്രാധാന്യമുള്ള ഇടങ്ങളിലെ വിദ്യാഭ്യാസം പിന്നോട്ട് പോകുന്നതും ഇതിന് ഉദാഹരണമാണ്. തങ്ങൾക്കു പരിചിതമല്ലാത്ത മാനകീകൃത വിദ്യാഭ്യാസം സാധാരണക്കാരിൽ എത്താതിരിക്കാൻ അവരുടെ പ്രാദേശികത്വം കാരണമാകുന്നു.

▶ രണ്ടുതരം ഭാഷാർജന ശേഷി

സാമൂഹ്യഭാഷാർജനത്തിന് ഇത് പരിഹരിക്കാനുള്ള ചില നിർദ്ദേശങ്ങൾ ലേഖകൻ മുന്നോട്ട് വെക്കുന്നു. ഭാഷാ സമൂഹങ്ങളെ ബോധവൽക്കരിക്കലാണ് ഒരു പരിഹാരം. ഇടുങ്ങിയ ഉപഭാഷ മാത്രമുള്ള സമൂഹത്തിലെ കുട്ടികൾക്ക് വിപുലമായ ഉപഭാഷ മനസിലാക്കിക്കൊടുക്കലാണ് മറ്റൊരു പരിഹാരം.

▶ പരിഹാരം

ഭാഷ എപ്പോഴും ഉപരിവർഗത്തിന്റെ താൽപ്പര്യങ്ങളെ മാത്രം സംരക്ഷിക്കുന്നതാണെന്ന അഭിപ്രായമാണ് ലേഖകനുള്ളത്. ഉന്നത വർഗത്തിന്റെ ഉപഭാഷയാണ് മാനകഭാഷയായി മാറുന്നത്. പൊതുമണ്ഡലത്തിൽ ഈ ഭാഷയ്ക്കാണ് പ്രാധാന്യം. ഇത് മൂലം മറ്റു വിഭാഗങ്ങൾക്ക് സാമൂഹ്യ ശ്രേണിയിൽ പലപ്പോഴും കയറി വരാൻ കഴിയുന്നില്ല. ഹേബർമാസിന്റെ ഭാഷയുടെ വിമോചനാത്മകമായ ഉപയോഗം ലേഖകൻ ഇവിടെ എടുത്തുപറയുന്നു. ഭാഷയിൽ അസമത്വം നിലനിൽക്കുമ്പോൾ സമൂഹത്തിൽ ചിലരുടെ അധീശത്വം രൂപപ്പെടുന്നു. ഇത് ഭാഷാസമൂഹത്തിൽ അധികാരമില്ലാത്ത സാമൂഹിക ഉപവിഭാഗത്തിന്റെ വിമോചനത്തിനു തടസ്സമാകുന്നു. ദളിതരും സ്ത്രീകളും തൊഴിലാളി വർഗവും ഇതര പിന്നോക്ക വിഭാഗക്കാരുമാണ് ഇത്തരം അസമത്വത്തിന് വിധേയരാകുന്നത്. ഇത്തരക്കാരുടെ ഉപഭാഷകളെ സാമാന്യവൽക്കരിച്ചെടു

SGOU

> ▶ അസമത്വത്തിനെതിരെ വിമോചനാത്മക ഭാഷാശാസ്ത്രം

ക്കലാണ് വിമോചനാത്മക ഭാഷാശാസ്ത്രം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനാധിപത്യത്തിലുടെയുള്ള സാമൂഹിക അസമത്വ നിവാരണത്തിൽ ഭാഷയിലും പ്രതിനിധീകരണത്തിലുമുള്ള ഭാഷയുടെ പങ്ക് അനിവാര്യമായി പരിഗണിക്കേണ്ടതുണ്ട്. പ്രാദേശിക ഭാഷകളിലെ രാഷ്ട്രീയമാണ് ജനാധിപത്യത്തിന്റെ രാഷ്ട്രീയമെന്ന കൈംലികയുടെ അഭിപ്രായമാണ് ലേഖകൻ അടിസ്ഥാനമായി ചൂണ്ടിക്കാട്ടുന്നത്.

> ▶ ഹേബർമാസിന്റെ മൂന്ന് വസ്തുതകൾ

വിനിമയ പ്രവർത്തനത്തിൽ ഏർപ്പെടുന്ന എല്ലാവർക്കും പരസ്പരം തങ്ങളുടെ ലോകത്തെ മനസിലാക്കാനും മനസിലാക്കിക്കുവാനും കഴിയണം; വിനിമയ പ്രവർത്തം നടത്താനുള്ള അവകാശം എല്ലാവർക്കും ഉണ്ടായിരിക്കണം; ഒരോരുത്തരുടെയും വിനിമയ പ്രവർത്തനം അർഥപൂർണമാകത്തക്ക തരത്തിലുള്ള ഭാഷ എല്ലാവരും പൊതുവായി ഉപയോഗിക്കണം എന്നിങ്ങനെ ഹേബർമാസ് ചൂണ്ടിക്കാണിക്കുന്ന മൂന്ന് വസ്തുതകൾ ഭാഷയിലുള്ള സാമൂഹ്യപരമായ വിമോചനത്തിന് അത്യാവശ്യമാണെന്ന് ലേഖനം സമർഥിക്കുന്നു.

## Summarised Overview

ഭാഷയും മനസും തമ്മിലുള്ള ബന്ധം പരിശോധിക്കുന്ന ഭാഷാശാസ്ത്രത്തിന്റെ ഒരു ശാഖയാണ് കൊഗ്നിറ്റീവ് ലിംഗ്വിസ്റ്റിക്സ്. ഭാഷയും ഭാഷോൽപ്പാദനവും ഒരു വൈജ്ഞാനിക ശേഷിയാണെന്നുള്ള ആശയം ഈ മേഖല കേന്ദ്രീകരിച്ചിരിക്കുന്ന ഒരു അടിസ്ഥാന ആശയമാണ്. കൊഗ്നിറ്റീവ് ഭാഷാശാസ്ത്രം 1970-കളിൽ വിപുലമായ ഒരു ശാഖയായി വളർന്നു. പരമ്പരാഗത ചോംസ്കിയൻ സിദ്ധാന്തത്തിന്റെയും ഭാഷപരമായ പര്യവേഷണത്തിന്റെയും ശാഖയായി ഉയർന്നു വന്നു. ചിന്തകളെ സംഘടിപ്പിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനും മറ്റുള്ളവരുമായി ഈ ചിന്തകൾ ആശയവിനിമയം ചെയ്യുന്നതിനുമുള്ള ഒരു ഉപകരണമായി മനുഷ്യന്റെ വൈജ്ഞാനിക കഴിവുകൾക്ക് ഭാഷയെ ഉപയോഗിക്കാൻ കഴിയും. ഇതിന്റെ പൊതുവായ അന്വേഷണവും ഭാഷാഉപയോഗത്തിന്റെ മനഃശാസ്ത്രവും ഭാഷാശാസ്ത്രത്തിന്റെ ഈ മേഖല പരിശോധിക്കുന്നു.

ദെറിദ അവതരിപ്പിക്കുകയും Paul de Man മുതൽപേർ പ്രചരിപ്പിക്കുകയും ചെയ്ത അപനിർമാണമെന്ന പ്രക്രിയയ്ക്ക് അമേരിക്കൻ സർവകലാശാലകളിലെ പല വിജ്ഞാന വിഭാഗങ്ങളിലും 1970-80 കളിൽ വളരെയധികം സ്വാധീനമുണ്ടായി. തത്വചിന്തയിലും സാഹിത്യസിദ്ധാന്തത്തിലും മാത്രമല്ല ഭാഷാശാസ്ത്രം, ചരിത്രം, സാമൂഹ്യവിജ്ഞാനം, കല, വാസ്തുവിദ്യ എന്നീ രംഗങ്ങളിലും അതിന്റെ പ്രഭാവം പ്രകടമായി. ആ കാലഘട്ടത്തിലെ ബഹുവിഷയനിഷ്ഠമായ പഠനഗവേഷണങ്ങളുടെ പ്രധാനപ്പെട്ട ഒരു പ്രഭാവം അപനിർമാണപരമായ ചിന്തകളാണെന്ന് പല പണ്ഡിതൻമാരും കരുതുന്നു.

ഏതു നാമത്തിലും പകരമായി സന്ദർഭാനുസരണം പ്രയോഗിക്കാനാവുന്ന സർവനാമങ്ങൾ സംസ്കാരവുമായി ബന്ധപ്പെടുന്നതെങ്ങനെയെന്ന അന്വേഷണമാണ് സി. എൽ. ആന്റണി നടത്തുന്നത്. ഞാൻ, നീ മുതലായ പദങ്ങൾ വളരെ ശ്രദ്ധിച്ചേ മലയാളത്തിൽ പ്രയോഗിക്കാനാകൂ. സംഭാഷണം ചെയ്യുന്ന വ്യക്തികൾക്കും സാഹചര്യത്തിനും അനുസരിച്ച് അവ വിവിധ രൂപങ്ങൾ കൈക്കൊള്ളാറുണ്ട്. ഞാൻ, നീ തുടങ്ങിയ സർവനാമങ്ങളുടെ സ്ഥിതി ദയനീയമാണ്. ഇവയ്ക്ക് പകരമായി വിവിധ നിലവാരത്തിൽ ഉപയോഗിക്കാവുന്ന പല രൂപങ്ങളും ഉണ്ടാ

SGOU

യിവന്നിട്ടുണ്ട്. വളരെ പരിമിതമായ പരിധിയാണ് ശരിയായ പ്രയോഗത്തിനുള്ളത്. ഇംഗ്ലീഷ് പോലുള്ള പാശ്ചാത്യ ഭാഷകളിൽ നീ അത്ര വലിയ ആർഥികാധ:പതനത്തിലേക്ക് പോയിട്ടില്ല. എന്നാൽ ഭാരതത്തിൽ പുരാണ കാലത്തുതന്നെ നീ എന്ന സർവനാമത്തിന്റെ സാർവനാമിക മൂല്യം അധ:പതിച്ചിരുന്നതിന് മഹാഭാരതം കർണപർവത്തിലെ ഒരു സംഭവം സാക്ഷ്യം നൽകുന്നുണ്ട്. ഭാരതീയ ഭാഷകളിൽ സർവനാമങ്ങളുടെ അർഥമൂല്യം ഇത്രയും താഴുവാൻ കാരണം ചാതുർവർണ്യം സൃഷ്ടിച്ച ബോധമാണ്. എല്ലാവരെയും ഒരേ തരത്തിൽ കാണുന്ന സർവനാമങ്ങൾ ഉച്ചനീചത്വത്തിന്റെ പരമ ശത്രുവാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ ഒരു സംസ്കാരം സമത്വസുന്ദരമാണോ എന്ന് പരിശോധിക്കാനുള്ള എളുപ്പമാർഗം സർവനാമങ്ങൾ സർവനാമങ്ങളായിത്തന്നെ നിലകൊള്ളുന്നുണ്ടോ എന്ന് നോക്കലാണ്.

വിമോചനാത്മക ഭാഷാശാസ്ത്രത്തിന്റെ വക്താവായ പി. ശ്രീകുമാർ ഭാഷാഭേദം എന്ന പാരമ്പര്യ സങ്കൽപ്പത്തെ പൊളിച്ചു കളയുന്ന ലേഖനമാണ് 'ഭാഷയും സമൂഹവും'. അധികാരവ്യവസ്ഥയുടെ ബോധപൂർവമായ നിർമ്മിതിയാണ് ഭാഷാഭേദം. സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ കടമ ലേഖനത്തിൽ വിവരിക്കപ്പെടുന്നു. ഭാഷാഭേദത്തെപ്പോലും അപനിർമ്മിച്ച് സാമൂഹിക ഭാഷാഭേദവുമായി ബന്ധപ്പെടുത്തുന്നു. ബെർണസ്റ്റീൻ എന്ന സാമൂഹിക ഭാഷാശാസ്ത്രജ്ഞൻ ഒരു ചിത്രം രണ്ടു കുട്ടികളിലുണ്ടാക്കിയ ഭാഷാ പ്രതികരണശേഷി വിശദമാക്കുന്നുണ്ട്. ഭാഷയുടെ മാനകീകരണത്തിൽ ലോകപരിചയത്തിനും വിദ്യാഭ്യാസത്തിനും പ്രധാന പങ്കുണ്ട്. അത് കുറവുള്ളിടത്ത് ഭാഷാഭേദം ഉണ്ടാകുന്നു. ഇത്തരമിടങ്ങളിലെ കുട്ടികൾ വിദ്യാഭ്യാസ രംഗത്ത് പിറകോട്ടുപോകുന്നത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ലേഖകൻ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഉന്നത വർഗത്തിന്റെ ഭാഷയായ മാനകഭാഷ പൊതുമണ്ഡലത്തിൽ പ്രാധാന്യത്തോടെ സ്വീകരിക്കപ്പെടുന്നു. ഇതിനെത്തുടർന്ന് അരികുവൽക്കരിക്കപ്പെടുന്ന വിഭാഗങ്ങളുടെ ഉപഭാഷകളെ സാമാന്യവൽക്കരിക്കുകയാണ് വിമോചനാത്മക ഭാഷാശാസ്ത്രം ചെയ്യുന്നത്.

## Assignments

1. കുട്ടികളുടെ ഭാഷാബോധം വികസിക്കുന്ന വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്യുക.
2. ഭാഷയും മനസും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുക.
3. മനുഷ്യഭാഷയും മസ്തിഷ്കവുമായുള്ള ബന്ധമെന്തെന്ന് അന്വേഷിക്കുക.
4. ശിശു ഭാഷാപഠനത്തിന് ഭാഷാശാസ്ത്ര പഠനത്തിലുള്ള പ്രാധാന്യമെന്തെന്ന് ചർച്ച ചെയ്യുക.
5. ഭാഷാശാസ്ത്രത്തിലെ ആധുനിക ചിന്താപദ്ധതികൾ പരിചയപ്പെടുത്തുക.
6. ദെറീദ ആധുനിക ഭാഷാശാസ്ത്രത്തിനു നൽകിയ സംഭാവനകൾ എന്തെല്ലാമെന്ന് വിവരിക്കുക.
7. മിഖായേൽ ബക്തിന്റെ കാർണിവൽ സിദ്ധാന്തം, ബഹുസ്വരത എന്നിവ എന്ത്? അതിനു ഭാഷാശാസ്ത്രപഠനത്തിലുള്ള പ്രാധാന്യമെന്തെന്ന് ചർച്ച ചെയ്യുക.
8. 'നീ' എന്ന സർവനാമത്തിന്റെ പ്രയോഗത്തിൽ പാശ്ചാത്യ ഭാഷകളും ഭാരതീയഭാഷകളും തമ്മിലുള്ള വ്യത്യാസമെന്തെന്ന് അപഗ്രഥിക്കുക.
9. 'ഭാഷയും സമൂഹവും' എന്ന ലേഖനത്തിൽ ഭാഷാഭേദത്തെക്കാൾ സാമൂഹികഭാഷാഭേദം എന്ന പ്രയോഗത്തിന് പ്രാധാന്യം ലഭിക്കുന്നതെന്തുകൊണ്ട്? വിശദമാക്കുക.

# Suggested Readings


1. വി. ആർ. പ്രബോധ ചന്ദ്രൻ നായർ, ഭാഷാശാസ്ത്ര പരിചയം, മാളുബൻ പബ്ളിക്കേഷൻസ്, തിരുവനന്തപുരം.
2. കെ. എം. പ്രഭാകരവാര്യർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ. എം. പ്രഭാകരവാര്യർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. വി. പി. മാർക്കോസ്, ഭാഷ: നവീനപഠനവഴികൾ, മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.


# References


1. എ. പി. ആൻഡ്രൂസുകുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും – മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. ഗോദവർമ്മ, കേരളഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം.
3. കെ. ജോയ്പോൾ, വി. ആർ. സോളി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, മലയാള പഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ.
4. ഇ. വി. എൻ. നമ്പൂതിരി, ഭാഷാവിജ്ഞാനീയം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
5. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. സി. എൽ. ആന്റണി, സി. എൽ. ആന്റണിയുടെ സമ്പൂർണകൃതികൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
8. പി. ശ്രീകുമാർ, അധ്വാനം ഭാഷ വിമോചനം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in


SGOU

# ഭാഷാശാസ്ത്രപഠനം

COURSE CODE: M21ML07DC

SGOU

ISBN 978-81-963914-5-4

9 788196 391454

YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841